# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2017 മേയ് 17, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 15

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2017 മേയ് 17, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

102/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 35

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 35
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 68

**II റൂളിംഗ്**

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് .. 326

**III അടിയന്തരപ്രമേയം**

കെ.എസ്.യു. പ്രകടനത്തിനുനേരെ നടന്ന പോലീസ് അതിക്രമം

(അവതരണാനുമതി നിഷേധിച്ചു) .. 328

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) മത്സ്യബന്ധന തുറമുഖ നിർമ്മാണം

— ശ്രീ. എ. എൻ. ഷംസീർ .. 344

(2) ഉപരിപഠനത്തിന് സീറ്റ് ഉറപ്പാക്കൽ

— ശ്രീ. എ. പി. അനിൽ കുമാർ .. 348

**V. സബ്മിഷൻ**

1 റബ്ബർ ബോർഡിന്റെ റീജിയണൽ ഓഫീസുകൾ പൂട്ടുന്നത് സംബന്ധിച്ച്

— ശ്രീ. കെ. എം. മാണി .. 351

2 ശബ്ദതാരാവലിയുടെ നൂറാം വാർഷികം

— പ്രതിപക്ഷനേതാവ് ( ശ്രീ. രമേശ് ചെന്നിത്തല) .. 353

3. പ്രത്യേക ട്രിബ്യൂണൽ

—ശ്രീ. എൻ. ഷംസുദ്ദീൻ .. 355

4. വിമാനത്താവള വികസനം

— ശ്രീ. ഒ. രാജഗോപാൽ .. 357

5. CRZ പരിധിയിൽ നിന്ന് വലിയ പണിക്കൻ തുരുത്തിനെ ഒഴിവാക്കൽ

—ശ്രീ. വി.ആർ. സുനിൽ കുമാർ .. 359

6. സാംസ്കാരിക സമുച്ചയം

—ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ .. 360

7. പട്ടയ വിതരണം

—ശ്രീ. ആന്റണി ജോൺ .. 362

8. ഡെങ്കിപ്പനി

—ശ്രീ. പി. സി. ജോർജ്ജ് .. 363

9. ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി

—ശ്രീ. എം. വിൻസെന്റ് .. 365

10. സ്പോട്ട് അഡ്മിഷൻ

—ശ്രീ. സി. കെ. ശശീന്ദ്രൻ .. 367

11. ഇലന്തൂർ ബി.എഡ്.കോളേജിലെ അഡ്മിഷൻ

—ശ്രീമതി വീണാ ജോർജ്ജ് .. 368

**VI. റിപ്പോർട്ട് സമർപ്പണം**

1. 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് .. 369

**VII. ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം**

2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച പ്രമേയം .. 370

**VIII. ക്രമപ്രശ്നം**

2014-ലെ കേരള മാരിടൈം ബോർഡ് ബിൽ
പിൻവലിക്കുന്നത് സംബന്ധിച്ച് .. 370

**റൂളിംഗ്**

**IX. ധനകാര്യം**

2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 380

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും
ശുചീകരണവും .. 382

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം .. 384

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം .. 387

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 17, ബുധൻ*


| വാല്യം 166] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 15 |
|---|---|---|


നിയമസഭ 2017 മേയ് മാസം 17-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *451.

**വൈദ്യുതി മന്ത്രി നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിലുള്ള കേസ്**

1 (*451) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇടുക്കി കുഞ്ചിത്തണ്ണിയിലെ യോഗത്തിൽ വൈദ്യുതി മന്ത്രി നടത്തിയ വിവാദ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനെതിരെ കേസ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ് എടുത്തതെന്നും അറിയിക്കുമോ;

(ബി) ദേവികുളം സബ് കളക്ടർ, മാധ്യമ പ്രവർത്തകർ, മൂന്നാറിലെ പൊമ്പിളൈ ഒരുമൈ എന്നിവരിൽ ആർക്കെതിരെ വൈദ്യുതി മന്ത്രി നടത്തിയ പരാമർശത്തിന്റെ അടിസ്ഥാനത്തിലാണ് കേസ് എടുത്തത്;

(സി) മന്ത്രിക്കെതിരെ കേസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് സംസ്ഥാന പോലീസ് മേധാവിക്ക് കത്ത് നൽകിയിരുന്നോ;

(ഡി) എങ്കിൽ എന്നാണ് കത്ത് നൽകിയതെന്നും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) മന്ത്രിക്കെതിരെയുള്ള ആക്ഷേപം ഗുരുതരമായ വിഷയമാണെന്നും പോലീസ് മേധാവി ഇതൊന്നും കാണുന്നില്ലേയെന്നും ഹൈക്കോടതി നടത്തിയതായി പറയപ്പെടുന്ന പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുശേഷം കേസ് രജിസ്റ്റർ ചെയ്യാൻ തീരുമാനം എടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ & ബി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി & ഡി) വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി സ്ത്രീകളെ അപമാനിക്കുന്ന തരത്തിൽ പ്രസംഗിച്ചു എന്നാരോപിച്ച് കേസ്സെടുക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് നല്കിയ കത്ത് 26-04-2017-ന് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചിരുന്നു. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് എ.ഡി.ജി.പി., സൗത്ത് സോൺ മുഖേന ഇടുക്കി ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നല്കുകയും തുടർന്ന് മൂന്നാർ ഡിവൈ.എസ്.പി. അന്വേഷണം നടത്തിയിട്ടുമുണ്ട്. നേരിട്ട് കേസ്സെടുക്കുന്നതിനുള്ള കുറ്റകൃത്യങ്ങൾ നടന്നിട്ടില്ല എന്നതിനാൽ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ) ഇക്കാര്യത്തിൽ സർക്കാരിന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, ഇടുക്കി ജില്ലാ കളക്ടറും സബ്കളക്ടറും ഈ സർക്കാരിന്റെ ഔദ്യോഗിക തീരുമാനം അനുസരിച്ചുള്ള നടപടി സ്വീകരിക്കാനും കയ്യേറ്റം ഒഴിപ്പിക്കാനും പോയപ്പോൾ അവരെ ഭീഷണിപ്പെടുത്തി ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമുണ്ടാക്കുകയും മൂന്നാറിലെ പൊമ്പിളൈ ഒരുമൈ നടത്തിയ സമരത്തിൽ പങ്കെടുത്ത സ്ത്രീകളെ അപമാനിക്കുന്ന രീതിയിൽ പ്രസംഗിക്കുകയും ചെയ്തു എന്ന ആരോപണം മന്ത്രിക്കെതിരെ നിലനിൽക്കുമ്പോൾ ഇതുസംബന്ധിച്ച് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സംസ്ഥാന ഡി.ജി.പി.-ക്ക് പരാതി നൽകിയിട്ടും ഇന്ത്യൻ പീനൽ കോഡിലെ പ്രൊവിഷനുകളെല്ലാം അട്രാക്റ്റ് ചെയ്യുന്ന കുറ്റകൃത്യങ്ങൾ മന്ത്രി ചെയ്തു എന്ന് ബോദ്ധ്യപ്പെട്ടിട്ടും എന്തുകൊണ്ടാണ് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാത്തതെന്ന് അങ്ങ് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സ്ത്രീകളെ അപമാനിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ ഉണ്ടായി എന്നത് വസ്തുതാ വിരുദ്ധമായ കാര്യമാണ്. അതുകൊണ്ടുതന്നെ അതുമായി ബന്ധപ്പെട്ട് കേസ് എടുക്കാൻ കഴിയില്ല. ഔദ്യോഗിക കൃത്യനിർവ്വഹണം സംസ്ഥാന സർക്കാർ

നിർദ്ദേശിച്ചതനുസരിച്ച് ഇടുക്കി ജില്ലയിലെ ഉദ്യോഗസ്ഥർ നടത്തിക്കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ മന്ത്രി എന്ന നിലയ്ക്ക് ഒരു തടസ്സവും ശ്രീ. എം. എം. മണി സൃഷ്ടിച്ചിട്ടില്ല. കേസ്സെടുക്കാനുള്ള കാര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, ജില്ലാ കളക്ടർക്കും സബ് കളക്ടർക്കും അവിടത്തെ സ്ത്രീകൾക്കുമെതിരായി മന്ത്രി ശ്രീ. എം. എം. മണി നടത്തിയ പരാമർശം നാട്ടുഭാഷയാണ് എന്ന രീതിയിലുള്ള ന്യായീകരണമാണ് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ നല്കാൻ ശ്രമിച്ചത്. നാട്ടുഭാഷയുടെ ഭാഗമാണെങ്കിൽ, ഇത് സംസ്ഥാന പാഠാവലിയിൽ ഉൾപ്പെടുത്തി കുട്ടികളെ പഠിപ്പിക്കാനാണോ സർക്കാർ ശ്രമിക്കുന്നത്; ഞാൻ ചോദ്യം ആവർത്തിക്കുകയാണ്, ഇന്ത്യൻ പീനൽ കോഡിലെ പ്രൊവിഷനുകൾ അട്രാക്ട് ചെയ്തിട്ടുപോലും അദ്ദേഹത്തിനെതിരായി കേസ്സെടുക്കാത്തത് മന്ത്രി എന്ന നിലയിലുള്ള എന്തെങ്കിലും പ്രിവിലേജ് ഇന്ത്യൻ പീനൽ കോഡിലോ ക്രിമിനൽ നടപടിക്രമങ്ങളിലോ ഉള്ളതുകൊണ്ടാണോ; ഒരാൾക്കെതിരെ കേസ്സില്ലെന്ന് മനഃപൂർവ്വം സർക്കാർ തീരുമാനിച്ചാൽ മതിയോ; അന്വേഷണം നടത്തി കേസ്സെടുക്കാൻ സർക്കാർ എന്തുകൊണ്ട് തയ്യാറാകുന്നില്ല?

ശ്രീ. പിണറായി വിജയൻ : സർ, ഇക്കാര്യത്തിൽ അന്വേഷണം നടത്തിയാണ് സർക്കാർ നിലപാടെടുത്തത്. പ്രതിപക്ഷ നേതാവിന്റെ ഭാഗത്തുനിന്നും പരാതി കിട്ടിയപ്പോൾ അന്വേഷണത്തിന് ഉത്തരവിട്ടു. അന്വേഷണത്തിൽ കേസ്സെടുക്കത്തക്ക കുറ്റങ്ങളില്ലെന്ന് ബോധ്യമായതിനാൽ കേസ്സെടുത്തില്ല. അതാണ് വസ്തുത.

ശ്രീ. അൻവർ സാദത്ത് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽവച്ച് ശ്രീ. എം. എം. മണി നടത്തിയ പ്രസ്താവന തള്ളിപ്പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് വളരെ ഗൗരവത്തിൽ എടുത്തു എന്നാണ് അന്ന് ഞങ്ങൾ കരുതിയത്. പിന്നീട് സഭയിലും പുറത്തും ആ പ്രസ്താവനയെ അനുകൂലിച്ച് പറയാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ : സർ, ശ്രീ. എം. എം. മണിയുടെ പ്രസംഗം പ്രത്യേക രീതിയിൽ എഡിറ്റ് ചെയ്തപ്പോൾ ആളുകൾക്ക് തെറ്റിദ്ധാരണയുണ്ടായി. പ്രതികരിച്ചവർ പിന്നീട് തെറ്റായിപ്പോയി എന്ന നിലപാട് സ്വീകരിക്കുകയാണുണ്ടായത്. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തിയല്ല സംസാരിച്ചത്, എന്താണെന്ന് പരിശോധിക്കും എന്നാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ ഭാഗത്ത് ഒരു തെറ്റും ഉണ്ടായിട്ടില്ലെന്ന് പിന്നീട് വ്യക്തമായി.

ശ്രീ. സണ്ണി ജോസഫിനുവേണ്ടി ശ്രീ. പി. ടി. തോമസ്: സർ, 'പൊമ്പിളൈ ഒരുമൈ സമരത്തിൽ, അന്ന് കുടിയും സകല വൃത്തികേടുകളും നടന്നു, അടുത്ത കാട്ടിലാണ് നടന്നത്,' എന്നൊക്കെയാണ് മന്ത്രി പറഞ്ഞത്. ഇത് റിപ്പോർട്ടർ ചാനൽ രണ്ടാമത് സ്പഷ്ടീകരിച്ച് വ്യക്തത വരുത്തിയതാണ്. അതോടൊപ്പം സബ് കളക്ടറെ കൈകാര്യം ചെയ്യുമെന്നും കാൽ വെട്ടുമെന്നും പറഞ്ഞത് മാധ്യമങ്ങളിലൊക്കെ

വാർത്ത വന്നതാണ്. ഇതൊന്നും കേരള ഗവൺമെന്റ് കാണുന്നില്ലേയെന്നും മന്ത്രിക്കെതിരായ ആക്ഷേപം ഗുരുതരമായ വിഷയമാണെന്നും പോലീസ് മേധാവി ഇതൊന്നും കാണുന്നില്ലേയെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയതായി പറയപ്പെടുന്ന പരാമർശംപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ടിട്ടില്ല. എന്റെ അഭിപ്രായത്തിൽ ശ്രീ. എം. എം. മണിയേക്കാൾ ഗുരുതരമായ കൃത്യവിലോപമാണ്, കുറ്റവാളിയെ സംരക്ഷിക്കുന്ന നടപടിയാണ് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. എന്റെ ചോദ്യം പാർട്ടി അച്ചടക്കനടപടി എടുത്തത് എന്തിനാണ്? .... (ബഹളം).... ഞാൻ മനസ്സിലാക്കുന്നത് പാർട്ടി പരസ്യമായി താക്കീത് ചെയ്തു എന്നാണ്. നിങ്ങൾ എന്ത് കുഴപ്പം കാട്ടിയാലും നിങ്ങളുടെ മന്ത്രി എന്ത് കുഴപ്പം കാട്ടിയാലും പാർട്ടി നടപടിയെടുക്കുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. ഈ സഭയിലെ ഒരു മന്ത്രി നടത്തിയ ഗുരുതര വീഴ്ചയെയും സകല വൃത്തികേടിനേയും ഇങ്ങനെ വ്യാഖ്യാനിക്കാമോ; ഈ ഗവൺമെന്റ് ഇനിയെങ്കിലും തെറ്റുതിരുത്തി നടപടി സ്വീകരിക്കുമോ; കേസ്സെടുക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, നിയമത്തിനുമുന്നിൽ മന്ത്രിയോ എം.എൽ.എ.-യോ എന്നുള്ള പരിഗണനയൊന്നുമില്ല. അത്തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ പരാതി ലഭിച്ചു, അതിനെക്കുറിച്ച് അന്വേഷണം നടത്തി, അങ്ങനെ കേസ് എടുക്കത്തക്ക കുറ്റമുണ്ടായിട്ടില്ലെന്ന് കണ്ടതിന്റെ ഭാഗമായാണ് നടപടി സ്വീകരിക്കാത്തത്. സർക്കാർ തീരുമാനത്തിന്റെ ഭാഗമായല്ല, അതിൽ പ്രത്യേകം രക്ഷപ്പെടുത്തുന്ന നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. മന്ത്രി എന്ന നിലയ്ക്കുള്ള പ്രത്യേകമായ പ്രിവിലേജ് അദ്ദേഹത്തിന് ലഭിച്ചിട്ടില്ല. സാധാരണ നിയമ നടപടിക്രമമനുസരിച്ച് അദ്ദേഹത്തിന്റെ പേരിൽ കുറ്റം ചുമത്തത്തക്കവിധത്തിൽ ഒന്നും ഉണ്ടായിട്ടില്ല.

ശ്രീ. വി. എസ്. ശിവകുമാറിനുവേണ്ടി ശ്രീ. എൽദോസ് കുന്നപ്പിള്ളി : സർ, നിയമാനുസൃതം ജോലിചെയ്യുന്ന ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയതിനും സ്ത്രീകളെ അപമാനിക്കുന്ന തരത്തിൽ സംസാരിച്ചതിനും മന്ത്രി. ശ്രീ. എം. എം. മണിക്കെതിരെ കേസ് രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന് ഏതെങ്കിലും രീതിയിലുള്ള നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് അത് നല്കിയത്?

ശ്രീ. പിണറായി വിജയൻ : സർ, ഇത്തരം പരാതി ലഭിച്ചാൽ നിയമോപദേശം തേടുകയല്ല, പോലീസിന് കൈമാറുകയാണ് പതിവ്. പരാതി പോലീസിന് കൈമാറിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പോലീസ് മേധാവി താഴെത്തലത്തിൽ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സാധാരണ നിലയ്ക്കുള്ള പരിശോധനയും അന്വേഷണവുമാണ് നടന്നിട്ടുള്ളത്, മറ്റൊരു തരത്തിലുള്ള നിലപാടും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

ശ്രീ. എ. എം. ആരിഫ് : സർ, യു.ഡി.എഫ്. ഭരണത്തിൻ കീഴിൽ ശ്രീ. കെ. സി. ജോസഫ് ഒരു ന്യായാധിപനെ നീലത്തൊട്ടിയിൽ വീണ കുറുക്കൻ എന്ന് വിളിച്ച് ആക്ഷേപിക്കുകയുണ്ടായി. അതുസംബന്ധിച്ച് എന്തെങ്കിലും ക്രിമിനൽ

നടപടികൾ അക്കാലത്ത് എടുത്തിരുന്നോ; അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? അതുപോലെ ദൃശ്യമാധ്യമങ്ങളിലെല്ലാം നമ്മൾ കണ്ടതാണ് ശ്രീമതി ബിന്ദു കൃഷ്ണ ഒരു എസ്.ഐ.-യുടെ തൊപ്പി തെറിപ്പിക്കുമെന്ന് പരസ്യമായി പറഞ്ഞത്. ....(ബഹളം)....

മി. സ്പീക്കർ : ഒറ്റ ചോദ്യം മാത്രം ചോദിച്ചാൽ മതി.

ശ്രീ. എ. എം. ആരിഫ് : സർ, ഇതുമായി ബന്ധപ്പെട്ടതാണ്. ....(ബഹളം).... എനിക്ക് ചോദിക്കാൻ അവകാശമില്ലേ?

മി. സ്പീക്കർ : ശ്രീ. എ. എം. ആരിഫിന് ഒരു ചോദ്യം മാത്രം അനുവദിക്കാം. ....(ബഹളം)....

ശ്രീ. എ. എം. ആരിഫ് : സർ, ശ്രീമതി ജമീലാ ഇബ്രാഹിം ഒരു പ്രസംഗത്തിൽ ഡി.സി.സി. പ്രസിഡന്റിന്റെ നേതൃത്വത്തിൽ സി.പി.ഐ.(എം) പ്രവർത്തകരെ വെട്ടിനുറുക്കിക്കൊന്നു എന്ന് പരസ്യമായി പ്രസംഗിച്ചിട്ട് എന്തെങ്കിലും കേസ് അക്കാലത്ത് എടുത്തിരുന്നോ? കെ. സുധാകരൻ ..... (ബഹളം)...

മി. സ്പീക്കർ: ശ്രീ. ആരിഫ് എന്താണീ പറയുന്നത്? ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ : സർ, ഇവിടെ ബഹുമാനപ്പെട്ട കെ.സി. ജോസഫ് നടത്തിയ പരാമർശത്തെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. അക്കാര്യത്തിൽ അദ്ദേഹം തന്നെ പരസ്യമായി ഖേദപ്രകടനം നടത്തുകയും മറ്റ് നടപടികൾ അവസാനിപ്പിക്കുകയും ചെയ്തതാണ്. അത് അവസാനിച്ചതാണ്. അതിന്റെ തുടർച്ചയായി നിയമ നടപടികളൊന്നും ഉണ്ടായിട്ടില്ല. മറ്റ് കാര്യങ്ങൾ എന്റെ ശ്രദ്ധയിൽ ഇപ്പോഴില്ല.

ശ്രീ. ഷാഫി പറമ്പിൽ : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചു, ശ്രീ. എം. എം. മണിയുടെ പ്രസംഗത്തിൽ നിയമവിരുദ്ധമായി ഒന്നുമില്ല എന്ന്. സർക്കാർ ഏല്പിച്ച ജോലി ചെയ്യാൻ പോയ ഉദ്യോഗസ്ഥന്റെ കൈയും കാലും ഒടിക്കുമെന്നും ഊളമ്പാറയിലേയ്ക്ക് അയയ്ക്കുമെന്നുമൊക്കെയാണ് പറഞ്ഞത്. ഊളമ്പാറ സാധാരണക്കാരായ രോഗികൾ ചികിത്സയ്ക്ക് എത്തുന്ന സ്ഥലമാണ്. ഒരു മന്ത്രിക്ക് തോന്നുമ്പോൾ ഉദ്യോഗസ്ഥരെ അയയ്ക്കാനുള്ള സ്ഥലമല്ല അത്. മന്ത്രിയുടെ പരാമർശം അവിടെയുള്ള രോഗികളെ അവഹേളിക്കുന്നതാണ്. ഈ ഉദ്യോഗസ്ഥനെ ഊളമ്പാറയിലേയ്ക്ക് അയയ്ക്കുമെന്ന് മന്ത്രി പറഞ്ഞത് ഈ നാട്ടിലെ എല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. അതിനെ അങ്ങ് ന്യായീകരിക്കുന്നുണ്ടോ; അങ്ങനെ ഒരു മന്ത്രി പ്രസ്താവന നടത്താൻ പാടുണ്ടോ; അക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള നിയമനടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ : സർ, ഇവിടെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരേയും സംരക്ഷിക്കുന്ന നിലപാടാണ് പൊതുവേ

ഗവൺമെന്റിനും മന്ത്രിസഭയ്ക്കും മന്ത്രിമാർക്കുമുള്ളത്. അതിൽനിന്ന് വ്യത്യസ്തമായി ഒരു മന്ത്രിയും നിലപാട് സ്വീകരിക്കില്ല. ഏതെങ്കിലും തരത്തിൽ കേസ് എടുക്കത്തക്ക പ്രശ്നങ്ങളൊന്നും അദ്ദേഹത്തിന്റെ പേരിൽ ഉയർന്നുവന്നിട്ടില്ല.

## ടി. പി. സെൻകുമാർ സമർപ്പിച്ച ഹർജിയിൻമേലുള്ള സുപ്രീംകോടതി വിധി

2 (* 452) ശ്രീ. വി.പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തുനിന്നും തന്നെ നീക്കംചെയ്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ശ്രീ. ടി. പി. സെൻകുമാർ സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജിയിന്മേലുള്ള വിധിപ്പകർപ്പ് എന്നാണ് സർക്കാരിന് ലഭിച്ചതെന്ന് അറിയിക്കാമോ;

(ബി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; എന്നാണ് നടപടി സ്വീകരിച്ചത്;

(സി) സുപ്രീം കോടതിവിധി നടപ്പിലാക്കാനുണ്ടായ കാലതാമസത്തിനുള്ള കാരണമെന്താണ്;

(ഡി) സുപ്രീം കോടതിവിധിയിൽ വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ട് സർക്കാർ സുപ്രീംകോടതിയിൽ ഹർജി നൽകിയിരുന്നോ; എങ്കിൽ അതിന്മേലുള്ള തീരുമാനമെന്തായിരുന്നു;

(ഇ) ടി. പി. സെൻകുമാറിന് അനുകൂലമായിട്ടുള്ള സുപ്രീം കോടതിവിധി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് സർക്കാർ ഹർജി നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഉപദേശം നൽകിയതാരാണ് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇതുസംബന്ധിച്ച് നിയമ വകുപ്പ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, ഹരീഷ് സാൽവെ എന്നിവരിൽനിന്നും നിയമോപദേശം തേടിയിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) 25-4-2017-ൽ സാക്ഷ്യപ്പെടുത്താത്ത പകർപ്പും 28-4-2017-ൽ സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭിച്ചിരുന്നു.

(ബി) നിയമ വകുപ്പ് സെക്രട്ടറിയുടെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശം തേടിയശേഷം ബഹുമാനപ്പെട്ട സുപ്രീം കോടതിവിധിയിൽ

വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് ഒരു ക്ലാരിഫിക്കേഷൻ ആപ്ലിക്കേഷനും കൂടാതെ വിധി പുനഃപരിശോധിക്കുന്നതിനായി ഒരു റിവ്യൂ ഹർജിയും 3-5-2017-ൽ സമർപ്പിക്കുകയുണ്ടായി.

(സി) വിധി നടപ്പിലാക്കാൻ കാലതാമസമുണ്ടായിട്ടില്ല.

(ഡി) നൽകിയിരുന്നു. സർക്കാരിന്റെ ക്ലാരിഫിക്കേഷൻ ഹർജി, 25,000/- രൂപ സുപ്രീംകോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിക്ക് ജുവനൈൽ ജസ്റ്റിസ് ഇഷ്യൂസ് സംബന്ധിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അടച്ചുകൊണ്ട്, പിൻവലിക്കാൻ അനുമതി നൽകുകയുണ്ടായി.

(ഇ) നൽകിയിരുന്നു. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശപ്രകാരമാണ് റിവ്യൂ ഹർജി നൽകിയത്.

(എഫ്) നിയമ വകുപ്പ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ എന്നിവരിൽനിന്ന് നിയമോപദേശം തേടിയിരുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഡി.ജി.പി. ശ്രീ. ടി. പി. സെൻകുമാറിന്റെ കേസിൽ സുപ്രീംകോടതി വിധി ഉടൻ നടപ്പിലാക്കണമെന്ന് നിയമ വകുപ്പ് സെക്രട്ടറി ഉപദേശം നൽകിയിട്ടും സർക്കാർ ടി കേസിൽ വ്യക്തതാ ഹർജി നൽകാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്; പിന്നീട് സർക്കാർ വ്യക്തതാ ഹർജി പിൻവലിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, ഡി.ജി.പി. ശ്രീ. ടി.പി സെൻകുമാറിന്റെ കേസിൽ തുടർനടപടികൾ എന്തുവേണമെന്നതിനെ സംബന്ധിച്ച് നിയമ വകുപ്പ് സെക്രട്ടറിയിൽനിന്നും അഡ്വക്കേറ്റ് ജനറലിൽനിന്നും നിയമോപദേശം തേടിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ക്ലാരിഫിക്കേഷൻ ഹർജി നൽകിയപ്പോൾ കോടതി സ്വീകരിക്കാത്തതുകൊണ്ടാണ് പിൻവലിച്ചത്.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, കൊടുവള്ളി എം.എൽ.എ. ശ്രീ. കാരാട്ട് റസാഖ്, തന്റെ ജീവന് ഭീഷണിയുണ്ടെന്ന് ശബ്ദരേഖ സഹിതം ഡി.ജി.പി.-ക്ക് നൽകിയ പരാതിയിന്മേൽ കാലതാമസം വരുത്തി നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥയെ സ്ഥലംമാറ്റിയ ഇപ്പോഴത്തെ ഡി.ജി.പി.-യുടെ നടപടി സർക്കാർ ഇടപെട്ട് തടസ്സപ്പെടുത്തിയതിനുള്ള കാരണം എന്താണ്?

ശ്രീ. പിണറായി വിജയൻ : സർ, ശ്രീ. കാരാട്ട് റസാഖിന്റെ ജീവൻ അപകടത്തിലാണെന്നുകാണിച്ച് അദ്ദേഹം നൽകിയ ഹർജിയിന്മേൽ ഇവിടെ പരാമർശിക്കപ്പെട്ട ഉദ്യോഗസ്ഥ ഏതെങ്കിലും വിധത്തിലുള്ള കാലതാമസം കാണിച്ചതായി പരിശോധനയിൽ കണ്ടിട്ടില്ല.

ശ്രീ. റോജി എം. ജോൺ : സർ, ഡി.ജി.പി. ശ്രീ. ടി.പി. സെൻകുമാർ സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിന്മേൽ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് എത്ര രൂപ ചെലവായിട്ടുണ്ട്? മൂന്നുകോടിയോളം രൂപ സംസ്ഥാന സർക്കാരിന് ചെലവായിട്ടുണ്ടെന്ന് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്. അത് വാസ്തവമാണോ?

ശ്രീ. പിണറായി വിജയൻ : സർ, കേസിന് സാധാരണ പണം ചെലവാകും. അത് എത്രയാണെന്നത് സംബന്ധിച്ച കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. ഇത് മറച്ചുവയ്ക്കേണ്ട കാര്യമല്ല, പിന്നീട് വ്യക്തമാക്കുന്നതായിരിക്കും.

ശ്രീ. അനിൽ അക്കര : സർ, കഴിഞ്ഞ സഭയിലും ഈ സഭയിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ രേഖാമൂലം കുറച്ച് കാര്യങ്ങൾ ചോദിച്ചിരുന്നു. തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട ചോദ്യമാണ് ആദ്യം ചോദിച്ചത്. അടുത്ത പൂരം വരാറായി. ഇതുവരെ ഒരു മറുപടിയും കിട്ടിയിട്ടില്ല.

മി.സ്പീക്കർ : ഇപ്പോൾ ഉപചോദ്യം ചോദിക്കാനാണ് ആവശ്യപ്പെട്ടത്. അത് ചോദിക്കൂ.

ശ്രീ. അനിൽ അക്കര : സർ, അത് പറയാതിരിക്കാൻ കഴിയാത്തതുകൊണ്ട് പറഞ്ഞതാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി ഡി.ജി.പി. ശ്രീ. ടി.പി. സെൻകുമാറിന്റെ കേസ്സുമായി ബന്ധപ്പെട്ട് കോടതിച്ചെലവ് അടയ്ക്കാൻ പറഞ്ഞിട്ടുണ്ട്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽ നിന്നാണോ അതല്ല ബന്ധപ്പെട്ട കക്ഷികളാണോ അടയ്ക്കുന്നത്?

ശ്രീ. പിണറായി വിജയൻ : സർ, തൃശ്ശൂർ പൂരത്തിന്റെമേൽ വേറൊരു പൂരം ഉണ്ടാക്കാമെന്ന് ചിലർ ആഗ്രഹിച്ചിരുന്നു. പക്ഷേ അതൊന്നും നടന്നില്ല. നല്ല ഭംഗിയായി തൃശ്ശൂർ പൂരം നടന്നു. ബഹുമാന്യനായ അംഗം ഉദ്ദേശിച്ചതെന്തെന്ന് വ്യക്തമല്ല. അടുത്ത പൂരവും നല്ല രീതിയിൽ നടത്താനുള്ള എല്ലാ ക്രമീകരണങ്ങളും സർക്കാർ ചെയ്യും. അതിൽ ആരും വേവലാതിപ്പെടേണ്ട കാര്യമില്ല. ബാക്കി കാര്യങ്ങൾ ഗവൺമെന്റ് അതിന്റേതായ രീതിയിൽ ചെലവിടും മറ്റാരെങ്കിലും ചെലവിടേണ്ടതല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ അച്ചടക്കലംഘനങ്ങളുടെ ഘോഷയാത്രയാണ് നടക്കുന്നത്. ഗവണ്മെന്റ് ഏതായാലും ശരി, ഇത്തരം വാർത്തകൾ സംസ്ഥാനത്തിന്റെ സ്റ്റെബിലിറ്റിയെ ബാധിക്കും. ഇതുപോലുള്ള വാർത്തകൾ വരാത്തവിധത്തിൽ അച്ചടക്കവിധേയമായി കാര്യങ്ങൾ പോകുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്? നൂറിലധികം ഡിവൈ.എസ്.പി.-മാരെ ഒരുമിച്ച് മാറ്റി എന്ന് മാധ്യമങ്ങളിൽ കണ്ടു. പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിരവധിപേരെ ഇളക്കി പ്രതിഷ്ഠിച്ചു. ഇൻസബോർഡിനേഷൻ

നടക്കുന്നതായി ജനങ്ങളുടെ മുന്നിൽ വാർത്തകൾ വരികയാണ്. ഇത് സംസ്ഥാനത്തിന്റെ നിയമസമാധാനപാലനത്തെ ഗുരുതരമായി ബാധിക്കും. ഇതിന് ഗവൺമെന്റ് എന്തുനടപടി സ്വീകരിക്കും?

ശ്രീ. പിണറായി വിജയൻ : സർ, മുൻ ആഭ്യന്തര വകുപ്പുമന്ത്രികൂടിയായ ബഹുമാന്യ അംഗത്തിന്റെ ഉത്കണ്ഠ ഏതെങ്കിലും തരത്തിൽ പോലീസിൽ അച്ചടക്ക ലംഘനമുണ്ടാകുമോ എന്നാണ്. ഈ സർക്കാർ പോലീസിലെ അച്ചടക്കത്തിന് വലിയതോതിലുള്ള മുൻഗണന തന്നെയാണ് നല്കുന്നത്. അച്ചടക്കലംഘനത്തിന്റേതായ ഒരു പ്രവണതയും അനുവദിക്കുന്നതല്ല.

മി. സ്പീക്കർ: ....(ബഹളം).... ആരും ഉപചോദ്യത്തിന് കൈ ഉയർത്തിയിട്ടില്ല. അനാവശ്യമായി കമന്റ് പറയണ്ട.

## സർക്കാർ ആശുപത്രികളുടെ പ്രവർത്തന നിലവാരം

3 (*453) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ പ്രവർത്തനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അക്രെഡിറ്റേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; എത്ര സ്ഥാപനങ്ങൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുണ്ട്;

(ബി) ഏതൊക്കെ സ്ഥാപനങ്ങൾക്ക് കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇത്തരം അക്രെഡിറ്റേഷൻ ലഭിക്കാനായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ,

(എ) ഉണ്ട്. ഇതുവരെ താഴെപ്പറയുന്ന ഒൻപത് സർക്കാർ ആശുപത്രികൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുണ്ട്:

1. ഗവൺമെന്റ് ജനറൽ ആശുപത്രി, എറണാകുളം

2. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്

3. താലൂക്കാശുപത്രി, ചേർത്തല

4. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്

5. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

6. ഐകോൺസ് ആശുപത്രി, ഷൊർണ്ണൂർ

7. സി.എച്ച്.സി. പണ്ടപ്പിള്ളി, എറണാകുളം

8. ബ്ലഡ് ബാങ്ക്, ആലുവ

9. ജില്ലാ ആശുപത്രി, കണ്ണൂർ (പ്രീ എൻട്രി ലെവൽ)

(ബി) കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ

1. താലൂക്കാശുപത്രി, പാറശ്ശാല, തിരുവനന്തപുരം

2. സി.എച്ച്.സി., മണമ്പൂർ, തിരുവനന്തപുരം

3. സി.എച്ച്.സി., വെള്ളറട, തിരുവനന്തപുരം

4. പി.എച്ച്.സി., ചെമ്മരുതി, തിരുവനന്തപുരം

5. പി.എച്ച്.സി., മംഗലപുരം, തിരുവനന്തപുരം

6. പി.എച്ച്.സി., വട്ടിയൂർക്കാവ്, തിരുവനന്തപുരം

7. പി.എച്ച്.സി., ചെങ്കൽ, തിരുവനന്തപുരം

8. പി.എച്ച്.സി., കീഴാറ്റിങ്ങൽ, തിരുവനന്തപുരം

9. പി.എച്ച്.സി., കൊല്ലയിൽ, തിരുവനന്തപുരം

10. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ, കൊല്ലം

11. പി.എച്ച്.സി., കരവാളൂർ, കൊല്ലം

12. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആലപ്പുഴ

13. സി.എച്ച്.സി., ഇടയരിക്കപ്പുഴ, കോട്ടയം

14. പി.എച്ച്.സി., അറക്കുളം, ഇടുക്കി

15. സി.എച്ച്.സി., പണ്ടപ്പള്ളി, എറണാകുളം

16. പി.എച്ച്.സി., വാളകം, എറണാകുളം

17. പി.എച്ച്.സി., തിരുവമ്പാടി, കോഴിക്കോട്

18. സി.എച്ച്.സി., മുഹമ്മ, ആലപ്പുഴ

19. പി.എച്ച്.സി., പാണ്ടിക്കാട്, മലപ്പുറം

20. പി.എച്ച്.സി., മണലൂർ, തൃശ്ശൂർ

21. താലൂക്കാശുപത്രി, താമരശ്ശേരി, കോഴിക്കോട്

(സി) അക്രെഡിറ്റേഷൻ ലഭിക്കാനായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ

രോഗികൾക്കാവശ്യമായ നിർദ്ദേശം നൽകുന്നതിനായി ആശുപത്രിയുടെ ലേഔട്ട്, സൈനേജ് ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

ആശുപത്രിയുടെ പൂർണ്ണവിവരണം അടങ്ങുന്ന മാർഗ്ഗദർശികൾ സ്ഥാപിക്കണം.

രോഗികളുടെ അവകാശങ്ങളും പാലിക്കേണ്ട കടമകളും പ്രദർശിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

ടോക്കൺ സിസ്റ്റം നടപ്പിലാക്കുക.

ഒ.പി.-യുടെയും അത്യാഹിത വിഭാഗത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

ഒ.പി., ലാബ്, ഫാർമസി എന്നീ വിഭാഗത്തിൽ രോഗികൾക്ക് വിശ്രമസ്ഥലം ഏർപ്പെടുത്തുക.

രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിക്കുക.

വീൽചെയറുകൾ, ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കുക.

സേഫ്റ്റി ബെൽറ്റ്കൊണ്ട് സുരക്ഷിതമായി സജ്ജമാക്കിയ വീൽചെയറുകളും ട്രോളികളും ലഭ്യമാക്കുക.

അത്യാഹിത വിഭാഗം, ഒ.പി., എന്നിവയുടെ പ്രവേശന കവാടങ്ങൾ വീൽചെയറും ട്രോളിയും അനായാസം കൈകാര്യം ചെയ്യാൻ തക്കവണ്ണം സജ്ജീകരിക്കുക.

അത്യാഹിതവിഭാഗത്തിലും ഒ.പി.-യിലും എത്തുന്ന രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുക.

ദുരന്തനിവാരണം, ആശുപത്രിയിൽ അണുബാധ നിയന്ത്രിക്കാനുള്ള നടപടികൾ, ആശുപത്രിയിലെ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയിൽ ജീവനക്കാർക്ക് പരിശീലനം നൽകുക.

മുലയൂട്ടുന്ന അമ്മമാർക്കുവേണ്ടി അവരുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന പ്രത്യേക മുറികൾ തയ്യാറാക്കുക.

ആശുപത്രികളിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കുക.

രോഗികൾക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കിയശേഷം മാത്രമേ ഉപയോഗിക്കാറുള്ളൂ എന്ന് ഉറപ്പുവരുത്തുക

ജൈവമാലിന്യങ്ങളും അല്ലാതെയുള്ള മാലിന്യങ്ങളും വേർതിരിച്ച് നീക്കം ചെയ്യുകയും നിയമം അനുശാസിക്കുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുക.

ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്യുക.

രോഗീപരിചരണ വിഭാഗങ്ങളിൽ എൽബോ ടാപ്പുകൾ സ്ഥാപിക്കുക.

രോഗികൾക്കും ആശുപത്രി ജീവനക്കാർക്കുംവേണ്ട സുരക്ഷാനടപടികൾ സ്വീകരിക്കുക.

രോഗികൾക്കായി കേസ് റിക്കോർഡുകൾ ഏകീകരിക്കുക.

പദ്ധതിപ്രകാരം രോഗികൾക്കുള്ള ശരിയായ രീതിയിലുള്ള ചികിത്സാ സൗകര്യം സമയബന്ധിതമായി ആവിഷ്കരിക്കുക.

ശരിയായ രീതിയിലുള്ള രോഗീ പരിചരണം, മരുന്നു വിതരണം എന്നിവ നടപ്പാക്കുക.

ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പുവരുത്തുക.

ലാബുകളിൽ രോഗിയുടെ രക്തം സ്വീകരിക്കൽ മുതൽ റിസൾട്ട് കൊടുക്കുന്നതുവരെയുള്ള എല്ലാ പ്രക്രിയകളും ചിട്ടപ്പെടുത്തിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യുക.

ലബോറട്ടറികളിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും വിലനിലവാരവും ലാബിന്റെ മുൻഭാഗത്ത് പ്രദർശിപ്പിക്കുക.

എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തുക.

ആശുപത്രികളിൽ അറ്റകുറ്റപ്പണികൾ നടത്തി ആശുപത്രി കെട്ടിടങ്ങൾ നവീകരിക്കുക.

കേടായ ഉപകരണങ്ങൾ നന്നാക്കുക.

അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുക.

അനൗൺസ്മെന്റ് സംവിധാനം നടപ്പാക്കുക.

രോഗികളുടെ റെക്കോർഡുകൾ സൂക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

ഓരോ ജീവനക്കാർക്കും പ്രത്യേകം പേഴ്സണൽ റിക്കോർഡുകൾ തയ്യാറാക്കുക.

മരുന്നുകളുടെ കൃത്യമായ ഉപയോഗം ഉറപ്പാക്കുന്നതിനായി ഡ്രഗ്സ് ഫോർമുലറി രൂപീകരിക്കുക.

പേരുകളിലും രൂപത്തിലും സാദൃശ്യം പുലർത്തുന്നതുമായ മരുന്നുകൾ തരംതിരിച്ച് ക്രമീകരിക്കുക.

ഫ്രിഡ്ജിന്റെ താപനില അളന്ന് ശരിയായ പ്രവർത്തനം ആണോയെന്ന് വിലയിരുത്തുക.

അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക.

വാർഡുകളിലും ഫാർമസിയിലും മരുന്നുകൾ പ്രത്യേകം തയ്യാറാക്കിയ കണ്ടെയ്നറുകളിൽ സൂക്ഷിക്കുക.

ഫാർമസിയിൽ ശുചിത്വവും വായുസഞ്ചാരവുമുള്ള അറകളിൽ മരുന്നുകൾ സൂക്ഷിക്കുക.

നാർക്കോട്ടിക് മരുന്നുകൾ ദുരുപയോഗം ചെയ്യാത്ത രീതിയിൽ സുരക്ഷിതമായി ക്രമീകരിക്കുക.

മരുന്നുകളുടെ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കുക.

രോഗികളെക്കുറിച്ചുള്ള വിവരസാങ്കേതിക സംവിധാനം നടപ്പാക്കുക.

രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽനടപടികൾ സ്വീകരിക്കുക.

ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തുക.

പൗരാവകാശരേഖയുടെ പകർപ്പ് ആശുപത്രികളുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിക്കുക.

എല്ലാ ജീവനക്കാർക്കും തുടർപരിശീലനം നടപ്പാക്കുക.

കൂടാതെ ദേശീയ ആരോഗ്യ പദ്ധതികൾ കൃത്യമായി നടപ്പാക്കുക.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : സർ, ആരോഗ്യ മേഖലയിൽ കാര്യക്ഷമമായ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. സംസ്ഥാനത്ത് 152 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; അതിന്റെ പുരോഗതി വിശദീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തീരുമാനിച്ചത്. അതിന്റെ പശ്ചാത്തല സൗകര്യവും മറ്റ് സൗകര്യങ്ങളും വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ഉച്ചവരെ ഒരു ഡോക്ടറാണ് പ്രവർത്തിക്കുന്നത്. തുടക്കത്തിൽ രണ്ട് ഡോക്ടർമാരും പിന്നീട് ഒരു ഡോക്ടറെയുംകൂടി നിയമിച്ചുകൊണ്ട് മൂന്ന് ഡോക്ടർമാർ ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉണ്ടാകണമെന്നാണ് തീരുമാനിച്ചത്. മുപ്പതിനായിരത്തോളം പേരാണ് ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ളത്. ജനങ്ങളെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യാനും കുടുംബ ഡോക്ടർ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരാനുമാണ് തീരുമാനിക്കുന്നത്. ജീവിതശൈലീരോഗങ്ങളും പകർച്ചവ്യാധികളുമൊക്കെ നിയന്ത്രിക്കുന്ന പ്രധാനപ്പെട്ട കേന്ദ്രങ്ങളായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മാറും. രോഗപ്രതിരോധത്തിലൂന്നിയ ചികിത്സ നല്കി രോഗീസൗഹൃദമായ പ്രധാന ആശുപത്രിയായി മാറും. ചെറിയ അസുഖങ്ങൾ വരുമ്പോൾ സ്പെഷ്യാലിറ്റി കേന്ദ്രങ്ങളിലേയ്ക്ക് വരുന്ന സ്ഥിതി ഒഴിവാക്കി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വച്ചുതന്നെ പരിശോധനയും ചികിത്സയും നല്കാനുള്ള സംവിധാനം ഉണ്ടാകും. സെക്കൻഡറി-ടെർഷ്യറി മേഖലയിലെ തിരക്ക് ഒഴിവാകുകയും ചെയ്യും. ഇതൊക്കെയാണ് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുമ്പോൾ നടത്താനുദ്ദേശിക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ. ഇതുസംബന്ധിച്ചുള്ള ട്രെയിനിംഗിന്റെ മോഡ്യൂൾ തയ്യാറായിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പഞ്ചായത്തുകളിലെ പ്രസിഡന്റുമാരേയും മെഡിക്കൽ ആഫീസർമാരേയും വിളിച്ച് കാര്യങ്ങളെല്ലാം ബോധ്യപ്പെടുത്തിയിട്ടുണ്ട്. എന്തായിരിക്കണം ഒരു കുടുംബാരോഗ്യകേന്ദ്രം എന്നതിന്റെ മാതൃക തയ്യാറാക്കി എത്തിച്ചിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ ദ്രുതഗതിയിൽ സർക്കാർ നടപ്പിലാക്കുകയാണ്. ചികിത്സാമേഖലയിൽ പ്രാഥമികാരോഗ്യ രംഗത്തിനും രോഗപ്രതിരോധത്തിനും ചികിത്സാച്ചെലവ് കുറയ്ക്കുന്നതിനുള്ള സംവിധാനത്തിനും ഊന്നൽ നൽകിക്കൊണ്ട് മെച്ചപ്പെട്ട ചികിത്സാ സമ്പ്രദായത്തിലേയ്ക്ക് കേരളത്തെ കൊണ്ടുപോകുന്നതിന് ചരിത്രപരമായ മാറ്റമുണ്ടാക്കുന്നതിനുള്ള തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്. ഇതിന്റെ പ്രവർത്തനവുമായി സർക്കാർ മുന്നോട്ടുപോവുകയാണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : സർ, എം.സി. റോഡ്, നാഷണൽ ഹൈവേ തുടങ്ങിയ റോഡുകളിൽ അപകടങ്ങൾ വർദ്ധിച്ചുവരികയാണ്. ചെങ്ങന്നൂർ പോലെ ജില്ലാ ആശുപത്രിയായി പ്രഖ്യാപിച്ച ആശുപത്രികളിൽ ട്രോമാകെയർ-ഐ.സി. യൂണിറ്റുകൾ ഇല്ലാത്തതിന്റെ ഫലമായി അത്യാഹിതം സംഭവിക്കുന്ന രോഗികളെ മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകേണ്ട സാഹചര്യമാണുള്ളത്. വഴിക്കുവച്ച് രോഗികൾ മരണപ്പെടുന്ന അവസ്ഥയും ഉണ്ടാകുന്നുണ്ട്. ഒരു നിയോജകമണ്ഡലത്തിലെ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലെങ്കിലും ട്രോമാകെയർ-ഐ.സി. യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, കേരളത്തിൽ റോഡപകടങ്ങൾമൂലം മരണം വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രോമാകെയർ സംവിധാനം മെച്ചപ്പെടുത്താനുള്ള എല്ലാ പദ്ധതികളും ആരോഗ്യ വകുപ്പ് തയ്യാറാക്കി കഴിഞ്ഞു. എയിംസിലെ ജയപ്രകാശ് നാരായൺ മെമ്മോറിയൽ ട്രോമാകെയർ യൂണിറ്റ് സന്ദർശിച്ചു. ആ മാതൃകയിൽ കേരളത്തിലെ ട്രോമാകെയർ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു, അതിനുള്ള പണവും കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുമ്പോൾ ഹൈവേകളിലുള്ള പ്രധാനപ്പെട്ട ആശുപത്രികളെ തെരഞ്ഞെടുക്കാനും അവിടത്തെ ട്രോമാകെയർ മെച്ചപ്പെടുത്തിക്കൊണ്ട് ഈ സംവിധാനം നടപ്പിലാക്കാനുമാണ് ആലോചിക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ കേരളത്തിൽ വളരെ മെച്ചപ്പെട്ട ഒരു ട്രോമാകെയർ സംവിധാനം ഉണ്ടായിരിക്കും.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, ആരോഗ്യ രംഗത്ത് ഈ സർക്കാർ ശ്രദ്ധാപൂർവ്വമായ ഇടപെടൽ നടത്തിയതിന്റെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. താലൂക്കാശുപത്രികളിൽ വലിയ തോതിലുള്ള തിരക്ക് അനുഭവപ്പെടുകയാണ്. സ്റ്റാഫ് പാറ്റേണിലെ പ്രശ്നം, 1962-ലെ സ്റ്റാഫ് പാറ്റേണാണ് മിക്കവാറുമുള്ള എല്ലാ താലൂക്കാശുപത്രികളിലും നിലവിലുള്ളത്. ഇത് പരിഷ്കരിക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; എത്ര കാലംകൊണ്ട് അതിന്റെ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ഇതൊരു ഭാരിച്ച ഉത്തരവാദിത്വമാണ്. കേരളത്തിലെ ജനസംഖ്യയും രോഗികളുടെ എണ്ണവും കൂടുന്നതിനനുസരിച്ച് സ്റ്റാഫ് പാറ്റേൺ മാറിയിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫ് പോലുമില്ല എന്നത് നിരവധി തവണ ഞാൻ ഈ സഭയിൽ സൂചിപ്പിച്ചതാണ്. ആർദ്രം മിഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഓരോ തലത്തിലുമുള്ള ആശുപത്രികൾക്ക് നിർദ്ദേശിച്ച സ്റ്റാഫ്/പോസ്റ്റ് ഉണ്ടോയെന്ന്

പരിശോധിക്കുകയാണ് ഇപ്പോൾ ഗവൺമെന്റ് ചെയ്യുന്നത്. അപ്പോഴാണ് ഭാരിച്ച രീതിയിലുള്ള പോസ്റ്റ് ക്രിയേഷൻ ആവശ്യമായി വന്നത്. ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാർ അവരുടെ മണ്ഡലങ്ങളിലുള്ള ആശുപത്രികൾ താലൂക്കാശുപത്രിയായി പ്രഖ്യാപിച്ചുവെന്ന് പറയുകയും എന്നാൽ താലൂക്കാശുപത്രിക്ക് നിർദ്ദേശിച്ച സ്റ്റാഫ് പാറ്റേൺ ഇല്ലെന്ന് പറഞ്ഞുകൊണ്ട് മിക്കവാറും എല്ലാ മണ്ഡലങ്ങളിൽനിന്നും എനിക്ക് സബ്മിഷനും ചോദ്യവുമൊക്കെ നൽകുകയുമാണ്. അത് പരിഹരിക്കുന്നതിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഇടപെട്ട് പോസ്റ്റ് ക്രിയേഷന് ആവശ്യമായ സംവിധാനമുണ്ടാക്കിയത്. ഈ ഗവൺമെന്റ് മൂവായിരത്തിലേറെ പോസ്റ്റുകൾ ഒരു വർഷത്തിനുള്ളിൽ ആരോഗ്യ വകുപ്പിൽ ക്രിയേറ്റ് ചെയ്തുവെന്നുള്ളതിൽ എനിക്ക് അഭിമാനമുണ്ട്. 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് മാത്രമായി 650 പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസത്തെ ഡിമാന്റ് ഡിസ്കഷന്റെ മറുപടിയിൽ ഓരോ മേഖലയിലും ക്രിയേറ്റ് ചെയ്ത പോസ്റ്റിന്റെ എണ്ണം ഞാൻ പറഞ്ഞതാണ്. കൂടുതൽ പോസ്റ്റ് ക്രിയേറ്റ് ചെയ്യും. താലൂക്കാശുപത്രികൾക്ക് വേണ്ട പോസ്റ്റ് ക്രിയേഷന്റെ ഫയലുകൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അനുകൂലമായ സമീപനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. ജോർജ് എം. തോമസ്: സർ, ഇപ്പോൾ പനി വ്യാപകമായതുമൂലം മെഡിക്കൽ കോളേജുകളിൽ നിന്നുതിരിയാൻ സ്ഥലമില്ലാത്ത തിരക്ക് അനുഭവപ്പെടുകയാണ്. ഈ പശ്ചാത്തലത്തിൽ ഇതുവരെ ആർദ്രം പദ്ധതിയിലൊന്നും ഉൾപ്പെടുത്താത്ത താലൂക്കാശുപത്രികളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനം വിപുലീകരിക്കാനും മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കുമോ; അതോടൊപ്പം ആരോഗ്യ സർവ്വീസിന് പുറത്ത് ലോകപ്രശസ്തരായ, സൂപ്പർ സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാർ നമ്മുടെ നാട്ടിലുണ്ട്. അത്തരം ആളുകളുടെ സേവനം ആരോഗ്യ രംഗത്ത് ലഭ്യമാക്കാൻ ഓൺ കോൾ സിസ്റ്റം പോലെയുള്ള സിസ്റ്റം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, സി.എച്ച്.സി.-കളെ അവഗണിക്കാൻ നമുക്ക് സാധിക്കില്ല. ആർദ്രം പദ്ധതിയിൽ സെക്കണ്ടറി വിഭാഗത്തിൽ താലൂക്കാശുപത്രികളെ ഉൾപ്പെടുത്തിയതിന്റെകൂടെ സി.എച്ച്.സി.-കളെയും പരിഷ്കരിക്കാനാണ് തീരുമാനിച്ചത്. സി.എച്ച്.സി.-കളുടെ ഇന്നത്തെ നില മെച്ചപ്പെടുത്തണം. ഒരു സ്റ്റാന്റേർഡൈസേഷൻ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. അതുസംബന്ധിച്ച് ഞാൻ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ, വികസന ബ്ലോക്കിൽ സി.എച്ച്.സി., താലൂക്കിൽ താലൂക്കാശുപത്രി, ജില്ലയിൽ ജില്ലാ ആശുപത്രിയും ജനറൽ ആശുപത്രിയുമാണുള്ളത്. ഇവയിൽനിന്ന് ഓരോ ആശുപത്രികളെയായി

തെരഞ്ഞെടുത്ത് മെച്ചപ്പെടുത്താൻ പരിശ്രമിക്കുകയാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനാവശ്യമായ സ്റ്റാഫ് പാറ്റേണും നിശ്ചയിച്ചിട്ടുള്ള സ്പെഷ്യാലിറ്റികളുമുണ്ട്. അത് ഉണ്ടെന്ന് ഉറപ്പുവരുത്തുകയാണ് വരുംവർഷങ്ങളിൽ ഗവൺമെന്റിന്റെ ഉത്തരവാദിത്വം. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നിരവധി ട്രെയിനിംഗും മറ്റും എസ്.എച്ച്.എസ്.ആർ.സി.-യിൽ (സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ) നടന്നുകഴിഞ്ഞു. ഫാക്കൽറ്റി എന്നുള്ള നിലയിൽ നമ്മുടെകൂടെ വർക്ക് ചെയ്യുന്ന, ഇപ്പോൾ സർക്കാർ സർവ്വീസിലുള്ള വിദഗ്ദ്ധരായ ആളുകളോടൊപ്പം സ്വകാര്യ മേഖലയിലുള്ള വിദഗ്ദ്ധരെയും ക്ഷണിച്ചിട്ടുണ്ട്. വിദേശ രാഷ്ട്രങ്ങളിൽ നിന്നുള്ള വിദഗ്ദ്ധർ നമുക്ക് സഹായത്തിന് എത്തിച്ചേർന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് ഡിമാന്റ് ചർച്ചയിൽ ഞാൻ വ്യക്തമായി മറുപടി നൽകിയതാണ്. ലണ്ടനിലെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് പ്രതിഭകൾ നമ്മെ സഹായിക്കാൻ ട്രെയിനിംഗിന്റെ ഭാഗമായി ഇവിടെ എത്തിച്ചേർന്നിട്ടുണ്ട്. ക്വാളിറ്റി അഷ്വറൻസിന്റെ കാര്യത്തിലും വിദേശത്തെ വിദഗ്ദ്ധരടക്കമുള്ളവരുടെ സഹായം ലഭ്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. നമ്മുടെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനുള്ള സഹായങ്ങളെല്ലാം സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. ഡി. കെ. മുരളി : സർ, കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്), ദേശീയ സർട്ടിഫിക്കേഷൻ, കായകൽപ്പ എന്നീ ആരോഗ്യ സ്ഥാപനങ്ങളുടെ സേവന-ഗുണനിലവാരം നിലനിർത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഈ ഗുണനിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കേന്ദ്ര ഗവൺമെന്റ് എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷനും സംസ്ഥാന ഗവൺമെന്റ് കാഷ് അക്രെഡിറ്റേഷനുമാണ് ഏർപ്പാടാക്കിയിട്ടുള്ളത്. നേരത്തെ കേന്ദ്ര സർക്കാർ എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ഏർപ്പാടാക്കാനുള്ള പണം അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ പണം അനുവദിക്കുന്നില്ല. കാഷ് അക്രെഡിറ്റേഷൻ കേരള ഗവൺമെന്റ് ഏർപ്പാടാക്കിയിട്ടുള്ളതാണ്. അതിൽ എന്തൊക്കെയാണ് വേണ്ടതെന്ന് ഈ ഉത്തരത്തിൽ വിശദമായി പറഞ്ഞിട്ടുണ്ട്. ദേശീയ അക്രെഡിറ്റേഷൻ കേന്ദ്ര സർക്കാർ നൽകേണ്ടതും അതൊരു ദീർഘമായ പ്രോസസ്സുമാണ്. അവരുടെ പരിശോധനയ്ക്കും മറ്റ് കാര്യങ്ങൾക്കുമൊക്കെ കൃത്യമായി നമ്മൾ അപേക്ഷിക്കുന്നുണ്ട്. കേരളത്തിലുള്ള അക്രെഡിറ്റേഷൻ പ്രോസസ്സ് വ്യാപകമാക്കാൻ നമ്മൾ വിചാരിച്ചാൽ സാധിക്കും. ആർദ്രം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ആശുപത്രികളും കാഷ് നിലവാരത്തിലേയ്ക്ക് വരണമെന്ന് ആഗ്രഹമുണ്ട്. ഏതായാലും ആർദ്രം

പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളെ മുഴുവൻ കാഷ് നിലവാരത്തിലേയ്ക്ക് കൊണ്ടുവരാൻ ഇപ്പോൾത്തന്നെ പരിശ്രമം ആരംഭിച്ചിട്ടുണ്ട്. ഭാവിയിൽ, കേരളത്തിലെ എല്ലാ ആശുപത്രികളെയും കാഷ് നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, മലയോര മേഖലയിലെ ചികിത്സയുടെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ടാണ് തളിപ്പറമ്പ് താലൂക്കാശുപത്രി ജില്ലാ ആശുപത്രിയാക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നത്. അങ്ങേയ്ക്കറിയാം, ധാരാളം ഏരിയ കേന്ദ്രീകരിച്ചുള്ള ഒരു ആശുപത്രിയാണത്. എന്നാൽ അവിടെ ആവശ്യമായ സൗകര്യങ്ങളില്ല. കഴിഞ്ഞ സർക്കാർ എടുത്ത തീരുമാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ആരോഗ്യ മേഖലയിൽ ഓരോ ആശുപത്രിയെയും അപ്ഗ്രേഡ് ചെയ്ത്, പി.എച്ച്.സി.-യെ ജില്ലാതലത്തിൽ കൊണ്ടുവരിക എന്ന തെറ്റിദ്ധാരണയുണ്ട്. ഇപ്പോൾ പലയിടത്തും ആളുകൾ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയാക്കി മാറ്റുമോയെന്ന് ചോദിക്കുകയാണ്. അതിന്റെ ആവശ്യമില്ല. ഓരോ നിലവാരത്തിലുമുള്ള ആശുപത്രികൾക്ക് നിർദ്ദേശിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ഉറപ്പുവരുത്തിയാൽ വേറെ കുഴപ്പമൊന്നുമുണ്ടാവില്ല. താലൂക്കാശുപത്രികളെ അതിന്റെ നിലവാരത്തിലേയ്ക്ക് കൊണ്ടുവരാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ആ സ്പെഷ്യലൈസേഷൻ മുഴുവൻ അവിടെ ലഭിച്ചാൽ ഏറ്റവും നല്ല സ്പെഷ്യാലിറ്റി ആശുപത്രിയായി അത് മാറും. ജില്ലയിൽ ഒരു ജില്ലാ ആശുപത്രി മതി. ആയതിനാൽ തളിപ്പറമ്പ് താലൂക്കാശുപത്രിയെ ഒരു താലൂക്കാശുപത്രിക്ക് നിർദ്ദേശിച്ചിട്ടുള്ള എല്ലാ സ്പെഷ്യാലിറ്റിയോടുംകൂടിയുള്ള ഒരു ആശുപത്രിയായി അപ്ഗ്രേഡ് ചെയ്ത് അതിന്റെ നിലവാരം മെച്ചപ്പെടുത്താനാണ് സർക്കാർ ആലോചിക്കുന്നത്. തളിപ്പറമ്പ് താലൂക്കാശുപത്രി ജില്ലാ ആശുപത്രിയാക്കി മാറ്റേണ്ട യാതൊരു ആവശ്യവുമില്ല. ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞതനുസരിച്ച് തളിപ്പറമ്പ് താലൂക്കാശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്താൻ ഈ ഗവൺമെന്റ് വന്നതിനുശേഷം കാരുണ്യ ഫാർമസി അനുവദിച്ചു. അത് മെച്ചപ്പെടുത്തുന്നതിനായി അതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഏറ്റവും നല്ലൊരു സ്പെഷ്യാലിറ്റി ആശുപത്രിയായി തളിപ്പറമ്പ് താലൂക്കാശുപത്രി മാറും.

ശ്രീ. റ്റി. വി. രാജേഷ് : സർ, നമ്മുടെ സംസ്ഥാനത്ത് ക്യാൻസർ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ക്യാൻസർ പ്രതിരോധത്തിൽ ഊന്നിക്കൊണ്ട് ഈ സർക്കാർ ഏർളി ഡിറ്റെക്ഷൻ സെന്റർ വ്യാപകമായി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത്തരമൊരു ക്ലിനിക് അടുത്ത ദിവസം ബഹുമാനപ്പെട്ട മന്ത്രി എന്റെ മണ്ഡലത്തിൽ ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. കണ്ണൂർ ജില്ലാ

പഞ്ചായത്ത് ഇക്കാര്യത്തിൽ മാതൃകാപരമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളിലും ഏർളി ഡിറ്റെക്ഷൻ സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ക്യാൻസർ നമ്മളെയെല്ലാം ഉത്ക്കണ്ഠപ്പെടുത്തുന്ന ഒന്നായി കേരളത്തിൽ മാറിയിരിക്കുന്നതിനാൽ ശ്രദ്ധേയമായ പരിശ്രമം അക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. ഏർളി ഡിറ്റെക്ഷൻ സെന്റർ മാത്രമല്ല, ക്യാൻസറിനെ പ്രതിരോധിക്കാനുള്ള നല്ല ഇടപെടലുകൾ ഈ സർക്കാർ നടത്തുകയാണ്. ആർ.സി.സി.-യെ മെച്ചപ്പെടുത്താനുള്ള നടപടിയെക്കുറിച്ച് നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചതാണ്. മലബാർ ക്യാൻസർ സെന്ററിനെ വിപുലമാക്കുന്നു. അതോടൊപ്പം കൊച്ചിയിൽ ഒരു ക്യാൻസർ സെന്റർ ആരംഭിക്കാൻ പോകുന്നു. എല്ലാ മെഡിക്കൽ കോളേജുകളിലും ക്യാൻസർ സെന്റർ ആരംഭിക്കുന്നു. അതോടൊപ്പം സാധാരണ ആശുപത്രികളിൽ ഏർളി ഡിറ്റെക്ഷനുള്ള സൗകര്യവും ഏർപ്പെടുത്തണം. കണ്ണൂരിൽ വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിക്ക് ഇപ്പോൾ തുടക്കംകുറിക്കാൻ പോകുകയാണ്. ആയുർദീപ്തം എന്ന പേരിൽ ക്യാൻസർ രോഗികളെ നേരത്തെതന്നെ കണ്ടെത്തി ചികിത്സ നൽകി പെട്ടെന്നുതന്നെ ഭേദമാക്കാൻ സാധിക്കുന്ന അതിവിപുലമായൊരു ക്യാമ്പെയിനിനാണ് തുടക്കംകുറിക്കുന്നത്. ആയുർദീപ്തത്തിന്റെ ഭാഗമായാണ് ക്യാൻസർ ക്ലിനിക്കുകൾ കണ്ണൂർ ജില്ലയിൽ ആരംഭിക്കുന്നത്. പൈലറ്റ് പ്രോജക്ട് എന്നുള്ള നിലയിലാണ് ആ സെന്റർ അവിടെ ആരംഭിക്കുന്നത്. തുടർന്ന് കേരളത്തിലുടനീളം ആയുർദീപ്തം പ്രോജക്ട് വ്യാപിപ്പിക്കുകയും ക്യാൻസർ ആദ്യംതന്നെ കണ്ടെത്തുകയും ചെയ്യും. ഉദാഹരണമായി, ബ്രസ്റ്റ് ക്യാൻസറൊക്കെ പെട്ടെന്ന് കണ്ടുപിടിച്ചാൽ ചികിത്സിച്ച് ഭേദപ്പെടുത്താൻ സാധിക്കും. ആയതിനാൽ ഏർളി ഡിറ്റെക്ഷനിലൂടെ കണ്ടെത്തി ഉപരിചികിത്സ ആവശ്യമാണെങ്കിൽ അത്തരം ആശുപത്രികളിൽ റഫർ ചെയ്ത്, നമ്മുടെ നാട്ടിൽ ക്യാൻസറിന്റെ ഭയം ഒഴിവാക്കുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്. ആയുർദീപ്തം പദ്ധതിയുടെ ഉദ്ഘാടനം കണ്ണൂരിൽ നടത്താൻ ഉദ്ദേശിക്കുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്.

ശ്രീ. സി. മമ്മൂട്ടി : സർ, ചികിത്സാ രംഗത്ത് സ്വകാര്യ മേഖലയിൽ ചൂഷണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഹൃദ്രോഗം, വൃക്കരോഗം, ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങൾക്ക് ജില്ലാ ആശുപത്രിയിൽ ചികിത്സ ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. പാവപ്പെട്ട രോഗികൾക്ക് പ്രത്യേകിച്ച് തീരദേശ മേഖലയിലുള്ളവർക്ക് നല്ല ചികിത്സ ലഭിക്കുന്നില്ല. നാഷണൽ അക്രെഡിറ്റേഷന്റെ ക്വാളിറ്റി ഉറപ്പുവരുത്തിക്കൊണ്ട് പ്രാഥമികമായി കിട്ടേണ്ട സൗകര്യങ്ങൾ, സ്റ്റാഫ് സ്ട്രെങ്ത് ഉൾപ്പെടെ വിപുലീകരിച്ചുകൊണ്ട് ജില്ലാ ആശുപത്രിയെ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി സെക്കൻഡറി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ ജില്ലാ ആശുപത്രികളെ ഏറ്റവും നല്ല സ്പെഷ്യാലിറ്റിയായി മാറ്റാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായിട്ടാണ് ഹൃദയസംബന്ധമായ ചികിത്സയും ഓപ്പറേഷനുമുൾപ്പെടെ ജില്ലാ ആശുപത്രിയിൽ നടപ്പാക്കണമെന്ന് തീരുമാനിക്കുകയും 8 ജില്ലാ ആശുപത്രികൾക്ക് കാത്ത് ലാബ് അനുവദിക്കുകയും ചെയ്തിട്ടുള്ളത്. അത് ടെണ്ടർ ചെയ്തു, ഇൻസ്റ്റാൾ ചെയ്യാനുള്ള ഘട്ടത്തിൽ എത്തിയിരിക്കുകയാണ്. ആൻജിയോപ്ലാസ്റ്റിയൊക്കെ അവിടെ നടത്താൻ സാധിക്കും. കാർഡിയോളജിസ്റ്റിനെയും കാർഡിയോ തൊറാസിക് സർജനെയും കണ്ടെത്തണം. അതിനുള്ള പരിശ്രമം ഈ ഗവൺമെന്റ് നടത്തുകയാണ്. ജില്ലാ ആശുപത്രികളോട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രിയും എറണാകുളം ജനറൽ ആശുപത്രിയും മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. രണ്ട് ആശുപത്രികൾക്കും കിഫ്ബിയിൽ 76 കോടി രൂപ വീതം അനുവദിച്ചിട്ടുമുണ്ട്. 14 ജില്ലാശുപത്രികളുടെയും മാസ്റ്റർ പ്ലാൻ ലഭിക്കുന്നമുറയ്ക്ക് പണം അനുവദിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ക്യാൻസറിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. എല്ലാ ജില്ലാ ആശുപത്രികളിലും പാലിയേറ്റീവ്-കീമോ യൂണിറ്റുകൾ തുടങ്ങാൻ ആലോചിക്കുന്നുണ്ട്. ജില്ലാ ആശുപത്രികൾ പാലിയേറ്റീവ് ചികിത്സ നടത്തിയാൽ ആർ.സി.സി.-യിലും എം.സി.സി.-യിലുമുണ്ടാകുന്ന തിരക്ക് ഒഴിവാക്കാൻ സാധിക്കും. ജില്ലാ ആശുപത്രികൾക്ക് നിർദ്ദിഷ്ട സ്പെഷ്യാലിറ്റികളുണ്ട്. അത് മുഴുവൻ ആ രീതിയിൽത്തന്നെ നടപ്പിലാക്കാനാണ് ആഗ്രഹിക്കുന്നത്. അതിനും പോസ്റ്റ് ക്രിയേഷൻ ആവശ്യമാണ്. ജില്ലാ ആശുപത്രിയെ ആർദ്രം പദ്ധതിയിലൂടെ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പോസ്റ്റ് ക്രിയേഷന്റെ ഫയൽ പ്രത്യേകിച്ച് മൂവ് ചെയ്തിട്ടുണ്ട്. അത് ധനകാര്യ വകുപ്പിലുണ്ട്. അത് അംഗീകരിച്ചു കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ഏതായാലും രണ്ടുമൂന്ന് വർഷംകൊണ്ട് കേരളത്തിലെ ജില്ലാ ആശുപത്രികളുടെ ഇന്നത്തെ മുഖച്ഛായ മാറി ഏറ്റവും നല്ല സ്പെഷ്യാലിറ്റി സെന്ററുകളായിത്തീരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, വടകര മേഖലയിൽ വ്യാപകമായി വൃക്ക സംബന്ധമായ അസുഖം പിടിപെട്ട് ഡയാലിസിസിന് വിധേയരാകുന്ന രോഗികളുടെ എണ്ണം കൂടിവരികയാണ്. വടകര ജില്ലാ ആശുപത്രിയും മറ്റ് പാലിയേറ്റീവ് സന്നദ്ധ സംഘടനകളും ചേർന്ന് വിവിധ മേഖലകളിൽ സൗജന്യ ഡയാലിസിസ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കുറ്റ്യാടി ഗവൺമെന്റ് ആശുപത്രിയിൽ നാദാപുരം, കുറ്റ്യാടി എം.എൽ.എ.-മാർ ചേർന്നുകൊണ്ട് കഴിഞ്ഞ രണ്ടുവർഷമായി ഇത്തരത്തിലുള്ള പ്രവർത്തനം നടത്തിവരികയാണ്. ഒരു കോടി 32 ലക്ഷം രൂപ നേരത്തെ ശേഖരിച്ചു. ഈ മാസം 21-ന് ഒരു കൺവെൻഷൻ

വിളിച്ചുചേർത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയേയും അതിലേയ്ക്ക് സന്തോഷപൂർവ്വം ക്ഷണിച്ചിട്ടുണ്ട്. 2 കോടി രൂപയാണ് സമാഹരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത മേഖലയിൽ വൃക്ക സംബന്ധമായ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നാദാപുരം ഗവൺമെന്റ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ അനുമതി നൽകുമോ; നാദാപുരം മേഖലയിൽ ഇത്രയേറെ രോഗികൾ ഉണ്ടാകാനുള്ള കാരണമെന്താണെന്ന് പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, സംസ്ഥാനത്ത് വളരെ ഗൗരവതരമായി പരിശോധന നടത്തേണ്ട ഒട്ടേറെ രംഗങ്ങളുണ്ട്. പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം സർക്കാർ അത്തരത്തിലുള്ള പരിശോധനകൾകൂടി നടത്തുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. എന്തുകൊണ്ടാണ് ഇത്രയേറെ ഡയാലിസിസ് ആവശ്യമായിവരുന്നതെന്നുള്ള പരിശോധന ഗവൺമെന്റ് നടത്തുന്നുണ്ട്. ഡയാലിസിസിന്റെ ആവശ്യകത കൂടിവരുന്നത് കണക്കിലെടുത്ത് താലൂക്കാശുപത്രികളിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. ആർദ്രം മിഷന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ 44 താലൂക്കാശുപത്രികൾക്ക് ഡയാലിസിസ് യൂണിറ്റ് അനുവദിച്ചു. അതിനാവശ്യമായ പണം കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ചുകിട്ടിയിട്ടുണ്ട്. കെ.എം.എസ്.സി.എൽ. മുഖേനയാണ് നടപ്പാക്കുന്നത്. ഡയാലിസിസ് യൂണിറ്റുകൾ വാങ്ങി ഇൻസ്റ്റാൾ ചെയ്യാനുള്ള പ്രവൃത്തിയുടെ ടെണ്ടർ കഴിഞ്ഞു. 44 ആശുപത്രികളിൽ ആദ്യഘട്ടത്തിൽ ഡയാലിസിസ് യൂണിറ്റുകൾ ഗവൺമെന്റ് നൽകുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്യും. എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് ആവശ്യമായിട്ടുണ്ട്. ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി എന്ന നിലയിൽ മാത്രമേ ഗവൺമെന്റിന് അനുവദിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സന്നദ്ധ സംഘടനകളുടെയും ബഹുജനങ്ങളുടെയും സഹായത്തോടുകൂടി താലൂക്കുതലത്തിലുള്ള എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് എല്ലാ പിന്തുണയും നൽകും. നാദാപുരത്ത് നടത്തുന്ന ഈ പരിശ്രമത്തിന് ഗവൺമെന്റിന്റെ എല്ലാ പിന്തുണയുമുണ്ടാകുമെന്ന് അറിയിക്കുകയാണ്.

ശ്രീ. കെ. മുരളീധരൻ : സർ, തിരുവനന്തപുരം നഗരത്തിൽ ഡെങ്കിപ്പനി വ്യാപകമായിരിക്കുകയാണ്. തിരുവനന്തപുരത്തെ പ്രധാനപ്പെട്ട ആശുപത്രിയായ ജനറൽ ആശുപത്രിയെക്കുറിച്ച് രണ്ടുമൂന്ന് ദിവസമായി പത്രങ്ങളിൽ വാർത്ത വരുന്നുണ്ട്. അവിടെ ഇരുപത്തഞ്ചോളം ഡോക്ടർമാർക്ക് ഡെങ്കിപ്പനി പിടിപെട്ടു എന്നാണ് പറയുന്നത്. മറ്റ് രോഗികളെയും ഡെങ്കിപ്പനി പിടിപെട്ട രോഗികളെയും ഒരുമിച്ച് പാർപ്പിച്ചതിന്റെ ഫലമായി ഡെങ്കിപ്പനി പകരുന്നു എന്ന വാർത്തയുണ്ട്. ഞാൻ ഒന്നുരണ്ടുതവണ ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിരുന്നു. സർക്കാർ ആശുപത്രികളിൽ, പ്രത്യേകിച്ച് ജനറൽ ആശുപത്രിയിൽ ഡെങ്കിപ്പനി നിയന്ത്രിക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, വളരെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഇത്തവണ ശുചീകരണ പ്രവർത്തനങ്ങളെല്ലാം നേരത്തെ ആരംഭിച്ചു. ഡെങ്കിപ്പനി പടർത്തുന്ന aedes aegypti കൊതുകുകളെ ഒഴിവാക്കാനുള്ള പരിശ്രമം നടത്തിയിട്ടുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കളക്ടർമാരെ വിളിച്ചുചേർത്ത് വീഡിയോ കോൺഫറൻസുണ്ടായിരുന്നു. ഞങ്ങളെല്ലാം അതിൽ പങ്കെടുത്തു. എല്ലായിടത്തും ആരോഗ്യ പ്രവർത്തകരും തദ്ദേശഭരണ സ്ഥാപനങ്ങളുമൊക്കെ നടത്തിയ പ്രവർത്തനങ്ങൾ അവർ വിശദീകരിച്ചു. മിക്ക സ്ഥലങ്ങളിലും നന്നായി പ്രവർത്തനം നടന്നിട്ടുണ്ട്. ഇത്രയേറെ പ്രവർത്തനങ്ങൾ നടത്തിയിട്ടും ചില സ്ഥലങ്ങളിൽ ഡെങ്കിപ്പനി പ്രത്യക്ഷപ്പെടുന്നു എന്നത് പരിശോധിക്കപ്പെടേണ്ട വിഷയമാണ്. അതിൽ ജനറൽ ഹോസ്പിറ്റലിലെ വിഷയവുമുണ്ട്. ഡെങ്കിപ്പനിക്ക് പ്രതിരോധ മരുന്ന് കണ്ടുപിടിച്ചിട്ടില്ല. അതുകൊണ്ട് പനി വന്നാൽ വിശ്രമിക്കുക, കൂടുതൽ ആളുകൾക്ക് പകരാതിരിക്കാനായി രോഗി കിടക്കുന്ന സ്ഥലത്ത് നെറ്റ് ഉപയോഗിക്കുക എന്നിവയാണ് ചെയ്യാൻ കഴിയുന്നത്. ജനറൽ ഹോസ്പിറ്റലിൽ അവിടെയുള്ള സ്റ്റാഫുകൾക്കുൾപ്പെടെ ഡെങ്കിപ്പനി പിടിപെട്ടു എന്ന വിഷയമുണ്ട്. അക്കാര്യത്തിൽ ഞങ്ങൾ ഉടൻതന്നെ ഇടപെട്ടിട്ടുണ്ട്. അവിടെ വരുന്ന രോഗികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട് എന്നത് വസ്തുതയാണ്. തിരുവനന്തപുരം കോർപ്പറേഷനിലാണ് ഡെങ്കിപ്പനി പിടിപെട്ട ഏറ്റവും കൂടുതൽ രോഗികളുള്ളത്. 3100-ലധികം ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 2100-ഉം തിരുവനന്തപുരം ജില്ലയിലാണ്. അതിൽത്തന്നെ കൂടുതൽ രോഗികളും കോർപ്പറേഷൻ പരിധിയിൽപ്പെട്ടവരാണ്. അതുകൊണ്ട് കോർപ്പറേഷനിൽ ഡെങ്കിപ്പനി പ്രതിരോധിക്കാൻ പ്രത്യേക മീറ്റിംഗ് വിളിച്ചുചേർത്തു. ഇന്നലെ ഡെങ്കി ഡേ-യുടെ ഭാഗമായി ഞാനും ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറും ഉൾപ്പെടെയുള്ളവർ ഡ്രൈ ഡേ ആചരിച്ചുകൊണ്ട് പ്രത്യേക ബോധവൽക്കരണവും മറ്റും നടത്തിയിട്ടുണ്ട്. ആശുപത്രിയിൽ വരുന്ന രോഗികൾക്ക് കഴിയാവുന്നത്ര നെറ്റ് വാങ്ങിക്കൊടുത്തു. രോഗികളുടെ എണ്ണം വർദ്ധിച്ചപ്പോൾ നെറ്റ് തികയാതെ വന്നു. അങ്ങനെയാണ് മറ്റ് രോഗികളെയും ഡെങ്കിപ്പനി ബാധിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഈ വിഷയം നിരവധി തവണ എന്നോട് സൂചിപ്പിച്ചിട്ടുള്ളതാണ്. ഞാൻ അപ്പോഴെല്ലാം ആശുപത്രി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം ഗൗരവത്തിലെടുത്ത് അവിടെ പനി വ്യാപിക്കാതിരിക്കാൻ ഇടപെടാം.

<u>ശ്രീ. പി. ടി. എ. റഹീം</u> : സർ, ക്യാൻസർ ചികിത്സയ്ക്കാവശ്യമായ സംവിധാനമൊരുക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി മാവൂർ തെങ്ങിലക്കടവിൽ ഒരു ട്രസ്റ്റ് സൗജന്യമായി സർക്കാരിന് വിട്ടുനൽകിയ 8 ഏക്കർ സ്ഥലവും ബഹുനില കെട്ടിടവും സർക്കാർ ഏറ്റെടുത്തിട്ട് ആറുവർഷമായി. ഇതുവരെ അവിടെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുകയോ അതിനാവശ്യമായ സംവിധാനങ്ങളൊരുക്കുകയോ

ചെയ്തിട്ടില്ല. ഒരു വ്യക്തി സൗജന്യമായി സ്ഥലവും കെട്ടിടവും വിട്ടുനൽകിയിട്ട് അത് ഉപയോഗപ്പെടുത്താതിരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കേരളത്തിന്റെ ആരോഗ്യ മേഖലയിൽ അനന്തമായ ഇത്തരം സാധ്യതകളുണ്ട്. ഈ വിഷയം ബഹുമാനപ്പെട്ട മെമ്പർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. എന്നാൽ ഒരു വർഷംകൊണ്ട് ഇക്കാര്യങ്ങളെല്ലാം ഒരുമിച്ച് ഏറ്റെടുത്ത് ആവശ്യമായ പോസ്റ്റ് ക്രിയേഷൻ നടത്തുക എന്നത് അസാധ്യമാണ്. ഒരു വ്യക്തി 6 ഏക്കറിലേറെ സ്ഥലം സംഭാവന ചെയ്തുവെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അവിടെ എന്താണ് ചെയ്യാൻ സാധിക്കുക എന്ന് ഞങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എന്തായാലും ആ സ്ഥലം നഷ്ടപ്പെടുത്താതെ ഉപയോഗപ്പെടുത്താൻ ഉചിതമായ തീരുമാനമെടുക്കുന്നതാണ്. ഇതിനിടയിൽ വന്ന ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട പോസ്റ്റ് ക്രിയേഷന്റെ കാര്യങ്ങളൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. എല്ലാംകൂടി ഒരുമിച്ച് സാധിക്കാത്ത സ്ഥിതിവന്നു. സൗജന്യമായി ലഭിച്ച സ്ഥലം നഷ്ടപ്പെടുത്താതെ ഉചിതമായ ഒരു സംരംഭം ആരംഭിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, കേരളത്തിലെ KUHS (Kerala University of Health Sciences), MCI (Medical Council of India) അടക്കമുള്ള കേന്ദ്രങ്ങൾ നടത്തുന്ന പരീക്ഷകൾ പാസ്സായാണ് മെഡിക്കൽ വിദ്യാർത്ഥികൾ പുറത്തിറങ്ങുന്നതും പ്രാക്ടീസ് നടത്തുന്നതും. അത്തരം പരീക്ഷ പാസ്സായ കുട്ടികൾ പുതിയ ടെസ്റ്റ് പാസ്സായാൽ മാത്രമേ പുറത്ത് പ്രാക്ടീസ് ചെയ്യാൻ പാടുള്ളൂവെന്ന കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശം കേരളം അംഗീകരിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നിർദ്ദേശം കേരളത്തിലെ ഐ.എം.എ. അടക്കമുള്ള സംഘടനകളുമായി ചർച്ച ചെയ്തതാണോ; അത് ന്യായീകരിക്കാൻ സാധിക്കുമോ? നമ്മൾ നടത്തുന്ന പരീക്ഷയുടെ ഗുണനിലവാരം നമ്മൾതന്നെ മോശമെന്ന് പറയുന്ന അവസ്ഥ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യം അംഗീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് മറുപടി കൊടുത്തിട്ടില്ല. എക്സിറ്റ് പരീക്ഷ നടത്തണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുകയാണുണ്ടായത്. കേന്ദ്ര ഗവൺമെന്റ് ഇടയ്ക്കിടെ ചില നിർദ്ദേശങ്ങൾ നൽകാറുണ്ട്. അതിന്റെ ഫലമായാണ് നീറ്റ് പരീക്ഷ നിലവിൽ വന്നത്. ഇത്തരം പദ്ധതികൾ വരുമ്പോൾ അതിന്റെ ഗുണവും ദോഷവുമെല്ലാമുണ്ടാകും. ഈ വിഷയത്തിലും സംസ്ഥാന ഗവണ്മെന്റിന് ബുദ്ധിമുട്ടുണ്ട്. ഒരുതവണ പരീക്ഷ പാസ്സായി പുറത്തിറങ്ങുന്ന കുട്ടിക്ക് എൻട്രൻസ് പോലുള്ള രണ്ടാമത്തെ പരീക്ഷ പ്രയാസമുണ്ടാക്കുന്നതാണെന്ന് കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് പിൻവലിക്കുമോയെന്നറിയില്ല. ഐ.എം.എ.-യും കേന്ദ്ര

ഗവൺമെന്റിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ചില സംഘടനകൾ കേന്ദ്ര മന്ത്രിയുമായി ഇക്കാര്യം സംസാരിച്ചിട്ടുമുണ്ട്. ഈ വിഷയത്തിലുള്ള ബുദ്ധിമുട്ട് കേന്ദ്ര മന്ത്രിയുമായി സംസാരിച്ചപ്പോൾ ആലോചിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിലപാട് തിരുത്തുമോയെന്നറിയില്ല.

ശ്രീമതി ഗീതാ ഗോപി : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ 3.75 കോടിയോളം ജനങ്ങളുടെ ആരോഗ്യപരമായിട്ടുള്ള പ്രശ്നത്തിൽ ശക്തമായ നിലപാട് സ്വീകരിച്ചു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയെ അറിയിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 3000 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തുവെന്ന് പറഞ്ഞു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ മുഴുവൻ ജനപ്രതിനിധികളെയും സാമൂഹ്യരംഗത്തുള്ള പ്രതിനിധികളെയും ആരോഗ്യരംഗത്തുള്ള ഉന്നത സർക്കാർ ഉദ്യോഗസ്ഥരെയും നേതൃത്വത്തിൽ എടുത്തുകൊണ്ട് ഇത്തരം തീരുമാനങ്ങളും നിലാപടുകളും ശക്തമായി മുന്നോട്ട് കൊണ്ടുപോയാൽ, ബഹുമാനപ്പെട്ട മന്ത്രിക്ക് വരുന്ന നാലുവർഷത്തിനുള്ളിൽ കേരളത്തിലെ ആരോഗ്യരംഗം ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്ക് ബഹുമാനപ്പെട്ട മെമ്പർ ശക്തമായ പിന്തുണ നൽകുകയാണ് ചെയ്തത്. ഈ പ്രവർത്തനങ്ങളെല്ലാം ജനകീയമായി മുന്നോട്ട് കൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്. ഞാൻ നേരത്തെ സഭയിൽ സൂചിപ്പിച്ചതുപോലെ, ആർദ്രം മിഷൻ ലോഞ്ചിംഗിന്റെ സമയത്ത് ജനങ്ങളെയാകെ സംഘടിപ്പിച്ച് ആശുപത്രി മെച്ചപ്പെടുത്താനുള്ള പരിശ്രമം നടത്തണം. ചില സ്ഥലങ്ങളിൽ ജനപ്രതിനിധികൾ വളരെ ശ്രദ്ധയോടെ ഇടപെട്ടിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കും ധാരാളം ആളുകൾ സഹായിക്കാൻ മുന്നോട്ടുവരുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കേരളത്തിലെ മുഴുവൻ ജനപ്രതിനിധികളും താല്പര്യമുള്ള മുഴുവൻ ജനങ്ങളും ഇടപെട്ട് പ്രവർത്തിച്ചാൽ നമ്മുടെ സ്വപ്നം പൂവണിയുകയും കേരളത്തിന്റെ ആരോഗ്യമേഖല ജനകീയമാക്കുന്നതിനും രോഗീ സൗഹൃദമാക്കുന്നതിനും ചികിത്സാച്ചെലവ് കുറയ്ക്കുന്നതിനുമുള്ള നല്ല പിന്തുണ ലഭ്യമാകുകയും ചെയ്യും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആരോഗ്യ വകുപ്പും ഗവൺമെന്റും അതിന് ശക്തമായ നേതൃത്വം കൊടുക്കുന്നതാണ്.

**കൊല്ലം-കോവളം, കോട്ടപ്പുറം-നീലേശ്വരം ജലപാതകളുടെ വികസനം**

4 (*454) ശ്രീ. ആർ. രാജേഷ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലപാതകളെ വാണിജ്യാടിസ്ഥാനത്തിൽ യാത്രയ്ക്കും ചരക്കുനീക്കത്തിനുമായി ഉപയോഗിക്കാൻ എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ദേശീയ ജലപാത 2012-13 വർഷം പൂർത്തിയാകുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും അത് യാഥാർത്ഥ്യമാകാതെ പോയതിന്റെ കാരണങ്ങൾ അറിയിക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഇതോടനുബന്ധിച്ചുള്ള കൊല്ലം-കോവളം, കോട്ടപ്പുറം-നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളുടെ വികസനത്തിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) സംസ്ഥാന ഉൾനാടൻ ജലപാതയിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത-3, കൊല്ലം മുതൽ കോവളം വരെയും, കോഴിക്കോട് മുതൽ നീലേശ്വരം വരെയുമുള്ള സംസ്ഥാന ജലപാതകൾ, ഇവയിലേയ്ക്കുള്ള ഫീഡർ കനാലുകൾ എന്നിവ ഉൾപ്പെടുന്നു. ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിധിയിലുള്ള ദേശീയ ജലപാത-3-ന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള (കൊടുങ്ങല്ലൂർ) 168 കി.മീ. ഭാഗം യാത്രയ്ക്കും ചരക്കുനീക്കത്തിനും അനുയോജ്യമായ രീതിയിൽ വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ജലപാതയുടെ വിവിധ ഭാഗങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങളും കനാൽ നിർമ്മാണവും നടന്നുവരുന്നു. മാഹി മുതൽ വളപട്ടണം വരെ വിവിധ ജലാശയങ്ങളെ ബന്ധപ്പെടുത്തി മൂന്ന് ഭാഗങ്ങളിൽ കനാൽ പുതുതായി നിർമ്മിക്കേണ്ടതായുണ്ട്. കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാത പൂർണ്ണതോതിൽ വാണിജ്യാടിസ്ഥാനത്തിൽ യാത്രയ്ക്കും ചരക്കുനീക്കത്തിനുമായി ഉപയോഗിക്കുന്നതിലേയ്ക്ക് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും വർക്കല തുരങ്കങ്ങൾ, കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ഇ. കെ. കനാൽ തുടങ്ങിയ ഭാഗങ്ങൾ വികസിപ്പിക്കേണ്ടതായിട്ടുമുണ്ട്. ഇതുസംബന്ധിച്ച് സാങ്കേതിക വിദഗ്ദ്ധരുമായി ചർച്ച നടത്തി പ്രസ്തുത പ്രവൃത്തികൾക്കുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ ജലപാതകളിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയജലപാത-3-ന്റെ മേൽനോട്ടം കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് നിർവ്വഹിക്കുന്നത്.

(സി) കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. കോട്ടപ്പുറം-നീലേശ്വരം പാതയിൽ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ. ദൂരം National Waterways Act, 2016 പ്രകാരം ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്. സംസ്ഥാന ജലപാതകളുടെ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശ്രീ. ആർ. രാജേഷ് : സർ, ജലപാതകൾ വലിയ സാദ്ധ്യതകളുള്ളതാണ്. ഇരുചക്ര വാഹനങ്ങൾ മുതൽ ചരക്കുവാഹനങ്ങൾ വരെ ദേശീയ പാതയിൽക്കൂടി പോകുന്നതാണ് റോഡുകളിൽ അപകടങ്ങൾ ഉണ്ടാകുന്നതിന് പ്രധാന കാരണം. അവിടെയാണ് ജലപാതയിലെ ഗതാഗത സൗകര്യങ്ങളുടെ ആധുനികവത്ക്കരണം ഉണ്ടാകേണ്ടത്. വേഗതയേറിയ സംവിധാനം വന്നതിന്റെ ഭാഗമായാണ് ജലപാതകൾ പാർശ്വവത്ക്കരിക്കപ്പെട്ടത്. വേഗതയേറിയ ജലഗതാഗതം സാദ്ധ്യമാക്കുന്നതിനും വേഗത്തിൽ ചരക്കുനീക്കുന്നതിനും ആവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, ജലഗതാഗത സൗകര്യം വർദ്ധിപ്പിക്കണമെന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. അതിന് ജലപാത പൂർണ്ണമായി ക്രമത്തിലാകേണ്ടതുണ്ട്. ചെറിയ തടസ്സങ്ങളാണ് ഇക്കാര്യത്തിൽ ഇപ്പോഴുള്ളത്. ആ തടസ്സങ്ങൾ നീക്കി നല്ല രീതിയിൽ ജലപാത സുഗമമാക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. എത്രയുംവേഗം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ആർ. രാജേഷ് : സർ, കൊല്ലം മുതൽ കോട്ടപ്പുറം വരെയാണ് ദേശീയ ജലപാത. കോവളം മുതൽ നീലേശ്വരം വരെയുള്ള വലിയ സാദ്ധ്യതയും നമുക്കുണ്ട്. അത്തരം ജലപാതയിൽ ധാരാളം സ്ഥലങ്ങളിൽ പുതിയതായി പാലങ്ങൾ നിർമ്മിക്കേണ്ടതായി വന്നിട്ടുണ്ട്. പാലങ്ങൾ നിർമ്മിക്കുമ്പോൾ അതിന്റെ ത്തൂണുകൾ പണിയുന്നത് മണ്ണിട്ടാണ്. മണ്ണിട്ട് പാലംപണി പൂർത്തിയാകുമ്പോൾ മണ്ണ് തിരിച്ചെടുക്കാനാകുന്നില്ല. ഇത് പല സ്ഥലത്തും ഉൾനാടൻ മത്സ്യസമ്പത്തിനെയും ജലഗതാഗതത്തെയും വലിയ നിലയിൽ ബാധിക്കുന്നുണ്ട്. ജലഗതാഗതം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന് ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി, നിലവിൽ പണിതിട്ടുള്ള പാലങ്ങളുടെ ഭാഗത്ത് നീക്കം ചെയ്യപ്പെടാത്ത മണ്ണ് നീക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, ഇതിനൊരു ക്രമീകരണം ഉണ്ടായാൽ സാധിക്കുന്നതാണ്. മുൻകൂട്ടി ആസൂത്രണം ചെയ്യണമെന്നേയുള്ളൂ. നമ്മുടെ നാട്ടിൽ മണ്ണിന്റെ ആവശ്യം നല്ലതുപോലെയുണ്ട്. എന്നാൽ ഇത്തരം ജലപാതകളുമായി ബന്ധപ്പെട്ട് എടുക്കുന്ന മണ്ണ് അവിടെതന്നെ ഒഴുകിപ്പോകുന്നു എന്നതാണ്. ദൂരെ സ്ഥലത്തേയ്ക്ക് മണ്ണ് മാറ്റുന്നതിനും എവിടേയ്ക്ക് മാറ്റണമെന്നുള്ളത് മുൻകൂട്ടി പ്ലാൻ ചെയ്യുന്നതിനും കഴിയണം. അത്തരത്തിലുള്ള ഒരു ക്രമീകരണം ഇക്കാര്യത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ദേശീയ ജലപാതയും സംസ്ഥാന ജലപാതയും പൂർണ്ണമായും വിനിയോഗിക്കപ്പെടാത്തതിന് പ്രധാന തടസ്സം, ജലപാത എത്തിച്ചേരുന്ന വിവിധ സ്ഥലങ്ങളിൽ ഗട്ടുകളിലേയ്ക്കും മറ്റും ആവശ്യത്തിന് റോഡ് ഗതാഗതസൗകര്യമോ, റെയിൽ കണക്റ്റിവിറ്റിയോ ഇല്ലെന്നുള്ളതാണ്. ഇതുകൂടി പരിഹരിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, റോഡിലെ തിരക്ക് ഒഴിവാക്കുന്നതിനുംകൂടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ജലപാത. ജലപാതയിലേയ്ക്ക് റോഡിന്റെ ആവശ്യം എല്ലാ കേന്ദ്രങ്ങളിലും വരുന്നില്ല. ചില പ്രധാന കേന്ദ്രങ്ങളിൽ മാത്രമേ അതിന്റെ ആവശ്യം വരുന്നുള്ളൂ. എന്നാൽ നല്ല രീതിയിൽ ജലപാത വികസിക്കുമ്പോൾ രണ്ട് സൈഡും വലിയ തോതിൽ വികസനസാദ്ധ്യതയുള്ള പ്രദേശമായി മാറും. അതിലൂടെ ഇവിടെ സൂചിപ്പിച്ച പ്രശ്നവും പരിഹരിക്കപ്പെടുമെന്നാണ് കരുതുന്നത്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ജലപാത എന്ന ആശയം വളരെ പ്രധാനപ്പെട്ടതാണ്. ചരക്കുനീക്കത്തിന് മാത്രമല്ല യാത്രയ്ക്കും ഉപയോഗിക്കാൻ കഴിയുമെന്നാണ് പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത്. കോട്ടപ്പുറം-നീലേശ്വരം പാത അമ്പതോ അറുപതോ കിലോമീറ്റർ നീളം കൂട്ടിയാൽ മംഗലാപുരം പോർട്ടുമായി ബന്ധിപ്പിക്കാൻ കഴിയുന്നതാണ്. മംഗലാപുരം പോർട്ടുമായി ബന്ധിപ്പിച്ചാൽ സംസ്ഥാനത്തിന് വലിയ നേട്ടം ഉണ്ടാക്കാൻ കഴിയുന്ന ഒരു പ്രധാന പാതയായി മാറും. മംഗലാപുരത്തേയ്ക്ക് നീട്ടുന്നത് അന്തർ സംസ്ഥാന പ്രശ്നമാണെങ്കിൽ മഞ്ചേശ്വരം പോർട്ടിലേയ്ക്കുകൂടി ബന്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മഞ്ചേശ്വരം ഹാർബറിന്റെ പണി ഏകദേശം പൂർത്തീകരിക്കാൻ പോകുകയാണ്. നീലേശ്വരത്തെയും മഞ്ചേശ്വരത്തെയുംകൂടി ബന്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ : സർ, നീലേശ്വരത്തിനപ്പുറം ഏതുവരെ ജലപാത നീട്ടാൻ സാധിക്കുമെന്നത് ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. ചില പ്രധാന തടസ്സങ്ങൾ ആ രംഗത്ത് നിലനിൽക്കുന്നുണ്ട്. ഇപ്പോൾ അതുമായി ബന്ധപ്പെട്ട് ഒരു ഉറപ്പ് നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. സാധ്യമായ കാര്യങ്ങളൊക്കെ ചെയ്യുമെന്ന് മാത്രമേ അക്കാര്യത്തിൽ പറയാനുള്ളൂ.

ശ്രീ. വി. ജോയി : സർ, കൊല്ലം-കോവളം ജലപാതയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചതായി അങ്ങ് സൂചിപ്പിച്ചു. ഇതിന് പ്രധാന തടസ്സം വർക്കലയിലെ തുരങ്കങ്ങളാണ്. അതിന്റെ ഇപ്പോഴത്തെ പരമാവധി വീതി 1.10 മീറ്ററാണ്. ഇത് വർദ്ധിപ്പിച്ചാൽ മാത്രമേ പ്രവർത്തനം സാദ്ധ്യമാകുകയുള്ളൂ. അതിന് ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റിന് സാധിക്കുകയില്ല. തുരങ്കം വലുതാക്കുന്നതിനുള്ള ചുമതല മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കുമോ; അത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ : സർ, ജലപാത പൂർണ്ണതോതിലാകുന്നതിനും യാഥാർത്ഥ്യമാകുന്നതിനും ഒരു പ്രത്യേക നീക്കം വേണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ അതിന്റെ പ്രാരംഭ ചർച്ചയിലാണ്. എസ്.പി.വി. രൂപീകരിക്കുന്നതിന്റെ ഭാഗമായി വേഗത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കാനാകും. സർക്കാരും സിയാലും ചേർന്ന് ഒരു സംവിധാനം ഒരുക്കാനുള്ള നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ പ്രാരംഭഘട്ട ചർച്ചയിലാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ജലപാതയിൽ പ്രധാനപ്പെട്ട ഒരു ഭാഗമാണ് കോഴിക്കോട് മേഖലയിലെ കനോലി കനാൽ. ദേശീയ ജലപാതയുടെ എത്രാമത്തെ ഘട്ടമായാണ് കോഴിക്കോട് ജില്ലയിലെ കനോലി കനാൽ ഭാഗം വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക; അതിന് പദ്ധതികളായെങ്കിൽ തുടർനടപടികൾ എങ്ങനെയാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, നിലവിലുള്ള കനാലുകൾ ശരിയായ രീതിയിൽ വാഹനങ്ങൾ കടന്നുപോകാൻ കഴിയുന്ന നിലയിലേയ്ക്ക് ഉയർത്തുക എന്നതാണ് ആദ്യഘട്ടത്തിൽ നല്ലത്. അതിന് ഭൂമി ഏറ്റെടുക്കേണ്ടിവരും. പുതിയ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ധാരാളം സമയമെടുക്കും. ഒന്നാംഘട്ടം ഗതാഗത യോഗ്യമാക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. രണ്ടാംഘട്ടത്തിൽ ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൂടി നടത്തും. ബഹുമാന്യനായ അംഗം ഉദ്ദേശിച്ചത് ഭൂമി ഏറ്റെടുക്കൽ ആണെന്ന് തോന്നുന്നു. അത് രണ്ടാംഘട്ടത്തിൽ ചെയ്യുന്നതായിരിക്കും നല്ലത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, ജലപാതയുടെ വികസനം ഏറ്റവും അത്യന്താപേക്ഷിതമാണ്. ജലപാതയിലേയ്ക്ക് ചരക്കുകൾ എത്തിക്കാനും എത്തിയ സ്ഥലത്തുനിന്ന് അവ കേന്ദ്രത്തിലേയ്ക്ക് കൊണ്ടുപോകാനും വലിയ ബുദ്ധിമുട്ടുകൾ ഉണ്ടെന്നാണ് വ്യാപാരികൾ പറയുന്നത്. ഇത് പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. പിണറായി വിജയൻ : സർ, ജലപാത യാഥാർത്ഥ്യമാകുകയും അതിലൂടെയുള്ള ഗതാഗതം പ്രാവർത്തികമാകുകയും ചെയ്യുമ്പോൾ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും. ചില കേന്ദ്രങ്ങൾ അതിനുണ്ടാകും. അവിടെവച്ച് കയറ്റിറക്ക് നടപടികൾ സുഗമമായി നടക്കുകയും ചെയ്യും.

**വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനായി പദ്ധതികൾ**

5 (*455) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വയോജനങ്ങൾക്ക് നേരെയുള്ള ശാരീരിക അക്രമങ്ങളും ലൈംഗിക അതിക്രമങ്ങളും ഏറിവരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികൾ വയോജന സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർവക വൃദ്ധസദനങ്ങളിൽ താമസിക്കുന്നവരുടെ ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്നതിൽ നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കുമോ; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) ഉണ്ട്. വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്നതും ബന്ധുക്കളുടെയോ അയൽ വാസികളുടെയോ സാമീപ്യമില്ലാതെ കഴിയുന്നതുമായ വൃദ്ധ സ്ത്രീകളാണ് കൂടുതലായി പീഡിപ്പിക്കപ്പെടുന്നത്. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ടവരാണ് പ്രധാനമായും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത്.

(ബി) സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും മുൻനിർത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ് സ്വീകരിച്ച് 300-ഓളം സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകിവരുന്നു. ഒരു അന്തേവാസിക്കുവേണ്ടി പ്രതിമാസം 2,000 രൂപ ഭക്ഷണത്തിനും 1,000 രൂപ മരുന്നിനും 200 രൂപ കോസ്മെറ്റിക്സിനും പ്രതിവർഷം 2,000 രൂപ വസ്ത്രത്തിനും 1,500 രൂപ റിക്രിയേഷൻ/ടൂർ എന്നിവയ്ക്കും ഹെയർ കട്ടിംഗിന് 600 രൂപയും കണ്ടിജൻസീസിന് 10,000 രൂപയും നല്കിവരുന്നു.

കൂടാതെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വയോജനങ്ങൾക്കായി വയോമിത്രം പദ്ധതിയിലൂടെ സൗജന്യ വൈദ്യസഹായവും മരുന്നും അവരുടെ സൗകര്യാർത്ഥം എത്തിക്കുന്നതിനായി മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

പല്ലുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരോ കേടുപാടുകൾ വന്ന പല്ലുകൾ മാറ്റി വയ്ക്കേണ്ട അവസ്ഥയിലുള്ളവരോ ആയ ബി.പി.എൽ. വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ വയ്ക്കുന്നതിന് 'മന്ദഹാസം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ 'വയോ അമൃതം' എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

60 വയസ്സ് കഴിഞ്ഞവർക്ക് വരുമാനപരിധിയുടെ അടിസ്ഥാനത്തിൽ വാർദ്ധക്യകാല പെൻഷൻ നൽകിവരുന്നു. 60 വയസ്സ് കഴിഞ്ഞവർക്ക് 1,000/- രൂപയും 75 വയസ്സ് കഴിഞ്ഞവർക്ക് 1,500/- രൂപയുമാണ് നിലവിൽ പെൻഷനായി നൽകിവരുന്നത്. 2017-ലെ ബജറ്റിൽ വാർദ്ധക്യകാല പെൻഷൻ 1,100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ രണ്ട് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മ്യൂസിക് തെറാപ്പി നൽകിവരുന്നു. വയോജനങ്ങൾക്കുള്ള സംയോജിത സംരക്ഷണ പദ്ധതിയിലൂടെ വയോജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റ് ലഭിക്കുന്നുണ്ട്. വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ 'സായംപ്രഭ' എന്ന പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് സംസ്ഥാനത്ത് കേന്ദ്ര നിയമം നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കുംവിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ പോലീസ് സ്റ്റേഷനുകളിലും അതത് പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയിൽ ഒറ്റയ്ക്ക് താമസിക്കുന്ന പ്രായമായവരുടെ പേരുവിവരങ്ങൾ അടങ്ങിയ പ്രത്യേക രജിസ്റ്ററുകൾ 2010 മുതൽ സൂക്ഷിക്കുന്നുണ്ട്. ഇതുകൂടാതെ ജനമൈത്രി ബീറ്റുകൾ നടത്തുന്ന ഉദ്യോഗസ്ഥർ മുഖാന്തരം സ്റ്റേഷൻ അതിർത്തിയിൽ തനിച്ച് താമസിക്കുന്ന സ്ത്രീകളുടെയും പ്രായമായവരുടെയും ക്ഷേമം അന്വേഷിക്കുകയും അവർക്ക് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യുന്നു.

ആരോഗ്യ വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്ക് ആശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കിവരുന്നു. രോഗനിർണ്ണയം, മരുന്നുവിതരണം, കൗൺസിലിംഗ്, പകൽവീട് എന്നീ സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

വയോജനങ്ങൾക്ക് ആരോഗ്യ-സാമ്പത്തിക-സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, പൂവച്ചൽ, വെമ്പായം ഗ്രാമപഞ്ചായത്തുകളിലും പാലക്കാട് ജില്ലയിലെ മുണ്ടൂർ, പുതുശ്ശേരി, പെരുവമ്പ്, കരിമ്പ ഗ്രാമപഞ്ചായത്തുകളിലും സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് മുഖേന നടപ്പിലാക്കി വരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്കാശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ജനറൽ ആശുപത്രികൾ മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെ വയോജന സൗഹൃദമാക്കുന്നതിന് ജെറിയാട്രിക് ക്ലിനിക്കുകളും ക്യാമ്പുകളും നടത്തിവരുന്നു. കൃത്രിമ ശ്രവണ സഹായി, കൃത്രിമ ദന്തങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പക്ഷാഘാതമുള്ളവരുടെ പുനരധിവാസത്തിനായി സ്ട്രോക്ക് റീഹാബിലിറ്റേഷൻ സെന്ററുകൾ എല്ലാ ജില്ലാ ആശുപത്രികളിലും സജ്ജീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് ദി എൽഡർലി (NPHCE) പ്രകാരം ഇടുക്കി, കോഴിക്കോട്, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ജെറിയാട്രിക് കെയർ വാർഡ്, ജെറിയാട്രിക് ഒ.പി., ഫിസിയോതെറാപ്പി യൂണിറ്റ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനായി ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, ഫിസിയോ തെറാപ്പിസ്റ്റുകൾ, കെയർ കോ-ഓർഡിനേറ്റർമാർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതി മറ്റു ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാർവക വൃദ്ധസദനങ്ങളിൽ താമസിക്കുന്നവർക്ക് നിലവിൽ ക്ഷേമപെൻഷൻ ലഭിക്കുന്നുണ്ട്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, ബഹുമാനപ്പെട്ട മന്ത്രി നിയമസഭാ സമിതിയുടെ ചെയർപേഴ്സണായിരുന്ന കാലഘട്ടത്തിലാണ് സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, വികലാംഗർ എന്നീ വിഭാഗത്തിൽപ്പെടുന്നവരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പത്തോളം ജില്ലകളിൽ തെളിവെടുപ്പ് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വൃദ്ധരുടെ ക്ഷേമവുമായി ബന്ധപ്പെട്ട ശിപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കുറേയേറെ കാര്യങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവ നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഒരു യോഗം വിളിക്കുന്നതിനെക്കുറിച്ചും പഞ്ചായത്ത്, പോലീസ് സ്റ്റേഷൻ, സാമൂഹ്യനീതി വകുപ്പ് എന്നിവരുടെ സഹായത്തോടുകൂടി ഡാറ്റാബാങ്ക് തയ്യാറാക്കി പകൽ വീടുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ ഒരു പ്രധാന കാര്യമാണ് പറഞ്ഞത്. നേരത്തേയുള്ള അനുഭവങ്ങളെല്ലാം മനസ്സിൽ വച്ചുകൊണ്ടുതന്നെയാണ് ഇത്തവണ പ്രായമായ സഹോദരങ്ങളുടെ ക്ഷേമത്തിനായി 'സായംപ്രഭ' എന്ന പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. അതിന്റെ ഭാഗമായി നിലവിലുള്ള വൃദ്ധസദനങ്ങളെ മെച്ചപ്പെടുത്തുകയും അതോടൊപ്പം പുതിയ 70 പകൽവീടുകൾകൂടി ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിനാവശ്യമായ തുക നീക്കിവച്ചിട്ടുണ്ട്. 'സായംപ്രഭ'-യ്ക്ക് പ്രാഥമികമായി 5 കോടി രൂപയാണ് നീക്കിവച്ചത്. മെച്ചപ്പെട്ട പ്രോജക്ട് തയ്യാറാക്കി വരികയാണ്. അപ്പോൾ കൂടുതൽ തുക അനുവദിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സദനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക മാത്രമല്ല വിവിധങ്ങളായ പ്രവർത്തനങ്ങളാണ് 'സായംപ്രഭ'-യുടെ ഭാഗമായി ഉദ്ദേശിക്കുന്നത്. ഭക്ഷണം, ആരോഗ്യപരിപാലനത്തിനാവശ്യമായ കാര്യങ്ങൾ, വ്യായാമം, തലമുറകളുമായി കൂടിച്ചേരാനുള്ള സൗകര്യം, ആക്രമണങ്ങൾ ഒഴിവാക്കൽ എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ആക്രമണങ്ങൾ ഒഴിവാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ഒരു സമിതിയെ നിശ്ചയിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടുകൂടി കിട്ടിയാൽ കൂടുതൽ കാര്യങ്ങൾ ആ മേഖലയിൽ ചെയ്യാൻ സാധിക്കും. സ്ത്രീകൾ ഒറ്റപ്പെട്ട് താമസിക്കുന്ന സ്ഥലങ്ങളിൽ ജനമൈത്രി പോലീസ് സന്ദർശിച്ച് അവരുടെ വിവരങ്ങൾ അന്വേഷിക്കുന്നുണ്ട്. പോലീസിന്റെ ഭാഗത്തുനിന്നും നല്ല നീക്കമാണുള്ളത്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, നിയമസഭാ കമ്മിറ്റി ശിപാർശയുടെ ഭാഗമായി പറഞ്ഞിട്ടുള്ളതാണ് പോഷകാഹാരക്കുറവ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇടപെടും എന്നുള്ളത്. അന്നത്തെ നിയമസഭാ കമ്മിറ്റിയുടെ ശിപാർശയുടെ ഭാഗമായി വൃദ്ധസദനങ്ങളിൽ അരി കൊടുക്കുന്ന നടപടി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവർക്ക് അത് ലഭിക്കുന്നില്ല. ഭക്ഷ്യ വകുപ്പുമന്ത്രിയാണ് അക്കാര്യത്തിൽ മറുപടി പറയേണ്ടത്. വൃദ്ധസദനങ്ങളിൽ അരി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് ചോദ്യം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, റേഷൻ സംവിധാനം മാറിയപ്പോൾ ചെറിയ പ്രയാസമുണ്ടായിരുന്നു എന്ന് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ഭക്ഷ്യ വകുപ്പുമന്ത്രി നടത്തിയ ഫലപ്രദമായ ഇടപെടലിന്റെ ഭാഗമായി ഇപ്പോൾ അരി സ്റ്റോക്കുണ്ട്. അത് ഇത്തരത്തിലുള്ള സദനങ്ങളിലേയ്ക്ക് നൽകാൻ ആലോചിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ഭക്ഷ്യ വകുപ്പുമന്ത്രി അതുസംബന്ധിച്ച് മറുപടി പറയും.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ, 1700-ൽപ്പരം വെൽഫെയർ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. മുമ്പ് അവർക്കെല്ലാവർക്കും അരി കൊടുത്തിരുന്നതാണ്. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയപ്പോൾ അരി വിഹിതം കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അത് നിർത്തിവച്ചിരുന്നു. ഇപ്പോൾ അരി കുറച്ച് മിച്ചമുണ്ട്, അത് അത്തരം സ്ഥാപനങ്ങൾക്ക് കൊടുക്കാൻ തീരുമാനം എടുത്തിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങ് ഗവൺമെന്റിന്റെ പ്രഖ്യാപിതമായ കാര്യങ്ങൾ വിശദീകരിച്ച് പറഞ്ഞിട്ടുണ്ട്. കേരളത്തിലെ പല ജില്ലകളും നെഗറ്റീവ് വളർച്ചയിലേയ്ക്ക് വന്നിട്ടുണ്ട്. ഏതെല്ലാം പ്രദേശങ്ങളിലാണ് ഒറ്റപ്പെട്ട് പ്രായമായവർ താമസിക്കേണ്ടിവരുന്നത്, ഏതെല്ലാം പ്രദേശത്താണ് മറ്റു സൗകര്യങ്ങൾ കൂടുതലായിട്ടുള്ളത് തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; അത്തരം പ്രദേശങ്ങളെ ശ്രദ്ധിച്ച് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സാമൂഹ്യ വളർച്ചയുടെയും പുതിയ സാമൂഹ്യ വ്യവസ്ഥിതിയുടേയും ഭാഗമായുള്ള മാറ്റങ്ങളാണ് എല്ലായിടത്തും കാണുന്നത്. കൂട്ടുകുടുംബങ്ങൾ ഇല്ലാതായി അണുകുടുംബങ്ങൾ വന്നു. അതിന്റെ ഭാഗമായി വീട്ടിൽ ആളുകൾ ഇല്ലാത്ത അവസ്ഥയുണ്ട്. പ്രായമായവർ വീടുകളിൽ ഒറ്റപ്പെട്ട് ജീവിക്കുകയാണ്. സാമ്പത്തികശേഷിയുള്ളവരെന്നോ ഇല്ലാത്തവരെന്നോ വ്യത്യാസമില്ലാതെ പ്രായമായവർ കുടുംബങ്ങളിൽ ഒറ്റപ്പെടുകയാണ്. ചിലപ്പോൾ സ്ത്രീകളും പുരുഷന്മാരും വേർപിരിഞ്ഞ് നിൽക്കുന്ന അവസ്ഥയും ഉണ്ടാകുന്നു, മക്കളോടൊപ്പം താമസിക്കേണ്ടിവരുന്നു. ആരെങ്കിലും ഒരാൾ കുടുംബത്തിൽ ഒറ്റപ്പെടുന്നു. ഇത് വളരെ വ്യാപകമായിട്ടുണ്ട്. ഒറ്റപ്പെട്ട് ജീവിക്കുന്നവരുടെ കണക്കുകൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കയ്യിലുണ്ട്. കേരളത്തിന്റെ പ്രതീക്ഷിത ആയുസ്സ് വർദ്ധിച്ചതുകൊണ്ട് പ്രായമായ തലമുറ ജനസംഖ്യയുടെ 13 ശതമാനത്തിൽ കൂടുതലാണ്. അവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അതുകൊണ്ടാണ് സാമൂഹ്യനീതി വകുപ്പ് 'വളരുന്ന കേരളം-വളർത്തിയവർക്ക് ആദരം' എന്നൊരു ക്യാമ്പെയിൻ ആരംഭിച്ചത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇതെല്ലാം കണ്ടുപിടിച്ച് അത്തരം പ്രദേശത്താണ് പകൽവീടുകൾ തുടങ്ങുന്നത്. അവർക്ക് പോഷകാഹാരം കൃത്യമായി കൊടുക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. ആധുനികമായ ചില സൗകര്യങ്ങൾ ഇത്തരം കേന്ദ്രങ്ങളിൽ ഉൾപ്പെടുത്താനും ആലോചിക്കുന്നുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, വേണ്ടത്ര പരിഗണന ലഭിക്കാതെ പോകുന്ന ഒരു വിഭാഗമായി വൃദ്ധജനങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ അവർക്കുവേണ്ട അഭയകേന്ദ്രങ്ങളുടെ ആവശ്യകതയും വർദ്ധിക്കുന്നു. കേരളത്തിൽ നിലവിലുള്ള വൃദ്ധസദനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമായിട്ടാണോ നടക്കുന്നത്; അവരുടെ ഭക്ഷണം, ആരോഗ്യ സംരക്ഷണം തുടങ്ങിയ കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇതുസംബന്ധിച്ച് ഞാൻ പറഞ്ഞു കഴിഞ്ഞു. കേരളത്തിലെ വൃദ്ധസദനങ്ങളെ ഭൗതികമായി മെച്ചപ്പെടുത്തുന്നതോടൊപ്പം അതിന്റെ ഭരണക്രമങ്ങളും മെച്ചപ്പെടുത്തേണ്ടതുണ്ട്. വൃദ്ധസദനങ്ങളുടെ ചുമതലയുള്ള സൂപ്രണ്ടുമാരെ വിളിച്ചുചേർത്ത് അവിടെ വേണ്ട പരിഗണന കൊടുക്കണമെന്നും എന്തെങ്കിലും വീഴ്ചവന്നാൽ കർശന നടപടി ഉണ്ടാകുമെന്നും പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച കമ്മിറ്റി ഇതുസംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ റിപ്പോർട്ട് വളരെ പെട്ടെന്നുതന്നെ ലഭ്യമാകും. അതുകൂടി ലഭ്യമാകുമ്പോൾ വീഴ്ച എന്താണെന്ന് നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ആഹാരത്തിന്റെയും ചികിത്സയുടേയുമെല്ലാം കാര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യം ഒരു ജില്ലയിൽ ഒരു വൃദ്ധസദനം ഏറ്റവും ആധുനികവും സൗകര്യമുള്ളതുമാക്കി മാറ്റാൻ ആവശ്യമായ നടപടികളാണ് സ്വീകരിക്കുന്നത്. അതിനുള്ള പണം നീക്കിവച്ചിട്ടുണ്ട്, പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുകൾ കേന്ദ്രീകരിച്ച് വയോജന ക്ലബ്ബുകൾ നിർബന്ധമായി രൂപീകരിച്ച് അവിടെ ഭക്ഷണം, പെൻഷൻ, ചികിത്സ തുടങ്ങി മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നത് പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇത് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യേണ്ടതാണ്. ചില പഞ്ചായത്തുകൾ ഇപ്പോൾത്തന്നെ ഇത്തരം കാര്യങ്ങൾ നടത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ സാമൂഹ്യനീതി വകുപ്പുകൂടി ഇടപെട്ട് നടത്താനുള്ള ആലോചന നടക്കുന്നുണ്ട്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹനമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മണൽത്തീരശോഷണം സംബന്ധിച്ച് പഠനം

6 (*T 456) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരക്കടലിലെ തിരയിളക്കമെന്ന പ്രതിഭാസത്തെ പ്രതിരോധിച്ചിരുന്ന മണൽത്തിട്ടകളുടെ ശോഷണംമൂലം തീരദേശവാസികൾ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) മണൽത്തീരശോഷണത്തിനും തിരയിളക്ക സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും പുലിമുട്ടുകൾക്കുള്ള പങ്കിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ, ഇക്കാര്യത്തിൽ അടിയന്തര പഠനം നടത്തുകയും ആവശ്യമെങ്കിൽ, പുലിമുട്ടിന് ബദൽ സംവിധാനമുണ്ടാക്കുന്ന കാര്യം പരിശോധിക്കുകയും ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി & സി) ഇല്ല. എന്നാൽ കേരളത്തിന്റെ കടൽത്തീര സംരക്ഷണത്തിനായി ഫലപ്രദമായ മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിനായി 13-10-2016-ൽ സർക്കാർ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും അതിൽ Geo Textile Tube, Beach formation etc., ശരിയായ രീതിയിൽ രൂപകൽപ്പന ചെയ്ത കടൽ ഭിത്തികളുടെയും പുലിമുട്ടുകളുടെയും നിർമ്മാണം, തീരപ്രദേശത്ത് കണ്ടൽവനങ്ങൾ വച്ചുപിടിപ്പിക്കുക മുതലായ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ഓരോന്നിന്റെയും ഗുണദോഷങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ തീരത്തിനും അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ തീരക്കടലിലെ തിരയിളക്കമെന്ന പ്രതിഭാസത്തെ പ്രതിരോധിക്കുന്ന മണൽത്തിട്ടകളുടെ ശോഷണം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും. ഓരോ തീരത്തിനും തിരയിളക്കത്തിന്റെയും മണൽത്തിട്ടകളുടെ ശോഷണത്തിന്റെയും അളവ് വ്യത്യസ്ഥമാണ്. ആയതിനാൽ ഇത് സംബന്ധിച്ച വിശദമായ ഒരു ശാസ്ത്രീയ പഠനം നടത്തേണ്ടതുണ്ട്. പുലിമുട്ടിന് ബദൽ സംവിധാനം സാധ്യമാണോയെന്ന കാര്യം ജലസേചന വകുപ്പ് പരിശോധിച്ചുവരുന്നു.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പാചകവാതകത്തിന്റെ അളവിലും വിലയിലും തട്ടിപ്പ്

7 (*457) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചകവാതകത്തിന്റെ അളവിൽ (തൂക്കത്തിൽ) തട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തട്ടിപ്പ് നടത്തുന്ന ഓയിൽ കമ്പനികൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പാചകവാതക സിലിണ്ടറുകൾക്ക് എം.ആർ.പി.-യേക്കാൾ അധികവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) വിതരണ ഏജൻസിയുടെ സംഭരണശാലയിൽനിന്ന് എത്ര കിലോമീറ്റർ വരെ ചുറ്റളവിൽ ഉള്ള വീടുകൾക്കാണ് എം. ആർ. പി. നിരക്കിൽ പാചകവാതക സിലിണ്ടർ നൽകുന്നതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യം കണക്കാക്കാതെ വിതരണ ഏജൻസികൾ ജനങ്ങളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) ഉണ്ട്. ബോട്ട്ലിംഗ് പ്ലാന്റിൽനിന്ന് ലഭ്യമാകുന്ന പാചകവാതക സിലിണ്ടറുകൾ വിതരണ ഏജൻസികൾ പരിശോധന നടത്തി കൃത്യമായ അളവ് ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. എങ്കിലും അളവിൽ വ്യത്യാസമുണ്ടാകുന്ന ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. എറണാകുളത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഇൻഡെയ്ൻ (എൽ.പി.ജി.) ബോട്ട്ലിംഗ് പ്ലാന്റിൽ ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്തി ടി ഓയിൽ കമ്പനിക്കെതിരെ കേസ്സെടുക്കുകയും 7.5 ലക്ഷം രൂപ (ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രാജി ഫീസ് ചുമത്തിയിട്ടുമുണ്ട്. കൂടാതെ 2016-17 സാമ്പത്തിക വർഷം അഞ്ച് കേസ്സുകൾ കണ്ടെത്തുകയും 89,000/- (എൺപത്തിയൊൻപതിനായിരം രൂപ മാത്രം) രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. എങ്കിലും പാചകവാതകത്തിന് ചില്ലറ വിൽപ്പന വിലയേക്കാൾ കൂടുതലായി ഈടാക്കുന്നുവെന്ന് ഏതെങ്കിലും ഉപഭോക്താക്കൾ പരാതിപ്പെട്ടാൽ ഉടനടിതന്നെ നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിതരണ ഏജൻസിയിൽനിന്നും അഞ്ച് കിലോമീറ്റർ ചുറ്റളവിലുള്ള വീടുകൾക്കാണ് എം.എർ.പി. നിരക്കിൽ പാചകവാതക സിലിണ്ടർ നൽകുന്നത്. ഗ്യാസ് സിലിണ്ടർ വീട്ടിൽ എത്തിച്ചുനൽകുന്നതിനുള്ള ഡെലിവറി ചാർജ്ജ് നിശ്ചയിക്കുന്നത് ഓരോ ജില്ലയുടെയും ഭൂപ്രകൃതിയനുസരിച്ച് അതത് ജില്ലാ കളക്ടർമാരാണ്. അതത് ഗ്യാസ് ഏജൻസിയുടെ ഗ്യാസ് സിലിണ്ടറുകൾ സ്റ്റോക്ക് ചെയ്യുന്ന ഗോഡൗൺ മുതൽ ഉപഭോക്താവിന്റെ വീട് വരെയുള്ള ദൂരം അടിസ്ഥാനമാക്കിയാണ് ഡെലിവറി ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ചില ഏജൻസികൾ ഡെലിവറി ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ ജില്ലയിലും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഡെലിവറി ചാർജ്ജ് പ്രസിദ്ധപ്പെടുത്തണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനായി ഗ്യാസ് സിലിണ്ടറുകളുടെ ഡെലവറി ചാർജ്ജ് ഡെലിവറി ക്യാഷ് മെമ്മോയിൽ രേഖപ്പെടുത്തുന്നുണ്ട്. ഡെലിവറി ചാർജ്ജ് സംബന്ധിച്ച പരാതികൾ ഉപഭോക്താക്കൾക്ക് ജില്ലാ കളക്ടറുടെ പരാതി പരിഹാര അദാലത്തുകളിൽ ഉന്നയിക്കാവുന്നതും പരിഹാരം തേടാവുന്നതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ ഓയിൽ മാർക്കറ്റിംഗ് കമ്പനികൾ ഗ്യാസ് ഏജൻസിക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## അവശ്യസാധനങ്ങൾ ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് സംഭരിക്കുന്നതിനുള്ള നടപടി

8 (*458) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി ഔട്ട്ലെറ്റുകൾ വഴി വില്പന നടത്തുന്ന അവശ്യസാധനങ്ങളുടെ സംഭരണത്തിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സാധനങ്ങളാണ് ടെണ്ടർ ഒഴിവാക്കി, ഔട്ട്ലെറ്റ് മാനേജർ/ ഡിപ്പോ മാനേജർ എന്നിവർ നേരിട്ട് വാങ്ങുന്നതെന്നറിയിക്കുമോ;

(സി) അമിത വിലക്കയറ്റം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ടെണ്ടർ ഒഴിവാക്കി സാധനങ്ങൾ ഉല്പാദന കേന്ദ്രങ്ങളിൽനിന്ന് കോർപ്പറേഷൻ നേരിട്ട് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സപ്ലൈകോ മാവേലി ഔട്ട്ലെറ്റുകൾവഴി വിൽപ്പന നടത്തുന്ന അവശ്യസാധനങ്ങൾ ഇ-ടെണ്ടർ മുഖേനയാണ് സംഭരിക്കുന്നത്. സംസ്ഥാനത്തൊട്ടാകെ 56 ഡിപ്പോകളിലേയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ടെണ്ടർ നടക്കുന്നതിന് 10 ദിവസം മുമ്പായി സപ്ലൈകോയുടെ വെബ്സൈറ്റിൽ ടെണ്ടർ പ്രസിദ്ധീകരിക്കുകയും പ്രമുഖ ദേശീയ പത്രങ്ങളിൽ ടെണ്ടർ ക്ഷണിച്ച വിവരം പരസ്യപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ മാസവും അവശ്യസാധനങ്ങൾക്കായി ഡിപ്പോകളിൽനിന്ന് ഇൻഡന്റുകൾ സ്വീകരിച്ച് ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് ഇ-ടെണ്ടറിനായി സപ്ലൈകോ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സപ്ലൈയർമാർ ടെണ്ടറിൽ പങ്കെടുക്കുകയുമാണ് ചെയ്യുന്നത്. സപ്ലൈയർമാർ ഉൽപ്പന്നങ്ങളുടെ നിരക്കും അവർ നൽകാൻ ഉദ്ദേശിക്കുന്ന ഉൽപ്പന്നങ്ങളുടെ അളവും ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ടെണ്ടർ തുറന്നതിനുശേഷം സപ്ലൈയർമാർ രേഖപ്പെടുത്തിയ നിരക്ക്, കേരളത്തിലെ വിവിധ മൊത്ത വിപണി വിലകൾ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്, ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി, പത്രങ്ങൾ തുടങ്ങി വിവിധ കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ച വിപണി വിലകളുമായി താരതമ്യം ചെയ്യുന്നു. വിതരണക്കാർ രേഖപ്പെടുത്തിയ വിലകൾ തമ്മിൽ വലിയ അന്തരം ഉണ്ടാകുന്ന സാഹചര്യത്തിലും വിതരണക്കാർ ഓഫർ ചെയ്ത ഉൽപ്പന്നങ്ങളുടെ അളവ് പര്യാപ്തമല്ലാതെ വന്നാലും നെഗോസിയേഷൻ നടത്താറുണ്ട്. പരമാവധി രണ്ട് തവണയാണ് നെഗോസിയേഷന് അവസരം നൽകാറുള്ളത്. ഒന്നാമത്തെ നെഗോസിയേഷനിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ വിതരണക്കാർക്ക് മാത്രമാണ് അവസരം നൽകുന്നത്. പ്രസ്തുത നെഗോസിയേഷനിൽ രേഖപ്പെടുത്തുന്ന വില തൃപ്തികരമല്ലെങ്കിൽ ടി ഇനത്തിൽ ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള എല്ലാ വിതരണക്കാരുമായും നെഗോസിയേഷൻ നടത്തി ഓൺലൈനായി ലിസ്റ്റ് കോസ്റ്റ് സൊല്യൂഷൻ തയ്യാറാക്കുകയും ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സപ്ലൈയർമാർക്ക് അവശ്യസാധനങ്ങൾ ഡിപ്പോകളിൽ വിതരണം ചെയ്യുന്നതിനായി പർച്ചേസ് ഓർഡർ നൽകുകയും ചെയ്യുന്നു. പഞ്ചസാരയ്ക്ക് ഒരേസമയം ഇ-ടെണ്ടറിനുപുറമെ എൻ.സി.ഡി.ഇ.എക്സ്. (നാഷണൽ കമ്മോഡിറ്റി ആന്റ് ഡെറിവേറ്റീവ് എക്സ്ചേഞ്ച് ലിമിറ്റഡ്) മുഖേന ഇ-ഓക്ഷൻ നടത്തി നിരക്ക് ലഭ്യമാക്കുകയും ഇ-ടെണ്ടർ & ഇ-ഓക്ഷനിൽക്കൂടി ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്ക് വിതരണത്തിന് കരാറിൽ ഏർപ്പെടുകയും ചെയ്യുന്നു.

(ബി) ടെണ്ടർ ഒഴിവാക്കി ഔട്ട്ലെറ്റ് മാനേജർ/ഡിപ്പോ മാനേജർ എന്നിവർ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നത്.

(സി) ടെണ്ടർ നടപടികൾ ഒഴിവാക്കിക്കൊണ്ട് സാധനങ്ങൾ വാങ്ങുന്നതിന് നിലവിലെ സാഹചര്യം അനുവദിക്കുന്നില്ല. നിലവിലുള്ള വ്യവസ്ഥ പ്രകാരം

5 ലക്ഷം രൂപയ്ക്കു മുകളിലുള്ള എല്ലാ പർച്ചേസുകളും ഇ-ടെണ്ടർ മുഖേനയാണ് നടത്തേണ്ടത്. എന്നാലും അമിത വിലക്കയറ്റം തടയുന്നതിന് കുറഞ്ഞ വിലയിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നുള്ളവരെക്കൂടി ഇ-ടെണ്ടർ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**വിഷാദരോഗ ക്ലിനിക്കുകൾ**

9 (*459) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വിഷാദരോഗ ക്ലിനിക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആ തീരുമാനത്തിനിടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കുമോ;

(സി) വിഷാദരോഗ ചികിത്സയ്ക്ക് യോഗ്യരായവരുടെ സേവനം ഇപ്പോൾ എല്ലാ ആശുപത്രികളിലും ലഭ്യമാണോ; ഇല്ലെങ്കിൽ യോഗ്യരായ ജീവനക്കാരെ നിയമിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി നിലവിൽവന്ന 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വിഷാദരോഗ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സമൂഹത്തിൽ 5 ശതമാനം മുതൽ 10 ശതമാനം വരെ ആളുകൾക്ക് വിഷാദരോഗമുണ്ടെന്ന് വിവിധ പഠനങ്ങൾ തെളിയിക്കുന്നു. വിഷാദരോഗം മദ്യപാനം, തൊഴിൽ നഷ്ടപ്പെടൽ, കുടുംബപ്രശ്നങ്ങൾ, ആത്മഹത്യ എന്നിവയിലേയ്ക്ക് നയിക്കാം. ഇവരെ പ്രാഥമികാരോഗ്യതലത്തിൽതന്നെ കണ്ടെത്തുകയും ചികിത്സ നൽകുകയും ചെയ്യേണ്ടതിന്റെ ആവശ്യകത മുൻനിർത്തിയാണ് ടി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുള്ളത്.

(സി) ദേശീയ മാനസികാരോഗ്യ പരിപാടി (NMHP)-യുടെ ലക്ഷ്യങ്ങളിലൊന്നാണ് മാനസികാരോഗ്യ സേവനങ്ങൾ പ്രാഥമികാരോഗ്യതലത്തിൽ ലഭ്യമാക്കുകയെന്നുള്ളത്. അതിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ, നഴ്സുമാർ, ഹെൽത്ത് വർക്കർമാർ എന്നിവർക്ക് മാനസികാരോഗ്യ പരിശീലനം നൽകുകയെന്നതും ദേശീയ മാനസികാരോഗ്യപരിപാടിയുടെ പ്രധാന ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായി 170 കുടുംബാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാർ, നഴ്സുമാർ,

ഹെൽത്ത് വർക്കർമാർ എന്നിവർക്ക് വിഷാദരോഗത്തെ സ്ക്രീൻ ചെയ്യുന്നതിനും ചികിത്സിക്കാനുമുള്ള പരിശീലനം നൽകുകയും വിഷാദരോഗ ചികിത്സാപദ്ധതിയായ 'ആശ്വാസം' ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**ആശ്വാസകിരണം പദ്ധതി**

10 (*460) ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. ആന്റണി ജോൺ :

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക-ശാരീരിക ഭിന്നശേഷിക്കാരുടെ ദുരിതം ലഘൂകരിക്കുന്നതിനും അവർക്ക് സാധാരണജീവിതം സാധ്യമാകുന്നതിനും നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെകൂടി പിന്തുണയോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ആശ്വാസ കിരണം പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുംവേണ്ടി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള അംഗവൈകല്യമുള്ളവർക്ക് വീൽ ചെയർ, മൂന്നുവീൽ സൈക്കിൾ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കാലിപ്പർ, ശ്രവണസഹായി, കൊളോസ്റ്റമി ബാഗുകൾ, കണ്ണടകൾ, കുട്ടികൾക്കുള്ള സി.പി. ചെയറുകൾ എന്നിവ സൗജന്യമായി നൽകുന്നു.

അംഗവൈകല്യമുള്ള പഠിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും വേണ്ട ഹൈടെക് ലിംപ്, ഇലക്ട്രോണിക് വീൽ ചെയർ, ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്നിവ നിബന്ധനകൾക്ക് വിധേയമായി സൗജന്യമായി നൽകുന്നു.

താഴെപ്പറയുന്ന നിബന്ധനകൾക്കുവിധേയമായി സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്കൂട്ടർ നൽകുന്നു.

1. 18 വയസ്സിനുമുകളിൽ പ്രായം.

2. 40 ശതമാനവും അതിനുമുകളിലുമുള്ള ലോക്കോമോട്ടോർ ഡിസെബിലിറ്റി

3. ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം.

സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിനുള്ള സബ്സിഡി, സ്വയംതൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി എന്നിവ കോർപ്പറേഷൻ മുഖേന നൽകുന്നുണ്ട്. കൂടാതെ, ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരം നിക്ഷേപ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

വികലാംഗരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിന് പാറശ്ശാലയിൽ, തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗ ക്ഷേമ കോർപ്പറേഷനും സംയുക്തമായി ഒരു വൃദ്ധസദനം പ്രവർത്തിപ്പിച്ചുവരുന്നു.

സാമൂഹ്യനീതി ഡയറക്ടറേറ്റുവഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും അടുത്ത ഒരു വർഷത്തിനുള്ളിൽ സവിശേഷ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതാണ്. കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന 'അനുയാത്ര' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ജന്മനായുള്ള വൈകല്യങ്ങൾക്ക് കാരണമാകുന്ന അവസ്ഥകളെ സംബന്ധിച്ചും വൈകല്യങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങളായ അനീമിയ, ചെറിയ പ്രായത്തിലുള്ള വിവാഹങ്ങൾ, താമസിച്ചുണ്ടാകുന്ന ഗർഭധാരണം, രക്തബന്ധത്തിലുള്ള വിവാഹങ്ങൾ തുടങ്ങിയവ സംബന്ധിച്ചും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ഗർഭധാരണ സമയം മുതൽ പ്രസവാനന്തരം വരെയുള്ള പരിചരണങ്ങൾ നൽകുമ്പോൾ വൈകല്യ പ്രതിരോധത്തിന് ഊന്നൽ നൽകുന്ന സമീപനം സ്വീകരിക്കാൻവേണ്ട നടപടികളും നടപ്പാക്കും. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, ആശാവർക്കർമാർ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് ഈ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. വൈകല്യ പ്രതിരോധങ്ങളുടെ ഭാഗമായി എം.എം.ആർ., റൂബെല്ല രോഗങ്ങൾ പ്രതിരോധിക്കുന്നതിനുള്ള വാക്സിനുകൾ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

വൈകല്യങ്ങൾ എത്രയുംനേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടു കൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പൂർത്തീകരിക്കുന്നതാണ്. ഇതിനാവശ്യമായ സ്ഥലം ആരോഗ്യ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽവരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതാണ്.

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമായതിനാൽ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. കൂടാതെ പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലകളിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകളും പ്രീ സ്കൂൾ തലത്തിൽതന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തുന്നതിന് സ്പെഷ്യൽ അംഗൻവാടികളും ആരംഭിക്കുന്നതാണ്. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും നൽകുന്നതിന് ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതാണ്.

ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കും.

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും ആരംഭിക്കുന്നതാണ്. അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമുള്ള പരാതി പരിഹാര സംവിധാനമായി പ്രവർത്തിക്കുന്നതിനുംവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ഒരു ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതാണ്.

(ബി) ഉണ്ട്. ആശ്വാസകിരണം പദ്ധതിയ്ക്കായി സർക്കാർ നൽകുന്ന ബജറ്റ് വിഹിതത്തിനുപുറമെ വേണ്ടിവരുന്ന തുക കണ്ടെത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന വിഹിതത്തിൽ നിന്നുകൂടിയാണ്. 2016-2017 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 22 കോടി രൂപ ലഭിച്ചിട്ടുണ്ട്.

## ജനറിക് നാമം രേഖപ്പെടുത്തണമെന്ന നിർദ്ദേശം

11 (*461) ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽനിന്നും നൽകുന്ന കുറിപ്പടികളിൽ പൂർണ്ണമായും മരുന്നുകളുടെ ജനറിക് നാമം രേഖപ്പെടുത്തണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ വ്യവസ്ഥ ലംഘിച്ചതിന് ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കെതിരായി ഇത്തരത്തിൽ പരാതി ലഭിച്ചിട്ടില്ല. തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിലെ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിലെ ഒരു സീനിയൽ റസിഡന്റ് (പി. ജി. വിദ്യാർത്ഥി) ഇത്തരത്തിൽ ആശുപത്രിയിൽ ലഭ്യമല്ലാത്ത ഒരു മരുന്നിന്റെ ബ്രാന്റ് നെയിം പ്രിസ്ക്രൈബ് ചെയ്യുകയുണ്ടായി. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിനെപ്പറ്റി അറിയാതെയാണ് ഇപ്രകാരം ഒരു കുറിപ്പടി നൽകിയത്. പ്രസ്തുത സീനിയർ റസിഡന്റിന് സർക്കാർ ഉത്തരവ് പാലിക്കണമെന്ന് കർശന നിർദ്ദേശം നൽകുകയുണ്ടായി. ഇതിനുശേഷം ഇപ്രകാരം ബ്രാന്റ് നെയിം പ്രിസ്ക്രൈബ് ചെയ്യുന്ന സംഭവങ്ങളുണ്ടായിട്ടില്ല.

**ശബരിമലയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം**

12 (*462) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം ആരംഭിക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ സാധ്യതാപഠനം എത്ര മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്; ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) ഇതിനായി എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ & ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21-2-2017-ലെ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖന സാധ്യതാപഠനം

നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനായുള്ള ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. താൽപ്പര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ സാധ്യതാപഠനം മൂന്നുമാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതിനായി ആയിരം ഏക്കറോളം ഭൂമി ഏറ്റേടുക്കേണ്ടതായി വരുമെന്നാണ് കണക്കാക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസിയുടെ വിശദമായ പഠനത്തിനുശേഷം മാത്രമേ ഭൂമി സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

**വിമാനക്കമ്പനികൾ പ്രവാസികളെ ചൂഷണം ചെയ്യുന്നത് തടയാൻ നടപടി**

13 (*463) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനലവധിക്കാലത്ത് നാട്ടിലേക്ക് വരാൻ ആഗ്രഹിക്കുന്ന പ്രവാസികളെ വിമാനക്കമ്പനികൾ വളരെ ഉയർന്ന നിരക്ക് ഈടാക്കി ചൂഷണം ചെയ്യുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഓണം, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ഉത്സവസമയങ്ങളിലും ഹജ്ജിന്റെ സമയത്തും വിമാനക്കമ്പനികൾ പ്രവാസികളിൽനിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്ന വിവരം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യങ്ങളിൽ പ്രവാസികൾക്ക് ആശ്വാസമേകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) പരിശോധിച്ചിട്ടുണ്ട്.

(സി) വേനലവധിക്കാലത്തും ഓണം, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ഉത്സവസമയങ്ങളിലും ഹജ്ജിന്റെ സമയത്തും വിമാനക്കമ്പനികൾ പ്രവാസികളിൽ നിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്നുവെന്നും ഇക്കാര്യത്തിൽ ഇടപെടണമെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാന യാത്രാനിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്ര വ്യോമയാന

മന്ത്രാലയമല്ലെന്നും 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേക നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാനക്കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാനക്കമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാനിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്രവ്യോമയാന മന്ത്രാലയവുമായും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലുമായും ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് സംസ്ഥാന സർക്കാർ ശ്രമിച്ചുവരുന്നുണ്ട്.

**വിലക്കയറ്റം തടയുന്നതിന് പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം**

14 (*464) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസിന്റെ കീഴിൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് അവശ്യസാധനങ്ങൾക്ക് അടിക്കടി ഉണ്ടാകുന്ന വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സെല്ലിന്റെ ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) 15-5-2017-ലെ സർക്കാർ ഉത്തരവ് (കൈ.)നമ്പർ 10/2017/ഭ.സി.സ.വ. പ്രകാരം വിവിധ വകുപ്പുകളിലെ പ്രതിനിധികളെയും സർക്കാർ ഏജൻസികളെയും ടെക്നിക്കൽ സ്റ്റാഫിനെയും ഉൾപ്പെടുത്തി പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) അവശ്യസാധനങ്ങളുടെ വിലനിലവാരം വിവിധ ജില്ലകളിൽനിന്നും കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ച് ആയത് പരിശോധിച്ച് വിശകലനം നടത്തി അസ്വാഭാവികമായ വിലക്കയറ്റം കാണുന്ന സ്ഥലങ്ങളിൽ അടിയന്തരമായി

പരിശോധന നടത്തി നടപടി സ്വീകരിക്കുക, പൊതുജനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച പരാതികൾ പരിശോധിച്ച് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുക എന്നിവയാണ് പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) സിവിൽ സപ്ലൈസ് ഡയറക്ടർ കൺവീനറും, കൃഷി വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ; ഇക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജോയിന്റ് ഡയറക്ടറും രണ്ട് റിസോഴ്സ് ഫെല്ലോയും; ഹോർട്ടികോർപ്പ് മാർക്കറ്റിംഗ് ആന്റ് പർച്ചേസ് വിഭാഗം സീനിയർ ഓഫീസർ; സപ്ലൈകോ മാർക്കറ്റിംഗ് ആന്റ് കൊമേഴ്സ് വിഭാഗം മാനേജർ, ഐ. ടി. മിഷൻ, ഡബ്ല്യൂ.റ്റി.ഒ. സെൽ എന്നിവിടങ്ങളിലെ ഓരോ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ അംഗങ്ങളുമായുള്ളതാണ് പ്രസ്തുത സെൽ. വിലനിലവാരം സംബന്ധിച്ച് താഴെത്തട്ടിലുള്ള വിശകലനത്തിനുശേഷം വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനുള്ള സംവിധാനം കണ്ടെത്തി സർക്കാരിന് ശിപാർശ സമർപ്പിക്കുക എന്നതാണ് പ്രസ്തുത സെല്ലിന്റെ മുഖ്യ ചുമതല.

**എഫ്.സി.ഐ. ഗോഡൗണുകളിൽനിന്ന് റേഷനരി ഏറ്റെടുക്കൽ**

15 (*465) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനനുവദിച്ച റേഷനരി എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് ഏറ്റെടുക്കാത്ത സ്ഥിതിവിശേഷം എങ്ങിനെ സംജാതമായി എന്ന് വിശദമാക്കുമോ;

(ബി) യഥാസമയം ഏറ്റെടുത്തില്ലെങ്കിൽ മുൻകാലത്തെപ്പോലെ സമയം നീട്ടിനല്കാനാവില്ലെന്ന് എഫ്.സി.ഐ. സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) അരിയുടെ കാര്യത്തിൽ ഏറ്റവും ലഭ്യതക്കുറവ് നേരിടുന്ന സംസ്ഥാനത്തിന്, ഭാവിയിൽ കൂടുതൽ അരി ആവശ്യപ്പെടാനുള്ള അവസരംപോലും നഷ്ടമാകും എന്നകാര്യം പരിഗണിച്ച് ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് 2016 നവംബർ മാസം മുതൽ അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളിൽ കോട്ടയം ജില്ലയ്ക്കനുവദിച്ച 2017 ജനുവരി

മാസക്വാട്ടയിലെ 1298.829095 മെ.ടൺ ഭക്ഷ്യധാന്യങ്ങളാണ് (130 ലോഡ്) വിട്ടെടുക്കാനവശേഷിക്കുന്നത്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ് ആരംഭിച്ച 2016 നവംബർ മാസം മുതൽ അട്ടിക്കൂലി സംബന്ധിച്ച തൊഴിൽ പ്രശ്നങ്ങൾമൂലം വിട്ടെടുപ്പിലുണ്ടായ കാലതാമസമാണ് ഈ അവസ്ഥ സംജാതമാക്കിയത്. കൂടാതെ വാഗൺ പ്ലേസ്മെന്റ്മൂലം ഒൻപതും എട്ട് അവധി ദിനങ്ങളും വന്നുചേർന്നതാണ് വിട്ടെടുപ്പിന് പ്രയാസങ്ങളുണ്ടായത്.

(ബി) ഉണ്ട്.

(സി) ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മദ്യപാനത്തിലൂടെ ഉണ്ടാകുന്ന രോഗങ്ങൾ

16 (*466) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപാനം മനുഷ്യന്റെ ആരോഗ്യത്തിന് എത്രത്തോളം ഹാനികരമാണെന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് വിവരശേഖരണമോ, പഠനമോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മദ്യപാനത്തിലൂടെ ഉണ്ടാകുന്ന കരൾ രോഗങ്ങളുടെ തോത് എത്രയാണെന്നും, അത്തരത്തിലുള്ള എത്ര രോഗികൾ പ്രതിവർഷം സർക്കാർ ആശുപത്രികളിൽ ചികിത്സതേടുന്നു എന്നതിന്റെയും കണക്കുകൾ ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഇക്കാര്യങ്ങളിൽ കൃത്യമായ കണക്ക് ശേഖരിക്കത്തക്കവിധം ആശുപത്രി ചികിത്സാരേഖകളിൽ ആവശ്യമായ വിവരങ്ങൾകൂടി രേഖപ്പെടുത്താൻ നിർദ്ദേശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) മദ്യപാനം മനുഷ്യാരോഗ്യത്തിന് ഹാനികരമാണെന്ന് ശാസ്ത്രീയമായ തെളിവുകളും പഠനങ്ങളും ലോകത്തിന്റെ പല ഭാഗങ്ങളിൽ നടത്തിയിട്ടുള്ളതും അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ 2012-ലെ ഹെൽത്ത് സർവൈലൻസ് പദ്ധതിയുടെ ചോദ്യാവലിയിൽ മദ്യപാനം സംബന്ധിച്ച വിവരശേഖരണംകൂടി ഉൾപ്പെടുത്തിയിരുന്നു. ആരോഗ്യ വകുപ്പ് നേരിട്ട് നടത്തിയ പൈലറ്റ് സ്റ്റഡിയിൽ

വിവരശേഖരണം നടത്തിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായി. സർവ്വേ ആരംഭിക്കാനുള്ള പരിശീലനം 2016-2017-ൽ നൽകി സർവ്വേ നടപടികൾ നടന്നുവരുന്നു.

(ബി) മദ്യപാനത്തിലൂടെ കരൾ രോഗമുണ്ടാകുമെന്നത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട വസ്തുതയാണ്. ആളോഹരി മദ്യ ഉപഭോഗം കൂടുതലായുള്ള കേരളത്തിൽ കരൾ രോഗികളുടെ എണ്ണവും വർദ്ധിക്കുന്നതിനുള്ള സാദ്ധ്യത കൂടുതലാണ്. മെഡിക്കൽ കോളേജുകളിൽ കരൾ രോഗത്തിന് ചികിത്സ തേടുന്ന 60 ശതമാനത്തിലധികം രോഗികൾക്ക് മദ്യത്തിന്റെ അമിത ഉപയോഗംമൂലമാണ് കരൾ രോഗമുണ്ടാകുന്നതായി കണക്കാക്കപ്പെടുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്കീഴിലുള്ള മെഡിക്കൽ കോളേജുകളിൽനിന്ന് ലഭ്യമായ വിവരം അനുസരിച്ച് 41300 രോഗികൾ പ്രതിവർഷം മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്നു.

(സി) ഇ-ഹെൽത്ത് സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ മദ്യപാനം കൊണ്ടുള്ള കരൾരോഗം ഉൾപ്പെടെയുള്ള എല്ലാ രോഗങ്ങളുടെയും കണക്കുകൾ ആരോഗ്യ വകുപ്പിൽ ലഭ്യമാകുന്നതാണ്. ഇതുസംബന്ധിച്ച് ആവശ്യമായ ഭേദഗതികൾ ആശുപത്രി രേഖകളിൽ വരുത്തുന്നതിനുള്ള നടപടികൾ ഇ-ഹെൽത്ത് സ്വീകരിച്ചിട്ടുണ്ട്.

**ആരോഗ്യ മേഖലയിൽ നീതി ആയോഗിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ**

17 (*467) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ .നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ജില്ലാ ആശുപത്രികളുടെയും താലൂക്കാശുപത്രികളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനം വിലയിരുത്താനും മെച്ചപ്പെടുത്താനുമുള്ള നീതി ആയോഗിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ കേരളത്തിന് ഗുണകരവും നടപ്പാക്കാവുന്നതുമായ എന്തൊക്കെ നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) നീതി ആയോഗും കേന്ദ്ര ആരോഗ്യ മന്ത്രാലയവും സംയുക്തമായി Health Index Initiative- ലൂടെ സംസ്ഥാനങ്ങളുടെ റാങ്കിംഗ് നടപ്പിലാക്കിവരുന്നു.

ആരോഗ്യ സൂചികകളും സദ്ഭരണ സൂചികകളും ഫണ്ട് വിനിയോഗ സൂചികകളും ഉൾപ്പെടുത്തിയാണ് സംസ്ഥാനത്തിന്റെ Health Index തയ്യാറാക്കുന്നത്. 2017 ആഗസ്റ്റ് മാസത്തോടെ Health Index തയ്യാറാക്കി സെപ്റ്റംബർ 2017-ൽ പ്രസിദ്ധീകരിക്കുമെന്നാണ് നീതി ആയോഗ് അറിയിച്ചിട്ടുള്ളത്. ഇതോടൊപ്പം ആറ് ഗുണനിലവാര സൂചികകളുടെ അടിസ്ഥാനത്തിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും ജില്ലാ ആശുപത്രികളെയും റാങ്കിംഗ് നടത്തുന്നുണ്ട്. സർക്കാർ ടി സൂചികകളുടെ മാനദണ്ഡങ്ങൾ വിശദമായി പഠിച്ചു. ആരോഗ്യ മേഖലയിൽ നടപ്പാക്കേണ്ട സദ്ഭരണ പ്രവർത്തനങ്ങളും ആശുപത്രികളെ രോഗീസൗഹൃദ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയാണ് ആർദ്രം മിഷൻ ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാന്റേർഡ് (IPHS) മാനദണ്ഡങ്ങൾ പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ, ഇ-ഹെൽത്ത് സംവിധാനം, മാതൃ ശിശു സംരക്ഷണ പ്രവർത്തനങ്ങൾ, 12 സ്പെഷ്യാലിറ്റികളുടെ ലഭ്യത, ആശുപത്രി ശുചിത്വം, ലാബ് സൗകര്യം, മരുന്നുകളുടെ ലഭ്യത, സോഷ്യൽ ഓഡിറ്റ് സംവിധാനം തുടങ്ങിയവ ആരോഗ്യ മേഖലയിൽ ആർദ്രം മിഷനിലൂടെ നടപ്പിലാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ജില്ലാ ആശുപത്രികളടക്കം വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെയും ആരോഗ്യ പ്രവർത്തനങ്ങളുടെയും സംസ്ഥാന തലത്തിലും ആരോഗ്യ സ്ഥാപന തലത്തിലും വിലയിരുത്തുന്നതിനുള്ള ചില മാർഗ്ഗനിർദ്ദേശങ്ങൾ നീതി ആയോഗിന്റെ വെബ്സൈറ്റിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ വിഭാഗം ആശുപത്രികളുടെയും ആരോഗ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്താനും മെച്ചപ്പെടുത്താനുമായി ആർദ്രം മിഷൻ അടക്കം വിവിധ പരിപാടികൾക്ക് ആരോഗ്യ വകുപ്പ് തുടക്കംകുറിച്ചിട്ടുണ്ട്.

(ബി) നീതി ആയോഗിന്റേതടക്കം ഗുണകരമായ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്:

1. ആശുപത്രി ഇൻഫർമേഷൻ സിസ്റ്റം

2. ബ്ലഡ് ബാങ്ക്, അണുനശീകരണ സംവിധാനം

3. ജില്ലാ ആശുപത്രികളിൽ രണ്ട് സ്പെഷ്യാലിറ്റികളുടെ ലഭ്യത

4. ആശുപത്രി ശുചിത്വം, ക്വാളിറ്റി സർട്ടിഫിക്കേഷൻ

5. ആധുനിക ലാബ് സൗകര്യം

6. പരാതി പരിഹാര സംവിധാനം

7. അവശ്യ മരുന്നുകളുടെ ലഭ്യത

8. ആശുപത്രി സോഷ്യൽ ഓഡിറ്റ് സംവിധാനം

സി.എച്ച്.സി. സ്റ്റാർ റേറ്റിംഗ് മാനദണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്ന രോഗീസൗഹൃദ സംവിധാനം, ആശുപത്രി ശുചിത്വം, ആധുനിക ലാബ്, പരാതി പരിഹാര സംവിധാനം, അവശ്യ മരുന്നുകളുടെ ലഭ്യത എന്നിവയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഇ-ഗവേണൻസും എം-ഗവേണൻസും വ്യാപകമാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ

18 (*468) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസും എം-ഗവേണൻസും വ്യാപകമാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഇത്തരം സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള വിവരസാങ്കേതികവിദ്യ അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇ-ഗവേണൻസ് വ്യാപനത്തിന്റെ ഭാഗമായി ജനസേവനകേന്ദ്രങ്ങൾ വ്യാപിപ്പിക്കാനും അക്ഷയ കേന്ദ്രങ്ങളുടെ സേവന മേഖല വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് വ്യാപകമാക്കുന്നതിനായി ഇ-ഡിസ്ട്രിക്ട്, ഇ-സംഭരണം, ഇ-ഓഫീസ് എന്നീ സർവ്വീസുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി യഥാക്രമം റവന്യൂ സർട്ടിഫിക്കറ്റുകളുടെ വിതരണം, ദർഘാസ് നടപടികൾ, സർക്കാർ ഓഫീസുകളിലെ ഫയൽ കൈകാര്യം ചെയ്യുന്ന നടപടികൾ എന്നിവ സുഗമവും സുതാര്യവും കാര്യക്ഷമവുമായി നടന്നുവരുന്നു. ഇ-ഗവേണൻസിന്റെ ഭാഗമായി ഐ.ടി. വിഭാഗത്തിലെ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായുള്ള പരിശീലന പരിപാടി നടപ്പിലാക്കിവരുന്നു. കൂടാതെ വിവരസാങ്കേതിക വിദ്യയുടെ വ്യാപനം സർക്കാർ തലത്തിൽ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി തെരഞ്ഞെടുത്ത ഉദ്യോഗസ്ഥന്മാരെ വെർച്ച്വൽ ഐ. ടി. കേഡർ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. മിക്ക വകുപ്പുകളും അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക്

രൂപം നൽകിയിട്ടുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകാനും അവരുമായി ആശയവിനിമയം നടത്തുന്നതിനും സാധിക്കുന്നുണ്ട്. അതുപോലെ ഇ-പ്രൊക്യൂർമെന്റ്, ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്ട് ആപ്ലിക്കേഷനുകളുടെ ഉപയോഗം നിർബന്ധമാക്കിയതിനാൽ വളരെയധികം വകുപ്പുകൾ/ഓഫീസുകൾ ഈ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ചില വകുപ്പുകൾ പേപ്പർരഹിത ഓഫീസുകളായി മാറിയിട്ടുണ്ട്. അവർ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ്. മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിച്ചുവരുന്നു.

എം-ഗവേണൻസ് വ്യാപകമാക്കുന്നതിനായി കേരള സർക്കാർ വികസിപ്പിച്ചു കൊണ്ടിരിക്കുന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷനാണ് 'എം-കേരളം'. സർക്കാർ വകുപ്പുകളുടെ വിവിധതരം സേവനങ്ങൾ ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി ജനങ്ങളിലെത്തിക്കുക എന്നതാണ് എം-ഗവേണൻസ് പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) ഇ-ഗവേണൻസിലേയ്ക്കായി സംസ്ഥാന ഡാറ്റസെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, എം-ഗവേണൻസ്, വീഡിയോ കോൺഫറൻസ് മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ. ടി. മിഷൻ കൺസൾട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്.

(സി) ഉണ്ട്.

### സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ഗുണനിലവാരം

19 (*469) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് വേണ്ട മരുന്നുകളും ഉപകരണങ്ങളും ആവശ്യാനുസരണം നൽകാൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് സാധ്യമാകുന്നുണ്ടോ;

(ബി) സർക്കാർ ആശുപത്രികളിൽ നൽകുന്ന മരുന്നുകളിൽ പത്ത് ശതമാനം ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടെത്തിയെന്ന വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ;

(സി) മരുന്ന് വാങ്ങുന്നതിലും സംഭരിച്ച് വിതരണം ചെയ്യുന്ന ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്താനായി കോർപ്പറേഷൻ ഏർപ്പെടുത്തിയ സംവിധാനം എന്തെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളിൽ പത്ത് ശതമാനം ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടെത്തിയെന്ന വാർത്ത അടിസ്ഥാനരഹിതമാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്ത മരുന്നുകളിൽ 2015-16 കാലയളവിൽ 7717 ബാച്ചിൽ 63-ഉം (0.82%), 2016-17-ൽ 8873 ബാച്ചിൽ എട്ടും (0.12%) മാത്രമാണ് ഗുണനിലവാരമില്ലാത്തവയാണെന്ന് 11-5-2017 തീയതിവരെ കണ്ടെത്തിയിട്ടുള്ളത്.

(സി) മരുന്ന് വാങ്ങുന്നതിലും സംഭരിച്ച് വിതരണം ചെയ്യുന്ന ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്താനായി കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽനിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉല്പാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യമുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം ഇൻ-ഹൗസ് ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. റിപ്പോർട്ട് ക്രോസ്ചെക്ക് ചെയ്യാനായി ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. അംഗീകൃത ലാബുകളിൽ പരിശോധിച്ച റിപ്പോർട്ടും ഔഷധ നിർമ്മാതാക്കൾ നൽകേണ്ടതാണ്.

2. ക്വാളിറ്റി കൺട്രോൾ വിഭാഗം ഗുണനിലവാരം ഉറപ്പാക്കുന്നതിന് അടുത്ത നടപടിയായി എംപാനൽ ലാബുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

3. ഓരോ വർഷവും കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും 10 ശതമാനത്തിൽ കുറയാതെ സാമ്പിളുകൾ ശേഖരിച്ചശേഷം മരുന്നുകളുടെയും ഉത്പാദകരുടെയും പേരും മറ്റ് വിവരങ്ങളും മായ്ച്ച് കോർപ്പറേഷന്റെ സോഫ്റ്റ് വെയർ നൽകുന്ന സാമ്പിൾ കോഡ്/ലേബൽ പതിപ്പിക്കുകയും ഇങ്ങനെ കോഡ് ചെയ്യുന്ന സാമ്പിളുകളാണ് എംപാനൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. എംപാനൽ ലാബുകളിലെ ഗുണനിലവാര പരിശോധനയിൽ

പരാജയപ്പെടുന്ന മരുന്നുകളുടെ സ്ഥിരീകരണ പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നു.

4. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിലേതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം താല്ക്കാലികമായി മരവിപ്പിക്കുകയും (Freeze Memo), പരാതി ലഭിച്ച സ്ഥാപനത്തിൽനിന്നും ശേഖരിച്ച സാമ്പിളുകൾ വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

5. ഇതുകൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് നിയമപരമായ പരിശോധന (സ്റ്റാറ്റ്യൂട്ടറി അനാലിസിസ്) നടത്തുകയും ചെയ്യുന്നുണ്ട്.

6. ശീതസംഭരണ ഊഷ്മാവിലും (2-8 ഡിഗ്രി സെൽഷ്യസ്) നാർക്കോട്ടിക് വിഭാഗത്തിലും സൂക്ഷിക്കുന്ന മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായംവഴി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസ്, നോയിഡയിലും ഇതര സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലും ഡ്രഗ്സ് കൺട്രോളർ മുഖാന്തരം ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽനിന്നും മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കാനായി അന്യത്ര സേവന വ്യവസ്ഥയിൽ ഉന്നത ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. മാത്രമല്ല അദ്ദേഹത്തിന്റെ കീഴിൽ ഫാർമസിസ്റ്റുമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

8. ഒരു ഉല്പാദകൻ വിതരണംചെയ്ത ഏതെങ്കിലും രണ്ടിനം മരുന്നുകളുടെ ഒന്നിലധികം ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി പരിശോധനാകേന്ദ്രം അറിയിക്കുന്ന സാഹചര്യത്തിൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

9. ഒരു ഉല്പാദകൻ വിതരണംചെയ്ത ഏതെങ്കിലും രണ്ടിനം മരുന്നുകൾ ഇങ്ങനെ കരിമ്പട്ടികയിൽപ്പെടുത്തിയാൽ പ്രസ്തുത മരുന്നുകമ്പനിയെതന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൂന്ന് വർഷത്തേയ്ക്ക് കോർപ്പറേഷന്റെ തുടർന്നുള്ള ദർഘാസ് നടപടിയിൽനിന്നും വിലക്കുകയും ചെയ്യുന്നു. അപ്രകാരം നാളിതുവരെ ഒരു സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കേന്ദ്ര പ്രൈസ് മോണിറ്ററിംഗ് സെല്ലിന് നൽകുന്ന റിപ്പോർട്ട്

20 (*470) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വിതരണം ചെയ്യുന്ന നിത്യോപയോഗ വസ്തുക്കളുടെ ലിസ്റ്റിൽ ഇപ്പോൾ എത്ര സാധനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറയാമോ; പ്രസ്തുത ലിസ്റ്റിൽ 22 ഇനം മാത്രം ഉൾപ്പെടുത്തിയതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ബി) ഈ ലിസ്റ്റിന് പരിഷ്കരണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കേന്ദ്ര സർക്കാരിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സംസ്ഥാനം റിപ്പോർട്ട് നൽകുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സബ്സിഡി വിലനിലവാരപ്പട്ടികയിൽ അരി ഉൾപ്പെടെ പതിനാറ് ഇനങ്ങളും 24 ശബരി ഇനങ്ങളിൽ 52 സാധനങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പൊതുവിപണിയെക്കാൾ കുറഞ്ഞനിരക്കിൽ ഫ്രീസെയിൽ സബ്സിഡി ഇനങ്ങളിൽ വിതരണം ചെയ്യുന്ന 27 ഇനങ്ങളുടേയും വില ടി പട്ടികയിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് പൊതുവെ ആവശ്യകതയുള്ളതും വിലക്കയറ്റം നിരന്തരം ഉണ്ടാകുന്നതുമായ സാധനങ്ങളാണ് നിത്യോപയോഗ വസ്തുക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം.

(ബി) ഈ ലിസ്റ്റ് പരിഷ്കരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കോഴിക്കോട് തുടങ്ങിയ ആറ് ജില്ലകളിലെ 22 നിത്യോപയോഗ സാധനങ്ങളുടെ ചില്ലറ മൊത്ത വിലകൾ കേന്ദ്ര സർക്കാരിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സമർപ്പിക്കുന്നു. പാവപ്പെട്ടവർ ആശ്രയിക്കുന്ന വിപണി, ഇടത്തരക്കാർ ആശ്രയിക്കുന്ന വിപണി, ധനികർ ആശ്രയിക്കുന്ന വിപണി എന്നിങ്ങനെ ഓരോ ജില്ലയിലേയും മൂന്ന് സ്ഥലങ്ങളിൽനിന്നും വില ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നൽകുന്നത്.

## നോർക്കയുടെ ആഭിമുഖ്യത്തിൽ ലോക കേരളസഭ

21 (*471) ശ്രീ. എം. ഉമ്മർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ലോക കേരളസഭ എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഈ പദ്ധതിയിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് പ്രവാസികൾക്ക് ലഭ്യമാക്കുക എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പ്രവാസികളെ സംബന്ധിക്കുന്ന കാര്യങ്ങൾ അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇവർക്ക് കാലാനുസൃതമായ സേവനങ്ങൾ നൽകേണ്ടതാണ്. അതിന്റെ ഭാഗമായി 2017-18 വർഷത്തെ ബജറ്റിൽ പുതിയ 5 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1 ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായവും ഡാറ്റാബേസ് രൂപീകരണവും:- പ്രവാസി മലയാളികളെക്കുറിച്ചുള്ള സമഗ്രമായ വിവരം ശേഖരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പ്രവാസി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ പ്രവാസി മലയാളികൾക്ക് സഹായമെത്തിക്കുന്നതിനുമുള്ള പദ്ധതി.

2 കമ്പോള ഗവേഷണം, നൈപുണ്യം നിയമനത്തോടനുബന്ധിച്ചും അതിന് മുൻപും ശേഷവുമുള്ള സേവനങ്ങൾ:- തൊഴിലാളികളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ യുക്തിഭദ്രമാക്കുക, പരിശീലനം, നൈപുണ്യ വികാസം, നിയമനാനന്തര സഹായം, നിയമസഹായം, തൊഴിലാളിക്കും തൊഴിൽദാതാവുമായുള്ള ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി റിക്രൂട്ട്മെന്റ് ഏജൻസികളുടേയും ഗവൺമെന്റിന്റേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതി.

3. ലോക കേരളസഭ:- പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും അവ വിശകലനംചെയ്ത് നവീന ആശയങ്ങൾ രൂപീകരിക്കുന്നതിനും രാജ്യത്തിന് അകത്തും പുറത്തുമുള്ള കേരളീയർ തമ്മിലുള്ള ബന്ധം സൃഷ്ടിക്കുന്നതിനും സഹായിക്കുന്ന പരിപാടി.

4. ആഗോള സാംസ്കാരിക ഉത്സവം:- കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കും അവരുടെ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് പ്രവാസി മലയാളികളുടെ സഹകരണത്തോടെ കേരളത്തിൽ സാംസ്കാരിക ഉത്സവം സംഘടിപ്പിച്ച് സാംസ്കാരിക വിനിമയത്തിന് വേദിയൊരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പരിപാടി.

5. വിമാനത്താവളങ്ങളിൽ അടിയന്തര ആംബുലൻസ് സേവനം:- പ്രവാസി മലയാളികളുടെ അടിയന്തര ചികിത്സാ ആവശ്യങ്ങൾക്കും, മരണപ്പെട്ട പ്രവാസി മലയാളിയുടെ മൃതശരീരം യഥാസ്ഥലത്തേക്ക് എത്തിക്കുന്നതിനും വിമാനത്താവളങ്ങളിൽ ആംബുലൻസ് സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

(ബി & സി) ഉണ്ട്. പ്രവാസ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ സ്വരൂപീക്കുന്നതിനും നൂതനമായ പ്രവാസ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സർക്കാരിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ലോകകേരളസഭ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. നിയമസഭാ സമാജികരും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തിരഞ്ഞെടുക്കുന്ന പ്രവാസിമലയാളികളുടെ പ്രതിനിധികളുമാണ് സഭയിലെ അംഗങ്ങൾ. വിഷയാധിഷ്ഠിത ചർച്ചകളും സെമിനാറുകളും ഇതിന്റെ ഭാഗമാക്കുവാൻ പദ്ധതിയുണ്ട്. വർഷത്തിലൊരിക്കലെങ്കിലും സഭ സമ്മേളിക്കാനാണ് ലക്ഷ്യമിടുന്നത്. 2018 ജനുവരി മാസം തിരുവനന്തപുരത്ത് ആദ്യ സമ്മേളനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

**കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനവും പദ്ധതി സമർപ്പണവും**

22 (*472) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ.എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും പദ്ധതി സമർപ്പണത്തിനും നിശ്ചിതസമയത്ത് തുക ലഭ്യമാക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഓരോ വകുപ്പിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചുമതല ആർക്കാണ് നല്കിയിട്ടുള്ളത്;

(സി) 2016-2017 കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏതൊക്കെ പദ്ധതികളിലായി എത്ര തുകയാണ് സംസ്ഥാനത്തിന് നഷ്ടമായത് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ സംസ്ഥാനം സർപ്പിക്കാത്ത പദ്ധതികൾ ഏതൊക്കെയാണ്;

(ഇ) ഈ വർഷം സമർപ്പിക്കാൻ പോകുന്നതും നടപ്പിലാക്കുവാൻ പോകുന്നതുമായ പദ്ധതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും പദ്ധതി സമർപ്പണത്തിനും നിശ്ചിതസമയത്ത് തുക ലഭ്യമാക്കുന്നതിനും ഈ സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ അവലോകനം നടത്താറുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള പ്ലാൻ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ യോഗം ഓരോ ത്രൈമാസത്തിനുശേഷവും ചേരുകയും തൊട്ടുമുമ്പുള്ള ത്രൈമാസത്തിന്റെ പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ മുഖ്യമന്ത്രി തലത്തിൽ പ്രത്യേക പദ്ധതി അവലോകന യോഗങ്ങളും ചേരാറുണ്ട്. പ്രസ്തുത യോഗങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മുൻഗണന നൽകി കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും പദ്ധതി സമർപ്പണത്തിനും നിശ്ചിതസമയത്ത് തുക ലഭ്യമാക്കുന്നതിനുവേണ്ടി 27-8-2016-ലെ സ. ഉ. (എം. എസ്) 34/2016/പ്ലാനിംഗ് ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ പ്രത്യേക സെൽ (co-ordination cell for centrally sponsored schemes) രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന എല്ലാ വകുപ്പുകളും ഈ പ്രത്യേക സെല്ലും ചേർന്ന് ഡൽഹിയിലെ റസിഡന്റ് കമ്മീഷണറുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സമയോചിതമായ ഇടപെടലുകളുടെ ഫലമായി 2015-16-ൽ ലഭിക്കേണ്ടിയിരുന്ന 528 കോടി രൂപ 2016-2017-ൽ ലഭ്യമാക്കുകയുണ്ടായി.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന ഓരോ ഭരണവകുപ്പിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ ഫീൽഡ്തല വകുപ്പിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നോഡൽ ഓഫിസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നോഡൽ ഓഫീസർമാരായി വകുപ്പുതലവൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 2016-2017-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ച കേന്ദ്രവിഹിതത്തിന്റെ അടങ്കൽ തുക മുഴുവനും കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടില്ല. ഏതൊക്കെ പദ്ധതിവിഹിതമാണ്, എന്തുകാരണം കൊണ്ടാണ് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നിവ പരിശോധിച്ചുവരികയാണ്.

(ഡി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ വിവിധ വകുപ്പുകൾ പദ്ധതികൾ സമർപ്പിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 2016-17-ൽ ഉള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് 2017-18-ലും തുടർന്നുപോകുന്നത്. അതുമുഴുവനും നടപ്പിലാക്കുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി ഏതെങ്കിലും പുതിയ പദ്ധതി കേന്ദ്രം ആവിഷ്കരിക്കുന്നുണ്ടെങ്കിൽ അതും സംസ്ഥാനത്ത് നടപ്പാക്കാൻ അംഗീകാരം നേടിയെടുക്കുന്നതാണ്.

**സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരണം**

23 (*473) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിജിലൻസ് കമ്മീഷൻ രൂപീകരിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിർദ്ദേശം ഏത് ഘട്ടത്തിലാണ്;

(ബി) കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിലാകുമോ ഈ കമ്മീഷന്റെ പ്രവർത്തനം എന്നറിയിക്കാമോ;

(സി) നിലവിലുള്ള വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് പകരമായിരിക്കുമോ ഈ സംവിധാനമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ-സി) സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിലേക്കായി കേന്ദ്ര ഗവൺമെന്റ് (Ministry of Personnel, Public Grievances and Pensions) കരട് ബിൽ തയ്യാറാക്കുകയും ആയതിന്റെ പകർപ്പ് സംസ്ഥാന ഗവൺമെന്റിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിൽ സംസ്ഥാനത്ത് വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള പ്രസ്തുത കരട് ബിൽ പരിശോധിച്ചുവരികയാണ്.

**ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ആനുകൂല്യം പരിമിതപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശം**

24 (*474) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ വിഘടിപ്പിക്കുക (Unbundle)

എന്ന ഉദ്ദേശ്യത്തോടെ കേന്ദ്രസർക്കാർ ശ്രീ. ശാന്തകുമാർ എം. പി.-യുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉന്നതതല സമിതിയുടെ പരിശോധനാ വിഷയങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) കമ്മറ്റിയുടെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ആനുകൂല്യം പരിമിതപ്പെടുത്തണമെന്നും ഭക്ഷ്യധാന്യങ്ങൾക്ക് മിനിമം താങ്ങുവില നിശ്ചയിക്കുന്ന രീതി ഒഴിവാക്കണമെന്നും ഭക്ഷ്യധാന്യത്തിന് പകരം ആധാർ ബന്ധിതമോ ജൻധൻ പദ്ധതിയുമായി സംയോജിപ്പിച്ചോ ധാന്യത്തിന് പകരം പണം നൽകി ഭക്ഷ്യ മേഖലയിൽ സർക്കാർ സബ്സിഡിയിനത്തിലുള്ള ചെലവുകുറയ്ക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇവ ഭക്ഷ്യമേഖലയെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിരുന്നോ;

(ഡി) കമ്മറ്റിയുടെ മുമ്പാകെ സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കുന്നതിനായി ആരൊക്കെയാണ് നിയോഗിക്കപ്പെട്ടിരുന്നതെന്നും ഇവർ മുഖേന മുൻ സർക്കാർ സ്വീകരിച്ച നിലപാട് എന്തെന്നും അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>):

(എ) കേന്ദ്രസർക്കാർ ശ്രീ. ശാന്തകുമാർ എം.പി.-യുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉന്നതതല സമിതിയുടെ പരിശോധനാ വിഷയങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) ഭക്ഷ്യധാന്യങ്ങളുടെ സംഭരണം, പൊതുവിതരണ സമ്പ്രദായം, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം എന്നിവ സംബന്ധിച്ചും എഫ്.സി.ഐ.-യുടെ സംഭരണ വിതരണ സൗകര്യങ്ങൾ, തൊഴിലാളി പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ചും പൊതുവിതരണ സമ്പ്രദായത്തിന്റെ കമ്പ്യൂട്ടർവത്കരണം സംബന്ധിച്ചും സമിതി വിവിധ ശിപാർശകൾ നൽകിയിരുന്നു. ഭക്ഷ്യ കമ്മി സംസ്ഥാനങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിൽ അതത് സംസ്ഥാനങ്ങളുടെ താല്പര്യത്തിന് അനുസരിച്ച് പണം അല്ലെങ്കിൽ ഭക്ഷ്യധാന്യം നല്കുന്ന രീതി നടപ്പിലാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും നിലവിലെ രീതി മാറ്റുന്നത് സംബന്ധിച്ച് സംസ്ഥാനം തീരുമാനമൊന്നും എടുത്തിട്ടില്ല. പ്രസ്തുത സമിതിയുടെ ശിപാർശകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭക്ഷ്യ മേഖലയെ എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്. സിവിൽ സപ്ലൈസ് കമ്മീഷണറും ഭക്ഷ്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുമാണ് കമ്മിറ്റി യോഗത്തിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ചിരുന്നത്.

## നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ

25 (*475) ശ്രീ. പി. കെ. ശശി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം മുൻഗണനാ മേഖലകളെ കോർത്തിണക്കിക്കൊണ്ടാണ് വികസന മിഷനുകൾക്ക് രൂപം നൽകിയിരിക്കുന്നത്;

(സി) ജനപങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും ഉറപ്പാക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; താഴെത്തട്ടുകളിൽ ഏതെല്ലാം നിലയിലുള്ള സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പങ്കാളിത്തത്തോടു കൂടിയാണ് മിഷൻ ലക്ഷ്യങ്ങൾ കൈവരിക്കാനുദ്ദേശിക്കുന്നത്;

(ഡി) മിഷനുകളുടെ ഭാഗമായി പൊതുപദ്ധതികൾ രൂപപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ടോ; ഇവയ്ക്ക് വേണ്ടി വരുന്ന സാങ്കേതികവിദ്യയും സാങ്കേതിക സഹായവും ആവശ്യാനുസരണം ലഭിക്കുന്നതിന് മിഷനുകളുടെ സഹായം ലഭ്യമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1 വികസന പ്രക്രിയയുടെ പൂർണ്ണ പ്രയോജനം ഇനിയും ലഭിക്കാത്തവരും ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിതസൗകര്യങ്ങളും ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുക.

2 ആരോഗ്യ മേഖല ഉൾപ്പെടെയുള്ള വികസന രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുക വഴി കേരള വികസന മാതൃക പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുക.

3 ജലവും മണ്ണും ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുകയും ശാസ്ത്രീയമായി വിനിയോഗിക്കുകയും സുസ്ഥിരമായി പരിപാലിക്കുകയും ചെയ്യുക.

4 വ്യാപകമായി ഉപകാരപ്രദമായ മരങ്ങൾ വച്ചുപിടിപ്പിച്ച് സംസ്ഥാനത്തൊട്ടാകെ ഹരിതാവരണം സൃഷ്ടിക്കുക.

5 താഴെത്തട്ടിൽ സേവനങ്ങൾ നൽകുന്ന സർക്കാർ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട ഏകോപനവും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റു വിഭവങ്ങളുടേയും ശാസ്ത്രീയ വിനിയോഗവും പരിപാലനവും ഉറപ്പാക്കുക.

6 ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി കാര്യക്ഷമമാക്കുന്നതിന് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപിപ്പിക്കുക.

7 സ്ഥാപനതല-വ്യക്തിഗത സാമൂഹ്യ പ്രതിബദ്ധതാ വിഭവങ്ങളുടേയും ജനകീയ സ്രോതസ്സുകളുടേയും സംയോജനം സാധ്യമാക്കുക.

(ബി) താഴെപ്പറയുന്ന 6 മുൻഗണനാ മേഖലകളെ കോർത്തിണക്കിക്കൊണ്ടാണ് വികസന മിഷനുകൾക്ക് രൂപം നൽകിയിരിക്കുന്നത്:

1. സമ്പൂർണ്ണ പാർപ്പിടം-ലൈഫ് മിഷൻ
2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ
3. പൊതുവിദ്യാഭ്യാസ സംരക്ഷണം
4. ശുചിത്വ-മാലിന്യ സംസ്കരണം
5. മണ്ണ്-ജല സംരക്ഷണം
6. ജൈവകൃഷി രീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം.

(സി) നിലവിലുള്ള ജനകീയാസൂത്രണ സംവിധാനത്തിൽ മിഷനുകൾ സംയോജിപ്പിച്ച ജനപങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും ഉറപ്പാക്കുവാൻ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. താഴെത്തട്ടുകളിൽ കുടുംബശ്രീ, കൃഷിഭവനിലെ കാർഷിക കൂട്ടായ്മ, വിവിധ രാഷ്ട്രീയ പാർട്ടികളിലെ കർഷക സംഘങ്ങൾ, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയ സംഘടനാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്

വിവിധതലത്തിലുള്ള മിഷൻ പ്രവർത്തനങ്ങളിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടേയും സന്നദ്ധ സംഘടനകളുടേയും പൊതുപ്രവർത്തകരുടേയും സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു.

(ഡി) മിഷനുകളുടെ ഭാഗമായി പൊതുപദ്ധതികൾ രൂപപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. ഇവയ്ക്കുവേണ്ടിവരുന്ന സാങ്കേതികവിദ്യയും സാങ്കേതിക സഹായവും ആവശ്യാനുസരണം ലഭിക്കുന്നതിന് മിഷനുകളുടെ സഹായം ലഭ്യമാക്കുന്നതാണ്.

## അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ പ്രവർത്തനം

26 (*476) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തി കണ്ടെത്തുന്ന ഒഴിവുകൾ പട്ടികതിരിച്ച് പ്രസ്തുത സെല്ലിൽ സൂക്ഷിക്കാത്ത സ്ഥിതിയിൽ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ചവരുത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ എന്ത് സംവിധാനമാണ് പ്രസ്തുത സെല്ലിന് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെൽ കൃത്യമായ കണക്ക് സൂക്ഷിക്കാതെ എങ്ങനെയാണ് തുടർനടപടികൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കണക്ക് സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം അതത് വകുപ്പുകൾക്ക് നൽകുന്നത് ഏത് വിധത്തിലാണ്; വാക്കാലുള്ള നിർദ്ദേശമാണോ അതോ കത്ത് മുഖേനയോ എന്ന് വ്യക്തമാക്കുമോ;

(ഡി) കത്ത് മുഖേനയെങ്കിൽ 2016 ജനുവരി മുതൽ ഇത്തരത്തിൽ നൽകിയ കത്തുകളുടെ വിശദാംശം ലഭ്യമാക്കാമോ; വാക്കാലുള്ള നിർദ്ദേശമാണെങ്കിൽ സർക്കാർ സംവിധാനത്തിൽ അത്തരം നിർദ്ദേശങ്ങളുടെ സാധുത എത്രയെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) നിലവിൽ പട്ടികതിരിച്ച് വിശദാംശങ്ങൾ സൂക്ഷിക്കുന്നുണ്ട്. 2016 ഡിസംബർ മാസത്തിൽ നടത്തിയ 'ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗ്

ക്യാമ്പയിൻ' മുതലാണ് വിപുലമായ രീതിയിൽ ഒഴിവുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി 2016 ഡിസംബർ 31-ന് കാലാവധി പൂർത്തിയായ പി.എസ്.സി. റാങ്ക് പട്ടികകൾക്ക് പ്രാധാന്യം നൽകി പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള വിവിധ ജില്ലാ ഓഫീസുകളിലും ഡയറക്ടറേറ്റുകളിലുമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ 2394 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകൾ സംബന്ധിച്ച് വകുപ്പ്, തസ്തിക, ഓഫീസ് തിരിച്ചുള്ള പട്ടിക അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ സൂക്ഷിച്ചിട്ടുണ്ട്. ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ നിശ്ചിത പ്രൊഫോർമയിലാണ് ശേഖരിക്കാറുള്ളത്. കണ്ടെത്തിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യം പ്രത്യേകമായി പരിഗണിച്ച് വകുപ്പ് മേധാവികൾക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കർശന നിർദ്ദേശം നൽകുന്നതാണ്.

(സി & ഡി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും സമയബന്ധിതമായി റിപ്പോർട്ടുചെയ്യുന്നതിനായി കാലാകാലങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും പരിപത്രം മുഖേന നിർദ്ദേശം നൽകിവരാറുണ്ട്. 2016 ജനുവരി മുതൽ ഇത്തരത്തിൽ പുറപ്പെടുവിച്ച പരിപത്രങ്ങളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി VARAM (Vacancy Arising Reporting and Monitoring System) എന്ന പേരിൽ സർക്കാർ ഒരു പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ 2017 ജനുവരി മാസം മുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് (പരീക്ഷണാടിസ്ഥാനത്തിൽ) നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

### കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം

27 (*477) ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. അബ്ദുൽ ഹമീദ് .പി. :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഓരോ ഉപകേന്ദ്രത്തിനും അനുവദനീയമായ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ;

(സി) ഈ കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; അവ കൃത്യതയോടെ പ്രാവർത്തികമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചുറ്റുമതിൽ, കുഴൽകിണർ, അറ്റകുറ്റപ്പണി, കാലപ്പഴക്കംചെന്ന ഉപകേന്ദ്രങ്ങൾ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കുക എന്നിവയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതിരോധ കുത്തിവയ്പ്പ്, NCD Clinic, Adolescent Health Clinic, പകർച്ചവ്യാധി നിയന്ത്രണം, മറ്റ് രോഗനിയന്ത്രണ പരിപാടികൾ എന്നിവ ജനപങ്കാളിത്തത്തോടെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. E-Health സംവിധാനം വരുന്നതോടെ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുന്നതാണ്. കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളിലൂടെ നടപ്പിലാക്കിവരുന്ന സേവനങ്ങൾ മെച്ചപ്പെടുത്തി ഇവയെ ജനസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതാണ്.

(ബി) ഓരോ ഉപകേന്ദ്രത്തിനും ജെ.എച്ച്.ഐ., ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ആണ് അനുവദനീയമായ സ്റ്റാഫ് പാറ്റേൺ.

(സി) വാർഡ്തല കുടുംബക്ഷേമ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക, പ്രതിരോധ കുത്തിവെയ്പ്പ് നടത്തുക, ഗർഭകാല പരിചരണം ഉറപ്പുവരുത്തുക, പ്രസവം ആശുപത്രികളിൽ നടത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുക, അമ്മയ്ക്കും കുഞ്ഞിനുമുള്ള പരിചരണം, മുലയൂട്ടൽ പ്രോൽസാഹിപ്പിക്കുക എന്നിവയാണ് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യം. കേരളത്തിൽ മാറിയ രോഗാതുരതയുടെ സാഹചര്യത്തിൽ ജീവിതശൈലീരോഗങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള പ്രത്യേക ആരോഗ്യപരിചരണ സംവിധാനങ്ങൾ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പഞ്ചായത്തിന്റെ സഹായത്തോടെ ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആരോഗ്യ പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## പൊതുജന പങ്കാളിത്തത്തോടെ അഴിമതി നിർമ്മാർജ്ജനം

28 (*478) ശ്രീ. പി. വി. അൻവർ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) പൊതുജന പങ്കാളിത്തത്തോടെ അഴിമതി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിൽവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാർ അഴിമതിരഹിതമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ അവർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) അഴിമതി വെളിച്ചത്ത് കൊണ്ടുവരുന്നവർക്ക് സർക്കാർ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനു വേണ്ടി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരാതികളിന്മേൽ അന്വേഷണം, മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്.

(ബി) പൊതുജന പങ്കാളിത്തത്തോടെയുള്ള അഴിമതി നിർമ്മാർജ്ജനത്തിനായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ 'Arising Kerala', 'Whistle Now' എന്നീ രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാർ അഴിമതിരഹിതമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുമായി ചേർന്ന് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഒരു കോടിയിലധികം രൂപയ്ക്ക് മേലുള്ള അഴിമതി കണ്ടെത്താൻ സഹായിക്കുന്ന വ്യക്തിക്ക് 5 ലക്ഷം രൂപ നൽകുന്ന "Whistle Blowers Award" ഏർപ്പെടുത്തിയിട്ടുണ്ട്.

**സീറോ ടോളറൻസ് ടു കറപ്ഷൻ**

29 (*479) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സീറോ ടോളറൻസ് ടു കറപ്ഷൻ 'എന്ന ലക്ഷ്യം നേടുന്നതിനായി സർക്കാർ വകുപ്പുകളിൽ അഴിമതിസൂചിക തയ്യാറാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനായി എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ഓഫീസുകൾ അഴിമതിമുക്തമാക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ എന്തെല്ലാം സാധ്യതകൾ ഉപയോഗിക്കാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഉണ്ട്. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ, റിസർച്ച് ആന്റ് ട്രെയിനിംഗ് വിംഗിന്റെ ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ അഴിമതിയുടെ തോത് അനുസരിച്ച് വകുപ്പുകളെ തരംതിരിച്ചിട്ടുണ്ട്. ഓരോ മൂന്നു മാസം കൂടുമ്പോഴും വകുപ്പുകൾ തിരിച്ചുള്ള അഴിമതിയുടെ തോത് കണ്ടുപിടിച്ച് നാല് പ്രാവശ്യം കേരള ആന്റി കറപ്ഷൻ ഇൻഡക്സ് ആയി പ്രസിദ്ധീകരിക്കാനാണ് പദ്ധതി.

(ബി) അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചു നീക്കുന്നതിനുവേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കുവേണ്ടിയും ഇതര ജനവിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. സംസ്ഥാന സിവിൽ സർവ്വീസിലേയും സർക്കാർ ഇതര ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്കും കുടുംബശ്രീ പ്രവർത്തകർക്കും വായനാ ശാലകൾ മുഖാന്തരവും പൊതുജനങ്ങൾക്ക് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. അഴിമതിയെപ്പറ്റി വിവരം നൽകുന്നതിനായി വിസിൽ ബ്ലോവർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. അഴിമതി തുടച്ചുനീക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഭരണത്തിന്റെ സദ്ഫലങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും സംതൃപ്തവും അതേസമയം കാര്യക്ഷമവുമായ സിവിൽ സർവ്വീസ് വാർത്തെടുക്കുന്നതിനായി "Zero tolerance to Corruption" എന്ന നയത്തിന്റെ വിജയത്തിനാവശ്യമായ അഴിമതി ബോധവൽക്കരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും വളരെ ശക്തമായും വിപുലമായും സോഷ്യൽ മീഡിയയിലും പത്ര മാധ്യമ ചാനലുകളിലും നടത്തിവരുന്നുണ്ട്.

(സി) പൊതുജന പങ്കാളിത്തത്തോടെയുള്ള അഴിമതി നിർമ്മാർജ്ജനത്തിനായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ 'Arising Kerala', 'Whistle Now' എന്നീ രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്.

## നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് പൊതുവിപണിയിൽ ലഭ്യമാക്കുന്ന നടപടി

30 (*480) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് പൊതുവിപണിയിൽ എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) സബ്സിഡിയിൽ വില്ക്കുന്ന ഉല്പന്നങ്ങൾ ഏതൊക്കെയാണ് എന്നറിയിക്കാമോ;

(സി) പൊതുവിപണിയേക്കാൾ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നൽകുന്ന അവശ്യ ഭക്ഷ്യധാന്യങ്ങൾ ഏതൊക്കെയാണ്;

(ഡി) പൊതുജനങ്ങൾക്ക് നൽകുന്ന ഇത്തരം ഭക്ഷ്യ ധാന്യങ്ങൾക്ക് അളവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിക്കുകയും ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങൾ ഉപഭോക്താക്കളുടെ വീട്ടുപടിക്കൽ എത്തിച്ച് വിതരണം ചെയ്യുന്നതിനായി 22 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിച്ചിട്ടുണ്ട്. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി. സാധനങ്ങളും എം.ആർ.പി. -യേക്കാളും ശരാശരി 5 മുതൽ 30 ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ സപ്ലൈകോയുടെ സ്വന്തം ബ്രാന്റായ "ശബരി" എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു. മാവേലി സ്റ്റോറുകൾ ഇല്ലാത്ത 31 പഞ്ചായത്തുകളിൽകൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, പച്ചരി, മട്ട അരി, ശബരി വെളിച്ചെണ്ണ എന്നിവയാണ് സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ.

(സി) ചെറുപയർ, ഉഴുന്ന് ബോൾ, ഉഴുന്ന് (പൊളി), ഉഴുന്ന് (പരിപ്പ്), കടല, വൻപയർ, തുവരപരിപ്പ്, തുവരപരിപ്പ് (ഫട്ക്ക), പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, മുളക് (കാശ്മീരി), ഗ്രീൻപീസ്, കബോളി ഗ്രാം, പഞ്ചസാര, റാഗി, പച്ചരി, ബോധന അരി, മട്ട അരി, ജയ അരി, ജയ അരി (ആന്ധ്ര ഇതര ഇനം), കുറുവ അരി, പച്ചരി (ഒ.എം.എസ്.എസ്.), പുഴുക്കലരി (ഒ.എം.എസ്.എസ്.), ചെറുപയർ പരിപ്പ് എന്നിവയാണ് ഫ്രീസെയിൽ സബ്സിഡി നൽകുന്ന ഭക്ഷ്യധാന്യങ്ങൾ.

(ഡി) ദുരുപയോഗം തടയുന്നതിനായി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവ് റേഷൻ കാർഡ് മുഖേന നിയന്ത്രിച്ചിട്ടുണ്ട്. ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപരിപ്പ്, പഞ്ചസാര, വെളിച്ചെണ്ണ എന്നിവ ഓരോ കിലോഗ്രാം വീതവും മുളക്, മല്ലി എന്നിവ ½ കിലോഗ്രാം വീതവും നൽകുന്നു. ജയ അരി, കുറുവ അരി, പച്ചരി, മട്ട അരി എന്നിവ മാസത്തിൽ പത്ത് കിലോഗ്രാം രണ്ട് തവണയായി നൽകുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 'നാം മുന്നോട്ട്' എന്ന പരിപാടി

1 (4155) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കെ. ബാബു :

ശ്രീ. കെ. ദാസൻ :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി പൊതുജനങ്ങളുമായി സംവദിക്കുന്നതിന് "നാം മുന്നോട്ട് " എന്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിപാടി മുഖ്യമന്ത്രിയുടെ പരാതി പരിഹാര ഫോറമായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത പരിപാടി വിവിധ ദൃശ്യ മാധ്യമങ്ങൾ വഴി സംപ്രേഷണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) 'സുതാര്യ കേരളം' പരിപാടിയുടെ ഘടനയിലും രൂപത്തിലും മാറ്റം വരുത്തിയുള്ള പരിഷ്കരിച്ച പരിപാടിയാണ് "നാം മുന്നോട്ട് ". തെരഞ്ഞെടുത്ത വിഷയത്തിൽ വിദഗ്ദ്ധരും വിദ്യാർത്ഥികളും ജനങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരും ഉൾപ്പെടുന്ന സദസ്സിനോട് മുഖ്യമന്ത്രി സംവദിക്കുന്ന ഒരു സംവിധാനമാണ് "നാം മുന്നോട്ട്" എന്ന ടെലിവിഷൻ പരിപാടി. സർക്കാരിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുകയും ഇവ സംബന്ധിച്ച് അവരുടെ അഭിപ്രായവും നിർദ്ദേശങ്ങളും ആരായുകയും ചെയ്യുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. പരിപാടിയിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള പരാതികൾ പരിഹരിക്കാനും ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

(സി) മുഖ്യമന്ത്രിയുടെ പരാതിപരിഹാര ഫോറമായിക്കൂടി പ്രയോജനപ്പെടുത്താനാവും വിധമാണ് "നാം മുന്നോട്ട്" വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ഉണ്ട്.

**കെ. എ. പി. ഒന്നാം ബറ്റാലിയനിലേക്കുള്ള റാങ്ക് ലിസ്റ്റ്**

2(4156) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എ. പി. ഒന്നാം ബറ്റാലിയനിലേക്കുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;അതിൽനിന്നും എത്ര പേർക്ക് നിയമനം നൽകി;

(ബി) 2-9-2014-ൽ നിലവിൽവന്ന കഴിഞ്ഞ റാങ്ക് ലിസ്റ്റിൽനിന്നും കെ.എ.പി. ഒന്നാം ബറ്റാലിയനിലേക്ക് എത്രപേർക്ക് നിയമനം നൽകി;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുവാൻ മാസങ്ങൾ മാത്രം ശേഷിക്കുന്നതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം ത്വരിതപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എ.പി. ഒന്നാം ബറ്റാലിയനിലേയ്ക്കുള്ള പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടിക 21-6-2016-നാണ് നിലവിൽ വന്നത്. ടി ലിസ്റ്റിൽനിന്നും 217 പേർക്ക് നിയമന ശിപാർശ നൽകി.

(ബി) മുൻ ലിസ്റ്റിൽനിന്നും 676 പേർക്ക് നിയമന ശിപാർശ നൽകി.

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും ഒഴിവുകൾ തിട്ടപ്പെടുത്തി പരമാവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

## കെ. എസ്. ഇ. ബി . സബ്എഞ്ചിനീയർ ഒഴിവുകൾ സംബന്ധിച്ച പരാതി

3 (4157) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനത്തിലെ ഡോക്കറ്റ് നം; ജി 170202719 ആയി രേഖപ്പെടുത്തി സ്വീകരിച്ച പരാതിയിൻമേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(ബി) കെ. എസ്. ഇ. ബി .യിൽ സബ്എഞ്ചിനീയർ- ഇലക്ട്രിക്കൽ തസ്തികയിൽ പി.എസ്.സി. വഴി നികത്തപ്പെടേണ്ട 30% ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർദ്ധിഷ്ട പരാതി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് നൽകി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ് എഞ്ചിനീയർ, ഇലക്ട്രിക്കൽ തസ്തികയിൽ ഏഴ് ഒഴിവുകളുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഏഴ്.

## പി. എസ്.സി. നിയമനം

4 (4158) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ , 19-5-2016 വരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ എത്ര പേർക്ക് ഇതുവരെ നിയമനം നല്കിയിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്ന എത്ര കേസുകളാണ് പി & എ.ആർ.ഡി. വിജിലൻസ് വിഭാഗം കണ്ടെത്തിയത്; ഇങ്ങനെ ഒഴിവുകൾ കൃത്യസമയം റിപ്പോർട്ട് ചെയ്യാത്ത എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 19-5-2016 വരെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ റാങ്ക് പട്ടിക നിലവിലുള്ളവയിൽ നിയമന ശിപാർശ നൽകിയിട്ടുണ്ട്. റാങ്ക് പട്ടിക നിലവിലില്ലാത്ത തസ്തികകളിൽ ആയത് തയ്യാറാക്കുന്നമുറയ്ക്ക് നിയമന ശിപാർശ നൽകുന്നതാണ്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം 31-3-2017 വരെ ആകെ 31,137 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കാലയളവിൽ 36047 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ഡിസംബർ മാസത്തിൽ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രധാന ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി 2394 ഒഴിവുകൾ കണ്ടെത്തിയിരുന്നു. അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു. ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

5 (4159) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മാത്രമായാണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയിൽ ജീവനക്കാരുടെയും പെൻഷൻകാരുടെയും കുടുംബാംഗങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുമോ;

(സി) സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കും പുറമേ മറ്റ് ഏതെങ്കിലും തരത്തിലുള്ള ജീവനക്കാർക്ക് (പൊതുമേഖലാ സ്ഥാപനങ്ങൾ, ഓട്ടോണമസ് ബോഡികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ) പ്രസ്തുത പദ്ധതി ബാധകമാക്കുമോ;

(ഡി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച കരട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർ, പെൻഷൻകാർ, ആശ്രിതർ എന്നിവരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ലഭ്യമാക്കും.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ടെണ്ടർ നടപടികളിലൂടെ ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിക്കുന്നതും ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെ വിവരങ്ങൾ ശേഖരിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാകേണ്ടതുണ്ട്. പദ്ധതിയുടെ രൂപരേഖ തയ്യാറാകുന്നമുറയ്ക്ക് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## ഹയർ സെക്കന്ററി കൊമേഴ്സ് (ജൂനിയർ ആൻഡ് സീനിയർ) നോൺ വൊക്കേഷണൽ ടീച്ചർ റാങ്ക് ലിസ്റ്റ് കാലാവധി

6(4160) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കന്ററി കൊമേഴ്സ് (ജൂനിയർ ആൻഡ് സീനിയർ) നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലെ നാളിതുവരെയുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

സ്പെഷ്യൽ റൂൾ പ്രകാരം ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ കോമേഴ്സ് (ജൂനിയർ)-ന്റെ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ 25% നിയമനം എച്ച്.എസ്.എ./യു.പി.എസ്.എ/എൽ.പി.എസ്.എ.-യിൽനിന്നുള്ള യോഗ്യരായ അധ്യാപകരുടെ തസ്തികമാറ്റം വഴിയും 75% പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനം വഴിയുമാണ് നടത്തുന്നത്. എല്ലാ എൻ.ജെ.ഡി., എൽ.ഡബ്ല്യു.എ. ഒഴിവുകളും പി.എസ്.സി.-ക്ക് ഹയർ സെക്കന്ററി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത 10 ഒഴിവുകളിലേയ്ക്ക് പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ കിട്ടേണ്ടതുണ്ട്. എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് (സീനിയർ) തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനായി യോഗ്യരായ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) കോമേഴ്സ് അധ്യാപകരുള്ളതിനാൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ കോമേഴ്സ് (സീനിയർ)-ന്റെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ ആകെ നോൺ വൊക്കേഷണൽ ടീച്ചർ (കോമേഴ്സ്) സീനിയറിന് 160 തസ്തികയുണ്ട്. ആയതിൽ സമീപകാലത്തുണ്ടായ 4 (നാല്) ഒഴിവുകൾകൂടി പി.എസ്.സി.-ക്ക് വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഫയൽ അദാലത്തുകൾ**

7(4161) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഫയലുകൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി സെക്രട്ടേറിയറ്റ് വകുപ്പുകൾ, വകുപ്പുമേധാവികൾ, ജില്ലാ കളക്ടർമാർ എന്നിവരോട് മൂന്ന് മാസത്തിലൊരിക്കൽ ഫയൽ അദാലത്ത് നടത്തുന്നതിനായി നിർദ്ദേശിച്ചിരുന്ന പ്രകാരം 2016-2017 കാലയളവിൽ എത്രതവണ ഫയൽ അദാലത്തുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഫയൽ അദാലത്തുകൾ നടത്തിയതിന്റെ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) 2016-17 കാലയളവിൽ സെക്രട്ടേറിയറ്റിലും വിവിധ സർക്കാർ വകുപ്പുകളിലും കളക്ടറേറ്റുകളിലുമായി 64 ഫയൽ അദാലത്ത് നടത്തിയിട്ടുണ്ട്. ഫയലുകൾ കെട്ടിക്കിടക്കുന്ന സാഹചര്യമില്ലാത്ത വകുപ്പുകളിൽ ഫയൽ അദാലത്ത് നടത്തിയിട്ടില്ല.

(ബി) കളക്ടറേറ്റുകളിൽ തൃശ്ശൂർ - 5, പാലക്കാട് - 4, കാസർഗോഡ് -2, കണ്ണൂർ -3, കോട്ടയം - 7, കോഴിക്കോട്-4, കൊല്ലം -2, വയനാട്- 6 തവണയും ഫയൽ അദാലത്ത് നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിൽ 6 തവണയും ലീഗൽമെട്രോളജി, റവന്യൂ എന്നീ വകുപ്പുകളിൽ 5 തവണയും സർവ്വെയും ഭൂരേഖയും വകുപ്പിൽ 4 തവണയും സംസ്ഥാന ജലഗതാഗത വകുപ്പ് 3 തവണയും കിർത്താഡ്സ് വകുപ്പിൽ 2 തവണയും ഹാർബർ എഞ്ചിനീയറിംഗ്, ദേശീയസമ്പാദ്യപദ്ധതി, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റ്, എക്സൈസ് കമ്മീഷണറേറ്റ് എന്നീ വകുപ്പുകളിൽ 1 തവണയും ഫയൽ അദാലത്ത് നടത്തിയിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ഫയൽ അദാലത്തുകൾ നടത്തുന്നതിനായി എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സെക്രട്ടറിയറ്റ് - ജലവിഭവ വകുപ്പ് 2 ഫയൽ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

## എച്ച്.എസ്.എസ്.റ്റി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് നടപടി

8(T*4162) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി. (ഇക്കണോമിക്സ്) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ നീട്ടിയ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം ലഭിച്ചുവെന്നും ശേഷിക്കുന്നവർ എത്രയെന്നും വ്യക്തമാക്കുമോ;

(സി) ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഹയർ സെക്കണ്ടറി അഡീഷണൽ ബാച്ചിൽ വരുന്ന തസ്തികകളിലേക്ക് ഈ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) നിയമനം നേരത്തെയാക്കണമെന്നുൾപ്പടെ എച്ച്.എസ്.എസ്.റ്റി. (ഇക്കണോമിക്സ്) റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എച്ച്.എസ്.എസ്.റ്റി. (ഇക്കണോമിക്സ്) ജൂനിയർ/സീനിയർ തസ്തികയുടെ കാലാവധി 30-6-2017-ലാണ് അവസാനിക്കുന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ബി) എച്ച്.എസ്.എസ്.റ്റി. (ഇക്കണോമിക്സ്) സീനിയർ തസ്തികയിൽ 41 പേർക്കും ജൂനിയർ തസ്തികയിൽ 284 പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി. (ഇക്കണോമിക്സ്) സീനിയർ തസ്തികയിൽ 1335 പേരും ജൂനിയർ തസ്തികയിൽ 1063 പേരും ശേഷിക്കുന്നുണ്ട്.

(സി) അഡീഷണൽ ബാച്ചിലേയ്ക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തുന്നതാണ്.

(ഡി) മാർച്ച്, ഏപ്രിൽ, മേയ് വരെയുള്ള റിട്ടയർമെന്റ് മുഖേനയുണ്ടാകുന്ന എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഒഴിവുകൾ ഇതിനോടകംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

T* മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമം നടപ്പിലാക്കാൻ നടപടി

9 (4163) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയൽ എസ്റ്റേറ്റ് തട്ടിപ്പ് നിയന്ത്രിക്കാനായുള്ള റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമം 1-5-2017 മുതൽ ഇന്ത്യയിലെ 13 സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംസ്ഥാനങ്ങളിൽ കേരളം ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) മുൻ സർക്കാർ കൊണ്ടുവന്ന സംസ്ഥാന റിയൽ എസ്റ്റേറ്റ് അതോറിറ്റി നിലവിലുണ്ടോ; ഇതിന്റെ ചെയർമാൻ ആരാണ്; ഉദ്യോഗസ്ഥർ ആരെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. കേന്ദ്ര ആക്ടായ 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് (ഏതാനും വകുപ്പുകൾ) 2016 മേയ് ഒന്നാം തീയതി നിലവിൽ വന്നു. 2015 - ലെ സംസ്ഥാന ആക്ടിലെ ഒട്ടേറെ വ്യവസ്ഥകൾ കേന്ദ്ര ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ കേന്ദ്ര ആക്ടിനനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിലേയ്ക്കായി സംസ്ഥാന ആക്ട് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിനായി തയ്യാറാക്കിയ കരട്, സർക്കാർ പരിശോധിച്ചുവരുന്നു. കേന്ദ്ര ആക്ട് പ്രകാരം റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയും അപ്പലേറ്റ് ട്രൈബ്യൂണലും സംസ്ഥാനത്ത് രൂപീകരിക്കേണ്ടതുണ്ട്.

(സി) സംസ്ഥാന ആക്ട് റദ്ദാക്കിയിട്ടില്ലാത്തതിനാൽ ടി ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച അതോറിറ്റി ഇപ്പോഴും നിലനിൽക്കുകയാണ്. ചെയർമാനായി ശ്രീ. എസ്. അജയകുമാറാണ്. ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീ. ഡെൻസിൽ ഫെർണാണ്ടസ് സെക്രട്ടറിയുടെ അധികച്ചുമതല വഹിക്കുന്നു. മറ്റ് ഉദ്യോഗസ്ഥരൊന്നും നിലവിലില്ല.

## കേന്ദ്ര സർക്കാരിനോട് ഉന്നയിച്ച ആവശ്യങ്ങൾ

10(4164) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിനോട് ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;

(ബി) ഇന്ന് സംസ്ഥാനം നേരിടുന്ന ഏതെല്ലാം പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി;

(സി) അതിന്മേൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പ്രതികരണം വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രസർക്കാരിനോട് ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു:

കണ്ണൂർ എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച്

ബേക്കൽ, വയനാട്, ഇടുക്കി, ശബരിമല തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എയർസ്ട്രിപ്പ് ആരംഭിക്കുന്നത് സംബന്ധിച്ച്

കോഴിക്കോട് എയർപോർട്ടിന്റെ നവീകരണം പൂർത്തിയായ സാഹചര്യത്തിൽ വലിയ വിമാനങ്ങൾ ഇറക്കാൻ അനുമതി നൽകുന്നത് സംബന്ധിച്ച്

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് കേരളത്തിന് ലഭിക്കേണ്ട അധിക ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്

കേരളത്തിൽ എയിംസ് അനുവദിക്കുന്നത് സംബന്ധിച്ച്

നോട്ട് നിരോധനം കേരള സമ്പദ്‌വ്യവസ്ഥയിലും സഹകരണ മേഖലയിലും ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച്

അങ്കമാലി - ശബരി റെയിൽപ്പാതയുടെ നിർമ്മാണം സംബന്ധിച്ച്

സ്വാതന്ത്ര്യസമര സേനാനിയായിരുന്ന സി. കേശവന്റെ ബഹുമാനാർത്ഥം തപാൽ സ്റ്റാമ്പ് പുറത്തിറക്കുന്നത് സംബന്ധിച്ച്

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്സ് ലിമിറ്റഡിന്റെ നവീകരണത്തിന് ധന സഹായം അനുവദിക്കുന്നത് സംബന്ധിച്ച്

വിഴിഞ്ഞം തുറമുഖപദ്ധതി കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ചേർക്കുന്നത് സംബന്ധിച്ച്

കൊച്ചിയിൽ ഫാർമ പാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്

ഫാക്ടിൽ യൂറിയ പ്ലാന്റ് അനുവദിക്കുന്നത് സംബന്ധിച്ച്

കാസർഗോഡ് എൻഡോസൾഫാൻ ഇരകൾക്ക് ദേശീയമനുഷ്യാവകാശ കമ്മീഷനും സുപ്രീംകോടതിയും പ്രഖ്യാപിച്ച നഷ്ടപരിഹാര തുകയിലെ കേന്ദ്രവിഹിതം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

പി.എം.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2022-ഓടെ എല്ലാവർക്കും വീടുകൾ എന്ന പദ്ധതി പ്രകാരം ഒന്നര ലക്ഷം വീടുകൾ അനുവദിക്കുന്നത് സംബന്ധിച്ച്

പി.എം.ജി.എസ്.വൈ. - II പ്രകാരം കേരളത്തിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്

കേരളത്തിലെ റയിൽവേ ലൈനുകളുടെ നവീകരണം സംബന്ധിച്ച്

കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിന് കേന്ദ്രസഹായം സംബന്ധിച്ച്

കേരളത്തിലെ ദേശീയ പാതകളുടെ നവീകരണം സംബന്ധിച്ച്.

(സി) കേരളത്തിൽ എയിംസ് അനുവദിക്കണമെന്ന ആവശ്യം 6-11-2016- ൽ കേന്ദ്രസർക്കാർ നിരസിച്ചിരുന്നു.

കണ്ണൂർ എയർപോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് പരിശോധന നടത്താനുള്ള കമ്മിറ്റി രൂപീകരിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ശബരിമല വികസനത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്.

സർക്കാർ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

**ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ**

11 (4165) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ എത്ര; സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## ലാവലിൻ കേസിൽ ഹരീഷ് സാൽവേയുടെ ഫീസ്

12(4166) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ലാവലിൻ കേസ് സുപ്രീം കോടതിയിൽ വാദിക്കുന്നതിന് ഹരീഷ് സാൽവേയുടെ ഫീസ് ഉൾപ്പെടെ സംസ്ഥാന സർക്കാർ എത്ര രൂപയാണ് നാളിതുവരെ ചെലവഴിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

ലാവലിൻ കേസ് സുപ്രീം കോടതിയിൽ വാദിച്ചിട്ടില്ല.

## ദേവികുളം നിയോജകമണ്ഡലത്തിൽ വിവിധ വകുപ്പുകളിലെ ഒഴിവുകൾ

13(4167) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ വിവിധ വകുപ്പുകളിലായി എത്ര ഒഴിവുകളുണ്ട് ;വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ പി. എസ്. സി .വഴി നികത്തേണ്ടത് ഏതെല്ലാം;

(സി) ആറ് മാസത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടി

14(4168) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും, തസ്തികകളുടെ വിശദാംശങ്ങളും വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ബി) സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 31-3-2017 വരെയുള്ള കാലയളവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 31137 ഒഴിവുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ഡിസംബർ മാസത്തിൽ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രധാന ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി വിവിധ വകുപ്പുകളിലായി 2394 ഒഴിവുകൾ കണ്ടെത്തി അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു.

## സ്വതന്ത്ര ഓഡിറ്റ് കമ്മീഷൻ രൂപീകരണം

15(4169) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വതന്ത്ര ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഓഡിറ്റ് കമ്മീഷൻ രൂപീകരണം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ നിലവിലുള്ള ഘടനയിൽ എന്ത് മാറ്റമുണ്ടാക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ ഓഡിറ്റ് കമ്മീഷന് രൂപംനൽകുമെന്ന് ബജറ്റ് പ്രസംഗം ഖണ്ഡിക 56 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സ്വീകരിക്കേണ്ട തുടർ നടപടികൾ പരിശോധിച്ചുവരുന്നു.

## പ്രാദേശിക അവധികൾ പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

16(4170) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഘോഷങ്ങളുടെ ഭാഗമായി പ്രാദേശിക അവധികൾ പ്രഖ്യാപിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തൃശ്ശൂർ ജില്ലയിലെ പ്രസിദ്ധമായ പാവറട്ടി വിശുദ്ധ യൗസേപ്പിതാവിന്റെ തീർത്ഥാടന കേന്ദ്രത്തിലെ തിരുനാൾ ദിവസം മുല്ലശേരി ബ്ലോക്ക്പഞ്ചായത്ത് അതിർത്തിയിൽ പ്രദേശിക അവധി നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ ജില്ലകളിലെ സുപ്രധാനമായ പ്രാദേശിക ഉത്സവങ്ങൾക്ക്/ വിശേഷ ദിവസങ്ങൾക്ക് പ്രാദേശിക അവധി അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് പൊതുവായി ജി.ഒ.(എം. എസ്) 327/2002/പൊ.ഭ.വ. തീയതി 4-10-2002 എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാത്ത വിശേഷ ദിവസം/ഉത്സവങ്ങൾക്ക് ആഘോഷങ്ങളുടെ ഭാഗമായി ഉണ്ടാകുന്ന അനിയന്ത്രിതമായ ഭക്തജനത്തിരക്ക്, തൻമൂലം ഉണ്ടാകുന്ന ഗതാഗത പ്രശ്നങ്ങൾ, മറ്റ് സാഹചര്യങ്ങൾ എന്നിവ പരിഗണിച്ച് അതാത് ജില്ലാ കളക്ടർ നൽകുന്ന റിപ്പോർട്ടിന്റെ/ശിപാർശയുടെ അടിസ്ഥാനത്തിൽ വിഷയം പരിശോധിച്ച് സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശികാവധി നൽകിവരുന്നു. പ്രാദേശികാവധികൾ അനുവദിക്കുമ്പോൾ മുൻ നിശ്ചയപ്രകാരമുള്ള പൊതു പരീക്ഷകൾക്ക് തടസ്സമുണ്ടാകുന്നില്ലെന്ന് അതത് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതും എന്നാൽ മേൽ പരാമർശിത സർക്കാർ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെട്ടുവരുന്ന ഉത്സവങ്ങളായാലും തിരുവനന്തപുരം നഗരത്തിന്/താലൂക്കിന് ബാധകമായിട്ടുള്ള പ്രാദേശിക അവധികൾ പ്രഖ്യാപിക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ ആയിരിക്കണം. ഓരോ വർഷവും, ഓരോ കേസിലും ജില്ലാ കളക്ടർമാരിൽ നിന്നുമുള്ള റിപ്പോർട്ടിന്റെ/ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രാദേശികാവധി അനുവദിക്കാൻ അതത് ജില്ലാ കളക്ടർമാരെത്തന്നെ ചുമതലപ്പെടുത്തിക്കൊണ്ടാണ് സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത്.

(ബി) അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് ജില്ലാ കളക്ടറുടെ റിപ്പോർട്ട്/ശിപാർശ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ജില്ലകളുടെ ചുമതല**

17(4171) ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുവാൻ മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ജില്ലകളുടെ ചുമതല നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പദ്ധതി നടത്തിപ്പ് 2016-2017-ൽ അവതാളത്തിലായെന്ന ആക്ഷേപം ഉണ്ടായ സാഹചര്യത്തിലാണോ മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ജില്ലകളുടെ ചുമതല നൽകുവാൻ തീരുമാനിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുതിർന്ന IAS ഉദ്യോഗസ്ഥർക്ക് (ഗവ. സെക്രട്ടറിമാർ) ജില്ലകളുടെ വികസന പ്രവർത്തനവുമായി ബന്ധപ്പെടുത്തി ജില്ലകളുടെ ചുമതല നൽകുന്ന സംവിധാനത്തിന് 16-3-2017-ലെ സ.ഉ (സാധാ.) നമ്പർ 1673/2017/പൊ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(ബി) പദ്ധതി നടത്തിപ്പ് അവതാളത്തിലായെന്ന ആക്ഷേപം ഉണ്ടായിട്ടില്ല. ജില്ലകളിലെ വികസന പ്രവർത്തനങ്ങൾ മുതിർന്ന സെക്രട്ടറിമാർ അവലോകനം ചെയ്യുന്നത് വളരെ പ്രയോജനകരമായിരിക്കുമെന്നതിന്റെ അടിസ്ഥാനത്തിലാണ് മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ജില്ലകളുടെ ചുമതല നൽകിയത്.

## മലയാളം റിപ്പോർട്ടർ നിയമനം

18(4172) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാറ്റഗറി നമ്പർ 270/2014 പ്രകാരം നിയമസഭയിലെ മലയാളം റിപ്പോർട്ടർ ഗ്രേഡ് II-ന്റെ വിജ്ഞാപനം പുറപ്പെടുവിച്ച് എഴുത്ത് പരീക്ഷയും ഡിക്റ്റേഷൻ ടെസ്റ്റും കഴിഞ്ഞിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ നിയമനം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

കേരള നിയമസഭയിലെ റിപ്പോർട്ടർ ഗ്രേഡ് II തസ്തികയുടെ ഡിക്റ്റേഷൻ ടെസ്റ്റ് 12-4-2017-നാണ് നടത്തിയത്. അതിനുശേഷം റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ താലൂക്കുകളിൽ വിവിധ വകുപ്പുകളുടെ താലൂക്ക് സബ് ഡിവിഷൻ ഓഫീസുകൾ

19 (4173) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച താലൂക്കുകളിൽ വിവിധ വകുപ്പുകളുടെ താലൂക്ക് സബ് ഡിവിഷൻ ഓഫീസുകൾ അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത താലൂക്കുകളിൽ സബ് ഡിവിഷൻ ഓഫീസുകൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിൽ പുതിയതായി അനുവദിച്ച താലൂക്കുകളിൽ വിവിധ വകുപ്പുകളുടെ സബ് ഡിവിഷൻ ഓഫീസുകൾ തുടങ്ങുവാൻ ബന്ധപ്പെട്ട വകുപ്പുകളാണ് നടപടി സ്വീകരിക്കേണ്ടത്. സിവിൽ സപ്ലൈസ് വകുപ്പിന്റെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്ന കാര്യം വിലയിരുത്തുന്നതാണ്.

**ഡൽഹിയിലെ ട്രാവൻകൂർ ഹൗസ്**

20(4174) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ ട്രാവൻകൂർ ഹൗസ് സാംസ്കാരിക കേന്ദ്രമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിക്ക് എന്ത് തുകയാണ് ചെലവഴിക്കുന്നത്; ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ പൈതൃക പദവി ഉയർത്തിപ്പിടിച്ചുകൊണ്ട് നിലവിലുള്ള ട്രാവൻകൂർ പാലസ് എന്ന പൈതൃക മന്ദിരത്തിന്റെ ഘടനയിൽ യാതൊരു വ്യത്യാസവും വരുത്താതെ ഒരു ആർട്ട് ഗാലറി, പൊതു പ്രദർശനം, സെമിനാറുകൾ, കോൺഫറൻസുകൾ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനുള്ള ഒരു പൊതുവേദിയാക്കി മാറ്റുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ട്. ഇതിന്റെ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ പ്രശസ്തരായ ആർക്കിടെക്റ്റുകളുടെ പട്ടിക തയ്യാറാക്കാൻ സെർച്ച് -കം-സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതടക്കമുള്ള കാര്യങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ പദ്ധതി സംബന്ധിച്ച നടപടികൾ പ്രാരംഭദിശയിലാണ്. അതിനാൽ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

**സർക്കാർ ജീവനക്കാർ സർക്കാരിനെതിരെ പ്രതികരിക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവ്**

21(4175) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ സമൂഹമാധ്യമങ്ങളിൽക്കൂടിയും, പ്രിന്റ് മീഡിയയിൽക്കൂടിയും സർക്കാരിനെതിരെ പ്രതികരിക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇത്തരം ഒരു ഉത്തരവ് പുറപ്പെടുവിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ ജീവനക്കാർ ഏതെങ്കിലും സംഭാഷണത്തിലൂടെയോ എഴുത്തിലൂടെയോ മറ്റുരീതിയിലോ സർക്കാർ അനുവർത്തിക്കുന്ന നയത്തേയോ സർക്കാർ എടുക്കുന്ന നടപടികളെയോ പൊതുജനമധ്യത്തിലോ അസോസിയേഷനിലോ സംഘത്തിലോ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലാത്തതും അങ്ങനെയുള്ള ചർച്ചയിലോ വിമർശനത്തിലോ യാതൊരു രീതിയിലും പങ്കെടുക്കുവാനോ പാടില്ലാത്തതുമാണെന്ന് 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60 (എ) - യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെ സർക്കാരിന്റെ നയപരമായ കാര്യങ്ങളെപ്പറ്റി സർക്കാർ ജീവനക്കാർ മാധ്യമങ്ങളിലൂടെ അഭിപ്രായ പ്രകടനം നടത്തുവാൻ പാടില്ലെന്നും 19-10-2012- ലെ 19469/ ഉപ.സി. 2/2012 ഉ.ഭ.പ.വ. സർക്കുലറിലൂടെയും നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കാതെ സർക്കാർ ജീവനക്കാർ സാമൂഹ്യ മാധ്യമങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും സർക്കാർ നയങ്ങളെയും നടപടികളയുംക്കുറിച്ച് അഭിപ്രായപ്രകടനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ 31-1-2017 - ലെ 78/ഉപ.സി. 2/2017/ ഉ.ഭ.പ.വ. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**ജീവനക്കാരുടെ സംഘടനകൾ**

22 (4176) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ എത്ര സംഘടനകൾക്ക് നിലവിൽ അംഗീകാരമുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകളിലായി കാറ്റഗറി സംഘടനകളായി എത്ര സംഘടനകൾ പ്രവർത്തിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) അത്തരത്തിൽ പ്രവർത്തിച്ചുവരുന്ന സംഘടനകൾക്ക് എല്ലാം അംഗീകാരം കിട്ടിയിട്ടുള്ളവയാണോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിവിധ വകുപ്പിലെ ജീവനക്കാരുടെ 310 സർവ്വീസ് സംഘടനകൾക്ക് നിലവിൽ സർക്കാർ അംഗീകാരമുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

## ഭാഷാന്യൂനപക്ഷ കമ്മീഷൻ

23 (4177) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നഡ, തമിഴ് ഭാഷാന്യൂനപക്ഷക്കാർക്ക് വേണ്ടി ഭാഷാന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കന്നഡ, തമിഴ് ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി സംസ്ഥാനതലത്തിൽ ഭാഷാ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം അടുത്ത ഭാഷാ ന്യൂനപക്ഷ സംസ്ഥാനതല സമിതിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

## തോട്ടങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ നിയമനിർമ്മാണം

24(4178) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ.സണ്ണി ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടങ്ങൾക്ക് പരിധി നിശ്ചയിച്ച് ശേഷിക്കുന്ന ഭൂമി സർക്കാർ ഏറ്റെടുക്കണമെന്ന് സ്പെഷ്യൽ ഓഫീസർ ശ്രീ. രാജമാണിക്യം നൽകിയ റിപ്പോർട്ടിൽ ശിപാർശ നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) തോട്ടങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ നിയമനിർമ്മാണം ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച കാര്യങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഇക്കാര്യത്തിൽ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കുംവേണ്ടി വാങ്ങിയ കാറുകൾ

25(4179) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ഉപയോഗത്തിനായി എത്ര കാറുകൾ വാങ്ങി; ഇതിനായി എത്ര രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ കമ്പനികളുടെ ഏത് നിലവാരത്തിലുള്ള കാറുകളാണ് വാങ്ങിയത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) നിലവിൽ മന്ത്രിമാർക്കെല്ലാം ആധുനിക സംവിധാനമുള്ള കാറുകൾ ഉള്ളപ്പോൾ വീണ്ടും കാറുകൾ വാങ്ങിയതിന്റെ സാംഗത്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ തലത്തിലെ ആഡംബരങ്ങളും ധൂർത്തും കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ഉപയോഗത്തിനായി കാറുകൾ വാങ്ങിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ ആതിഥേയ മര്യാദയുടെ ഭാഗമായി സംസ്ഥാന അതിഥികൾക്കും വിശിഷ്ട/അതിവിശിഷ്ട വ്യക്തികൾക്കും മറ്റ് വിശിഷ്ടാതിഥികൾക്കും വാഹന സൗകര്യം നൽകുന്നതിനായി ടൂറിസം വകുപ്പിന്റെ പഴയ 35 വാഹനങ്ങൾക്ക് പകരം പുതിയ 35 വാഹനങ്ങൾ (25 ടൊയോട്ട, ഇന്നോവ, ക്രിസ്റ്റ, ZMT 7 സീറ്റ് (ഡീസൽ), 10 ടൊയോട്ട ആൾട്ടിസ്, GL (ഡീസൽ)] വാങ്ങാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) സർക്കാർ തലത്തിലെ ആഡംബരങ്ങളും ധൂർത്തും ഒഴിവാക്കുക എന്നുള്ളതാണ് സർക്കാർ നയം.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ തസ്തികമാറ്റം

26 (4180) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ്മാരുടെ എത്ര ശതമാനം വേക്കൻസിയാണ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാർക്ക് തസ്തികമാറ്റത്തിനായി നീക്കിവെച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) 2016 -ൽ എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ തസ്തികമാറ്റം മുഖേന അസിസ്റ്റന്റുമാരായിട്ടുണ്ടെന്നും ഇതിന് നിശ്ചയിച്ചിരിക്കുന്ന റേഷ്യോ എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) അവസാനമായി എന്നാണ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരിൽ നിന്നും അസിസ്റ്റന്റ് നിയമനം നടത്തിയതെന്നും എത്രപേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) കോൺഫിഡൻഷ്യൽ അസിസ്റ്റന്റിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് മാറ്റം നല്കുന്നതിനുള്ള പുതിയ സർക്കുലർ എപ്പോൾ പുറപ്പെടുവിക്കുമെന്നും എന്താണ് കാലതാമസത്തിനുള്ള കാരണമെന്നും വിശദമാക്കുമോ?

ഉത്തരം

(എ & ബി) നിലവിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് പൊതുഭരണ സെക്രട്ടേറിയറ്റിൽ 25-3-2006-നുശേഷം നിയമിതരായ കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കുമായി തസ്തികമാറ്റത്തിനായി എൻട്രി കേഡർ അസിസ്റ്റന്റ് തസ്തികയുടെ 20% നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത 20%-ൽ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റത്തിനുള്ള അനുപാതം 2:1 ആണ്.

2016-ൽ 2 കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ തസ്തികമാറ്റം വഴി അസിസ്റ്റന്റുമാരായിട്ടുണ്ട്.

(സി) 3.-2-2016 - ൽ. 2 പേർ.

(ഡി) പൊതുഭരണ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിൽനിന്നും അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് മാറ്റത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് 9-5-2017-ലെ എസ്.എ. 1/56/17/പൊ.ഭ.വ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**ഹരിത കേരളം പദ്ധതി**

27(4181) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരള പദ്ധതിയുടെ ഭാഗമായി കേരളത്തിലെ മുഴുവൻ പൊതു കിണറുകളും ശുചീകരിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പഴയ പഞ്ചായത്ത് കിണറുകൾ പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പഴയ പഞ്ചായത്ത് കിണറുകൾ ഒരു പ്രാവശ്യം ശുചീകരിക്കാനും പുനഃസ്ഥാപിക്കാനും നിർദ്ദേശം നൽകും. പഞ്ചായത്തിന്റെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും ഹരിത കേരളം പദ്ധതിക്കായി ജലവിഭവ വകുപ്പിന് ലഭ്യമാക്കിയിട്ടുള്ള ഫണ്ട് ഉപയോഗിച്ചും കിണർ പുന:സ്ഥാപനം സാധ്യമാക്കുന്നതാണ്.

**കേന്ദ്ര പദ്ധതികൾ**

28 (4182) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭ്യമാകുന്ന ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനായിട്ടും, പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നു എന്നുറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ നിലവിലുള്ള പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം; ഇവയ്ക്ക് എത്ര തുക വീതം കേന്ദ്ര സഹായം ലഭ്യമാവുന്നുണ്ട്;

(സി) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ നിലവിലുള്ള കേന്ദ്ര പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതി അവലോകനം എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ നടത്താറുണ്ട്. പദ്ധതിവിഹിതം കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ പ്രസ്തുത അവലോകന യോഗങ്ങളിൽ നൽകാറുമുണ്ട്. കൂടാതെ, മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള പ്ലാൻ എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി ഓരോ ത്രൈമാസത്തിനുശേഷവും യോഗംചേർന്ന് പദ്ധതി പുരോഗതി അവലോകനം നടത്തുകയും ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുംവേണ്ട നിർദ്ദേശം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് നൽകാറുമുണ്ട്. മന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിനിയോഗം സംബന്ധിച്ച് അവലോകനയോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

**ജൈവവൈവിദ്ധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ**

29 (T*4184) ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ജൈവവൈവിദ്ധ്യ സംരക്ഷണമേഖലയിൽ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ജൈവവൈവിദ്ധ്യ ബോർഡിന് കീഴിൽ ഗ്രാമപഞ്ചായത്തുകളിൽ ജൈവവൈവിദ്ധ്യ പരിപാലന സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ഡി) അതത് പ്രദേശങ്ങളിലെ ജൈവ ഇനങ്ങളേയും അതുമായി ബന്ധപ്പെട്ട നാട്ടറിവുകളെയും പ്രയോജനപ്പെടുത്തുന്നതിന് പ്രസ്തുത സമിതികൾ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൈവവൈവിധ്യ സംരക്ഷണ മേഖലയിൽ ബഹുമുഖ കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ സുഗമമാക്കി നടപ്പിലാക്കാൻ കേരള ജൈവവൈവിധ്യ ചട്ടം-2008 കൊണ്ടുവന്നിട്ടുണ്ട്. ഇതിനെ ആസ്പദമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി.) രൂപീകരണം, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കൽ, ജൈവവൈവിധ്യം സ്വായത്തമാക്കുന്നതിനും അതിന്റെ പ്രയോജനം നീതിപൂർവമായി പങ്കുവയ്ക്കുന്നതിനും ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ബി.എം.സി.-കൾക്കുവേണ്ട സാങ്കേതിക സഹായം നൽകൽ, ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കൽ, ജൈവവൈവിധ്യത്തിന്റെ സുസ്ഥിരോപയോഗവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിനാവശ്യമായ ഉപദേശം നൽകുക എന്നിവയാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ ഗ്രാമപഞ്ചായത്ത് തലങ്ങളിൽ നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ്,

T* മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

യു.എൻ.ഡി.പി., ജെ.എൻ.റ്റി.ബി.ജി.ആർ.ഐ. പോലുള്ള ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് വിവിധതരത്തിലുള്ള ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ചെയ്തുവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട നാട്ടറിവുകളെ ക്രോഡീകരിച്ച് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) ബി.എം.സി.കൾ തയ്യാറാക്കിവരുന്നു. നിലവിൽ 82.5 ശതമാനം ബി.എം.സി.കളിൽ പി.ബി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പി.ബി.ആർ.-നെ അടിസ്ഥാനമാക്കിയുള്ള ജൈവവൈവിധ്യ സംരക്ഷണ-വികസന പദ്ധതികൾ ആവിഷ്കരിക്കുക, നടപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ജൈവവൈവിധ്യ പരിപാലന സമിതികൾ നടപ്പിലാക്കുന്നുണ്ട്. ഇതുവരെ തയ്യാറാക്കിയിട്ടുള്ള പി.ബി.ആർ.-ന്റെ വിശദവിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുവാനും അതിന്റെ സംരക്ഷണം, ഉപയോഗം എങ്ങനെ സാധ്യമാക്കാം എന്നതിനും തുടക്കംകുറിച്ചിട്ടുണ്ട്. ഇത്തരം അറിവുകൾ ഗവേഷണ പ്രവർത്തനങ്ങൾക്ക് എങ്ങനെ പ്രയോജനപ്പെടുത്താം, ഒപ്പം അതിലൂടെ ലഭ്യമാകുന്ന പ്രയോജനം/ധനം തുല്യവും നീതിപൂർവവുമായ പങ്കുവയ്ക്കലിലൂടെ (Access and Beneficiary-ABS) എങ്ങനെ നടപ്പാക്കാം തുടങ്ങിയ കാര്യങ്ങളാണ് ഇപ്പോൾ ചെയ്തുവരുന്നത്.

## ഭവന നിർമ്മാണ അനുമതിക്കായി തീരദേശപരിപാലന അതോറിറ്റി മുൻപാകെയുള്ള അപേക്ഷകൾ

30(4185) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കോസ്റ്റൽ റെഗുലേഷൻ സോൺ നിയമത്തിന്റെ പരിധിയിൽ ഭവന നിർമ്മാണ അനുമതിക്കായി കോഴിക്കോട് ജില്ലയിൽനിന്ന് ലഭിച്ചിട്ടുള്ള എത്ര അപേക്ഷകൾ തീരദേശപരിപാലന അതോറിറ്റി മുൻപാകെ സമർപ്പിക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം നിലവിൽ തീർപ്പാക്കി; എത്ര പേർക്ക് ഭവന നിർമ്മാണത്തിന് അനുമതി നൽകി; വ്യക്തമാക്കാമോ;

(സി) ഇനിയും തീർപ്പാവാതെ എത്ര അപേക്ഷകൾ അവശേഷിക്കുന്നു എന്നും ഇത് എപ്പോൾ തീർപ്പാക്കും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 300 - ഓളം അപേക്ഷകൾ KCZMA മുമ്പാകെ സമർപ്പിക്കപ്പെട്ടിരുന്നു.

(ബി) പൂർണ്ണമായ അപേക്ഷകളെല്ലാംതന്നെ തീർപ്പാക്കിയിട്ടുണ്ട്. 200-ഓളം പേർക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) അവശേഷിക്കുന്നില്ല.

**കേരള തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനം**

31(4186) <u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ; ഇപ്പോൾ അത് കൃത്യമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇപ്പോൾ ഏതു വകുപ്പിനാണ് ഈ അതോറിറ്റിയുടെ ഭരണച്ചുമതല; ഏത് വകുപ്പിനു കീഴിലായിരുന്നു മുൻപ് അതോറിറ്റി പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അതോറിറ്റിയുടെ പരിഗണനക്കായി വരുന്ന ഫയലുകൾ ഈ വകുപ്പുകളിൽ പരസ്പരം കൈമാറി കാലതാമസം വരുത്താതെ ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് ആകെയുള്ള എല്ലാ അപേക്ഷകളും അതത് ജില്ലകളിൽ പരിശോധിക്കാൻ സംവിധാനമുണ്ടോ; അവയിലൂടെ എത്ര അപേക്ഷകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീർപ്പാക്കി;

(ഇ) സെക്രട്ടേറിയറ്റിൽ തീരദേശ സംരക്ഷണ വകുപ്പ് രൂപീകരിച്ച് അതോറിറ്റിയെ അതിനുകീഴിലുള്ള സ്വതന്ത്ര ഏജൻസിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) 2016 ജനുവരി മുതൽ അതോറിറ്റിയുടെ പരിഗണനയ്ക്കായി ലഭിച്ച അപേക്ഷകൾ എത്രയെന്ന് ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2011- ലെ തീരദേശ പരിപാലന നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ തീരദേശ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് തീരദേശ പരിപാലന അതോറിറ്റിയാണ്. തീരദേശ പരിപാലന അതോറിറ്റിയെ നിയമിക്കുന്നത് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ്. 8-6-2016-ൽ നിയമിക്കപ്പെട്ട അംഗങ്ങളാണ് അതോറിറ്റിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. അതോറിറ്റിയുടെ പ്രവർത്തനം കൃത്യമായി നടക്കുന്നുണ്ട്. ചുമതലയേറ്റശേഷം കഴിഞ്ഞ 9 മാസങ്ങളിലായി 11 പ്രാവശ്യം യോഗം ചേരുകയും മൂവായിരത്തോളം അപേക്ഷകളിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തീരദേശ പരിപാലന അതോറിറ്റി വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. അതോറിറ്റിയുടെ സെക്രട്ടേറിയറ്റായി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് പ്രവർത്തിക്കുന്നു. മുമ്പ് ശാസ്ത്ര സാങ്കേതിക വകുപ്പായിരുന്നു അതോറിറ്റിയുടെ സെക്രട്ടേറിയറ്റായി പ്രവർത്തിച്ചിരുന്നത്.

(സി) അതോറിറ്റിയുടെ പരിഗണനയ്ക്കായി വരുന്ന ഫയലുകൾ കാലതാമസം ഒഴിവാക്കുന്നതിനായി മുമ്പ് ഇതിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥരുടെയും ശാസ്ത്രജ്ഞരുടെയും സേവനം കുറച്ചുകാലത്തേക്കുകൂടി പുതിയ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ അതോറിറ്റി മുൻകൈ എടുത്ത് ഫയൽ അദാലത്ത് നടത്തി ആയിരത്തോളം ഫയലുകളിൽ തീരുമാനം എടുത്ത് കഴിഞ്ഞിട്ടുമുണ്ട്.

(ഡി) ജില്ലകളിലുള്ള തീരദേശ പരിപാലന കമ്മിറ്റികൾ പുനഃസംഘടിപ്പിക്കാൻ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. നിലവിൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് ജില്ലാ തലത്തിലല്ല. ജില്ലാതലത്തിൽ അപേക്ഷകൾ കൈകാര്യം ചെയ്യുവാൻ സാധിക്കുമോ എന്ന കാര്യം അതോറിറ്റി പരിശോധിച്ചുവരികയാണ്.

(ഇ) നിലവിലുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഇതിനായി പുതിയ വകുപ്പ് രൂപീകരിക്കേണ്ട കാര്യമില്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

**തീരദേശ പരിപാലന നിയമം**

32 (4187) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമം അനുസരിച്ച്, നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മാണ പ്രവൃത്തി ചെയ്യുമ്പോൾ ഭവനനിർമ്മാണം പോലുള്ള പ്രവൃത്തികൾക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ അനുവദിച്ചു നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സാഹചര്യങ്ങളിലാണ് ഇത് അനുവദിച്ച് വരുന്നത്;

(സി) മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഭവനങ്ങൾ നിലവിലുള്ള സ്ഥലത്ത് പുതുക്കി പണിയുന്നതിനും മറ്റും തീരദേശ നിയമത്തിൽ ഇളവുകൾ നൽകി വരുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തീരദേശ പരിപാലന നിയമം അനുസരിച്ച് കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 500 മീറ്ററും വേലയേറ്റത്താൽ സ്വാധീനിക്കപ്പെടുന്ന മറ്റ് ജലാശയങ്ങളുടെ തീരത്തുനിന്നും 100 മീറ്ററും കായൽ ദ്വീപുകളിൽ 50 മീറ്ററും CRZ നിയന്ത്രണ മേഖലയാണ്. ഈ മേഖലയെ CRZ I, CRZ II, CRZ III, സ്പെഷ്യൽ മേഖല എന്നിങ്ങനെ തിരിച്ച് ഓരോ മേഖലയും വ്യത്യസ്ത മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നത്.

(ബി) CRZ II മേഖലയിൽ 19-2-1991-നുമുമ്പ് നിലവിലുള്ള അംഗീകൃത റോഡിന്റെയോ കെട്ടിടങ്ങളുടെയോ കരഭാഗത്തേക്ക് പുതിയ നിർമ്മിതികൾ അനുവദിക്കുന്നു. CRZ III മേഖലയിൽ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. കൂടാതെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും 200 മീറ്ററിനും ഇടയിലുള്ള ഭാഗത്ത് തീരദേശവാസികൾക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും താമസിക്കുന്നതിനുള്ള വീടിന് വിസ്തൃതി നിയന്ത്രണത്തോടെ അനുമതി നൽകി വരുന്നു.

(സി) മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഭവനങ്ങൾ നിലവിലുള്ള സ്ഥലത്ത് പുതുക്കി പണിയുന്നതിന് ചില വ്യവസ്ഥകളോടെ ഇളവുകൾ അനുവദിച്ച് വരുന്നുണ്ട്.

**പരിയാരം വില്ലേജിനെ നോൺ ഇ.എസ്.എ. വില്ലേജായി പ്രഖ്യാപിക്കൽ**

33(4188) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജിനെ നോൺ ഇ.എസ്.എ വില്ലേജായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ചുള്ള അപേക്ഷകളിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജിനെ നോൺ ഇ.എസ്.എ. വില്ലേജായി പ്രഖ്യാപിക്കണമെന്ന ചാലക്കുടി പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ്.

**കോസ്റ്റൽ റെഗുലേഷൻ സോൺ നിയമം**

34 (4189) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. ആർ. ഇസഡ് .നിയമം കാരണം സംസ്ഥാനം നേരിടുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ മുൻ സർക്കാരിന്റെ ഭരണകാലത്ത് വീഴ്ച ഉണ്ടായി എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഈ പ്രശ്നത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രവുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലുകൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിൽ മുൻ സർക്കാർ വരുത്തിയ വീഴ്ച മറികടക്കുന്നതിന് നടത്തുന്ന സജീവ നടപടികൾ വിശദമാക്കുമോ;

(ഡി) കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ പൂർത്തിയായിട്ടുണ്ട്; കോഴിക്കോട് ജില്ലയിലെ ഇതിന്റെ അവസ്ഥയെന്ത്; വിശദമാക്കാമോ;

(ഇ) കോഴിക്കോട് ജില്ലയിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ അനുസരിച്ച് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീട് തീരപ്രദേശത്ത് നിലനിൽക്കുന്നു എന്നത് വിശദമാക്കാമോ;

(എഫ്) സംസ്ഥാനത്തെ സ്ഥിതി എപ്രകാരമാണ് ശൈലേഷ് നായിക് സമിതി റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളത്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) CRZ നിയമംമൂലം കേരളത്തിലെ തീരദേശ മേഖലയിൽ സംസ്ഥാനം നേരിടുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയങ്ങൾ പഠിക്കുന്നതിനായി

കേന്ദ്രം ഡോ. ശൈലേഷ് നായിക് അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി ഇക്കാര്യം വിശദമായി പഠിച്ച് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് 2011-ലെ CRZ വിജ്ഞാപനത്തിൽ ചില ഇളവുകൾ അനുവദിക്കുമെന്ന് കരുതപ്പെടുന്നു.

(സി) 2011-ലെ CRZ റഗുലേഷൻ പ്രകാരമുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP)-യുടെ കേന്ദ്ര സർക്കാർ സ്ഥാപനമായ NCESS മുഖേന തയ്യാറാക്കി മറ്റൊരു കേന്ദ്ര സർക്കാർ സ്ഥാപനമായ NCSCM-ന് പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. ഇത് തിരികെ ലഭിച്ചാലുടനെ കേരളത്തിലെ 10 തീരദേശ ജില്ലകളിലും NCSCM തിരുത്തി അയച്ചുതന്നിരിക്കുന്ന വേലിയേറ്റ രേഖ അനുസരിച്ച് തയ്യാറാക്കിയ Coastal Zone Management Plan-ന്റെ കരട് പുതുക്കുകയും 10 ജില്ലകളിലും ഇത് പ്രസിദ്ധീകരിച്ച് ബന്ധപ്പെട്ടവരുടെ പരാതികൾ കൂടി കേട്ടശേഷം അന്തിമ പ്ലാൻ തയ്യാറാക്കുകയും ഇത് CZMP കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്യും. കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോഴാണ് പ്രസ്തുത പ്ലാൻ അന്തിമമാകുന്നത്.

(ഡി) എല്ലാ ജില്ലകളിലെയും പ്ലാനിന്റെ കരട് തയ്യാറായിട്ടുണ്ട്. NCSCM വേലിയേറ്റ രേഖ അന്തിമമായി തയ്യാറാക്കുന്നതിനനുസരിച്ച് ഇതിനാവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതുണ്ട്.

(ഇ) NCSCM വേലിയേറ്റ രേഖ അന്തിമമായി തയ്യാറാക്കുന്നതിനനുസരിച്ച് മാത്രമേ ഇത്തരത്തിലുള്ള ഔദ്യോഗികമായ കണക്കെടുപ്പ് സാധ്യമാകുകയുള്ളൂ.

(എഫ്) ഡോ. ശൈലേഷ് നായിക് സമിതി റിപ്പോർട്ട് കേന്ദ്ര സർക്കാരിനാണ് സമർപ്പിച്ചിരിക്കുന്നത്. ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമല്ല.

## കേരള സമുദ്രതീരത്തെ മാലിന്യം

35 (4190) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തോട് ചേർന്നുള്ള സമുദ്രതീരം ലോകത്തിലെതന്നെ ഏറ്റവും മാലിന്യമേറിയതാണെന്ന ജർമനിയിലെ ആൽഫ്രഡ് വെഗ്നർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകർ നടത്തിയ പഠനത്തിൽ കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേമ്പനാട് കായലിലാണ് ഏറ്റവും അധികം പ്ലാസ്റ്റിക് ഉള്ളതെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ക്രിയാത്മകമായ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) റിപ്പോർട്ട് ഔദ്യോഗികമായി ലഭ്യമായിട്ടില്ല.

(ബി) വേമ്പനാട് കായലിൽ മാലിന്യനിക്ഷേപമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളും മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്.

**നദികളും ആറുകളും ശുദ്ധീകരിക്കാൻ നടപടി**

36 (4191) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യങ്ങളും കുപ്പികളും, അറവ് മാലിന്യങ്ങളും, കോഴി മാലിന്യങ്ങളും ദുർഗന്ധം വമിക്കുന്ന മറ്റ് മാലിന്യങ്ങളും കെട്ടിക്കിടന്ന് ഒഴുക്ക് നിലച്ച നദികളുടെയും ആറുകളുടെയും തോടുകളുടെയും പുഴകളുടെയുമെല്ലാം നിലവിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ വകുപ്പ് മന്ത്രിമാരെയും വിവിധ സ്ഥലങ്ങളിലെ ജനപ്രതിനിധികളെയും ഉന്നത ഉദ്യോഗസ്ഥരെയും യോജിപ്പിച്ച് ഒരു ബൃഹത്തായ പദ്ധതിക്ക് തുടക്കംകുറിച്ച് എല്ലാ നദികളും ആറുകളും മാലിന്യങ്ങളെല്ലാം ഇല്ലാതാക്കി ശുദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹരിത കേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളും മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്.

**വാഹനങ്ങൾമൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം കുറയ്ക്കാൻ നടപടി**

37(T4192) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾമൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

നിലവിൽ 1989-ലെ കേന്ദ്ര മോട്ടോർവാഹന ചട്ടം 115 പ്രകാരം ഒരു വർഷത്തിലധികം പഴക്കമുള്ള എല്ലാ വാഹനങ്ങൾക്കും ആറുമാസത്തിലൊരിക്കൽ

T മാറ്റിച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അംഗീകൃത പുകപരിശോധനാ കേന്ദ്രങ്ങളിൽ പരിശോധിച്ച് മലിനീകരണത്തോത് നിയന്ത്രണ വിധേയമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. സ്വകാര്യ മേഖലയിലെ ഇത്തരം കേന്ദ്രങ്ങളിൽ നിയമ വിരുദ്ധമായും ശരിയായ വാഹന പരിശോധന കൂടാതെയും സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടെന്ന പരാതി ഉയർന്ന സാഹചര്യത്തിൽ കേന്ദ്രീകൃത സംവിധാനത്തിലൂടെ ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകാനുള്ള നടപടികൾ വകുപ്പ് കെൽട്രോണുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1-4-2017 മുതൽ പി.എസ്. - നാല് നിലവാരത്തിലുള്ള വാഹനങ്ങൾ മാത്രമേ പുതിയതായി വിൽക്കാനോ രജിസ്റ്റർ ചെയ്യുവാനോ പാടുള്ളൂ എന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. ഇത്തരം വാഹനങ്ങളിലെ മലിനീകരണത്തോത് മറ്റ് വാഹനങ്ങളുമായി താരതമ്യം ചെയ്താൽ ഏതാണ്ട് 80 ശതമാനത്തോളം കുറവാണെന്നാണ് കരുതുന്നത്. കൂടാതെ അന്തരീക്ഷ മലിനീകരണം കുറവായ എൽ.എൻ.ജി., സി.എൻ.ജി. മുതലായ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

**ഉയർന്ന ഫ്രീക്വൻസിയിലുള്ള ഹോണുകൾ നിരോധിക്കാൻ നടപടി**

38(4193) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഡെസിബൽ ഫ്രീക്വൻസി വരെയുള്ള ഹോണുകൾ ഉപയോഗിക്കുവാനാണ് അനുമതിയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ശബ്ദമലിനീകരണം നിയന്ത്രിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഇതുസംബന്ധിച്ച ബോധവൽക്കരണം പൊതുജനങ്ങളിൽ ഉളവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി വാഹനത്തിന് അകത്തുള്ളവർക്കും പുറത്തുള്ളവർക്കും ഒരുപോലെ ദോഷകരമാകുന്ന ഉയർന്ന ഫ്രീക്വൻസിയിലുള്ള ഹോണുകൾ നിരോധിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മോട്ടോർ വാഹന നിയമമനുസരിച്ച് ആരോഗ്യത്തിന് ഹാനികരമാകാത്ത വിധത്തിലാണ് വാഹനത്തിൽ ഹോണുകൾ വയ്ക്കേണ്ടത്. 1989 -ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 119 (1) പ്രകാരം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് നിഷ്കർഷിച്ചിട്ടുള്ള IS:1984-1992 മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഹോൺ മാത്രമേ ഘടിപ്പിക്കാവൂ. IS:1984-1992 പ്രകാരം മോപ്പെഡുകൾ, സ്കൂട്ടറുകൾ,

മാഗ്നറ്റോ സിസ്റ്റമുള്ള മോട്ടോർ സൈക്കിളുകൾ എന്നിവയ്ക്കായുള്ള ടൈപ്പ്-1 എ.സി. ഹോണിന് നിഷ്കർഷിച്ചിട്ടുള്ളത് 85 മുതൽ 105 വരെ ഡെസിബെല്ലാണ്. സ്റ്റോറേജ് ബാറ്ററി ഉപയോഗിക്കുന്ന ഇരുചക്ര വാഹനങ്ങൾക്കും മുച്ചക്ര വാഹനങ്ങൾക്കുമുള്ള ടൈപ്പ്-2 (എ) ഡി.സി. ഹോണിന് നിഷ്കർഷിച്ചിട്ടുള്ളത് 90 മുതൽ 115 വരെ ഡെസിബെല്ലാണ്. ഡി.സി. സിസ്റ്റമുള്ള പാസ്സഞ്ചർ കാറുകൾക്കും കൊമേഴ്സ്യൽ വാഹനങ്ങൾക്കുമുള്ള ടൈപ്പ്-2 (ബി) ഡി.സി. ഹോണുകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത് 100 മുതൽ 125 ഡെസിബെല്ലാണ്. പാസഞ്ചർ കാറുകൾക്കും കൊമേഴ്സ്യൽ വാഹനങ്ങൾക്കുമുള്ള വിൻഡ് ടോൺ ടൈപ്പിലുള്ള ടൈപ്പ്-3 ഡി.സി. ഹോണുകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത് 105 മുതൽ 125 ഡെസിബെല്ലാണ്.

ഇതിലധികം ശബ്ദമുണ്ടാക്കുന്ന ഹോണുകൾ ഇളക്കിമാറ്റുന്നതടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സെക്ഷൻ 177 പ്രകാരം പിഴയും ചുമത്തി വരുന്നു. ഇത്തരം ഉയർന്ന ശബ്ദമുയർത്തുന്ന വാഹനങ്ങളും അവയിലെ ഹോണുകളും ജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുവെന്ന് വിവിധ ആരോഗ്യ സാമൂഹിക മേഖലകളിലെ വിദഗ്ദരുടെ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയിലെ നിഗമനങ്ങൾ പരിഗണനയർഹിക്കുന്നുണ്ട്. 2017 ഏപ്രിൽ 26-ാം തീയതി കേരള സംസ്ഥാനത്ത് 'നോ ഹോൺ ഡേ' ആയി ആദ്യമായി ആചരിക്കുകയുണ്ടായി. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിലായിരുന്നു ഈ സംരംഭം. വാഹനങ്ങളിലെ ഹോൺ ഉപയോഗത്തെപ്പറ്റി പൊതുജനങ്ങളെ ബോധവത്കരിക്കുക എന്നതായിരുന്നു ഈ സംരംഭത്തിന്റെ ഉദ്ദേശ്യം.

## പെരിയാറിലെ മാലിന്യ പ്രശ്നം

39 (4194) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യകേരളത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സായ പെരിയാറിൽ മാലിന്യം രൂക്ഷമാകുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരിയാറിന്റെ മാലിന്യ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ സർക്കാർ-സർക്കാരിതര ഏജൻസികളുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിച്ചിട്ടുണ്ടോ;

(സി) കേരള മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയിട്ടുള്ള പരിശോധനയിൽ രാസവ്യവസായശാലകൾ വലിയരീതിയിൽ രാസമാലിന്യം പെരിയാറിൽ തള്ളുന്നതായും കുടിവെള്ള സംഭരണമേഖലയിൽ അപകടകരമായ നിലയിൽ ഖനലോഹമാലിന്യം തള്ളുന്നതായും സ്ഥിരീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരിയാറിൽ മാലിന്യം രൂക്ഷമാകുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പെരിയാറിന്റെ ഗുണനിലവാരം സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മോണിറ്ററിംഗ് റിപ്പോർട്ടുകളിന്മേലാണ് ബോർഡ് നടപടി സ്വീകരിക്കുന്നത്. മറ്റ് ഏജൻസികളുടെ ആധികാരികമായ കണ്ടെത്തലുകൾ ശ്രദ്ധയിൽ വന്നാൽ അവ ബോർഡ് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കും. പെരിയാറിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് പെരിയാർ നദിയിലെ പാതാളം എന്ന സ്ഥലത്ത് ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ റെഗുലേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം സ്ഥിരീകരിച്ചിട്ടില്ല.

(ഡി) പെരിയാറിന്റെ തീരത്തുള്ള എല്ലാ വ്യവസായശാലകളും മതിയായ രീതിയിൽ മലിനജലം ശുദ്ധീകരിച്ചശേഷം മാത്രം പുറന്തള്ളുന്നതിനാണ് ബോർഡിൽ നിന്നും നിബന്ധനാവിധേയമായി അനുമതികൾ നൽകുന്നത്. തുടർന്ന് നടത്തുന്ന പരിശോധനകളിൽ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്തുവരുന്നു. എന്തെങ്കിലും തരത്തിലുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ തുടർനിർദ്ദേശങ്ങൾ നൽകി അത് പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കി വരുന്നു. പെരിയാറിന്റെ തീരത്തുള്ള വ്യാവസായിക മേഖലയുടെ മോണിറ്ററിംഗിനായി എൻവയോൺമെന്റ് സർവൈലൻസ് സെന്റർ എന്ന പേരിൽ ബോർഡിന്റെ ഏലൂരുള്ള ജില്ലാ ഓഫീസ് 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്.

## പ്ലാസ്റ്റിക് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

40(4195) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-6-2016-ൽ ഹൈക്കോടതിയും തുടർന്ന് 23-6-2016-ൽ ഡി.ജി.പി.യും പുറപ്പെടുവിച്ച ഉത്തരവുകളിൽ പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക് കത്തിക്കുന്നത് കുറ്റകരമാണെന്നും അവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വ്യക്തമാക്കിയിരിക്കെ ബസ് സ്റ്റാന്റിലും പാതയോരങ്ങളിലും ഗ്രാമപ്രദേശങ്ങളിലാകെയുള്ള പൊതുസ്ഥലങ്ങളിലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറുകിട ഹോട്ടലുകളിലും തട്ടുകടകളിലുമൊക്കെ ചൂടുള്ള ഭക്ഷണ സാധനങ്ങൾ പ്ലാസ്റ്റിക് പേപ്പറിൽ കഴിക്കുവാൻ നൽകുന്നതും പൊതിഞ്ഞു നൽകുന്നതും

ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന വിദഗ്ധപഠനങ്ങൾ ലഭ്യമായിട്ടും ഇപ്പോഴും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ സൂചിപ്പിച്ച കാര്യങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

(സി) പ്ലാസ്റ്റിക് കത്തിക്കുന്നതുമൂലമുള്ള ദോഷഫലങ്ങളെക്കുറിച്ച് ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ എന്നിവയിലൂടെയും ഇതര മാധ്യമങ്ങളിലൂടെയും പൊതുജനങ്ങൾക്ക് ശക്തമായ ബോധവത്ക്കരണ പരിപാടികൾ ശുചിത്വമിഷൻ നടത്തിവരുന്നു. കൂടാതെ പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് പ്രകൃതിസൗഹൃദ ബദൽ ഉത്പന്നങ്ങളുടെ ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്താകമാനം സ്വീകരിച്ചുവരുന്നു. പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക്കോ റബ്ബറോ കത്തിക്കുന്നത് തടയുന്നതിനും ഇത്തരത്തിലുള്ള സംഭവങ്ങളിൽ മേൽനടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. 50 മൈക്രോണോ അതിൽ കുറഞ്ഞതോ ആയ പ്ലാസ്റ്റിക് കവറുകൾ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ കടത്തുന്നത് തടയുന്നതിന് എല്ലാ പോലീസ് ഓഫീസുകളിലും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശബ്ദമലിനീകരണ നിയന്ത്രണ നടപടി**

41(4196) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ അനുവദിച്ചതിലും ഉയർന്ന ഡെസിബെൽ ഹോണുകൾ ഉപയോഗിക്കുന്നതും ഇവ ആശുപത്രി ഉൾപ്പെടെയുള്ള പൊതു ഇടങ്ങളിൽ ശബ്ദമലിനീകരണം സൃഷ്ടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഹോണുകൾ ഉപയോഗിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഉത്സവങ്ങളോടനുബന്ധിച്ച് ആഴ്ചകളോളം റോഡുകൾ നീളെ അത്യുച്ചത്തിൽ സൗണ്ട് സിസ്റ്റം പ്രവർത്തിപ്പിക്കുന്നതിന് നിയന്ത്രണം നിലവിലുണ്ടോ;

(ഡി) ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിനും കൃത്യമായ സമയംപാലിച്ച് ഉത്സവ/ആഘോഷ പരിസരത്തു മാത്രമായി ഉച്ചഭാഷിണിയുടെ ശബ്ദം പരിമിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹന നിയമമനുസരിച്ച് ആരോഗ്യത്തിന് ഹാനികരമാകാത്ത വിധത്തിലാണ് വാഹനത്തിൽ ഹോണുകൾ വയ്ക്കേണ്ടത്. 1989-ലെ കേന്ദ്രമോട്ടോർ വാഹന ചട്ടം 119 (1) പ്രകാരം ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് നിഷ്കർഷിച്ചിട്ടുള്ള IS: 1984-1992 മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഹോൺ മാത്രമേ ഘടിപ്പിക്കാവൂ. ഇതിലധികം ശബ്ദമുണ്ടാക്കുന്ന ഹോണുകൾ ഇളക്കിമാറ്റുന്നതടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സെക്ഷൻ 177 പ്രകാരം പിഴയും ചുമത്തി വരുന്നു. 2017 ഏപ്രിൽ 26-ാം തീയതി കേരള സംസ്ഥാനത്ത് 'നോ ഹോൺ ഡേ' ആയി ആദ്യമായി ആചരിക്കുകയുണ്ടായി. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിലായിരുന്നു ഈ സംരംഭം. വാഹനങ്ങളിലെ ഹോൺ ഉപയോഗത്തെപ്പറ്റി പൊതുജനങ്ങളെ ബോധവത്കരിക്കുക എന്നതായിരുന്നു ഈ സംരംഭത്തിന്റെ ഉദ്ദേശ്യം.

(സി & ഡി) സംസ്ഥാന സർക്കാർ, ശബ്ദമലിനീകരണ നിയന്ത്രണ ചട്ടങ്ങൾ 2000 പ്രകാരമുള്ള അന്തരീക്ഷ ശബ്ദ ഗുണനിലവാരം (ആംബിയന്റ് നോയിസ് ക്വാളിറ്റി) നിലനിർത്തുന്നതിനായി അധികാരികളെ നിയോഗിച്ചുകൊണ്ട് 29-7-2002-ൽ ആഭ്യന്തര വകുപ്പിൽനിന്നും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്, പോലീസ് കമ്മീഷണർ/സൂപ്രണ്ട് ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നിവരാണ് ഇതുസംബന്ധിച്ചുള്ള അധികാരികൾ. പൊതുസ്ഥലങ്ങളിൽ/ പൊതുനിരത്തുകളിൽ ഉച്ചഭാഷിണികൾ/മറ്റ് ശബ്ദമുണ്ടാക്കുന്ന ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനായി മേലധികാരികളുടെ അനുമതി ആവശ്യമാണ്.

**പി.എസ്.സി. ഓൺലൈൻ പരീക്ഷയും റാങ്ക് ലിസ്റ്റ് കാലാവധി നീട്ടലും**

42(4197) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകാൻ ശിപാർശ നൽകി; വിശദമാക്കാമോ;

(ബി) ഓൺലൈൻ പി.എസ്.സി. പരീക്ഷ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം രണ്ടുതവണ റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ പി.എസ്.സി.-യോട് ശിപാർശ ചെയ്തിരുന്നു. സർക്കാർ ശിപാർശയുടെ അടിസ്ഥാനത്തിൽ 30-6-2016 മുതൽ 30-12-2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി 31-12-2016 വരെയും 31-12-2016 മുതൽ 29-6-2017 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതും ഒരു തവണപോലും കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്തതുമായ റാങ്ക് പട്ടികകളുടെ കാലാവധി 30-6-2017 വരെയും നിബന്ധനകൾക്ക് വിധേയമായി പി.എസ്.സി. ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി & സി) ഉണ്ട്. നിലവിലുള്ള നാല് ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളിൽ കൂടുതൽ ബാച്ചുകൾ ഉൾപ്പെടുത്തിയും പ്രാദേശിക ഭാഷയിലെ ചോദ്യങ്ങൾകൂടി ഓൺലൈൻ രീതിയിലേയ്ക്ക് മാറ്റിയും ഓൺലൈൻ പരീക്ഷ വ്യാപിപ്പിക്കുവാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടി സ്വീകരിച്ചുവരുന്നു.

**പി. എസ്. സി. മുഖേന നിയമനം നടത്താത്ത സ്ഥാപനങ്ങൾ**

43 (4198) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പി.എസ്.സി. മുഖേന നിയമനം നടത്താത്ത ഏതെല്ലാം അർദ്ധസർക്കാർ, സ്വയംഭരണ, പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ മലയാളം**

44(4199) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദം യോഗ്യതയായുള്ള എല്ലാ പി.എസ്.സി. പരീക്ഷകൾക്കും പത്ത് മാർക്കിന് മലയാളം ചോദ്യങ്ങൾ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പി.എസ്.സി. നടത്തുന്ന ബിരുദം യോഗ്യതയായുള്ള പരീക്ഷകൾ മലയാളത്തിൽ നടത്തുന്നതിന് നീക്കമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ, എഞ്ചിനീയറിംഗ്, ലക്ചറർ തസ്തിക പോലെ സാങ്കേതിക യോഗ്യതകൾ വേണ്ടുന്ന തസ്തികകളിലേക്ക് പൂർണ്ണമായി മലയാളത്തിൽ പരീക്ഷ നടത്തുന്നത് പ്രായോഗികമാണോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) മലയാളഭാഷാ ചോദ്യങ്ങൾ പി.എസ്.സി. പരീക്ഷകളിൽ ഉൾപ്പെടുത്തുന്നതിനുള്ള ഒന്നാംഘട്ടമെന്ന നിലയിൽ ബിരുദം യോഗ്യതയായുള്ള ചില തസ്തികകളിൽ മലയാളം/തമിഴ്/കന്നഡ എന്നീ ഭാഷകളിൽ പത്ത് മാർക്കിന്റെ ചോദ്യങ്ങൾ ഉൾപ്പെടുത്താൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ നിയമനപ്പരീക്ഷകളിൽ മലയാളത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പി.എസ്.സി. ചെയർമാനുമായും ഔദ്യോഗികഭാഷാ വകുപ്പ് സെക്രട്ടറിയുമായും 3-5-2017 -ന് നടത്തിയ ചർച്ചയിൽ, ചിങ്ങം 1 മുതൽ ബിരുദം യോഗ്യതയായുള്ള എല്ലാ പരീക്ഷകളിലും 10 മാർക്കിന്റെ മലയാളം ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചു വരുന്നതായി പി.എസ്.സി. ചെയർമാൻ അറിയിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ മലയാള രചനാശേഷി പരിശോധിക്കണമെന്നും പൂർണ്ണമായും മലയാളത്തിൽ പരീക്ഷകൾ നടത്താൻ കഴിയുമോ എന്നും പരിശോധിക്കണമെന്ന് ചർച്ചാവേളയിൽ പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഔദ്യോഗികഭാഷാ വകുപ്പിന്റെയും പി.എസ്.സി.-യുടെയും പ്രതിനിധികളും മറ്റ് വിദഗ്ധരും ഉൾപ്പെടുന്ന സമിതി രൂപവൽക്കരിച്ച് ഇക്കാര്യം പരിശോധിച്ച് വിശദമായി റിപ്പോർട്ട് ലഭ്യമാക്കാമെന്ന് പി.എസ്.സി. ചെയർമാൻ അറിയിച്ചിട്ടുണ്ട്.

(സി) സാങ്കേതിക യോഗ്യതയുള്ള തസ്തികകൾക്ക് മലയാളം ഉൾപ്പെടുത്തുന്നതിൽ സാങ്കേതിക ബുദ്ധിമുട്ടുണ്ടെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

## എൽ.ഡി.സി., വി.ഇ.ഒ. തസ്തികകളുടെ ആലപ്പുഴ ജില്ലാതല പി.എസ്.സി. ലിസ്റ്റ്

45(4200) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.സി., വി.ഇ.ഒ. തസ്തികകളുടെ ആലപ്പുഴ ജില്ലാതല പി.എസ്.സി. ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റുകളിൽനിന്നും ഇതുവരെ എത്രപേരെയാണ് നിയമിച്ചതെന്നും ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും അറിയിക്കാമോ;

(സി) വിവിധ വകുപ്പുകളിലെ എൽ.ഡി.സി. ഒഴിവുകളും എൽ.എസ്.ജി.ഡി.-യിലെ വി.ഇ.ഒ. ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനും പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കാൻ അവസരമൊരുക്കുന്നതിനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) എൽ.ഡി.സി. റാങ്ക് ലിസ്റ്റ് 31-3-2015-നും വി.ഇ.ഒ. റാങ്ക് ലിസ്റ്റ് 25-7-2016 -നും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) എൽ. ഡി. സി. റാങ്ക് ലിസ്റ്റിൽനിന്നും 287 പേർക്കും വി.ഇ.ഒ. റാങ്ക് ലിസ്റ്റിൽ നിന്നും 58 പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്. റാങ്ക് പട്ടികയുടെ കാലാവധി കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷവും ആയിരിക്കും. ഒരു വർഷത്തിനുശേഷം ഇതേ തസ്തികയിലേയ്ക്ക് പുതിയ ഒരു റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന പക്ഷം പഴയ പട്ടിക റദ്ദാകുന്നതാണ്.

(സി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുതപരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പി. എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ് വെയർ VARAM (Vacancy Arising Reporting and Monitoring system) വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ് വെയറിലൂടെ 2017 ജനുവരി മാസം മുതൽ ഹെഡ്ക്വാർട്ടേഴ്സിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് (പരീക്ഷണാടിസ്ഥാനത്തിൽ) നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 28-2-2017- നുമുമ്പ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേർന്ന് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

## ഭരണഭാഷ പൂർണ്ണമായും മലയാളമാക്കാൻ നടപടി

46 (4201) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണഭാഷ മലയാള ഭാഷയാക്കിയെങ്കിലും സെക്രട്ടേറിയറ്റിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, ചീഫ് സെക്രട്ടറിയുടെ സെക്രട്ടറിമാരുമായുള്ള മീറ്റിംഗിന്റെ മിനിറ്റ്സ്, മെമ്മോകൾ, സ്റ്റോർ പർച്ചേസ് വകുപ്പ്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ അന്വേഷണ/പരിശോധനാ റിപ്പോർട്ടുകൾ, മലയാളത്തിൽ തുടങ്ങിയ ഫയലിലെ തുടർകുറിപ്പുകൾ തുടങ്ങി മിക്കവാറും എല്ലാ നടപടികളും മലയാളത്തിൽ എഴുതുന്നതിന് പകരം ആംഗലേയ ഭാഷയിലാണ് എഴുതുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യങ്ങൾ മലയാള ഭാഷയിലാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഒരു നിശ്ചിത തീയതി മുതൽ എല്ലാ സർക്കാർ എഴുത്തുകുത്തുകളും നിർബന്ധമായും മലയാളത്തിലാക്കുന്നതിനും അതിന് വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന മേൽനടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്നുകൂടി വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) ഉണ്ട്. സെക്രട്ടേറിയറ്റിൽനിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സെക്രട്ടറിമാരുമായുള്ള ചീഫ് സെക്രട്ടറിയുടെ പ്രതിമാസ യോഗത്തിന്റെ നടപടിക്കുറിപ്പ് തുടങ്ങിയവ ഇംഗ്ലീഷിലാണ് പുറപ്പെടുവിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടുകളുൾപ്പെടെയുള്ള രേഖകൾ മലയാളത്തിൽ തയ്യാറാക്കുന്നതിന് ഉദ്യോഗസ്ഥഭരണ പരിഷ്കാരവകുപ്പും സ്റ്റോർ പർച്ചേസ് വകുപ്പും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഭാഷാമാറ്റപുരോഗതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിമാരുമായുള്ള ചീഫ് സെക്രട്ടറിയുടെ പ്രതിമാസയോഗത്തിൽ ഭാഷാമാറ്റപുരോഗതി ഒരിനമായി ഉൾപ്പെടുത്തി അവലോകനം ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതല സമിതി തീരുമാനിക്കുകയുണ്ടായി. 2017 മേയ് - 1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും സർക്കുലറുകളും മറ്റ് കത്തിടപാടുകളും ഫയൽനടപടികളും റിപ്പോർട്ടുകളും ചുവടെ കൊടുത്തിരിക്കുന്ന സാഹചര്യങ്ങളിലൊഴികെ മലയാളത്തിൽ മാത്രമേ ആകാവൂ എന്ന് വ്യക്തമാക്കിക്കൊണ്ട് ' ഭരണഭാഷാപ്രഖ്യാപനം' നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നിലനിർത്തിക്കൊണ്ട്,

(1) കേന്ദ്ര സർക്കാർ

(2) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ

(3) ഹൈക്കോടതി - സുപ്രീംകോടതി

(4) ഇതരസംസ്ഥാനങ്ങൾ

(5) മറ്റു രാജ്യങ്ങൾ

(6) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റു ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ

(7) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കുറിപ്പുഫയൽ മലയാളമായിരിക്കണമെന്ന നിബന്ധനയ്ക്കുവിധേയമായി കത്തിടപാടുകൾക്ക് ഇംഗ്ലീഷ് ഉപയോഗിക്കാവുന്നതാണ്.

വകുപ്പുതലവന്മാരും ഓഫീസ് മേധാവികളും ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാരിന്റെ ഭരണഭാഷാമാറ്റനടപടികളിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ ഉത്തരവുകളുടെ ലംഘനമായിക്കണ്ട് നടപടി സ്വീകരിക്കുന്നതാണെന്നും വിശദമാക്കിക്കൊണ്ട് 26-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 6/2017/ഉഭപവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## യോഗ്യതാ മാനദണ്ഡത്തിൽ മാറ്റംവരുത്തുന്ന നടപടി

47(4202) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പരീക്ഷ നടത്തിയതും നിലവിൽ റാങ്ക് ലിസ്റ്റുള്ളതുമായ തസ്തികകളുടെ യോഗ്യതാ മാനദണ്ഡം പുതുക്കി നിശ്ചയിക്കുന്നുണ്ടോ; യോഗ്യതാ മാനദണ്ഡത്തിൽ മാറ്റം വരുത്തുമ്പോൾ റാങ്ക് ലിസ്റ്റിലുള്ളവരെ ബാധിക്കാത്ത വിധത്തിൽ നടപ്പിലാക്കാൻ എന്തെല്ലാം കാര്യങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

വിവിധ തസ്തികയുടെ യോഗ്യതാ മാനദണ്ഡം പുതുക്കി വിശേഷാൽ ചട്ടം ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കുന്ന ചില അവസരത്തിൽ പ്രസ്തുത

തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ള സാഹചര്യം ഉണ്ടാകാറുണ്ട്. ഇത്തരം സാഹചര്യത്തിൽ, പുതുക്കിയ യോഗ്യതാ മാനദണ്ഡം സർക്കാർ വിജ്ഞാപന തീയതിക്കുശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് മാത്രമേ ബാധകമായിരിക്കുകയുള്ളൂ എന്ന് ഒരു അപവാദഖണ്ഡം (saving clause) വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ജൂനിയർ ഇൻസ്ട്രക്ടർ ലബോറട്ടറി അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്**

48(4203) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാറ്റഗറി നമ്പർ 12/2010 പ്രകാരം നടത്തിയ ജൂനിയർ ഇൻസ്ട്രക്ടർ ലബോറട്ടറി അസിസ്റ്റൻറ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് പ്രസിദ്ധീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കാറ്റഗറി നമ്പർ 12/2010 പ്രകാരമുള്ള ജൂനിയർ ഇൻസ്ട്രക്ടർ (ലബോറട്ടറി അസിസ്റ്റന്റ്-കെമിക്കൽ പ്ലാന്റ്) തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഭിമുഖ പരീക്ഷകൂടി പൂർത്തിയാക്കി റാങ്ക് പട്ടിക എത്രയും വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുവാൻ വിദഗ്ദ്ധ സമിതി**

49(4204) ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി പദ്ധതി പുനഃപരിശോധിക്കുവാൻ വിദഗ്ദ്ധ സമിതിയെ നിയമിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തിമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾ; എന്നത്തേക്ക് റിപ്പോർട്ട് തരുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്?

ഉത്തരം

(എ & ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ഫയർമാൻ, ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ റാങ്ക് ലിസ്റ്റ്

50(4205) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-1-2017-ൽ പ്രസിദ്ധീകരിച്ച ഫയർമാൻ, ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് നിയമനം നല്കി എന്ന വിവരം വ്യക്തമാക്കാമോ;

(ബി) നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് ഉടൻ നിയമനം നടത്തുമോ;

(സി) ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം തസ്തികയുടെ യോഗ്യത പരിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിലുള്ളവർക്ക് പരിഷ്കരിച്ച യോഗ്യത നിർബന്ധമാക്കുമോ;

(ഇ) ഈ കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികയുടെ 12-1-2017-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും, ടി തസ്തികയുടെ യോഗ്യത പ്ലസ് ടു പാസ്സായിരിക്കണമെന്ന് പരിഷ്കരിച്ചുകൊണ്ട് 26-11-2014-ൽ ജി.ഒ.(പി)നമ്പർ 243/2014/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾ ഭേദഗതിക്ക് മുൻപ് നിലവിൽ വന്ന 8 ഒഴിവിലേയ്ക്കായി നിയമന ശിപാർശ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത 26-11-2014-നു ശേഷം ലഭിച്ച ഒഴിവുകൾ വാർഷിക സെലക്ഷൻ നടപടി സ്വീകരിച്ച് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും നികത്താൻ പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടി സ്വീകരിച്ചു വരുന്നു.

(സി & ഡി) 12-1-2017-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം യോഗ്യത പരിഷ്കരിച്ചു കൊണ്ടുള്ള ഉത്തരവൊന്നും ഉണ്ടായിട്ടില്ല.

(ഇ) 26-11-2014-ലെ ഉത്തരവുപ്രകാരം ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത പരിഷ്കരിച്ച് ഉത്തരവായിരുന്നെങ്കിലും ടി തസ്തികയിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് (പഴയ യോഗ്യത അടിസ്ഥാനമാക്കി) നിയമനം നടത്തുന്നതിനായി പി.എസ്.സി.

26-12-14 തീയതിയിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും റാങ്ക് ലിസ്റ്റ് 12-1-17-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. യോഗ്യത പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റ് റദ്ദുചെയ്യുകയോ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്യുന്നപക്ഷം റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിനുള്ള അവസരം നഷ്ടമാകുന്ന സാഹചര്യം സംജാതമാകുമെന്നതിനാൽ 1-1-2015-നോ അതിനുശേഷമോ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ള ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികയുടെ വിജ്ഞാപനങ്ങൾക്കുമാത്രം പുതുക്കിയ യോഗ്യത ബാധകമാക്കികൊണ്ട് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ പി.എസ്.സി.-യുടെ ഉപദേശം തേടിയിരിക്കുകയാണ്.

**ഫയർമെൻ, ഡ്രൈവർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്**

51 (4206) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റസ്ക്യൂ സർവീസിൽ ഫയർമെൻ, ഡ്രൈവർ തസ്തികയിലേക്ക് നിയമനം നൽകുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എത്ര പേർക്ക് നിയമനം നൽകി;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിലേക്കായി പരീക്ഷ നടത്തിയതിനുശേഷം ഇതുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളെ അത് ദോഷകരമായി ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികയുടെ 12-1-2017-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികയുടെ 12-1-2017-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും, ടി തസ്തികയുടെ യോഗ്യത പ്ലസ് ടു പാസ്സായിരിക്കണമെന്ന് പരിഷ്കരിച്ചുകൊണ്ട് 26-11-2014 ലെ ജി.ഒ.(പി) നം.243/2014 /ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾ ഭേദഗതിക്ക് മുൻപ് നിലവിൽവന്ന 8 ഒഴിവിലേയ്ക്കായി നിയമന ശിപാർശ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത 26-11-2014-ന് ശേഷം ലഭിച്ച ഒഴിവുകൾ വാർഷിക സെലക്ഷൻ നടപടി സ്വീകരിച്ച് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും നികത്താൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായിട്ടുള്ളതായും പി.എസ്.സി. സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

**വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം**

52(T4207) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ ഏതെല്ലാം കോഴ്സുകൾക്കാണ് കേരള പി.എസ്.സി.യുടെ അംഗീകാരം ഉള്ളതെന്നും, ഇല്ലാത്ത കോഴ്സുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. അംഗീകാരം ഇല്ലാത്ത കോഴ്സുകൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ വി.എച്ച്.എസ്.ഇ. കോഴ്സുകൾക്കും പി.എസ്.സി.-യുടെ അംഗീകാരമുണ്ട്.

(ബി) ബാധകമല്ല.

**ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട എസ്.ആർ.ഒ.**

53(4208) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റ് സർവ്വീസിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട എസ്.ആർ.ഒ. 636/16-ലെ അപാകതകൾ പരിഹരിച്ച് പുതിയ എസ്.ആർ.ഒ. പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എസ്.ആർ.ഒ. 636/16-ന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ബൈട്രാൻസ്ഫർ നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എസ്.ആർ.ഒ. 636/16-ലെ അപാകതകൾ പരിഹരിച്ചാലും ഇതേ ആവശ്യത്തിനായി ഇറക്കിയ എസ്.ആർ.ഒ. 9/2016 നിലനിൽക്കുമെന്ന ആശങ്ക പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; എസ്.ആർ.ഒ. 9/2016 റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) എസ്.ആർ.ഒ. 639/16-ന്റെ അപാകത പരിഹരിച്ച് ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുഭരണ വകുപ്പിൽ SRO 636/16 പ്രകാരം നിയമനം നടത്തിയിട്ടില്ല.

(സി) SRO 9/16, SRO 636/16 ഇവയിലെ അപാകതകൾ പരിഹരിച്ച് ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റം**

54(4210) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരവകുപ്പുകളിലെ ഓഫീസ് അറ്റൻഡന്റ്മാരിൽനിന്നും സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് നിലവിൽ എത്ര ശതമാനം തസ്തികളാണ് നീക്കിവച്ചിരിക്കുന്നത്;

(ബി) മറ്റ് വകുപ്പുകളിൽ ഓഫീസ് അറ്റൻഡന്റ്മാരിൽനിന്നും എൽ.ഡി.ക്ളർക്ക് തസ്തികയിലേക്കുള്ള തസ്തികമാറ്റത്തിന് നിലവിലുള്ള ശതമാനത്തിന് സമാനമായി പ്രസ്തുത റേഷ്യോ വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അസിസ്റ്റന്റ് തസ്തികയിലുണ്ടാകുന്ന ഒഴിവിന്റെ 2% ആണ് ഇതര വകുപ്പുകളിലെ ഓഫീസ് അറ്റൻഡന്റുമാരിൽനിന്നും സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് നീക്കിവച്ചിരിക്കുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ഐ. ടി. വ്യവസായ പ്രോത്സാഹനത്തിനായുള്ള പദ്ധതികൾ**

55(4211) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. വ്യവസായ പ്രോത്സാഹനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സർക്കാർ സേവന സംവിധാനങ്ങളിൽ ഇ-ഗവേണൻസ്, എം-ഗവേണൻസ് തുടങ്ങിയ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതോടൊപ്പം

സംസ്ഥാനത്തുനിന്നുള്ള ഐ.ടി. ഉൽപ്പന്നങ്ങളും ഐ.ടി. സേവനങ്ങളും പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഐ.ടി. വ്യവസായ പ്രോത്സാഹനത്തിനായുള്ള വൻകിട പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ പുരോഗതി എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐ. ടി. വ്യവസായ പ്രോത്സാഹനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ വിവരസാങ്കേതികവിദ്യയുള്ള നിർണ്ണായകമായ പങ്ക് മനസ്സിലാക്കി അവ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തെ ഏറ്റവും നല്ല ഐ.ടി. നിക്ഷേപ സൗഹൃദ കേന്ദ്രമാക്കുക, മികച്ച ഇ-ഗവേണൻസ് സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ സുഗമവും സുതാര്യവുമാക്കി എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടുകൂടി രൂപീകരിക്കുന്ന പുതിയ ഐ.ടി. നയം. വിവരസാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്/ ടെലികോം/മൊബൈൽ തുടങ്ങിയ മേഖലകളും മറ്റ് അനുബന്ധ വ്യവസായങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസനങ്ങളാണ് ഐ.റ്റി. വികസനത്തിന്റെ അഭിവൃദ്ധിക്കായി പ്രസ്തുത നയത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മേഖലകളും ഐ.റ്റി. നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു:

- ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവേണൻസ്)
- മാനവശേഷി മൂലധന വികസനം
- പശ്ചാത്തല/അടിസ്ഥാന വികസന സൗകര്യങ്ങൾ
- ഐ.ടി. പാർക്കുകൾ
- ഏകജാലക സർക്കാർ പോർട്ടൽ
- സ്വതന്ത്ര ഓപ്പൺ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗവും ഉത്പാദനവും
- ഇലക്ട്രോണിക്സ് സേവനങ്ങൾ, വിഭവ സമാഹാരങ്ങൾ
- ജനസേവന കേന്ദ്രങ്ങൾ, ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ കൊമേഴ്സ്, ഇ-കൊമേഴ്സ്, മൊബൈൽ കൊമേഴ്സ്, ടെക്നോളജി ഇന്നവേഷൻ സോൺ, സ്റ്റാർട്ട്അപ്പ് സംവിധാനങ്ങൾ, ഓൺലൈൻ വിപണന കേന്ദ്രങ്ങൾ, സൈബർ മേഖല, ഫാബ് ലാബുകൾ, സ്മാർട്ട് ഗ്രാമങ്ങൾ, വ്യവസായ വികസനവും തൊഴിലവസരങ്ങളും വിവരവിനിമയ ശൃംഖലകളും ഡാറ്റാ സെന്ററുകളും തുടങ്ങി നിരവധി മേഖലകൾ സംസ്ഥാനതല വികസനത്തിനായി ഐ.ടി. പോളിസിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നവേഷൻ ഇൻക്യുബേറ്റർ ഹബ്ബായി കേരള ടെക്നോളജി ഇന്നവേഷൻ സോൺ (KTIZ) കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചുവരികയാണ്.

(ബി) സർക്കാർ സേവന സംവിധാനങ്ങളിൽ ഇ-ഗവേണൻസ്, എം-ഗവേണൻസ് തുടങ്ങിയ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതോടൊപ്പം സംസ്ഥാനത്തു നിന്നുള്ള ഐ.ടി. ഉൽപ്പന്നങ്ങളും ഐ.ടി. സേവനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയിൽ പ്രധാനമായവ ഏകജാലക സർക്കാർ പോർട്ടൽ, ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ്, സാങ്കേതികവിദ്യ അടിസ്ഥാന സൗകര്യങ്ങൾ, ഏകജാലക സ്റ്റേറ്റ് പോർട്ടൽ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇ-ഗവേണൻസ് സംവിധാനം, നിലവിലുള്ള ഇ-ഗവേണൻസ് സംവിധാനങ്ങളോടൊപ്പം കൂടുതൽ പുതിയ സേവനങ്ങളും ലഭ്യമാക്കുക, അക്ഷയ കേന്ദ്രങ്ങൾ, അക്ഷയ ബാങ്കിംഗ് സംയുക്ത സംരംഭങ്ങൾ, കിയോസ്കുകൾ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ, സിറ്റിസൺ കോൾ സെന്ററുകൾ തുടങ്ങിയ സംവിധാനങ്ങളും സജ്ജീകരിക്കാൻ പുതിയ ഐ. ടി. നയത്തിലൂടെ ഉദ്ദേശിക്കുന്നുണ്ട്.

(സി) തിരുവനന്തപുരം ടെക്നോപാർക്കുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിൽ മൂന്നാംഘട്ട പദ്ധതിയിലും ടെക്നോസിറ്റിയിലുമാണ് വൻകിട പദ്ധതികൾ ഉടൻ പ്രതീക്ഷിക്കുന്നത്. മൂന്നാംഘട്ടം - SEZ മേഖലയിൽ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ഗംഗ-യമുന ഐ.ടി. കെട്ടിട സമുച്ചയത്തിൽ ഏകദേശം മുഴുവൻ സ്ഥലങ്ങളും കമ്പനികൾക്ക് നൽകിക്കഴിഞ്ഞു. 10 ഏക്കർ SEZ ഭൂമിയിൽ IT/ITES സംരംഭങ്ങളും 9.73 ഏക്കർ Non SEZ ഭൂമിയിൽ കൊമേഴ്സ്യൽ വ്യവസായ സംരംഭങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ബോസ്റ്റൺ ആസ്ഥാനമായ ടോറസ് ഗ്രൂപ്പിന്റെ ഡൗൺടൗൺ ടെക്നോപാർക്ക് പദ്ധതി ടെക്നോപാർക്കിന്റെ വൻകിട പദ്ധതികളിൽ ഉൾപ്പെടുന്നു. ഇതിനായി ടെക്നോപാർക്കും ടോറസും തമ്മിൽ ഒരു എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലം നൽകാനും ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഏതാനും മാസങ്ങൾക്കുള്ളിൽ ഈ പദ്ധതി ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റൊരു വൻപദ്ധതിയായി 423 ഏക്കറിലുള്ള ടെക്നോസിറ്റി പദ്ധതിയിലെ IT/ITES വ്യവസായ സംരംഭങ്ങൾക്കൊപ്പം സാങ്കേതികവിദ്യയുടെ കേന്ദ്രമായി നോളജ്സിറ്റി സ്ഥാപിക്കാനും പദ്ധതിയുണ്ട്. അക്കാദമിക് മേഖലയിലെ വൻകിട സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടൊപ്പം നിക്ഷേപങ്ങൾക്കും മറ്റ് സാങ്കേതിക സംരംഭങ്ങൾക്കുമായി നിരവധി കമ്പനികളുടെ പങ്കാളിത്തത്തോടെയാകും നോളജ്സിറ്റി നടപ്പാക്കുക. ടെക്നോപാർക്കിന്റെ ആദ്യത്തെ കെട്ടിടത്തിന്റെ പണി ടെക്നോസിറ്റിയിൽ ഉടൻ ആരംഭിക്കും. രണ്ട് വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കി

ഐ.ടി. സംരംഭങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. റോഡ്, വൈദ്യുതി, ജലവിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നവേഷൻ ഇൻക്യുബേറ്റർ ഹബ്ബായി കേരള ടെക്നോളജി ഇന്നവേഷൻ സോൺ (KTIZ) കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് സ്ഥാപിച്ച് വരികയാണ്. നിർമ്മിച്ച സ്റ്റാർട്ടപ്പ് മോഡ്യൂളുകൾ, ഉയർന്ന നിലവാരമുള്ള ഫാബ്രിക്കേഷൻ ലാബുകൾ, ആർ & ഡി ലാബുകൾ, വാണിജ്യ ഓഫീസുകൾ, ഡോർമെട്ടിക്കുകൾ മുതലായവ ഉൾപ്പെടുന്നതായിരിക്കും കേരള ടെക്നോളജി ഇന്നവേഷൻ സോൺ. ബയോടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ (KSUM-RGCB), ഇന്നവേഷൻ ബിസിനസ് ഇൻകുബേറ്റർ (സൊസൈറ്റി), ഇലക്ട്രോണിക്സ് ഇൻക്യുബേറ്റർ (IIITM-K, Diety, Government of India എന്നിവയുടെ സംയുക്ത സംരംഭം) എന്നിവയാണ് നിലവിലെ പ്രസ്തുത സോണിലുള്ളത്.

**അക്ഷയകേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി**

56 (4212) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ അമിതഫീസ് ഇടാക്കുന്നത് സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിനും സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഏകീകൃത നിരക്കേർപ്പെടുത്തുന്നതിനും നടപടി സ്വീകരിയ്ക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) പരാതികൾ ലഭിക്കുന്നമുറയ്ക്ക് പരിശോധനകൾ നടത്താറുണ്ട്. പരാതി ലഭിക്കുമ്പോൾ ആദ്യം അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസ് മുഖേന അന്വേഷണം നടത്തി ബന്ധപ്പെട്ട അക്ഷയ സംരംഭകനിൽനിന്നും വിശദീകരണം ആവശ്യപ്പെടും. തുടർന്ന് ഹിയറിംഗ് ആവശ്യമെങ്കിൽ പ്രാഥമിക തലത്തിൽ ഹിയറിംഗ് നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മെമ്മോ നൽകുക, താക്കീത് നൽകുക, പിഴ ചുമത്തുക തുടങ്ങി പ്രസ്തുത അക്ഷയ കേന്ദ്രത്തിന്റെ അംഗീകാരം റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ പരാതിയുടെ ഗൗരവമനുസരിച്ച് സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ജില്ലാതലത്തിൽ അക്ഷയ ചീഫ് കോ-ഓർഡിനേറ്ററായ ജില്ലാ കളക്ടറും സംസ്ഥാനതലത്തിൽ അക്ഷയ ഡയറക്ടറും അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാറുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന സേവനങ്ങൾക്ക്

ഈടാക്കേണ്ട സർവ്വീസ് ചാർജ് സംബന്ധിച്ച ചാർട്ട് ഓരോ അക്ഷയ കേന്ദ്രത്തിലും പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് അക്ഷയ ജില്ലാ ഓഫീസുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങൾ സന്ദർശിച്ച് ആയത് ഉറപ്പുവരുത്തുന്നുമുണ്ട്. ചാർട്ട് പ്രദർശിപ്പിക്കാത്ത സെന്ററുകൾക്ക് ഇതുസംബന്ധിച്ച് നിർദ്ദേശം നൽകി വരുന്നുണ്ട്. സർവ്വീസ് ചാർജ്ജുകൾ ഏകീകരിച്ചിട്ടുണ്ടെങ്കിലും അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന ചില സേവനങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല. അക്ഷയ കേന്ദ്രങ്ങൾ ഇതിന് വ്യത്യസ്ത നിരക്കുകൾ ഈടാക്കിവരുന്നു. ആയത് പരിഹരിച്ച് നിശ്ചിത നിരക്ക് നിർണ്ണയിക്കുന്നതിന് അക്ഷയ ഡയറക്ടർ പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്.

**അക്ഷയ കേന്ദ്രങ്ങൾ ഈടാക്കുന്ന സർവ്വീസ് ചാർജ്**

57(4213) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുവേണ്ടി അക്ഷയ കേന്ദ്രങ്ങൾ ഓരോരുത്തരിൽ നിന്നും 100 മുതൽ 150 രൂപ വരെ ഈടാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിന് അക്ഷയ കേന്ദ്രങ്ങൾ ഈടാക്കുന്ന സർവ്വീസ് ചാർജ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) അക്ഷയ കേന്ദ്രങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾക്ക് പൊതുവായ സർവ്വീസ് ചാർജ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് ഏകീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ പത്തനംതിട്ട ജില്ലയിൽ ചെന്നീർക്കര പഞ്ചായത്തിലെ ഊന്നുകൽ അക്ഷയ കേന്ദ്രത്തിൽ 80 രൂപ വരെ വാങ്ങിയതായി പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയ തുക ബന്ധപ്പെട്ട അക്ഷയ കേന്ദ്രം അപേക്ഷകർക്ക് മടക്കിനൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

(ബി) പരിശോധിച്ചുവരികയാണ്.

(സി) ഉണ്ട്.

## ഡിജിറ്റൽ ഇന്ത്യ പബ്ലിക് ഇന്റർനെറ്റ് അക്സസ്സ് പ്രോഗ്രാം

58 (4214) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡിജിറ്റൽ ഇന്ത്യ പബ്ലിക് ഇന്റർനെറ്റ് അക്സസ്സ് പ്രോഗ്രാമിന്റെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ , ലഭിച്ച തുക ,വിനിയോഗിച്ച തുക എന്നിവ ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കയാണ്; ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്; ഈ വർഷം എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഈ പദ്ധതി പ്രകാരം സിറ്റിസൺ കോമൺ സർവ്വീസ് സെന്ററുകൾ വഴിയും പോസ്റ്റ് ഓഫീസ് വഴിയും ജനങ്ങൾക്ക് ഇ- സേവനങ്ങൾ എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ പദ്ധതി വഴി തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി) കേരള സംസ്ഥാന ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ), പബ്ളിക് വൈഫൈ എന്നീ പദ്ധതികളാണ് ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്നത്.

കേരള സംസ്ഥാന ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയായ 1028 കോടി രൂപ സംസ്ഥാന വിഹിതമാണ്. കിഫ്ബി വഴിയാണ് തുക സമാഹരിക്കുന്നത്. ഈ പദ്ധതിയുടെ കൺസൾട്ടൻസി ചാർജായ 46.65 ലക്ഷം രൂപയിൽ 4.68 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

പബ്ളിക് വൈഫൈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയായ 25 കോടി (1000 വൈഫൈ ഹോട്ട് സ്പോട്ട്) രൂപ സംസ്ഥാന വിഹിതമാണ്. പദ്ധതി നടപ്പിലാക്കുന്നതിന് ഓപ്പറേറ്ററെ കണ്ടെത്തുവാൻവേണ്ടി ഐ.ടി. മിഷൻ Expression of Interest (EOI) 21-4-2017-ൽ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഈ വർഷം തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

## അക്ഷയയുടെ സേവന നിരക്കുകൾ

59(4215) ശ്രീ. അബ്ദുൽ ഹമീദ് .പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിരക്ക് നിലവിൽ വന്നത് എന്ന് മുതലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) അക്ഷയ സംരംഭങ്ങൾ സാമ്പത്തികമായി വിജയകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിലക്കയറ്റം, രൂപയുടെ മൂല്യശോഷണം, മറ്റ് ചെലവുകളുടെ വർദ്ധനവ് എന്നിവ അക്ഷയയുടെ സേവന നിരക്കുകൾ നിശ്ചയിക്കുന്നതിന് മാനദണ്ഡമാക്കാറുണ്ടോ;

(ഡി) അക്ഷയ കേന്ദ്രങ്ങളുടെ സേവന നിരക്കുകൾ പുനഃക്രമീകരിക്കാറുണ്ടോ; എങ്കിൽ എത്ര വർഷത്തിലൊരിക്കൽ; മാനദണ്ഡം എന്താണ്;

(ഇ) അക്ഷയയുടെ സേവന നിരക്കുകൾ അവസാനമായി നിശ്ചയിച്ചുനൽകിയത് എന്നാണ്; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) അക്ഷയ സംരംഭങ്ങൾ ലാഭകരമായി നടത്തിക്കൊണ്ട് പോകുന്നതിനാവശ്യമായ പിന്തുണ സംരംഭകർക്ക് നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഓരോ വകുപ്പിന്റെയും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്നമുറയ്ക്കാണ് പ്രസ്തുത സേവനങ്ങൾക്ക് നിരക്കും നിശ്ചയിക്കുന്നത്. നിലവിലെ നിരക്കുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു. സാമ്പത്തിക ലാഭമല്ല മറിച്ച് പൊതുജന സേവനമെന്ന ലക്ഷ്യം മുൻനിർത്തിയാണ് സർക്കാർ സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കി അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്ന സംരംഭകരെ സംബന്ധിച്ചിടത്തോളം ആയത് ലാഭകരമാകേണ്ടതുണ്ട്. അക്ഷയ കേന്ദ്രങ്ങളെല്ലാം പൊതുവെ ലാഭകരമായി തന്നെയാണ് പ്രവർത്തിക്കുന്നത്. വരുമാനത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാകുമെന്ന് മാത്രം. അക്ഷയയിലൂടെ നടപ്പിലാക്കുന്ന ചില പദ്ധതികൾ കാലികമായതിനാൽ അത്തരം പദ്ധതികൾക്കുവേണ്ടി സേവനങ്ങൾ ലഭ്യമാക്കുക വഴി അക്ഷയ കേന്ദ്രങ്ങൾക്ക് സാമ്പത്തിക നേട്ടമുണ്ടാകാറുണ്ട്.

(സി) ഉണ്ട്.

(ഡി) പുനഃക്രമീകരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഓരോ വകുപ്പിന്റെയും സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന മുറയ്ക്കാണ് പ്രസ്തുത സേവനങ്ങൾക്ക് നിരക്കും നിശ്ചയിക്കുന്നത്. ഓരോ പ്രോജക്റ്റിനും വെവ്വേറെ സർക്കാർ ഉത്തരവ് പ്രകാരമാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 31-3-2017- ലെ സ.ഉ.(കൈ) നമ്പർ 21/2017/ വ്യവ. പ്രകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മൈനിംഗ് & ജിയോളജി വകുപ്പിലെ കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS)-ന്റെ ഭാഗമായ ഇ-പാസ്സിന് വേണ്ടിയുള്ള രജിസ്ട്രേഷന്റെ നിരക്കാണ് അവസാനമായി നിശ്ചയിച്ചിട്ടുള്ളത്.

(എഫ്) അക്ഷയ പദ്ധതികളുടെ വിവരണങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചും വിവിധ സർക്കാർ സർക്കാരിതര വകുപ്പുകളുമായി ആശയ വിനിമയം നടത്തിയും സംസ്ഥാന-കേന്ദ്ര സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തുന്ന ശില്പശാലകളിൽ അക്ഷയയുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയും പ്രദർശന സ്റ്റാളുകളും വിവിധ തലങ്ങളിലുള്ള ക്യാമ്പയിനുകളും ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റിയുടെ കമ്മിറ്റികളിൽ പുതിയ പദ്ധതികളുടെ ആശയ രൂപീകരണവും ചർച്ചകളും സംഘടിപ്പിച്ചും അക്ഷയ സംസ്ഥാന/ജില്ലാ ഓഫീസുകൾ അക്ഷയ സംരംഭകർക്ക് വേണ്ട പിന്തുണ നൽകി വരുന്നുണ്ട്.

**പയ്യന്നൂർ ഐ.ടി. പാർക്ക്**

60 (4216) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഐ.ടി പാർക്ക് തുടങ്ങുന്ന പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ബി) ഐ.ടി. പാർക്കിന്റെ ഭാഗമായി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതുവരെ പൂർത്തിയായത്; എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചു;

(സി) 2006-11 സർക്കാരിന്റെ കാലത്ത് അനുവദിച്ച് ഇത്ര വർഷമായിട്ടും പ്രവർത്തനം തുടങ്ങാൻ കഴിയാതെ നിർമ്മാണ പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് എന്ന് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഫൗണ്ടേഷൻ വർക്ക് പൂർത്തിയായി. Pre-Engineered Building Material സൈറ്റിൽ എത്തിയിട്ടുണ്ട്.

(ബി) പാർക്കിലേയ്ക്കുള്ള അപ്രോച്ച് റോഡ്, 11 KV ഇലക്ട്രിക്കൽ ലൈൻ, ചുറ്റുമതിൽ, 50,000 ചതുരശ്ര അടി ഐ.ടി കെട്ടിടം എന്നിവയുടെ പണി പൂർത്തീകരിച്ചു. 5 കോടിയോളം രൂപ ഇതുവരെ ചെലവഴിച്ചു.

(സി) ഐ.ടി. പാർക്കിലേയ്ക്കുള്ള അപ്രോച്ച് റോഡിനുള്ള ഭൂമിയുടെ അക്വിസിഷൻ പൂർത്തീകരിച്ചത് 2015-16-ലാണ്. ഇതുമൂലമാണ് പാർക്കിന്റെ പ്രവർത്തനങ്ങൾ തുടങ്ങാൻ കാലതാമസം നേരിട്ടത്.

(ഡി) ഈ സ്ഥലം വ്യവസായ വകുപ്പിന് കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമോയെന്ന് വിലയിരുത്തി അവർക്കുകൂടി പ്രയോജന പ്രദമായ രീതിയിൽ നിർമ്മാണ പ്രവൃത്തികൾ ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**നേമം നിയോജക മണ്ഡലത്തിൽ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം**

61 (4218) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽനിന്ന് കഴിഞ്ഞ പത്ത് മാസത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര അപേക്ഷകർക്ക് ധനസഹായം നൽകുകയുണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ – സി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**ആലപ്പുഴ ജില്ലയിൽ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

62 (4219) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനായി ആലപ്പുഴ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന താലൂക്കുകൾ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇനി എത്ര അപേക്ഷകളിന്മേൽ ആലപ്പുഴ കളക്ടറിൽ നിന്നും മാവേലിക്കര തഹസിൽദാരിൽനിന്നും റിപ്പോർട്ട് ലഭിക്കാനുണ്ട്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷകളിന്മേൽ അടിയന്തരമായി റിപ്പോർട്ട് നല്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ഈയിനത്തിൽ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)

| താലൂക്ക് | എണ്ണം |
|---|---|
| ചേർത്തല | 1631 |
| അമ്പലപ്പുഴ | 2096 |
| കുട്ടനാട് | 482 |
| കാർത്തികപ്പള്ളി | 3379 |
| മാവേലിക്കര | 1167 |
| ചെങ്ങന്നൂർ | 590 |
| **ആകെ** | **9345** |

(ബി)

| താലൂക്ക് | എണ്ണം |
|---|---|
| ചേർത്തല | 1125 |
| അമ്പലപ്പുഴ | 1839 |
| കുട്ടനാട് | 391 |
| കാർത്തികപ്പള്ളി | 2917 |
| മാവേലിക്കര | 1034 |
| ചെങ്ങന്നൂർ | 483 |
| **ആകെ** | **7789** |

(സി) ആലപ്പുഴ കളക്ടറേറ്റിൽ 13 അപേക്ഷകളിലും മാവേലിക്കര താലൂക്കിൽ 59 അപേക്ഷകളിലും റിപ്പോർട്ട് ലഭിക്കാനുണ്ട്. കൂടാതെ, 323 അപേക്ഷകളിന്മേൽ തഹസിൽദാരുടെ റിപ്പോർട്ട് ആലപ്പുഴ കളക്ടറേറ്റിൽ ലഭിച്ചത് ഓൺലൈനായി ചേർക്കുന്നതിന് മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിന് നൽകിയിട്ടുണ്ട്.

(ഡി) അടിയന്തര നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**ചികിത്സാ ധനസഹായ അപേക്ഷകളിന്മേൽ ഓൺലൈൻ റിപ്പോർട്ട്**

63 (4220) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരമുള്ള അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർമാരുടെ ഓൺലൈൻ റിപ്പോർട്ട് ആവശ്യപ്പെടാറുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും റിപ്പോർട്ടുകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സൗകര്യം ലഭ്യമാണോ; ഇല്ലെങ്കിൽ എത്ര വില്ലേജാഫീസുകളിൽ പ്രസ്തുത സൗകര്യം ലഭ്യമല്ല;

(സി) ഓൺലൈൻ റിപ്പോർട്ടിംഗ് സൗകര്യമില്ലാത്ത എത്ര വില്ലേജാഫീസുകളിലേക്ക് ചികിത്സാധനസഹായ അപേക്ഷകളിന്മേൽ ഓൺലൈൻ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്;

(ഡി) ഓൺലൈൻ റിപ്പോർട്ടിംഗ് സൗകര്യമില്ലാത്ത വില്ലേജാഫീസുകളിലേക്ക് ഇത്തരത്തിൽ റിപ്പോർട്ടാവശ്യപ്പെട്ടതുവഴി രോഗികൾക്ക് യഥാസമയം ധനസഹായം ലഭിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ?;

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള നടപടി കൂടുതൽ വേഗത്തിലാക്കുന്നതിനായി റിപ്പോർട്ടുകളും കഴിയുന്നത്ര ഓൺലൈനായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ധനസഹായത്തിനായി ഓൺലൈൻവഴി അപേക്ഷകൾ അതത് വില്ലേജുകളിൽ ലഭിക്കുന്നു. വില്ലേജ് ഓഫീസർമാർ അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് ഓൺലൈൻവഴി തഹസിൽദാർമാർക്കും തഹസിൽദാർമാർ ജില്ലാ കളക്ടർമാർക്കും ജില്ലാ കളക്ടർമാർ സർക്കാരിലേയ്ക്കും നൽകുന്നു.

(ബി - ഡി) എല്ലാ വില്ലേജ് ഓഫീസുകളിലും റിപ്പോർട്ടുകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സൗകര്യം ലഭ്യമാണ്.

**മലപ്പുറം മണ്ഡലത്തിൽ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം**

64 (4221) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി മലപ്പുറം മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചു; അവയിൽ എത്ര എണ്ണത്തിന് ധനസഹായം അനുവദിച്ചു;

(ബി) ഓരോ അപേക്ഷകരുടേയും പേരുവിവരങ്ങളും അനുവദിച്ച തുകയും വെളിപ്പെടുത്തുമോ;

(സി) തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടേറ്റുകളിലും താലൂക്ക് ഓഫീസുകളിലും കൃത്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ മണ്ഡലം തിരിച്ചുള്ള വിവരം സൂക്ഷിക്കാറില്ല.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ വേഗത്തിൽ കൈകാര്യം ചെയ്യുന്നതിന് ഓൺലൈൻ (Online) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

### ട്രാക്ടർ മറിഞ്ഞ് മരണമടഞ്ഞ പുല്ലേലി ജോസഫിന്റെ കുടുംബത്തിന് ധനസഹായം

65 (4222) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ തവളക്കുഴിപ്പാറ പട്ടികവർഗ്ഗ കോളനിയിൽ അഗ്രോ സർവ്വീസ് സെന്റർ മുഖേന തരിശുനിലം നെൽകൃഷിയ്ക്ക് ഒരുക്കുന്നതിനിടെ ട്രാക്ടർ മറിഞ്ഞ് അപകട മരണമടഞ്ഞ, അഗ്രോ സർവ്വീസ് സെന്ററിലെ കർമ്മസമിതി അംഗമായ പുല്ലേലി ജോസഫിന്റെ കുടുംബത്തിന് ധനസഹായം ലഭിയ്ക്കുന്നതിനായി ബഹു. കൃഷി വകുപ്പ് മന്ത്രി മുഖേന സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ധനസഹായം അനുവദിയ്ക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

ഉത്തരം

(എ & ബി) പുല്ലേലി ജോസഫിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല. ധനസഹായത്തിനുള്ള അപേക്ഷ ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

66 (4223) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഏലത്തൂർ നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിൽനിന്നും തുക അനുവദിക്കപ്പെട്ടിട്ടും ആയത് വിതരണം ചെയ്യാത്ത എത്ര അപേക്ഷകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മണ്ഡലംതിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്**

67 (4224) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർശ്വവൽക്കരിക്കപ്പെട്ടവരെ സഹായിക്കാനായി രൂപീകരിക്കപ്പെട്ട ജനസാന്ത്വന ഫണ്ടിൽനിന്നും സഹായം ലഭിക്കാനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) മാരകരോഗങ്ങൾക്കടിമപ്പെട്ട് ഭീമമായ ചികിത്സാ ചെലവ് വരുന്നവർക്ക് സർക്കാരിന്റെ മറ്റേതെങ്കിലും ചികിത്സാസഹായങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ജനസാന്ത്വന ഫണ്ടിൽനിന്നും സഹായം ലഭിക്കുന്നതിൽ തടസ്സമുണ്ടോ;

(സി) ഈ പദ്ധതി പ്രകാരം അപേക്ഷ ലഭിച്ചവർക്ക് സഹായങ്ങൾ നൽകുന്നതിൽ എന്താണ് തടസ്സമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ജനസാന്ത്വന ഫണ്ടിൽനിന്നും സഹായം ലഭിക്കുന്നതിനായി വിവിധ കളക്ടറേറ്റുകളിലും താലൂക്ക്/വില്ലേജ് ഓഫീസുകളിലുമായി 306456 (മൂന്ന് ലക്ഷത്തി ആറായിരത്തി നാനൂറ്റി അൻപത്തിയാറ്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽനിന്നും പതിനായിരത്തോളം അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) പാർശ്വവൽക്കരിക്കപ്പെടുന്ന ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഫണ്ട് അപര്യാപ്തമായതിനാൽ കൂടുതൽ ഫണ്ട് സമാഹരിക്കുന്നതിനും വികസനവും ക്ഷേമവും ഏകോപിച്ച് പോകുന്നതിനുമായിട്ടാണ് മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടിന് രൂപം നൽകിയിട്ടുള്ളത്. ഫണ്ട് സമാഹരണവും വിനിയോഗവും സംബന്ധിച്ച കാര്യത്തിൽ തീരുമാനമെടുക്കാൻ പോകുന്നതേയുള്ളൂ.

(സി) ജനസാന്ത്വനം പദ്ധതിയുടെ നിലവിലെ ഉത്തരവുകളിലെ മാനദണ്ഡങ്ങളുടെ പുനർക്രമീകരണ നടപടികൾ പൂർത്തിയായിവരികയാണ്.

## കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനിൽ കുടുംബശ്രീ അംഗങ്ങൾക്ക് ജോലി

68 (4225) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനിൽ ജോലിക്കുവേണ്ടി കുടുംബശ്രീ അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ടോ;

(ബി) ഇതുപ്രകാരം ട്രെയിനിംഗ് പൂർത്തിയാക്കിയ എത്ര പേർക്ക് കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനിൽ ജോലി നൽകിയിട്ടുണ്ട്;

(സി) ട്രെയിനിംഗ് പൂർത്തിയാക്കിയ കുടുംബശ്രീ അംഗങ്ങൾക്ക് ജോലി നൽകാതെ പുറത്തുനിന്നുള്ളവർക്ക് ജോലി നൽകിയതുമായി ബന്ധപ്പെട്ട് കുടുംബശ്രീ അംഗങ്ങൾ സമരം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കൊച്ചി മെട്രോ റെയിൽ സംവിധാനത്തിലെ സാങ്കേതിക ഇതര കർമ്മമേഖലകളായ ഹൗസ് കീപ്പിംഗ്, ടിക്കറ്റ് വിതരണം, കസ്റ്റമർ സർവ്വീസ്, കാന്റീൻ, പാർക്കിംഗ് എന്നീ വിഭാഗങ്ങളിലെ ജോലികൾ ചെയ്യുവാൻ പ്രാപ്തരായ വനിതകളെ തെരഞ്ഞെടുക്കുവാനുള്ള ചുമതല ധാരണാപത്രത്തിലൂടെ കുടുംബശ്രീ മിഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതുപ്രകാരം കുടുംബശ്രീ വനിതകളെ തെരഞ്ഞെടുക്കുകയും അവർക്ക് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് നൽകുകയും ചെയ്തു. തുടർന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഇവർക്ക് ടെക്നിക്കൽ സേഫ്റ്റി ട്രെയിനിംഗും നൽകി.

(ബി & സി) ട്രെയിനിംഗ് പൂർത്തിയാക്കിയ വനിതകളുടെ നിയമനം സംബന്ധിച്ച പൂർണ്ണചുമതല കുടംബശ്രീ മിഷനാണ്. ഇതുമായി ബന്ധപ്പെട്ട് കുടുംബശ്രീ അംഗങ്ങൾ സമരം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്നപരിഹാരത്തിനായി ജില്ലാ കളക്ടർ കുടുംബശ്രീയുമായി ചർച്ച നടത്തിയിരുന്നു. സുതാര്യമായ നടപടിക്രമത്തിലൂടെ നിയമനം നടത്തേണ്ട ചുമതല കുടുംബശ്രീക്കാണ്.

## ലോക കേരളസഭയ്ക്ക് രൂപം നൽകാനുള്ള പദ്ധതി

69 (4226) ശ്രീ. റ്റി. വി.രാജേഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയ്ക്ക് രൂപം നൽകാനുള്ള, ഈ സർക്കാരിന്റെ പദ്ധതിയ്ക്ക് അന്തിമരൂപം നൽകിയിട്ടുണ്ടോ;

(ബി) സ്വദേശവും പ്രവാസി മലയാളികളും തമ്മിലുള്ള സമ്പർക്ക പ്രാധാന്യം കണക്കിലെടുത്ത് കേരളത്തിനകത്തും പുറത്തുമുള്ള മലയാളികൾക്ക് പ്രാതിനിധ്യം നൽകി മേഖലാടിസ്ഥാനത്തിൽ ലോക കേരള സഭയ്ക്ക് രൂപം നൽകാമോ;

(സി) രാജ്യത്തിനകത്തും പുറത്തുമുള്ള കേരളീയർ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും പ്രവാസികളെ ഔദ്യോഗികമായി അംഗീകരിക്കുന്നതിനും അവരുടെ പ്രതിനിധികൾക്ക് ഒരുമിച്ചുകൂടുന്നതിനും സഹായകരമായ രീതിയിൽ സഭ രൂപീകരിക്കാമോ;

(ഡി) ലോക കേരള സഭ എന്നത്തേയ്ക്ക് രൂപീകരിക്കുമെന്നും അതിന്റെ ആദ്യ സമ്മേളനം എപ്പോൾ നടത്താൻ സാധ്യമാകുമെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ലോക കേരള സഭ എന്ന പുതിയ പദ്ധതിയ്ക്ക് ബജറ്റിൽ 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി-ഡി) പ്രവാസികളുടെ വിഷയങ്ങൾ ചർച്ചചെയ്യുന്നതിനും വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനും നൂതനമായ പ്രവാസ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സർക്കാരിന് മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിനും ലോക കേരളസഭ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. നിയമസഭാ സാമാജികരും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്ന പ്രവാസി മലയാളികളുടെ പ്രതിനിധികളുമാണ് സഭയിലെ അംഗങ്ങൾ. വിഷയാധിഷ്ഠിത ചർച്ചകളും സെമിനാറുകളും ഇതിന്റെ ഭാഗമാക്കുവാനും വർഷത്തിലൊരിക്കലെങ്കിലും സഭ സമ്മേളിക്കാനും പദ്ധതിയുണ്ട്. 2018 ജനുവരി മാസം ആദ്യ സമ്മേളനം നടത്താൻ ഉദ്ദേശിക്കുന്നു.

## വിദേശ ജയിലുകളിൽ കിടക്കുന്ന മത്സ്യത്തൊഴിലാളികളുടെ മോചനത്തിന് നടപടി

70(*T4227) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ, മലയാളികളായ എത്ര മത്സ്യത്തൊഴിലാളികളെ വിദേശ രാജ്യങ്ങൾ അറസ്റ്റ് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) നിലവിൽ എത്ര മത്സ്യത്തൊഴിലാളികൾ വിദേശ ജയിലുകളിൽ കിടക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ വിദേശ ജയിലുകളിൽ കിടക്കുന്ന മത്സ്യത്തൊഴിലാളികളുടെ മോചനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദേശ രാജ്യങ്ങളിൽ അറസ്റ്റ് ചെയ്യപ്പെടുന്ന ഇന്ത്യാക്കാരിൽ എത്ര മലയാളികൾ ഉൾപ്പെടുന്നു എന്ന ഇനം തിരിച്ച് കൃത്യമായ കണക്ക് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി & സി) 2017 ഫെബ്രുവരി 5-ന് കൊച്ചിയിൽനിന്നും മത്സ്യബന്ധനത്തിന് പോയ വിഴിഞ്ഞം സ്വദേശികളായ 7 മലയാളികൾ ഉൾപ്പെടെ 32 ഇന്ത്യാക്കാരായ മത്സ്യത്തൊഴിലാളികൾ അതിർത്തി ലംഘിച്ച് ബ്രിട്ടീഷ് അധീനതയിലുള്ള ഡീഗോ ഗാർഷ്യ ദ്വീപിൽ മത്സ്യബന്ധനം നടത്തിയതിന് അവിടെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കപ്പെടുകയുണ്ടായി. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ, ബ്രിട്ടീഷ് ഹൈകമ്മീഷണർ, അമേരിക്കയിലെ ഇന്ത്യൻ അംബാസഡർ, കേന്ദ്ര വിദേശ കാര്യ മന്ത്രാലയം എന്നിവരുമായി നടത്തിയ ഇടപെടൽമൂലം ഇവരെ തിരികെ നാട്ടിലെത്തിച്ചിട്ടുണ്ട്.

**ഗൾഫ് മലയാളികൾക്കായി വിമാനക്കമ്പനി**

71 (4228) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികൾ വിമാനക്കൂലിയുടെ പേരിൽ നേരിടുന്ന വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരമായി ഒരു വിമാനക്കമ്പനി തുടങ്ങും എന്ന് വാഗ്ദാനം നൽകിയിരുന്നോ;

(സി) ഇത് നടപ്പിലാക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വിമാന യാത്രാക്കൂലിയുടെ കാര്യത്തിൽ ഗൾഫ് മലയാളികൾ ചൂഷണം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗൾഫ് മേഖലയിൽ ജോലിചെയ്യുന്ന മലയാളികളുടെ വിമാനയാത്ര സുഗമമാക്കുന്നതിനായി കേരളത്തിന്റെ ഉടമസ്ഥതയിൽ എയർ കേരള ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിരുന്നു.

(സി) കേന്ദ്ര സർക്കാർ പുറത്തിറക്കിയ പുതിയ വ്യോമയാന നയപ്രകാരം (15-6-2016 മുതൽ) ഏത് കമ്പനിക്കാണോ 20 വിമാനങ്ങളോ അല്ലെങ്കിൽ മൊത്തമായ സീറ്റുകളുടെ 20% ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റിവച്ചിരിക്കുന്നത്, ആ വിമാന കമ്പനിക്ക് വിദേശത്തേയ്ക്ക് വിമാന സർവ്വീസുകൾ നടത്താം. എന്നാൽ 20 വിമാനങ്ങൾ ഏറ്റെടുക്കുക അല്ലെങ്കിൽ 20% സീറ്റുകൾ ആഭ്യന്തര ഗതാഗതത്തിന് വേണ്ടി മാറ്റിവയ്ക്കുക എന്ന കേന്ദ്ര സർക്കാരിന്റെ പുതിയ നയം, എയർ കേരള കമ്പനിയുടെ പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകാനുതകുന്നതല്ല. ഇക്കാരണത്താൽ എയർ കേരള പദ്ധതി താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

**പ്രവാസി കമ്മീഷന്റെ പ്രവർത്തനം**

72(4229) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) പ്രവാസി കമ്മീഷന്റെ ഓഫീസ് വിലാസം, അപേക്ഷകൾ അയക്കേണ്ട ഉദ്യോഗസ്ഥന്റെ വിലാസം എന്നിവ ലഭ്യമാക്കുമോ;

(സി) പ്രവാസി കമ്മീഷന് പരിഗണനയും സൗകര്യങ്ങളും ലഭ്യമാക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 26-4-2016-ലെ സ.ഉ. (പി) 2/2016/നോർക്ക നമ്പർ ഉത്തരവ് പ്രകാരം ചെയർപേഴ്സൺ ഉൾപ്പെടെ 5 അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കപ്പെട്ട എൻ.ആർ.ഐ. (കെ) കമ്മീഷന്റെ പ്രവർത്തനം 30-4-2016-ൽ ആരംഭിച്ചിട്ടുണ്ട്. കമ്മീഷൻ ആക്റ്റിൽ നിഷ്കർഷിക്കുന്ന പ്രായപരിധിയായ 65 വയസ്സ് അധികരിച്ച 2 അംഗങ്ങൾ ഒഴികെയുള്ള 2 മെമ്പർമാരും ചെയർപേഴ്സണും മെമ്പർ സെക്രട്ടറിയും

അടങ്ങിയതാണ് നിലവിൽ പ്രവർത്തിക്കുന്ന കമ്മീഷന്റെ ഘടന. കമ്മീഷന്റെ 4 സ്റ്റാറ്റ്യൂട്ടറി മീറ്റിംഗുകളും 2 സിറ്റിംഗുകളും ഈ കാലയളവിൽ നടന്നിട്ടുണ്ട്. കമ്മീഷൻ ആക്ടിനെക്കുറിച്ചും കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ചും പൊതുജനാവബോധം സൃഷ്ടിക്കാൻ പ്രവാസി ഭാരതീയർ കൂടുതലുള്ള മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രവാസി സംഘടനകളേയും മാധ്യമങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരത്തുള്ള നോർക്ക സെന്റർ കെട്ടിടത്തിലാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്.

വിലാസം :

ചെയർപേഴ്സൺ

പ്രവാസി ഭാരതീയ കേരളീയ കമ്മീഷൻ

നോർക്ക സെന്റർ, തൈക്കാട്,

തിരുവനന്തപുരം - 14

(സി) പ്രവാസി കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ യഥാസമയം ലഭ്യമാക്കി വരുന്നുണ്ട്. തിരുവനന്തപുരത്ത് നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്ന നോർക്ക സെന്ററിൽ ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെമ്പർമാർ എന്നിവർക്കുള്ള ഓഫീസ് മുറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ എറണാകുളത്ത് ഒരു ഫയലിംഗ് സ്റ്റേഷൻ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കമ്മീഷനിൽ പുതുതായി നിയമിക്കപ്പെടുന്ന ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും പ്രവർത്തിക്കാനുള്ള ഓഫീസ് സൗകര്യവും മറ്റും തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്മീഷൻ ചെയർമാന്റെ ആവശ്യത്തിനായി ഒരു ഇന്നോവ കാർ വാടക അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു പുതിയ ഇന്നോവ കാർ വാങ്ങുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു സർക്കാർ ജോയിന്റ് സെക്രട്ടറിയെ കമ്മീഷന്റെ മെമ്പർ സെക്രട്ടറിയുടെ പൂർണ്ണ ചുമതല നൽകി നിയമിച്ചിട്ടുണ്ട്. കമ്മീഷൻ ചെയർപേഴ്സണ് ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. എറണാകുളം സർട്ടിഫിക്കറ്റ് ആതന്റിക്കേഷൻ ഓഫീസിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഒരു അസിസ്റ്റന്റിന്റെ സേവനം കമ്മീഷന്റെ ജോലികൾ ചെയ്യുന്നതിന് ലഭ്യമാക്കിയിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി (1), അസിസ്റ്റന്റ് (1), കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (1), ഡ്രൈവർ (1), ഓഫീസ് അറ്റൻഡന്റ് (1) എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പ്രവാസികളെ ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കാൻ ഇടപെടൽ

73(4230) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാട്ടുകളിൽ അവിദഗ്ദ്ധ തൊഴിലാളികൾക്ക് തൊഴിൽ സാധ്യതയും വേതനവും കുറഞ്ഞുവരുന്ന സാഹചര്യത്തിലും തൊഴിലുകൾ നേടാൻ നിർബന്ധിതരാകുന്നവരെ വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികൾ വഞ്ചിക്കുന്നതും വിമാനക്കമ്പനികൾ അമിത നിരക്ക് ഈടാക്കി ചൂഷണം ചെയ്യുന്നതും നിയന്ത്രിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ചൂഷണത്തിന്റെ ഭാഗമായുള്ള വ്യാജപരാതികൾകൊണ്ടും നിസ്സാര കുറ്റങ്ങൾ ചുമത്തിയും ജയിലിൽ അടയ്ക്കപ്പെടുന്നവർക്ക് നിയമ പരിരക്ഷ ഉറപ്പുവരുത്തുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) പ്രവാസി കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ടിയുള്ള നടപടി കൈക്കൊള്ളുവാൻ തയ്യാറാകുമോ?

### ഉത്തരം

(എ) തൊഴിൽ ചൂഷണത്തിനും റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ ഒഴിവാക്കുന്നതിനുമായി ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ പരിപാടികൾ നോർക്ക നടത്തിവരുന്നു. കൂടാതെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ പ്രവാസികൾക്കായി പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. റിക്രൂട്ട്മെന്റ് തട്ടിപ്പുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ സർക്കാർ പ്രത്യേക ശ്രദ്ധചെലുത്തി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവി മുഖേന അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇന്ത്യാ ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പ് മുഖേന അതത് രാജ്യത്തെ എംബസ്സികളുമായി ബന്ധപ്പെട്ടും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റിക്രൂട്ട്മെന്റ് രംഗത്തെ തട്ടിപ്പ് തടയുന്നതിനായി 2015-ലെ കേന്ദ്രസർക്കാരിന്റെ ഉത്തരവ് പ്രകാരം നഴ്സുമാരെ തെരഞ്ഞെടുത്ത് വിദേശ രാജ്യങ്ങളിലേയ്ക്ക് അയയ്ക്കുന്നതിനും 2016-ലെ കേന്ദ്രസർക്കാർ ഉത്തരവ് പ്രകാരം വീട്ട് ജോലിക്കായി പോകുന്ന സ്ത്രീകളുടെ റിക്രൂട്ട്മെന്റിനും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥാപനമായ നോർക്ക റൂട്ട്സ് മുഖേന ആവശ്യമായ നടപടികൾ സ്വീകരിച്ച് സുതാര്യവും സുരക്ഷിതവുമായ രീതിയിൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നു.

വിമാനക്കമ്പനികൾ അമിത യാത്രാക്കൂലി ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇക്കാര്യത്തിൽ ധാരാളം പരാതികളും നിവേദനങ്ങളും ലഭിച്ചിട്ടുള്ളതുമാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങളോട് അനുകൂല നടപടി സ്വീകരിക്കണമെന്ന് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. അടിയന്തര ഇടപെടലിനായി പല അവസരങ്ങളിലും കേന്ദ്ര സർക്കാർ പ്രതിനിധികളുമായുള്ള ചർച്ചകളിലും ഈ വിഷയം ഗൗരവമായി അവതരിപ്പിച്ചിട്ടുമുണ്ട്. കൂടാതെ ഇത്തരം സന്ദർഭങ്ങളിൽ എയർ ഇന്ത്യ മുഖാന്തരം കൂടുതൽ വിമാനങ്ങൾ അനുവദിപ്പിക്കുന്നതിനും സ്വകാര്യ കമ്പനികളെക്കാൾ കുറഞ്ഞ നിരക്കിൽ യാത്രാക്കൂലി ഈടാക്കി ദുരിതം പരിഹരിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും മറ്റ് ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസികളുടെ സഹായത്തോടെ നിയമസഹായം നൽകുന്ന പ്രവാസി നിയമ സഹായ പദ്ധതി (PLAC) നോർക്ക റൂട്ട്സ് ആവിഷ്കരിച്ചിട്ടുണ്ട് കൂടാതെ വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ഇതിനാവശ്യമായി വരുന്ന യാത്രാച്ചെലവ് വഹിക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിയുന്നു.

നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമവിദഗ്ദ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

(സി) പ്രവാസി ഭാരതീയ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**വിമാനക്കമ്പനികളുടെ കൊള്ള അവസാനിപ്പിക്കുവാൻ ഇടപെടലുകൾ**

74(4231) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്ന് ഗൾഫ് രാജ്യങ്ങളിലേക്കുള്ള യാത്രക്കാരുടെ തിരക്ക് ചൂഷണംചെയ്ത് വിവിധ വിമാനക്കമ്പനികൾ യാത്രാക്കൂലിയിൽ ഉയർന്ന നിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പകൽക്കൊള്ള നിയന്ത്രിക്കുവാൻ കേന്ദ്രസർക്കാർ ഇടപെടണമെന്ന, ഗതാഗത-വിനോദ മേഖലയുമായി ബന്ധപ്പെട്ട പാർലമെന്ററി സമിതിയുടെ ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിമാനക്കമ്പനികളുടെ കൊള്ള അവസാനിപ്പിക്കുവാൻ സംസ്ഥാന സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് ഇതിനകം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) വിമാനക്കമ്പനികൾ അമിത യാത്രാക്കൂലി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇക്കാര്യത്തിൽ ധാരാളം പരാതികളും നിവേദനങ്ങളും ലഭിച്ചിട്ടുള്ളതുമാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ കേന്ദ്ര പ്രവാസി കാര്യമന്ത്രാലയവുമായും വിദേശകാര്യമന്ത്രാലയവുമായും വ്യോമയാന മന്ത്രാലയവുമായും ബന്ധപ്പെട്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാന യാത്രാനിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാന കമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാ നിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ കേന്ദ്രവ്യോമയാന മന്ത്രാലയവുമായും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലുമായും ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്.

## സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ഓൺലൈൻ സംവിധാനം

75(4232) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കാദമികേതര സർട്ടിഫിക്കറ്റുകൾ (ജനന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് തുടങ്ങിയവ) സാക്ഷ്യപ്പെടുത്തുന്നതിന് നോർക്ക റൂട്ട്സിന്റെ കോഴിക്കോട്, കൊച്ചി ഓഫീസുകളിൽ സൗകര്യമില്ലാത്തതുമൂലം ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊച്ചി, കോഴിക്കോട് ഓഫീസുകളിൽ രണ്ട് അണ്ടർ സെക്രട്ടറിമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടും സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിൽ ഉണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) അക്കാദമികേതര സർട്ടിഫിക്കറ്റുകൾ നോർക്ക റൂട്ട്സിന്റെ കോഴിക്കോട്, കൊച്ചി ഓഫീസുകളിൽ സാക്ഷ്യപ്പെടുത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നോർക്ക റൂട്ട്സിന്റെ എറണാകുളം, തിരുവനന്തപുരം സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകളിൽ ഹോം ഓതന്റിക്കേഷൻ ഓഫീസർമാരുടെ (അണ്ടർ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഹോം ഓതന്റിക്കേഷൻ ഓഫീസർ) തസ്തിക നിലവിൽ ഉണ്ട്. കോഴിക്കോട് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററിൽ പ്രസ്തുത തസ്തിക ഇല്ല.

ആഭ്യന്തര വകുപ്പിലെ ഹോം ഓതന്റിക്കേഷൻ ഓഫീസർമാരാണ് നിലവിൽ അക്കാദമികേതര സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി വരുന്നത്.

അക്കാദമികേതര സർട്ടിഫിക്കറ്റുകൾ നോർക്ക റൂട്ട്സിന്റെ എറണാകുളം, കോഴിക്കോട് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ വഴി സാക്ഷ്യപ്പെടുത്തുന്നതിന് അനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി & ഡി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് അപേക്ഷകൻ, അപേക്ഷകനുമായി ബന്ധമുള്ള വ്യക്തികൾ ബന്ധപ്പെട്ട രേഖകൾ സഹിതം നേരിട്ട് ഹാജരാകണം. എന്നാൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് മുന്നോടിയായുള്ള രജിസ്ട്രേഷൻ ഇപ്പോൾ ഓൺലൈനായി നടത്തുന്നുണ്ട്.

**ഓപ്പറേഷൻ ദുർഗ്ഗ**

76 (4233) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ സ്കൂളുകൾ, കോളേജുകൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ എത്തുന്ന സ്ത്രീകളെയും പെൺകുട്ടികളെയും മറ്റ് കുട്ടികളെയും പൂവാലന്മാരുടെ പിടിയിൽനിന്നും രക്ഷിക്കുവാൻ ഉത്തർപ്രദേശിലും ഹരിയാനയിലും ഓപ്പറേഷൻ ദുർഗ്ഗയെന്ന പേരിൽ പ്രവർത്തിക്കുന്നപോലെ കേരളത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന പൂവാല വിരുദ്ധ സ്ക്വാഡിന് രൂപം നൽകുവാൻ സർക്കാർ തയ്യാറാകുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ സംബന്ധമായി പിങ്ക് പോലീസ് പട്രോളിംഗ്, വനിതാ ഹെൽപ്പ് ലൈൻ, ഫ്ലൈയിംഗ് സ്ക്വാഡ്, ഷാഡോ പോലീസ്, പോലീസ് സ്റ്റേഷനിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന പൂവാല വിരുദ്ധ സ്ക്വാഡിന് രൂപംനൽകുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പിങ്ക് പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

77(4234) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീസുരക്ഷ മുൻനിർത്തി സംസ്ഥാനത്ത് ആരംഭിച്ച പിങ്ക് പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) പിങ്ക് പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്ത്രീ സുരക്ഷ മുൻനിർത്തി സംസ്ഥാനത്ത് ആരംഭിച്ച പിങ്ക് പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേരളാ പോലീസ്, നഗരങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് പിങ്ക് പോലീസ് പട്രോൾ. ഇതിലേയ്ക്ക് പ്രത്യേകം പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തിരക്കുള്ള സമയങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും മറ്റ് പ്രൈവറ്റ് ബസ്സുകളിലും യൂണിഫോമിൽ സഞ്ചരിച്ച്, യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് മികച്ച സുരക്ഷ ഉറപ്പാക്കുക, സ്ത്രീകളുടെയും വികലാംഗരുടെയും സീറ്റിലിരുന്ന് യാത്ര ചെയ്യുന്നത് തടയുക, ബസ്സിലും ബസ് സ്റ്റോപ്പുകളിലും പൂവാലശല്യം ഒഴിവാക്കുക തുടങ്ങിയവയൊക്കെ ഇതിൽപ്പെടുന്നു. ഇതിലേയ്ക്കായി പൂർണ്ണമായും സജ്ജീകരിച്ച പിങ്ക് പോലീസ് കൺട്രോൾ റൂമിലെ ടോൾ ഫ്രീ നമ്പർ ആയ 1515-ലേയ്ക്ക് ഏതൊരു വ്യക്തിക്കും സ്ത്രീ സുരക്ഷയെ സംബന്ധിച്ച് പ്രശ്നങ്ങൾ വിളിച്ചറിയിക്കാവുന്നതാണ്. അത്തരം വിവരങ്ങൾ കൺട്രോൾ റൂമിൽ ലഭിച്ചാലുടൻ ബന്ധപ്പെട്ട പിങ്ക് പോലീസ് പട്രോൾ വാഹനങ്ങളിലെ ഉദ്യോഗസ്ഥരെ അറിയിച്ച് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പിങ്ക് പോലീസിന്റെ പ്രവർത്തനം എല്ലാ പോലീസ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ ഈ സംവിധാനത്തിലൂടെ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളിൽ നൂതന സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ സംവിധാനം നിലവിലുള്ള ജില്ലകളിലെ പ്രധാനപ്പെട്ട ബസ് സ്റ്റോപ്പുകൾ, വാണിജ്യമേഖലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, പാർക്കുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പിങ്ക് പട്രോൾ വാഹനങ്ങൾ പട്രോളിംഗ് നടത്തിവരുന്നതും സ്ത്രീ സുരക്ഷയ്ക്ക് ആവശ്യമായ സഹായം നൽകി വരുന്നതുമാണ്. കൂടാതെ, ഇവരുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥന്മാർ പരിശോധിച്ച് കാര്യക്ഷമമാണോ എന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**ഭൂതത്താൻകെട്ടിൽ പോലീസ് ഔട്ട്പോസ്റ്റ്**

78 (4235) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെ പ്രധാനപ്പെട്ടതും ധാരാളം ടൂറിസ്റ്റുകൾ വന്നുപോകുന്നതുമായ ഭൂതത്താൻകെട്ട് ടൂറിസ്സം ഡെസ്റ്റിനേഷൻ പ്രദേശത്ത് മുൻപ് പോലീസ് ഔട്ട്പോസ്റ്റ് ഉണ്ടായിരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുതായി ഒരു പോലീസ് ഔട്ട്പോസ്റ്റ് ഇവിടെ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭൂതത്താൻകെട്ട് പ്രദേശത്ത് പോലീസ് ഔട്ട് പോസ്റ്റ് ഉണ്ടായിരുന്നില്ല. എന്നാൽ തിരക്കുള്ള സമയങ്ങളിൽ പോലീസിന്റെ സാന്നിദ്ധ്യം ടി മേഖലയിൽ ഉറപ്പുവരുത്താറുണ്ട്.

(ബി) പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**കുടുംബ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ**

79 (4236) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കുടുംബ കോടതികളുടെ എണ്ണവും തീർപ്പുകല്പിക്കാനുള്ള കേസ്സുകളുടെ എണ്ണവും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ കോടതികളിൽ ഒരു വർഷം ശരാശരി ഫയൽ ചെയ്യുന്ന വിവാഹ മോചന കേസ്സുകളുടെ എണ്ണം അറിയിക്കാമോ; വിവാഹ മോചന കേസ്സുകൾ

വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനായി കൂടുതൽ കുടുംബ കോടതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിൽ 28 കുടുംബ കോടതികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള എണ്ണം, ഈ കോടതികളിൽ തീർപ്പാക്കാനുള്ള കേസുകളുടെ എണ്ണം എന്നിവ അനുബന്ധം* (എ)-യിൽ ചേർക്കുന്നു.

(ബി) ഈ കോടതികളിൽ ഒരു വർഷം ശരാശരി ഫയൽ ചെയ്യുന്ന വിവാഹ മോചന കേസുകളുടെ എണ്ണം അനുബന്ധം *(ബി)- ൽ ചേർക്കുന്നു. നോർത്ത് പറവൂർ, കുന്ദംകുളം, ആലുവ, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ കുടുംബ കോടതികൾ അനുവദിക്കുന്നതിനുള്ള ഹൈക്കോടതി രജിസ്ട്രാറുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**കുണ്ടറയിൽ വിദ്യാർത്ഥിനി ദുരൂഹസാഹചര്യത്തിൽ തൂങ്ങി മരിച്ച സംഭവം**

80(4237) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറയിൽ 6-ാം ക്ലാസ്സ് വിദ്യാർത്ഥിനി ദുരൂഹസാഹചര്യത്തിൽ തൂങ്ങി മരിച്ച സംഭവത്തിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് പോലീസിന് എന്നാണ് ലഭിച്ചത്;

(ബി) പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കുട്ടി പീഡിപ്പിക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കിയിരുന്നോ;

(സി) ഇത് സംബന്ധിച്ച റിപ്പോർട്ട് ഉന്നത ഉദ്യോഗസ്ഥർക്ക് അയച്ചിരുന്നോ; എങ്കിൽ എന്നാണ് റിപ്പോർട്ട് അയച്ചത്;

(ഡി) ഈ കേസിൽ അന്വേഷണം വൈകിയതിന്റെ കാരണം എന്തെന്നും പ്രതികളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിൽ ആരുടെ ഭാഗത്താണ് വീഴ്ചയുണ്ടായതെന്നും വെളിപ്പെടുത്തുമോ;

(ഇ) പ്രമാദമായ ഈ കേസിൽ നടപടി വൈകിപ്പിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പോസ്റ്റ്മോർട്ടം റിപ്പോർട്ട് 7-2-2017-ൽ പോലീസിന് ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഉണ്ട്.

(സി) ഇതുസംബന്ധിച്ച് കുണ്ടറ സബ് ഇൻസ്പെക്ടർ കുണ്ടറ സർക്കിൾ ഇൻസ്പെക്ടറെ വിവരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കുണ്ടറ സി.ഐ. 18-2-2017 മുതൽ ടി കേസിന്റെ അന്വേഷണം ഏറ്റെടുത്തിരുന്നു. മറ്റ് മേലുദ്യോഗസ്ഥരെ ഈ വിവരം അറിയിച്ചിരുന്നില്ല.

(ഡി) ഈ കേസിൽ പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറെ കണ്ട് ചോദിക്കുന്നതിലും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിലും മേലുദ്യോഗസ്ഥരെ യഥാസമയം വിവരം അറിയിക്കുന്നതിലും കുണ്ടറ എസ്.ഐ. റജീഷ് കുമാർ, കുണ്ടറ സി.ഐ. ഷാബു എന്നിവരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) കുണ്ടറ എസ്.ഐ. റജീഷ് കുമാർ, കുണ്ടറ സി.ഐ. ഷാബു എന്നിവരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇവരുടെമേൽ വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

**കന്നേറ്റി മുതൽ രാമൻകുളങ്ങര വരെ സ്ഥാപിച്ച ക്യാമറകൾ**

81 (4238) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിലെ ദേശീയ പാതയിൽ കന്നേറ്റി മുതൽ രാമൻകുളങ്ങര വരെ മുൻമന്ത്രി ഷിബു ബേബി ജോണിന്റെ ആസ്തിവികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ വിനിയോഗിച്ച് സ്ഥാപിച്ച ക്യാമറകൾ പ്രവർത്തനസജ്ജമാണോ;

(ബി) സംസ്ഥാന പോലീസ് വകുപ്പിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള പ്രസ്തുത ക്യാമറകൾ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് സഹായകരമാണോ?

<u>ഉത്തരം</u>

(എ & ബി) ചവറ പോലീസ് സ്റ്റേഷൻപരിധിയിൽപ്പെട്ട ജംഗ്ഷനുകളിൽ ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. ഷിബു ബേബി ജോണിന്റെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക് ഡിവിഷന്റെ മേൽനോട്ടത്തിൽ M/s Navigun Communications & Security Systems Pvt. Ltd., ശക്തികുളങ്ങര എന്ന സ്ഥാപനം ക്യാമറകൾ പ്രവർത്തനസജ്ജമാക്കി പോലീസ് വകുപ്പിന് കൈമാറിയിട്ടില്ല.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് എയ്ഡ്പോസ്റ്റ്

82 (4239) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രി പരിസരത്ത് വർദ്ധിച്ചുവരുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ, മോഷണം എന്നിവ തടയുന്നതിന് ആശുപത്രിയിൽ പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കാൻ തിരുവനന്തപുരം റൂറൽ എസ്. പി.-യ്ക്ക് 2017 ഫെബ്രുവരി മാസത്തിൽ നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) പോലീസ് ആസ്ഥാനത്ത് ലഭിച്ച അപേക്ഷയിന്മേൽ സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## കരുനാഗപ്പള്ളിക്കും ഓച്ചിറയ്ക്കും മധ്യേ ഹോംഗാർഡുകളെ നിയമിക്കുവാൻ നടപടി

83 (4240) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ കരുനാഗപ്പള്ളിക്കും ഓച്ചിറയ്ക്കും ഇടയിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഭാഗത്തുള്ള പ്രധാന ജംഗ്ഷനുകളിൽ ഹോംഗാർഡിനെ നിയോഗിച്ചിട്ടുണ്ടോ;

(ബി) കരുനാഗപ്പള്ളി, ഓച്ചിറ പോലീസ് സ്റ്റേഷനുകളിൽ ആകെ എത്ര ഹോംഗാർഡുകൾ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ദേശീയപാതയിൽ പുത്തൻതെരുവിൽ ഹോംഗാർഡിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ഭാഗത്തുള്ള പല പ്രധാന ജംഗ്ഷനുകളിലും ഹോംഗാർഡിനേയോ പോലീസ് ഉദ്യോഗസ്ഥരെയോ ട്രാഫിക് ഡ്യൂട്ടിക്കായി നിയോഗിക്കാറുണ്ട്.

(ബി) കരുനാഗപ്പള്ളി, ഓച്ചിറ പോലീസ് സ്റ്റേഷനുകളിൽ യഥാക്രമം 10-ഉം 7-ഉം ഹോം ഗാർഡുകൾ ജോലി ചെയ്യുന്നുണ്ട്.

(സി) ദേശീയപാതയിൽ പുത്തൻതെരുവിൽ ഗതാഗതത്തിരക്കുള്ള (ട്രാഫിക് പീക് സമയങ്ങളിൽ) സമയങ്ങളിൽ ഹോംഗാർഡിനെയോ, പോലീസ് ഉദ്യോഗസ്ഥരെയോ ഡ്യൂട്ടിക്കായി നിയമിച്ചുവരുന്നു.

**ടി .പി. സെൻകുമാർ നൽകിയ അപ്പീലുകളിൽ ഹാജരായ അഭിഭാഷകർക്ക് നൽകിയ ഫീസ്**

84(4241) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് മേധാവി സ്ഥാനത്തുനിന്നും നീക്കിയ നടപടി ചോദ്യം ചെയ്തുകൊണ്ട് ടി. പി. സെൻകുമാർ കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നൽകിയ അപ്പീലുകളിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് ഈ കോടതികളിൽ ഹാജരായി വാദിച്ചത്;

(ബി) സർക്കാർ അഭിഭാഷകരും, അഡ്വക്കേറ്റ് ജനറലും ഒഴികെ പ്രസ്തുത കേസുകളിൽ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഹാജരായ അഭിഭാഷകർക്ക് ഇതുവരെ എത്ര തുക ഫീസായി നൽകി; ഓരോരുത്തർക്കും നൽകിയ ഫീസ് എത്ര വീതമെന്ന് അറിയിക്കുമോ;

(സി) വക്കീൽ ഫീസിന് പുറമെ വിമാനയാത്രാക്കൂലി, താമസസൗകര്യം എന്നീ ഇനങ്ങളിൽ ഓരോരുത്തർക്കുംവേണ്ടി ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രീ. ടി. പി. സെൻകുമാർ കേരളാ ഹൈക്കോടതിയിൽ നല്കിയ കേസിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ഹാജരായത് അഡ്വക്കേറ്റ് ജനറലാണ്. സുപ്രീം കോടതിയിൽ നൽകിയ അപ്പീലിൽ ഹാജരായത് സീനിയർ അഡ്വക്കേറ്റുമാരായ ശ്രീ. ഹരീഷ് സാൽവെയും ശ്രീ. പി. പി. റാവുവും കേരള ഗവൺമെന്റിന്റെ സ്റ്റാൻഡിംഗ് കൗൺസിൽ ശ്രീ. ജി. പ്രകാശുമാണ്.

(ബി) ഇതുവരെയും ഫീസ് നൽകിയിട്ടില്ല.

(സി) തുക ചെലവായിട്ടില്ല.

**ഡിവൈ.എസ്.പി.-മാരുടെ സ്ഥലംമാറ്റം**

85(4242) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ 100 ഡി. വൈ. എസ്. പി. മാരെ സ്ഥലം മാറ്റിക്കൊണ്ട് 5-5-2017 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇത്രയധികം ഡിവൈ . എസ് . പി.-മാരെ ഒരുമിച്ച് സ്ഥലം മാറ്റാൻ ഉണ്ടായ പ്രത്യേക സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്രധാനപ്പെട്ട അഴിമതി കേസുകളുടെ അന്വേഷണച്ചുമതല ഉണ്ടായിരുന്ന വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ വിഭാഗത്തിലെ ഡി. വൈ. എസ്. പി. മാരെ സ്ഥലംമാറ്റിയിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാമാണ് സ്ഥലംമാറ്റിയതെന്നും അവർ ഓരോരുത്തരം അന്വേഷിച്ചുകൊണ്ടിരുന്ന കേസുകൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 4-5-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഭരണ സൗകര്യവും പൊതുജന താത്പര്യവും പരിഗണിച്ചാണ് സ്ഥലംമാറ്റം നടത്തിയത്.

(സി) അഴിമതി കേസുകളുടെ അന്വേഷണമാണ് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ വിഭാഗത്തിലെ ഡിവൈ.എസ്.പി.-മാരുടെ ചുമതല. ഇവരും സ്ഥലംമാറ്റം ചെയ്യപ്പെട്ടവരുടെ ലിസ്റ്റിലുണ്ട്. പേരുവിവരം അനുബന്ധമായി ചേർക്കുന്നു*.

**വാഹന പരിശോധനയുടെ പേരിൽ യാത്രക്കാരെ പോലീസുകാർ ആക്രമിച്ച് പരിക്കേല്പിക്കുന്ന സംഭവങ്ങൾ**

86 (4244) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധനയുടെ പേരിൽ ബൈക്ക് യാത്രക്കാരെ പോലീസുകാർ ആക്രമിച്ച് പരിക്കേല്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 24-3-2017-ൽ വാഹന പരിശോധനയ്ക്കിടെ പോലീസ് ലാത്തി എറിഞ്ഞ് വീഴ്ത്തിയതിനെത്തുടർന്ന് ഇലിപ്പക്കുളം നാമ്പുകുളങ്ങര കൊപ്പാറപടീറ്റതിൽ നിസ്സാമുദീന് പരിക്ക് പറ്റിയിരുന്നതായി അറിയാമോ; എങ്കിൽ ഇക്കാര്യത്തിൽ കുറ്റക്കാരനായ സിവിൽ പോലീസ് ഓഫീസർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു;

(സി) കഴിഞ്ഞ വർഷം കൊല്ലത്ത് ബൈക്ക് യാത്രികനെ സമാനരീതിയിൽ വോക്കിടോക്കി എറിഞ്ഞ് പരിക്കേൽപ്പിച്ച പോലീസ് ഉദ്യോഗസ്ഥനെതിരെ എന്ത് ശിക്ഷാ നടപടിയാണ് കൈക്കൊണ്ടത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്താകെയായി രണ്ട് സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 25-3-2017-ൽ വൈകിട്ട് 7.00 മണിക്കുശേഷം വള്ളിക്കുന്നം സ്റ്റേഷൻ ഹൗസ് ഓഫീസറും സംഘവും ചൂനാട് ജംഗ്ഷന് സമീപം വാഹന പരിശോധന നടത്തിവരവെ മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനം ഓടിച്ചുവന്ന നിസാമുദ്ദീൻ എന്ന യുവാവ് പോലീസ് ജീപ്പ് കണ്ട് വെട്ടിത്തിരിച്ചു പോകാൻ ശ്രമിക്കവെ ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ 6878 കണ്ണൻ നിസാമുദ്ദീനെ തടയുന്നതിനുവേണ്ടി കൈയിലിരുന്ന വടി വീശിയതിന്റെ ഭാഗമായി തലയ്ക്ക് പിറകിലായി പരിക്കേറ്റ് ശ്രീ. നിസാമുദ്ദീൻ എന്ന യുവാവ് ആശുപത്രിയിൽ അഡ്മിറ്റാകാനിടയായ ദൗർഭാഗ്യകരമായ സംഭവത്തെ തുടർന്ന് വാഹന പരിശോധന നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട മര്യാദകൾ സംബന്ധിച്ച ഡിപ്പാർട്ട്മെന്റ് സർക്കുലറുകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി നിരുത്തരവാദപരമായി പ്രവർത്തിച്ച സി.പി.ഒ 6278 കണ്ണനെ ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ എച്ച് 1/പി.ആർ/919/2017 തീയതി 25-3-2017 പ്രകാരം സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) കുറ്റക്കാരനായ പോലീസ് ഉദ്യോഗസ്ഥനെ അച്ചടക്ക നടപടിയുടെ ഭാഗമായി ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ എച്ച്2/41774/16 ക്യൂ തീയതി 5-8-2016 പ്രകാരം എ.ആർ. സി.പി.ഒ 6665 ശ്രീ. മാഷ്ദാസിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും തുടർന്ന് പി.എച്ച്.ക്യൂ ഉത്തരവ് നമ്പർ ജി 59995/2016 തീയതി 3-10-2016 പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. ടിയാനെതിരെയുള്ള വകുപ്പുതല നടപടി നടന്നുവരികയാണ്. കൂടാതെ ടി പോലീസ് ഉദ്യോഗസ്ഥനെതിരായി കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2548/2016 u/s 338 IPC പ്രകാരം ബഹുമാനപ്പെട്ട കോടതി മുൻപാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

**കുണ്ടറ പോലീസ് വ്യാജ കേസിൽ കുടുക്കി എന്ന പരാതി**

87(4245) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയറായ കൊല്ലം പടപ്പക്കര സ്വദേശി ജോൺ ഷാജിയെ കുണ്ടറ പോലീസ് സി.ഐ വ്യാജകേസിൽ കുടുക്കി എന്ന പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഈ കേസ് ഡി.വൈ.എസ്.പി. റാങ്കിൽ കുറയാത്ത സത്യസന്ധനായ ഒരു പോലീസ് ഓഫീസറെകൊണ്ട് അന്വേഷിപ്പിക്കണമെന്നത് സംബന്ധിച്ച് കോട്ടയം, ക്രൈംബ്രാഞ്ച് സി.ഐ.ഡി സാമ്പത്തിക കുറ്റന്വേഷണവിഭാഗം 2, ഡെപ്യൂട്ടി സൂപ്രണ്ട് 2-7-16 ൽ കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് നൽകിയ കത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് സ്റ്റേറ്റ് ക്രൈംബ്രാഞ്ചിലെ സത്യസന്ധനായ ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് പുനരന്വേഷണം നടത്തുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. കുണ്ടറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1953/2015 സി.ബി.സി.ഐ.ഡി-യിലേയ്ക്ക് കൈമാറിയിട്ടുള്ളതും തുടർന്ന് ക്രൈംബ്രാഞ്ച് വിഭാഗം ക്രൈം നമ്പർ 2/CR/HHW-1/TVM/17 ആയി റീ-നമ്പർ ചെയ്ത് അന്വേഷണം നടത്തിവരുന്നതുമാണ്.

(സി) ബാധകമല്ല.

**മൂന്നാം ബറ്റാലിയനിൽ നിന്നുള്ള പോലീസ് വിന്യാസം**

88(4246) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ കെ.എ.പി. മൂന്നാം ബറ്റാലിയനിൽനിന്നും ലോക്കൽ പോലീസിലേക്ക് പോലീസുകാരെ വിന്യസിച്ചപ്പോൾ കൊല്ലം റൂറൽ പോലീസിന് ആവശ്യമായ അംഗസംഖ്യ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബറ്റാലിയനിൽ നിന്നും ലോക്കൽ പോലീസിലേക്ക് പോലീസുകാരെ വിന്യസിക്കുമ്പോൾ കൊല്ലം റൂറൽ പോലീസിന് ആവശ്യമായ അംഗസംഖ്യ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊല്ലം റൂറൽ ജില്ലയിലെ ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് കെ.എ.പി. മൂന്നാം ബറ്റാലിയനിൽനിന്നും സേനാംഗങ്ങൾക്ക് സ്ഥലംമാറ്റം അനുവദിക്കുന്നത്.

**കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ്**

89(4247) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇ. ഇ. പി. ഡബ്ല്യൂ. ഡി.(എൻ.എച്ച്) ഡിവിഷൻ ആഭ്യന്തരവകുപ്പിന് നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) കല്ലമ്പലം ജംഗ്ഷനിൽ സോളാർ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ചീഫ് എഞ്ചിനീയർ PWD National Highways-ന്റെ പോലീസ് ആസ്ഥാനത്ത് ലഭിച്ച കത്ത് സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു.

**അത്യാധുനിക സൈബർ ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി**

90 (4248) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൈബർ കേസുകളിൽ അന്വേഷണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുകാരണം ശാസ്ത്രീയമായി കുറ്റം തെളിയിക്കുന്നതിനുള്ള പരിശോധനാ ലാബുകൾ കേരളാ പോലീസിൽ ഇല്ലാത്തതുകൊണ്ടാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ സി-ഡാക് മുഖേന നടത്തുന്ന ഇത്തരം പരിശോധനകളുടെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി കേരളാ പോലീസിനു കീഴിൽ അത്യാധുനിക ലാബ് സൗകര്യം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പരിശോധനകൾ നടത്തുന്നതിനാവശ്യമായ സാങ്കേതിക ജ്ഞാനം ഉള്ളവർ പോലീസ് സേനയിൽ ലഭ്യമാണെന്ന കാര്യം സർക്കാരിന് അറിവുണ്ടോ :

(ഇ) സമയബന്ധിതമായി ഈ സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ് വകുപ്പിനുകീഴിലുള്ള തിരുവനന്തപുരത്തെ സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സൈബർ കേസുകളിലെ പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ട്.

(സി) നിലവിൽ പോലീസ് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരത്തെ സ്റ്റേറ്റ്

ഫോറൻസിക് ലബോറട്ടറിയിൽ മാത്രമാണ് സൈബർ കേസുകളിലെ പരിശോധനകൾ നടത്തുന്നത്. ഇതിനുപുറമേ സി-ഡാക്കിലും ഇത്തരം പരിശോധനകൾ നടത്തുന്നുണ്ട്. പോലീസ് വകുപ്പിന് കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽക്കൂടി സൈബർ പരിശോധന സംവിധാനം ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(ഡി) സൈബർ കേസുകളിലെ പരിശോധനകൾ നടത്തുന്നതിന് ആവശ്യമായ സാങ്കേതികജ്ഞാനം ലഭിച്ച സയന്റിഫിക് ഉദ്യോഗസ്ഥർ സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയിലും തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലും നിലവിലുണ്ട്.

(ഇ) സൈബർ കേസുകളിലെ പരിശോധനകൾ സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇരിക്കൂർ കുഞ്ഞാമിന കൊലക്കേസ് അന്വേഷണം**

91 (4249) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അസംബ്ലി ഇലക്ഷൻ സമയത്ത് ഇരിക്കൂർ സിദ്ധിക് നഗറിലെ കുഞ്ഞാമിന എന്ന സ്ത്രീയെ കൊലപ്പെടുത്തിയ സംഭവത്തിൽ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഒരു വർഷമായിട്ടും ഈ കേസിലെ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിന് ലോക്കൽ പോലീസിന് സാധിക്കാത്ത സാഹചര്യത്തിൽ കേസ് അന്വേഷണം സി. ബി. ഐ.-യെ ഏൽപ്പിക്കാൻ തയ്യാറാകുമോ;

(സി) ഈ ആവശ്യം ഉന്നയിച്ച് കഴിഞ്ഞ ദിവസം ഇരിക്കൂർ പഞ്ചായത്തിൽ നടത്തിയ ഹർത്താൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് ഇരിക്കൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 372/2016 u/s 397, 302 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് മട്ടന്നൂർ പോലീസ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

ടി കേസിലെ പ്രതികളെന്ന് സംശയിക്കുന്നവർ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ വിവിധ പേരുകളിൽ മാറിമാറി താമസിക്കുന്നതായി വെളിവായിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കും LOC തയ്യാറാക്കി അയച്ചിട്ടുണ്ട്. പ്രതികളെന്ന് സംശയിക്കുന്നവരുടെ ഫോട്ടോ സാമൂഹ്യദൃശ്യമാധ്യമങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കേസ് സി.ബി.ഐ.-യെ ഏൽപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംഭവത്തിലെ പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത പരിശ്രമങ്ങൾ പോലീസിന്റെ ഭാഗത്തുനിന്നും നടത്തിവന്നിട്ടുള്ളതാണ്. ഇതിനായി ജില്ലാ പോലീസ് മേധാവിയുടെ സ്ക്വാഡിലെ അംഗങ്ങളെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ടി അന്വേഷണസംഘം പ്രതികളെ കണ്ടെത്തുന്നതിനുള്ള ശ്രമം തുടർന്നുവരുന്നു.

**വ്യാപകമായി കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന റാക്കറ്റ്**

92 (4250) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യാപകമായി കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന റാക്കറ്റ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തട്ടിക്കൊണ്ട് പോകൽ വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയിതിട്ടുണ്ട്;

(സി) ഇത്തരം റാക്കറ്റ് നിരീക്ഷിക്കാൻ പ്രത്യേക സേന രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സേന രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുട്ടികളെ തട്ടിക്കൊണ്ടുപോകൽ വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 168 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പ്രത്യേക സേന രൂപീകരിച്ചിട്ടില്ല. ഇത്തരം നീക്കങ്ങൾ നിരീക്ഷിക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ Anti Human Trafficking യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

## ചെർക്കളയിലെ ജ്യൂസ് കടയിൽ സദാചാര ഗുണ്ടായിസം

93(4251) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ വർഷം നവംബറിൽ ചെർക്കളയിലെ ജ്യൂസ് കടയിൽവച്ച് വിദ്യാർത്ഥികളെ സദാചാര ഗുണ്ടകൾ ആക്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേസിൽ എത്ര പ്രതികളാണുള്ളത്; എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിലെ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോയെന്നും ഇവരിൽ ആരെങ്കിലും മറ്റേതെങ്കിലും കേസിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഈ പ്രതികൾക്ക് ഏതെങ്കിലും കേസിൽ ശിക്ഷ വാങ്ങി കൊടുക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഭവത്തിന് വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 527/16 u/s 143, 147, 148, 323, 326, 341, 307 r/w149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ കേസിൽ ആകെ 6 പ്രതികളാണുള്ളത്. ആയതിൽ 1, 3, 4, 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2, 6 പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല. പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. പി.എ. ഹാരിസ് @ മുള്ളു ഹാരിസ്, S/o അഹമ്മദ്
2. ഫൈസൽ @ പൈച്ചു, S/o അബ്ദുൾ റഹിമാൻ
3. ഫൈസൽ ടി.എ., S/o അഹമ്മദ്.
4. അബ്ദുൾ ലത്തീഫ് സി.എച്ച്.@ ചില്ലറ ലത്തീഫ്, S/o അബ്ദുൾ ഖാദർ
5. അബ്ദുൾ ഷെഫീഖ് പി.@ അക്തർ പൊവ്വൽ
6. ജാഫർ @ ജാപ്പു, S/o ബി.കെ. അബ്ദുല്ല.

(സി) മേൽപ്പറയുന്ന കേസിലെ പ്രതികൾ മുസ്ലീം ലീഗ് അനുഭാവികളാണ്.

ഈ കേസിലെ ഒന്നാം പ്രതിയായ പി.എ. ഹാരിസ് @മുള്ളു ഹാരിസ്, S/o അഹമ്മദ്, തോട്ടത്തിൽ ഹൗസ്, മാർത്തോമ ബധിര വിദ്യാലയത്തിന് സമീപം, ചെർക്കള, ചെങ്കള ഗ്രാമം എന്നയാൾ വിദ്യാനഗർ പോലീസ് സ്റ്റേഷനിലെ താഴെ പറയുന്ന കേസുകളിലെ പ്രതിയാണ്.

1. Cr. No. 494/2011 U/s 143, 147, 148, 447, 427 r/w 149.

2.Cr. No. 495/2011 U/s 143, 147, 148, 447, 427 r/w 149 IPC

3. Cr. No.495/2013 U/s 143, 147, 341, 323 r/w 149

4. Cr. No.579/2013 U/s 143, 147, 148, 153 (A)506(ii) 427 r/w 149 IPC

5. Cr. No. 202/2014 U/s 143, 147, 225, 332 IPC

2-ാം പ്രതിയായ ഫൈസൽ @ പൈച്ചു, S/o അബ്ദുൾ റഹിമാൻ, ബാലടുക്കം ഹൗസ്, ചെർക്കള, ചെങ്കള ഗ്രാമം എന്നയാൾ വിദ്യാനഗർ പോലീസ് സ്റ്റേഷനിലെ താഴെ പറയുന്ന കേസുകളിലെ പ്രതിയാണ്.

1. Cr. No. 495/2011 U/s 143, 147, 148, 447, 427 r/w 149 IPC

2. Cr.No. 657/2014 U/s 143, 147, 153 r/w 149 IPC.

3. Cr.No. 535/2015 U/s 143, 147, 148, 323, 324, r/w 149 IPC.

4. Cr. No. 97/2016 U/s 143, 147, 148, 341, 323, 324, 308 r/w 149 IPC.

5. Cr. No. 527/2016 U/s 143, 147, 148, 341, 323, 326, 307, r/w 149 IPC

4-ാം പ്രതി അബ്ദുൾ ലത്തീഫ് എന്നയാൾ

1. Cr.No. 79/2014 U/s 143, 144, 147, 341, 427, 323, 324, 326, 308, r/w 149 IPC.

2. Cr.No. 127/ 2014 U/s 143, 144, 147, 341, 427, 324, 326, 308 r/w 149 IPC.

3. Cr.No. 117/2014 U/s 448, 341, 506(1), 326, 149 IPC എന്നീ

കേസുകളിൽ ഉൾപ്പെട്ടയാളും വിചാരണ നേരിടുന്നയാളും ആണ്.

5-ാം പ്രതി അബ്ദുൾ ഷെഫീക് എന്നയാൾ

1. ആദൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 68/2015 U/s 143, 147, 148, 427, 308 r/w 149 IPC.

2. ആദൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 71/2015 U/s 427, 326 IPC എന്നീ കേസുകളിൽ ഉൾപ്പെട്ടയാളും വിചാരണ നേരിടുന്നയാളും ആണ്.

ഈ കേസിലെ 6-ാം പ്രതിയായ ജാഫർ @ജാപ്പ എന്നയാൾ വിദ്യാനഗർ പോലീസ് സ്റ്റേഷനിലെ താഴെ പറയുന്ന കേസുകളിലെ പ്രതിയാണ്.

1. Cr. No. 657/2014 U/s 143, 147, r/w 149 IPC.

2. Cr. No. 535/2015 U/s 143, 147, 148, 323, 324 r/w 149 IPC.

3. Cr.No. 97/2016 U/s 143, 147, 148, 341, 323, 324, 308, r/w 149 IPC.

4. Cr. No. 527/2016 U/s 143, 147, 148, 341, 323, 326, 307, & 149 IPC.

(ഡി) ഇല്ല. ഇവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ കൂടുതലും അന്വേഷണാവസ്ഥയിലും വിചാരണയിലുമാണ്.

**പ്രകടനക്കാർക്ക് നേരെയുള്ള ജലപീരങ്കി പ്രയോഗം**

94(4252) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിലേക്കും ജില്ലാഭരണകേന്ദ്രങ്ങളിലേക്കും വരുന്ന പ്രകടനക്കാർക്കുനേരെ ജലപീരങ്കികൾ ഉപയോഗിക്കുന്നതുമൂലം അവരിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) കടുത്ത വരൾച്ചയിൽ ഇത്തരത്തിൽ അശാസ്ത്രീയമായി ജലം പാഴാക്കുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ജലപീരങ്കികൾക്ക് പകരം ആരോഗ്യത്തിന് ദോഷകരമല്ലാത്ത മറ്റു സംവിധാനങ്ങൾ ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) സമരക്കാരും മറ്റും അക്രമത്തിലേയ്ക്ക് തിരിയുന്ന ഘട്ടത്തിൽ മാത്രം അവരെ അതിൽനിന്നും പിൻതിരിപ്പിക്കുന്നതിനും നേരിട്ടുള്ള ബലപ്രയോഗം ഒഴിവാക്കുന്നതിനും ഏറ്റവും ലഘുവും ഫലപ്രദവുമായ മാർഗ്ഗമെന്ന നിലയിലാണ് ജലപീരങ്കി ഉപയോഗിച്ചുവരുന്നത്. പ്രകടനക്കാർക്കുനേരെ ജലപിരങ്കികൾ ഉപയോഗിക്കുന്നതുമൂലം അവരിൽ ആരോഗ്യപ്രശ്നം ഉണ്ടാകുന്നതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കുറ്റാന്വേഷണവും ക്രമസമാധാനപാലനവും

95(4253) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിൽ കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർതിരിക്കേണ്ട സമയം അതിക്രമിച്ചെന്ന ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസിന്റെ കാര്യക്ഷമതയും കുറ്റാന്വേഷണമികവും ക്രമസമാധാന പാലനവും മെച്ചപ്പെടുത്താൻ കോടതികൾ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയാമോ; കുറ്റാന്വേഷണ മേഖലയിൽ മാറ്റമുണ്ടാകാത്തതിൽ കോടതി അതൃപ്തി പ്രകടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ ഏതെങ്കിലുമൊരു പോലീസ് സ്റ്റേഷനിലെങ്കിലും യഥാർത്ഥത്തിൽ കുറ്റാന്വേഷണവും ക്രമസമാധാനപാലനവും ഫലപ്രദമായ രീതിയിൽ വിഭജിച്ച് നടപ്പിൽ വരുത്തുന്നതിന് സാധിച്ചിട്ടുണ്ടോ എന്ന ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് (ശ്രീ. ടി. എൽ. മോഹനൻ ഫയൽ ചെയ്ത Cri. MC-4188/15) 11-9-2015 തീയതിയിൽ ഈ വിഷയത്തെ സംബന്ധിച്ച് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി Prakash Singh Vs Union of India എന്ന കേസിലെ വിധിന്യായത്തിൽ ഇതുസംബന്ധമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിക്കണമെന്നത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിലെ നിർദ്ദേശങ്ങളിൽപ്പെട്ടതും അതുപോലെ ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ ശിപാർശകളിൽ പ്രധാനപ്പെട്ടതുമാണ്. അപ്രകാരം വേർതിരിക്കുമ്പോൾ ഓരോ വിഭാഗത്തിനും നേതൃത്വം നൽകാൻ പോലീസ് സബ് ഇൻസ്പെക്ടർമാരേയും രണ്ട് വിഭാഗങ്ങളുടേയും മേൽനോട്ടം വഹിക്കുവാൻ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർമാരെയും നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പോലീസിനെതിരെയുള്ള മണൽ - ഭൂമാഫിയ ആക്രമണങ്ങൾ**

96(4254) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണൽ - ഭൂമാഫിയകളെ അമർച്ച ചെയ്യുന്നതിന്റെ ഭാഗമായി അവരെ പിൻതുടർന്ന് നേരിടുന്ന അവസരങ്ങളിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മാഫിയകളുടെ ആക്രമണം ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മണൽ - ഭൂമാഫിയകളെ അമർച്ചചെയ്യുന്നതിനും അവരെ നിയമത്തിനു മുൻപിൽ കൊണ്ടുവരുന്നതിനും കർശന നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണൽ- ഭൂമാഫിയകളുടെ ആക്രമണം ഉണ്ടായിട്ടില്ല. എന്നാൽ അനധികൃതമായി മണൽ കടത്തുന്നവരെ പിൻതുടർന്ന് പിടിക്കാൻ ശ്രമിക്കുന്ന അവസരത്തിൽ 11 പോലീസ് ഉദ്യോഗസ്ഥർ ആക്രമണത്തിന് വിധേയരായിട്ടുണ്ട്. ഇതുസംബന്ധിച്ച് 8 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അനധികൃതമായി മണൽകടത്ത് നടത്തുന്നവരേയും അനധികൃതമായി ഭൂമി ഇടപാടുകൾ നടത്തുന്നവരേയും കണ്ടെത്തുവാൻ രഹസ്യാന്വേഷണവും നിരീക്ഷണവും നടത്തി സംശയമുള്ള സ്ഥലങ്ങളിൽ റെയ്ഡ് ചെയ്തും കുറ്റക്കാരെ കണ്ടെത്തി കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃതമായി മണൽ ഖനന സാധ്യതയുള്ള സ്ഥലങ്ങളിൽ പട്രോളിംഗ് ശക്തമാക്കി വാഹന പരിശോധനകൾ നടത്തി അനധികൃത മണൽ കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡി.ജി.പി. സെൻകുമാറിന്റെ നിയമനകേസുമായി ബന്ധപ്പെട്ട ചെലവ്**

97(4256) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ജി.പി. ടി. പി. സെൻകുമാറിന്റെ നിയമനവുമായി ബന്ധപ്പെട്ട കേസ് വാദിക്കുന്നതിന് നാളിതുവരെയായി വക്കീൽ ഫീസ് ഇനത്തിൽ എത്ര രൂപയാണ് സർക്കാരിന് ചെലവായത് ;

(ബി) സുപ്രീം കോടതി ഉത്തരവിന് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ നൽകിയ പുന:പരിശോധന ഹർജി സമർപ്പിക്കുന്നതിലേക്കായി വക്കീൽ ഫീസിനത്തിൽ എത്ര രൂപ ചെലവായി ?

ഉത്തരം

(എ & ബി) ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്**

98(T*4257) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ പേരിൽ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം ക്രിമിനലുകളെ നിരീക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ള 684 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ലോക്കൽ പോലീസിനും ഷാഡോ പോലീസിനും രഹസ്യാന്വേഷണ വിഭാഗത്തിനും പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇവർ കൂട്ടമായും അല്ലാതെയും താമസിക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പോലീസ് പട്രോളിംഗ് നടത്തി വരുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ ജനമൈത്രി പോലീസ്, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ നിരീക്ഷണം നടത്തിവരുന്നുമുണ്ട്.

(സി) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആർ.എസ്.ബി.വൈ.-യുടെ മാതൃകയിൽ 'ആവാസ് ' എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി 27/10/2016-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആവാസ് പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇതര സംസ്ഥാന

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തൊഴിലാളികളുടെ ആരോഗ്യസുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വ്യക്തിഗത വിവരശേഖരണം നടത്തി ഒരു ഡാറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയും. ഇൻഷ്വറൻസ് പരിരക്ഷയോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടും മേൽ വിവരങ്ങൾ മറ്റ് വകുപ്പുകൾക്ക് പ്രാപ്യമാക്കുവാൻ കഴിയുംവിധത്തിലുള്ള വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് നൽകുന്നത്. ഇത് ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡാണ്. ചിപ്പ് അധിഷ്ഠിതമായ ഈ തിരിച്ചറിയൽ കാർഡിൽ സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ.ആർ. കോഡ് എന്നിവ ഉണ്ടായിരിക്കും.

**ഇതരസംസ്ഥാനതൊഴിലാളികളുടെ കുടിയേറ്റം**

99(4258) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയ തോതിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം സമ്പദ്ഘടനയിലും സാമൂഹ്യരംഗത്തും ചെലുത്തുന്ന സ്വാധീനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ രേഖപ്പെടുത്തി സൂക്ഷിക്കണം എന്ന വ്യവസ്ഥ ഇപ്പോഴും സംസ്ഥാനത്ത് കുറ്റമറ്റ രീതിയിൽ നടപ്പിലായിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന് ആവശ്യമായ സംവിധാനങ്ങൾ പോലീസിന് ഉണ്ടോയെന്നും ഉള്ളവ പര്യാപ്തമാണോ എന്നും വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടില്ല.

(ബി-ഡി) ഇതര സംസ്ഥാന തൊഴിലാളികളെ തിരിച്ചറിയാനും നിരീക്ഷിക്കാനും ഇവരെ സംബന്ധിച്ച വിവരം ശേഖരിച്ച് അതത് പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുവാൻ പോലീസ് ആസ്ഥാന എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/09 പ്രകാരം SHO-മാർക്ക് നിലവിൽ നിർദ്ദേശമുണ്ട്. ഇപ്രകാരമുള്ള വിവരശേഖരണത്തിന് നിയമപരമായ പിൻബലമില്ലാത്തതിനാൽ പരിമിതികളും സാങ്കേതിക ബുദ്ധിമുട്ടുകളുമുണ്ട്. ആയതിനാൽ മേൽ നിർദ്ദേശം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാനാവുന്നില്ല. ഇവരെ ജോലിക്ക് നിയോഗിക്കുന്ന തൊഴിൽ ദാതാക്കൾ

ഇവരുടെ വിവരങ്ങൾ ശേഖരിച്ച് പോലീസ് സ്റ്റേഷനിൽ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാബേസ് തയ്യാറാക്കുന്നുണ്ടെങ്കിലും ഇപ്രകാരമുള്ള വിവരശേഖരണത്തിന് നിയമപരമായ പിൻബലമില്ലാത്തതിനാലും ഇവർ കൂടെക്കൂടെ സ്ഥലം മാറുന്നതിനാലും ഇത് കുറ്റമറ്റതാക്കാനാവുന്നില്ല. ഭരണഘടനാ പരമായ എല്ലാവിധ അവകാശങ്ങളുമുള്ള ഇന്ത്യൻ പൗരന്മാരാണ് ഇതര സംസ്ഥാന തൊഴിലാളികളും. ഇന്ത്യൻ ഭരണഘടനയുടെ Article 19(1) പ്രകാരം ഏതൊരു ഇന്ത്യൻ പൗരനും ഇന്ത്യയിലെവിടെയും ജോലി ചെയ്യുന്നതിനുള്ള അവകാശമുണ്ട്. ഒരു സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഒരു വ്യക്തി മറ്റൊരു സംസ്ഥാനത്തുനിന്ന് വരുന്ന ആളാണ് എന്നതിനാൽ മാത്രം അയാളുടെ മേൽ പോലീസ് നിരീക്ഷണം ഏർപ്പെടുത്തുന്നത് ഭരണഘടനാപരമായി തെറ്റാണ്. തൊഴിൽ വകുപ്പ് ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**നേമം നിയോജകമണ്ഡലത്തിലെ അക്രമസംഭവങ്ങൾ**

100 (4259) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് മാസത്തിനിടയ്ക്ക് എത്ര അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കേരളത്തിലെ ഏക ബി.ജെ.പി. എം.എൽ.എ-യുള്ള ഈ മണ്ഡലത്തിൽ ഭരണകക്ഷി സംഘടനകൾ മന:പ്പൂർവ്വമായി അക്രമങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) പതിനാറ് (16) അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 16 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്രമസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നിയമ നടപടികൾ സ്വീകരിക്കും. കൂടാതെ നേമം, പൂജപ്പുര പോലീസ് സ്റ്റേഷൻ അതിർത്തികളിൽ അധികമായ പോലീസ് പട്രോളിംഗും നടത്തി വരുന്നുണ്ട്. അക്രമസംഭവങ്ങൾ നടത്തുന്നത് ആരായാലും അവർക്കെതിരെ മറ്റ് പരിഗണനകൾ കൂടാതെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ് സർക്കാർ നയം.

**കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്ത് കൺട്രോൾ റൂം**

101(4260) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ റൂറൽ പോലീസ് ആസ്ഥാനം സ്ഥാപിതമായത് എന്നാണ്;

(ബി) ടെലികമ്മ്യൂണിക്കേഷൻ വിഭാഗം, പൂർണ്ണസജ്ജമായ കൺട്രോൾ റൂം എന്നീ സംവിധാനങ്ങൾ കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്ത് ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പോലീസ് ആസ്ഥാനത്ത് മേൽ പരാമർശിച്ച സംവിധാനങ്ങൾ അടിയന്തരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനം 1-3-2011 - ൽ നിലവിൽവന്നു.

(ബി & സി) ഇതിനായുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

**തീരദേശ പോലീസ് സേനയുടെ നവീകരണം**

102(4261) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശത്തിന്റെ സംരക്ഷണത്തിനായി രൂപീകരിച്ച തീരദേശ പോലീസിന്റെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) മറൈൻ ഇന്ത്യാ റിസർവ് ബറ്റാലിയൻ, മറൈൻ പോലീസ് ട്രെയിനിംഗ് സെന്റർ, കോസ്റ്റൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, 19 എം- ബോട്ട്സ്, All Terrain Vehicles, ലൈറ്റ് ഹൗസുകൾ, തീരപ്രദേശത്തെ തന്ത്രപ്രധാന സ്ഥലങ്ങൾ, ഉയർന്ന കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ നിരീക്ഷണത്തിനായി സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കൽ, സാറ്റലൈറ്റ് ഫോൺ ലഭ്യമാക്കൽ എന്നിവ തീരദേശ സുരക്ഷാ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കായി കൊച്ചിയിൽ ഹെഡ്ക്വോർട്ടേഴ്സ് നിർമ്മാണത്തിനായി ജി.ഒ. (ആർ.റ്റി) നമ്പർ 785/17/ആഭ്യന്തരം തീയതി 31-3-2017 പ്രകാരം 3,30,00,000/- രൂപ മതിപ്പു തുക കണക്കാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്.

**പോലീസ് സേനയിലെ ഉയർന്ന സ്ത്രീ പ്രാതിനിധ്യം**

103 (4262) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ സ്ത്രീ പ്രാതിനിധ്യം 50 ശതമാനമായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ബി) സ്ത്രീ സുരക്ഷയ്ക്ക് മുൻതൂക്കംനൽകുന്ന സംസ്ഥാനമായിട്ടും സംസ്ഥാനത്ത് നിലനിൽക്കുന്ന സാഹചര്യങ്ങൾ സ്ത്രീകൾക്ക് അനുകൂലമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) പോലീസിലെ ഉയർന്ന സ്ത്രീ പ്രാതിനിധ്യം സ്ത്രീസുരക്ഷയ്ക്ക് ആക്കംകൂട്ടുമോ?

ഉത്തരം

(എ) 15 ശതമാനമായി ഘട്ടംഘട്ടമായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ അംഗബലം ഉയർത്തുന്നതിന്റെ ഭാഗമായി 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവീൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പിങ്ക് പോലീസ് പട്രോൾ, നിർഭയ പദ്ധതി, വനിതകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ തുടങ്ങിയ പദ്ധതികൾ സംസ്ഥാന പോലീസ് ആസൂത്രണംചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.

(സി) പോലീസിലെ സ്ത്രീ പ്രാതിനിധ്യം ഉയർത്തുന്നത് സ്ത്രീ സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിന് വേണ്ടിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## പോലീസ് സേനയിലെ താഴെതട്ടിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ

104(4263) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ താഴെതട്ടിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ സർക്കാരിന് പൂർണ്ണ സംതൃപ്തിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുന്നതിന് പോലീസിന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന നിരന്തര വീഴ്ചകൾ തടസ്സമാകുന്നുവെന്നത് വസ്തുതയാണോ;

(സി) റെയിഞ്ച് അടിസ്ഥാനത്തിൽ പോലീസുദ്യോഗസ്ഥരുടെ യോഗം മുഖ്യമന്ത്രി വിളിച്ചുചേർത്തിട്ടുണ്ടോ;

(ഡി) പ്രസ്തുത യോഗങ്ങളിൽ മുഖ്യമന്ത്രിയുടെ പോലീസ് ഉപദേശകൻ പങ്കെടുക്കുകയും പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നേരിട്ട് നൽകുകയും ചെയ്യുന്നത് ശരിയാണോ;

(ഇ) സംസ്ഥാന പോലീസ് മേധാവി സ്ഥാനത്ത് ലോക് നാഥ് ബെഹ്റയെ നിയമിച്ച ഉത്തരവ് സുപ്രീം കോടതി റദ്ദാക്കിയശേഷവും 29-4-2017- ൽ ചേർന്ന മേഖലാ പോലീസ് ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ സംസ്ഥാന പോലീസ് മേധാവിയായ ബെഹ്റ പങ്കെടുത്തത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് വിലയിരുത്തുന്നു.

(ബി) പോലീസിന്റെ ഭാഗത്തുനിന്ന് നിരന്തര വീഴ്ചകൾ ഉണ്ടായിട്ടില്ല.

(സി) വിളിച്ച്ചേർത്തിട്ടുണ്ട്.

(ഡി) ഇത്തരം നിർദ്ദേശങ്ങൾ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സംസ്ഥാന പോലീസ് മേധാവി എന്ന നിലയിലാണ് ലോക് നാഥ് ബെഹ്റ 29-4-2017-ൽ ചേർന്ന മേഖലാ പോലീസ് ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ പങ്കെടുത്തത്. ശ്രീ. ടി. പി. സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവിയായി പുനർനിയമിച്ചത് 6-5-2017-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്.

### ജിഷ്ണ പ്രണോയ് കൊലക്കേസ് അന്വേഷണത്തിൽവന്ന വീഴ്ച

105 (4264) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഷ്ണ പ്രണോയ് കൊലക്കേസിൽ ആദ്യഘട്ട അന്വേഷണത്തിൽവന്ന വീഴ്ചകൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ജിഷ്ണവിന്റെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയതിലെ വീഴ്ച, പ്രതികൾക്ക് കോടതികളിൽനിന്നും മുൻകൂർ ജാമ്യം ലഭിക്കുവാനിടയാക്കിയ സാഹചര്യം എന്നിവ സംബന്ധിച്ച് അന്വേഷിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ടെത്തിയിട്ടില്ല.

(ബി) ജിഷ്ണ പ്രണോയിയുടെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ജിഷ്ണ പ്രണോയിയുടെ കുടുബാംഗങ്ങൾ പരാതി ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതിനായി Director, Medical Education-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണത്തിൽ ലഭ്യമായ തെളിവുകളുടെ വിവരങ്ങൾ ജാമ്യാപേക്ഷ സമർപ്പിച്ച സമയം ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചശേഷമാണ് ബഹുമാനപ്പെട്ട കോടതി പ്രതികൾക്ക് ജാമ്യം അനുവദിച്ചത്.

### പോലീസ് സേനയിൽ വരുത്തിയ നയപരവും ഭരണപരവുമായ മാറ്റങ്ങൾ

106 (4265) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയിൽ വരുത്തിയ നയപരവും ഭരണപരവുമായ മാറ്റങ്ങൾ വിശദമാക്കാമോ;

(ബി) ജനമൈത്രി പദ്ധതിയിൽ എന്തെങ്കിലും മാറ്റംവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) നിയമപരമായി മാത്രം പ്രവർത്തിച്ചുവരുന്ന പോലീസ് സേനയ്ക്ക് സർവ്വവിധ പ്രൊഫഷണൽ സ്വാതന്ത്ര്യവും അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ അത് നടപ്പിലാക്കാൻ സേനയെ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ പ്രൊഫഷണൽ സ്വാതന്ത്ര്യം നൽകിയപ്പോൾ സേന അത് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയുടെ സമീപനത്തിലുള്ള എന്തെങ്കിലും മാറ്റം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം എന്താണ് ;

(എഫ്) ഇല്ലെങ്കിൽ പോലീസ് സേനയുടെ സമീപനത്തിൽ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, സൈബർ കുറ്റകൃത്യങ്ങളെ കണ്ടെത്തി ചെറുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, വയോജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുക, സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് പദ്ധതി ആരംഭിക്കുക, തീരദേശ സുരക്ഷ ശക്തിപ്പെടുത്തുക എന്നീ പ്രധാനപ്പെട്ട പദ്ധതികളിലൂടെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന തത്വത്തിൽ ഊന്നിയുള്ള നയസമീപനമാണ് പിൻതുടരുന്നത്.

(ബി) ഉണ്ട്. ജനമൈത്രി പോലീസിംഗ് സംവിധാനം സർക്കാർ കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. നിയമ പരിപാലനത്തിനും ക്രമസമാധാനപാലനത്തിനും പൂർണ്ണമായി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പോലീസിംഗ് സംവിധാനമാണിത്. നിലവിൽ കേരളത്തിലെ പോലീസിംഗ് സംവിധാനം പൂർണ്ണമായും ജനമൈത്രി സംവിധാനത്തിലേയ്ക്ക് മാറിയിരിക്കുകയാണ്. ജനമൈത്രി പോലീസിംഗ് എന്ന് ഉദ്ദേശിക്കുന്നത് ജനങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടും പങ്കെടുപ്പിച്ചും നടത്തുന്ന പോലീസിംഗ് സമ്പ്രദായമാണ്. തന്മൂലം ജനങ്ങൾക്ക് പോലീസിനോടുള്ള മനോഭാവത്തിന് ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ ഭാഗമായുള്ള ഭവന സന്ദർശനവും ജനമൈത്രി സുരക്ഷാസമിതിയും ജനങ്ങളുടെ പ്രശ്നങ്ങളിലേയ്ക്കും ആവലാതികളിലേയ്ക്കും നേരിട്ട് ഇറങ്ങിച്ചെല്ലാൻ സഹായിക്കുന്നു. വിവിധ ബീറ്റുകളിലേയ്ക്ക് ബീറ്റ് ഓഫീസർമാരും അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരും നടത്തുന്ന സന്ദർശനത്തിന്റെ റിപ്പോർട്ടുകളും വിശദ വിവരങ്ങളും ലഭ്യമാകുന്നുണ്ട്. പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സാംസ്കാരിക, സാമൂഹിക, വിദ്യാഭ്യാസ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും, രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകളും നടത്തുക വഴി ആരോഗ്യ രംഗത്തും പോലീസ് സ്റ്റേഷൻ ഇടപെടുന്നു. കൂടാതെ മദ്യമയക്കു മരുന്നിനെതിരെയുള്ള ബോധവൽക്കരണ സെമിനാറുകൾ, ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാന തലത്തിൽ നേതൃത്വം നൽകി നടപ്പിലാക്കിയ ലഹരി വിരുദ്ധ കാവൽക്കൂട്ടം പോലെയുള്ള പദ്ധതികൾ, ട്രാഫിക് ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയിലൂടെ ജനങ്ങളെ കൂടുതൽ പങ്കെടുപ്പിച്ചും അവരുടെ വിശ്വാസമാർജ്ജിച്ചും ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിലേയ്ക്ക് മുന്നോട്ടുപോകുന്നു.

(സി) ഉണ്ട്. നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് അനുസൃതമായി സ്വതന്ത്രവും നീതിപൂർവ്വകവുമായ ഒരു പോലീസ് സംവിധാനമാണ് സംസ്ഥാനത്ത് നിലവിലുള്ളത്.

(ഡി) അത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പോലീസ് സേന പൂർണ്ണമായി ജനസൗഹൃദ സേനയായി പ്രവർത്തിച്ചു വരുന്നു.

(എഫ്) ബാധകമല്ല.

## പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

107(4266) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ ടൈപ്പിസ്റ്റ് - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കൺവെർഷൻ അനുപാതം 50:50 ആക്കി എങ്ങനെയാണ് പാലിച്ചുപോരുന്നത് എന്ന് വിശദമാക്കാമോ;

(ബി) 2011 മുതൽ നടത്തിയ 35 നിയമനങ്ങളിൽ ഈ തത്വം പാലിച്ചിരുന്നോ; എങ്കിൽ കണക്കുകൾ ലഭ്യമാക്കാമോ;

(സി) 17-11-2012 ലെ G.O (Ms.)No.288/2012/Home എന്ന ഉത്തരവ് പ്രകാരം സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി-ലേയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയ നിയമനങ്ങൾ പോലീസ് വകുപ്പിൽ പൂർണ്ണമായും നടപ്പിലാക്കിയതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) 23-12-2014 ലെ GO (Ms.) No. 266/2014/Home പ്രകാരം പ്രസ്തുത തസ്തികയിലെ നിയമനം പി.എസ്.സി.-ക്ക് വിട്ട സാഹചര്യത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് മുൻപ് മറ്റ് രീതിയിൽ നിയമനം നടത്തുന്നത് ചട്ടപ്രകാരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; 2017-2018 കാലയളവിൽ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ട്; ജില്ലയും യൂണിറ്റും തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; 50:50 എന്ന അനുപാതം പൂർണ്ണമായും പാലിച്ച് നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;അറിയിക്കാമോ?

### ഉത്തരം

(എ) പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം 1:1 എന്ന അനുപാതത്തിലാണ്. 50% ഒഴിവുകൾ പി.എസ്.സി. മുഖേനയും 50%

ഒഴിവുകൾ തസ്തികമാറ്റം മുഖേനയുമാണ് നികത്തുന്നത്. നിലവിൽ ആകെയുള്ള 109 തസ്തികയിൽ 63 പേർ നേരിട്ടുള്ള നിയമന പ്രകാരവും (പി.എസ്.സി/ എംപ്ലോയ്മെന്റ് /വകുപ്പുമാറ്റം/ആശ്രിത നിയമനം) 37 പേർ തസ്തികമാറ്റം വഴിയും നിയമിക്കപ്പെട്ടവരാണ്. നിലവിൽ 9 തസ്തികകൾ ഒഴിവുണ്ട്. 1:1 എന്ന അനുപാതം അനുസരിച്ച് നേരിട്ട് നിയമനം ലഭിക്കേണ്ട 55 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾക്ക് പകരം 63 പേരാണ് നേരിട്ടുള്ള നിയമന പ്രകാരം നിയമിച്ചിട്ടുള്ളത്. ആയതിനാൽ നിലവിലുള്ള നിയമനങ്ങൾ തസ്തികമാറ്റം വഴി നികത്തുവാൻ മാറ്റിവച്ചിരിക്കുകയാണ്.

(ബി) 2011 മുതൽ നടന്ന നിയമനങ്ങളിൽ 18 പേർക്ക് തസ്തികമാറ്റം വഴിയും 17 പേർക്ക് പി.എസ്.സി. വഴിയും നിയമനം നൽകിയിട്ടുണ്ട്.

(സി) സ്പെഷ്യൽ ബ്രാഞ്ചിലേയ്ക്കും പോലീസ് വകുപ്പിലേയ്ക്കും സി.എ.-മാരെ നിയമിക്കുന്നത് പോലീസ് എസ്റ്റാബ്ലിഷ്മെന്റാണ്. പ്രസ്തുത സി.എ.-മാർക്ക് പൊതുവായ സീനിയോറിറ്റി ലിസ്റ്റും പ്രൊമോഷനുകളുമാണ് നിലവിലുള്ളത്. ആയതിനാൽ പ്രസ്തുത ഉത്തരവ് പോലീസ് വകുപ്പിന് പൂർണ്ണമായും ബാധകമാണ്.

(ഡി) നേരിട്ടുള്ള നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള ക്വാട്ട മേൽപ്പറയുന്ന സർക്കാർ ഉത്തരവിന് മുമ്പുതന്നെ അധികരിച്ചിട്ടുള്ളതാണ്. ആയതിനാൽ തസ്തികമാറ്റം വഴി നികത്തേണ്ട ചട്ടപ്രകാരമുള്ള ഒഴിവുകൾ മാത്രമേ ടി ഉത്തരവിന് ശേഷം നികത്തിയിട്ടുള്ളൂ. പോലീസ് വകുപ്പിൽ സി.എ.-മാരുടെ സേവനം അത്യന്താപേക്ഷിതമായ ഒന്നാണ്. പോലീസ് ഉദ്യോഗസ്ഥന്മാരുടെ അമിത ജോലിഭാരം ലഘൂകരിക്കുന്നതിനായി സി.എ.-മാരെ അടിയന്തരമായി നിയമിക്കേണ്ടതായി വന്ന സാഹചര്യത്തിലാണ് ഇപ്രകാരം നിയമിക്കേണ്ടി വന്നത്.

(ഇ) 9 ഒഴിവുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| | (1) എസ്.എ.പി. |
| | (2) എസ്.സി.ആർ.ബി. ആസ്ഥാനം |
| | (3) എസ്.ബി.സി.ഐ.ഡി. ആസ്ഥാനം |
| തിരുവനന്തപുരം (ഒന്ന് വീതം) | (4) തിരുവനന്തപുരം റൂറൽ എസ്.പി. ഓഫീസ് |
| | (5) സി.ബി.സി.ഐ.ഡി.ഒ.സി.ഡബ്ല്യു. |
| | (6) സി.ബി.സി.ഐ.ഡി. ആസ്ഥാനം |
| | (7) ഒ.സി.ഡബ്ല്യു.സി.എസ്.ഒ. |

| | |
|---|---|
| തിരുവനന്തപുരം റൂറൽ & ഡി.പി.ഒ. പത്തനംതിട്ട (ഒന്ന് വീതം) | തിരുവനന്തപുരം റൂറലിലേയും ഡി.പി.ഒ പത്തനംതിട്ടയിലേയും 2 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എന്നാൽ നാളിതുവരെ നടപടി ഉണ്ടായിട്ടില്ലാത്തതുമാണ്. പ്രസ്തുത ഒഴിവ് സംവരണം ചെയ്തിരുന്ന ഓർത്തോപീഡിക് അംഗപരിമിതർ ലിസ്റ്റിൽ ഇല്ലാത്തതിനാൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. |

ഇതിനുപുറമേ 2017-2018 വർഷത്തിൽ 4 പ്രതീക്ഷിത ഒഴിവുകൾ ഉണ്ട്.

(1) ഡി.പി.ഒ. എറണാകുളം റൂറൽ-എറണാകുളം ജില്ല.

(2) എസ്.ഡി.പി.ഒ ആറ്റിങ്ങൽ- തിരുവനന്തപുരം റൂറൽ

(3) എസ്.ഡി.പി.ഒ ചേർത്തല-ആലപ്പുഴ

(4) എസ്.ബി.സി.ഐ.ഡി (എച്ച്.ക്യൂ.)-തിരുവനന്തപുരം

50:50 എന്ന അനുപാതത്തിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പോക്സോ നിയമപ്രകാരം ആദിവാസി യുവാക്കൾക്കെതിരെ രജിസ്റ്റർചെയ്ത കേസുകൾ**

108 (T*4267) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ നിയമപ്രകാരം ആദിവാസി യുവാക്കൾക്കെതിരെ നിലവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേരെ ശിക്ഷിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിയമപ്രകാരം എടുത്ത കേസുകൾ പുനരന്വേഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ആദിവാസി വിഭാഗങ്ങൾക്കിടയിൽ പ്രസ്തുത നിയമത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) പോക്സോ നിയമം നിലവിൽവന്ന് നാളിതുവരെ (9-5-2017) വരെ 166 കേസുകൾ രജിസ്റ്റർ ചെയ്യുകയും 14 പേരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(സി) ഗോത്രാചാര പ്രകാരം പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വിവാഹംചെയ്ത് കുടുംബജീവിതം നയിക്കുന്ന ആദിവാസി യുവാക്കൾക്ക് സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ടുള്ള നിയമലംഘനത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട് ജയിലിലടയ്ക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി ആദിവാസി ഊരുകളിൽ പോക്സോ നിയമത്തെക്കുറിച്ചും ശൈശവ വിവാഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും അവബോധം നൽകുന്നതിന് പോലീസ് ഉദ്യോഗസ്ഥർ കോളനികളിൽ സന്ദർശനം നടത്തി ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നുണ്ട്.

**പോലീസ് കംപ്ലയിന്റ് അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടി**

109(4268) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് കംപ്ലയിന്റ് അതോറിറ്റി പോലീസിന് അനുകൂലമായി നിലപാടുകൾ സ്വീകരിച്ചാണ് കേസുകൾ തീർപ്പാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ കാര്യക്ഷമതയും നിഷ്പക്ഷതയും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മനുഷ്യാവകാശ പ്രവർത്തകരെയോ പൊതുപ്രവർത്തകരെയോ കൂടി ഉൾപ്പെടുത്തി പോലീസ് കംപ്ലയിന്റ് അതോറിറ്റിയെ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളുമുള്ള സംസ്ഥാന പോലീസ് അതോറിറ്റി നിഷ്പക്ഷമായാണ് പ്രവർത്തിക്കുന്നത്. അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേന്ദ്ര അന്വേഷണ ഏജൻസികളിൽ പ്രവർത്തിച്ചിട്ടുള്ളതും എന്നാൽ കേരള പോലീസിൽ പ്രവർത്തിച്ചിട്ടില്ലാത്തതുമായ പോലീസ് സൂപ്രണ്ടിന്റെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറായി നിയമിക്കുന്നതിന് 25-4-2017-ലെ സ.ഉ. (സാധാ.) നമ്പർ 1036/17/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഗുണ്ടാ സംഘങ്ങൾക്കും സാമൂഹ്യ വിരുദ്ധർക്കുമെതിരെയുള്ള നടപടി

110 (4269) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണ്ടാ സംഘങ്ങൾക്കും സാമൂഹ്യവിരുദ്ധർക്കുമെതിരെയുള്ള നടപടിയുടെ ഭാഗമായി കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ സംസ്ഥാനത്താകെ എത്ര പേരെ അറസ്റ്റ് ചെയ്തു;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഗുണ്ടാ-റൗഡി ലിസ്റ്റിൽപ്പെട്ട് ഒളിവിൽ കഴിഞ്ഞിരുന്നതും ക്രമസമാധാനത്തിന് ഭീഷണിയായവരുമായ എത്രപേരെ അറസ്റ്റുചെയ്യുകയുണ്ടായി;

(ഡി) അറസ്റ്റ് ചെയ്യപ്പെട്ടവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഗുണ്ടാ സംഘങ്ങൾക്കും സാമൂഹ്യവിരുദ്ധർക്കുമെതിരെയുള്ള നടപടിയുടെ ഭാഗമായി കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ (2017 ഏപ്രിൽ മാസം) സംസ്ഥാനത്താകെ 456 പേരെ അറസ്റ്റ് ചെയ്തു.

(ബി) ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി *ചേർത്തിട്ടുണ്ട്.

(സി) 8 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) അറസ്റ്റ് ചെയ്യപ്പെട്ടവർക്കെതിരെ ചുമത്തിയിട്ടുള്ള വകുപ്പുകൾ ചുവടെ ചേർക്കുന്നു.

| ചുമത്തപ്പെട്ട വകുപ്പ് | അറസ്റ്റ് ചെയ്തവരുടെ എണ്ണം |
|---|---|
| KAAPA Act Sec.3 | 8 |
| 151 CrPC | 439 |
| 160 IPC | 1 |
| HURT Cases | 6 |
| Theft Cases | 2 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആയിറ്റി തീരദേശ പോലീസ് സ്റ്റേഷൻ

111 (4270) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച കാസർഗോഡ് ജില്ലയിലെ ആയിറ്റി തീരദേശ പോലീസ് സ്റ്റേഷൻ ഇതുവരെ പ്രവർത്തനമാരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി ഓഫീസ് ഉൾപ്പെടെ തയ്യാറാക്കിയിട്ടും പ്രവർത്തനം തുടങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുള്ള കോസ്റ്റൽ പോലീസ് സ്റ്റേഷനുകളായ തൃക്കരിപ്പൂർ (ആയിറ്റി), കുമ്പള എന്നിവിടങ്ങളിൽ ഓഫീസ് കെട്ടിടം, വാഹനങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, സേനാംഗങ്ങളുടെ നിയമനം എന്നിവ പൂർത്തിയാക്കി സ്റ്റേഷന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാന പോലീസിലെ കായികതാരങ്ങൾ

112(4271) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പോലീസിൽ എത്ര കായികതാരങ്ങളെ നിയമിച്ചിട്ടുണ്ട്; ഏതെല്ലാം വിഭാഗങ്ങളിലാണ് പ്രസ്തുത നിയമനങ്ങൾ എന്ന് വ്യക്തമാക്കുമോ;

(ബി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പോലീസ് സേനയിൽ എത്ര കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പോലീസിൽ 76 കായികതാരങ്ങളെ നിയമിക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിൽ ഒളിമ്പിക്സ് നിലവാരത്തിലുള്ള പ്രകടനം കാഴ്ചവച്ച ശ്രീ. സജൻ പ്രകാശ്, ശ്രീമതി എലിസബത്ത് സൂസൻ കോശി എന്നിവർക്ക് ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നേരിട്ട് നിയമനം നൽകിയിട്ടുണ്ട്. ഇതുകൂടാതെ വിവിധ കായിക ഇനങ്ങളിൽ മികവ് തെളിയിച്ച 74 കായിക താരങ്ങളെ ഹവീൽദാർ തസ്തികയിലേക്ക് തെരഞ്ഞെടുക്കുകയുണ്ടായി. ഓരോ

കായിക ഇനത്തിലും നിയമിക്കപ്പെട്ട കായിക താരങ്ങളുടെ എണ്ണം താഴെപ്പറയുന്നു.

| Sl. No. | Discipline | വനിത | പുരുഷൻ | ആകെ |
|---|---|---|---|---|
| 1 | അത്‌ലറ്റിക്സ് | 12 | 8 | 20 |
| 2 | ഫുട്ബോൾ | 0 | 6 | 6 |
| 3 | വോളീബോൾ | 0 | 0 | 0 |
| 4 | ബാസ്കറ്റ്ബോൾ | 4 | 4 | 8 |
| 5 | നീന്തൽ | 0 | 6 | 6 |
| 6 | വാട്ടർപോളോ | 0 | 12 | 12 |
| 7 | ഹാൻഡ്ബോൾ | 0 | 12 | 12 |
| 8 | കാനോയിങ് | 0 | 0 | 0 |
| 9 | കയാക്കിങ് | 0 | 0 | 0 |
| 10 | ജൂഡോ | 0 | 10 | 10 |
| | **ആകെ** | **16** | **58** | **74** |

മേൽ പ്രതിപാദിച്ച ഇനങ്ങളിൽ വാട്ടർപോളോ ഇനത്തിൽ നടന്ന തെരഞ്ഞെടുപ്പ് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ പരാതി സമർപ്പിച്ചിട്ടുള്ളതിനാൽ വാട്ടർപോളോ ഇനത്തിലെ 12 തസ്തികകളിലെ നിയമനം താൽക്കാലികമായി നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി**

113(4272) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-4-15-ലെ 894/2015/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷനിലേക്ക് ആവശ്യമായ ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഏറനാട് താലൂക്ക് മലപ്പുറം വില്ലേജ് വാർഡ് നമ്പർ 14-ൽ 268 -ാം നമ്പർ എന്ന കെട്ടിടത്തിൽ മലപ്പുറം വനിതാ പോലിസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് സർക്കാർ ഉത്തരവ് നം. ജി.ഒ. (ആർ.റ്റി.) നമ്പർ 894/15/ആഭ്യ., തീയതി 10-4-2015 പ്രകാരം (കേരള സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ. നമ്പർ 235/2015 പ്രകാരം) അനുമതി നല്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ അംഗസംഖ്യ പുനർവിന്യാസം വഴി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഒരു വനിതാ സബ് ഇൻസ്പെക്ടർ ഉൾപ്പെടെ 25 വനിതാ പോലീസ് ഉദ്യോഗസ്ഥരെ പ്രസ്തുത പോലീസ് സ്റ്റേഷനിലേയ്ക്ക് പുനർവിന്യാസം വഴി നിയമിച്ചിട്ടുണ്ട്.

(സി) മലപ്പുറം വനിതാ പോലിസ് സ്റ്റേഷൻ താമസംവിനാ ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പെമ്പിളൈ ഒരുമൈ പ്രവർത്തകരുടെ സമരപ്പന്തൽ പൊളിച്ചുനീക്കുവാൻ ശ്രമം**

114(4273) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെമ്പിളൈ ഒരുമൈ പ്രവർത്തകർ നിരാഹാര സമരം ഇരിക്കുന്ന മൂന്നാറിലെ സമരപ്പന്തൽ പൊളിച്ചുനീക്കുവാൻ 27-4-2017-ൽ ശ്രമമുണ്ടായോ;

(ബി) ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട പ്രവർത്തകരാണ് പന്തൽ പൊളിക്കുന്നതിന് ശ്രമിച്ചതെന്നും അവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തതെന്നും വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് സമാധാനപരമായി സംഘടിക്കുവാനും സമരം നടത്തുവാനുമുള്ള അവകാശം നിഷേധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമപ്രകാരമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പെമ്പിളൈ ഒരുമൈ സമരത്തോടൊപ്പം സത്യാഗ്രഹ സമരം നടത്തിവന്നിരുന്ന എ.എ.പി. പ്രവർത്തകരെ ദേഹോപദ്രവം ഏൽപ്പിച്ചുവെന്നും സമരപ്പന്തൽ പൊളിക്കാൻ ശ്രമിച്ചുവെന്നും കാണിച്ച് എ.എ.പി. പ്രവർത്തകയായ റാണി ആന്റോയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മൂന്നാർ പോലീസ് സ്റ്റേഷൻ ക്രൈം 513/17 u/s 143, 147, 294 (b), 506 (1), 324, 427 r/w149 IPC പ്രകാരം കണ്ടാലറിയാവുന്ന ഇരുപതോളം ആളുകൾക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

(സി) ഇല്ല.

## കായംകുളം പോലീസ് സ്റ്റേഷനിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി

115(4274) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് സ്റ്റേഷനിൽ ജീവനക്കാർക്ക് ഡ്രസിംഗ് റൂം, റസ്റ്റ് റൂം എന്നിവയ്ക്കായി മതിയായ സൗകര്യം ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ജനമൈത്രി പോലീസ് സ്റ്റേഷൻ കൂടിയായ ഈ സ്റ്റേഷനിൽ 20 ബീറ്റുകളിൽ സേവനം അനുഷ്ഠിക്കുന്നതിന് ആവശ്യമായ ജീവനക്കാർ ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്റ്റേഷനിലേക്ക് മതിയായ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കായംകുളം പോലീസ് സ്റ്റേഷനിൽ 6 കമ്പ്യൂട്ടറുകളും 4 പ്രിന്ററും 2 ഫോട്ടോസ്റ്റാറ്റ് മെഷീനും നിലവിലുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം പോലീസ് സ്റ്റേഷനിൽ ജനമൈത്രി പദ്ധതി ആരംഭിച്ചതുമായി ബന്ധപ്പെട്ട് 4 വനിതാ പോലീസ് ഉദ്യോഗസ്ഥരെ അധികമായി അനുവദിച്ചിട്ടുണ്ട്.

## തലശ്ശേരി തീരദേശ പോലീസ് സ്റ്റേഷൻ

116(4275) ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരിയിൽ പുതിയതായി ആരംഭിച്ച തീരദേശ പോലീസ് സ്റ്റേഷന്റെ ഉത്ഘാടനത്തിനുള്ള എന്തെങ്കിലും നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ;എങ്കിൽ പ്രസ്തുത സ്റ്റേഷന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ?

ഉത്തരം

കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, സേനാംഗങ്ങളുടെ നിയമനം, വാഹനങ്ങൾ എന്നിവ സജ്ജമാക്കിയിട്ടുള്ളതിനാൽ തലശ്ശേരി കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ ഉദ്ഘാടനം താമസംവിനാ നടത്താവുന്നതാണ്.

## എറണാകുളം ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷൻ

117(4276) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എവിടെയെങ്കിലും പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പുതുതായി തുടങ്ങേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ എറണാകുളം ജില്ലയിലെ (കൊച്ചി സിറ്റി) കുമ്പളങ്ങി എന്ന സ്ഥലവും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ കൊച്ചി മെട്രോയുടെ പ്രവർത്തനത്തിനോടനുബന്ധിച്ച് സുരക്ഷാക്രമീകരണത്തിനും നിയമപാലനത്തിനുമായി കൊച്ചി മെട്രോ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## വിമൺസ് ഹോസ്റ്റലിന്റെ ഭൂമിയിലെ മരങ്ങൾ മുറിച്ച് കടത്തിയ കേസ്

118 (4277) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിന് സമീപമുള്ള വർക്കിംഗ് വിമൺസ് ഹോസ്റ്റലിന്റെ നടത്തിപ്പുകാർ പ്രസ്തുത സർക്കാർ ഭൂമിയിലെ മരങ്ങൾ മുറിച്ചുകടത്തിയത് സംബന്ധിച്ച് കേസുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ആരെല്ലാമാണ് പ്രതികൾ; ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസ് ചാർജ്ജ് ചെയ്തിട്ടുള്ളത്;

(സി) കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. നടക്കാവ് പോലീസ് സ്റ്റേഷൻ Cr. No. 964/12 u/s 379 IPC and 3 (1) of PDPP Act 1984. (Later PDPP Act deleted) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ആനന്ദ കനകം, സെക്രട്ടറി, കോഴിക്കോട് ജില്ലാ വനിതാ ഹോസ്റ്റൽ ആണ് ടി കേസിലെ പ്രതി.

(സി) കേസ് ഇപ്പോൾ വിചാരണയിലാണ്.

## ആലപ്പാട് ഗ്രാമപഞ്ചായത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ

119 (4278) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിന്റെ പ്രാധാന്യവും പ്രദേശത്തിന്റെ സുരക്ഷിതത്വവും മുൻനിർത്തി ആലപ്പാട് ഗ്രാമപഞ്ചായത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) മത്സ്യബന്ധന യാനങ്ങൾ കായംകുളം ഫിഷിംഗ് ഹാർബറിൽ അടുക്കുമ്പോഴുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഇപ്പോൾ നടത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ തീരദേശ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്. നിലവിൽ ഈ പ്രദേശം, തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിൽപ്പെട്ടതാണ്. ഈ മേഖലയിൽ പുതുതായി ഒരു കോസ്റ്റൽ പോലീസ് സ്റ്റേഷൻകൂടി ആവശ്യമുള്ളതായി കാണുന്നില്ല.

(ബി) ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഓച്ചിറ പോലീസ് സ്റ്റേഷനിൽനിന്നും ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ച് പ്രദേശത്ത് സംഘർഷങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പോലീസുമായി നിരന്തര ബന്ധം സ്ഥാപിച്ച് പ്രസ്തുത പ്രദേശത്ത് സമാധാനാന്തരീക്ഷം നിലനിർത്തുന്നതിന് കടലോര ജാഗ്രത സമിതികളും രൂപീകരിച്ചിട്ടുണ്ട്.

## ചാലക്കുടി പോലീസ് സ്റ്റേഷൻ കെട്ടിട സമുച്ചയ നിർമ്മാണം

120(4279) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പോലീസ് സ്റ്റേഷൻ, സർക്കിൾ ഓഫീസ്, ഡിവൈ. എസ്. പി. ഓഫീസ് എന്നിവയ്ക്കായി ചാലക്കുടിയിൽ ഒരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ചാലക്കുടി പോലീസ് സ്റ്റേഷൻ, സർക്കിൾ ഓഫീസ്, ഡിവൈ.എസ്.പി. ഓഫീസ് എന്നിവയ്ക്കായി ഒരു പോലീസ് കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടികൾ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

**അടിവാരത്ത് പുതിയ പോലീസ് സ്റ്റേഷൻ**

121(4280) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അടിവാരത്ത് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച എന്തെങ്കിലും റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) അടിവാരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പുതുതായി തുടങ്ങേണ്ട 68 പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാപ്പട്ടികയിൽ കോഴിക്കോട് റൂറൽ പോലീസ് ജില്ലയിലെ അടിവാരം പോലീസ് സ്റ്റേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ആയത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

**സ്ത്രീപീഡന കേസുകൾ**

122(4281) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്ത്രീപീഡന കേസുകൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിലെ വാദികളും പ്രതികളും ആരെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇതിൽ ഏതെങ്കിലും കേസിൽ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ/ പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധം 1 ആയി ഉൾക്കൊള്ളിക്കുന്നു.*

(ബി) ഇതിലെ വാദികളുടേയും പ്രതികളുടേയും പ്രായംതിരിച്ചുള്ള വിശദാംശം അനുബന്ധം 2 ആയി ഉൾക്കൊള്ളിക്കുന്നു.*

(സി) ഇതിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ/പ്രവർത്തകർ ഉൾപ്പെട്ടിട്ടുള്ള കേസുകളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ഉൾക്കൊള്ളിക്കുന്നു.*

**കാസർഗോഡ് ജില്ലയിലെ കുടുംബ കോടതിക്ക് സ്വന്തമായി കെട്ടിടം**

123 (4282) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുടുംബ കോടതിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് കോടതി വളപ്പിനടുത്തുള്ള മുട്ടത്തോടി ഗ്രാമത്തിലെ 30 സെന്റ് സ്ഥലം കുടുംബ കോടതി കെട്ടിടം പണിയുന്നതിനായി ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റിന് കൈമാറ്റം ചെയ്തിട്ടുണ്ട്.

(ബി) ഭരണാനുമതിക്കായി ഹൈക്കോടതി രജിസ്ട്രാർ DSR 2014 പ്രകാരമുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. സർക്കാർ അത് പരിശോധിക്കുകയും DSR 2016 പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്.

**കാസർഗോഡ് ജില്ലയിലെ ക്രിമിനൽ കേസുകൾ**

124(4283) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പ്രതികളാണുള്ളത്; എത്ര പ്രതികളുടെ അറസ്റ്റ് രേഖപ്പെടുത്തി;

(ബി) ജില്ലയിൽ കഴിഞ്ഞ ഒരു വർഷം എത്ര കൊലപാതക കേസുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

രജിസ്റ്റർ ചെയ്തു; എത്ര പ്രതികളാണ് ഇവയിൽ ഉൾപ്പെട്ടിട്ടുള്ളത്; എത്ര കൊലപാതക കേസ്സുകളിലെ പ്രതികളെ പിടികൂടി; കൊലപാതക കേസ്സുകളിലെ പിടികിട്ടാപ്പുള്ളികൾ എത്ര;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും സംബന്ധിച്ച് കാസർകോട് ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പോലീസ് സ്റ്റേഷൻ തിരിച്ച് കണക്ക് ലഭ്യമാക്കുമോ; ഇതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസുകളുടേയും പ്രതികളുടേയും എണ്ണം ചുവടെ ചേർക്കുന്നു.

| ആകെ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകൾ | ആകെ പ്രതികൾ | അറസ്റ്റുചെയ്ത പ്രതികളുടെ എണ്ണം |
|---|---|---|
| 10,964 (IPC+SLL) | 14465 | 12473 |

(ബി) കൊലപാതക കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | കൊലപാതക കേസുകളുടെ ആകെ എണ്ണം | ആകെ പ്രതികൾ | അറസ്റ്റ് ചെയ്ത ആകെ പ്രതികൾ | അറസ്റ്റ് ചെയ്യാനുള്ള പ്രതികൾ |
|---|---|---|---|---|
| 2016 | 12 | 16 | 15 (ഒരു പ്രതി ആത്മഹത്യ ചെയ്തു) | ഇല്ല |
| 2017- 9-5-2017 വരെ | 8 | 24 | 24 | ഇല്ല |

(സി) 712 കേസുകൾ. പോലീസ് സ്റ്റേഷൻ തിരിച്ച് വിവരം ചുവടെ ചേർക്കുന്നു:

| പോലീസ് സ്റ്റേഷൻ | ആകെ കേസുകളുടെ എണ്ണം | അറസ്റ്റ് ചെയ്യാനുള്ള പ്രതികളുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| മഞ്ചേശ്വരം | 28 | 15 |
| കുമ്പള | 24 | 10 |

| 1 | 2 | 3 |
|---|---|---|
| കാസർഗോഡ് | 62 | 21 |
| വിദ്യാനഗർ | 58 | 27 |
| ബദിയഡുക്ക | 66 | 40 |
| ആധൂർ | 48 | 5 |
| ബേഡകം | 23 | 4 |
| ബേക്കൽ | 45 | 20 |
| അമ്പലത്തറ | 21 | 6 |
| ഹോസ്ദുർഗ്ഗ് | 86 | 16 |
| നീലേശ്വരം | 38 | 6 |
| ചന്ദേര | 57 | 10 |
| ചീമേനി | 20 | 5 |
| ചിറ്റാരിക്കൽ | 41 | 8 |
| വെള്ളരിക്കുണ്ട് | 49 | 6 |
| രാജപുരം | 36 | 10 |
| എസ്.എം.എസ്. | 10 | 1 |

**പിൻവലിച്ച ക്രിമിനൽ കേസുകൾ**

125(4284) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ക്രിമിനൽ കേസുകൾ പിൻവലിച്ചിട്ടുണ്ട്; പ്രസ്തുത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ കേസുകളിൽ എത്ര പ്രതികളുണ്ട് ;

(സി) സർക്കാർ സ്വത്തുക്കൾ നശിപ്പിച്ച കേസ്സുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം കേസുകളിലെ പ്രതികളിൽനിന്നും നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) 71 ക്രിമിനൽ കേസുകൾ പിൻവലിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി **ചേർത്തിരിക്കുന്നു.

(ബി) 929 പ്രതികൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 7 കേസുകൾ പിൻവലിച്ചിട്ടുണ്ട്. പ്രതികളിൽനിന്നും നഷ്ടപരിഹാരം ഈടാക്കിയിട്ടില്ല.

**പയ്യന്നൂർ മണ്ഡലത്തിലെ കോറോത്ത് ദുരന്ത നിവാരണ സേനയുടെ യൂണിറ്റ്**

126(4285) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കോറോം വില്ലേജിൽ വരുന്ന കോറോത്ത് ദുരന്ത നിവാരണ സേനയുടെ ഒരു യൂണിറ്റ് അനുവദിച്ചതായി പ്രഖ്യാപനം ഉണ്ടായിരുന്നോ; അതിന്റെ തുടർനടപടികൾ ഏത് വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) ദുരന്ത നിവാരണ സേനയുടെ യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കോറോം വില്ലേജിൽ ലഭ്യമായോ;

(സി) യൂണിറ്റ് സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിലെ കോറോം വില്ലേജിൽ ദുരന്ത നിവാരണ സേനയുടെ യൂണിറ്റ് അനുവദിക്കാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തീരുമാനിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല.

**പൊതുസ്ഥലത്തെ പുകവലി നിരോധനം**

127(4286) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്.ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലത്തെ പുകവലി നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് പുകയില ഉപയോഗം വ്യപകമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരോധനവും ബോധവൽക്കരണവും നിലവിലുണ്ടെങ്കിലും, പൊതുസ്ഥലങ്ങളിൽ പരസ്യമായി പുകവലിക്കുന്നവരുടെ എണ്ണം ഏറുന്നു എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) 2017 ജനുവരി 1 മുതൽ മാർച്ച് 31 വരെ പൊതുസ്ഥലങ്ങളിൽ പുകവലിച്ചതിന് എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും എത്ര തുക പിഴയായി ഈടാക്കിയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പൊതുസ്ഥലത്ത് പരസ്യമായി പുകവലിക്കുന്നവരുടെ എണ്ണം ഏറിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുസ്ഥലത്ത് പുകവലി നിരോധനം കൃത്യമായി നടപ്പിലാക്കുന്നതിനുവേണ്ടി ഇത്തരക്കാരെ കണ്ടെത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) 2017 ജനുവരി 1 മുതൽ മാർച്ച് 31 വരെ പൊതുസ്ഥലങ്ങളിൽ പുകവലിച്ചതിന് 42879 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. 1,30,28,200/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

## കരുനാഗപ്പള്ളി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നടപടികൾ

128(4287) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരത്തിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ വിശദമായ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി നിർമ്മിച്ച കെട്ടിടം നിലവിൽ എന്ത് ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസ്, ഹോം ഗാർഡ്, ട്രാഫിക് വാർഡന്മാർ എന്നിവരെ നാഷണൽ ഹൈവേയിലെ ജംഗ്ഷനുകളിൽ പോസ്റ്റ് ചെയ്ത് ട്രാഫിക് നിയന്ത്രണം ഏർപ്പെടുത്തിയും മൊബൈൽ പട്രോളിംഗ് മുഖേന ട്രാഫിക് ലംഘനങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചും വരുന്നു.

(ബി) സംസ്ഥാനത്ത് കൂടുതലായി ട്രാഫിക് സബ് ഡിവിഷനുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇതിൽ കരുനാഗപ്പള്ളിയും ഉൾപ്പെടുന്നുണ്ട്.

(സി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി കെട്ടിടം നിർമ്മിച്ചിട്ടില്ല.

## തിരുവനന്തപുരം സിറ്റി പോലീസ് കൺട്രോൾറൂമിൽ ആധുനിക ചോദ്യം ചെയ്യൽ മുറി

129(4288) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികളെ ചോദ്യം ചെയ്യുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ ചോദ്യംചെയ്യൽ മുറി തിരുവനന്തപുരം സിറ്റി പോലീസ് കൺട്രോൾ റൂമിൽ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ആധുനിക ചോദ്യംചെയ്യൽ മുറി എല്ലാ ജില്ലകളിലും സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) പോലീസുദ്യോഗസ്ഥർക്ക് പ്രതികളെ ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) കുറ്റാന്വേഷണം പൂർണ്ണമായും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മാറ്റിക്കൊണ്ട് പോലീസ് സേനയെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും ആധുനിക ചോദ്യംചെയ്യൽ മുറി സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പോലീസ് സേനയെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

## കഴക്കൂട്ടത്ത് പട്ടികജാതി യുവാവിനെ പോലീസ് മർദ്ദിച്ചെന്ന പരാതി

130(4289) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം കരിച്ചാറ അപ്പോളോ കോളനിയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട അരുണിനെ കഴക്കൂട്ടം എസ്.ഐ.-യും

പോലീസുകാരും ചേർന്ന് മർദ്ദിച്ച് ചെവിയുടെ കേൾവിശക്തി നഷ്ടപ്പെടുത്തിയെന്ന പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പോലീസ് സ്റ്റേഷനിൽ മൂന്നാംമുറ അനുവദിക്കില്ല എന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പോലീസുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അയ്യപ്പൻ മകൻ അരുൺ നൽകിയ പരാതിയിൽ അന്വേഷണം നടത്തിയതിൽ കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ ഒരു പെൺകുട്ടിയെ കാണാനില്ലെന്ന പരാതിയെ തുടർന്ന് പ്രസ്തുത അരുണിനോട് വിവരം ചോദിക്കുന്നതിലേയ്ക്കായി സ്റ്റേഷനിൽ കൊണ്ടുവരുകയും പോലീസിന്റെ ചോദ്യങ്ങളോട് സഹകരിക്കാതെ പ്രകോപനപരമായി സംസാരിക്കുകയും പോലീസിനെ വെല്ലുവിളിക്കുകയും അക്രമസ്വഭാവം പ്രകടിപ്പിക്കുകയും ചെയ്ത അരുണിനെ മെഡിക്കൽ പരിശോധന നടത്തി പോലീസ് സ്റ്റേഷനിൽ ഹാജരാക്കുകയും പോലീസ് സ്റ്റേഷനിൽ പൊതുജനങ്ങൾക്ക് ശല്യമുണ്ടാകുന്ന രീതിയിൽ കലഹസ്വഭാവിയായി ഉച്ചത്തിൽ സംസാരിച്ചതിനും മോശമായി പെരുമാറിയതിനും കഴക്കൂട്ടം പോലീസ് സ്റ്റേഷൻ ക്രൈം 544/17 u/s 118(a) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. തുടർന്ന് ഈ സംഭവത്തിലേയ്ക്ക് രേഖപ്പെടുത്തിയിട്ടുള്ള മൊഴികളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ അരുണിനെ പോലീസ് മർദ്ദിച്ചതായ വിവരങ്ങളൊന്നും കണ്ടെത്തിയിട്ടില്ല. ആയതിനാൽ ഈ പരാതിയിന്മേൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) പോലീസ് സ്റ്റേഷനിൽ മൂന്നാംമുറ അനുവദിച്ചിട്ടില്ല. ഇത്തരം പ്രർത്തനങ്ങൾ പോലീസ് സ്റ്റേഷനിൽ നടത്തിയാൽ കുറ്റക്കാർക്കെതിരെ കർശന നിയമ/വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

## നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിലെ സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിൽ ക്രമക്കേട്

131 (4290) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ പോലീസ് ഹൗസിംഗ് കോർപ്പറേഷൻ നിർമ്മിച്ച കെട്ടിടത്തിന്റെ സെപ്റ്റിക് ടാങ്ക് സ്ഥലപരിമിതികാരണം നിറഞ്ഞുപുറത്തേയ്ക്ക് ഒഴുകി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ച സാഹചര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും പരിഹാരമാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പുതിയ സെപ്റ്റിക് ടാങ്ക് പണിയുന്നതിന് നടപടി സ്വീകരിച്ചോ;

(സി) പ്രസ്തുത ടാങ്ക് നിർമ്മാണത്തിൽ എന്തെങ്കിലും ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ & ബി) നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ പോലീസ് ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയാവുകയും പോലീസ് സ്റ്റേഷന്റെ സീവേജ് കണക്ഷൻ ക്വാർട്ടേഴ്സിന്റെ സെപ്റ്റിക് ടാങ്കിലേയ്ക്ക് ബന്ധിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ സൃഷ്ടിച്ച അരക്ഷിതാവസ്ഥ**

132(4291) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും കൊലപാതകങ്ങളും പൊതുജനങ്ങൾക്കിടയിൽ അരക്ഷിതാവസ്ഥ സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം സംഘട്ടനങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്;

(സി) സംസ്ഥാനത്തെ ക്രമസമാധാനം പരിപാലിക്കുന്നതിൽ പോലീസ് പരാജയപ്പെട്ടതാണ് ഈ സ്ഥിതിവിശേഷത്തിന് കാരണമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംഭവങ്ങളുടെ ആവർത്തനം തടയുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും കൊലപാതകങ്ങളും വ്യാപകമല്ല. എന്നിരുന്നാലും ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതുമൂലം പൊതുജനങ്ങൾക്ക് അരക്ഷിതാവസ്ഥ ഉണ്ടായിട്ടില്ലാത്തതാണ്. പൊതുജനങ്ങളുടെ സ്വൈരജീവിതത്തേയും സുരക്ഷയേയും മുൻനിർത്തി ഗുണ്ടാപ്രവർത്തനങ്ങളെ തടയുവാനും അമർച്ചചെയ്യുവാനും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) 2 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) ക്രമസമാധാനം പരിപാലിക്കുന്നതിൽ പോലീസിന് വീഴ്ചവന്നിട്ടില്ല. സംസ്ഥാനത്ത് ശക്തമായ പോലീസ് സംവിധാനം നിലവിലുള്ളതും പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾവഴി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി വരുന്നതും സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ക്രമസമാധാന പാലനം നടത്തിവരുന്നതുമാണ്. പോലീസ് സംവിധാനം ശക്തമായതിനാലാണ് സംസ്ഥാനത്ത് ഭദ്രമായ ക്രമസമാധാനനില സംജാതമായിട്ടുള്ളത്.

**ക്ഷേത്രോത്സവങ്ങളുമായി ബന്ധപ്പെട്ട അക്രമസംഭവങ്ങൾ**

133 (4292) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേത്രോത്സവങ്ങളുമായി ബന്ധപ്പെട്ട് ഒരു യുവജന സംഘടന അക്രമങ്ങൾ അഴിച്ചുവിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേത്രാചാരവുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന കാവിക്കൊടിക്കുമുകളിൽ യുവജന സംഘടന അവരുടെ കൊടി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ഷേത്രങ്ങളെ ആസൂത്രിതമായി സംഘർഷമേഖലയാക്കുന്നതിന് ചിലർ ശ്രമിക്കുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്ഷേത്രോത്സവങ്ങളുമായി ബന്ധപ്പെട്ട് ഒരു യുവജന സംഘടനയും അക്രമങ്ങൾ അഴിച്ചുവിട്ടതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംഘർഷങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ക്ഷേത്രങ്ങളെ ആസൂത്രിതമായി സംഘർഷ മേഖലയാക്കുന്ന തരത്തിലുള്ള പ്രവർത്തനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ വിഭാഗത്തിന്റേയും ആരാധനാലയങ്ങളോ ആഘോഷങ്ങളോ സ്വതന്ത്രമായും സമാധാനപരമായും നടത്തുന്നതിന് എല്ലാവിധ പരിരക്ഷയും സർക്കാർ നൽകി വരുന്നുണ്ട്.

**സിഡ്കോ മാനേജിംഗ് ഡയറക്ടർക്കെതിരെ വിജിലൻസ് അന്വേഷണം**

134 (4293) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സിഡ്കോ മാനേജിംഗ് ഡയറക്ടർ ആയിരുന്ന സജി ബഷീറിനെതിരെ ഏതെല്ലാം ക്രമക്കേടുകൾക്കതിരെയുള്ള പരാതികളാണ് വിജിലൻസ് വകുപ്പ് അന്വേഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

ഉത്തരം അനുബന്ധമായി* ചേർക്കുന്നു.

**സിഡ്കോയുടെ കടവന്ത്രയിലെ ഭൂമിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം**

135 (4294) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ അധീനതയിലുള്ള കടവന്ത്രയിലെ ഭൂമി ഒരു സ്വകാര്യ സ്ഥാപനത്തിന് പാട്ടത്തിന് കൊടുത്തതുമായി ബന്ധപ്പെട്ട കരാറിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് വ്യവസായ വകുപ്പിൽനിന്നും വിജിലൻസ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടോ;

(ബി) അന്വേഷണം ആവശ്യപ്പെട്ട് എന്നാണ് വിജിലൻസ് വകുപ്പിന് കത്ത് നൽകിയത്;

(സി) പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിജിലൻസ് (ബി) വകുപ്പിന്റെ 1-10-2016-ലെ 9479/B1/16/Vig. നമ്പർ കത്ത് പ്രകാരം വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) വിജിലൻസ് അന്വേഷണം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1-ൽ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിജിലൻസ് - രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളും ശിക്ഷിക്കപ്പെട്ട കേസുകളും

136 (4295) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷക്കാലയളവിൽ വിജിലൻസ് രജിസ്റ്റർ ചെയ്ത കേസുകൾ എത്രയെന്നും ശിക്ഷിക്കപ്പെട്ട കേസുകൾ എത്രയെന്നും പ്രതികൾ കുറ്റവിമുക്തരാക്കപ്പെട്ട കേസുകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ വകുപ്പുതല നടപടികൾക്ക് വിധേയമായ കേസുകൾ എത്രയാണ്; ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ നോൺ ഗസറ്റഡ്, ഗസറ്റഡ് തസ്തികയിലുള്ളവർ, വകുപ്പുതലവന്മാർ മുതൽ മുകളിലോട്ടുള്ളവർ എന്നിങ്ങനെ കാറ്റഗറി തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ ചെലവിലേക്ക് കഴിഞ്ഞ 10 വർഷം ചെലവാക്കിയ തുക വർഷം തിരിച്ച് നൽകാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷക്കാലയളവിൽ വിജിലൻസ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 1877, ശിക്ഷിക്കപ്പെട്ട കേസുകൾ 24, കുറ്റവിമുക്തരാക്കപ്പെട്ട കേസുകൾ 139.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി)

| വർഷം | പ്ലാൻ ഫണ്ട് | നോൺ പ്ലാൻ ഫണ്ട് |
|---|---|---|
| 2007-2008 | 24,42,541 | 20,93,24,041 |
| 2008-2009 | 49,83,032 | 20,24,54,163 |
| 2009-2010 | 49,54,546 | 27,01,31,082 |
| 2010-2011 | 43,85,946 | 30,95,40,934 |
| 2011-2012 | 66,73,645 | 44,27,51,281 |
| 2012-2013 | 1,09,95,596 | 42,14,19,163 |
| 2013-2014 | 94,99,938 | 47,92,45,610 |
| 2014-2015 | 1,49,14,462 | 71,87,51,814 |
| 2015-2016 | 68,55,875 | 57,25,24,945 |
| 2016-2017 | 6,95,887 | 79,19,54,831 |

## സർക്കാർ ഉദ്യോഗസ്ഥരുടെ പേരിലുള്ള വിജിലൻസ് കേസുകൾ

137 (4296) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ പേരിലുള്ള വിജിലൻസ് കേസുകളിൽ പഴക്കംചെന്ന നിരവധി കേസുകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന പരാതി പരിശോധിക്കുമോ; എത്ര വർഷംവരെ പഴക്കംചെന്ന കേസുകൾ നിലവിലുണ്ട്; ഇതിനുപരിഹാരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) വിജിലൻസ് കേസുകൾ എളുപ്പത്തിൽ തീർപ്പാക്കാൻ നടപടി സ്വികരിക്കുമോ;

(സി) 2003 മുതലുള്ള കേസുകൾ പ്രത്യേകമായി പരിശോധിക്കുവാൻ ഒരു ജ്യുഡീഷ്യൽ കമ്മീഷനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ചില വിജിലൻസ് കേസുകളുടെ അന്വേഷണം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാലും ചില സാമ്പിളുകളുടെ പരിശോധനാറിപ്പോർട്ട് ലഭിക്കാനുള്ള കാലതാമസം, അന്വേഷണത്തിനാവശ്യമായ രേഖകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ലഭിക്കുന്നതിനുള്ള കാലതാമസം, അന്വേഷണ ഉദ്യോഗസ്ഥരുടെ അപര്യാപ്തത എന്നീ കാരണങ്ങളാലും വിജിലൻസ് കേസുകളിലെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വരുന്നുണ്ട്. നിലവിൽ 730 വിജിലൻസ് കേസുകൾ അന്വേഷണം പൂർത്തിയാക്കാനുണ്ട്. അതിൽ 13 വർഷം വരെ പഴക്കമുള്ള വിജിലൻസ് കേസുകളുണ്ട്. 6 വിജിലൻസ് കോടതികളിലായി 1396 കേസുകൾ വിചാരണ പൂർത്തിയാക്കാനുണ്ട്. സമയബന്ധിതമായി അന്വേഷണങ്ങൾ പൂർത്തിയാക്കാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിവരുന്നുണ്ട്.

(ബി) വിജിലൻസ് കേസുകളുടെ അന്വേഷണ പുരോഗതി സംബന്ധിച്ച് റെയ്ഞ്ച് പോലീസ് സൂപ്രണ്ടുമാർ പ്രതിമാസ അവലോകനം നടത്തുകയും അന്വേഷണം പൂർത്തിയാക്കാനുള്ള നിർദ്ദേശം നല്കുകയും ചെയ്തുവരുന്നു. വിജിലൻസ് ഡയറക്ടറേറ്റിലും ത്രൈമാസികമായി അന്വേഷണ പുരോഗതി വിലയിരുത്തി സമയബന്ധിതമായി അന്വേഷണങ്ങൾ പൂർത്തിയാക്കാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം, അനധികൃത സ്വത്ത്സമ്പാദനം

ഉൾപ്പെടെയുള്ള മറ്റ് കേസുകൾ ഒരു ടീം രൂപീകരിച്ച് ചീഫ് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുടെ നേതൃത്വത്തിൽ കേസന്വേഷണം നടത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം എന്നിവ വിജിലൻസ് ഡയറക്ടർ തലത്തിൽ നല്കിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിജിലൻസ് അന്വേഷണം**

138(4297) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരായ കേസിന്റെ വിശദാംശങ്ങളും കേസിന്റെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) അനുബന്ധമായി* ചേർക്കുന്നു.

**കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അംഗങ്ങളുടെ നിയമനം**

139(4298) ശ്രീ.സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിൽ എത്ര അംഗങ്ങളുടെ ഒഴിവുകളുണ്ട്;

(ബി) ഹൈക്കോടതി ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ സമിതി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അംഗങ്ങളുടെ നിയമനത്തിന് ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്നും ആരെയൊക്കെയാണ് ശിപാർശ ചെയ്തതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ഫയൽ ഗവർണർക്ക് സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലതാമസം വന്നുവെന്നും ഏത് ഓഫീസിലാണ് കാലതാമസം ഉണ്ടായതെന്നും അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഈ ഫയലിൽ രണ്ടാഴ്ചയ്ക്കകം തീരുമാനമെടുക്കണമെന്ന് കേരള ഹൈക്കോടതി 6-4-2017-ൽ നിർദ്ദേശിച്ചിരുന്നോ; പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നടപടി സ്വീകരിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിൽ രണ്ട് അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങളുടെ ഒഴിവുണ്ട്.

(ബി) ഉണ്ട്. 24-10-2016-ൽ ഡോ. ടി. പി. സെൻകുമാർ, ഐ.പി.എസ്., ശ്രീ. വി സോമസുന്ദരൻ ,ഐ.എ.എസ്. എന്നിവരെ സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) നിർദ്ദേശിച്ചിരുന്നു. നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചതിനനുസരിച്ച് 20-4-2017-ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ അഭിപ്രായം ബഹുമാനപ്പെട്ട ഗവർണറെ അറിയിക്കുകയും ഗവർണറുടെ അഭിപ്രായം ലഭ്യമായ മുറയ്ക്ക് 10-5-2017-ൽ ചേർന്ന മന്ത്രിസഭായോഗം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മെമ്പർമാരുടെ നിയമന കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ സമിതിയുടെ ശിപാർശ ബഹുമാനപ്പെട്ട സുപ്രീം കോടതി ചീഫ് ജസ്റ്റിസിന് സമർപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

**കൊല്ലം കോടതി സമുച്ചയം നിർമ്മിക്കാൻ നടപടി**

140(4299) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്ന കോടതി കെട്ടിടങ്ങളുടെ ശോചനീയാവസ്ഥയും അപര്യാപ്തതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. കൊല്ലം കോടതിസമുച്ചയ നിർമ്മാണം രണ്ട് വർഷത്തിനുള്ളിൽ തീർപ്പാക്കണമെന്ന വ്യവസ്ഥയിൽ കൊല്ലം താലൂക്കിലെ മുണ്ടക്കൽ വില്ലേജിൽ 38.16 ഏക്കർ സ്ഥലം ജുഡീഷ്യറി വകുപ്പിന് അനുവദിച്ചിരുന്നു.

എന്നാൽ WP(C)7574/2011-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി 10-10-2011-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന്റെ കല്ലിടീൽ നടന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ഈസ്റ്റ് വില്ലേജിലെ ബ്ലോക്ക് നമ്പർ 161-ൽ ഉൾപ്പെട്ട ആശ്രാമം ഗസ്റ്റ് ഹൗസിന് സമീപം സ്ഥലം ലഭ്യമാക്കണമെന്ന് രജിസ്ട്രാർ ആവശ്യപ്പെട്ടുവെങ്കിലും ഈ സ്ഥലം ടൂറിസം വകുപ്പിൽ നിന്നും ലഭ്യമാകാത്തതിനാൽ ആ സ്ഥലത്ത് കോടതി സമുച്ചയം നിർമ്മിക്കാമെന്ന നിർദ്ദേശം പ്രായോഗികമല്ലെന്ന് കണ്ടെത്തുകയും ചെയ്തു. സ്ഥലവുമായി ബന്ധപ്പെട്ട് കൊല്ലം സബ് കോടതിയിൽ ഒ.എസ്. 813/09 നമ്പരിൽ ഒരു കേസ് ഇതിനിടയിലുണ്ടാവുകയും എന്നാൽ ഈ കേസ് ഇപ്പോൾ തീർപ്പാവുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കൊല്ലം കോടതി സമുച്ചയ നിർമ്മാണത്തിനായി സ്ഥലത്തിന്റെ ലഭ്യത ആവശ്യപ്പെട്ടുകൊണ്ടുള്ള latest report നൽകുവാൻ രജിസ്ട്രാറോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

## ഫയർമെൻ ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

141 (4300) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഫയർമെൻ ഡ്രൈവർ തസ്തികകൾ ഉണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അതിൽ എത്ര എണ്ണം പി.എസ്.സി-.ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 899.

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ 112 ഒഴിവുകളുണ്ട്. നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പന്തളം ഫയർസ്റ്റേഷൻ

142(4301) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളത്ത് അനുവദിച്ചിട്ടുള്ള ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ആയത് പരിഹരിക്കുന്നതിനുവേണ്ടി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) സമയബന്ധിതമായി പന്തളം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫയർസ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ സ്ഥലം, സ്ഥിരമായ കെട്ടിടം എന്നിവ ലഭ്യമായിട്ടില്ലാത്തതിനാൽ പന്തളത്ത് ഫയർസ്റ്റേഷൻ ആരംഭിക്കാനായിട്ടില്ല.

(ബി & സി) ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനായി പന്തളം നഗരസഭാതിർത്തിക്കുള്ളിൽപ്പെട്ട പൊതുമരാമത്ത് വകുപ്പ് പുറംപോക്ക് സ്ഥലവും ആറ്റുപുറമ്പോക്ക് ഭൂമിയും ഉൾപ്പെടുന്ന 30 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് വിട്ടുനൽകുന്നതിനുള്ള പന്തളം നഗരസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത സ്ഥലം ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്നമുറയ്ക്ക് ഫയർസ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

## സ്റ്റേഷനറി വകുപ്പുമുഖേന വിതരണം നടത്തുന്ന വസ്തുക്കളുടെ ഗുണനിലവാരം

143 (4302) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പുമുഖേന വിതരണം നടത്തുന്ന വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കുമോ;

(ബി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കൂടുതൽ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്റ്റേഷനറി വകുപ്പ് വിതരണം ചെയ്യുന്ന പേപ്പർ ഇനങ്ങൾ വാങ്ങുന്നത്, വകുപ്പിന്റെ പേപ്പർ ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയശേഷം മാത്രമാണ്. കൂടാതെ, കൂടുതൽ കൃത്യത വേണ്ടിവരുന്ന സാഹചര്യങ്ങളിൽ കോട്ടയത്തുള്ള ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന്റെ ലാബിൽ അയച്ചും പേപ്പറിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. പൂർണ്ണമായും ഇ-ടെണ്ടർ മുഖേനയാണ് സാമഗ്രികൾ വാങ്ങുന്നതെന്നതിനാൽ മത്സരസ്വഭാവമുള്ള കൂടുതൽ ടെണ്ടറുകൾ ലഭിക്കാൻ സാഹചര്യമുണ്ടാകുകയും ഗുണമേന്മയുള്ളവ

തെരഞ്ഞെടുക്കാൻ സാധിക്കുകയും ചെയ്യുന്നു. പേപ്പർ ഒഴികെയുള്ള മറ്റ് ഓഫീസ് സ്റ്റേഷനറി സാമഗ്രികളുടേയും സാമ്പിളുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയാണ് തെരെഞ്ഞെടുക്കുന്നത്.

(ബി) IS നിലവാരമുള്ള സാധനങ്ങൾ, പ്രമുഖ ബ്രാന്റുകളുടെ ഉൽപ്പന്നങ്ങൾ എന്നിവ മാത്രം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ വിതരണം ചെയ്തുവരുന്ന പല ഇനങ്ങളും ഒഴിവാക്കി കാലോചിതമായ മാറ്റങ്ങൾ വരുത്തി വിപണിയിലെ പുതിയ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**വടകര-മാഹി കനാൽ നിർമ്മാണ പ്രവർത്തനം**

144(4303) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിനുകീഴിലുള്ള വടകര-മാഹി കനാൽ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) എത്ര റീച്ചുകളായിട്ടാണ് ഇപ്പോൾ പ്രവൃത്തി നടന്ന് വരുന്നത്; ഓരോ റീച്ചിലേയും ഇതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) 1,3,5 എന്നീ റീച്ചുകളിലെ പ്രവൃത്തികൾ ചില സാങ്കേതിക കാരണങ്ങളാൽ വഴിമുട്ടി നിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഒരു ഉന്നത ഉദ്യോഗസ്ഥ സംഘത്തെ സ്ഥലം സന്ദർശിക്കുന്നതിന് നിയോഗിക്കുമോ;

(ഇ) അല്ലെങ്കിൽ സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) 17.61 കി.മീ. നീളമുള്ള വടകര-മാഹി കനാലിന്റെ നിർമ്മാണം ഇപ്പോൾ 5 റീച്ചുകളിലായി നടന്നുവരുന്നു. 450.080 കി.മീ. മുതൽ 454.080 കി.മീ. വരെയുള്ള റീച്ച്-1-ന്റെ പ്രവൃത്തി നബാർഡ് 18-ൽ ഉൾപ്പെടുത്തി 20 ശതമാനം പൂർത്തീകരിച്ചശേഷം സാങ്കേതിക കാരണങ്ങളാൽ ഫോർക്ലോസ് ചെയ്തു. കനാലിന്റെ അടിഭാഗത്തെ ചെളി നിറഞ്ഞ മണ്ണിന്റെ പ്രത്യേകത കാരണം പാറ ഉപയോഗിച്ചുള്ള പാർശ്വഭിത്തികൾ ഇടിഞ്ഞ് താഴുന്നതിനാൽ കനാൽ പാർശ്വങ്ങളിൽ കൂടുതൽ സ്ഥലം ഏറ്റെടുത്ത് വേണ്ടത്ര ചരിവോടെ സൈഡ് വെട്ടി കനാൽ പൂർത്തീകരിക്കുവാനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

454.080 കി.മീ. മുതൽ 457.080 കി.മീ. വരെയുള്ള റീച്ച് - 2 -ന്റെ പ്രവൃത്തി 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു. എന്നാൽ കനാൽ പൂർണ്ണതോതിൽ ഗതാഗതയോഗ്യമാക്കുന്നതിനായി അത്യാവശ്യമായ പണികൾ ഉൾപ്പെടുത്തി നവീകരിച്ച എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുള്ളതും അതിൻപ്രകാരം ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

457.380 കി.മീ. മുതൽ 460.62 കി.മീ. വരെയുള്ള റീച്ച് -3-ന്റെ പ്രവൃത്തി 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 50 ശതമാനം പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തിയുടെ നവീകരിച്ച എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

460.62 കി.മീ. മുതൽ 464.21 കി.മീ വരെയുള്ള റീച്ച് -4-ന്റെ പ്രവൃത്തി 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി എഗ്രിമെന്റ് പ്രകാരം 93 ശതമാനം പൂർത്തീകരിച്ചു. കനാൽ പൂർണ്ണതോതിൽ ഗതാഗതയോഗ്യമാക്കുന്നതിനായി അത്യാവശ്യ പണികൾ ഉൾപ്പെടുത്തി നവീകരിച്ച എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. അതിൻ പ്രകാരം ബാക്കി പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

464.21 കി.മീ. മുതൽ 467.69 കി.മീ. വരെയുള്ള റീച്ച് -5 -ന്റെ പ്രവൃത്തി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 29 ശതമാനം പൂർത്തീകരിച്ചു. എന്നാൽ കനാൽ നിർമ്മാണത്തിനാവശ്യമായ സ്ഥലപരിമിതിമൂലം നിർമ്മാണം പുനരാരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) ഉണ്ട്.

(ഡി & ഇ) വടകര-മാഹി കനാൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ, ഇറിഗേഷൻ ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം ഗവ. ഐ.ഐ.റ്റി.-യിലെ റിട്ട. പ്രൊഫ. ഡോ. കെ. ബാലൻ, ഡൽഹി ഐ.ഐ.റ്റി.-യിലെ റിട്ട. പ്രൊഫസർ ഡോ. കെ. അരവിന്ദൻ തുടങ്ങിയവർ സന്ദർശിക്കുകയും ആവശ്യമായ പഠനങ്ങൾക്കുശേഷം സാങ്കേതിക ഉപദേശങ്ങൾ നല്കിയിട്ടുള്ളതുമാണ്. ഈ നിർദ്ദേശങ്ങൾ പ്രകാരം തുടർന്നുള്ള കനാൽ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കൽ**

145(4305) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് അംഗത്വ രജിസ്ട്രേഷനും, കാർഡ് പുതുക്കലും അക്ഷയ കേന്ദ്രങ്ങൾവഴി മാത്രമേ നടപ്പാക്കാവൂ എന്ന് 2012-ൽ ഉത്തരവായിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ഈ വർഷം കാർഡ് പുതുക്കൽ കരാർ റിലയൻസിന് നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) 16-5-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ70/2012/ തൊഴിൽ പ്രകാരം ആർ.എസ്.ബി.വൈ./ചിസ് ആരോഗ്യ കാർഡ് അംഗത്വ രജിസ്ട്രേഷനും കാർഡ് പുതുക്കലും അക്ഷയ കേന്ദ്രങ്ങൾവഴി നടത്തണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച ഇ-ടെണ്ടർ വഴി നടപ്പ് സാമ്പത്തിക വർഷം ആർ.എസ്.ബി.വൈ. പദ്ധതിക്കുവേണ്ടി ടെണ്ടർ നൽകിയത് റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിക്കാണ്. ആർ.എസ്.ബി.വൈ. കാർഡ് വിതരണം, ടെണ്ടർ ലഭിച്ച ഇൻഷ്വറൻസ് കമ്പനിയുടെ പൂർണ്ണ ഉത്തരവാദിത്തമാണ്. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ആർ.എസ്.ബി.വൈ.-യുടെ ടെണ്ടർ മാനദണ്ഡങ്ങൾ പ്രകാരം ഇൻഷ്വറൻസ് കമ്പനിക്കോ അവരുടെ പ്രതിനിധിക്കോ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്മാർട്ട് കാർഡ് സേവന ദാതാവിനെ മാത്രമേ ആരോഗ്യ കാർഡ് പുതുക്കുന്ന നടപടികൾ ഏൽപ്പിക്കാൻ സാധിക്കുകയുള്ളൂ. തെരഞ്ഞെടുത്ത ഇൻഷ്വറൻസ് സേവന ദാതാവ് ഈ വർഷം കാർഡ് പുതുക്കുന്നതിനായി ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്മാർട്ട് കാർഡ് സേവന ദാതാക്കളെ മാത്രമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

നിലവിൽ അക്ഷയ കേന്ദ്രങ്ങൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചതായി അറിവില്ല.

**സ്വകാര്യ ലാബുകളുടെ ഗുണനിലവാരം**

146(4306) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ലാബുകളിൽ പലതും ഗുണനിലവാരമില്ലാത്തതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യലാബുകളുടെ നിലവാരമില്ലായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) ഇവിടങ്ങളിൽ പരിശോധന നടത്തുന്നവരുടെ യോഗ്യതയും പരിശോധന ഉപകരണങ്ങളുടെ നിലവാരവും പരിശോധിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) ഇവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനമില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടേയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ 2017 "- ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫാർമസി കൗൺസിൽ**

147(4307) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി ഫാർമസിസ്റ്റുകൾക്കുള്ളതുപോലെ ആയുർവ്വേദ ഫാർമസിസ്റ്റുകൾക്കായി ഫാർമസി കൗൺസിൽ രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ആയുർവ്വേദ മെഡിക്കൽ സ്റ്റോറുകളിൽ മരുന്ന് വില്പനയ്ക്ക് ആയുർവ്വേദ രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾ വേണം എന്ന് നിബന്ധനയുണ്ടോ;

(സി) സ്വകാര്യ കമ്പനികൾ നിർമ്മിക്കുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത്?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഇല്ല. ആയുർവ്വേദ മരുന്നുകളുടെ വില്പനയ്ക്ക് സെയിൽ ലൈസൻസ് ഏർപ്പെടുത്തിയിട്ടില്ല.

(സി) സ്വകാര്യ കമ്പനികൾ നിർമ്മിക്കുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഇൻഹൗസ് ലബോറട്ടറി സംവിധാനം എല്ലാ ഫാർമസികളിലുമുണ്ട്. പ്രസ്തുത സംവിധാനമില്ലാത്ത ഫാർമസികൾ ആയുഷ് അപ്രൂവ്ഡ് ലാബിൽ ഗുണനിലവാര പരിശോധന നടത്തി ഗുണനിലവാരം

ഉറപ്പുവരുത്തുന്നുണ്ട്. സ്ഥാപന പരിശോധന നടത്തുന്ന ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**കാൻസർ ചികിത്സക്ക് സൗകര്യമില്ലാത്ത ജില്ലകൾ**

148(4308) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ കാൻസർ ചികിത്സയ്ക്ക് സൗകര്യമില്ലാത്ത ജില്ലകൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാം ജില്ലകളാണ്;

(ബി) ഇങ്ങനെയുള്ള ജില്ലകളിൽ കാൻസർ ചികത്സയ്ക്കായി സർക്കാർ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ, കണ്ണൂർ, കൊച്ചിൻ ക്യാൻസർ & റിസർച്ച് സെന്റർ, എറണാകുളം കൂടാതെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കൊഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ക്യാൻസർ ചികിത്സ സർക്കാർ മേഖലയിൽ ലഭ്യമായിട്ടുള്ളത്. പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമായ മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളായ കൊല്ലം, ഇടുക്കി, പത്തനംതിട്ട, മലപ്പുറം, കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ആധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ നിലവിലില്ല.

(ബി) മറ്റ് ജില്ലകളിൽ അധിവസിക്കുന്ന കാൻസർ രോഗികൾക്ക് ഇത് ശാരീരികവും മാനസികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ ജില്ലകളിലും ഒരു ക്യാൻസർ ചികിത്സാലയം എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിച്ചത്. ഈ സെന്ററുകളിൽ റീജിയണൽ ക്യാൻസർ സെന്ററുകളിൽ പരിശീലനം ലഭിച്ച ഡോക്ടർമാരുടേയും സ്റ്റാഫ് നേഴ്സുമാരുടേയും സേവനം ലഭ്യമാക്കുകയും കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 25000-ത്തിൽപ്പരം കീമോ തെറാപ്പികളും 1500-ലേറെ രോഗനിർണ്ണയവും ഈ സെന്ററുകളിലൂടെ നടത്തിയിട്ടുണ്ട്.

## ഇ.സി.ജി. ടെക്നീഷ്യന്റെ പോസ്റ്റ് ക്രിയേഷൻ പ്രൊപ്പോസൽ

149(4309) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൃദ്രോഗത്താൽ മരിക്കുന്നവരുടെ വാർഷികക്കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത രോഗചികിത്സയ്ക്കനിവാര്യമായ ഇ.സി.ജി. വിഭാഗം അവഗണനയുടെ വക്കിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കുവാൻ എന്ത് നടപടി സ്വീകരിച്ചു;

(ബി) ഇ.സി.ജി. ടെക്നീഷ്യന്റെ പോസ്റ്റ് ക്രിയേഷൻ പ്രൊപ്പോസൽ സംബന്ധിച്ച 874000/H2/ആ.കു.വ. നമ്പർ ഫയലിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) താലൂക്ക് ആശുപത്രികൾ മുതലെങ്കിലും ഇ.സി.ജി. ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ ചികിത്സ തേടിയവരിൽ 2016-ൽ 1457 പേരും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് 801 പേരും ഹൃദ്രോഗത്താൽ മരണപ്പെടുകയുണ്ടായി. ഇ.സി.ജി. വിഭാഗം കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സ്വീകരിച്ചുവരുന്നു. മെഡിക്കൽ കോളേജുകളിൽ ഇ.സി.ജി. വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ബി & സി) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 84 ഇ.സി.ജി. ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. ഇതിൽ താലൂക്കാശുപത്രികളും ഉൾപ്പെടുന്നു.

## പി.എച്ച്.സി.- കളെ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതിന് നടപടി

150 (4310) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പി.എച്ച്.സി.-കളെ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്കായി ഏതെല്ലാം വിഭാഗം ജീവനക്കാരുടെ തസ്തികകളാണ് പുതിയതായി സൃഷ്ടിച്ചതെന്ന് അറിയിക്കുമോ;

(സി) പല പി.എച്ച്.സി.-കളിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് സൂപ്പർവൈസറി തസ്തികകൾ നിലവിലില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 28-3-2017-ലെ സ.ഉ (ആർറ്റി.) നമ്പർ 845/2017 ആ.കു.വ. പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റി ഉത്തരവായിട്ടുണ്ട്.

(ബി) 12-5-2017 തീയതിയിലെ സ.ഉ. (എംഎസ്.)75/2017/ ആ.കു.വ. പ്രകാരം അസിസ്റ്റന്റ് സർജൻ - 170, സ്റ്റാഫ് നഴ്സ് - 340, ലാബ് ടെക്നീഷ്യൻ -170 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) സൂപ്പർവൈസറി തസ്തികയിൽ ഒഴിവുകൾ വരുമ്പോൾ പ്രൊമോഷൻ നൽകി പ്രസ്തുത തസ്തികകൾ നികത്തുന്നതാണ്. കേസുകൾ സംബന്ധമായും പ്രൊമോഷന് തടസ്സങ്ങൾ നേരിടുന്നുണ്ട്.

**പി. എച്ച്. സി.- കളുടെയും സി.എച്ച്.സി-കളുടെയും പ്രവർത്തനങ്ങൾ**

151(4311) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിനായി പി.എച്ച്.സി.-കളുടെയും സി.എച്ച്.സി.-കളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) അതിരൂക്ഷമായ വരൾച്ച കാരണം ജലജന്യരോഗങ്ങൾ ബാധിച്ച് പി.എച്ച്.സി.-കളിൽ ചികിത്സതേടിയെത്തുന്ന നിർദ്ധനരായ രോഗികൾക്ക് ആവശ്യത്തിന് ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജലജന്യരോഗങ്ങളായ വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റിസ്.എ), ടൈഫോയ്ഡ് എന്നീ രോഗങ്ങളുടെ ചികിത്സക്കാവശ്യമായ മരുന്നുകളും (ആന്റിബയോട്ടിക് ഉൾപ്പെടെ) ഒ.ആർ.എസ്., സിങ്ക്, ഐ.വി.ഫ്ലൂയിഡ് തുടങ്ങിയവയുടെ ലഭ്യത എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഉറപ്പാക്കിയിട്ടുണ്ട്.

## പനി ബാധയുടെയും ഹെപ്പറ്റൈറ്റിസ് ബാധയുടെയും കണക്ക്

152(4312 ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.വൺ.-എൻ.വൺ.പനി,ഡെങ്കിപ്പനി തുടങ്ങി വിവിധയിനം പനികളും ഹെപ്പറ്റൈറ്റിസ് A മുതൽ പലയിനം മഞ്ഞപ്പിത്തവും പടർന്നുപിടിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വേനൽക്കാലം തുടങ്ങിയതിനുശേഷമുണ്ടായിട്ടുള്ള പനിബാധയുടെയും ഹെപ്പറ്റൈറ്റിസ് ബാധയുടെയും ഇരകളായ രോഗികളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) ഇക്കാലയളവിൽ മരണപ്പെട്ട പ്രസ്തുത രോഗികളുടെ കണക്കും ലഭ്യമാക്കുമോ;

(ഡി) H1 N1/ഡെങ്കിപ്പനി തുടങ്ങിയവ വ്യാപിപ്പിക്കുന്നതിനാൽ സർക്കാർ/ സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും പനി പ്രതിരോധ കുത്തിവയ്പ്പ് നൽകുവാനുള്ള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പ്രതിരോധ കുത്തിവയ്പ്പ് (പനിയ്ക്കുള്ളത്) സർക്കാർ ആശുപത്രിയിൽ നിലവിൽ ലഭ്യമാണോ, എങ്കിൽ എത്ര പേർക്ക് നൽകി എന്നും ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) അനുബന്ധമായി* ചേർക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡെങ്കിപ്പനി, മലേറിയ, ചിക്കൻഗുനിയ തുടങ്ങിയ പ്രാണിജന്യ രോഗങ്ങൾക്ക് നാളിതുവരെ പ്രതിരോധ കുത്തിവയ്പ്പ് ലഭ്യമല്ല. എച്ച് 1 എൻ 1 അസുഖത്തിനുള്ള ഒസൽറ്റാമിവിർ എന്ന മരുന്നിന്റെ ലഭ്യത ആരോഗ്യവകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്. ഈ വർഷം പ്രതിരോധ കുത്തിവയ്പ്പിനുള്ള ഫണ്ട് അലോക്കേഷൻ പൂർത്തിയായി ഗുണഭോക്താക്കളെപ്പറ്റിയുള്ള വിവരശേഖരണം നടത്തിവരുന്നു.

(ഇ) ലഭ്യമല്ല. എല്ലാ ജില്ലകളിൽനിന്നും ആവശ്യമുള്ള വാക്സിന്റെ കണക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## അവയവദാനം

153(4313) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവം ദാനം ചെയ്യുവാനും മാറ്റിവയ്ക്കാനും നിലവിലുള്ള നിയമ വ്യവസ്ഥകൾ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അവയവ ദാനത്തിന്റെ മറവിൽ അവയവ കച്ചവടം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവയവ മാറ്റിവയ്ക്കൽ നടത്താൻ ആശുപത്രികൾക്ക് സർക്കാർ അനുമതി ആവശ്യമുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ ആശുപത്രികൾക്കാണ് കേരളത്തിൽ അവയവ മാറ്റിവയ്ക്കൽ നടത്താനുള്ള അനുമതിയുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ പാസ്സാക്കിയ 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്ടിലെ (THO ACT) വ്യവസ്ഥകൾക്കനുസൃതമായാണ് അവയവദാനവും അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്.

(ഡി) വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ പ്രവർത്തനങ്ങൾ**

154(4314) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ എത്ര ഓഫീസുകളുണ്ടെന്നും എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) തിരുവമ്പാടി മണ്ഡലത്തിന് ഫുഡ് സേഫ്റ്റി ഓഫീസ് അനുവദിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ഓഫീസ് തിരുവമ്പാടി മണ്ഡലത്തിൽത്തന്നെ പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ലാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം, പാളയം, കോഴിക്കോട്, പ്രവർത്തിക്കുന്നു. വടകര, കുറ്റ്യാടി, നാദാപുരം സർക്കിൾ ഓഫീസുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വടകരയിലും ബാലുശ്ശേരി, പേരാമ്പ്ര, കൊയിലാണ്ടി ഓഫീസുകൾ പേരാമ്പ്രയിലും പ്രവർത്തിക്കുന്നു. കൂടാതെ കോഴിക്കോട് സൗത്ത്, കോഴിക്കോട് നോർത്ത്, ഏലത്തൂർ, ബേപ്പൂർ, തിരുവമ്പാടി, കുന്നമംഗലം, കൊടുവള്ളി എന്നീ സർക്കിൾ ഓഫീസുകൾ കോഴിക്കോട് ജില്ലാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയത്തിലും പ്രവർത്തിക്കുന്നു. അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം (ഇന്റലിജൻസ് ) കോട്ടപ്പറമ്പ് എന്ന സ്ഥലത്തും റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി മലാപ്പറമ്പ് എന്ന സ്ഥലത്തും പ്രവർത്തിക്കുന്നു.

(ബി) ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് 2006, റൂൾ 2011, റെഗുലേഷൻസ് 2011 എന്നീ നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളിൽ അടങ്ങിയിട്ടുള്ള മായം കണ്ടെത്തുന്നതിനും നിയമപരമായ നടപടി എടുക്കുന്നതിനും ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് ചുമതലകൾ നിർവ്വചിച്ച് നൽകിയിട്ടുണ്ട്.

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് റൂൾസ് 2011-ലെ 2.1.3 ഭാഗം അനുസരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ അന്വേഷണവിധേയമായി ഭക്ഷ്യ വസ്തുക്കളുടെ സർവ്വയിലൻസ് സാമ്പിൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ വിദഗ്ധ പരിശോധനയ്ക്കായി അയച്ചുകൊടുക്കുന്നു. പരിശോധനാഫലത്തിൽ unsafe, sub standard, misbranded ആയി കണ്ടെത്തിയാൽ പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ വിൽപ്പന തടയുകയും ബന്ധപ്പെട്ട സ്ഥാപനം തുടർ അന്വേഷണത്തിന്റെ ഭാഗമായി സീൽ ചെയ്യുകയും ചെയ്യുന്നു.

ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തികൾക്ക് പകർച്ചവ്യാധിപോലുള്ള രോഗങ്ങൾ ഉണ്ടോയെന്നത് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നു.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ തങ്ങളുടെ സർക്കിൾ പരിധിക്കുള്ളിലെ സ്ഥാപനങ്ങൾ പരിശോധന നടത്തി ഗുണമേന്മയില്ലാത്ത സ്ഥാപനങ്ങൾക്ക് ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുള്ള നോട്ടീസ് നൽകുന്നു. ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, പാക്കിംഗ്, വിൽപ്പനകേന്ദ്രങ്ങൾ എന്നിവ പരിശോധിച്ച് ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ്ഥാപനം പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നു.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ തങ്ങൾ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട്, അന്വേഷണവിധേയമായി പിടിച്ചെടുത്ത ഭക്ഷ്യ വസ്തുക്കളുടെ സാമ്പിൾ, സ്റ്റോക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ, യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നു. മായം കലർത്തിയ ഭക്ഷ്യവസ്തുക്കളുടെ വിതരണം നടത്തുവാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് പരിശോധിക്കുന്നു.

ഇറക്കുമതി ചെയ്ത നിരോധിത ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ വിൽപ്പന തടയുന്നു. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ തങ്ങളുടെ സർക്കിൾ പരിധിക്കുള്ളിൽ ഭക്ഷ്യ വിഷബാധപോലുള്ള സംഭവങ്ങളുണ്ടായാൽ അടിയന്തരമായി പ്രസ്തുത സ്ഥലം സന്ദർശിച്ച് ഈ വിഷയത്തിൻമേലുള്ള അന്വേഷണ റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നു.

പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ ഭക്ഷ്യ സുരക്ഷാ പദ്ധതികൾ സുഗമമാക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ തയ്യാറാക്കുന്നു.

(സി) ഉണ്ട്. ഓഫീസിന് സ്ഥലം ലഭിക്കാത്തതിനാൽ നിലവിൽ ജില്ലാ ഓഫീസ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) തിരുവമ്പാടി മണ്ഡലത്തിൽ ഓഫീസ് കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഫീസ് തിരുവമ്പാടി മണ്ഡലത്തിൽത്തന്നെ പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## എച്ച് വൺ എൻ വൺ പനി

155(4315) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എച്ച് വൺ-എൻ വൺ പനി ബാധിതരായവർക്ക് മതിയായ ചികിത്സ ഉറപ്പുവരുത്താൻ എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

എച്ച് 1 എൻ 1 രോഗത്തിനുള്ള ചികിത്സ ഇന്ന് എല്ലാ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിലും സൗജന്യമായി ലഭ്യമാണ്. എച്ച് വൺ-എൻ വൺ ചികിത്സക്കാവശ്യമായ ഒസൾട്ടാമിവിർ മരുന്ന് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ കാരുണ്യ മരുന്ന് കടകളിലും വിവിധ സ്വകാര്യ മരുന്ന് കടകളിലും ഇത് ലഭ്യമാണ്. ഈ രോഗത്തിന്റെ പകർച്ച തടയാൻ ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും ലഘുലേഖകളും തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ചികിത്സ പൂർണ്ണമായി ഫലപ്രദമാകാൻ ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾക്ക് പുറമെ മറ്റ് സഹായപരിചരണങ്ങൾ (ആഹാരം, കഞ്ഞിവെള്ളം പോലുള്ള ചൂട് പാനീയങ്ങൾ, വിറ്റാമിൻസ് ലഭിക്കത്തക്കവിധത്തിലുള്ള ഫലവർഗ്ഗങ്ങൾ, വിശ്രമം) വളരെ ആവശ്യമാണ്. എച്ച് 1 എൻ 1 ഫലപ്രദമായുള്ള നിയന്ത്രണ പരിപാടികൾ ജില്ലയിലും സംസ്ഥാനത്തും നടപ്പിലാക്കാൻവേണ്ടി ഇപ്പോൾ നടക്കുന്ന സംവിധാനങ്ങളെ നിരന്തരമായി ഡി.എച്ച്.എസ്, എ.ഡി.എച്ച്.എസ്. (പി.എച്ച്), സ്റ്റേറ്റ് നോഡൽ ഓഫീസർ മുതലായ അധികാരികൾ പലവട്ടം പുനർ

അവലോകനം ചെയ്യുകയും വേണ്ട അധികനിർദ്ദേശങ്ങൾ കൃത്യമായി നൽകുകയും ചെയ്യുന്നു. ജനങ്ങളുടെ സംശയ നിവാരണത്തിനും സഹായ സേവനങ്ങൾ ഉറപ്പുവരുത്തുവാനും ആരോഗ്യ വകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ "ദിശ" യിൽ ബന്ധപ്പെടുന്നതിനുള്ള പത്ര പരസ്യം നൽകിയിട്ടുണ്ട്.

## ദേശീയ ആരോഗ്യ ദൗത്യ പദ്ധതി

156 (4316) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ആരോഗ്യ ദൗത്യം(NHM) പദ്ധതിയുടെ സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക ,എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ; ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കയാണ്; ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്; ഈ വർഷം എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്?

### ഉത്തരം

കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തനങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു. ലഭിച്ച തുക താഴെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക (രൂപ കോടിയിൽ) | | ചെലവ് (രൂപ കോടിയിൽ) |
|---|---|---|---|
| | കേന്ദ്രം | സംസ്ഥാനം | |
| 2012-13 | 227.65 | 30 | 382.48 |
| 2013-14 | 280.66 | 76.94 | 365.36 |
| 2014-15 | 224.94 | 112.24 | 327.6 |
| 2015-16 | 219.19 | 70 | 358.03 |
| 2016-17 | 190.57 | 302.8 | 368.24 |

ജില്ലാടിസ്ഥാനത്തിൽ കൊടുത്ത തുകയും ചെലവാക്കിയ തുകയും അനുബന്ധം 2 * ആയി ചേർക്കുന്നു.

ഈ വർഷം നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ അനുബന്ധം 3 ആയി ചേർക്കുന്നു.*

2017-18 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ അംഗീകാരം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2016-17 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം 303.3 കോടി രൂപയും (ഇതിൽ 219.93 കോടി രൂപയാണ് എൻ.എച്ച്.എം. പ്രവർത്തനങ്ങളുടെ വിഹിതം. 83.37 കോടി രൂപ കുടുംബക്ഷേമ വകുപ്പിലെ ജീവനക്കാരുടെ ശമ്പള ചെലവാണ്) സംസ്ഥാന വിഹിതം 202.2 കോടി രൂപയുമാണ്. ഇതിൽ 368.24 കോടി രൂപ (83.37 കോടി രൂപ ഒഴിവാക്കി) വിനിയോഗിച്ചു.

## വിഷാദ രോഗികളുടെ എണ്ണം

157(4317) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷാദ രോഗികളുടെ എണ്ണം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലോകാരോഗ്യ സംഘടനാ റിപ്പോർട്ടുകൾ പ്രകാരം ഇന്ത്യയിൽ എത്ര; അത് കേരളത്തിൽ എത്ര; വ്യക്തമാക്കുമോ;

(ബി) ഇതുമൂലം വ്യക്തി -കുടുംബപരമായ പ്രശ്നങ്ങൾ, തൊഴിൽപരമായ അപകടങ്ങളും പ്രശ്നങ്ങളും അനുബന്ധ അസുഖങ്ങളും ആത്മഹത്യകളും കൂടിവരുന്നത് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതുമൂലം അകാരണ സങ്കടം, ഇഷ്ടമുള്ളവയിൽപ്പോലും താൽപ്പര്യമില്ലായ്മ, ക്ഷീണം, തളർച്ച തുടങ്ങി ആത്മഹത്യവരെയും, മറുഭാഗത്ത് കൊലപാതകങ്ങൾ നടത്തുവാനുള്ള പ്രവണതകളും ഇവർ കാഴ്ചവയ്ക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരം രോഗികൾക്ക് മരുന്നും ചികിത്സയും ആശ്രയവും നൽകുവാനായി ആരോഗ്യ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്നും കഴിഞ്ഞ 5 വർഷമായി എത്ര രോഗികൾക്ക് (ഓരോ വർഷവും) വകുപ്പ് ചികിത്സാ സഹായം നൽകി വരുന്നു എന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്. ഇന്ത്യയിലും കേരളത്തിലുമായി വിഷാദരോഗികളുടെ പ്രത്യേക കണക്കുകൾ ലോകാരോഗ്യസംഘടന ലഭ്യമാക്കിയിട്ടില്ല. സമൂഹത്തിൽ 5 - 10% വരെ ജനങ്ങൾക്ക് വിഷാദരോഗം ഉണ്ടെന്ന കണക്കുകൾ ലോകാരോഗ്യസംഘടന നൽകിയിട്ടുണ്ട്.

(ബി) ഒ.പി.-യിൽ വരുന്ന രോഗികളുടെ അവസ്ഥകളിൽനിന്ന് വിഷാദരോഗം കൂടുതലാണെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ വ്യക്തമായ കണക്കുകൾ

ഇല്ലാത്തതിനാൽ ഇതിനുവേണ്ടിയുള്ള വിശദമായ പഠനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സങ്കടം, താല്പര്യമില്ലായ്മ, ക്ഷീണം, തളർച്ച, ഉറക്കക്കുറവ്, വിശപ്പില്ലായ്മ, ശ്രദ്ധക്കുറവ് എന്നിവ വിഷാദരോഗത്തിന്റെ ലക്ഷണങ്ങളാണ്. ആത്മഹത്യകളിൽ നല്ലൊരു ശതമാനത്തിനും കാരണം വിഷാദരോഗമാണ്. കൊലപാതകത്തിനുള്ള പ്രവണത വിഷാദരോഗത്തിൽ സാധാരണ കാണാറില്ല.

(ഡി) ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി.) വഴി എല്ലാ ജില്ലയിലും വിഷാദരോഗം ഉൾപ്പെടെയുള്ള മാനസിക രോഗങ്ങൾ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ ചികിത്സിച്ചുവരുന്നു. ഇതിനുപുറമെ ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 170 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ 'ആശ്വാസം' എന്ന പദ്ധതി വിഷാദരോഗചികിത്സയ്ക്കായി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഈ കേന്ദ്രങ്ങളിലെ ഡോക്ടർ, നഴ്സ്, ഹെൽത്ത് വർക്കർമാർ എന്നിവർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. വിഷാദരോഗികൾക്കായി ആരോഗ്യ വകുപ്പ് സൗജന്യമായി ചികിത്സയും മരുന്നുകളും ലഭ്യമാക്കുന്നുണ്ട്. എന്നാൽ വിഷാദരോഗത്തിന് ആരോഗ്യ വകുപ്പ് ചികിത്സാധനസഹായം നൽകിവരുന്നില്ല.

**ശമ്പള കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി**

158 (4318) <u>ശ്രീ.എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആരോഗ്യവകുപ്പ് മുഖേന 2012-ൽ നിയമിച്ച താൽക്കാലിക ജീവനക്കാരെ 2016 സെപ്റ്റംബറിൽ പിരിച്ചുവിട്ടിരുന്നോ; എത്ര ജീവനക്കാരുടെ സേവനമാണ് ഇപ്രകാരം അവസാനിപ്പിച്ചത്; കാറ്റഗറി തിരിച്ച് വിശദാംശം നൽകുമോ;

(ബി) 2016 സെപ്റ്റംബറിൽ പ്രസ്തുത ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുമ്പോൾ അവർക്ക് എത്ര മാസത്തെ ശമ്പളം കുടിശ്ശികയായിരുന്നു;

(സി) താൽക്കാലിക ജീവനക്കാരെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുമ്പോൾ പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് മുൻഗണന നൽകണമെന്നും രണ്ട് മാസത്തിനുള്ളിൽ ശമ്പള കുടിശ്ശിക നൽകണമെന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർ നൽകിയ പരാതി പരിഗണിച്ച അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എറണാകുളം 2016 ഡിസംബർ 2-ന്, OA/1588/2016 നമ്പർ കേസിൽ വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ രണ്ട് മാസത്തിനകം ഇവരുടെ ശമ്പള കുടിശ്ശിക നൽകാൻ കഴിഞ്ഞോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഇ) ശമ്പള കുടിശ്ശിക ലഭിക്കാത്തതിൽ മനംനൊന്ത് ജഗദീപ് എന്ന ജീവനക്കാരൻ ആത്മഹത്യ ചെയ്യേണ്ട സാഹചര്യമുണ്ടായോ;

(എഫ്) മേൽ ജീവനക്കാരുടെ മുഴുവൻ ശമ്പള കിടിശ്ശികയും അടിയന്തരമായി വിതരണം ചെയ്യുന്നതിനും തുടർന്നുള്ള പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി അവരെ താത്കാലിക അടിസ്ഥാനത്തിൽ മുൻപരിചയംവച്ച് നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പിരിച്ചുവിട്ടിരുന്നു. 638 ജീവനക്കാരുടെ സേവനം അവസാനിപ്പിച്ചു. കാറ്റഗറി തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ബി) 11 മാസത്തെ.

(സി) പ്രസ്താവിച്ചിട്ടുണ്ട്.

(ഡി) സ. ഉ. (സാധാ.) 2719/2017/ഫിൻ. തീയതി 29-3-2017 പ്രകാരം ശമ്പളകുടിശ്ശിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിനായി നിയമിച്ച താൽക്കാലിക ജീവനക്കാരനായ ശ്രീ. ജഗദീപ് ആത്മഹത്യ ചെയ്തിട്ടുണ്ട്.

(എഫ്) 29-3-2017 തീയതിയിൽ 5,55,91,000 (അഞ്ച് കോടി അമ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം രൂപ) ശമ്പളകുടിശ്ശിക നൽകുന്നതിനായി 14 ജില്ലകൾക്കായി വിതരണംചെയ്ത് നൽകിയിട്ടുണ്ട്. ടി ജീവനക്കാരുടെ മുൻപരിചയംവച്ച് നിയമിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**കടലോര മേഖലയിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികൾ**

159(4319) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലോര മേഖലയിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളുടെ സാധാരണ പ്രവൃത്തിസമയം കടലിൽപോകുന്ന തൊഴിലാളികൾക്ക് സേവനം കിട്ടുന്നതിന് പര്യാപ്തമല്ല. ആയതിനാൽ ഇത്തരം ഡിസ്പെൻസറികൾ വൈകുന്നേരങ്ങളിലും പ്രവർത്തിക്കുന്നതിന് ആവശ്യമായ ക്രമീകരണം ചെയ്യുമോ;

(ബി) പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാർ ലീവ് ആകുമ്പോൾ പകരം ക്രമീകരണങ്ങൾ അടിയന്തരമായി ചെയ്യുന്നതിന് ജില്ലാതലത്തിൽ സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) പരിഗണിക്കുന്നതാണ്.

(ബി) പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാർ ലീവ് ആകുമ്പോൾ പകരം ക്രമീകരണങ്ങൾ ജില്ലാ മെഡിക്കൽ ആഫീസർമാർ നടത്താറുണ്ട്.

**പുതിയ മെഡിക്കൽ കോളേജുകളിലെ തസ്തികകൾ**

160 (4320) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി തുടങ്ങിയ മെഡിക്കൽ കോളേജുകളിൽ മാത്രമായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പുതിയതായി തുടങ്ങിയ/ഏറ്റെടുത്ത മെഡിക്കൽ കോളേജുകളിൽ മാത്രമായി 498 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ 4-7-2016-ലെ സർക്കാർ ഉത്തരവ് G.O. (Ms.) 128/2016/H&FWD പ്രകാരം 108 തസ്തികകളും 7-10-2016 -ലെ സർക്കാർ ഉത്തരവ് G.O. (Ms)191/2016/H&FWD പ്രകാരം 282 തസ്തികകളും എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ 5-5-2017-ലെ സർക്കാർ ഉത്തരവ് G.O. (Ms)72/2017/ H&FWD പ്രകാരം 108 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

**എച്ച്.ഐ.വി. രോഗപ്രതിരോധ പ്രവർത്തനങ്ങൾ**

161(4321) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എച്ച്.ഐ.വി-എയ്ഡ്സ് രോഗബാധിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇവർക്കായി എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് നൽകി വരുന്നത്;

(സി) എച്ച്.ഐ.വി. രോഗവ്യാപനം തടയുന്നതിനും എയ്ഡ്സ് രോഗ പ്രതിരോധമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിനും കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ഡി) എച്ച്.ഐ.വി. രോഗബാധിതർ സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഈ രോഗം സംബന്ധിച്ച് ഫലപ്രദമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് 2017 ജനുവരി വരെ 29444 ആളുകൾക്ക് എച്ച്. ഐ.വി. അണുബാധയുണ്ടെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

(ബി) എച്ച്.ഐ.വി. അണുബാധിതർക്കാവശ്യമായ ആന്റി റിട്രോവൈറൽ ചികിത്സ സംസ്ഥാനത്ത് നിലവിലുള്ള ഉഷസ്സ് കേന്ദ്രങ്ങളിലൂടെ (എ.ആർ.ടി. സെന്റർ) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ സഹായത്തോടെ സൗജന്യമായി നൽകിവരുന്നു. കേരളത്തിൽ 10 ചികിത്സാ കേന്ദ്രങ്ങളാണുള്ളത്. സർക്കാർ മെഡിക്കൽ കോളേജുകളായ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ജനറൽ ആശുപത്രി എറണാകുളം/കാസർഗോഡ്, ജില്ലാ ആശുപത്രികളായ കൊല്ലം, പാലക്കാട് & കണ്ണൂർ എന്നിവിടങ്ങളിൽക്കൂടിയാണ് ചികിത്സ ലഭ്യമാക്കുന്നത്. എച്ച്.ഐ.വി. അണുബാധമൂലം എയ്ഡ്സ് എന്ന രോഗാവസ്ഥയിലെത്തിയവർക്കാണ് എ.ആർ.ടി. ചികിത്സ നൽകിവരുന്നത്. കൂടാതെ ഇവർക്ക് വരാൻ സാധ്യതയുള്ള അവസരജന്യരോഗങ്ങളായ ക്ഷയം, ന്യൂമോണിയ, വിവിധ തരത്തിലുള്ള വായിലും തൊണ്ടയിലുമുള്ള പൂപ്പൽ രോഗങ്ങൾ. ശരീരത്തിലെ ഗ്രന്ഥികളുടെ വീക്കം തുടങ്ങിയവയ്ക്കുള്ള ചികിത്സയും സൗജന്യമായി നൽകിവരുന്നു. എ.ആർ.ടി. സെന്റർ ഇല്ലാത്ത ജില്ലകളിൽ എച്ച്.ഐ.വി. അണുബാധിതർക്ക് എ.ആർ.ടി. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള 13 ഉപകേന്ദ്രങ്ങളും (Link ART Centre) പ്രവർത്തിച്ചുവരുന്നു. ഈ ചികിത്സയ്ക്ക് മുന്നോടിയായിട്ടുള്ള കൗൺസിലിങ്ങും ലഭ്യമാക്കുന്നതോടൊപ്പം ശരിയായ ജീവിതചര്യകളിലൂടെയും ആവശ്യമായ ചികിത്സയിലൂടെയും എയ്ഡ്സ് ബാധിതരാകാതെ സാധാരണജീവിതം നയിക്കുവാനും അവർ ദീർഘകാലം ജീവിക്കാനും സാധ്യമാകുന്നു. ഈ സാഹചര്യത്തിലാണ് ഈ ചികിത്സാരീതികളുടെ പ്രാധാന്യം ഏറുന്നത്.

(സി) (i) എച്ച്.ഐ.വി. രോഗവ്യാപനം തടയുന്നതിനായി എച്ച്.ഐ.വി. പിടിപെടാൻ സാധ്യത കൂടുതലുള്ള ലൈംഗിക തൊഴിലാളികൾ, സ്വവർഗ്ഗരതിക്കാരായ പുരുഷന്മാർ, മയക്കമരുന്ന് കുത്തിവച്ച് ഉപയോഗിക്കുന്നവർ, ഭിന്നലിംഗക്കാർ, ഇതരസംസ്ഥാന തൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ എന്നിവരെ

കേന്ദ്രീകരിച്ചുകൊണ്ട് വിവിധ ബോധവൽക്കരണ പരിപാടികൾ, എച്ച്.ഐ.വി., പരിശോധന, ഗർഭ-നിരോധന ഉറകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ 'സുരക്ഷ' പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

(ii) ലൈംഗിക രോഗമുള്ളവർക്ക് എച്ച്.ഐ.വി. പിടിപെടാൻ സാധ്യത കൂടുതൽ ആയതിനാൽ ലൈംഗിക രോഗപരിശോധനയും കൗൺസിലിംഗും ചികിത്സയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ 'പുലരി' (STI) കേന്ദ്രങ്ങളിൽക്കൂടി സൗജന്യമായി നടപ്പിലാക്കുന്നു.

(iii) എച്ച്.ഐ.വി. പരിശോധനയും കൗൺസിലിംഗും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങളിൽ കൂടി സൗജന്യമായി നടപ്പിലാക്കുന്നു. എച്ച്.ഐ.വി. പ്രതിരോധത്തിനും അണുബാധിതരായ അമ്മയിൽനിന്നും കുഞ്ഞിലേക്കുള്ള അണുവ്യാപനം തടയുന്നതിനും ജ്യോതിസ് കേന്ദ്രങ്ങളിലെ കൗൺസിലിംഗ് സെക്ഷനുകളിൽ ഊന്നൽ നൽകുന്നു.

(iv) രക്തസന്നിവേശത്തിലൂടെയുള്ള എച്ച്.ഐ.വി. വ്യാപനം തടയുന്നതിനായി സ്വമേധയും തുടർച്ചയായുമുള്ള സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുകയും, രക്തസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ രക്തബാങ്കുകൾ മുഖേന സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) എച്ച്.ഐ.വി. പ്രതിരോധത്തിനും എച്ച്.ഐ.വി. ബാധിതരോടുള്ള സാമൂഹ്യനിന്ദ ഇല്ലാതാക്കുന്നതിനുമായി ടെലിവിഷൻ, റേഡിയോ സാമൂഹ്യമാധ്യമങ്ങൾ, ബസ്സ് ബ്രാൻഡിംഗ്, ചുവരെഴുത്തുകൾ, ഹോർഡിംങ്ങുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും വിവിധ ദിനാചരണങ്ങളും നടത്തിവരുന്നു. കൂടാതെ കലാലയങ്ങളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ എച്ച്. ഐ.വി.-യെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. എച്ച്.ഐ.വി. അണുബാധിതരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി വിവിധ വകുപ്പുകൾ/സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രതിമാസ ധനസഹായ പദ്ധതി, പോഷകാഹാര വിതരണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ എല്ലാ എച്ച്.ഐ.വി. ബാധിത കുടുംബങ്ങളെയും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആർ.എസ്.ബി.വൈ., സ്നേഹപൂർവ്വം, വിദ്യാഭ്യാസ ധനസഹായ പദ്ധതി എന്നിവയിലും അണുബാധിതരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ബാലനയം**

162(4322) ശ്രീ. സി. കൃഷ്ണൻ :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം 2016-ൽ അംഗീകരിച്ച ബാലനയത്തിന്റെ മുഖ്യ അടിസ്ഥാന തത്വങ്ങൾ എന്തെല്ലാമാണ്;

(ബി) സാർവത്രിക പ്രതിരോധ മരുന്നുപയോഗത്തിൽ ഇന്ത്യയിൽ ഏറ്റവും പുറകിൽ നിൽക്കുന്ന 48 ജില്ലകളിൽ രണ്ടെണ്ണം (മലപ്പുറം, കാസർഗോഡ്) കേരളത്തിലാണെന്നത് പരിഗണിച്ച് കുട്ടികൾക്ക് വൈകല്യമോ രോഗമോ ഇല്ലാതെ ജീവിക്കാനുള്ള അവകാശം സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) സംസ്ഥാനത്തെ 50 ശതമാനത്തോളം കുട്ടികൾ വിളർച്ച ബാധിച്ചവരും 21 ശതമാനം ഭാരക്കുറവുള്ളവരുമായത് പരിഹരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) (1) സുദൃഢമായ നിലനിൽപ്പ്, ആരോഗ്യം, അടിസ്ഥാനാവശ്യങ്ങൾ

(2) പീഡനം, അവഗണന, ചൂഷണം എന്നിവയിൽ നിന്നുള്ള സംരക്ഷണം.

(3) കുട്ടികളുടെ പൂർണ്ണമായ വികാസം

(4) തീരുമാനങ്ങളെടുക്കുന്നതിൽ പങ്കാളിത്തം

(ബി) കുട്ടികളിൽ രോഗങ്ങൾ തടയുന്നതിനായി പ്രതിരോധ കുത്തിവയ്പുകൾ (10 രോഗങ്ങൾക്കെതിരെയുള്ള) - യു.ഐ.പി.-യുടെ ഭാഗമായി നടപ്പാക്കിവരുന്നു. ഇത് സാർവ്വത്രികമായി, സൗജന്യമായി സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ മുഖാന്തരം നിശ്ചിത ദിവസങ്ങളിൽ നൽകിവരുന്നു. ഇതുകൂടാതെ അംഗനവാടികൾ മുഖാന്തിരവും വാർഡ് തലത്തിലും കുത്തിവയ്പ് നടത്തിവരുന്നു.

കുട്ടികളിൽ ജന്മനായുള്ള വൈകല്യങ്ങൾക്ക് കാരണമായേക്കാവുന്ന റുബെല്ലാ പോലുള്ള രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള കുത്തിവയ്പുകളും കാലാകാലങ്ങളായി മാറ്റങ്ങൾ ഉൾക്കൊണ്ട് യു.ഐ.പി.-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈകല്യങ്ങൾ ഗർഭാവസ്ഥയിൽ കണ്ടെത്തുന്നതിനും 18 -19 ആഴ്ചയിൽ anomaly scan നടത്തിവരുന്നു. കൂടാതെ ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായി

ജന്മനായുള്ള വൈകല്യങ്ങൾ ജനനസമയത്ത് കണ്ടെത്താൻ സ്ക്രീനിംഗ് ആരംഭിച്ചിട്ടുണ്ട്.

പ്രതിരോധ കുത്തിവയ്പ്പ് എല്ലാ കുട്ടികൾക്കും നൽകുന്നതിനായി മിഷൻ ഇന്ദ്രധനുഷ് എന്ന പദ്ധതിയും തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പാക്കിവരുന്നു.

(സി) ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 6-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അയണും ഫോളിക് ആസിഡുമുള്ള ഗുളിക എല്ലാ തിങ്കളാഴ്ചയും (ആഴ്ചയിൽ ഒരിക്കൽ) നൽകിവരുന്നു. സർക്കാർ എയ്ഡഡ് സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. മാത്രമല്ല 6 മാസം മുതൽ 60 മാസം വരെ പ്രായമുള്ള കുട്ടികൾക്ക് അയൺ സിറപ്പ് നൽകുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കുട്ടികളിലെ പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന വിളർച്ചയ്ക്ക് കാരണമായ വിരബാധ ഇല്ലാതാക്കുന്നതിനുവേണ്ടി വർഷത്തിൽ രണ്ടുപ്രാവശ്യം (ഫെബ്രുവരി 10-നും ആഗസ്റ്റ് 10 -നും) ദേശീയ വിരവിമുക്ത ദിനങ്ങളിൽ 1 വയസ് മുതൽ 19 വയസ് വരെയുള്ള കുട്ടികൾക്ക് വിരനശീകരണത്തിനായുള്ള ആൽബന്റസോൾ ഗുളിക നൽകുന്ന പദ്ധതിയും 2016 ആഗസ്റ്റ് മുതൽ നടത്തിവരുന്നു.

## എകീകൃത ലബോറട്ടറി, സ്കാനിംഗ് സംവിധാനം

163 (4323) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾ വിവിധ ടെസ്റ്റുകൾക്ക് മെഡിക്കൽ കോളേജിന്റെ വിവിധ ഭാഗങ്ങളിൽ അലഞ്ഞ് കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജുകളിൽ ലബോറട്ടറി, സ്കാനിംഗ് സംവിധാനങ്ങൾ ഏതെങ്കിലും ഒരുഭാഗത്ത് ഒന്നിച്ച് സജ്ജീകരിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ജില്ലാ ജനറൽ ആശുപത്രികളിൽ പി.ആർ.ഒ. തസ്തികകൾ

164 (4324) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ജനറൽ ആശുപത്രികളിൽ പി.ആർ.ഒ -തസ്തികകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇവരുടെ നിയമനരീതി എങ്ങനെയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ യോഗ്യതകളും നിയമനരീതിയും നിശ്ചയിച്ചുകൊണ്ട് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; വിശദമാക്കാമോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) നാഷണൽ ഹെൽത്ത് മിഷൻ വഴി ജില്ലാ ആശുപത്രികളിൽ കരാർ അടിസ്ഥാനത്തിൽ പബ്ലിക് റിലേഷൻസ് ഓഫീസർമാരെ നിയമിക്കുന്നു.

(സി) എം.ബി.എ./എം.എച്ച്.എ./എം.എസ്.ഡബ്ല്യൂ./എം.പി.എച്ച്.

(ഡി) ഇല്ല.

**ആരോഗ്യ മേഖലയിൽ പുതിയ തസ്തികകൾ**

165(4325) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെകാലത്ത് ആരോഗ്യ മേഖലയിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചെന്നും, അവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ആരോഗ്യമേഖലയിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞെന്നും അതിൽ എത്ര തസ്തികകളിൽ നിയമന നടപടികൾ പൂർത്തിയായെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെകാലത്ത് ആരോഗ്യ വകുപ്പിൽ 2622 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ആയവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2021 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ആയവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*

കൂടാതെ ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയത്തിൽ 2 ജോയിന്റ് കമ്മീഷണറുടെ തസ്തികയും 5 ഫുഡ് സേഫ്റ്റി ഓഫീസറുടെ തസ്തികയും 57 ഭക്ഷ്യസുരക്ഷ ഓഫീസറുടെയും 32 മുനിസിപ്പൽ കോമൺ സർവ്വീസ് തസ്തിക (ഫുഡ് ഇൻസ്പെക്ടർ) ഓരോ സീനിയർ സൂപ്രണ്ടിന്റെയും ജൂനിയർ സൂപ്രണ്ടിന്റെയും 99 ക്ലാർക്കുമാരുടെയും 30 ഓഫീസ് അറ്റന്റന്റിന്റെയും തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിൽ 1301-ഉം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1399-ഉം തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ആയവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3* ആയി ചേർക്കുന്നു.

**എൻഡോസൾഫാൻ ദുരിതബാധിതർ**

166(4326) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പടെയുള്ള ഗുരുതരരോഗം ബാധിച്ചവർക്ക് കാസർഗോഡ് ജില്ലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമല്ലാത്തതിനാൽ ഈ രോഗികൾ ആശ്രയിക്കുന്ന കർണ്ണാടകത്തിലെ മംഗലരുവിലെ ആശുപത്രികളിലെ ചികിത്സയ്ക്കുകൂടി എസ്.എം.എ.പി വഴിയുള്ള സാമ്പത്തിക സഹായം ലഭിക്കാൻ നടപടികൾ ഉണ്ടാക്കുമോ ?

<u>ഉത്തരം</u>

എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടെയുള്ള ഗുരുതരരോഗം ബാധിച്ചവർക്ക് കാസർഗോഡ് ജില്ലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമല്ലാത്തതിനാൽ നിലവിൽ കർണ്ണാടക സംസ്ഥാനത്തെ കെ.എം.സി. ഹോസ്പിറ്റൽ മംഗലാപുരം, യെനപായ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ മംഗലാപുരം, കെ.എം.സി. ഹോസ്പിറ്റൽ, മണിപ്പാൽ എന്നിവിടങ്ങളിൽ ചികിത്സിക്കുന്നതിന് എൻഡോസൾഫാൻ പാക്കേജുവഴി ധനസഹായം നൽകുന്നുണ്ട്.

**ആരോഗ്യ വകുപ്പിൽ പുതിയ തസ്തികകൾ**

167(4327) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചതിന്റെ എണ്ണം തസ്തിക തിരിച്ച് പ്രത്യേകം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിൽ 1301-ഉം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1399-ഉം തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ആയവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കൊല്ലം ജില്ലയിൽ കാൻസർ രോഗം തടയുന്നതിന് നടപടി**

168(4328) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ക്യാൻസർ രോഗം ക്രമാതീതമായി വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി ജില്ലയിൽ കാൻസർ രോഗം തടയുന്നതിനായി ആരോഗ്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കൊല്ലം ജില്ലാ ആശുപത്രിയിൽ അത്യാധുനിക കാൻസർ ചികിത്സാവിഭാഗം ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജില്ലയിൽ കാൻസർ രോഗ നിയന്ത്രണത്തിനായി രണ്ട് കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പുനലൂർ താലൂക്കാശുപത്രിയിലും കൊല്ലം ജില്ലാ ആശുപത്രിയിലും ജില്ലാ കാൻസർ കെയർ പദ്ധതി പ്രകാരം കാൻസർ കെയർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ ജില്ലാ കാൻസർ ഡിറ്റക്ഷൻ യൂണിറ്റ് നീണ്ടകര താലൂക്കാശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു.

(സി) കൊല്ലം ജില്ലാശുപത്രിയിൽ അത്യാധുനിക സംവിധാനങ്ങളോടുകൂടി കാൻസർ ചികിത്സാ യൂണിറ്റ് സജ്ജീകരിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കീമോതെറാപ്പി യൂണിറ്റ്, ക്യാൻസർ സ്ക്രീനിംഗ് യൂണിറ്റ്, പാലിയേറ്റീവ് കീമോതെറാപ്പി തുടങ്ങിയ വിവിധ സേവനങ്ങൾ ഈ യൂണിറ്റിലൂടെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആരോഗ്യ വകുപ്പിൽ പ്രവർത്തന ക്രമീകരണം

169 (4329) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ പ്രവർത്തന ക്രമീകരണം വഴി ജീവനക്കാർക്ക് നിയമനം നൽകുന്നുണ്ടോ;

(ബി) രോഗബാധിതർ, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്ക് പ്രവർത്തന ക്രമീകരണം വഴി സ്ഥലം മാറ്റം നൽകുന്നത് പരിഗണിക്കുമോ;

(സി) പ്രവർത്തന ക്രമീകരണം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രവർത്തന ക്രമീകരണം നൽകുന്നതിന് മാനദണ്ഡം നിലവിലില്ലെങ്കിൽ ഏതൊക്കെ വിഭാഗത്തിനാണ് പ്രവർത്തന ക്രമീകരണം വഴി നിലവിൽ നിയമനം നൽകുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. അനുതാപ വ്യവസ്ഥയിൽ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ രോഗബാധിതർ, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്ക് പ്രവർത്തനക്രമീകരണം വഴി നിയമനം നൽകുന്നുണ്ട്.

(ഡി) ബുദ്ധിമാന്ദ്യം, കാൻസർ തുടങ്ങിയ മാരകരോഗം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾ, കാൻസർ തുടങ്ങിയ മാരകരോഗം ബാധിച്ച ജീവനക്കാർ, ജീവനക്കാരുടെ ഭാര്യ, ഭർത്താവ്, വിധവ, വിഭാര്യൻ, വന്ധ്യതാ ചികിത്സ തുടരുന്നവർ തുടങ്ങിയ അനുതാപം അർഹിക്കുന്നവർക്ക് പ്രവർത്തന ക്രമീകരണം വഴി നിയമനം നൽകുന്നു.

## പശ്ചിമ കൊച്ചിയിലെ കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ടി.ബി. ആശുപത്രി

170(4330) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ടി.ബി ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശോചനീയാവസ്ഥ പരിഹരിക്കാനായി നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള കെട്ടിടത്തിന്റെ സംരക്ഷണത്തിനായി മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതും കൂടാതെ പുതിയ കെട്ടിടത്തിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതുമാണ്.

(സി) ശോചനീയവസ്ഥയിലായ കെട്ടിടങ്ങൾ പൊളിച്ച്മാറ്റുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**ഏകീകൃത പൊതുജനാരോഗ്യ നിയമം**

171(4331) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത പൊതുജനാരോഗ്യ നിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ഏകീകൃത നിയമം നിലവിലില്ലാത്തതുമൂലം വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ട്രാവൻകൂർ കൊച്ചിൻ പൊതുജനാരോഗ്യ നിയമവും മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും പരിഷ്കരിച്ച് സംസ്ഥാനത്തിന് പൊതുവായ ഒരു പൊതുജനാരോഗ്യ നിയമം പാസ്സാക്കുന്നതിനുള്ള കരട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലവിലുള്ള പൊതുജനാരോഗ്യ നിയമങ്ങളായ 1939-ലെ മദ്രാസ് പബ്ലിക് ആക്ടും 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ചെയ്തുവരുന്നുണ്ട് ഇതനുസരിച്ച് പകർച്ചവ്യാധി രോഗങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ ലീഗൽ നോട്ടീസുകൾ കൊടുക്കുക, നിയമ നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്ത് രണ്ട് ഭാഗങ്ങളിൽ രണ്ട് നിയമങ്ങളാണ് നിലവിലുള്ളത്. വളരെ കാലപ്പഴക്കമുള്ളതാണെന്ന ഒരു പരിമിതി ഈ നിയമങ്ങൾക്കുണ്ട്. മാത്രമല്ല ശിക്ഷാ നടപടികളും പിഴകളുമൊക്കെ കാലാകാലങ്ങളിൽ പരിഷ്കരിക്കേണ്ടതുണ്ട്.

(സി) സംസ്ഥാനത്ത് നിലവിലുള്ള ട്രാവൻകൂർ കൊച്ചിൻ പൊതുജനാരോഗ്യ നിയമവും മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും പരിഷ്കരിച്ച് സംസ്ഥാനത്തിന് പൊതുവായ ഒരു പൊതുജനാരോഗ്യ നിയമം പാസ്സാക്കുന്നതിനുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

## പൂഴനാട് പി. എച്ച്. സി.- യെ സി. എച്ച്. സി.- ആയി ഉയർത്തുന്നതിന് നടപടി

172(4332) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ പൂഴനാട് പി .എച്ച്.സി.-യെ സി.എച്ച്.സി.-ആയി ഉയർത്തുന്നതിന് നൽകിയിരുന്ന നിവേദനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പൂഴനാട് പി.എച്ച്.സി.-യെ സി.എച്ച്.സി.-ആയി ഉയർത്തുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ;

(സി) പാറശ്ശാല മണ്ഡലത്തിലെ ഏതൊക്കെ പി. എച്ച്.സി.-കളെ സി .എച്ച്. സി.-ആയി ഉയർത്തുവാൻ നിശ്ചയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന കാര്യമാണ് ഇപ്പോൾ പരിഗണിച്ചുവരുന്നത്.

(ബി) 28-3-2017-ലെ സ.ഉ. (സാധാ.) നമ്പർ 845/17/ആ.കു.വ. പ്രകാരം തെരെഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ പൂഴനാട് പി.എച്ച്.സി.- യും ഉൾപ്പെട്ടിട്ടുണ്ട്.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ 6 പി.എച്ച്.സി.-യും 2 സി.എച്ച്.സി.- യും ഒരു താലൂക്കാശുപത്രിയും നിലവിൽ സേവനം നൽകിവരുന്നുണ്ട്. നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടിയാണ് സ്വീകരിക്കുന്നത്. പി.എച്ച്.സി.-യെ സി.എച്ച്.സി.-ആയി ഉയർത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## പനവൂർ പി.എച്ച്.സി.

173(4333) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി. 24x7 പി.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കാമോ?

ഉത്തരം

ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന കാര്യമാണ് ഇപ്പോൾ ആരോഗ്യ വകുപ്പ് പരിഗണിച്ചുവരുന്നത്. വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ ഗ്രാമപഞ്ചായത്തിലെ പനവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

## കൊല്ലം ജില്ലാ ആശുപത്രിയുടെ വികസനം

174 (4334) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കൊല്ലം ജില്ലാ ആശുപത്രിയുടെ വികസനത്തിനായി ആരോഗ്യ വകുപ്പ് നടത്തിയ പ്രവൃത്തികൾ വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലാ ആശുപത്രിയുടെ വികസനത്തിന് മാസ്ററർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്:

| | |
|---|---|
| മരുന്ന് സംഭരണശാലാ നവീകരണം | 37,48,000/- |
| ക്രിട്ടിക്കൽ കെയർ യൂണിറ്റിന്റെ തുടർനിർമ്മാണം | 16,62,500/- |
| സ്ട്രോക്ക് യൂണിറ്റ് | 11 ലക്ഷം |
| ലിംബ് ഫിറ്റിംഗ് സെന്റർ | 6,50,000/- |
| എമർജൻസി മെഡിക്കൽ കെയർ | 4,03,576/- |

കൂടാതെ അനസ്തേഷ്യാ ഡിപ്പാർട്ട്മെന്റിൽ 81,332/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും ജെറിയാട്രിക് ക്ലിനിക്, ഡെയ്‌ലി എൻ.സി.ഡി. ക്ലിനിക്, കീമോ തെറാപ്പി സെന്റർ എന്നിവ ആരംഭിച്ചിട്ടുമുണ്ട്.

(ബി) മാസ്റ്റർ പ്ലാനിന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് 36 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## നാഷണൽ റൂറൽ ഹെൽത്ത് മിഷൻ

175(4335) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന ലാബോറട്ടറി സൗകര്യം ഇല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ സൗജന്യ നിരക്കിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

ദേശീയാരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ അതാതിടത്തെ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലാബോറട്ടറി സംവിധാനം ആരംഭിക്കുന്നതാണ്. താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ലാബുകൾ അനുവദിച്ചിട്ടുണ്ട്:

1. ഒരു ലാബ് പ്രവർത്തനക്ഷമമാക്കാൻ ഏകദേശം 3,20,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. പദ്ധതി തുകയുടെ 20 ശതമാനം ചെലവ് അതത് പഞ്ചായത്തുകൾ വഹിക്കണം.

2. ലാബ് ടെക്നീഷ്യന്റെ ശമ്പളം ലാബിൽനിന്നുംകിട്ടുന്ന വരുമാനത്തിൽ നിന്നും വഹിക്കണം.

3. ലാബ് സജ്ജീകരിക്കുന്നതിനുവേണ്ടി 150 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മുറി സൗകര്യപ്പെടുത്തണം.

ഈ പദ്ധതി പ്രകാരം ഇതുവരെ 158 പ്രാഥമിക സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലെ ലാബുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ദേശീയ നഗരാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ചിരിക്കുന്ന 83 അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോടൊപ്പവും ലബോറട്ടറികൾ പ്രവർത്തിക്കേണ്ടതാണ്. ബന്ധപ്പെട്ട നഗരസഭകളാണ് കെട്ടിടം സജ്ജീകരിക്കേണ്ടത്. എന്നാൽ കെട്ടിടത്തിന്റെ സ്ഥല പരിമിതിമൂലം 65 UPHC- കളിൽ മാത്രമേ ഇതിനോടകം ലാബോറട്ടറികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്നവയിൽക്കൂടി ലാബുകൾ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നു.

**കോട്ടയം ജില്ലയിലെ പി.എച്ച്.സി.-കൾ അപ്ഗ്രേഡ് ചെയ്യൽ**

176 (4336) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിലെ ഏതൊക്കെ പി.എച്ച്.സി.-കളാണ് താലൂക്ക് ആശുപത്രികളാക്കി ഉയർത്താൻ പോകുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

പി.എച്ച്.സി.-കളെ താലൂക്കാശുപത്രികളാക്കി പദവി ഉയർത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**നാഷണൽ ഹെൽത്ത് മിഷൻ**

177(4337) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷന് 2016-17 സാമ്പത്തിക വർഷത്തേക്ക് എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചത്; ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര തുകയാണെന്ന് വിശദമാക്കാമോ;

(ബി) ഈ വർഷം ഇതുവരെ എത്ര കോടിരൂപയാണ് കേന്ദ്രത്തിൽനിന്നും ലഭിച്ചത്; എത്ര കോടിരൂപയാണ് സംസ്ഥാന വിഹിതമായി എൻ.എച്ച്.എം.-ന് നൽകിയത്;

(സി) മാർച്ച് 2017 വരെയുള്ള വിനിയോഗ ശതമാനം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തേയ്ക്ക് നാഷണൽ ഹെൽത്ത് മിഷന് 521.87 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി കിട്ടിയത്. കേന്ദ്ര സർക്കാർ അറിയിച്ചതനുസരിച്ച് സംസ്ഥാന വിഹിതം 202.2 കോടി രൂപയാണ്.

(ബി) പ്രസ്തുത വർഷത്തെ കേന്ദ്ര വിഹിതം 303.3 കോടി രൂപയാണ്. ഇതിൽ 275.31 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിച്ചു. മുൻ കുടിശ്ശിക (141.03 കോടി) ഉൾപ്പെടെ സംസ്ഥാന വിഹിതമായി 302.8 കോടി രൂപ 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ചു.

(സി) മാർച്ച് വരെ അനുമതി കിട്ടിയ പദ്ധതികളിൽ 88% ചെലവഴിച്ചിട്ടുണ്ട്.

**മഴക്കാല രോഗങ്ങൾ തടയാൻ നടപടി**

178(4338) ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗങ്ങൾ തടയാൻ സർക്കാർ ആശുപത്രികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ചില ഭാഗങ്ങളിൽ ഡെങ്കിപനി വ്യാപകമാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ എത്ര കേസ്സുകൾ ഇത് വരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; എന്തൊക്കെ പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്ന തെന്നും അറിയിക്കാമോ ?

ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. മഴക്കാലം വരുന്നതിനു മുൻപേതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ശുചിത്വ മിഷനേയും ഇതര വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് മഴക്കാലപൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവൽക്കരണ ക്യാമ്പയിനുകളും നടപ്പിലാക്കിവരുന്നു. രോഗനിരീക്ഷണം, കൊതുക് നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതുവഴി പകർച്ചവ്യാധികളുണ്ടാകുന്നത് നേരത്തേതന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും സാധിക്കുന്നു. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗ നിയന്ത്രണത്തിനുള്ള സാധനസാമഗ്രികളുടെയും ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്.

രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗപ്പകർച്ച തടയുന്നതിനുള്ള കൊതുക് നശീകരണ പ്രവർത്തനങ്ങളും ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.) വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്), ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ ഉൾപ്പെടെയുള്ള മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങൾ, വയറിളക്ക രോഗത്തിന്റെ പാനീയ ചികിത്സയ്ക്കാവശ്യമായ ഒ.ആർ.എസ്.-ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ വൃത്തിയാക്കുന്നവർക്കും കൃഷിപ്പണി ചെയ്യുന്നവർക്കും ഡോക്സിവൈക്ലിൻ പ്രതിരോധ ഗുളികകളും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര, കാക്കൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും പരിധിയിൽ ഡെങ്കിപ്പനി കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലായി കണ്ടെത്തിയിട്ടുണ്ട്.

(സി) ബാലുശ്ശേരി മണ്ഡലത്തിൽ 56 പനി കേസ്സുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 5 കേസുകൾ ഡെങ്കിപ്പനി ആണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ഉറവിട നശീകരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ്, ഹെൽത്ത് എഡ്യൂക്കേഷൻ തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## ദേവികുളം മണ്ഡലത്തിലെ ഡോക്ടർമാരുടെ തസ്തികയിൽ ഒഴിവുകൾ

179(4339) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത്സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ എന്നിവിടങ്ങളിൽ ഡോക്ടർമാരുടെ തസ്തികയിൽ ഒഴിവുകൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ തസ്തികയിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഡോക്ടർമാരുടെ ഒഴിവുകളില്ല.

(ബി & സി) ബാധകമല്ല.

## കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രികാല ചികിത്സ

180(4340) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രികാല ചികിത്സയ്ക്ക് ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് കൂടുതൽ ജീവനക്കാരെ ലഭ്യമാക്കുവാൻ നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ആശുപത്രി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സ്റ്റാന്റൈഡസേഷൻ പ്രൊപ്പോസലിൽ കേശവപുരം സി.എച്ച്.സി.-യെ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ദേവികുളം സി.എച്ച്.സി.-യുടെ ശോചനീയാവസ്ഥ**

181 (4341) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ 2006-ലെ എൽ.ഡി.എഫ്. സർക്കാർ സി.എച്ച്.സി.യായി ഉയർത്തിയ ദേവികുളം സി.എച്ച്.സി.-യുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിയ്ക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂടുതൽ അടിസ്ഥാന സൗകര്യവികസനത്തിനായി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**ആർദ്രം പദ്ധതി**

182 (4342) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുവാനും ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) കോതമംഗലം താലൂക്ക് ആശുപത്രിയുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ;

(സി) ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി അധിക തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലിൽ കോതമംഗലം താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ഡയാലിസിസ് സൗകര്യം 2017-18-ൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി & സി) 22-4-2017 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 58/17 ഉത്തരവ് പ്രകാരം കോതമംഗലം താലൂക്കാശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ഇതനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിച്ച് ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

**പകർച്ചപ്പനികൾ**

183(4344) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ച പനികൾ, മറ്റ് പകർച്ച വ്യാധികൾ എന്നിവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി ഇത്തരം രോഗങ്ങൾ തടയുവാനായി കോളനികളിലും മറ്റും ശുചീകരണ പ്രവൃത്തികൾ നടത്തുന്നതിനും, കൊതുക് നിവാരണത്തിനുമായി ആരോഗ്യ വകുപ്പ് പ്രത്യേകം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) പകർച്ചവ്യാധികൾ പിടിപെട്ടാൽ നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും മൊബൈൽ ക്ലിനിക്കുകൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചിട്ടയായ രീതിയിലുള്ള രോഗനിരീക്ഷണവും കൊതുകുസാന്ദ്രത നിരീക്ഷണവും കൊതുക് ഉറവിട നശീകരണവും നടത്തിവരുന്നു.

- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായും വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെയും നടപ്പിലാക്കി വരുന്നു.
- ജലദൗർലഭ്യമുള്ളിടത്ത് സംഭരിച്ച് സൂക്ഷിച്ചിരിക്കുന്ന ജലത്തിൽ കൊതുക് പെരുകാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.
- പകർച്ചവ്യാധികളുണ്ടാകുമ്പോൾ ഉടൻതന്നെ ചികിത്സ ഉറപ്പാക്കൽ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, അതുവഴി പകർച്ചവ്യാധി വ്യാപനം തടയൽ, മരണം ഒഴിവാക്കൽ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.
- കൊതുകുജന്യ, ജലജന്യ, ജന്തുജന്യ രോഗനിയന്ത്രണത്തിന് വിവിധ വകുപ്പുകളുടെ സംയോജനവും ആവശ്യമായ സാങ്കേതിക ഉപദേശവും നൽകിവരുന്നു.

- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിനാവശ്യമായ വാർഷിക കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

(ബി) പ്രത്യേക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രോഗബാധിത പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീം ഇൻവെസ്റ്റിഗേഷൻ നടത്തുകയും ഊർജ്ജിതമായി കൊതുകിന്റെ ഉറവിട നശീകരണം, ഇൻഡോർസ്പ്രേ (വീടിനകത്ത് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പൈറിത്രം എക്സ്ട്രാക്റ്റ് സ്പ്രേ ചെയ്യുന്നതിന്), വീടിനുപുറത്ത് സ്പ്രേയിംഗ്, ഫോഗിംഗ് കൂടാതെ വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ തുടങ്ങിയവ കാര്യക്ഷമമായി ചെയ്തുവരുന്നു. ആദിവാസി കോളനികൾ പോലുള്ള ദുർഘട പ്രദേശങ്ങളിൽ ട്രൈബൽ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ചുകൊണ്ട് രോഗ പ്രതിരോധ നടപടികൾ നടപ്പിലാക്കി വരുന്നു.

(സി) അത്തരം സന്ദർഭങ്ങളിൽ ആവശ്യാനുസരണം മൊബൈൽ ക്ലിനിക്കുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ കെട്ടിട നിർമ്മാണം

184(4345) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടും നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി ടെണ്ടർ നടപടികൾ പൂർത്തിയായി, 4-5-2017-ൽ എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് സർവ്വേ റിപ്പോർട്ട് ആവശ്യമാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പഴയ കെട്ടിടങ്ങൾ (3 എണ്ണം) പൊളിച്ചുനീക്കുന്നതിന് സർവ്വേ റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത ആശുപത്രിയുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) പഴയ കെട്ടിടം പൊളിച്ചുനീക്കുന്നതിന് സർവ്വേ റിപ്പോർട്ട് ലഭിച്ചാലുടൻ പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

## പാലമേൽ പ്രാഥമികാരോഗ്യ കേന്ദ്രം

185(4346) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലമേൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പുതുതായി അനുവദിച്ച തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ സർജൻ തസ്തികയിൽ ഡോക്ടർമാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ തസ്തികയിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി 28-3-2017-ലെ സ.ഉ. (സാധാ) 845/2017/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുവാൻ ഉത്തരവായിട്ടുണ്ട്. അതിൽ പാലമേൽ പ്രാഥമികാരോഗ്യ കേന്ദ്രം ഉൾപ്പെട്ടിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ലാബ് ടെക്നീഷ്യൻമാരുടെയും ആകെ 680 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്പെഷ്യാലിറ്റി തസ്തികയിൽ ഡോക്ടർമാരുടെ കൗൺസിലിംഗ് നടന്നുകഴിഞ്ഞു. ഉടൻ നിയമനം നൽകുന്നതാണ്.

## സീനിയർ സൂപ്രണ്ട് ശ്രീ. ജി. രാജേന്ദ്രന്റെ സ്ഥലംമാറ്റം

186(4347) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരായ ജീവനക്കാരെ നിയമിക്കുമ്പോഴും സ്ഥാനക്കയറ്റം നൽകുമ്പോഴും സ്വന്തം ജില്ലയിൽ ഒഴിവുണ്ടെങ്കിൽ നിയമിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ ;

(ബി) പാങ്ങപ്പാറ ഹെൽത്ത് സെന്ററിൽ ജൂനിയർ സൂപ്രണ്ടായി ജോലിനോക്കിവന്നിരുന്ന വികലാംഗനായ ശ്രീ. ജി.രാജേന്ദ്രൻ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം കിട്ടിയപ്പോൾ സ്വന്തം ജില്ലയിൽ ഒഴിവുണ്ടായിട്ടും തൃശ്ശൂരിൽ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരത്ത് രണ്ട് സീനിയർ സൂപ്രണ്ടുമാർക്ക് 2017 ഫെബ്രുവരി മാസത്തിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന

ഒഴിവിൽ ശ്രീ.ജി.രാജേന്ദ്രനെ നിയമിക്കണമെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ഉത്തരവ് നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുണ്ട്. കേരള ഗവൺമെന്റ് പൊതുഭരണ വകുപ്പിന്റെ പരിപത്രം നം. 130558/എസ്.ഡി. 1/82/ജി.എ.ഡി. തീയതി 10-3-1983-ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു " as far as possible physically handicapped employees may be posted conveniently in their respective districts, at the time of promotion to higher posts."

(ബി) ശ്രീ. ജി. രാജേന്ദ്രൻ, സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ തിരുവനന്തപുരം ജില്ലയിൽ ഒരു ഒഴിവാണ് ഉണ്ടായിരുന്നത്. പ്രസ്തുത സ്ഥാനക്കയറ്റ പട്ടികയിലെ ഏറ്റവും സീനിയറായ ഒരു വനിതാ ജീവനക്കാരിയെ പ്രസ്തുത ഒഴിവിൽ നിയമിക്കുകയായിരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ ഒഴിവുകളുണ്ടാകുമ്പോൾ ശ്രീ. രാജേന്ദ്രന്റെ അപേക്ഷ, മറ്റ് അപേക്ഷകളുണ്ടെങ്കിൽ അവയോടൊപ്പം പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട കോടതി ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവ് വിശദമായി പരിശോധിച്ചതിൻ പ്രകാരം നൽകിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**കൊഴിക്കര ആയുർവേദ ആശുപത്രി**

187(4348) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കപ്പൂർ പഞ്ചായത്തിലെ കൊഴിക്കര ആയുർവേദ ആശുപത്രിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് നിലവിലുള്ളത്;എന്തെല്ലാം ചികിത്സാ സൗകര്യങ്ങൾ നിലവിൽ ഇവിടെ ലഭ്യമാണ്;

(ബി) ഈ ആശുപത്രിയിൽ കിടത്തി ചികിത്സാ സൗകര്യം അനുവദിക്കാവുന്നതാണെന്ന ശിപാർശ ഭാരതീയ ചികിത്സാ വകുപ്പിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദാമാക്കുമോ;

(സി) ഈ ആശുപത്രിയിൽ കിടത്തി ചികിത്സാ സൗകര്യം അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) നിലവിൽ ഡിസ്പെൻസറിയായി പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിന് 20 സെന്റ് സ്ഥലമുണ്ട്. 20 കിടക്കകളോടുകൂടിയ ആശുപത്രിക്കായുള്ള സൗകര്യങ്ങളോടു കൂടിയ കെട്ടിടവും ഒ. പി. ചികിത്സയ്ക്കുള്ള സൗകര്യവും നിലവിലുണ്ട്.

(ബി & സി) ഇതുസംബന്ധിച്ച് സാമ്പത്തിക ബാധ്യതയുൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**പകർച്ചവ്യാധികളുടെ കാരണങ്ങൾ**

188(4349) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. കെ. ശശി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധികളുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവും അവരുടെ താമസ സ്ഥലത്തെയും ജോലി സ്ഥലത്തെയും അനാരോഗ്യകരമായ ചുറ്റുപാടുകളും പകർച്ചവ്യാധികൾക്ക് കാരണമാകുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഇതര സംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇവരുടെ വാസസ്ഥലങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ഇവർക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവും അവരുടെ താമസ സ്ഥലത്തേയും ജോലി സ്ഥലത്തേയും അനാരോഗ്യകരമായ ചുറ്റുപാടുകളും പകർച്ചവ്യാധികൾക്ക് ഒരു പരിധിവരെ കാരണമാകുന്നുണ്ട്.

(സി) ഉണ്ട്. എല്ലാ ജില്ലയിലും ആരോഗ്യവകുപ്പ് തുടർച്ചയായി ഇതരസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ സന്ദർശിച്ച് തൊഴിലാളികളുടെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം, കുടിവെള്ള ശുചിത്വം തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിലുള്ളതും ഇതരസംസ്ഥാന തൊഴിലാളികളുടെ വരവോടെ ഉണ്ടായിട്ടുള്ളതുമായ ആരോഗ്യപ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യവകുപ്പ് "ഹെൽത്തി കേരള" എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികളുടെയും അവർ ജോലി ചെയ്യുന്ന തൊഴിലിടങ്ങളും അവരുടെ വാസസ്ഥലങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുകയും അവരിൽ മലമ്പനി, മന്ത്, കുഷ്ഠം, ക്ഷയം തുടങ്ങിയ പകർച്ചവ്യാധികളുള്ളവരെ കണ്ടെത്തുകയും ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്.

(ഡി) ഇതരസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ഇവർക്കാവശ്യമായ ബോധവത്ക്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പല ജില്ലകളിലും ഇത്തരം തൊഴിലാളികളെ ലക്ഷ്യം വച്ചുകൊണ്ട് വിവിധ തരത്തിലുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇവർക്ക് മനസ്സിലാകുന്ന ഭാഷയിലുള്ള ലഘുലേഖകളും പോസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം തൊഴിലാളികളുടെ ഇടയിൽ നിന്നുതന്നെ അവരുടെ കോൺട്രാക്ടറിൽ കൂടിയോ, ഗ്രൂപ്പ് ലീഡറിൽ കൂടിയോ ബോധവത്ക്കരണ സന്ദേശങ്ങൾ അവരിൽ എത്തിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## താലൂക്കാശുപത്രികളെ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി ഉയർത്തുന്നതിന് നടപടി

189(4350) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളെ സ്പൊഷ്യാലിറ്റി ആശുപത്രികളാക്കി ഉയർത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഉയർത്തപ്പെട്ടിട്ടുള്ള ആശുപത്രികളിൽ ട്രോമാകെയർ യൂണിറ്റ് ഏർപ്പെടുത്തുന്നകാര്യം ആലോചിക്കുമോ;

(സി) ചെങ്ങന്നൂർ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ-സി) നിലവിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം പദ്ധതി പ്രകാരം ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ആരംഭിക്കുന്നതിനും താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം

ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ആരംഭിക്കുന്നതിനും തീരുമാനിക്കുകയും ആയതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## സ്വകാര്യ ലാബുകൾക്ക് ലൈസൻസും പ്രവർത്തനാനുമതിയും

190(4351) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ എത്ര ലാബുകൾക്ക് ഏതെല്ലാം മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാന ഡ്രഗ്സ് കൺട്രോൾ ബോർഡ് ലൈസൻസും പ്രവർത്തനാനുമതിയും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പല സ്വകാര്യ ലാബുകളും പ്രവർത്തിക്കുന്നത് ശരിയായ മാനദണ്ഡങ്ങൾ പാലിക്കാതെയും യോഗ്യരായ പരിശോധകരെ ഉപയോഗിക്കാതെയും അമിതഫീസ് ഈടാക്കിയും രോഗികൾക്ക് ശരിയായ റിസൾട്ട് ലഭ്യമാക്കാതെയുമാണെന്നത് ബോർഡും വകുപ്പും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ ലാബുകൾക്ക് ഡ്രഗ്സ് കൺട്രോൾ ബോർഡ് പ്രവർത്തനാനുമതിയും ലൈസൻസും നൽകുന്നുണ്ടോ; എങ്കിൽ എത്ര ആശുപത്രികൾക്ക് നിലവിൽ ലൈസൻസ് നൽകിയിട്ടുണ്ട്;

(ഡി) സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ തുടങ്ങി സ്വകാര്യ ലാബുകളുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവ സർക്കാർ നിയന്ത്രണത്തിൻകീഴിൽ ആക്കാനും ജനങ്ങൾക്ക് തെറ്റായ പരിശോധനാഫലം, അമിതഫീസ് എന്നിവയിൽനിന്നും സംരക്ഷണവും നൽകുവാനും ഈ സർക്കാർ നാളിതുവരെ എന്തുനടപടി സ്വീകരിച്ചുവെന്നും എന്ത് തുടർനടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട്സ് & റൂൾസിലെ മാനദണ്ഡങ്ങൾക്കനുസൃതമായി മരുന്നുകളുടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും ഗുണനിലവാര പരിശോധനയ്ക്ക് സ്വകാര്യ മേഖലയിൽ നാല് ലാബോറട്ടറികൾക്ക് ഡ്രഗ്സ് കൺട്രോൾ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനമില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനനിലവാരം

ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് ഏകീകരിക്കുവാൻ നടപടി**

191 (4352) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് ഏകീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനമില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബേഡഡുക്ക, മുളിയാർ, പെരിയ സർക്കാർ ആശുപത്രികൾ**

192 (4353) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക, മുളിയാർ, പെരിയ എന്നിവിടങ്ങളിലെ സർക്കാർ ആശുപത്രികളെ സി. എച്ച്. സി.-കൾ ആയി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഉത്തരവിനനുസൃതമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ ആയത് അനുവദിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രികളിൽ നിലവിൽ ഐ. പി. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ ആയത് തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 6-11-2008-ലെ ജി.ഒ. (എംഎസ്.) 568/08/ആ.കു.വ. സർക്കാർ ഉത്തരവ് പ്രകാരമാണ് സി.എച്ച്.സി. -ആയി ഉയർത്തിയിട്ടുള്ളത്.

(ബി) ഇല്ല. ആർദ്രം മിഷന്റെ ഭാഗമായുള്ള സ്റ്റാന്റഡൈസേഷൻ പ്രൊപ്പോസലിൽ പെരിയ സി.എച്ച്.സി.-യും മുളിയാർ സി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് പെരിയ സി.എച്ച്.സി.-യിൽ ഡോക്ടർമാരുടെ 4 തസ്തിക ഉൾപ്പെടെ മൊത്തം 22 അധിക തസ്തികയും മുളിയാർ സി.എച്ച്.സി.-യിൽ ഡോക്ടർമാരുടെ 5 തസ്തിക ഉൾപ്പെടെ മൊത്തം 30 അധിക തസ്തികയും സൃഷ്ടിക്കുന്ന പ്രൊപ്പോസൽ പരിഗണനയിലാണ്.

(സി) ഉണ്ട്. ബേഡഡുക്ക സി.എച്ച്.സി.-ൽ 20 കിടക്കകളോടുകൂടിയ ഐ.പി. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഒ.പി. വിഭാഗങ്ങളിൽ സാധാരണ ദിവസങ്ങളിൽ 250-350 രോഗികളും മഴക്കാലത്ത് 450-600 രോഗികളും ചികിത്സയ്ക്ക് എത്തുന്നു. കൂടാതെ നിലവിൽ ഈ സ്ഥാപനം എൻഡോസൾഫാൻ പ്രോജക്ടിൽ ഉൾപ്പെടുത്തുകയും 2 നിലകളിലായി 12 കിടക്കകൾ വീതം 24 കിടക്കകളോടുകൂടിയ കെട്ടിടത്തിന്റെ പണി അവസാന ഘട്ടത്തിലെത്തിനിൽക്കുകയാണ്. മുളിയാർ സി.എച്ച്.സി.-യിൽ 4 ഡോക്ടർമാരടക്കമുള്ള ആശുപത്രി ജീവനക്കാർ പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ 12 കിടക്കകളോടുകൂടിയ ഐ. പി. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ലാബ് സൗകര്യം ലഭ്യമാണ്. പെരിയ സി.എച്ച്.സി.-യിൽ 12 കിടക്കകളോടുകൂടിയ ഐ.പി. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ലാബ്, ഫാർമസി സൗകര്യം ലഭ്യമാണ്. ടി.സി.എച്ച്.സി.-യിൽ 6 ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. രോഗികൾക്ക് ആർ.എസ്.ബി.വൈ. സൗകര്യം, ഉച്ചഭക്ഷണം എന്നിവ ലഭ്യമാണ്. ഒരു ദിവസം ഏകദേശം 10 രോഗികൾ ഐ. പി. വിഭാഗത്തിൽ ചികിത്സയെടുക്കുന്നുണ്ട്. ഇ.സി.ജി. സൗകര്യം ലഭ്യമാണ്.

**വയോമിത്രം പദ്ധതി**

193(4354) ശ്രീ. സി. കൃഷ്ണൻ :
ശ്രീ.വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി വയോമിത്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വയോജനങ്ങൾക്കായി എന്തെല്ലാം സേവനങ്ങളാണ് ഇതിൻപ്രകാരം ലഭ്യമാകുന്നത്;

(ഡി) വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെയും ബഹുമാനിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് യുവജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള പരിപാടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന വയോമിത്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി & സി) വയോമിത്രം പദ്ധതി ആദ്യഘട്ടമെന്ന നിലയിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണ് നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ലക്ഷ്യങ്ങളും പദ്ധതിയിലൂടെ നൽകുന്ന സേവനങ്ങളും ചുവടെ ചേർക്കുന്നു:

- സംസ്ഥാനത്തെ നഗരസഭകളിൽ താമസിക്കുന്ന 65 വയസ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് വരുമാന പരിധി മാനദണ്ഡമാക്കാതെ മൊബൈൽ ക്ലിനിക്ക്, കൗൺസിലിംഗ്, വൈദ്യസഹായം, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു.
- കിടപ്പുരോഗികളുടെ വീട്ടിൽ പോയി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു.
- മൊബൈൽ മെഡിക്കൽ ക്യാമ്പിലൂടെ വൈദ്യസഹായവും സൗജന്യ മരുന്നുകളും ലഭ്യമാക്കുന്നു.
- വയോജനങ്ങൾക്ക് കൗൺസിലിംഗ് സേവനം ലഭ്യമാക്കുന്നു.
- വയോജനങ്ങളെ ആശുപത്രികളിൽ കൊണ്ടുപോകുന്നതിനും തിരികെ കൊണ്ടുവരുന്നതിനും സൗജന്യ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- വയോജനങ്ങളുടെ മാനസികോല്ലാസത്തിനായി വിദ്യാലയങ്ങൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സേവന സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി പരിപാടികൾ സംഘടിപ്പിക്കുകയും പുതുതലമുറയ്ക്ക് മുതിർന്നവരോട് ആദരവും ബഹുമാനവും ഉതകുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
- വ്യത്യസ്ത മേഖലകളിൽ പ്രവർത്തിച്ച് മികവ് തെളിയിച്ച മുതിർന്ന പൗരന്മാരുടെ സേവനം സമൂഹത്തിനുവേണ്ടി ഉപയോഗപ്പെടുത്തുക.
- വയോജനങ്ങൾക്ക് ഹെല്പ് ഡെസ്ക് വഴി ആവശ്യമായ വിവരങ്ങൾ നൽകുക.

(ഡി) മുതിർന്ന പൗരന്മാരെ സംരക്ഷിക്കേണ്ടതിന്റെയും ബഹുമാനിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് യുവജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള പരിപാടികൾ വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വയോജന ദിനാചരണത്തോടനുബന്ധിച്ച് വയോമിത്രം പദ്ധതിയിലുൾപ്പെടുത്തി സ്കൂൾ കോളേജുതല വിദ്യാർത്ഥികൾക്ക് സെമിനാറുകൾ സംഘടിപ്പിച്ച് ബോധവൽക്കരണം നൽകാറുണ്ട്.

**ഡയാലിസിസ് യൂണിറ്റുകൾ**

194(4355) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തലങ്ങളിലുള്ള സർക്കാർ ആശുപത്രികളാണ് ഇപ്പോൾ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) എല്ലാ നിയോജക മണ്ഡലങ്ങളിലും പൂർണ്ണ സമയം പ്രവർത്തിക്കുന്ന ഒരു ഡയാലിസിസ് യൂണിറ്റെങ്കിലും സർക്കാർ ആശുപത്രികളിൽ ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിലും പാലക്കാട് ജില്ലയിലെ ചാലിശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലും കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തിലും മഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) മാന്ദ്യവിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 44 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 2017-18-ൽ അനുമതി നൽകിയിട്ടുണ്ട്. ഘട്ടംഘട്ടമായി ഏർപ്പെടുത്തുന്നതാണ്.

**കാൻസർ രോഗബാധിതരുടെ എണ്ണം**

195 (4356) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗബാധിതരുടെ എണ്ണം ഓരോ വർഷവും വർദ്ധിക്കുന്നുണ്ടോ; ഇതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബോധവത്കരണ പരിപാടികൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(സി) ഈ സാഹചര്യത്തിൽ എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സയ്ക്കുള്ള ക്ലിനിക്കുകൾ ആരംഭിയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭക്ഷണ രീതി, ജീവിതശൈലിയിലുള്ള മാറ്റം, പുകയില ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം, കീടനാശിനികളുടെ ഉപയോഗം മുതലായവയാണ് പ്രധാനമായും കാൻസർ വർദ്ധിക്കുവാൻ കാരണമാകുന്നത്. എന്നാൽ ഇതുസംബന്ധിച്ച് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല.

(ബി) ജീവിതശൈലീ രോഗമായ കാൻസറിനെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുകയും നല്ലതായ ജീവിതശൈലി അവലംബിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുഖേന നൽകിവരുന്നു. ഇതിലൂടെ മുൻകൂർ രോഗനിർണ്ണയത്തിന്റെ പ്രാധാന്യം ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുവാനും ഫലപ്രദമായ ചികിത്സ നൽകുവാനും സാധിക്കും. മുൻകൂർ രോഗനിർണ്ണയത്തിനായി സംസ്ഥാന ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കും (പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, റഫറൽ യൂണിറ്റ്, ജില്ലാ ആശുപത്രി) നഴ്സുമാർക്കും ആരോഗ്യ പ്രവർത്തകർക്കും കാൻസർ രോഗ നിർണ്ണയത്തിനുള്ള പദ്ധതികളും പരിശീലന പരിപാടികളും നടത്തിവരുന്നു. 2014 ജനുവരി മാസം കേരള ആരോഗ്യ വകുപ്പും എൻ. ആർ. എച്ച്. എം.-ഉം ചേർന്ന് ഒരു സമഗ്ര കാൻസർ നിയന്ത്രണ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭ ഘട്ടമായി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിലുള്ള എൻ.ആർഎച്ച്.എം. ഡോക്ടർമാർക്കും നഴ്സുമാർക്കും കാൻസർ ബോധവത്ക്കരണ ക്ലാസുകളും ക്യാൻസർ പ്രായോഗിക പരിശീലനവും ആർ.സി.സി. നൽകിവരുന്നു.

മലബാർ കാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ കാൻസർ ബോധവത്ക്കരണത്തിനും കാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസുകളും ക്യാമ്പുകളും നടത്തിവരുന്നു. കൂടാതെ ക്യാൻസർ കെയർ പദ്ധതിയുടെ കീഴിൽ മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും നഴ്സുമാർക്കും കാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്.

ചിട്ടയായ വ്യായാമം, ആരോഗ്യപരമായ ഭക്ഷണം, ലഹരിമുക്തി എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവത്ക്കരണം സ്കൂൾതലം മുതൽ വിവിധ വിഭാഗങ്ങൾക്ക് ആരോഗ്യ വകുപ്പ് നൽകിവരുന്നു. ഇതിനായി കാൻസർ കെയർ പദ്ധതിയിലുൾപ്പെടുത്തി എല്ലാ സാമ്പത്തിക വർഷവും ഫണ്ട് വകയിരുത്താറുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ കാൻസർ ബോധവത്ക്കരണ ക്ലാസുകളും രോഗനിർണ്ണയ ക്യാമ്പുകളും നടത്തിവരുന്നു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ ഫീൽഡ് ജീവനക്കാർ, ആശ വർക്കർമാർ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നത്.

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗികളുടെ വർദ്ധനയ്ക്ക് ആനുപാതികമായ സേവനം നൽകുന്നതിന് നിലവിലുള്ള സർക്കാർ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമാണ്. ഈ അവസ്ഥയ്ക്ക് ഒരു പരിഹാരം എന്ന നിലയിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജില്ലാ കാൻസർ കെയർ പദ്ധതി. ഓരോ ജില്ലയിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള ഒരു ആശുപത്രിയിൽ അർബുദ ചികിത്സയ്ക്കും നിർണ്ണയത്തിനും ഒരു കെയർ സെന്റർ എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ഈ പദ്ധതി ഇന്ന് സംസ്ഥാനത്ത് 12 ജില്ലകളിൽ പ്രവർത്തനക്ഷമമാണ്. കൂടുതൽ ആശുപത്രികളിൽ ഈ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കൂടുതൽ സൗകര്യങ്ങളും പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകളും ഉൾപ്പെടുത്തികൊണ്ട് കാൻസർ ചികിത്സാരംഗം ശക്തിപ്പെടുത്തുന്നതിനായി സമഗ്ര കാൻസർ ചികിത്സാ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക**

196(4357) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ എവിടെയെല്ലാമെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണം വ്യക്താമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിലവിലുള്ള ഒഴിവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 17 |
| 2 | കൊല്ലം | 12 |
| 3 | പത്തനംതിട്ട | 19 |
| 4 | ആലപ്പുഴ | 15 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 23 |
| 7 | എറണാകുളം | 2 |
| 8 | തൃശ്ശൂർ | 11 |
| 9 | പാലക്കാട് | 6 |
| 10 | കോഴിക്കോട് | 1 |
| 11 | മലപ്പുറം | 1 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 1 |
| 14 | കാസർഗോഡ് | 1 |

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തിക പ്രൊമോഷൻ തസ്തികയായതിനാൽ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാറില്ല. എന്നാൽ 27.03.2015-ലെ സ.ഉ (കൈ)നമ്പർ 101/2015 /പൊ.ഭ.വ. പ്രകാരം ഓരോ ജില്ലയിലും ഒരു ഒഴിവ് എന്ന ക്രമത്തിൽ 14 ഒഴിവുകൾ (പട്ടികവർഗ്ഗവിഭാഗക്കാർക്കുള്ള)നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഹെൽത്ത് ഇൻസ്പെക്ടർ ഒഴിവുകൾ**

197(4358) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 30-4-2017-ലെ കണക്കനുസരിച്ച്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ 29 ഒഴിവുകളും ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ 116 ഒഴിവുകളുമുണ്ട്.

(ബി) ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൊമോഷൻ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിലെ അന്തിമവിധിക്ക് അനുസരിച്ച് മാത്രമേ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലുള്ള ഒഴിവുകൾ പ്രൊമോഷൻവഴി നികത്താൻ സാധിക്കുകയുള്ളൂ.

## ഡെപ്യൂട്ടി മാസ്സ് മീഡിയ ആന്റ് എഡ്യൂക്കേഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനം

198(4359) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡെപ്യൂട്ടി മാസ്സ് മീഡിയ ആന്റ് എഡ്യൂക്കേഷൻ ഓഫീസർ തസ്തികയിലേക്കുള്ള നിയമനം ഏത് രീതിയിലാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഈ യോഗ്യതകളും നിയമനരീതിയും നിശ്ചയിച്ചുകൊണ്ട് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; വിശദമാക്കാമോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജി.ഒ. (എംഎസ്.) നമ്പർ 60/75/ഹെൽത്ത് തീയതി 17-3-1975 എന്ന ഉത്തരവ് അനുസരിച്ചാണ് ആരോഗ്യ വകുപ്പിലെ ഡെപ്യൂട്ടി മാസ് മീഡിയ ആന്റ് എഡ്യൂക്കേഷൻ ആഫീസർ തസ്തികയിലേയ്ക്കുള്ള നിയമനം നടത്തുന്നത്.

(ബി) നേരിട്ടുള്ള നിയമനം

സോഷ്യൽ സയൻസ്/സോഷ്യൽ വർക്ക്/വിദ്യാഭ്യാസം എന്നിവയിലുള്ള ബിരുദാനന്തര ബിരുദം (മേൽ യോഗ്യതയുള്ളവരുടെ അഭാവത്തിൽ) ബിരുദവും സോഷ്യൽ സയൻസിൽ ഡിപ്ലോമയും.

തസ്തികമാറ്റം മുഖേന

ബിരുദം, ഹെൽത്ത് ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗ് കോഴ്സ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(സി) ഇല്ല.

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കും.

**മാവേലിക്കര നിയോജക മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം**

199 (4360) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ജില്ലാ ആശുപത്രിയിലും, സി.എച്ച്.സി., പി.എച്ച്.സി.-കളിലും ആവശ്യമായ സ്റ്റാഫ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ എല്ലാ സ്ഥാപനങ്ങളിലും നിലവിലുള്ള ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലാസ്സ് 4 തസ്തികയിലെ നിയമനം, പാർട്ട് ടൈം സ്വീപ്പർ തസ്തിക എന്നീ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം ഇന്റർവ്യൂ നടത്തി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

**കോഴിക്കോട് മെഡിക്കൽ കോളേജിലെ ലബോറട്ടറി പരിശോധനകൾ**

200(4361) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെ രോഗികൾക്ക് ചെറിയ തോതിലുള്ള ലബോറട്ടറി

പരിശോധനകൾക്കുപോലും കുറെ ദൂരെയുള്ള പ്രധാന കെട്ടിടത്തിലേക്ക് പോകേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുറന്ന സ്ട്രക്ചറിലോ, വീൽചെയറിലോ ഇരുത്തി അത്യാസന്ന നിലയിലുള്ള രോഗികളെ വെയിലും മഴയുംകൊണ്ട് പരുപരുത്ത റോഡിലൂടെ തള്ളി കൊണ്ടുപോകുന്നതുമൂലം ഉണ്ടാകുന്ന കടുത്ത പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്രീകൃത ലാബ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

**കോഴിക്കോട് മെഡിക്കൽ കോളേജിലെ ലിഫ്റ്റുകൾ**

201(4362) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ നിലവിൽ എത്ര ലിഫ്റ്റുകൾ ഉണ്ട്; ഇതിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണ്;

(ബി) എല്ലാ ലിഫ്റ്റുകളും പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) എല്ലാ ലിഫ്റ്റുകളിലേക്കും ആവശ്യമായത്ര ലിഫ്റ്റ് ഓപ്പറേറ്റർമാരെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയോഗിക്കുമോ;

(ഡി) ലിഫ്റ്റ് ഓപ്പറേറ്റർമാർ കൃത്യമായി ജോലി ചെയ്യുന്നു എന്നകാര്യം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) 4 ലിഫ്റ്റുകൾ; നിലവിൽ എല്ലാം പ്രവർത്തനക്ഷമമാണ്.

(സി & ഡി) ഒരു ഷിഫ്റ്റിൽ ഒരു ലിഫ്റ്റ് ഓപ്പറേറ്റർ മാത്രമേയുള്ളൂ; ലിഫ്റ്റ് ഓപ്പറേറ്റർമാർ കൃത്യമായി ജോലി ചെയ്യുന്നുണ്ട്.

**കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാമിലി മെഡിക്കൽ വിഭാഗം**

202(4363) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാമിലി മെഡിക്കൽ വിഭാഗം ആരംഭിച്ചിട്ട് എത്ര വർഷമായെന്ന് വിശദമാക്കാമോ;

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം എന്ത് കാരണത്തിലാണ് ഈ കോഴ്സിന് ലഭിക്കാതിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ അംഗീകാരം ലഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാമിലി മെഡിക്കൽ വിഭാഗം ആരംഭിച്ചിട്ട് അഞ്ച് വർഷമായി.

(ബി) അസോസിയേറ്റ് പ്രൊഫസറുടേയും അസിസ്റ്റന്റ് പ്രൊഫസറുടേയും കുറവുള്ളതിനാലാണ് എം.സി.ഐ. അംഗീകാരം ലഭിക്കാത്തത്.

(സി) കോഴിക്കോട് മെഡിക്കൽ കോളേജിലെ പീഡിയാട്രിക് വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ. റ്റി. കെ. അഷ്റഫിനെ ഫാമിലി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസറായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള രണ്ട് ഡോക്ടർമാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഫാമിലി മെഡിസിൻ വിഭാഗത്തിൽ നിയമനം നൽകിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി**

203(4364) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിന് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ഭരണാനുമതി നൽകിയിട്ടെത്ര വർഷമായി;വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നിലവിൽ ഇതിന്റെ നിർമ്മാണ പുരോഗതി ഏതുവരെയായെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതാണെന്ന 2011-12, 2012-13 ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി അനുവദിച്ചിട്ടുണ്ട്.

(ബി) 16-11-2013-ലെ സ.ഉ. (ആർ.റ്റി) നമ്പർ 3822/13/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം 360 ലക്ഷം രൂപയും 7-8-2015-ലെ സ.ഉ.(ആർ.റ്റി) നം.2644/2015/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം 200 ലക്ഷം രൂപയും ഉൾപ്പെടെ 560 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ അനുബന്ധമായിചേർക്കുന്നു.*

(സി) പഴയ ജില്ലാ ആശുപത്രി പ്രവർത്തിച്ചുവന്നിരുന്ന കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന പുതിയ കോട്ട കോമ്പൗണ്ടിലാണ് ഡബ്ല്യൂ & സി കെട്ടിടം പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിരുന്നെങ്കിലും മൂന്ന് തവണ ലേലം നടത്തിയിട്ടും ലേലം ഉറപ്പിക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ ആയുർവ്വേദ ആശുപത്രികളിൽ ആവശ്യമായ ജീവനക്കാർ**

204(4365) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ ആയുർവേദ ആശുപത്രികളിൽ ആവശ്യമായ ജീവനക്കാർ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആയുർവേദ ആശുപത്രികളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) തഴക്കര ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) നിലവിൽ അനുവദിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം മാവേലിക്കര ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ ഒരു നഴ്സ് ഗ്രേഡ് II തസ്തികയുടെ കുറവുണ്ട്. പുതിയതായി നഴ്സ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മെഡിക്കൽ കോളേജുകളിൽ ഫാമിലി മെഡിക്കൽ വിഭാഗം

205(4366) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ കോളേജുകളിൽ ഫാമിലി മെഡിക്കൽ വിഭാഗവും എംഡി ഫാമിലി മെഡിസിനും അനുബന്ധ സൗകര്യങ്ങളോടുകൂടി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ മാത്രമാണ് നിലവിൽ ഫാമിലി മെഡിസിൻ വിഭാഗവും എം.ഡി. ഫാമിലി മെഡിസിൻ കോഴ്സുമുള്ളത്. സംസ്ഥാനത്തെ മറ്റ് മെഡിക്കൽ കോളേജുകളിൽ ഫാമിലി മെഡിസിൻ വിഭാഗവും എം.ഡി. ഫാമിലി മെഡിസിൻ കോഴ്സും ആരംഭിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## പാവപ്പെട്ട രോഗികൾക്ക് സർക്കാർ ധനസഹായം

206 (4367) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട രോഗികൾക്ക് എന്തെല്ലാം സഹായങ്ങളാണ് ഇപ്പോൾ സർക്കാർ തലത്തിൽ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം രോഗങ്ങൾക്കും ശസ്ത്രക്രിയകൾക്കും ധനസഹായത്തിന് അർഹതയുണ്ടെന്നും എത്ര തുക വീതം നൽകിവരുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം ആശുപത്രികളിലെ ചികിത്സകൾക്കാണ് ധനസഹായം നൽകിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ജില്ലാ/താലൂക്ക് ആശുപത്രികളെക്കൂടി ഇവയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്ക് തുടർചികിത്സയും ധനസഹായവും നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാവപ്പെട്ട രോഗികൾക്ക് ചികിത്സാ ധനസഹായമായി എസ്.എം.എ.പി. എന്ന സൊസൈറ്റിയിൽനിന്നും പരമാവധി 50,000 രൂപ ഒറ്റത്തവണ ഡോക്ടറുടെ ചികിത്സാ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്നു. കൂടാതെ ആരോഗ്യ വകുപ്പുമന്ത്രിയുടെ ധനസഹായമായി 2,000 രൂപ മൂന്നു ലക്ഷത്തിൽ താഴെ വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് നൽകിവരുന്നു.

(ബി & സി) ധനസഹായത്തിന് അർഹതയുള്ള രോഗങ്ങളുടെയും ശസ്ത്രക്രിയകളുടെയും അംഗീകരിച്ചിട്ടുള്ള ആശുപത്രികളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) പുതിയ സ്ഥാപനങ്ങളെ സൊസൈറ്റിയിൽ ഉൾപ്പെടുത്തുവാൻ ഗവേർണിംഗ് ബോഡി കൂടി തീരുമാനിക്കേണ്ടതുണ്ട്.

(ഇ) തുടർചികിത്സയ്ക്ക് ആർ.എസ്.ബി.വൈ., ചിസ് പ്ലസ് പ്രോഗ്രാം പ്രയോജനപ്പെടുത്താവുന്നതാണ്.

## ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ആംബുലൻസ്

207(4368) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് 2015-16-ൽ നിന്നുള്ള തുക വിനിയോഗിച്ച് കരുനാഗപ്പള്ളി താലൂക്കാശുപത്രിക്കും തഴവ പ്രാഥമികാരോഗ്യ കേന്ദ്രത്തിനും ആംബുലൻസ് വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത ആംബുലൻസുകൾ വാങ്ങുന്നതിന് കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികൾ ആംബുലൻസ് വാങ്ങുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ചിട്ടുണ്ടോ;

(സി) എത്രയുംവേഗം പ്രസ്തുത ആംബുലൻസ് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കരുനാഗപ്പള്ളി താലൂക്കാശുപത്രിക്ക് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സി. ദിവാകരന്റെ (2015-16) സാമ്പത്തിക വർഷത്തെ ആസ്തി വികസന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഫണ്ടിൽ ഉൾപ്പെടുത്തി ആംബുലൻസ് വാങ്ങുന്നതിലേയ്ക്കായി വിശദമായ റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

തഴവ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ആംബുലൻസ് വാങ്ങുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളിൽ തുക അനുവദിക്കുന്നതിന് കാലതാമസം

208(4369) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സമെന്റ് അപേക്ഷകളിൽ തുക അനുവദിക്കുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രീ. വിൻസന്റ് സിമേതി, ഓഫീസ് അറ്റന്റന്റ്, എൽ. എ. ഐ. യു. പി. എസ്., കാട്ടുകുറ്റി പൊതുവിദ്യാഭ്യാസ വകുപ്പുമുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ [ആർ(6) 92731/DPI] എന്തെങ്കിലും നടപടി സ്വകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷപ്രകാരം മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനവകുപ്പിന്റെ 18-2-2014-ലെ 107/14/ധന. നമ്പർ സർക്കുലർ പ്രകാരം ഓരോ അപേക്ഷയിലും അനുവദനീയമായ ഇനങ്ങൾ 7-12-2012-ലെ ജി. ഒ. (എം.എസ്) 378/2012/ആകുവ. നമ്പർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് തുക തിട്ടപ്പെടുത്തി നൽകേണ്ടതുണ്ട്. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളുടെ ബാഹുല്യംമൂലം പ്രസ്തുത അപേക്ഷകളിൽ തുക അനുവദിക്കുന്നതിന് കാലതാമസം വരുന്നുണ്ട്.

(ബി & സി) ശ്രീ. വിൻസെന്റ് സിമേതി, ഓഫീസ് അറ്റന്റന്റ്, എൽ. എ. ഐ. യു. പി. എസ്., കാട്ടുകുറ്റി പൊതുവിദ്യാഭ്യാസ വകുപ്പുമുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷ 16-12-2016-ലെ സ.ഉ.(സാധാ)നമ്പർ 4242/2016/പൊ.വി.വ. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## ആരോഗ്യകിരണം പദ്ധതി

209 (4370) ശ്രീ. എം. രാജഗോപാലൻ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. വി. ജോയി :

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യകിരണം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ഇവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കയാണെന്നും വ്യക്തമാക്കാമോ;

(ഡി) എന്തെല്ലാം ചികിത്സാ ചെലവുകളാണ് ഈ പദ്ധതി പ്രകാരം സൗജന്യമായി ലഭിക്കുന്നത്;

(ഇ) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാനും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാവിധത്തിലുള്ള ചികിത്സകളും സൗജന്യമായി നൽകുന്ന പദ്ധതിയാണ് ആരോഗ്യ കിരണം.

(സി) ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാ സർക്കാർ ആശുപത്രികളിലും ആരോഗ്യകിരണം പദ്ധതിയിലൂടെയുള്ള ചികിത്സാ സഹായം ലഭിക്കും. എ.പി.എൽ./ബി.പി.എൽ. വ്യത്യാസം ഇല്ല. എന്നാൽ ആദായ നികുതിദായകർക്കും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.

(ഡി) ഒ.പി. ടിക്കറ്റ്, മരുന്നുകൾ, ആശുപത്രിയിൽ നടത്തുന്ന പരിശോധനകൾ, ചികിത്സകൾ എന്നിവ സൗജന്യമായി ലഭിക്കുന്നതാണ്. ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ/പരിശോധനകൾ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള നിർദ്ധിഷ്ട മരുന്ന് കടകൾ/ലാബുകളിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്.

ഹാജരാക്കേണ്ട രേഖകൾ

- ഒ.പി. ടിക്കറ്റിനോടൊപ്പം പൂർണ്ണമായ ചികിത്സാ രേഖകൾ
- സാഹചര്യമനുസരിച്ച് ആശുപത്രി അധികൃതർ ആവശ്യപ്പെടുന്ന മറ്റ് രേഖകൾ.

(ഇ) പരിശോധിക്കാവുന്നതാണ്.

**മൃതസഞ്ജീവനി പദ്ധതി**

210 (4371) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാന സംവിധാനമായ മൃതസഞ്ജീവനി പദ്ധതി വിശദീകരിക്കാമോ;

(ബി) പദ്ധതിയിലേക്ക് ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് അവയവങ്ങൾ ദാനംനൽകി; വിശദാംശം നൽകുമോ;

(സി) അവയവങ്ങൾക്കായി അപേക്ഷിച്ച് വർഷങ്ങൾ കാത്തിരുന്ന് മരണത്തിന് കീഴടങ്ങിയവരുണ്ടോ; എങ്കിൽ അവരുടെ കണക്കുകൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും വേണ്ടി 2012-ൽ കേരള സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ മൃതസഞ്ജീവനി (കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിങ്) എന്ന പദ്ധതിക്ക് രൂപംനൽകി. കേരളത്തിലെ എല്ലാ മരണാനന്തര അവയവദാനവും നടക്കുന്നത് മൃതസഞ്ജീവനി വഴിയാണ്. പ്രസ്തുത പദ്ധതിയുടെ ഭരണ നിർവ്വഹണം സുഗമമാക്കുവാൻ സംസ്ഥാനത്തെ മൂന്ന് സോണുകളായി (South, Central, North) തരംതിരിച്ചിട്ടുണ്ട്.

മസ്തിഷ്ക മരണം സംഭവിച്ചയാളുടെ പേര്, വയസ്സ്, രക്തഗ്രൂപ്പ്, കാര്യക്ഷമതാ പരിശോധന, അവയവം ഉപയോഗയോഗ്യമാണോ എന്ന പരിശോധനാഫലം എന്നിവ ശേഖരിക്കുന്നു. അതത് സോണിലെ മുൻഗണനാക്രമത്തിലും അവയവങ്ങൾ ചേരാൻ സാധ്യതയുള്ള രജിസ്ട്രേഷൻ ചെയ്ത രോഗികളുടെ സാമ്പിളുകൾ മസ്തിഷ്കമരണം സംഭവിച്ച വ്യക്തിയുമായി ചേർച്ച പരിശോധിച്ച് ആയതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചുമാണ് അവയവം ദാനം ചെയ്യുന്നത്. ഓരോ അവയവദാനം കഴിയുമ്പോഴും മുൻഗണനാക്രമം പാലിച്ചെന്ന് സാക്ഷ്യപ്പെടുത്തിയ അതിന്റെ പൂർണ്ണ റിപ്പോർട്ട് ആരോഗ്യവകുപ്പ് സെക്രട്ടറി, നാഷണൽ ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ ഡയറക്ടർ എന്നിവരെ രേഖാമൂലം അറിയിക്കാറുണ്ട്.

(ബി) മൃതസഞ്ജീവനി പദ്ധതിയിൽ 3249 ആളുകൾ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 702 ആളുകൾക്ക് ഈ പദ്ധതിയിലൂടെ അവയവങ്ങൾ മാറ്റിവച്ചിട്ടുണ്ട്. മാറ്റിവച്ചിട്ടുള്ള അവയവങ്ങൾ സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു:

| വർഷം | 2012 | 2013 | 2014 | 2015 | 2016 | 2017 | ആകെ |
|---|---|---|---|---|---|---|---|
| ദാതാക്കൾ | 9 | 36 | 58 | 76 | 72 | 6 | 257 |
| അവയവങ്ങൾ | 22 | 88 | 156 | 218 | 199 | 19 | 702 |

(സി) ഉണ്ട്. 605 പേർ മരണപ്പെടുകയുണ്ടായി.

## കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി

211 (4372) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർസിസി.-യിൽ 2014 ആഗസ്റ്റ് വരെ നിലവിലുണ്ടായിരുന്ന കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി ന്യൂനതകൾ പരിഹരിച്ച് പുനരാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് കാലതാമസം വരുമെങ്കിൽ അതുവരെ പഴയ പദ്ധതി തന്നെ തുടരാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) 1986-ലാണ് ആർ.സി.സി. കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി ആരംഭിച്ചത്. കേവലം 101 രൂപ അംഗത്വ ഫീസോടുകൂടി ആരംഭിച്ച പദ്ധതിയുടെ ഒന്നാംഘട്ടം 1991-ൽ അവസാനിച്ചിരുന്നു. 1992-ൽ രണ്ടാംഘട്ട പദ്ധതി 500 രൂപ അംഗത്വ ഫീസോടുകൂടി ആരംഭിച്ചു. പ്രസ്തുത പദ്ധതി 1996-ൽ നിർത്തലാക്കുകയും അതിനുശേഷം 500 രൂപ, 10,000 രൂപ എന്നീ രണ്ടുതരം അംഗത്വ ഫീസോടുകൂടി 1997-ൽ മൂന്നാംഘട്ട പദ്ധതിക്ക് തുടക്കമായി. 2014 ഓഗസ്റ്റ് മാസത്തിൽ ഈ പദ്ധതിയും നിർത്തലാക്കി. നാലാംഘട്ട പദ്ധതി തുടങ്ങുന്നതിന്റെ മുന്നോടിയായിട്ടാണ് ഈ പദ്ധതി നിർത്തലാക്കിയത്. പുതിയ അംഗങ്ങളെ ചേർക്കുന്നില്ല. എങ്കിലും അംഗത്വം എടുത്തിട്ടുള്ളവർക്ക് നിബന്ധന പ്രകാരമുള്ള ആനുകൂല്യങ്ങൾ ആജീവനാന്തം ലഭിക്കുന്നതാണ്. പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനാണ് ഒരു നിശ്ചിത സമയം കഴിയുമ്പോൾ നിർത്തലാക്കുന്നത്. കഴിഞ്ഞകാല പദ്ധതികളുടെ അനുഭവത്തിൽനിന്ന്

പാഠമുൾക്കൊണ്ടുകൊണ്ട് കുറേക്കൂടി കാര്യക്ഷമമായ നാലാംഘട്ട പദ്ധതി ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ചികിത്സാ സംബന്ധമായ ചില സാങ്കേതിക കാര്യങ്ങൾക്കൂടി പരിഗണിച്ചുകൊണ്ട് ജനങ്ങൾക്ക് പരമാവധി പ്രയോജനപ്രദമായ പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുന്നു.

**ഐരാണിമുട്ടം അലോപ്പതി ആശുപത്രി**

212(4373) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐരാണിമുട്ടം അലോപ്പതി ആശുപത്രിയുടെ പണി പൂർത്തീകരിച്ച പുതിയ കെട്ടിടം തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരും മറ്റ് സ്റ്റാഫുകളും ഇല്ല എന്നറിയിച്ചുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഡി) ഈ ആശുപത്രിക്കുവേണ്ട ഡോക്ടർമാരുടേയും മറ്റ് സ്റ്റാഫുകളുടെയും നിയമനം നടത്തുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്.

(സി & ഡി) നിശ്ചിത പ്രൊഫോർമയിലുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**കാൻസർ നിയന്ത്രണ പഠന കേന്ദ്രം**

213 (4374) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ എത്ര കാൻസർ നിയന്ത്രണ പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു കാൻസർ നിയന്ത്രണ പഠന കേന്ദ്രം വർക്കലയിൽ ആരംഭിക്കുന്നതിന് അവശ്യം വേണ്ട നടപടി സ്വീകരിക്കുമോ;

(സി) കാൻസർ നിയന്ത്രിക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ആർ.സി.സി. കൂടാതെ ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസർ (ഐ.എ.ആർ.സി.)-യുടെ സഹകരണത്തോടുകൂടി കഴക്കൂട്ടം, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തുകളിലെ ജനങ്ങളുടെ ഇടയിൽ സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും ഇവയെക്കുറിച്ച് അവബോധം നൽകുന്നതിനുമായി 'ട്രിവാൻഡ്രം ബ്രസ്റ്റ് കാൻസർ സ്ക്രീനിംഗ് ' എന്ന ഒരു പ്രോജക്ട് മംഗലപുരത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗികളുടെ വർദ്ധനയ്ക്ക് ആനുപാതികമായ സേവനം നൽകുന്നതിന് നിലവിലുള്ള സർക്കാർ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമാണ്. ഈ അവസ്ഥയ്ക്ക് ഒരു പരിഹാരം എന്ന നിലയിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജില്ലാ കാൻസർ കെയർ പദ്ധതി. ഓരോ ജില്ലയിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള ഒരു ആശുപത്രിയിൽ അർബുദ ചികിത്സയ്ക്കും നിർണ്ണയത്തിനും ഒരു കെയർ സെന്റർ എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പദ്ധതി ഇന്ന് സംസ്ഥാനത്ത് 12 ജില്ലകളിൽ പ്രവർത്തനക്ഷമമാണ്. കൂടുതൽ ആശുപത്രികളിൽ ഈ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കൂടുതൽ സൗകര്യങ്ങളും പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകളും ഉൾപ്പെടുത്തിക്കൊണ്ട് കാൻസർ ചികിത്സാരംഗം ശക്തിപ്പെടുത്തുന്നതിനായി സമഗ്ര കാൻസർ ചികിത്സാ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇതിനുപുറമെ എല്ലാ സാമ്പത്തിക വർഷവും ജില്ലാതലത്തിലും ഉപജില്ലാതലത്തിലും കാൻസർ സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തിവരുന്നു. ഇതിലൂടെ നിരവധി രോഗികളെ പ്രാരംഭദശയിൽത്തന്നെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ ജീവിതശൈലീ രോഗമായ കാൻസർ തടയുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പ് നടത്തിവരുന്നുണ്ട്.

## മുല്ലശ്ശേരി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ

214(4375) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലെ ജീവനക്കാരുടെ അനുവദിക്കപ്പെട്ട തസ്തികകൾ, നിലവിലുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ എന്നിവ അറിയിക്കാമോ;

(ബി) ഈ ആശുപത്രിയെ അപ്ഗ്രേഡ് ചെയ്യുന്നതിനും കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുല്ലശ്ശേരി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ അനുവദിക്കപ്പെട്ട തസ്തികകൾ ചുവടെ പറയുന്നു:

1. മെഡിക്കൽ ഓഫീസർ - 1

2. അറ്റന്റർ - 1

3. പാർട്ട് ടൈം സ്വീപ്പർ - 1

നിലവിലെ ജീവനക്കാരുടെ വിശദാംശങ്ങൾ

മെഡിക്കൽ ഓഫീസർ - ഡോ. ഷിനി. കെ. എം.

അറ്റന്റർ - ശ്രീമതി സീന. ടി. പി.

പാർട്ട് ടൈം സ്വീപ്പർ - (ഒഴിവ്)

നിലവിലെ പാർട്ട് ടൈം സ്വീപ്പറിന്റെ ഒഴിവ് എംപ്ലോയ്മെന്റിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥിരനിയമനം നടത്തുന്നതുവരെ ദിവസവേതന നിയമനം നടത്തിവരുന്നു.

(ബി) പരിശോധിക്കാവുന്നതാണ്.

**ആയുർവേദ ഫാർമസിസ്റ്റ് തസ്തിക**

215 (4376) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഫാർമസിസ്റ്റ് തസ്തികയിൽ കൊല്ലം ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് ആരോഗ്യ കേന്ദ്രങ്ങൾ പ്രകാരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകളൊന്നും നിലവിലില്ല.

(ബി) ബാധകമല്ല.

## മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

216(4377) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ നിലവിൽ എത്ര ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2013-2014, 2014-2015, 2015-2016 കാലയളവിൽ ഈ ആശുപത്രിയിൽ എത്ര പ്രസവവും സിസേറിയനും നടന്നിട്ടുണ്ടെന്നും പുറമേ ആശുപത്രിയിലേക്ക് എത്ര കേസുകൾ റഫർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മട്ടാഞ്ചേരിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിൽ രണ്ട് കൺസൾട്ടന്റുമാരുടെയും രണ്ട് ജൂനിയർ കൺസൾട്ടന്റുമാരുടെയും തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ ഒരു കൺസൾട്ടന്റും രണ്ട് ജൂനിയർ കൺസൾട്ടന്റുമാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്നു. ഒരു കൺസൽട്ടന്റ് തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(ബി)

| കാലയളവ് | പ്രസവം | സിസേറിയൻ | റഫർ ചെയ്തവ |
|---|---|---|---|
| 2013-2014 | 254 | 253 | 68 |
| 2014-2015 | 212 | 207 | 124 |
| 2015-2016 | 195 | 168 | 42 |

## സർക്കാർ, സ്വകാര്യ ആശുപത്രികളിൽ സി.സി.ടി.വി. ക്യാമറകൾ

217(4378) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളിലും തീവ്രപരിചരണ വിഭാഗത്തിലും, ഓപ്പറേഷൻ തീയേറ്റർ എന്നിവിടങ്ങളിൽ സി.സി.ടി.വി ക്യാമറകൾ നിർബന്ധമാക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) സർക്കാർ , സ്വകാര്യ ആശുപത്രികളിലെ തീവ്രപരിചരണ വിഭാഗത്തിലും ഓപ്പറേഷൻ തിയേറ്ററുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആശുപത്രികളിലെത്തുന്ന രോഗികളുടെ പ്രത്യേകിച്ച് സ്ത്രീ രോഗികളുടെ സ്വകാര്യതയെ ബാധിക്കുന്ന വിഷയമായതിനാൽ ഇക്കാര്യത്തിൽ വിശദമായ പഠനം ആവശ്യമാണ്.

(സി) വിവിധ അവസ്ഥയിലുള്ള രോഗികൾ ഒരു ഐ.സി.യു.-വിൽ ഉള്ളപ്പോൾ സി.സി.ടി.വി.-കൾ നഴ്സിംഗ് സ്റ്റേഷനുകളുമായി മാത്രം ബന്ധിപ്പിച്ച് സ്ഥാപിക്കുന്നത് അനുയോജ്യമായിരിക്കും. അവ പൊതുവായ സ്ഥലത്ത് ആരോഗ്യപ്രവർത്തകർ അല്ലാത്തവർ വീക്ഷിക്കുന്നത് രോഗിയുടെ സുരക്ഷിതത്വത്തിനും സ്വകാര്യതയ്ക്കും നല്ലതല്ല.

**അന്താരാഷ്ട്ര ആയുർവേദ കേന്ദ്രം**

218(4379) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അന്താരാഷ്ട്ര ആയുർവേദ കേന്ദ്രം നിർമ്മിക്കാനുള്ള പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിൽ റവന്യൂ വകുപ്പ് കണ്ടെത്തുന്ന ഉചിതമായ സ്ഥലത്ത് ഉദ്ദേശം മൂന്നൂറ് കോടി രൂപ ചെലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ ഒരു അന്തർദ്ദേശീയ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 13-ാം പദ്ധതിക്കാലത്ത് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

2016-17-ലെ ബജറ്റിൽ ഈ പദ്ധതിക്കുവേണ്ടി ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച 20 ലക്ഷം രൂപ നടത്തിപ്പ് ഏജൻസിയായ നാഷണൽ ആയുഷ് മിഷന് കൈമാറിയിട്ടുണ്ട്. അതോടൊപ്പം ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ശ്രീ. കേശവേന്ദ്രകുമാർ ഐ.എ.എസ്., അദ്ധ്യക്ഷനായുള്ള 11 അംഗ വിദഗ്ദ്ധ സമിതിയെ തെരഞ്ഞെടുത്തിട്ടുമുണ്ട്. പ്രസ്തുത സമിതി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് മാർച്ച് മാസത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിച്ചു. ഈ പദ്ധതിക്ക് സാമ്പത്തിക സഹായം ഉൾപ്പെടെ അനുവദിക്കുന്നതിന് കേന്ദ്ര ആയുഷ് വകുപ്പുമന്ത്രിയെ സന്ദർശിച്ച് ചർച്ച നടത്തിയിരുന്നു. കണ്ണൂർ ജില്ലയിൽ ആയൂർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിന് റവന്യൂ

വകുപ്പിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 5 കോടി രൂപ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനായി മൂലധന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

**ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനം**

219(4380) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനം ഏതു രീതിയിലാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഈ യോഗ്യതകളും നിയമനരീതിയും നിശ്ചയിച്ചുകൊണ്ട് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; വിശദമാക്കാമോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1/ ഫൈലേറിയ ഇൻസ്പെക്ടർ ഗ്രേഡ് 1/മലേറിയ ഇൻസ്പെക്ടർ ഗ്രേഡ് 1 എന്നീ തസ്തികകളിൽനിന്നും സീനിയോറിറ്റി അടിസ്ഥാനത്തിൽ നിയമിക്കുന്നു. ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിലേയ്ക്ക് ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽനിന്ന് സീനിയോറിറ്റി പ്രകാരം നിയമിക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രൊമോഷനിലൂടെ നിയമനം നടത്തിവരുന്നു.

(ബി) ആരോഗ്യ വകുപ്പിൽ പ്ലസ് 2/ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായവരിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിയമിക്കപ്പെടുന്ന ജീവനക്കാരൻ സർവ്വീസ് സീനിയോറിറ്റി പ്രകാരമാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -2, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 എന്നീ പ്രൊമോഷൻ തസ്തികകളിൽ നിയമിക്കപ്പെടുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലും സ്പെഷ്യൽ റൂൾസ് നിലവിലില്ല. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കും.

**മാനസികാരോഗ്യ പരിപാലനരംഗത്ത് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ**

220(4381) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ഉണ്ണി :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ പരിപാലനരംഗത്ത് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രസ്തുത കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മാനസിക രോഗികളുടെ പുനരധിവാസത്തിനും പരിചരണത്തിനും വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം സാധ്യമാക്കുമോ;

(ഡി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മാനസികരോഗ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമോ;

(ഇ) മനോരോഗങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ?

ഉത്തരം

(എ) സാമൂഹ്യാധിഷ്ഠിതമായി മാനസികാരോഗ്യ ചികിത്സ ലഭ്യമാക്കുന്നതിനായി ജില്ലാ മാനസികാരോഗ്യ പരിപാടി (DMHP) കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൈക്യാട്രിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ധ സംഘം ജില്ലയിലെ സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ മാസംതോറുമുള്ള ക്ലിനിക്കുകൾ നടത്തിവരുന്നു. മനോരോഗത്തിനുള്ള ഔഷധങ്ങളും കൗൺസിലിങ്ങും മറ്റ് സേവനങ്ങളും സൗജന്യമായി നൽകിവരുന്നു. മാനസികരോഗികളുടെ പുനരധിവാസത്തിനുവേണ്ടി ആരോഗ്യ വകുപ്പിന്റെ കീഴിൽ 27 പകൽവീടുകൾ പ്രവർത്തിച്ചുവരുന്നു. സ്കൂൾ കുട്ടികളുടെ മാസനികാരോഗ്യം മുൻനിർത്തി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ചിട്ടുള്ള സ്കൂൾ

മാനസികാരോഗ്യപരിപാടി ഈ അധ്യയനവർഷം മുതൽ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നുണ്ട്. വിഷാദരോഗചികിത്സ പ്രാഥമികാരോഗ്യതലത്തിൽ നടപ്പിലാക്കുന്ന ' 'ആശ്വാസം ' പദ്ധതി ആരംഭിച്ചു കഴിഞ്ഞു. പരീക്ഷാപ്പേടി, മറ്റ് മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്കുള്ള ടെലിഫോൺ കൗൺസിലിംഗ് സേവനമായി 'ദിശ ' (1056) - യും പ്രവർത്തിച്ചുവരുന്നു.

(ബി) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ, KIIFB-യുടെ സഹായത്തോടെ 100 കോടി രൂപയുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താനുള്ള നവീകരിച്ച മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു. ഇതിനുപുറമേ മാനസികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ലഹരി വിമോചന കേന്ദ്രത്തിൽ പുതുതായി ഡെലീറിയം ICU തുടങ്ങാനുള്ള തുക 2017-2018 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സാധ്യമാണ്. ഇപ്പോൾത്തന്നെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള മാനസികരോഗ പുനരധിവാസകേന്ദ്രങ്ങൾക്ക് ചികിത്സയും മരുന്നുകളും ആരോഗ്യ വകുപ്പുവഴിയാണ് ലഭ്യമാക്കുന്നത്. പ്രവർത്തനങ്ങൾ കൂടുതൽ എകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) തിരുവനന്തപുരം ജില്ലയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മാനസികാരോഗ്യചികിത്സ ഇപ്പോൾത്തന്നെ ലഭ്യമാണ്. ഇത് മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മാനസികാരോഗ്യ ബോധവത്ക്കരണ പരിപാടികൾ എല്ലാ ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി നടത്തിവരുന്നുണ്ട്. ഇതിനായി പ്രത്യേക ഫണ്ട് ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുമുണ്ട്.

## ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ

221(4382) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ ഹോസ്പിറ്റൽ ഡെവലപ്പ്മെൻറ് കമ്മിറ്റി ജീവനക്കാർക്ക് തുല്യജോലിക്ക് തുല്യവേതനം എന്ന നയം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിയ്ക്കുന്ന പേയിംഗ് കൗണ്ടറിലെ ഹോസ്പിറ്റൽ ഡെവലപ്പ്മെൻറ് കമ്മിറ്റി ജീവനക്കാരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന്റെ മാനദണ്ഡമെന്താണ്;

(സി) ഫാർമസി പാസായി രജിസ്ട്രേഷൻ ലഭ്യമായവരെയാണോ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഹോസ്പിറ്റൽ ഡെവലപ്പ്മെൻറ് കമ്മിറ്റി ജീവനക്കാർക്ക് ഇ.പി.എഫ്. നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ജീവനക്കാർക്ക് തുല്യജോലിക്ക് തുല്യ വേതനമെന്ന നയം നടപ്പിലാക്കിയിട്ടില്ല.

(ബി) പേയിംഗ് കൗണ്ടറിലെ കേഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരിൽ Date of joining കണക്കാക്കിയാണ് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഫാർമസിസ്റ്റിന് മാത്രമായി സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ഫാർമസി പാസായി രജിസ്ട്രേഷൻ ലഭ്യമായവരെയാണ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. HDS ജീവനക്കാർക്ക് ഇ.പി.എഫ്. നടപ്പിലാക്കിയിട്ടില്ല. HDS ജീവനക്കാർക്ക് ഇ.പി.എഫ്. നടപ്പിലാക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും W.A. No. 2482 OF2008 & 18100F 2012 & W.P. (C) No. 18647OF2011 നമ്പരായി 9.-11-2016-ൽ ഉത്തരവ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കാരുണ്യ പദ്ധതി**

222(4383) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം സ്വകാര്യ ആശുപത്രികളിലാണ് ചികിത്സ ലഭിക്കുന്നതെന്നും ഓരോ ആശുപത്രിയിലും അംഗീകരിച്ചിട്ടുള്ള രോഗങ്ങൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ടി പട്ടികയിൽ ഇല്ലാത്ത ആശുപത്രികളിൽ ചികിത്സ നേടിയവർക്ക് പ്രത്യേക പരിഗണന നൽകി പ്രത്യേക അനുമതി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകിയിട്ടുണ്ടോ;വിശദീകരിക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3 സംസ്ഥാനതല സമിതികളിലായി ആകെ 73 രോഗികൾക്ക് അക്രെഡിറ്റഡ് അല്ലാത്ത ആശുപത്രികളിൽ പ്രത്യേക അനുമതി പ്രകാരം ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. ചികിത്സാ ബില്ലുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

**തിരുവനന്തപുരം ആർ.സി.സി.-യിലെ പരിശോധനാ സംവിധാനങ്ങൾ**

223(4384) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.യിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾ വിവിധ പരിശോധനകൾക്ക് ആർ.സി..സി.-യിലെ വിവിധ നിലകളിൽ (സ്ഥലങ്ങളിൽ) നടന്ന് കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പരിശോധനാ സംവിധാനങ്ങൾ, ലബോറട്ടറികൾ ഒരിടത്ത് ഒന്നിച്ച് സജ്ജീകരിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ & ബി) ആർ.സി.സി.-യിൽ ഒരു പുതിയ പത്തുനില കെട്ടിടംകൂടി പണിപൂർത്തിയായി പല സേവനങ്ങളും ഈ കെട്ടിടത്തിലേയ്ക്ക് മാറ്റിക്കൊണ്ടിരിക്കുകയാണ്. വിവിധ പരിശോധനകൾ, ലാബോറട്ടറികൾ എന്നിവ രോഗികൾക്ക് സൗകര്യപ്രദമായ രീതിയിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പുതിയ കെട്ടിടം പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതോടുകൂടി രോഗികൾക്ക് ഇപ്പോഴുള്ള ബുദ്ധിമുട്ട് പരിഹരിക്കപ്പെടുന്നതാണ്.

**പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന**

224(4385) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന (PMSSY)നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകൾക്ക് കേന്ദ്ര ധനസഹായം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) മെഡിക്കൽ കോളേജുകളിൽ നൂതന സാങ്കേതികവിദ്യകൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഈ പദ്ധതിയുടെ കേന്ദ്ര വിഹിതം എത്രയാണെന്നും നടപ്പ് സാമ്പത്തിക വർഷം ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഇത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി - ഡി) പി.എം.എസ്.എസ്.വൈ. ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജിന് കേന്ദ്ര വിഹിതമായി അനുവദിച്ച (100 കോടി രൂപ) മുഴുവൻ തുകയും ലഭിച്ചിട്ടുണ്ട്. പി.എം.എസ്.എസ്.വൈ. മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള റ്റി.ഡി. മെഡിക്കൽ കോളേജ് ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെ നിർമ്മാണങ്ങൾക്കും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി കേന്ദ്രവിഹിതം 240 കോടി രൂപ (120 കോടി രൂപ വീതം) അംഗീകരിച്ചിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചിട്ടുള്ള മെഡിക്കൽ ഉപകരണങ്ങളും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെ നിർമ്മാണവുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്രത്തിൽനിന്നും ഫണ്ട് അനുവദിക്കുന്നതാണ്.

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ**

225(4386) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സൗകര്യമുണ്ടോ;

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കാഷ്വാലിറ്റി ഇല്ലാത്തതിനാൽ പൊതുജനങ്ങൾ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ താലൂക്കാശുപത്രി മുതൽ മുകളിലോട്ടുള്ള മേജർ ആശുപത്രികളിലാണ് കാഷ്വാലിറ്റി സേവനം ലഭ്യമായിട്ടുള്ളത്. എന്നിരുന്നാലും പാലക്കാട് ജില്ലയിലെ നെന്മാറ, അഗളി സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ 24 മണിക്കൂർ കാഷ്വാലിറ്റി സേവനം ലഭ്യമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കാഷ്വാലിറ്റി സേവനം ആരംഭിക്കുക എന്നത് സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിച്ചുകൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ദിവസവേതന ജോലിക്കാർ**

226 (4387) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ്, എസ്.എ.ടി ആശുപത്രികളിൽ എത്ര ദിവസവേതന ജോലിക്കാർ സേവനം അനുഷ്ഠിക്കുന്നു; ഏതെല്ലാം തസ്തികകളിൽ എന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബശ്രീ മുഖേന താല്ക്കാലികാടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ എത്രപേർ;

(സി) ജനശ്രീ മുഖേന താല്ക്കാലികാടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ എത്രപേർ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 154 പേർ താഴെപ്പറയുന്ന തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നു.

| | | |
|---|---|---|
| 1. റിട്ടയേർഡ് നേഴ്സിംഗ് അസിസ്റ്റന്റ് | - | 146 |
| 2. ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് | - | 6 |
| 3. ലിഫ്റ്റ് ഓപ്പറേറ്റർ | - | 1 |
| 4. പവർ ലോൻട്രി അറ്റൻഡർ | - | 1 |

എസ്.എ.ടി. ആശുപത്രിയിൽ 93 പേർ താഴെപ്പറയുന്ന തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നു.

| | | |
|---|---|---|
| 1. റിട്ടയേർഡ് നേഴ്സിംഗ് അസിസ്റ്റന്റ് | - | 50 |
| 2. ഹോസ്പിറ്റൽ അറ്റൻഡന്റ് | - | 39 |
| 3. ടെലിഫോൺ ഓപ്പറേറ്റർ | - | 1 |
| 4. ഫാർമസിസ്റ്റ് | - | 3 |

(ബി) ഉണ്ട്. എസ്.എ.ടി. ആശുപത്രിയിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 35 പേരും മെഡിക്കൽ കോളേജ് ആശുപത്രിയിൽ താൽക്കാലികാടിസ്ഥാനത്തിൽ 12 ദിവസം വീതം ജോലിനോക്കുന്ന 178 പേരുമുണ്ട്. കൂടാതെ എച്ച്.ഡി.എസ്.-ന്റെ കീഴിൽ 2017 ഏപ്രിൽ മാസം 14 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്. എസ്.എ.ടി. ആശുപത്രിയിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് തസ്തികയിൽ 4 പേരും മെഡിക്കൽ കോളേജ് ആശുപത്രിയിൽ 6 പേരും ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നുണ്ട്.

**അവയവദാനത്തിന് പ്രോത്സാഹനം**

227(4388) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് അവയവദാന ശസ്ത്രക്രിയകൾ കുറഞ്ഞുവരുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണം;

(ബി) ഈ വർഷം സംസ്ഥാനത്ത് എത്ര അവയവദാനശസ്ത്രക്രിയകൾ നടന്നിട്ടുണ്ട്;

(സി) അവയവദാനശസ്ത്രക്രിയ നിരുത്സാഹപ്പെടുത്തുന്നതരത്തിലുള്ള പ്രചരണങ്ങൾ സംസ്ഥാനത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അവയവദാനത്തിന്റെ നടപടിക്രമങ്ങൾ അവയവദാനത്തിന് സന്നദ്ധരായി എത്തുന്നവർക്കും ബന്ധുക്കൾക്കും ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പത്തൊൻപത്.

(സി) ഇല്ല. എന്നിരുന്നാലും പൊതുസമൂഹത്തിൽ മരണാനന്തര അവയവദാനത്തെക്കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും അവയവദാനത്തിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനുമായി സെമിനാറുകൾ, ശിൽപ്പശാലകൾ, മെഡിക്കൽ-പാരാമെഡിക്കൽ സ്റ്റാഫിന് പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു. മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുവാനായി പ്രശസ്ത സിനിമാതാരം പത്മശ്രീ ഡോ. മോഹൻലാലിനെ ഗുഡ്‌വിൽ അംബാസിഡറായി നിയമിക്കുകയുണ്ടായി.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചിക്കൻപോക്സ്

228 (4389) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം ചിക്കൻപോക്സ് രോഗം പടർന്നുപിടിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) 2017 ജനുവരി 1 മുതൽ ഏപ്രിൽ 30 വരെ കാലയളവിൽ ഈ അസുഖം ബാധിച്ചവരുടെ കണക്കുകൾ സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഈ രോഗം പടർന്നുപിടിക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ഡി) ഭാവിയിൽ ഈ രോഗം പടർന്നുപിടിക്കാതിരിക്കാൻ കൈകൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) എല്ലാ ജില്ലയിൽനിന്നും ചിക്കൻപോക്സ് രോഗം ബാധിച്ചവരുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2017 ജനുവരി 1 മുതൽ ഏപ്രിൽ 30 വരെ കാലയളവിൽ ചിക്കൻപോക്സ് ബാധിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ചിക്കൻപോക്സ് |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 964 |
| 2 | കൊല്ലം | 1562 |
| 3 | പത്തനംതിട്ട | 322 |

| 1 | 2 | 3 |
|---|---|---|
| 4 | ഇടുക്കി | 742 |
| 5 | കോട്ടയം | 839 |
| 6 | ആലപ്പുഴ | 1376 |
| 7 | എറണാകുളം | 610 |
| 8 | തൃശ്ശൂർ | 832 |
| 9 | പാലക്കാട് | 465 |
| 10 | മലപ്പുറം | 3487 |
| 11 | കോഴിക്കോട് | 1309 |
| 12 | വയനാട് | 576 |
| 13 | കണ്ണൂർ | 1010 |
| 14 | കാസർഗോഡ് | 759 |

(സി) ചിക്കൻപോക്സ് ചൂടുകാലത്ത് കൂടുതലായി കണ്ടുവരുന്ന, വൈറസ്മൂലം വായുവിലൂടെ പകരുന്ന ഒരു രോഗമാണ്. ആളുകൾ കൂടുതൽ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ രോഗപ്പകർച്ചയ്ക്ക് സാധ്യതയേറെയാണ്. ഈ വർഷം പൊതുവെ ചൂട് കൂടിയ സ്ഥിതിയായതിനാൽ കൂടുതൽ കേസുകളുണ്ടായിട്ടുണ്ട്.

(ഡി) രോഗികൾക്ക് ആവശ്യമായ വിശ്രമവും പോഷകാഹാരവും നൽകുക, മറ്റുള്ളവരുമായി കൂടുതൽ അടുത്ത് ഇടപെടുന്നത് കുറയ്ക്കുക, വൈറസിനെതിരായ മരുന്നുകൾ നൽകുക തുടങ്ങിയവ ചെയ്തുവരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കുന്നു. സ്കൂൾ, കോളേജ്, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്.

**ആശുപത്രികളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി**

229(4390) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ നാഷണൽ ഹെൽത്ത് മിഷന്റെ സാമ്പത്തിക സഹായത്തോടെ ആശുപത്രികളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി എത്ര കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് അനുമതി ലഭിച്ചത്;

(ബി) ആയതിന്റെ വിശദാംശങ്ങൾ സാമ്പത്തികവർഷം, കെട്ടിടങ്ങളുടെ വിസ്തൃതി, തുക എന്നിവ തിരിച്ച് വിശദമാക്കാമോ;

(സി) 2016 മാർച്ച് 31-ന് മുമ്പ്, ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്;

(ഡി) 2015-16, 2016-17 കാലയളവിൽ എത്ര പുതിയ കെട്ടിടങ്ങൾക്കാണ് അനുമതി ലഭിച്ചത്; വിശദമാക്കാമോ;

(ഇ) ആയതിൽ എത്ര പദ്ധതികളുടെ നിർമ്മാണ ഉദ്ഘാടനം, പൂർത്തീകരണ ഉദ്ഘാടനം എന്നിവ നിർവ്വഹിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) 2011-2016 കാലയളവിൽ നാഷണൽ ഹെൽത്ത് മിഷന്റെ സാമ്പത്തിക സഹായത്തോടെ ആശുപത്രികളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി 100 സബ് സെന്റർ ഉൾപ്പെടെ 147 കെട്ടിടങ്ങൾക്ക് അനുമതി ലഭിച്ചു.

(ബി) വിശദാംശങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു.

(സി) 2016 മാർച്ച് 31 -ന് മുമ്പ് 126 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) 2015-16, 2016-17 കാലയളവിൽ 15 പുതിയ കെട്ടിടങ്ങൾക്കാണ് അനുമതി ലഭിച്ചത്. വിശദാംശങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു.

(ഇ) ആയതിൽ 5 പദ്ധതികളുടെ നിർമ്മാണം ഉദ്ഘാടനം നടന്നിട്ടുണ്ട്. എന്നാൽ പൂർത്തീകരണ ഉദ്ഘാടനം ഒരു പദ്ധതിയുടെയും നടന്നിട്ടില്ല. നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

**മത്സ്യങ്ങളിൽ അപകടകരമായ രാസവസ്തുക്കൾ**

230(*T4391) <u>ശ്രീ.മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്നുംകൊണ്ടുവരുന്ന മത്സ്യങ്ങളിൽ അപകടകരമായ രാസവസ്തുക്കൾ അടങ്ങിയിട്ടുള്ളതായിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്മേൽ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നുവെന്ന വാർത്തയും ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് 'ഓപ്പറേഷൻ സാഗർറാണി' എന്ന പേരിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ സാഗർറാണിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നും മത്സ്യത്തിന്റെയും ഐസിന്റെയും ഏകദേശം 450 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും അയച്ച് പരിശോധിപ്പിച്ചിട്ടുണ്ട്.

ഓപ്പറേഷൻ സാഗർറാണിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനോടൊപ്പം കൈപുസ്തകങ്ങളും ബോധവൽക്കരണ നോട്ടീസുകളും വിതരണം ചെയ്തിട്ടുണ്ട്.

ഓപ്പറേഷൻ സാഗർറാണിയുടെ മൂന്നാംഘട്ടത്തിൽ മത്സ്യത്തിന്റെ ഗുണനിലവാര പരിശോധനയിൽ മത്സ്യത്തിൽ മായം കലർത്തിയതായി കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

## ഡെങ്കിപ്പനിയും എലിപ്പനിയും തടയുന്നതിന് ശുചീകരണപ്രവർത്തനങ്ങൾ

231(4392) <u>ശ്രീ. കെ.മുരളീധരൻ</u> :

<u>ശ്രീ. കെ. എസ്.ശബരീനാഥൻ</u> :

<u>ശ്രീ. വി. എസ്. ശിവകുമാർ</u> :

<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ഡെങ്കിപ്പനിയും എലിപ്പനിയും വ്യാപകമാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017 ജനുവരിക്കുശേഷം എത്രപേർക്ക് ഡെങ്കിപ്പനിയും എലിപ്പനിയും ബാധിച്ചുവെന്നും, ഇതിൽ എത്രപേർ മരണപ്പെട്ടുവെന്നും അറിയിക്കുമോ;

(സി) ഡെങ്കിപ്പനിയും എലിപ്പനിയും തടയുന്നതിന് തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; സംസ്ഥാന പീഡ് സെല്ലിന്റെ ഇക്കാര്യത്തിലുള്ള പ്രവർത്തനം ഊർജ്ജിതമാക്കുമോ?

ഉത്തരം

(എ) ഡെങ്കിപ്പനിയും എലിപ്പനിയും മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി ഡെങ്കിപ്പനി, എലിപ്പനി എന്നിവ ബാധിച്ചവരുടെയും മരണപ്പെട്ടവരുടെയും എണ്ണം അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(സി) 2017 ഏപ്രിൽ 24 മുതൽ 27 വരെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൊതുകുകളുടെ ഉറവിട നശീകരണത്തിനായി ഒരു തീവ്രയത്ന പരിപാടി നടത്തുകയുണ്ടായി. സംസ്ഥാന പീഡ് സെല്ലിന്റെ പ്രവർത്തനം ഊർജ്ജിതമാക്കിയിട്ടുണ്ട്.

**കുടുംബപെൻഷൻ**

232(4393) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ പാർട്ട്ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ ശ്രീ. പി. ജെ. തോമസിന്റെ ഭാര്യയ്ക്ക് കുടുംബപെൻഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പെൻഷൻ അനുവദിക്കുന്നതിനും ആശ്രിതനിയമനത്തിനുമായി സമർപ്പിച്ചിരുന്ന 1337936/എഫ്/ഹെൽത്ത്/2017 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് ഉണ്ടായിട്ടുള്ള കാലതാമസം അറിയിക്കാമോ; ധനകാര്യ വകുപ്പിൽ ഇതുസംബന്ധിച്ച് നടപടി സ്വീകരിച്ചു വരുന്ന ഫയലിന്റെ നമ്പർ അറിയിക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ പാർട്ട്ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ ശ്രീ. പി. ജെ. തോമസ് എന്ന വ്യക്തിയുടെ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 29-6-2007-ൽ പാർട്ട്ടൈം സ്വീപ്പറായി ആരോഗ്യവകുപ്പിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ടി. ജെ. തോമസ് ക്രിമിനൽ കേസ് നമ്പർ 903/12 എന്ന കേസിൽ പ്രതിയാവുകയും ടിയാനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും സസ്പെൻഷനിലിരിക്കെ ടിയാൻ 12-5-2015-ൽ മരണപ്പെടുകയും ചെയ്തു. ടിയാന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭാര്യക്ക് എക്സ്ഗ്രേഷ്യ ഫാമിലി പെൻഷൻ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ബി & സി) ശ്രീ. ടി. ജെ. തോമസിന്റെ സസ്പെൻഷൻകാലം ക്രമീകരിക്കുന്നതു സംബന്ധിച്ച 1337936/എഫ്/ഹെൽത്ത്/2017 നമ്പർ തപാൽ ഉൾക്കൊള്ളുന്ന ഫയൽ (നമ്പർ എഫ് 2/78/2017 ആ.കു.വ) ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ് (ഫയൽ നമ്പർ എച്ച് & എൽബി1/93/2017-ഫിൻ).

**ആരോഗ്യ വകുപ്പിൽ വിവിധ തസ്തികകളിലായിട്ടുള്ള ഒഴിവുകൾ**

233(4394) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ വിവിധ തസ്തികകളിലായിട്ടുള്ള എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട്ചെയ്ത ഒഴിവുകളുടെ വിശദവിവരം നൽകുമോ;

(ബി) ഡോക്ടർമാരുടെ ഒഴിവുകൾ (അലോപ്പതി, ആയുർവേദ, ഹോമിയോ) നികത്തുന്നതിന് കാലതാമസം ഒഴിവാക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ ക്ലാർക്കുമാരുടെ ചില ഒഴിവുകൾ ഒഴികെയുള്ള എല്ലാ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

കൂടാതെ സ്റ്റാഫ് നഴ്സിന്റെ പുതുതായി സൃഷ്ടിച്ച എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പകർച്ചപ്പനിയുടെ ദുരിതം**

234(4395) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന പകർച്ചപ്പനിയുടെ ദുരിതം അനുഭവിക്കുന്ന രോഗികളെ പരിചരിക്കുന്നതിനും അവർക്കുവേണ്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനും വിവിധ സർക്കാർ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഒരുക്കിയിരിക്കുന്ന ക്രമീകരണം അറിയിക്കാമോ;

(ബി) പകർച്ചപ്പനി നേരിടുന്നതിനായി ആശുപത്രികളിൽ മരുന്നിന്റെ അപര്യാപ്തത പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പകർച്ചപ്പനി രോഗികളെ പരിചരിക്കുവാനായി സാമൂഹികാരോഗ്യ തലത്തിൽ പനിക്ലിനിക്കുകൾ എല്ലാ വർഷവും നടത്തിവരുന്നത് ഈ വർഷവും നടത്തിവരുന്നു. ഇതിനായി ഒരു ഡോക്ടർ പനിയുള്ള രോഗികളെ നോക്കാനായി മാത്രം ഒ.പി. വിഭാഗത്തിൽ സേവനം അനുഷ്ഠിക്കുന്നു. കൂടാതെ പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ പാരസെറ്റമോൾ ഗുളികകൾ, വിവിധ ആന്റിബയോട്ടിക് മരുന്നുകൾ, ഒസൽട്ടാമിവിർ ഗുളികകൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. കെ.എം.എസ്.സി.എൽ.-ലെ ഡി.ഡി.എം.എസ്. സംവിധാനം വഴി കേരളത്തിലെ പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ പകർച്ചപ്പനിക്ക് ആവശ്യമായ മരുന്നുകളായ വിവിധ തരത്തിലുള്ള ആന്റിബയോട്ടിക്കുകൾ, പാരസെറ്റമോൾ, ഒസൽട്ടാമിവിർ, ഡോക്സിവൈക്ലിൻ എന്നിവയുടെ കൃത്യമായ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

**വാടാനപ്പള്ളിയിൽ ഹോമിയോ ആശുപത്രി**

235(4396) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളിയിൽ ഹോമിയോ ആശുപത്രി നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ ഒരു ഹോമിയോ ആശുപത്രി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

**വൃക്കരോഗികൾക്കായി കൂടുതൽ സൗകര്യങ്ങൾ**

236(4397) ശ്രീ. കെ. വി.വിജയദാസ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗങ്ങൾമൂലം സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) മെഡിക്കൽ കോളേജുകൾ അടക്കമുള്ള സർക്കാർ ആശുപത്രികളിൽ വൃക്കരോഗികൾക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് മൊത്തം 79 താലൂക്ക് ആശുപത്രികളിൽ 18 എണ്ണത്തിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. KIIFB പാക്കേജിൽ ഉൾപ്പെടുത്തി 58 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം എന്നീ മെഡിക്കൽ കോളേജുകളിൽ വൃക്കരോഗത്തിനുള്ള ആധുനിക ചികിത്സകൾ ലഭ്യമാണ്. ടി ആശുപത്രികളിൽ സുസജ്ജമായ ഡയാലിസിസ് യൂണിറ്റുകൾ നിലവിലുണ്ട്. മഞ്ചേരിയിൽ ഡയാലിസിസിന് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തപ്പെടുന്നു. ഇവ കൂടാതെ സംസ്ഥാനത്തെ 39 ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലും ഡയാലിസിസ് സൗകര്യം ലഭ്യമാണ്. KIIFB പദ്ധതി പ്രകാരം 44 സ്ഥാപനങ്ങളിൽക്കൂടി

ഡയാലിസിസ് സൗകര്യം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തുന്ന സ്ഥാപനങ്ങളിൽ നെഫ്രോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## സാമൂഹ്യാരോഗ്യകേന്ദ്രം-സ്പെഷ്യാലിറ്റി യൂണിറ്റുകൾ

237 (4398) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എലത്തൂർ നിയോജകമണ്ഡലത്തിലെ തലക്കുളത്തൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ ഏതെല്ലാം സ്പെഷ്യാലിറ്റി യൂണിറ്റുകളാണ് പുതുതായി ആരംഭിക്കുന്നതെന്നു വ്യക്തമാക്കാമോ; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

എലത്തൂർ നിയോജകമണ്ഡലത്തിലെ തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 19-1-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 9/2017/ആ.കു.വ. പ്രകാരം ഒരു അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തിക സൃഷ്ടിക്കുകയും ഡോ. പ്രിയങ്ക ജയചന്ദ്രനെ അസിസ്റ്റന്റ് ദന്തൽ സർജനായി നിയമിച്ചിട്ടുമുണ്ട്.

## റോഡപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ

238(4399) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, അപകടത്തിൽപ്പെടുന്നവർ തക്കസമയത്ത് ചികിത്സ ലഭിക്കാത്തതിനാൽ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഹൈവേകളിലും അപകടനിരക്ക് കൂടിയ റോഡുകളിലും അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിന് ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ വ്യക്തമാക്കാമോ;

(സി) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ധ ചികിത്സ ലഭ്യമാക്കുന്ന ഏതെങ്കിലും കേന്ദ്രസർക്കാർ പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം റോഡുകളാണ് സംസ്ഥാനത്ത് അപകടനിരക്ക് കൂടിയതായി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ടി റോഡുകളോട് ബന്ധപ്പെട്ട എല്ലാ ആശുപത്രികളിലും ട്രോമാ കെയർ സംവിധാനം മെച്ചപ്പെടുത്താനും ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിനും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം സംവിധാനങ്ങൾ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളിൽ റോഡപകടത്തിൽപ്പെട്ട് എത്തുന്നവർക്ക് തക്കസമയത്ത് ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൂടാതെ, മെഡിക്കൽ കോളേജുകളിൽ കാഷ്വാലിറ്റിയോടനുബന്ധിച്ച് ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ട്രോമാ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും അതിൻപ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിൽ ലെവൽ 1 ട്രോമ കെയറും ആലപ്പുഴ മെഡിക്കൽ കോളേജിൽ ലെവൽ 2 ട്രോമ കെയറും ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പോളി ട്രോമ കെയർ സംവിധാനം പ്രവർത്തനസജ്ജമായിവരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ 25 കോടി രൂപ മുടക്കി ട്രോമ കെയർ അടക്കമുള്ള പുതിയ കാഷ്വാലിറ്റി ബ്ലോക്ക് ഈ വർഷം പ്രവർത്തനസജ്ജമാകും.

## ലാബ് ടെക്നീഷ്യൻ ഗ്രേഡ് -2 തസ്തികയുടെ യോഗ്യതകൾ

239 (4400) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാബ് ടെക്നിഷ്യൻ ഗ്രേഡ്-2 തസ്തികയ്ക്ക് നിലവിൽ പി.എസ്.സി. നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണ്;

(ബി) ഡി.എം.എൽ.ടി., ബി.എസ്.സി.എം.എൽ.ടി., ബിരുദങ്ങളാണ് നിലവിലെ യോഗ്യതകൾ എന്ന റിപ്പോർട്ടുകൾ ശരിയാണോ;

(സി) എന്നാൽ ഈ തസ്തികയിലേക്ക് മെച്ചപ്പെട്ട യോഗ്യതയായ മൈക്രോബയോളജി ബിരുദം പരിഗണിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യം പി.എസ്.സി.- യുടെ ശ്രദ്ധയിൽ കൊണ്ടുവരുമോ;

(ഇ) 2010-ൽ പാർലമെന്റ് പാസാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഈ നിയമം പാസ്സാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പ്രീ ഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു (സയൻസ്), എം.എൽ.ടി. അല്ലെങ്കിൽ തത്തുല്യ യോഗ്യത.

(ബി) ശരിയല്ല.

(സി & ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഉണ്ട്. സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ**

240(4401) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് ആവശ്യമായിട്ടുള്ളത്;

(ഡി) ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഇതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 5403 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | 483 |
| കൊല്ലം | 418 |
| പത്തനംതിട്ട | 260 |
| ആലപ്പുഴ | 366 |
| കോട്ടയം | 339 |

| | |
|---|---|
| ഇടുക്കി | 307 |
| എറണാകുളം | 410 |
| തൃശ്ശൂർ | 472 |
| പാലക്കാട് | 504 |
| മലപ്പുറം | 578 |
| കോഴിക്കോട് | 402 |
| വയനാട് | 204 |
| കണ്ണൂർ | 413 |
| കാസർഗോഡ് | 247 |

(ബി) പ്രസ്തുത കേന്ദ്രത്തിൽനിന്നും പൊതുജനങ്ങൾക്ക് പ്രതിരോധ കുത്തിവയ്പ്, വയറിളക്കത്തിനുള്ള ഒ.ആർ.എസ്., പ്രസവസംബന്ധമായ ആവശ്യങ്ങൾക്ക് ഗർഭിണികളെ സഹായിക്കുക അമ്മയ്ക്കും കുഞ്ഞിനുമുള്ള പരിചരണം, മുലയൂട്ടൽ പ്രോൽസാഹിപ്പിക്കുക മുതലായ സേവനങ്ങളാണ് ലഭ്യമാക്കുന്നത്. ഇതുകൂടാതെ രോഗപ്രതിരോധ പ്രവർത്തനങ്ങളും സബ്സെന്റർവഴി നടപ്പാക്കുന്നുണ്ട്.

(സി) പുതിയ കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കാൻ മതിലോട് കൂടിയ 10 സെന്റ് സ്ഥലവും അയ്യായിരത്തിൽ കുറയാതെ ജനസംഖ്യയും ആവശ്യമാണ്. (മലയോരമേഖലയിൽ ജനസംഖ്യ 3000-ൽ കുറയാതെ മതിയാകും) കുടുംബക്ഷേമ കെട്ടിടത്തിൽ ജെ.പി.എച്ച്.എൻ-ന് താമസിക്കുവാൻ മുറി, പ്രതിരോധ മരുന്നുകൾ സൂക്ഷിക്കാൻ സൗകര്യമുള്ള മുറി, വരുന്ന രോഗികൾക്ക് ഇരിക്കുവാനുള്ള സ്ഥലം, വൈദ്യുതി, വെള്ളം എന്നീ സൗകര്യങ്ങളാണ് പുതിയ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ.

(ഡി) പുതിയ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ തുടങ്ങുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്രസർക്കാരിൽനിന്നും സാമ്പത്തിക സഹായങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ല. എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിൽനിന്നും ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

## ഈ അദ്ധ്യയനവർഷത്തെ മെഡിക്കൽ പ്രവേശനം

241(4402) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി, ഇടുക്കി, പാരിപ്പള്ളി, തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ 2017-18 അദ്ധ്യയനവർഷം മെഡിക്കൽ പ്രവേശനം സാധ്യമാകുമോ; ഇതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കോളേജുകളിൽ 2017-18 അദ്ധ്യയനവർഷം പ്രവേശനം ആരംഭിക്കാൻ കഴിയില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; ഇക്കാര്യത്തിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോന്നി, ഇടുക്കി, തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ 2017-18 അദ്ധ്യയനവർഷം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭ്യമായിട്ടില്ല. എന്നാൽ കൊല്ലം മെഡിക്കൽ കോളേജിന്റെ അംഗീകാരം സംബന്ധിച്ച വിഷയം കേന്ദ്ര ഗവൺമെന്റിന്റേയും ലോധാ കമ്മിറ്റിയുടേയും സജീവ പരിഗണനയിലാണ്. 2017-18 അദ്ധ്യയനവർഷം മെഡിക്കൽ പ്രവേശനം സാധ്യമാകുമെന്ന് ഉറപ്പായും പ്രതീക്ഷിക്കുന്നു.

(ബി) ഭൗതിക സാഹചര്യങ്ങളുടെ അഭാവത്താൽ കോന്നി, ഇടുക്കി, തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജ് (IGGMC) എന്നിവിടങ്ങളിൽ 2017-18 അദ്ധ്യയനവർഷം പ്രവേശനം ആരംഭിക്കാൻ കഴിയില്ല.

## ഹോമിയോ അദ്ധ്യാപകരുടെ വേതനം

242(4403) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ഹോമിയോ ഫാർമസി അദ്ധ്യാപകരുടെ മാസവേതനം വർദ്ധിപ്പിക്കുന്നത് ആലോചനയിൽ ഉണ്ടോ ?

ഉത്തരം

പരിശോധിച്ചുവരുന്നു.

## മാനന്തവാടി നഴ്സിംഗ് കോളേജ് കെട്ടിടനിർമ്മാണം

243 (4404) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നഴ്സിംഗ് കോളേജ് കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) എത്ര തുകയാണ് ഇതിനായി മാറ്റിവച്ചിരിക്കുന്നത്?

ഉത്തരം

(എ) മാനന്തവാടി നഴ്സിംഗ് കോളേജ് നിർമ്മാണത്തിനായുള്ള പ്രവൃത്തി SE(K) 141/16-17 dated 4-10-2016 ആയി എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. പ്രവൃത്തി 23-10-2016-ന് തുടങ്ങുകയും ചെയ്തു. എന്നാൽ ടി സ്ഥലം പഴശ്ശികുടീരത്തിന് സമീപമുള്ള സംരക്ഷിത പ്രദേശമായതിനാൽ പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായിവന്നു. തുടർന്ന് ആർക്കിയോളജി വിഭാഗത്തിന്റെ അനുമതിക്കായി അപേക്ഷിക്കുകയും തത്ഫലമായി 29-4-2017-ന് ടി സ്ഥലം ആർക്കിയോളജി വിഭാഗവുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തു. തുടർന്ന് നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയിൽനിന്ന് തന്നെ ഒഴിവാക്കിത്തരണമെന്ന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുള്ളതിനാൽ അന്തിമ തീരുമാനത്തിനായി ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) G.O. (Rt.) No. 1070/2012/PWD dated 12-6-2012 എന്ന സർക്കാർ ഉത്തരവ് പ്രകാരം 172.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്

## സർക്കാർ മെഡിക്കൽ കോളേജിൽ പി.ജി. കോഴ്സിനുള്ള പ്രത്യേക ക്വാട്ട ഉയർത്താൻ നടപടി

244 (4405) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജിൽ എം. ബി. ബി. എസ്. പഠനം പൂർത്തിയാക്കിയവർക്ക് പി.ജി. കോഴ്സിനുള്ള പ്രത്യേക ക്വാട്ട ഉയർത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രത്യേക ക്വാട്ടയിൽ ഉന്നത പഠനത്തിന് പ്രവേശനം ലഭിച്ചവർക്ക് ട്യൂഷൻ ഫീസ് ഒഴിവാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കിയവർക്ക് പി.ജി. കോഴ്സിനുള്ള പ്രത്യേക ക്വാട്ട നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ സ്റ്റാറ്റിസ്റ്റിക്സ് അധ്യാപകരുടെ തസ്തിക**

245(4406) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഉണ്ടാകേണ്ട സ്റ്റാറ്റിസ്റ്റിക്സ് അധ്യാപകരുടെ തസ്തിക നികത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അധ്യാപകരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് മെഡിക്കൽ കോളേജുകൾക്കുള്ള അംഗീകാരത്തെ ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ സ്റ്റാറ്റിസ്റ്റിക്സ്/ബയോ സ്റ്റാറ്റിസ്റ്റിക്സ് അധ്യാപകരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത്; വിശദമാക്കാമോ; ഓരോ കോളേജിലും എത്ര വീതം ഒഴിവ് ഉണ്ടെന്ന് അറിയിക്കാമോ;

(ഡി) ഏതെങ്കിലും അധ്യാപകരെ നിലനിർത്തുന്നതിനായി പ്രസ്തുത തസ്തിക പുനർവിന്യാസം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് അത്തരം അധ്യാപകരെ പുനർവിന്യസിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത നടപടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ആയത് നടപ്പിലാക്കുന്നതിലൂടെ മെഡിക്കൽ കോളേജുകൾ നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോസ്റ്റാറ്റിസ്റ്റിക്സിന്റെ ഓരോ തസ്തികയും ആലപ്പുഴ മെഡിക്കൽ കോളേജിൽ ലക്ചറർ ഇൻ സ്റ്റാറ്റിസ്റ്റിക്സിന്റെ ഒരു തസ്തികയും കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ലക്ചറർ ഇൻ ബയോസ്റ്റാറ്റിസ്റ്റിക്സിന്റെ ഒരു തസ്തികയും ഒഴിഞ്ഞു കിടക്കുന്നു. പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് നിലവിൽ എം.സി.ഐ. അംഗീകാരത്തെ ബാധിച്ചിട്ടില്ല.

(ഡി) സ്റ്റാറ്റിസ്റ്റിക്സ് വിഷയവുമായി ബന്ധപ്പെട്ട് തസ്തിക പുനർവിന്യാസം നടത്തിയിട്ടില്ല.

(ഇ) ബാധകമല്ല.

## പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണം

246 (4407) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും; വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം 2017 സെപ്റ്റംബറിൽ പൂർത്തിയാവുമെന്ന് സ്ഥാപനത്തിന്റെ പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ 2015 നവംബറിൽ ആരംഭിച്ചു. 18 മാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കേണ്ടതായിരുന്നു. നിലവിൽ ഹോസ്റ്റൽ ബ്ലോക്കിന്റെ സ്ട്രക്ച്ചർ പൂർത്തിയായിട്ടുണ്ട്. അക്കാദമിക് ബ്ലോക്കിന്റെ ഒന്നാം നിലയുടെ കോൺക്രീറ്റ് പ്രവൃത്തി നടന്നുവരുന്നു.

## കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്

247 (4408) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഉല്പാദിപ്പിക്കുന്ന മരുന്നുകളും മറ്റ് ഉല്പന്നങ്ങളും എന്തെല്ലാമെന്നും ഓരോ വർഷവും ഓരോന്നിന്റെയും ശരാശരി എത്ര ശതമാനം കെ. എം. എസ്. സി. എൽ, കാരുണ്യ ഫാർമസി, സപ്ലൈകോ, മാവേലി മെഡിക്കൽസ്റ്റോർ, നീതി മെഡിക്കൽസ്റ്റോർ എന്നിവ വഴി വിപണനം നടത്തുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരം സർക്കാർ നിയന്ത്രണത്തിലുള്ള മരുന്ന് വിപണന/വിതരണ സ്ഥാപനങ്ങൾ ഓരോന്നും മറ്റ് ഏതെല്ലാം മരുന്ന് കമ്പനികളുടെ ഉല്പന്നങ്ങൾ വാങ്ങി വിപണനം നടത്തുന്നുവെന്നും വ്യക്തമാക്കുമോ;

(സി) 2016-17 സാമ്പത്തികവർഷം പ്രസ്തുത സ്ഥാപനങ്ങളിൽ വിപണനം നടത്തിയ മരുന്നുകൾക്ക് ഗുണനിലവാര പരിശോധന നടത്തിയിരുന്നോ; എങ്കിൽ ഇവർ വിപണനം നടത്തുന്ന മരുന്നുകളിൽ എത്ര ശതമാനം മരുന്നുകൾ ഗുണനിലവാര പരിശോധനാ വിധേയമാക്കി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഉല്പാദിപ്പിക്കുന്ന മരുന്നുകളും മറ്റ് ഉല്പന്നങ്ങളും അനുബന്ധം ' I ' ആയി ചേർത്തിരിക്കുന്നു.*

2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽനിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച മരുന്നുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | മരുന്നുകളുടെ എണ്ണം | ദർഘാസ് അളവിന്റെ ശതമാനം |
|---|---|---|---|
| 1 | 2014-15 | 37 | 30% |
| 2 | 2015-16 | 29 | 30% |
| 3 | 2016-17 | 28 | 30% |
| 4 | 2017-18 | 26 | 40% |
| | | 13 | 25% |

കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഉല്പാദിപ്പിക്കുന്ന മരുന്നുകളിൽ പാരസെറ്റാമോൾ 500 മാത്രമാണ് കൺസ്യൂമർഫെഡ് വാങ്ങുന്നത്. കഴിഞ്ഞ വർഷം 25,080/- രൂപയുടെ 5700 സ്ട്രിപ് ആണ് കൺസ്യൂമർഫെഡ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. സപ്ലൈകോ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസിൽനിന്നും മരുന്നുകളൊന്നും വാങ്ങുന്നില്ല.

(ബി) വിവരം അനുബന്ധം ' II ' * ആയി ചേർത്തിരിക്കുന്നു.

(സി) ഉണ്ട്. 2016 - 17 സാമ്പത്തികവർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കാരുണ്യ ഫാർമസി, സപ്ലൈകോ, മാവേലി മെഡിക്കൽ സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ എന്നിവ വഴി വിതരണം നടത്തിയ മരുന്ന് ബാച്ചുകളിൽനിന്ന് 1687 മരുന്ന് ബാച്ചുകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

**ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി**

248(4409) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മെഡിക്കൽ സ്റ്റോറുകളുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അവ പരിശോധിക്കുന്നതിനുള്ള ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിലെ നിലവിലുള്ള സംവിധാനം വ്യക്തമാക്കുമോ;

(സി) നിലവിലുള്ള സംവിധാനം മെഡിക്കൽ സ്റ്റോറുകളുടെ കാര്യക്ഷമമായ പരിശോധനയ്ക്ക് പര്യാപ്തമാണോ; അല്ലെങ്കിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 19289 മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ട്.

(ബി) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിലെ നിലവിലുള്ള പ്രവർത്തന സംവിധാനം താഴെ വിവരിക്കുന്ന രീതിയിലാണ്:

രണ്ടോ മൂന്നോ ജില്ലകൾ ചേർത്ത് ആറ് മേഖലകളായി തിരിച്ച് ഓരോ മേഖലയിലും അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ മേൽനോട്ടത്തിലാണ് ഡ്രഗ്സ് ഇൻസ്പെക്ടർമാർ പ്രവർത്തിക്കുന്നത്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിൽ വരുന്ന ഔഷധ വ്യാപാര സ്ഥാപനങ്ങൾ സ്ഥിരമായി പരിശോധിച്ച് അവലോകനം നടത്തി റിപ്പോർട്ട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാർക്ക് സമർപ്പിക്കുകയും അപാകതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മരുന്നുകളുടെ ഷെൽഫ് ലൈഫിലുടനീളം അവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി സാമ്പിളുകൾ ശേഖരിക്കുകയും നിയമം നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചാണോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നും മരുന്നുകൾക്ക് അമിതവില ഈടാക്കുന്നുണ്ടോയെന്നും അനധികൃത പരസ്യങ്ങൾ തടയുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്നും പരിശോധിച്ച് ഉറപ്പുവരുത്തുക എന്നതാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. പ്രസ്തുത ചുമതലകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കാര്യക്ഷമമായി ചെയ്തുവരുന്നു.

(സി) നിലവിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്. ഇവരുടെ മേൽനോട്ടത്തിനായി ഏഴ് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരും രണ്ട് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർമാരുമാണുള്ളത്. മരുന്നുകളുടെ നിർമ്മാണ വിതരണ വിപണനത്തെപ്പറ്റി വിലയിരുത്തുന്നതിലേയ്ക്കായി കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള മഷേൽക്കർ കമ്മിറ്റി 2003-ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 200 സ്ഥാപനങ്ങൾക്ക് ഒരു ഡ്രഗ്സ്

ഇൻസ്പെക്ടർ എന്ന അനുപാതമാണ് ശിപാർശ ചെയ്തിരിക്കുന്നത്. വകുപ്പുതലവനിൽനിന്നും വ്യക്തമായ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം

249(4410) ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിലേറെയും ഗുണനിലവാരമില്ലാത്തവയാണെന്നും ഗുണനിലവാരം പരിശോധിക്കാൻ ആവശ്യത്തിന് ഉദ്യോഗസ്ഥരില്ല എന്നുള്ളതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തുനടപടി സ്വീകരിക്കും എന്നറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഇന്ന് പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളിൽ സർക്കാർ എത്ര മാസം കൂടുമ്പോഴാണ് പരിശോധന നടത്തുന്നത്; കൃത്രിമം കാണിച്ച ഷോപ്പുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഷോപ്പുകളിൽ മേൽ നടപടി സ്വീകരിച്ചു?

### ഉത്തരം

(എ) ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിവിധ സർക്കാർ ഏജൻസികൾ പഠിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുന്നുണ്ട്. പ്രവർത്തനം കാര്യക്ഷമമല്ലെന്ന തരത്തിലുള്ള ആക്ഷേപങ്ങളൊന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം അവലോകനങ്ങളിലും റിപ്പോർട്ടുകളിലും പ്രവർത്തനം മെച്ചപ്പെടുത്താൻ നൽകുന്ന ശിപാർശകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് പ്രാവർത്തികമാക്കുന്നുണ്ട്. ഇത്തരത്തിൽ നിലവിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിൽ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭ്യമാക്കൽ, നൂതനമായ ടെസ്റ്റിംഗ് ഉപകരണങ്ങൾ സജ്ജീകരിക്കൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗുണഭോക്താവിന് ലളിതമായും സുതാര്യമായും ലൈസൻസ് അനുവദിക്കുന്നതിന് അനുയോജ്യമായ രീതിയിൽ നാഷണൽ ഇൻഫോമാറ്റിക് സെന്റർ രൂപകല്പന ചെയ്തിട്ടുള്ള എക്സ്.എൽ.എൻ. എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രവർത്തനസജ്ജമായിട്ടുണ്ട്. സംസ്ഥാനത്തെ ഇരുപതിനായിരത്തോളം മൊത്ത ചില്ലറ മരുന്ന് വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസുകൾ അനുവദിച്ചുകൊണ്ടും ഔഷധ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടും ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിലേറെയും ഗുണനിലവാരമില്ലാത്തതാണെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. വിപണിയിൽ ലഭ്യമായിട്ടുള്ള മരുന്നുകളെല്ലാംതന്നെ അതത് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കർശന നിരീക്ഷണത്തിലാണ് നിർമ്മിക്കുന്നത്. ഓരോ ബാച്ച് മരുന്നുകളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽത്തന്നെ കർശന ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷമാണ് വിൽപ്പനയ്ക്ക്/വിതരണത്തിനായി വിപണിയിൽ എത്തിക്കുന്നത്. ഇപ്രകാരം എത്തുന്ന മരുന്നുകൾ അവയുടെ ഷെൽഫ് ലൈഫിലുടനീളം ഗുണനിലവാരം നിലനിർത്തുന്നുണ്ടെന്ന് പരിശോധിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വിഭാഗം ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിക്കുകയും പരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറികളിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. പ്രസ്തുത ലാബുകളിൽ നിശ്ചിത യോഗ്യതയുള്ള അസിസ്റ്റന്റ് ഗ്രേഡ്-III സാമ്പിളുകൾ പരിശോധിക്കുകയും റിപ്പോർട്ട് സൂപ്പർവൈസറി പോസ്റ്റിലുള്ള അനലിസ്റ്റ് ഗ്രേഡ്-II-ന് സമർപ്പിക്കുകയും ചെയ്യുന്നു. അനലിസ്റ്റ് ഗ്രേഡ് - II റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് നിയമപ്രകാരമുള്ള ടെസ്റ്റുകളെല്ലാംതന്നെ യഥാവിധി ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തി ഗവണ്മെന്റ് അനലിസ്റ്റിന് സമർപ്പിക്കുകയും ഗവൺമെന്റ് അനലിസ്റ്റ് അവ വീണ്ടും പരിശോധിച്ച് മരുന്നിന്റെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നതാണ് പരിശോധനാ രീതി.

നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്ന മരുന്ന് പരിശോധന ലാബുകളിൽ മരുന്ന് സാമ്പിളുകൾ ഇപ്രകാരം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ, കോഴിക്കോട്, കോന്നി എന്നിവിടങ്ങളിലും പുതിയ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. എല്ലാ ലാബുകളും പ്രവർത്തന സജ്ജമാകുന്നമുറയ്ക്ക് ടെസ്റ്റിംഗ് വിഭാഗത്തിന്റെ പ്രവർത്തനക്ഷമതയിൽ ഗണ്യമായ പുരോഗമനം ഉണ്ടാകുന്നതാണ്. മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം വളരെയേറെ മുന്നിലാണ്. രാജ്യത്ത് വിതരണം ചെയ്യപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം കേന്ദ്രസർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസ് 2014-2016 കാലയളവിൽ പഠനവിധേയമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം കേരള സംസ്ഥാനത്ത് വ്യാജ മരുന്നുകളൊന്നും തന്നെയില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിൽ വരുന്നതും ഔഷധ വില്പനയ്ക്കായി ലൈസൻസ് അനുവദിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങൾ ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് പ്രകാരം വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും പരിശോധിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15923

സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 484 സ്ഥാപനങ്ങളുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**വി കെയർ പദ്ധതി**

250(4411) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കുന്നതിനായി വി കെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം സ്വരൂപിക്കപ്പെടുന്ന തുക എന്തെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയ്ക്കായി ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് പണം സമാഹരിക്കുന്നത്;

(ഡി) ഈ ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതീവ ഗുരുതര രോഗം ബാധിച്ചവരും സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്നവരും ചികിത്സയ്ക്കായി പണം കണ്ടെത്തുവാൻ കഴിയാത്തവരും സാമൂഹ്യസുരക്ഷാ മിഷന്റെ പദ്ധതികളായ കാൻസർ സുരക്ഷാ, താലോലം, വയോമിത്രം, ഹംഗർഫ്രീ സിറ്റി, ശ്രുതിതരംഗം, ആശ്വാസകിരണം എന്നീ പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയാത്തവരുമായിട്ടുള്ള അപേക്ഷകർക്കാണ് വികെയർ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്.

(സി) സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ജനവിഭാഗത്തിന്റെ പുനരധിവാസത്തിനുവേണ്ടി കൈത്താങ്ങാകാൻ സന്മനസ്സുള്ള സമൂഹത്തിലെ നാനാതുറകളിൽപ്പെട്ടവരിൽനിന്നും കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ദേശീയവും അന്തർദ്ദേശീയവുമായ ഏജൻസികൾ മുഖേനയും ഫണ്ട് ശേഖരിക്കുന്നു.

(ഡി) അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തുന്നുണ്ട്.

**യാചക പുനരധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തനം**

251 (4412) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന യാചക പുനരധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച ആവലാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പുനരധിവാസ കേന്ദ്രങ്ങളിലെ അസൗകര്യങ്ങളും, അപര്യാപ്തതകളും, അന്തേവാസികൾക്ക് അവിടെനിന്നും രക്ഷപ്പെടാൻ പ്രേരകമാകുന്നുണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പുനരധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിലും അന്തേവാസികളെ കടത്തിക്കൊണ്ടുപോകുന്നതിലും ഭിക്ഷാടന മാഫിയ വഹിക്കുന്ന പങ്കിനെക്കുറിച്ച് സമഗ്രമായി അന്വേഷിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് ഭിക്ഷാടനമാഫിയ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും മുൻകരുതലെന്നനിലയ്ക്ക് പോലീസിലെ രഹസ്യാന്വേഷണ വിഭാഗം, ഷാഡോ പോലീസ് കൂടാതെ മൊബൈൽ പട്രോളിംഗ് എന്നിവയുടെ സഹായത്തോടുകൂടിയും ബീറ്റ് സഞ്ചരിക്കുന്ന സമയത്തും എല്ലാത്തരം ഭിക്ഷാടന പ്രവർത്തനങ്ങളെയും പ്രത്യേകം ശ്രദ്ധിക്കുന്നു. കൂടാതെ റെയിൽവേസ്റ്റേഷൻ, ബസ് സ്റ്റാന്റ് പരിസരങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി വരുന്നു.

**വനിതാ വികസന വകുപ്പ്**

252(4413) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന വകുപ്പ് രൂപീകരണത്തിന്റെ നിലവിലെ സ്റ്റാറ്റസ് റിപ്പോർട്ട് വ്യക്തമാക്കുമോ; എന്നു മുതൽ പ്രസ്തുത വകുപ്പ് പ്രവർത്തനം ആരംഭിച്ചു തുടങ്ങും; സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ചിട്ടാണോ ഈ വകുപ്പ് രൂപീകരിക്കുക; വിശദവിവരം നൽകുമോ;

(ബി) ഇതിലേക്കായിട്ടുള്ള സ്പെഷ്യൽ റൂൾസ് തയ്യാറായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതിനായി ഓഫീസ് സംവിധാനം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ - സി) സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ വികസന വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 17-9-2016-ലെ സ.ഉ. (സാധാ.) നമ്പർ 436/2016/സാ.നീ.വ. പ്രകാരം സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി. എൻ. ജിതേന്ദ്രനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും അദ്ദേഹം ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി**

253(4414) ശ്രീമതി പി. അയിഷാ പോറ്റി :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ.ജോർജ് എം. തോമസ് :

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗമാരക്കാരായ കുട്ടികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) കുട്ടികൾ സമൂഹത്തിൽനിന്ന് ഒറ്റപ്പെട്ട് പോകാതിരിക്കാൻ അവർക്ക് സാമൂഹ്യവും മനഃശാസ്ത്രപരവുമായ പിന്തുണയേകി സാമൂഹ്യ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും തെറ്റായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതിയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

(ഡി) തെരഞ്ഞെടുത്ത സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നും കൂടുതൽ സ്കൂളുകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുട്ടികൾ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് പോകാതിരിക്കാൻ അവർക്ക് സാമൂഹ്യവും മന:ശാസ്ത്രപരവുമായ പിന്തുണയേകി സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും തെറ്റായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനുമായി ഒ.ആർ.സി. നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. കുട്ടികൾക്കായി ജീവിത നൈപുണി (ലൈഫ് സ്കിൽ) വിദ്യാഭ്യാസം.

2. കുട്ടികളുടെ കഴിവുകളേയും ബുദ്ധിമുട്ടുകളേയും സംബന്ധിച്ച ശാസ്ത്രീയമായ പഠനം.

3. കുട്ടികളിലെ സർഗ്ഗാത്മകമായ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ

4. രക്ഷിതാക്കൾക്കായി രക്ഷകർതൃത്വ പലിശീലനം

5. അദ്ധ്യാപകർക്കായുള്ള പരിശീലനങ്ങൾ

6. പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ക്ലാസ്സ് റൂം തലത്തിലും സ്കൂൾ തലത്തിലും ജില്ലാതലത്തിലും ആവശ്യമായ സംരക്ഷണവും പരിചരണവും ഉറപ്പ് വരുത്താനുള്ള പ്രവർത്തനങ്ങൾ.

7. SMART-40-വിവിധ സ്വഭാവ-വൈകാരിക പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ പരിരക്ഷ ഉറപ്പാക്കുന്നതിന് സ്കൂൾതല സംവിധാനം.

8. മെന്ററിംഗ് - സഹരക്ഷാകർത്തൃത്വ പരിപാടി.

(സി) സാമൂഹ്യനീതി വകുപ്പിനുകീഴിൽ സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ ആരോഗ്യം, ആഭ്യന്തരം, വിദ്യാഭ്യാസം, എക്സൈസ്, തദ്ദേശസ്വയംഭരണം, കൃഷി തുടങ്ങിയ വകുപ്പുകളുടെ പങ്കാളിത്തത്തിലൂടെയാണ് ഒ.ആർ.സി. പദ്ധതി നടപ്പാക്കിവരുന്നത്. മെന്ററിംഗ് പോലുള്ള പ്രവർത്തനങ്ങളിലൂടെ വിപുലമായ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ഒ.ആർ.സി. രൂപരേഖ തയ്യാറാക്കിവരുന്നു.

(ഡി) നിലവിൽ സംസ്ഥാനത്തിലാകമാനം തെരഞ്ഞെടുക്കപ്പെട്ട 93 സർക്കാർ/ എയ്ഡഡ് സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. 2017-18 അദ്ധ്യയന വർഷത്തിൽ ഓരോ ജില്ലയിലും പതിനഞ്ചോളം സ്കൂളുകളിൽകൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന സ്കൂളുകൾ

254(4415) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന എത്ര സ്കൂളുകളാണ് സർക്കാർ നേരിട്ട് നടത്തിവരുന്നത്; എത്ര സ്കൂളുകൾ സന്നദ്ധ സംഘടനകളോ മറ്റ് തരത്തിലോ നടത്തുന്നുണ്ട്;

(ബി) ഈ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർക്ക് നൽകിവരുന്ന വേതനം/ഓണറേറിയം വളരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് വർദ്ധിപ്പിച്ച് ലഭിക്കുന്നതിനായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർക്ക് അർഹമായ പരിഗണന നൽകുന്നതിനും ന്യായമായ വേതനം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ എന്ന സ്വയംഭരണ സ്ഥാപനം ഒഴികെ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി സർക്കാർ നേരിട്ട് സ്കൂളുകൾ നടത്തുന്നില്ല. സന്നദ്ധ സംഘടനകൾ നടത്തുന്ന സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ബഡ്സ് സ്കൂളുകൾ എന്നിവ ഉൾപ്പെടെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും രജിസ്ട്രേഷൻ ലഭിച്ച 311 സ്ഥാപനങ്ങൾ നിലവിലുണ്ട്.

(ബി) സർക്കാർ ഈ അദ്ധ്യാപകർക്ക് വേതനം നിശ്ചയിച്ച് നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായത്തിൽനിന്നും ഒരു വിഹിതം ഓണറേറിയം നൽകുന്നതിനായി വിനിയോഗിക്കുന്നു. സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) സർക്കാരിന്റെ സാമ്പത്തികനിലയനുസരിച്ച് പ്രസ്തുത വിഭാഗം സ്കൂളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും അർഹമായ പരിഗണനയും സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്.

## വുമൺ പ്രൊട്ടക്ഷൻ ഓഫീസർ

255(4416) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിൽ 4 വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിലെ വിശേഷാൽ ചട്ടത്തിൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ ഫീഡർ കാറ്റഗറിയിൽ ഏതൊക്കെ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ ഒഴിവുള്ള വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ സ്ഥിരനിയമനം നൽകുവാൻ കഴിയുന്നില്ല. ആയതിനാൽ വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പെൻഷനും**

256(4417) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പെൻഷനും നിഷേധിക്കുന്നതായുള്ള പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മാനസിക വെല്ലുവിളികൾ ഉള്ള കുട്ടികൾക്ക് സർട്ടിഫിക്കറ്റിൽ 60% വൈകല്യം ഉണ്ടെങ്കിലും താത്കാലിക സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പെർമനന്റ് ഡിസ്എബിലിറ്റി എന്ന് സർട്ടിഫിക്കറ്റിൽ ചേർക്കാത്തതുമൂലം കുട്ടികളും രക്ഷിതാക്കളും ആനുകൂല്യങ്ങൾ നേടുന്നതിന് പ്രയാസം അനുഭവിക്കുന്നത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാനസിക വൈകല്യം നേരിടുന്ന കുട്ടികളുടെ പെൻഷനും ചികിത്സാ ആനുകൂല്യങ്ങളും നിഷേധിക്കുന്നതായുള്ള പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; പെൻഷൻ അനുവദിക്കുന്നതിന് വാർഷിക വരുമാനം എത്ര രൂപയായാണ് നിജപ്പെടുത്തിയിരിക്കുന്നത്?

ഉത്തരം

(എ) ഒന്നുമുതൽ എട്ടാം ക്ലാസ്സുവരെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന മാനസിക വൈകകല്യമുള്ള കുട്ടികൾക്ക് 2016-17 വർഷം വരെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും (ഒന്നാം ക്ലാസ് മുതൽ പി.ജി. കോഴ്സുവരെയുള്ള Govt. / Aided സ്കൂൾ/കോളേജ് പഠിക്കുന്ന) സാമൂഹ്യനീതി വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകിവരുന്നു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നിഷേധിക്കുന്നതായുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പെൻഷൻ നൽകുന്ന പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി & സി) 30-6-2012-ലെ ജി.ഒ. (പി) നം. 39/2012/സാ.നീ.വ. ഉത്തരവ് പ്രകാരം പെർമനന്റ് ഡിസെബിലിറ്റി എന്നും ടെമ്പററി ഡിസെബിലിറ്റി എന്നും സർട്ടിഫിക്കറ്റിൽ ചേർക്കുന്നത് വ്യക്തികളിലെ വൈകല്യങ്ങളുടെ തോതനുസരിച്ചും പരിഹരിക്കാൻ കഴിയാത്തവിധം ശാശ്വതമായ വൈകല്യങ്ങൾക്കുമാണ്. ഡിസെബിലിറ്റി സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് മെഡിക്കൽ കോളേജ് സൂപ്രണ്ട് ചെയർമാനായ അപ്പലേറ്റ് മെഡിക്കൽ ബോർഡ് രൂപികരിച്ചിട്ടുണ്ട്. പരാതിക്കാർക്ക് മേൽപ്പറഞ്ഞ ബോർഡിൽ അപ്പീൽ സമർപ്പിക്കാൻ സാധിക്കുന്നതാണ്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭിന്നശേഷിക്കാരായ അംഗപരിമിതരായവർക്ക് ചികിത്സാ ധനസഹായമായി പരമാവധി 5,000 രൂപ വരെ അനുവദിച്ചു വരുന്നുണ്ട്. വികലാംഗ ദുരിതാശ്വാസ കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ പലിശ ഉപയോഗിച്ചാണ് ധനസഹായം അനുവദിക്കുന്നത്. അപേക്ഷകരുടെ എണ്ണം കൂടുതലും ലഭ്യമാകുന്ന പലിശ തുക കുറവുമായതിനാൽ മുഴുവൻ അപേക്ഷകർക്കും സമയപരിധിയ്ക്കുള്ളിൽ ധനസഹായം നൽകാൻ കഴിയാറില്ല. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പെൻഷൻ നൽകുന്ന പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

**ശ്രീമതി മാധവിയമ്മയുടെ പെൻഷൻ**

257(4418) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ ഇല്ലാത്ത കാരണത്താൽ പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതികൾ സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിലുണ്ടോ; എങ്കിൽ അവയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി ആധാർ എടുക്കുവാൻ കഴിയാത്തവർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ശ്രീമതി മാധവി അമ്മ, കിഴക്കെ മേലുവീട്ടിൽ, ഇരിമ്പിളിയം വില്ലേജ്, തിരൂർ, മലപ്പുറം എന്നയാൾക്ക് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതി നിലവിലുണ്ടോ;

(ഡി) ശ്രീമതി മാധവി അമ്മയുടെ കുടിശ്ശിക പെൻഷൻ ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആധാർ ലഭിക്കാത്ത കാരണത്താൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം നിലവിലില്ല. ആധാർ ഇല്ലാത്ത പെൻഷൻ ഗുണഭോക്താക്കൾ റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് ഇവയിൽ എതെങ്കിലും ഒന്നിന്റെ പകർപ്പും സത്യവാങ്മൂലവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കുന്നപക്ഷം പെൻഷൻ ലഭിക്കുന്നതാണ്.

(സി & ഡി) ശ്രീമതി മാധവിയമ്മ, കിഴക്കെ മേലുവീട്ടിൽ, ഇരിമ്പിളിയം വില്ലേജ്, തിരൂർ, മലപ്പുറം (പെൻഷണർ ഐ.ഡി. നമ്പർ 109530100044) എന്നയാളുടെ കർഷക തൊഴിലാളി പെൻഷനിൽ, ടിയാൾ സമർപ്പിക്കേണ്ടതായ സത്യവാങ്മൂലം യഥാസമയം സമർപ്പിച്ചിട്ടില്ലാത്തതിനാൽ 2017 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ തുക തടഞ്ഞുവച്ചിട്ടുള്ളതാണ്. ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽനിന്നും ടിയാളുടെ സത്യവാങ്മൂലം ലഭിച്ചിട്ടുള്ളതിനാൽ പെൻഷൻ ഇനിമുതൽ ലഭിക്കുന്നതാണ്. കുടിശ്ശിക അനുവദിച്ച് വിതരണം ചെയ്യുന്ന അവസരത്തിൽ ടി തുക നൽകുന്നതാണ്.

**കേന്ദ്ര ബാലനീതി നിയമം**

258 (4419) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അനാഥ മന്ദിരങ്ങൾ കേന്ദ്ര ബാലനീതി നിയമ (Juvenile Justice Act-2015) പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര ബാലനീതി നിയമത്തിലെ 110,70 വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച നിജസ്ഥിതി വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര ബാലനീതി നിയമം നടപ്പിലാക്കുമ്പോൾ അനാഥാലയങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇങ്ങനെ അധികമായി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കുമോ;

(ഇ) കേന്ദ്ര ബാലനീതി നിയമപ്രകാരമുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്ന അവസരത്തിൽ കേരളത്തിലെ അനാഥ മന്ദിരങ്ങളുടെ അഭിപ്രായംകൂടി കണക്കിലെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) കേന്ദ്ര ബാലനീതി നിയമം അനാഥാലയങ്ങളുടെ ചുമതല സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ള ഏറ്റെടുക്കൽ ഭരണഘടന ഉറപ്പ് നൽകുന്ന ന്യൂനപക്ഷ അവകാശങ്ങൾക്കും വഖഫ് കരാറിനും വിരുദ്ധമാകുമോയെന്ന് പരിശോധിക്കുമോ?

## ഉത്തരം

(എ) ഉണ്ട്. 15-1-2016 മുതൽ പ്രാബല്യത്തിൽ വന്ന 2015-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ 41 (1) വകുപ്പ് പ്രകാരം എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യപ്പെടണമെന്ന് അനുശാസിക്കുന്നു. രജിസ്ട്രേഷൻ നേടാതെ ചൈൽഡ് കെയർ സ്ഥാപനങ്ങൾ നടത്തുന്നത് കുറ്റകരമാണ്. ഈ വ്യവസ്ഥ പാലിക്കാതെ ചൈൽഡ് കെയർ സ്ഥാപനങ്ങൾ നടത്തുന്നത് ഒരു വർഷത്തെ തടവിനോ ഒരു ലക്ഷം രൂപ പിഴയോ രണ്ടും കൂടെയോ ചുമത്താവുന്ന കുറ്റമാണ്.

(ബി) സംസ്ഥാന ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാലനീതി നിയമത്തിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുമ്പോഴും സ്റ്റാഫുകളെ നിയമിക്കുമ്പോഴും അനാഥാലയങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാകാൻ സാധ്യതയുണ്ട്.

(ഡി) തീരുമാനിച്ചിട്ടില്ല.

(ഇ) പരിശോധിക്കാവുന്നതാണ്.

(എഫ്) ഇല്ല.

### അനാഥരായ കുട്ടികളെ സംരക്ഷിക്കുന്നതിന് പദ്ധതി

259 (4420) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്മയോ, അച്ഛനോ അല്ലെങ്കിൽ ഇവർ രണ്ടുപേരും മരിച്ചാൽ ,കുട്ടികൾ അനാഥരാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം കുട്ടികളെ സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇത്തരം കുട്ടികൾക്ക് തങ്ങൾ അനാഥരാണ് എന്ന തോന്നൽ ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ വിദ്യാഭ്യാസത്തിന് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അച്ഛനോ അമ്മയോ/ഇവർ രണ്ടുപേരും ഇല്ലാത്തതോ ആയ കുട്ടികൾ ജെ.ജെ. ആക്ട് 2016 സെക്ഷൻ 2 (14) പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളാണ്. ഇത്തരം കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിയാണ് കൈകാര്യം ചെയ്യുന്നതും തീരുമാനമെടുക്കുന്നതും. ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്, ദത്തെടുക്കൽ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കുടുംബങ്ങളിൽ പുന:രധിവസിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരം പദ്ധതികളിലൊന്നും ഉൾപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ അവസാനത്തെ മാർഗ്ഗമെന്ന നിലയിൽ കുട്ടിയെ സ്ഥാപനവാസത്തിന് (institutionalisation) വിടുകയാണ് ചെയ്യുന്നത്.

(സി) ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ കഴിയുന്നതും കുടുംബങ്ങളിൽ നിർത്തി സംരക്ഷിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകുന്നത്. അതിലേയ്ക്കായി സ്ഥാപനേതര സംരക്ഷണ പരിപാടികളായ ദത്തെടുക്കൽ, ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ് എന്നീ പരിപാടികൾ ഐ.സി.പി.എസ്. മുഖാന്തരം നടപ്പിലാക്കിവരുന്നു.

(ഡി) ഐ.സി.പി.എസ്. മാർഗ്ഗരേഖ പ്രകാരമുള്ള സ്പോൺസർഷിപ്പ് പദ്ധതി പ്രകാരം വിദ്യാഭ്യാസത്തിനുള്ള ധനസഹായം നൽകിവരുന്നു. പ്രതിമാസം 2,000 രൂപ നിരക്കിൽ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്കാണ് ധനസഹായം നൽകുന്നത്. സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനാവശ്യമായ എല്ലാ ചെലവുകളും വകുപ്പ് വഹിക്കുന്നുണ്ട്.

## വിശപ്പുരഹിത നഗരം പദ്ധതി

260 (4422) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത നഗരം പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എന്നുമുതലാണ് ഇത് നടപ്പിലാക്കിയത്;

(ബി) ഇപ്പോൾ ഏതെല്ലാം നഗരങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ; പുതുതായി ഏതെല്ലാം നഗരങ്ങളെയാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) വിശപ്പുരഹിത നഗരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നത് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2009 മുതൽ .

(ബി) കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ നഗരങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കോഴിക്കോട് നഗരത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി, ബീച്ച് ഹോസ്പിറ്റൽ, കൊല്ലം നഗരത്തിൽ വിക്ടോറിയ ആശുപത്രി, ജില്ലാ ആശുപത്രി, മലപ്പുറം നഗരസഭയിൽ ജില്ലാ ഹോമിയോ ആശുപത്രി, താലൂക്ക് ആശുപത്രി, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജ് ആശുപത്രി, എസ്.എ.റ്റി. ആശുപത്രി എന്നിവിടങ്ങളിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമാണ് ഈ പദ്ധതിയിലൂടെ ഉച്ചഭക്ഷണം നൽകിവരുന്നത്. പുതുതായി മറ്റ് നഗരങ്ങളിലൊന്നും ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(സി) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി (ബീച്ച് ആശുപത്രി) എന്നിവിടങ്ങളിൽ സർക്കാർ എല്ലാ വർഷവും അനുവദിച്ച് നൽകുന്ന പ്ലാൻ ഫണ്ടിൽ നിന്നാണ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് കണ്ടെത്തുന്നത്. കൊല്ലം കോർപ്പറേഷൻ, മലപ്പുറം മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ 50% ഫണ്ട് സർക്കാർ അനുവദിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും ബാക്കി 50% യഥാക്രമം കോർപ്പറേഷനും മുനിസിപ്പാലിറ്റിയും വഹിക്കുന്നു.

## അങ്കണവാടി കേന്ദ്രങ്ങളെ പ്രീ-സ്കൂളുകളാക്കി മാറ്റുവാൻ നടപടി

261(4423) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി കേന്ദ്രങ്ങളെ പ്രീ-സ്കൂളുകളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആദ്യഘട്ടത്തിൽ എത്ര അങ്കണവാടി കേന്ദ്രങ്ങളെയാണ് പ്രീ-സ്കൂളുകളാക്കി മാറ്റുന്നതെന്നറിയിക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിലും 3 വയസ് മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രീ-സ്കൂൾ വിദ്യാഭ്യാസം നൽകിവരുന്നു.

**അങ്കണവാടി ജീവനക്കാരുടെ പ്രൊമോഷൻ**

262(4424) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളിൽ പ്രവർത്തിക്കുന്ന വർക്കർ, ഹെൽപ്പർ എന്നീ തസ്തികകളിലുള്ളവരുടെ പ്രൊമോഷൻ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇത് എങ്ങനെയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അങ്കണവാടി വർക്കർ തസ്തികയുടെ 25% 10-ാം തരം യോഗ്യതയും 10 വർഷം സ്ഥിരം സേവനവുമുള്ള അങ്കണവാടി ഹെൽപ്പർമാർക്കായി നീക്കിവച്ചിട്ടുണ്ട്. അങ്കണവാടി വർക്കർക്ക് നിലവിൽ സ്ഥാനക്കയറ്റത്തിന് വ്യവസ്ഥയില്ല. എന്നാൽ സാമൂഹ്യനീതി വകുപ്പിലെ സൂപ്പർവൈസർ തസ്തികയുടെ 29%, 10 വർഷം സേവനമുള്ള അങ്കണവാടി വർക്കർമാർക്കും 11%, ബിരുദയോഗ്യതയുള്ള അങ്കണവാടി വർക്കർക്കുമായി കെ.പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നീക്കിവച്ചിട്ടുണ്ട്.

(ബി) അങ്കണവാടി വർക്കർ തസ്തികയുടെ 25 ശതമാനത്തിലേയ്ക്ക് ഹെൽപ്പർമാർക്ക് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നു. കോർപ്പറേഷൻ ഏരിയയിൽ ഇത് പ്രോജക്ട് തലത്തിലാണ് നടപ്പിലാക്കുന്നത്.

**വയോജനങ്ങളുടെ അവകാശ സംരക്ഷണത്തിനും സാമൂഹിക സുരക്ഷയ്ക്കും പദ്ധതികൾ**

263 (4425) ശ്രീ. പി. ഉണ്ണി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനസംഖ്യയുടെ ഉദ്ദേശം 15 ശതമാനം വരുന്ന വയോജനങ്ങളുടെ അവകാശ സംരക്ഷണത്തിനും സാമൂഹിക സുരക്ഷയ്ക്കും എന്തൊക്കെ പദ്ധതികളാണുള്ളത്;

(ബി) ചെലവുകുറഞ്ഞ രീതിയിലും പാവപ്പെട്ടവർക്ക് സൗജന്യമായും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ സാധ്യമാകുന്നുണ്ടോ;

(സി) പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും വായനശാലകളിലും ഇവർക്ക് പ്രത്യേക പരിഗണന ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ഡി) സാമൂഹ്യനീതി വകുപ്പിൽ കൂടുതൽ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിനും സ്വകാര്യ മേഖലയിലെ വൃദ്ധസദനങ്ങൾ ആശാസ്യകരമായ രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും നടപടിയെടുക്കുമോ?

## ഉത്തരം

(എ) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കുംവിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ പോലീസ് സ്റ്റേഷനുകളിലും അതത് പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയിൽ ഒറ്റയ്ക്ക് താമസിക്കുന്ന പ്രായമായവരുടെ പേരുവിവരങ്ങൾ അടങ്ങിയ പ്രത്യേക രജിസ്റ്ററുകൾ 2010 മുതൽ സൂക്ഷിക്കുന്നുണ്ട്.

സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും മുൻനിർത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ് സ്വീകരിച്ച് 300-ഓളം സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകിവരുന്നു.

കൂടാതെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വയോജനങ്ങൾക്കായി വയോമിത്രം പദ്ധതിയുടെ സൗജന്യ വൈദ്യസഹായവും മരുന്നും വയോജനങ്ങൾക്ക് അവരുടെ സൗകര്യാർത്ഥം എത്തിക്കുന്നതിനായി മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ വയോഅമൃതം എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

60 വയസ് കഴിഞ്ഞവർക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ 11,00 രൂപയും 75 വയസ്സ് കഴിഞ്ഞവർക്ക് 1500 രൂപയും വാർദ്ധക്യകാല പെൻഷൻ നൽകുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ രണ്ട് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മ്യൂസിക് തെറാപ്പി നല്കിവരുന്നു. വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ' സായംപ്രഭ' എന്ന പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യ വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്ക് ആശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കി വരുന്നു. രോഗനിർണ്ണയം, മരുന്നുവിതരണം, കൗൺസിലിംഗ്, പകൽവീട് എന്നീ സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

വയോജനങ്ങൾക്ക് ആരോഗ്യ-സാമ്പത്തിക-സാമൂഹിക-സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, പൂവച്ചൽ, വെമ്പായം ഗ്രാമപഞ്ചായത്തുകളിലും പാലക്കാട് ജില്ലയിലെ മുണ്ടൂർ, പുതുശ്ശേരി, പെരുവമ്പ്, കരിമ്പ ഗ്രാമപഞ്ചായത്തുകളിലും സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ നഗരസഭകളിൽ താമസിക്കുന്ന 65 വയസ് കഴിഞ്ഞ മുതിർന്ന പൗരന്മാരുടെ ആരോഗ്യസംരക്ഷണ പരിപാലനത്തിനായി വയോമിത്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വരുമാന പരിധി മാനദണ്ഡമാക്കാതെ മൊബൈൽ ക്ലിനിക്ക്, കൗൺസിലിംഗ്, വൈദ്യസഹായം, മരുന്ന്, പാലിയേറ്റീവ് കെയർ, എന്നിവ സൗജന്യമായി നൽകുന്നു. വയോജനങ്ങളെ ആശുപത്രികളിൽ കൊണ്ടുപോകുന്നതിനും തിരികെകൊണ്ടുവരുന്നതിനും സൗജന്യ ആംബുലൻസ് സംവിധാനവും നൽകുന്നു.

പല്ലുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരോ കേടുപാടുകൾ വന്ന പല്ലുകൾ മാറ്റിവയ്ക്കേണ്ട അവസ്ഥയിലുള്ളവരോ ആയ ബി.പി.എൽ. വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ വയ്ക്കുന്നതിന് മന്ദഹാസം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഗവണ്മെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്കായി ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് വയോ അമൃതം ആയുർവ്വേദ ചികിത്സാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) സമൂഹത്തിൽ മുതിർന്ന പൗരന്മാർ ഇടപെടുന്ന സമസ്ത മേഖലകളിലും വയോജന സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിലവിൽ 16 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ജസ്റ്റിസ് (റിട്ട.) സി. എൻ. രാമചന്ദ്രൻനായർ അദ്ധ്യക്ഷനായ ഒരു ഉന്നതതലസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി നിലവിൽ വൃദ്ധസദനങ്ങൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തിവരുന്നു.

## ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്പ്മെന്റ് സ്കീം മിഷൻ

264(4426) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്പ്മെന്റ് സ്കീം മിഷന് കീഴിൽ കരാർ ജീവനക്കാരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്; എന്തെല്ലാം യോഗ്യതകളാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ & ബി) സർക്കാർ പരിശോധിച്ചുവരുന്നു.

## അങ്കണവാടികളിലെ അടിസ്ഥാന സൗകര്യ വികസനം

265 (4427) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ നിലവിലുണ്ട്;

(ബി അങ്കണവാടികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പദ്ധതി എന്തെങ്കിലും നിലവിലുണ്ടോ; പ്രാഥമിക സൗകര്യങ്ങൾ നിലവിലില്ലാത്ത അങ്കണവാടികളെ കണ്ടെത്തുന്നതിനും പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 8776 അങ്കണവാടികൾ നിലവിലുണ്ട്.

(ബി) വികേന്ദ്രീകരണാസൂത്രണ പ്രകാരം അങ്കണവാടികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വകുപ്പ് തലങ്ങളിൽ പ്രത്യേക കർമ്മപരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഭൂമിയില്ലാത്ത അങ്കണവാടികൾക്കായി വിവിധ വകുപ്പുകളുടെ ഭൂമി കണ്ടെത്തി കെട്ടിടം പണിയുന്നതിനായുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

പ്രാഥമിക സൗകര്യങ്ങളില്ലാത്ത അങ്കണവാടികളെ കണ്ടെത്തുന്നതിന് അങ്കണവാടി ഗ്രേഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. അങ്കണവാടികളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിൽ ഒരു ഘടകം അങ്കണവാടികളുടെ പ്രാഥമിക സൗകര്യങ്ങളാണ്. അങ്കണവാടികൾ അപ്ഗ്രേഡ് ചെയ്യുന്നതിന് വകുപ്പ് ഓരോ വർഷവും ബജറ്റിൽ തുക വകയിരുത്തി ഒരു ലക്ഷം രൂപ വീതം അനുവദിച്ചുവരുന്നു.

**അംഗപരിമിതർക്ക് സംവരണം**

266(4428) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, പൊതുമേഖലയിൽ കരാർ/ദിവസവേതന/എംപ്ലോയ്മെന്റ് നിയമനങ്ങളിൽ അംഗപരിമിതർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്നും, ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ/ദിവസവേതന/എംപ്ലോയ്മെന്റ് മുഖേന നിയമനം ലഭിച്ച അംഗപരിമിതരെ അവരുടെ ഡിസെബിലിറ്റിയുടെ ശതമാനം പരിഗണിച്ചുകൊണ്ട്, ഒരു വർഷത്തിലധികമായവരെ അതത് വകുപ്പുകളിൽ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ളവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ പൊതുമേഖലയിൽ കരാർ/ദിവസ വേതന നിയമനങ്ങളിൽ അംഗപരിമിതർക്ക് സംവരണം ഏർപ്പെടുത്തിയിട്ടില്ല. എംപ്ലോയ്മെന്റ് മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം ഏർപ്പെടുത്തുന്ന നടപടി അന്തിമ ഘട്ടത്തിലാണ്.

(ബി & സി) നിലവിൽ പരിഗണനയിലില്ല.

**അങ്കണവാടികളിൽ ഭക്ഷണവിതരണത്തിൽ നഗര-ഗ്രാമ വ്യത്യാസം**

267(4429) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണത്തിലും ഇനത്തിലും അളവിലും നഗര-ഗ്രാമ വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഭക്ഷണ വിതരണത്തിൽ നഗര-ഗ്രാമ വ്യത്യാസം നിലനിൽക്കുന്നതായ പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിലും പോഷകാഹാരവിതരണത്തിലും നഗര-ഗ്രാമ വ്യത്യാസങ്ങളില്ലാതെ തുല്യനീതി ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണത്തിലും ഇനത്തിലും അളവിലും നഗരഗ്രാമ വ്യത്യാസമില്ല. സാമൂഹ്യനീതി വകുപ്പുവഴി നടപ്പിലാക്കുന്ന ഐ.സി.ഡി.എസ്. കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അങ്കണവാടികൾ വികേന്ദ്രീകൃതാസൂത്രണ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് 500 കലോറിയും 12-15 ഗ്രാം വരെ പ്രോട്ടീനും ഗുരുതര പോഷകാഹാര കുറവുള്ള കുട്ടികൾക്ക് 800 കലോറിയും 20-25 ഗ്രാം വരെ പ്രോട്ടീനും, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 600 കലോറിയും 18-20 ഗ്രാം വരെ പ്രോട്ടീനും അടങ്ങുന്ന ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നതിനാണ് കേന്ദ്രസർക്കാർ

നിർദ്ദേശിച്ചിരിക്കുന്നത്. ഇതുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഭക്ഷണക്രമത്തിന്റെ അടിസ്ഥാനത്തിൽ മേൽവിവരിച്ച കലോറി ലഭിക്കത്തക്കവിധം ആഹാര സാധനങ്ങൾ അംഗൻവാടികളിൽ നൽകിവരുന്നു. ഇതിന് ഗ്രാമ-നഗര വ്യത്യാസമില്ല.

6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രീമിക്സ് ആണ് നൽകിവരുന്നത്. 100 ഗ്രാം ന്യൂട്രിമിക്സിൽ ഗോതമ്പ് 45 ഗ്രാം, കടല 15 ഗ്രാം, കപ്പലണ്ടി 10 ഗ്രാം, സോയ 10 ഗ്രാം, പഞ്ചസാര 15 ഗ്രാം എന്നിവ അടങ്ങിയിരിക്കുന്നു. ഇത് ദിവസം 135 ഗ്രാം കണക്കിൽ 25 ദിവസത്തേയ്ക്ക് ടേക്ക് ഹോം റേഷൻ ആയി വീടുകളിലേയ്ക്ക് കൊടുത്തുവിടുന്നു.

അങ്കണവാടികളിൽ പഠിക്കുന്ന 3 വയസ് മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് രാവിലെ പാല്, മുട്ട, എള്ളുണ്ട, കപ്പലണ്ടി മിഠായി മുതലായവയിൽ ഏതെങ്കിലും മോണിംഗ് സ്നാക്സായും, കഞ്ഞി, പച്ചക്കറി ചേർത്ത ചോറ്, കഞ്ഞിയും പയറും ഇവയിലേതെങ്കിലും ഉച്ചയ്ക്കും, ഉപ്പുമാവ്, പായസം, പുലാവ് തുടങ്ങിയവയിലേതെങ്കിലും വൈകുന്നേരവും ജനറൽ ഫീഡിംഗ് ആയി നൽകുന്നു. പ്രാദേശിക ഭക്ഷണക്രമത്തിന്റെ അടിസ്ഥാനത്തിൽ ഭക്ഷണ സാധനങ്ങൾക്ക് വ്യത്യാസം വരാറുണ്ട്. 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് 6 രൂപയും ഗുരുതര പോഷകഹാര കുറവുള്ള കുട്ടികൾക്ക് 9 രൂപയും ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 7 രൂപയുമാണ് പോഷകാഹാരത്തിനായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ 50% തുക സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ കേന്ദ്ര സർക്കാർ നിർദ്ദേശത്തിൽ പറയുന്നതിനേക്കാൾ കൂടുതൽ തുകയാണ് സംസ്ഥാന വിഹിതമായി തദ്ദേശസ്ഥാപനങ്ങൾ ചെലവഴിക്കുന്നത്. ഒരു കുട്ടിക്ക് 20 മുതൽ 25 രൂപ വരെ ഓരോ തദ്ദേശസ്ഥാപനങ്ങളും ചെലവഴിക്കുന്നുണ്ട്.

(സി) അടിസ്ഥാന സൗകര്യ വികസനം, പോഷകാഹാര വിതരണം എന്നിവ വികേന്ദ്രീകൃതാസൂത്രണത്തെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ മാനദണ്ഡം പാലിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ നഗര-ഗ്രാമ വ്യത്യാസങ്ങളില്ലാതെ തുല്യനീതി ഉറപ്പാക്കിയാണ് നടപ്പിലാക്കിവരുന്നത്.

**വൃദ്ധ മാതാപിതാക്കളെ വഴിയിൽ ഉപേക്ഷിക്കുന്നവർ**

268 (4430) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കാതെ വഴിയിൽ ഉപേക്ഷിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരക്കാർക്കെതിരെ എന്തൊക്കെ നടപടികളെടുക്കാനാണ് നിയമ വ്യവസ്ഥയിൽ വകുപ്പുകളുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വഴിയിൽ ഉപേക്ഷിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് കേന്ദ്രനിയമം 2007 സംസ്ഥാനത്ത് നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കുംവിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത നിയമത്തിലെ അദ്ധ്യായം VI വകുപ്പ് 24 പ്രകാരം മുതിർന്ന പൗരനെ പൂർണ്ണമായും ഉപേക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെ ഏതെങ്കിലും സ്ഥലത്ത് ഉപേക്ഷിച്ചുപോകുന്ന, മുതിർന്ന പൗരന്റെ സംരക്ഷണമോ പരിരക്ഷയോ ഉള്ള ഏതൊരാളിനും മൂന്നുമാസംവരെ കാലയളവിലുള്ള തടവുശിക്ഷയോ 5,000/- രൂപ വരെ പിഴയോ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മക്കൾ ഉപേക്ഷിക്കുന്ന മാതാപിതാക്കൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ (മെയിന്റനൻസ് ഓഫീസർമാർ) വഴി അന്വേഷണം നടത്തി സ്ഥാപനപരമായ സംരക്ഷണം ആവശ്യമുള്ളവരെ ഗവൺമെന്റ് വൃദ്ധസദനങ്ങളിലോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലോ പാർപ്പിക്കാറുണ്ട്. മക്കളിൽനിന്ന് ജീവനാംശം ആവശ്യമുള്ള മാതാപിതാക്കൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ (മെയിന്റനൻസ് ഓഫീസർമാർ) മുഖേന മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ കേസ് ഫയൽ ചെയ്യുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്.

## ബി.പി.എൽ., എ.പി.എൽ. വിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾ

269(4431) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾ ബി.പി.എൽ, എ.പി.എൽ. വിഭാഗങ്ങൾക്ക് ഒരുപോലെയാണോ നൽകുന്നതെന്നും ഓരോന്നിനും ബി.പി.എൽ, എ.പി.എൽ. വിഭാഗങ്ങളിൽനിന്നും എത്ര രൂപ വീതമാണ് ഈടാക്കുന്നത് എന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

റേഷൻ ഉൽപ്പന്നങ്ങൾ ബി.പി.എൽ., എ.പി.എൽ. വിഭാഗങ്ങൾക്ക് പ്രതിമാസ നിരക്കിൽ തരം തിരിച്ചാണ് നൽകുന്നത്. 2017 മേയ് മാസം വിതരണം ചെയ്ത റേഷൻ സാധനങ്ങളുടെ അളവ് ചുവടെ ചേർത്തിരിക്കുന്നു:

<table>
<tr><th rowspan="2">വിഭാഗം</th><th colspan="3">ഓരോ വിഭാഗത്തിനുമുള്ള റേഷൻ സാധനങ്ങളുടെ വിതരണത്തോത്</th></tr>
<tr><th>അരി</th><th>ഗോതമ്പ്</th><th>മണ്ണെണ്ണ</th></tr>
<tr><td>എ.എ.വൈ.</td><td>കാർഡിന് 28 കി.ഗ്രാം സൗജന്യമായി</td><td>കാർഡിന് 7 കി.ഗ്രാം സൗജന്യമായി</td><td rowspan="4">എല്ലാ വിഭാഗത്തിലെയുംവൈദ്യുതീകരിച്ച വീട്ടിലെ കാർഡിന് 1/2 ലിറ്ററും വൈദ്യുതീകരിക്കാത്ത വീട്ടിലെ കാർഡിന് 4 ലിറ്ററും ലിറ്ററിന് 21/- രൂപ നിരക്കിൽ</td></tr>
<tr><td>എ.എ.വൈ. ഒഴികെയുള്ള മുൻഗണനാ വിഭാഗം (priority)</td><td>ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം സൗജന്യമായി</td><td>ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം സൗജന്യമായി</td></tr>
<tr><td>മുൻഗണനേതര വിഭാഗം (സബ്സിഡി) NP (S)</td><td>ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 2/- രൂപ നിരക്കിൽ</td><td>ഇല്ല</td></tr>
<tr><td>മുൻഗണനേതരവിഭാഗം (നോൺ സബ്സിഡി) NP (NS)</td><td colspan="2">ഓരോ കാർഡിനും അരിയും ഗോതമ്പുമുൾപ്പെടെ 8 കി.ഗ്രാം ഭക്ഷ്യധാന്യം. അരി കി.ഗ്രാമിന് 8.90/- രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും (2017 മെയ് മാസത്തിലെ സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ)</td></tr>
</table>

2017 ഫെബ്രുവരി മാസം വരെ കേന്ദ്ര സബ്സിഡി ഉപയോഗിച്ച് മുൻഗണനാ/എ.എ.വൈ. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പ്രതിമാസം 250 ഗ്രാം വീതം പഞ്ചസാര കി.ഗ്രാമിന് 13.50 രൂപ നിരക്കിൽ നൽകിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പഞ്ചസാര സബ്സിഡി നൽകുന്നതിനുള്ള തുക വകയിരുത്താത്തതിനെ തുടർന്നുണ്ടായ പഞ്ചസാര വിതരണത്തിലെ പ്രതിസന്ധി പരിഹരിക്കണമെന്ന സംസ്ഥാനങ്ങളുടെ അഭ്യർത്ഥന പരിഗണിച്ച് കേന്ദ്ര സർക്കാർ മേൽപ്പടി വിഷയം പുനഃപരിശോധിച്ച് വരികയാണ്. ആയതിനുള്ള അന്തിമ തീരുമാനം വരുന്നതുവരെ കാത്തിരിക്കണമെന്ന് സംസ്ഥാന സർക്കാരിന് നിർദ്ദേശം ലഭ്യമായിട്ടുണ്ട്.

## വില നിരീക്ഷണ സെല്ലിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി

270(4432) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വില നിരീക്ഷണ സെല്ലിന്റെ പ്രവർത്തനം വിപുലീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിന് നിത്യേന റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) നിത്യോപയോഗ സാധനങ്ങളുടെ ലിസ്റ്റിൽ 22 എണ്ണം എന്നതിന്റെ മാനദണ്ഡം എന്താണെന്നും സാധനങ്ങൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) വില നിരീക്ഷണ സെല്ലിന്റെ പ്രവർത്തനം വിപുലീകരിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പാവപ്പെട്ടവർ ആശ്രയിക്കുന്ന വിപണി, ഇടത്തരക്കാർ ആശ്രയിക്കുന്ന വിപണി, ധനികർ ആശ്രയിക്കുന്ന വിപണി എന്നിങ്ങനെ ഓരോ ജില്ലയിലേയും മൂന്ന് സ്ഥലങ്ങളിൽനിന്നും വില ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നല്കുന്നത്.

(സി) രാജ്യത്ത് ഏറ്റവും കൂടുതൽ ഉപയോഗിച്ചുവരുന്ന നിത്യോപയോഗ സാധനങ്ങളെന്ന നിലയിലാണ് പ്രസ്തുത ലിസ്റ്റിൽ 22 ഇനം സാധനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അരി, ഗോതമ്പ്, ആട്ടമാവ്, കടലപ്പരിപ്പ്, തുവരപ്പരിപ്പ്, ഉഴുന്നുപരിപ്പ്, പയറുപരിപ്പ്, മസൂർദാൽ, പഞ്ചസാര, ശർക്കര, തേയില, പാൽ, നിലക്കടലയെണ്ണ, കടുകെണ്ണ, വനസ്പതി, സോയ എണ്ണ, സൂര്യകാന്തി എണ്ണ, പാമോയിൽ, ഉരുളക്കിഴങ്ങ്, സവാള, തക്കാളി, ഉപ്പ് എന്നിവയാണ് ലിസ്റ്റിലുള്ള സാധനങ്ങൾ.

## റേഷൻ കടകളെ കമ്പ്യൂട്ടർവഴി ബന്ധിപ്പിക്കുന്ന എൻഡ് ടു എൻഡ് പദ്ധതി

271(4433) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഐ.ബി. സതീഷ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവുമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) റേഷൻ കടകളെ കമ്പ്യൂട്ടർവഴി ബന്ധിപ്പിക്കുന്ന എൻഡ് ടു എൻഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) റേഷൻ വിതരണം സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും കാര്യക്ഷമമായ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന പ്രകാരം റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ച് ആധാർ അധിഷ്ഠിതമാക്കി യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞുള്ള റേഷൻ വിതരണം, ജി.പി.എസ്. ട്രാക്കിംഗ്, ട്രാൻസ്പാരൻസി പോർട്ടൽ (ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് ഓൺലൈനിൽ പ്രദർശിപ്പിക്കുന്നത്), പരാതി പരിഹാര സംവിധാനം, സോഷ്യൽ ആഡിറ്റിംഗ്, വിജിലൻസ് കമ്മിറ്റി രൂപീകരണം തുടങ്ങിയ സംവിധാനങ്ങൾ പുതിയതായി റേഷൻ വിതരണ മേഖലയിൽ നടപ്പിലാക്കിവരുന്നു.

(ബി) റേഷൻ കടകളിൽ സ്ഥാപിക്കുന്നതിനുള്ള ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സപ്ലൈകോ സ്വീകരിച്ചുവരുന്നു. ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിച്ചുകൊണ്ട് 23-2-2017-ന് RFP (Request for Proposal) പബ്ലിഷ് ചെയ്യുകയുണ്ടായി. ഇപ്പോൾ ലഭ്യമായ ടെണ്ടറുകളുടെ ഇവാല്യൂവേഷൻ പ്രക്രിയ നടന്നുവരികയാണ്. ഈ മാസത്തോടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പ്രോജക്ടിന്റെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി സർക്കാർ നിയമിച്ച സപ്ലൈകോയാണ് ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നത്. റേഷൻ കടകളിൽ സ്റ്റോക്ക് നേരിട്ടെത്തിക്കുന്നതിനുള്ള വാതിൽപ്പടി വിതരണ സംവിധാനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിനായി ടോൾ ഫ്രീ നമ്പരുകളായ 1800-425-1550, 1967 എന്നിവ 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നു. ടി നമ്പരുകളിൽ ലഭിക്കുന്ന പരാതികൾ ജില്ല/താലൂക്ക് സപ്ലൈ ആഫീസർമാർ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സിവിൽ സപ്ലൈസ് ഡയറക്ടർ, റേഷനിംഗ് കൺട്രോളർ, വിജിലൻസ് ആഫീസർ എന്നിവർക്ക് ലഭിക്കുന്ന പരാതികൾ അടിയന്തര

അന്വേഷണം നടത്തി പരിഹാരം കണ്ടുവരുന്നു. ജില്ല/താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളും ജില്ല സപ്ലൈ ആഫീസർ/താലൂക്ക് സപ്ലൈ ആഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവർ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ തലത്തിൽ ലഭിക്കുന്ന പരാതികൾ സിവിൽ സപ്ലൈസ് കമ്മീഷണർവഴി അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## നെല്ല് സംഭരണം

272 (T*4434) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ നെല്ല് സംഭരണത്തിനായി എത്ര തുക വകയിരുത്തുകയുണ്ടായി ; എത്ര ടൺ നെല്ല് സംഭരിച്ചു;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തിൽ നെല്ല് സംഭരണത്തിനായി ബജറ്റ് വിഹിതത്തിൽ 600 കോടി രൂപ വകയിരുത്തിയിരുന്നു. 2016-17 സീസണിൽ മാർച്ച് 31 വരെ 3.18 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) 2015-16 വർഷത്തിൽ കുടിശ്ശികയായ 163.28 കോടി രൂപ ഉൾപ്പെടെ 2016-17 വർഷത്തിൽ ആകെ 486.49 കോടി രൂപ നെല്ല് സംഭരണത്തിനായി ചെലവഴിച്ചു.

## നെല്ല് സംഭരണം

273 (T*4435) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വിഹിതം വെട്ടിക്കുറച്ചതിലൂടെ നെല്ലിന്റെ സംഭരണ വിലയിൽ വന്ന കുറവ് എത്ര രൂപയാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) എത്ര കിലോ നെല്ലാണ് സപ്ലൈകോ ഇതിനകം ശേഖരിച്ചിരിക്കുന്നത്;

(സി) നെല്ലിന്റെ വില ലഭ്യമാകാതെ വന്നതോടെ അടുത്ത കൃഷിയിറക്കാൻ കർഷകർ വിമുഖത കാണിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) നെല്ല് സംഭരണത്തിനായുള്ള സർക്കാർ വിഹിതം വെട്ടിക്കുറയ്ക്കുകയോ നെല്ല് സംഭരണ വിലയിൽ കുറവ് വരുത്തുകയോ ചെയ്തിട്ടില്ല.

(ബി) 2016-17 സീസണിൽ നാളിതുവരെ (9-5-2017 വരെ) 4.46 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് (SIB) കൂടാതെ കേന്ദ്ര സർക്കാർ നല്കുന്ന മിനിമം സപ്പോർട്ട് പ്രൈസും (MSP) ലഭ്യമാകുന്നമുറയ്ക്ക് നെല്ലിന്റെ വില കർഷകർക്ക് കൃത്യമായി വിതരണം ചെയ്തുവരുന്നു. കർഷകർ കൃഷി ഇറക്കാൻ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം അനുവദിച്ച ഭക്ഷ്യധാന്യം**

274(4436) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതു പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് എത്ര ടൺ ഭക്ഷ്യധാന്യമാണ് അനുവദിച്ചുനൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുത്ത് വിതരണത്തിനായി റേഷൻ കടകൾക്ക് നൽകിയിട്ടുണ്ട്; അരിയുടെയും ഗോതമ്പിന്റെയും അളവ് പ്രത്യേകം വ്യക്തമാക്കാമോ;

(സി) അനുവദിച്ചതിന്റെ എത്ര ശതമാനമാണ് ഏറ്റെടുത്ത് വിതരണത്തിനായി നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയത് പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് (പ്രതിമാസം 118754.083 മെട്രിക് ടൺ) അനുവദിച്ച് നൽകിയിട്ടുള്ളത്.

(ബി) 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഏറ്റെടുത്ത് വിതരണത്തിന് റേഷൻ കടകൾക്ക് നല്കിയിട്ടുള്ള അരിയുടെയും ഗോതമ്പിന്റെയും അളവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(അളവ് - മെട്രിക് ടണ്ണിൽ)

| മാസം | അരി | ഗോതമ്പ് | ആകെ |
|---|---|---|---|
| മാർച്ച് 2017 | 102174.866 | 16579.217 | 118754.083 |
| ഏപ്രിൽ 2017 | 95715.792 | 23038.291 | 118754.083 |
| **ആകെ** | **197890.658** | **39617.508** | **237508.166** |

(സി) 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അനുവദിച്ചതിന്റെ 100 ശതമാനം ഭക്ഷ്യധാന്യങ്ങളും ഏറ്റെടുത്ത് വിതരണത്തിനായി നൽകിയിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഓരോ മാസവും അനുവദിച്ചിട്ടുള്ളത് 118754.083 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ്. ഇത് പൂർണ്ണമായും വിട്ടെടുത്തിട്ടുള്ളതും വിതരണത്തിനായി നൽകിയിട്ടുള്ളതുമാണ്.

**ഭക്ഷ്യഭദ്രതാ നിയമം**

275 (4437) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ ഭദ്രതാ നിയമം പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിനായി അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിങ്ങനെ നാല് പ്രധാന കാര്യങ്ങളാണ് ചെയ്തുതീർക്കേണ്ടത്.

ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിൽ താലൂക്ക് സപ്ലൈ ആഫീസ്, വില്ലേജ് ആഫീസ്, പഞ്ചായത്ത് ഓഫീസ്, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും വെബ്സൈറ്റിലും കരട് മുൻഗണനാ പട്ടിക സംബന്ധിച്ച് ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തുകയും ലഭ്യമായ ആക്ഷേപങ്ങളിലും പരാതികളിലും പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ,

സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി ഹിയറിംഗ് നടത്തി പരാതികളിൽ തീർപ്പുകൽപ്പിച്ചിരുന്നു. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ആഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. (ജനറൽ), ജില്ലാ സോഷ്യൽ വെൽഫെയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിച്ച് പരാതിക്ക് പരിഹാരമുണ്ടാക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി നൽകി അന്തിമ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ഓഫീസുകളിൽ നേരിട്ടും അർഹർ/അനർഹരുടെ പരാതികൾ ലഭ്യമായിട്ടുണ്ട്. ഇതിന്മേൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് അനർഹരെ ഒഴിവാക്കി റീ-റാങ്കിംഗ് നടത്തുന്നതാണ്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 - ന്റെ സെക്ഷൻ 24 (2) (എ) പ്രകാരം സംസ്ഥാന സർക്കാരിന്റെ അംഗീകൃത ഏജൻസി, റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുത്ത് ഇന്റർമീഡിയറി ഗോഡൗണിൽ സൂക്ഷിച്ച്, റേഷൻകടകളിൽ നേരിട്ടെത്തിക്കുന്ന വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് മാർച്ച് 9-ന് കൊല്ലം ജില്ലയിൽ ആരംഭിച്ചു. മറ്റ് 6 ജില്ലകളിൽ മേയ് 2-ന് ആരംഭിച്ചു. ബാക്കിയുള്ള ഏഴ് ജില്ലകളിൽ ജൂൺ 1 മുതൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതികവിദ്യയുടെ പിൻബലത്തിൽ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാതിൽപ്പടി വിതരണത്തിനുള്ള വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതിക്കായി EoI (Expression of Interest) ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ RFT (Request for Proposal) ഡോക്യുമെന്റ് തയ്യാറാക്കി വരികയുമാണ്.

കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കോൾ സെന്റർ മുഖേന 1967, 1800-1125-1550 എന്നീ ടോൾഫ്രീ ഹെൽപ്പ് ലൈൻ നമ്പറുകൾ ഉപയോഗിച്ച് പരാതി പരിഹാര സംവിധാനം പ്രവർത്തിച്ചുവരുന്നു. സ്റ്റേറ്റ് ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് ഭക്ഷ്യഭദ്രതാ നിയമത്തിന്റെ സംസ്ഥാനതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ചുമതല നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ഫുഡ് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഭക്ഷ്യഭദ്രതാ നിയമം**

276 (4438) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്ന പദ്ധതി പൂർണ്ണമായും നടപ്പാക്കിയോ എന്നും ഇല്ലെങ്കിൽ, എപ്പോൾ പൂർത്തീകരിക്കും എന്നും നിലവിലെ പ്രവൃത്തികൾ ഏതുഘട്ടം വരെയായി എന്നും വ്യക്തമാക്കാമോ;

(ബി ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ നോഡൽ ജില്ലയായി പ്രഖ്യാപിച്ച ജില്ല ഏത് എന്നും ആ ജില്ലയിലെ പ്രവൃത്തികൾ ഏത് ഘട്ടം വരെയായി എന്നും മറ്റ് ജില്ലകളുടെ പ്രവർത്തന പുരോഗതി എന്ത് എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമം നടപ്പാക്കുന്നത് സംബന്ധിച്ച കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾ എന്തെല്ലാം; അവയിൽ നടപ്പാക്കിയ നിർദ്ദേശങ്ങൾ എന്ത് എന്നും നടപ്പാക്കാൻ കഴിയാത്തതായി ഏതെങ്കിലും ഉണ്ടെങ്കിൽ അവ എന്തെന്നും വ്യക്തമാക്കുമോ;

(ഡി) നാളിതുവരെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിവരുന്ന ഭക്ഷ്യോല്പന്നങ്ങൾ തുടങ്ങി ഏതിലെല്ലാം കുറവുവരുത്തി; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിനായി അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിങ്ങനെ നാല് പ്രധാന കാര്യങ്ങളാണ് ചെയ്തുതീർക്കേണ്ടത്.

ഭക്ഷ്യഭദ്രതാ നിയമം 2013 അനുശാസിക്കുന്ന രീതിയിൽ താലൂക്ക് സപ്ലൈ ആഫീസ്, വില്ലേജ് ആഫീസ്, പഞ്ചായത്ത് ഓഫീസ്, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും വെബ്സൈറ്റിലും കരട് മുൻഗണനാ പട്ടിക സംബന്ധിച്ച് ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തുകയും

ലഭ്യമായ ആക്ഷേപങ്ങളിലും പരാതികളിലും പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റി ഹിയറിംഗ് നടത്തി പരാതികളിൽ തീർപ്പുകൽപ്പിച്ചിരുന്നു. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ആഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. ജനറൽ, ജില്ലാ സോഷ്യൽ വെൽഫെയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിച്ച് പരാതിക്ക് പരിഹാരമുണ്ടാക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി നല്കി അന്തിമ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ഓഫീസുകളിൽ നേരിട്ടും അർഹർ/അനർഹരുടെ പരാതികൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്മേൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് അനർഹരെ ഒഴിവാക്കി റീ-റാങ്കിംഗ് നടത്തുന്നതാണ്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ 24 (2) (എ) പ്രകാരം സംസ്ഥാന സർക്കാരിന്റെ അംഗീകൃത ഏജൻസി, റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.-യിൽനിന്നും വിട്ടെടുത്ത് ഇന്റർമീഡിയറി ഗോഡൗണിൽ സൂക്ഷിച്ച്, റേഷൻകടകളിൽ നേരിട്ടെത്തിക്കുന്ന വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് മാർച്ച് 9-ന് കൊല്ലം ജില്ലയിൽ ആരംഭിച്ചു. മറ്റ് 6 ജില്ലകളിൽ മേയ് 2-ന് ആരംഭിച്ചു. ബാക്കിയുള്ള ഏഴ് ജില്ലകളിൽ ജൂൺ 1 മുതൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതികവിദ്യയുടെ പിൻബലത്തിൽ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാതിൽപ്പടി വിതരണത്തിനുള്ള വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതിക്കായി EoI (Expression of Interest) ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ RFP (Request for proposal) ഡോക്യുമെന്റ് തയ്യാറാക്കി വരികയുമാണ്.

കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കോൾ സെന്റർ മുഖേന 1967,1800-1125-1550 എന്നീ ടോൾഫ്രീ ഹെൽപ്പ് ലൈൻ നമ്പറുകൾ ഉപയോഗിച്ച് പരാതി

പരിഹാര സംവിധാനം പ്രവർത്തിച്ചുവരുന്നു. സ്റ്റേറ്റ് ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷന് ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ സംസ്ഥാനതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ചുമതല നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ഫുഡ് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 7-10-2016-ലെ കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കാത്തതിനാൽ എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്ക് നൽകിവന്നിരുന്ന അധിക വിഹിതം ഇനിമേൽ നൽകുകയില്ലെന്ന് അറിയിച്ചിരുന്നു. 2016 ജൂലൈ മുതൽ അധിക വിഹിതം സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല. 2016 നവംബറിൽ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽവരുത്തിയതിനുശേഷം ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്നത് ടി നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതമാണ്. പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങളാണ് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ടി നിയമപ്രകാരം അനുവദിച്ചിട്ടുള്ള പ്രസ്തുത അളവിലുള്ള ഭക്ഷ്യ ധാന്യങ്ങൾ 2016 നവംബർ മുതൽ ലഭ്യമാകുന്നുണ്ട്.

## റേഷൻ കടകളുടെ നവീകരണം

277 (4439) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ നവീകരണത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) റേഷൻ കടകൾ വഴി അവശ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) റേഷൻ കടകൾ സാമാന്യ ജനവിഭാഗത്തിന് കൂടുതൽ ആശ്രയിക്കാവുന്ന സ്ഥാപനങ്ങളാക്കി മാറ്റുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രീ-പൈലറ്റ് പദ്ധതി, മോഡൽ പൈലറ്റ് പദ്ധതി എന്നിവയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 22 റേഷൻ കടകളിൽ (14 എണ്ണം തിരുവനന്തപുരം ജില്ലയിലും 8 എണ്ണം എറണാകുളം

ജില്ലയിലും) ഒരേ നിറത്തിലും മാതൃകയിലുമുള്ള പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, തറ ടൈൽ പാകൽ, നെയിം ബോർഡ് സ്ഥാപിക്കൽ, സ്റ്റോക്ക് ബോർഡ് സ്ഥാപിക്കൽ എന്നീ ജോലികൾ ചെയ്ത് നവീകരിച്ചിട്ടുണ്ട്. 2016-17-ലെ ബജറ്റിൽ കെ.എസ്.എഫ്.ഇ. മുഖാന്തരം പലിശരഹിത വായ്പ നൽകി റേഷൻ കടകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതുപ്രകാരം കെ.എസ്.എഫ്.ഇ.-യുമായി ചർച്ച ചെയ്യുന്നതിന് ക്ഷണിച്ചിരുന്നെങ്കിലും കെ.എസ്.എഫ്.ഇ. അധികാരികൾ പ്രതികരിക്കാത്തതിനാൽ നടപടികൾ തുടരാനായിട്ടില്ല.

(ബി & സി) റേഷൻ കടകൾവഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും വിവിധതരം സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**മാവേലിസ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകൾ**

278(4440) <u>ശ്രീ.എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോർ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്;

(ബി) മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ ഇത് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 31 ഗ്രാമപഞ്ചായത്തുകളിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ല.

(ബി) മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ പുതിയവ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനായുള്ള നടപടികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ഊർജ്ജിതമായി സ്വീകരിച്ചുവരുന്നു.

**നെല്ല് സംഭരണത്തിൽ സപ്ലൈകോയും മില്ലുടമകളും തമ്മിലുള്ള തർക്കം**

279 (T4441) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ് കിലോ നെല്ലിന് 68 കിലോ അരി സപ്ലൈകോയ്ക്ക് നല്കണമെന്ന് സപ്ലൈകോയും മില്ലുടമകളും തമ്മിൽ ധാരണ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇപ്പോൾ സംഭരിക്കുന്ന നെല്ലിൽ നിന്ന് ഇത്രയും അരി കിട്ടുന്നില്ലെന്ന മില്ലുടമകളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നഷ്ടം പരിഹരിക്കുന്നതിന് കൃഷിക്കാർ അധികം നെല്ല് നൽകണമെന്ന് മില്ലുടമകൾ നിർബന്ധം പിടിക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ;

(ഡി) ഇതിനെത്തുടർന്നുള്ള തർക്കത്തിൽ നെല്ല് സംഭരണം മുടങ്ങുകയോ വൈകുകയോ ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 100 കിലോഗ്രാം നെല്ലിൽനിന്ന് 68 കിലോഗ്രാം അരി മില്ലുകാർ സപ്ലൈകോയ്ക്ക് നൽകേണ്ടതാണെന്ന കാര്യത്തിൽ സപ്ലൈകോയും മില്ലുകാരും തമ്മിൽ ധാരണാപത്രം ഒപ്പിട്ടിട്ടുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ നിബന്ധനയനുസരിച്ച് കർഷകർ നൽകുന്ന 100 കിലോഗ്രാം നെല്ലിൽനിന്ന് 68 കിലോഗ്രാം അരി മില്ലുകാർ സപ്ലൈകോയ്ക്ക് നൽകേണ്ടതാണ്. നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ മാത്രമേ ഇത്രയും അരി സപ്ലൈകോയ്ക്ക് നൽകാൻ സാധിക്കുകയുള്ളൂ. നെല്ലിന്റെ ഗുണമേന്മയിൽ വ്യതിയാനം വരുന്നപക്ഷം, അത് കർഷകർ വൃത്തിയാക്കി നൽകേണ്ടതാണ്. ഈ വിഷയത്തിൽ മില്ലുടമകളും കൃഷിക്കാരും ഉന്നയിച്ച് പോരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പാർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ കൈവശം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി ഉത്പാദിപ്പിക്കപ്പെടുന്ന നെല്ല് സംഭരിക്കുന്നതിൽ വീഴ്ച വന്നിട്ടില്ല. നെല്ലിന്റെ ഗുണമേന്മയിൽ വ്യതിയാനം സംഭവിക്കുന്ന കാര്യങ്ങൾ പ്രധാനമായും

ഈർപ്പം, പതിര് എന്നിവയാണ്. ഈർപ്പമുള്ള നെല്ല് കർഷകർ ഉണക്കി നൽകേണ്ടതും പതിരുള്ള നെല്ല് പതിര് കളഞ്ഞ് വൃത്തിയാക്കി നൽകേണ്ടതുമാണ്. ഇക്കാരണങ്ങളാൽ നെല്ല് സംഭരണം വൈകുന്നുണ്ട്.

## നെല്ല് സംഭരണത്തിന് മില്ലുകൾ തയ്യാറാകാത്ത സാഹചര്യം

280(T*4442) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിക്കാൻ ചുമതലപ്പെട്ട മില്ലുകൾ യഥാസമയം അതിന് തയ്യാറാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവാരം കുറഞ്ഞ നെല്ലിൽനിന്ന് നിശ്ചിത തോതിൽ അരി ലഭിക്കാത്തതാണ് മില്ലുടമകളെ ഇതിന് പ്രേരിപ്പിക്കുന്നതെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) നിലവാരം കുറഞ്ഞ നെല്ലിൽനിന്നും ആധുനിക സംസ്കരണമാർഗ്ഗങ്ങളിലൂടെ അരി അനുബന്ധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പ്രസ്തുത കാര്യത്തിൽ സർക്കാറും മില്ലുടമകളും തമ്മിൽ തീരുമാനമാകാത്തതുമൂലം നെല്ല് പാടത്തുതന്നെ കിടന്നു നശിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) അരി അനുബന്ധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) സർക്കാരും മില്ലുടമകളും തമ്മിൽ തീരുമാനമാകാത്തതുമൂലം നെല്ല് പാടങ്ങളിൽ കിടന്ന് നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഏജൻസി**

281(4443) ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. കെ. എസ് .ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം പൊതുവിതരണത്തിനായി സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഏജൻസിയായി ആരെയാണ് നിയോഗിച്ചിട്ടുള്ളത്;

(ബി) ഏജൻസികളെ നിയോഗിക്കാൻ ഭക്ഷ്യഭദ്രതാ നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ വിവരിക്കുമോ;

(സി) ഏതെങ്കിലും കരാറിനായി, സപ്ലൈകോ ടെണ്ടർ സ്വീകരിച്ച നടപടിക്കെതിരെ കേസ്സ് നിലവിലുണ്ടോ; എങ്കിൽ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഏജൻസിയായി സപ്ലൈകോയെയാണ് നിയോഗിച്ചിട്ടുള്ളത്.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സെക്ഷൻ 24 (2) (എ) പ്രകാരവും കേന്ദ്രസർക്കാരിന്റെ 2015-ലെ റ്റി.പി.ഡി.എസ്. ഉത്തരവ് ജി.എസ്.ആർ. 213 (ഇ) 7 പ്രകാരവും ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽനിന്നും വിട്ടെടുക്കുന്നത് സർക്കാർ അധികാരപ്പെടുത്തിയ ഏജൻസിയായിരിക്കണമെന്ന് അനുശാസിക്കുന്നു. ടി ശാസനം അനുസരിച്ച് 29-8-2016-ൽ സംസ്ഥാന സർക്കാർ സപ്ലൈകോയെ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.-യിൽനിന്നും വിട്ടെടുത്ത് റേഷൻ ഡിപ്പോകളിൽ എത്തിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി നിയമിച്ചു.

(സി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി എഫ്.സി.ഐ. / സി.എം.ആർ. ഗോഡൗണുകളിൽനിന്നും സപ്ലൈകോ നോട്ടിഫൈഡ് ഡിപ്പോ ഗോഡൗണുകളിലേക്കും ടി ഗോഡൗണുകളിൽനിന്നും

ചില്ലറ വ്യാപാരികൾക്ക് റേഷൻ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുള്ള കടത്തുകരാറിനെതിരെ 6 കേസുകളും ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കരാറിനെതിരെ ഒരു കേസും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ

282(4444) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകൾ, സപ്ലൈകോ എന്നിവ വഴി ഏതെല്ലാം സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്; വ്യക്തമാക്കുമോ;

(ബി) സബ്സിഡി നിരക്കിൽ വില്ക്കുന്ന സാധനങ്ങളുടെ പൊതുമാർക്കറ്റിലെ വില വിവരം വെളിപ്പെടുത്തുമോ;

(സി) മാവേലി, സപ്ലൈകോ എന്നിവ വഴി സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുവാൻ ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുക വ്യക്തമാക്കുമോ ;

(ഡി) മാവേലി/സപ്ലൈകോ സ്റ്റോറുകൾവഴി കുടുംബശ്രീ/മറ്റ് പ്രാദേശിക ഉല്പന്നങ്ങൾ എന്നിവ വിൽക്കുന്നതിന് വിലക്ക് നിലവിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത വിലക്ക് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, തുവരപരിപ്പ്, വൻപയർ, വെളിച്ചെണ്ണ, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി എന്നിവയാണ് സപ്ലൈകോ വിൽപ്പനശാലകൾവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ. ടി 13 ഇനങ്ങൾക്കുപുറമേ അരി വില വർദ്ധനവിനെത്തുടർന്ന് എഫ്.സി.ഐ.-യിൽനിന്നും സംഭരിക്കുന്ന പുഴക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയും സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിവരുന്നു.

(ബി) സബ്സിഡി നിരക്കിൽ വില്ക്കുന്ന സാധനങ്ങളുടെ പൊതുമാർക്കറ്റിലെ വിലവിവരം അനുബന്ധമായി *ചേർക്കുന്നു.

(സി) മാവേലി, സപ്ലൈകോ എന്നിവ വഴി സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുവാൻ 2016 ജൂൺ മുതൽ 2017 മാർച്ച് വരെ 1007.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി & ഇ) മാവേലി/സപ്ലൈകോ സ്റ്റോറുകൾവഴി കുടുംബശ്രീ/മറ്റ് പ്രാദേശിക ഉത്പന്നങ്ങൾ എന്നിവ വിൽക്കുന്നതിന് വിലക്കുകളൊന്നുംതന്നെ നിലവിലില്ല.

## മണലൂർ മണ്ഡലത്തിലെ മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ് എന്നിവയുടെ വിശദാംശങ്ങൾ

283(4445) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ് എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത സ്റ്റോറുകളിൽ സബ്സിഡി നിരക്കിലുള്ള സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സ്റ്റോറുകളിൽ അനുവദിക്കപ്പെട്ട തസ്തികകളുടെയും നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഏതെങ്കിലും സ്റ്റോറിൽ ജീവനക്കാരുടെ ഒഴിവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് നികത്താൻ സ്വീകരിച്ച നടപടി എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) മണലൂർ മണ്ഡലത്തിൽ തൃശ്ശൂർ ഡിപ്പോയുടെ കീഴിൽ കാഞ്ഞാണിയിലും ചാവക്കാട് ഡിപ്പോയുടെ കീഴിൽ വെങ്കിടങ്ങ്, മുല്ലശ്ശേരി, പൂവത്തൂർ എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകളും ചാവക്കാട് ഡിപ്പോയുടെ കീഴിൽ വാടാനപ്പള്ളി, പാവറട്ടി എന്നിവിടങ്ങളിൽ സൂപ്പർ മാർക്കറ്റുകളും പ്രവർത്തിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ വില്പനശാലകളിലും സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡി നിരക്കിലുള്ള വിൽപ്പനക്കുശേഷം മാത്രമേ മറ്റ് നിരക്കുകളിൽ വിൽപ്പന നടത്താവൂ എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി & ഡി ) സംസ്ഥാനതലത്തിലാണ് സപ്ലൈകോയിൽ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുള്ളത്. ഓരോ ഔട്ട്ലെറ്റുകൾ/ഡിപ്പോകൾ തിരിച്ച് തസ്തികകൾ നിശ്ചയിക്കപ്പെട്ടിട്ടില്ല. അതിനാൽ ഒരു പ്രത്യേക സ്റ്റോറിലെ ഒഴിവ് കണ്ടെത്താനാവില്ല. നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ വിഹിതം**

284 (4446) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ :
ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം എത്ര ശതമാനമാണ് വെട്ടിക്കുറച്ചത്;

(ബി) സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം വെട്ടിക്കുറക്കുന്നതിന് കേന്ദ്രസർക്കാർ നല്കുന്ന ന്യായീകരണങ്ങൾ വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധന മേഖലക്ക് മണ്ണെണ്ണ സബ്സിഡി നിരക്കിൽ നല്കേണ്ടതില്ലെന്നാണോ കേന്ദ്രനയം എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ കുറേവർഷങ്ങളായി കേന്ദ്രത്തിൽനിന്നും ലഭ്യമാകുന്ന മണ്ണെണ്ണയുടെ വിഹിതത്തിൽ തുടർച്ചയായ കുറവ് വരുന്നുണ്ട്. 2017-18 ആദ്യ പാദത്തിൽ ലഭ്യമായ 15456 കിലോ ലിറ്റർ മണ്ണെണ്ണ 2016-17 ആദ്യപാദത്തിൽ ലഭ്യമായ 27960 കിലോ ലിറ്റർ മണ്ണെണ്ണയേക്കാൾ 44% കുറവ് വരുത്തിയാണ് കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി & സി) പി.ഡി.എസ്. മണ്ണെണ്ണ പാചക ആവശ്യത്തിനും വിളക്ക് കത്തിക്കാനും മാത്രമേ ഉപയോഗിക്കാവൂ എന്ന് കേന്ദ്രം കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. പാചക വാതക കണക്ഷനുകളിലും വൈദ്യുതീകരിച്ച വീടുകളുടെ എണ്ണത്തിലുണ്ടായ ആനുപാതിക വർദ്ധനവും മണ്ണെണ്ണ വിഹിതം കുറയ്ക്കുവാൻ കാരണമായിട്ടുണ്ട്. മാത്രമല്ല പി.ഡി.എസ്. മണ്ണെണ്ണ മത്സ്യബന്ധനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കേന്ദ്രം അംഗീകരിച്ചിട്ടില്ല.

**ദേവികുളം നിയോജക മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ**

285(4447) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഏതെല്ലാം ഭാഗങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സഞ്ചരിക്കുന്ന മാവേലി സ്റ്റോർ സൗകര്യം കൂടുതൽ സ്ഥലങ്ങളിൽ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ സപ്ലൈകോ വില്പനശാലകളില്ലാത്ത കാന്തല്ലൂർ, മറയൂർ, വട്ടവട, ദേവികുളം, ഇടമലക്കുടി (പെട്ടിമുടി) എന്നീ പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിലാണ് സഞ്ചരിക്കുന്ന മാവേലി സ്റ്റോർ പ്രവർത്തിക്കുന്നത്.

(ബി) സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എന്ന പദ്ധതി പ്രധാനമായും പിന്നോക്ക മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ ഭൂമിശാസ്ത്രപരമായും സാമൂഹ്യപരമായും പിന്നാക്കം നിൽക്കുന്ന മേഖലകളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്കെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് നടപ്പിൽ വരുത്തുന്നത്. കേന്ദ്ര സർക്കാരിന്റെയോ, എം.എൽ.എ. ഫണ്ടിൽ നിന്നോ, സാമ്പത്തിക സഹായം ലഭ്യമാകുന്ന സമയത്താണ് പുതിയതായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കാനാകുന്നത്. നിലവിലെ സാഹചര്യത്തിൽ പുതിയതായി സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

## പലവ്യഞ്ജന സാധനങ്ങൾക്ക് അഞ്ച് വർഷത്തേയ്ക്ക് സ്ഥിരവില

286(4448) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് വാഗ്ദാന പ്രകാരം ഏതെല്ലാം പലവ്യഞ്ജന സാധനങ്ങൾക്കാണ് അഞ്ച് വർഷത്തേയ്ക്ക് സർക്കാർ സ്ഥിരവില നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഓരോ ഇനത്തിന്റെയും വിലവിവരം അറിയിക്കാമോ;

(സി) പ്രസ്തുത സാധനങ്ങൾ എവിടെ നിന്നെല്ലാം ലഭിക്കുമെന്നും ലഭ്യമാകുന്ന അളവ് എത്രയാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, തുവരപ്പരിപ്പ്, വൻപയർ, വെളിച്ചെണ്ണ, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി എന്നീ പലവ്യഞ്ജന സാധനങ്ങൾക്കാണ് അഞ്ച് വർഷത്തേയ്ക്ക് സർക്കാർ സ്ഥിരവില നിശ്ചയിച്ചിട്ടുള്ളത്.

(ബി) വില വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വിലവിവരം |
|---|---|---|
| 1 | ചെറുപയർ | 66 |
| 2 | ഉഴുന്ന് ബോൾ | 66 |
| 3 | വൻകടല | 43 |
| 4 | തുവരപ്പരിപ്പ് | 65 |
| 5 | വൻപയർ | 45 |
| 6 | വെളിച്ചെണ്ണ (ലിറ്ററിന്) | 90 |
| 7 | മുളക് | 75 |
| 8 | മല്ലി | 92 |
| 9 | പഞ്ചസാര | 22 |

| | | |
|---|---|---|
| 10 | പച്ചരി | 23 |
| 11 | മട്ട അരി | 24 |
| 12 | ജയ അരി | 25 |
| 13 | കുറുവ അരി | 25 |

(സി) സബ്സിഡി സാധനങ്ങളും മറ്റ് അവശ്യസാധനങ്ങളും സപ്ലൈകോയുടെ എല്ലാ വില്പനശാലകളിലും ലഭ്യമാണ്. ഒരു റേഷൻ കാർഡിന് ചെറുപയർ, ഉഴുന്ന്, കടല, തുവരപ്പരിപ്പ്, വൻപയർ, പഞ്ചസാര എന്നിവ 1 കിലോഗ്രാം വീതവും മുളക്, മല്ലി എന്നിവ അര കിലോഗ്രാം വീതവും ജയ അരി, മട്ട അരി, കുറുവ അരി, പച്ചരി എന്നിവ മാസത്തിൽ 2 തവണയായി 10 കിലോഗ്രാം വീതവും ലഭ്യമാണ്.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ സ്ഥാപനങ്ങൾ**

287(4449) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളുണ്ട്; അവ ഏതെല്ലാം;

(ബി) പുതുതായി ഏതെങ്കിലും സ്ഥാപനം തുടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ ഒറ്റപ്പാലം താലൂക്ക് സപ്ലൈ ഓഫീസും സിവിൽ സപ്ലൈസ് കോർപ്പറേഷനുകീഴിൽ 7 വിൽപ്പനശാലകളും പ്രവർത്തിക്കുന്നുണ്ട്.

1. അമ്പലപ്പാറ മാവേലി സ്റ്റോർ
2. എലമ്പുലാശ്ശേരി മാവേലി സ്റ്റോർ
3. കല്ലുവഴി മാവേലി സ്റ്റോർ

4. കടമ്പഴിപ്പുറം മാവേലി സ്റ്റോർ

5. ശ്രീകൃഷ്ണപുരം സൂപ്പർ മാർക്കറ്റ്

6. ഒറ്റപ്പാലം മാവേലി മെഡിക്കൽ സ്റ്റോർ

7. പീപ്പിൾസ് ബസാർ, ഒറ്റപ്പാലം

(ബി) സിവിൽ സപ്ലൈസ് വകുപ്പിന് നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ കരിമ്പുഴ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ട്. ആയതിന് അനുമതി നൽകിയിട്ടുണ്ട്.

**കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

288(T*4450) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മില്ലുടമകളുടെ ചൂഷണം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം ആവിഷ്കരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ ഭാഗമാണ് നെല്ല് സംഭരണ വിതരണ പദ്ധതി. ഈ പദ്ധതി പ്രകാരം കർഷകർ നെല്ല് സംഭരണത്തിലെ പൊതുനിബന്ധനകൾക്ക് വിധേയമായി ഓൺലൈൻ ആയി രജിസ്ട്രേഷൻ നടത്തേണ്ടതും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുമ്പോൾ കർഷകർക്ക് രജിസ്ട്രേഷൻ ഐഡന്റിറ്റി നമ്പർ നൽകുന്നതുമാണ്. ഇങ്ങനെ രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും നിർവ്വഹണ ഏജൻസിയായ സപ്ലൈകോയുമായി കരാർ ഒപ്പിട്ടിട്ടുള്ള മില്ലുകൾ മുഖാന്തരം നെല്ല് സംഭരിക്കുന്നു.

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കർഷകരോ സ്ഥാപനങ്ങളോ പരാതി ഉന്നയിച്ചിട്ടില്ല. എങ്കിലും കൃത്യമായ പരിശോധന മില്ലുകളിൽ ഉറപ്പ് വരുത്തുന്നുണ്ട്.

## കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന് വില

289(T*4451) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്കുവേണ്ടി കർഷകരിൽനിന്നും വിവിധ മില്ലുടമകൾ സംഭരിക്കുന്ന നെല്ലിന് മില്ലുടമകൾക്കും കർഷകനും യഥാസമയം വില ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ തൂക്കം കിഴിച്ച് മാത്രം മില്ലുടമകൾ കർഷകർക്ക് വില നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗുണമേന്മയുടെ പേരിൽ തൂക്കം കുറക്കുന്നത് ഒഴിവാക്കുന്നതിനായി മില്ലുടമകൾ വഴി സ്വീകരിക്കുന്ന നെല്ലിന്റെ പരിശോധനയ്ക്ക് മില്ലുടമകളുടെ ഏജന്റിന് പകരം കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽനിന്നും നെല്ല് സംഭരിച്ചതിനുശേഷം ആയതിന്റെ അളവനുസരിച്ച് മാത്രമാണ് തുക ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിക്കുന്നത്. കേന്ദ്ര സർക്കാർ നല്കുന്ന മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി.) അടിസ്ഥാന താങ്ങുവിലയായ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് (എസ്.ഐ.ബി.) എന്നിവയിൽ നിന്നുമാണ് നെല്ലിന് വില നല്കിവരുന്നത്. കേന്ദ്ര സർക്കാരിൽ നിന്നുമുള്ള തുക ലഭ്യമാകുന്നമുറയ്ക്ക് നെല്ലിന്റെ വില കർഷകർക്ക് കൃത്യമായി വിതരണം ചെയ്യുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് ലഭിക്കുന്ന അരിയുടെ ഗുണനിലവാരം**

290(4452) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് ലഭിക്കുന്നത് ഗുണനിലവാരം കുറഞ്ഞ അരിയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത്തരം അരി ലഭിക്കുന്നത് എവിടെയെല്ലാമാണെന്നും ഇത്തരം പരാതി ഒഴിവാക്കുന്നതിനായി എന്ത് നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കുമോ;

(സി) സ്കൂളുകളിൽ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് ലഭിക്കുന്ന അരി ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗുണമേന്മാ ഉദ്യോഗസ്ഥർ പ്രത്യേക പരിശോധന നടത്തി ഗുണമേന്മ ഉറപ്പാക്കി ടി പദ്ധതിക്കായി അലോട്ട് ചെയ്യുന്നു. ഈ അരി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗുണമേന്മ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥർ പരിശോധിച്ച് മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പുവരുത്തിയതിന് ശേഷമാണ് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽനിന്ന് വിട്ടെടുക്കുന്നത്. ഇങ്ങനെ വിട്ടെടുക്കുന്ന അരി സപ്ലൈകോ ഡിപ്പോകളിൽനിന്നും വില്പനശാലകളിൽനിന്നും സ്കൂളുകളിലേയ്ക്ക് വിതരണം നടത്തുന്ന അവസരങ്ങളിലും ഗുണമേന്മ സംബന്ധിച്ച പരിശോധനയും ഫിഫോ (FIFO) (ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട്) രീതിയും തുടരുന്നു. ഏതെങ്കിലും തരത്തിൽ ഗുണമേന്മ സംബന്ധിച്ച സംശയം ഉടലെടുക്കുന്ന അവസരത്തിൽ ഡിപ്പോ തലത്തിൽ ലഭ്യമായ ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

**വാതിൽപ്പടി റേഷൻ വിതരണം**

291 (4453) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാതിൽപ്പടി റേഷൻ വിതരണം എന്നു മുതൽ ആരംഭിക്കും; ഏത് ഏജൻസി മുഖേനയാണ് വാതിൽപ്പടി റേഷൻ വിതരണം നടത്തുകയെന്ന് അറിയിക്കുമോ;

(ബി) എപ്രകാരമാണ് ഈ പദ്ധതിയുടെ വിതരണ നടപടി സ്വീകരിക്കുന്നത്; നടപടിക്രമങ്ങളുടേയും വിതരണത്തിന്റെയും വിശദാംശം നൽകുമോ?

ഉത്തരം

(എ) 2017 മാർച്ച് മാസം മുതൽ പൈലറ്റ് പ്രോജക്ടായി കൊല്ലം ജില്ലയിലും തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മേയ് മാസം മുതലും വാതിൽപ്പടി വിതരണം ആരംഭിച്ചു. ശേഷിക്കുന്ന ജില്ലകളിൽ അടുത്ത ഘട്ടമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ മുഖേനയാണ് വാതിൽപ്പടി റേഷൻ വിതരണം നടത്തുന്നത്.

(ബി) സർക്കാരിന്റെ അംഗീകൃത ഏജൻസിയായ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എഫ്.സി.ഐ.- യിൽനിന്നും റേഷൻ സാധനങ്ങൾ വിട്ടെടുത്ത് സപ്ലൈകോയുടെ താലൂക്കുതല ഇന്റർമീഡിയറി ഗോഡൗണിൽ സൂക്ഷിച്ച് അംഗീകൃത ട്രാൻസ്പോർട്ടിംഗ് കരാറുകാരാൽ ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ എത്തിക്കുമ്പോഴാണ് വാതിൽപ്പടി വിതരണ നടപടി പൂർത്തിയാകുന്നത്. കൂടാതെ യഥാർത്ഥ ഉപഭോക്താവിന് തന്നെയാണ് റേഷൻ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ നിരീക്ഷിക്കുവാനായി ഇവയിൽ ജി.പി.എസ്. സൗകര്യം ഏർപ്പെടുത്തുവാനും നിശ്ചയിച്ചിട്ടുണ്ട്.

**ഭക്ഷ്യധാന്യങ്ങൾ പൂഴ്ത്തിവച്ചുണ്ടാക്കുന്ന വിലക്കയറ്റത്തിനെതിരെ നിയമനിർമ്മാണം**

292(4454) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റത്തിന് ആധാരമാകുന്ന പൂഴ്ത്തിവപ്പ് പോലുള്ള സംഭവങ്ങൾ കണ്ടെത്തുമ്പോൾ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ;

(ബി) ഭക്ഷ്യധാന്യങ്ങൾ പൂഴ്ത്തിവച്ചുണ്ടാക്കുന്ന വിലക്കയറ്റം കണ്ടെത്തി, കേസ് രജിസ്റ്റർ ചെയ്യുമ്പോൾ ഇത്തരം കച്ചവട മാഫിയകൾക്ക് കഠിന ശിക്ഷ ഉറപ്പു വരുത്തുന്ന രീതിയിൽ നിയമനിർമ്മാണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിലക്കയറ്റത്തിന് ആധാരമാകുന്ന പൂഴ്ത്തിവയ്പ്പ് പോലുള്ള സംഭവങ്ങൾ കണ്ടെത്തുമ്പോൾ നിയമലംഘനം നടത്തുന്നവർക്കെതിരെ 1955-ലെ അവശ്യ സാധനനിയമം, 1966-ലെ കേരള റേഷനിംഗ് ഓർഡർ, 1980-ലെ പ്രിവൻഷൻ ഓഫ് ബ്ലാക്ക് മാർക്കറ്റിംഗ് മെയിന്റനൻസ് ആന്റ് സപ്ലൈ ഓഫ് എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് എന്നീ നിയമങ്ങൾ അനുശാസിക്കുന്ന ചട്ടങ്ങളനുസരിച്ച് നിയമ നടപടികൾ സ്വീകരിക്കുകയും അനധികൃതമായി സൂക്ഷിച്ചിരിക്കുന്ന ഭക്ഷ്യസാധനങ്ങൾ പിടിച്ചെടുത്ത് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന പ്രകാരം പൊതുവിതരണ ശൃംഖല വഴിയും സപ്ലൈകോ ഔട്ട്‌ലെറ്റ് വഴിയും വില്പന നടത്തി ലഭിക്കുന്ന തുക റവന്യൂ ഡെപ്പോസിറ്റായി സൂക്ഷിച്ച് സർക്കാരിലേയ്ക്ക് വസൂലാക്കുന്നു.

(ബി) നിയമ ലംഘനം നടത്തുന്നവരെ പ്രോസിക്യൂട്ട് ചെയ്യാനും നിയമ ലംഘനത്തിന്റെ വ്യാപ്തിയനുസരിച്ച് തടങ്കലിൽ വയ്ക്കുക, പിഴ ഈടാക്കുക തുടങ്ങിയ കർശന ശിക്ഷണ നടപടികൾക്ക് നിലവിലെ നിയമത്തിൽതന്നെ വ്യവസ്ഥയുണ്ട്.

**റേഷൻകടകളിലൂടെയുള്ള ഭക്ഷ്യധാന്യ വിതരണം**

293(4455) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകടകൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനായി ലഭ്യമാക്കുന്നത് മാസംതോറുമാണോ;

(ബി) ഓരോ റേഷൻകടക്കും അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും വിതരണം ചെയ്യാതെ ബാക്കി വരുന്നതുമായ ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിക്കാറുണ്ടോ;

(സി) കൊച്ചി താലൂക്കിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഈ റേഷൻ കടകൾക്ക് 2016-17 കാലയളവിൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ എത്രയെന്നും മാസംതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ കാലയളവിൽ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കായി വിതരണം ചെയ്തതും വിതരണം ചെയ്യാതെ ബാക്കിവന്നതുമായ ഭക്ഷ്യധാന്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഓരോ മാസവും വിതരണം ചെയ്യാതെ ബാക്കിവരുന്ന ഭക്ഷ്യധാന്യങ്ങൾ അർഹരായവർക്ക് ലഭ്യമാക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അതെ

(ബി) ഉണ്ട്.

(സി) 88 റേഷൻ കടകൾ. 2016-17 കാലയളവിൽ കൊച്ചി താലൂക്കിലെ റേഷൻ കടകൾക്ക് അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെ മാസംതിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ഡി) വിതരണം ചെയ്തത്

| ഇനം | ബി.പി.എൽ. (മെ. ടൺ) | എ.പി.എൽ. (മെ.ടൺ) |
|---|---|---|
| അരി | 4379 | 3031.755 |
| ഗോതമ്പ് | 475.055 | 1014.891 |

വിതരണം ചെയ്യാതെ ബാക്കിവന്നത്.

| ഇനം | ബി.പി.എൽ. (മെ. ടൺ) | എ.പി.എൽ. (മെ.ടൺ) |
|---|---|---|
| അരി | 343.704 | 301.017 |
| ഗോതമ്പ് | 79.512 | 156.649 |

(ഇ) ഓരോ മാസവും വിതരണം ചെയ്യാതെ ബാക്കിവരുന്ന ഭക്ഷ്യധാന്യങ്ങൾ റേഷൻ സംവിധാനത്തിൽനിന്നും നഷ്ടപ്പെടുന്നില്ല. ഈ വിഹിതംകൂടി ഉൾപ്പെടുത്തിയാണ് അടുത്ത മാസത്തെ വിതരണം നടപ്പിലാക്കുന്നതും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൂർത്തീകരിക്കുന്നതും. ആയതിനാൽ ബാക്കിവരുന്ന ഭക്ഷ്യധാന്യങ്ങൾ അർഹരായവർക്ക് തന്നെയാണ് ലഭ്യമാക്കുന്നത്.

**സൂപ്പർമാർക്കറ്റുകളും ആധുനീകരിച്ച മാവേലി സ്റ്റോറുകളും ആരംഭിക്കൽ**

294(4456) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂപ്പർമാർക്കറ്റുകളും ആധുനീകരിച്ച മാവേലി സ്റ്റോറുകളും ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ഇടപ്പോൺ ജംഗ്ഷനിൽ പുതിയ സൂപ്പർമാർക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ സൂപ്പർ മാർക്കറ്റുകളും ആധുനീകരിച്ച മാവേലി സ്റ്റോറുകളും ആരംഭിക്കുന്നതിന് പ്രത്യേകിച്ച് പദ്ധതിയൊന്നും തയ്യാറാക്കിയിട്ടില്ല. നിലവിൽ കുറഞ്ഞത് 500 ചതുരശ്ര അടിയെങ്കിലും വിസ്തീർണ്ണമുള്ളതും പാർക്കിംഗ്, ഗതാഗതം, ടോയ്‌ലെറ്റ് സൗകര്യങ്ങളുമുള്ള മെച്ചപ്പെട്ട കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ പ്രവർത്തനമാരംഭിക്കുന്നത്. കൂടാതെ 10 ലക്ഷത്തിൽക്കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം ലഭ്യമാക്കി സൂപ്പർ മാർക്കറ്റുകളായി ഉയർത്തി പ്രവർത്തിച്ചുവരുന്നു.

(ബി) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പഞ്ചായത്തിൽ ഇടപ്പോൺ ജംഗ്ഷനിൽ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല.

**ഹോട്ടലുകൾ ഭക്ഷണസാധനത്തിന്റെ വില പ്രദർശിപ്പിക്കണമെന്ന നിയമം**

295(4457) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്റ്റാർ ഹോട്ടലുകൾ ഒഴികെയുള്ള ഹോട്ടലുകളിൽ ഭക്ഷണസാധനത്തിന്റെ വില നിശ്ചയിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും നിലവിൽ നിയമം ഉണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഒരു നിയമനിർമ്മാണം പരിഗണനയിൽ ഉണ്ടോ;

(സി) ഹോട്ടലുകളിലും ബേക്കറികളിലും ഭക്ഷണസാധനങ്ങളുടെ വില പ്രദർശിപ്പിക്കണമെന്ന് നിലവിൽ നിയമംമൂലം നിഷ്കർഷിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ മേഖലയിൽ സർക്കാർ ഇടപെടൽ പരിഗണനയിൽ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിയമം കർശനമായി നടപ്പിലാക്കാൻ സർക്കാർ ഏത് വിധത്തിൽ ഇടപെടുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിലാണ് വില ഈടാക്കുന്നത്. ഇത് ഏകീകരിക്കുന്നതിന് നിലവിൽ നിയമമില്ല. ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതും ഉറപ്പുവരുത്തുന്നതും ഭക്ഷ്യ സുരക്ഷാ വകുപ്പാണ്.

(ബി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നല്കിയ "2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ" നമ്പർ 382-ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്നകാര്യം പരിശോധിക്കുന്നതിനായി 10-8-2016 തീയതിയിൽ ഒരു യോഗം ചേർന്നിരുന്നു. നിയമംമൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധുതയില്ലെന്നും ആയത് അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നുവന്നത്. ഇതിന്റെയടിസ്ഥാനത്തിൽ ടി ബില്ലിന് പ്രസക്തിയില്ലെന്ന് കണ്ടതിനാൽ മറ്റെന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഇ) ഭക്ഷണ സാധനങ്ങളുടെ വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ഉറപ്പ് വരുത്താനായും വില വിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിൽ കൂടുതൽ വില ഭക്ഷണ സാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കുന്നതിനുമായി പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of Prices by Catering Establishments) Order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order എന്നിവ പ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**പി.എം.യു.വൈ. ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ**

296(4458) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ പോകുന്ന ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണ്; ഇവയ്ക്കായുള്ള കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്; മുൻ വർഷത്തിൽ ഈ പദ്ധതികൾക്കായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ "പ്രധാൻ മന്ത്രി ഉജ്ജ്വൽ യോജന(പി.എം.യു.വൈ.)" എൽ.പി. ജി. കണക്ഷൻ ടു ബി.പി.എൽ. ഫാമിലീസ് പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ (1) അന്നപൂർണ്ണ പദ്ധതി (2) ആദ്യാന്ത കമ്പ്യൂട്ടർവത്ക്കരണ പദ്ധതി (3) ഉപഭോക്തൃ ബോധവത്ക്കരണ പരിപാടി (4) ഉപഭോക്തൃ തർക്കപരിഹാര കമ്മീഷന്റെ ജില്ലാ ഫോറങ്ങളുടെയും അടിസ്ഥാന സൗകര്യ വികസന പദ്ധതി എന്നിവയാണ്. വിശദ

വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ | മുൻവർഷം (2016-17) ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | അന്നപൂർണ്ണ പദ്ധതി | 203.2 ലക്ഷം | 50.8 ലക്ഷം | 254 ലക്ഷം | ഇല്ല. |
| 2 | ആദ്യാന്ത കമ്പ്യൂട്ടർ വത്കരണ പദ്ധതി | 1,21,73,645 | 5,65,95,271 (മുൻ വർഷം ഉപയോഗിക്കാത്തത് ഉൾപ്പെടെ) | 6,87,68,916 | 780.63 ലക്ഷം |
| 3 | ഉപഭോക്തൃ ബോധ വത്ക്കരണ പരിപാടി | 24,22,000 | ഇല്ല | 24,22,000 | 21,97,510 രൂപ |
| 4 | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെയും ജില്ലാ ഫോറങ്ങളുടെയും അടിസ്ഥാന സൗകര്യവികസന പദ്ധതി | 262.75 ലക്ഷം | ഇല്ല | 262.75 ലക്ഷം | ഇല്ല. |

(ബി) പ്രധാൻമന്ത്രി ഉജ്ജ്വൽ യോജന പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാനത്ത് 1.4 ലക്ഷം എൽ.പി.ജി. കണക്ഷനുകൾ ഈ

പദ്ധതി പ്രകാരം അനുവദിക്കാൻ തീരുമാനമായിട്ടുണ്ട്. എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും വിവരം നൽകുകയും ഗുണഭോക്താക്കൾക്ക് ബോധവത്ക്കരണം നൽകുകയും ചെയ്യുന്നുണ്ട്. യോഗ്യരായ അപേക്ഷകർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ കണക്ഷനുകൾ നൽകി ആവശ്യമായ തുക എണ്ണക്കമ്പനികൾ വഴി കേന്ദ്രസർക്കാർ ഏജൻസികൾക്ക് നൽകുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തിന് യാതൊരു തരത്തിലുള്ള ഫണ്ടും ലഭ്യമാകുന്നില്ല.

**ലീഗൽ മെട്രോളജി വകുപ്പിന്റെ അധികാരങ്ങൾ**

297(4459) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാക്കുന്നു എന്ന് പരിശോധിക്കാൻ ലീഗൽ മെട്രോളജി വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾക്ക് മുൻതൂക്കം നൽകി, സമയബന്ധിതമായി അവ പരിശോധിക്കാനും പരിഹരിക്കാനും ഉള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുമോ;

(സി) പൊതുസ്ഥലങ്ങളിൽ വിൽക്കുന്ന പാക്ക് ചെയ്ത ഭക്ഷണ പദാർത്ഥങ്ങൾക്ക് അമിത വില ഈടാക്കാതിരിക്കാനും നിയന്ത്രിക്കാനും വകുപ്പിനുള്ള അധികാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ജില്ലാതലത്തിൽ ജനറൽ അസിസ്റ്റന്റ് കൺട്രോളർമാരും ഫ്ലൈയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളർമാരും താലൂക്ക് തലത്തിൽ ഇൻസ്പെക്ടർമാരും ലീഗൽ മെട്രോളജി നിയമപ്രകാരമുള്ള പരിശോധനാജോലികളും വെരിഫിക്കേഷൻ ജോലികളും നടത്തിവരുന്നു. ഉപയോക്താക്കൾ ഉപയോഗിക്കുന്ന അളവ് തൂക്ക ഉപകരണങ്ങൾ പരിശോധനാ വിധേയമാക്കി നിയമം അനുശാസിക്കുന്ന

പ്രകാരമുള്ളവ മുദ്രചെയ്തും അല്ലാതെയുള്ളവ തിരസ്കരിച്ചും വെരിഫിക്കേഷൻ ജോലികൾ കാലാനുസൃതമായി ഡിപ്പാർട്ട്മെന്റ് ചെയ്തുവരുന്നു. കൃത്യമായ അളവും തൂക്കവും ഉറപ്പുവരുത്താൻ മിന്നൽ പരിശോധനകൾ നടത്തി കുറ്റം ചെയ്തവർക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. പായ്ക്ക് ചെയ്ത ഉൽപ്പന്നങ്ങൾ നിശ്ചിത അളവിൽ തന്നെയാണ് പായ്ക്ക് ചെയ്തത് എന്നതുസംബന്ധിച്ച പരിശോധനകൾ നടത്താറുണ്ട്. ലീഗൽ മെട്രോളജി വകുപ്പിന്റെ നെറ്റ് കണ്ടന്റ് വെരിഫിക്കേഷൻ യൂണിറ്റ് അളവിൽ കുറവുവരുത്തി പായ്ക്ക് ചെയ്ത് നിയമലംഘനം നടത്തുന്നവർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ലീഗൽ മെട്രോളജി നിയമങ്ങളെപ്പറ്റി പൊതുജനങ്ങൾക്കിടയിൽ അവബോധ ക്ലാസുകൾ/സെമിനാറുകൾ എന്നിവയും വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്.

(ബി) പൊതുജനങ്ങളുടെ പരാതിയുള്ള മേഖലകളിൽ വില്പന നടത്തുമ്പോൾ തൂക്കത്തിലുള്ള കുറവ് കണ്ടെത്തുന്നതിന് പ്രത്യേക മിന്നൽ പരിശോധന നടത്തുന്നു. നേരിട്ടും ടെലിഫോൺ വഴിയും ഇ-മെയിൽ വഴിയും പരാതികൾ സ്വീകരിക്കുകയും വ്യക്തമായ മേൽവിലാസം നൽകുന്ന പരാതിക്കാരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

(സി) നേരത്തെ പായ്ക്ക് ചെയ്ത് എത്തിച്ചിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ ഉൾക്കൊള്ളുന്ന പായ്ക്കറ്റുകൾക്ക് നിയമാനുസരണമുള്ള പ്രഖ്യാപനങ്ങൾ ആവശ്യമാണ്. അവയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ളതിൽ കൂടുതൽ വില ഈടാക്കുന്നത് പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് 2011, ചട്ടം 18 (2) പ്രകാരം കുറ്റകരമാണ്. ഒരിക്കൽ രേഖപ്പെടുത്തിയത് മാറ്റി കൂടുതൽ വില രേഖപ്പെടുത്തി വില്ക്കാനും നിയമത്തിൽ വ്യവസ്ഥയില്ല. പാക്കേജുകളിൽ രേഖപ്പെടുത്തിയിട്ടുള്ള പരമാവധി ചില്ലറ വില്പന വില മായ്ക്കുകയോ തിരുത്തുകയോ മറയ്ക്കുകയോ ചെയ്യുന്നത് ചട്ടം 18 (5) പ്രകാരം കുറ്റകരമാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 4183, 4209, 4217, 4243, 4255, 4304, 4343, 4421 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 a.m]

## II. റൂളിംഗ്

### നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

<u>മി. സ്പീക്കർ</u>: നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്തുതന്നെ മറുപടി ലഭ്യമാക്കണമെന്നത് ചട്ടപ്രകാരം അനിവാര്യമായ കാര്യമാണ്. ഇതു സംബന്ധിച്ച് നിരവധി പ്രാവശ്യം റൂളിംഗുകളും ഓർമ്മപ്പെടുത്തലുകളും ചെയറിൽനിന്നും ഉണ്ടായിട്ടുള്ളതുമാണ്. മുൻഗാമികളായ സ്പീക്കർമാരും ഇതുസംബന്ധിച്ച് നിരവധി റൂളിംഗുകൾ നൽകിയതായി കാണുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഗുണപരമായ പുരോഗതി ഉണ്ടാകുന്നില്ല എന്നതും വീണ്ടും വീണ്ടും ഇതുസംബന്ധിച്ച പരാതികൾ ഉയരുന്നു എന്നതും ചെയറിനെ വല്ലാതെ അസ്വസ്ഥതപ്പെടുത്തുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ പലപ്പോഴായി ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. കൂടാതെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 10-5-2017-ന് നൽകിയ കത്തിൽ അന്നേ ദിവസത്തേയ്ക്ക് നോട്ടീസ് നൽകിയിരുന്ന 333 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 19 എണ്ണത്തിനുമാത്രമേ ചട്ടം 47(1) പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഉത്തരം നൽകിയിരുന്നുള്ളൂവെന്ന് അറിയിച്ചിരുന്നു.

ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ പ്രസ്തുത പരാതി വസ്തുതാപരമാണെന്നും അന്നേ ദിവസത്തെ കുറേ ചോദ്യങ്ങൾക്കുള്ള മറുപടികൾ തൊട്ടടുത്ത ദിവസങ്ങളിൽ നൽകിയിരുന്നതായും കാണുകയുണ്ടായി. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, 244 ചോദ്യങ്ങൾക്കുള്ള മറുപടികൾ ആ ദിവസത്തേതുമാത്രമായി ഇനിയും നൽകാനുള്ളതായിട്ടാണ് കാണാൻ കഴിഞ്ഞത്. അതുപോലെ ഇന്ന് മറുപടി നൽകേണ്ടിയിരുന്ന 305 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 16 എണ്ണത്തിനുമാത്രമാണ് യഥാസമയം മറുപടി ലഭിച്ചിട്ടുള്ളത്. ഇത് അങ്ങേയറ്റം നിരാശാജനകമായ ഒരു സാഹചര്യമാണെന്ന് പറയേണ്ടിയിരിക്കുന്നു.

ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തതു സംബന്ധിച്ച പരാതികൾ വീണ്ടും വീണ്ടും സഭാതലത്തിൽ ഉയർന്നുവരുന്നതും അവ ഓരോന്നിന്റെയും പേരിൽ ചെയറിൽനിന്ന് ആവർത്തിച്ച് റൂളിംഗുകൾ ഉണ്ടാകുന്നതും ഒഴിവാക്കപ്പെടേണ്ടതാണ്. ഇ-ഗവേണൻസും ആധുനിക കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളും വിവരാവകാശ നിയമംമൂലം സാധാരണ ജനങ്ങൾക്കുപോലും വിവരങ്ങൾ യഥാസമയം ലഭ്യമാകുന്ന സാഹചര്യവും നിലവിലുള്ളപ്പോൾ ബഹുമാനപ്പെട്ട സാമാജികർ 10 ദിവസങ്ങൾക്കുമുമ്പ് എഴുതി സമർപ്പിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി

നൽകാതിരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ന്യായീകരണം പര്യാപ്തമാകുമെന്ന് ചെയർ കരുതുന്നില്ല.

ചോദ്യങ്ങൾക്ക് യഥാസമയംതന്നെ മറുപടി നൽകണമെങ്കിൽ ഇക്കാര്യത്തിൽ അതത് മന്ത്രിമാരുടെ ഓഫീസുമായി ബന്ധപ്പെട്ട് ഇതിനായി കാര്യക്ഷമമായ ഒരു ഏകോപനം ഉണ്ടാകേണ്ടതായിട്ടുണ്ട്. നിലവിൽ അപ്രകാരം ശക്തമായ ഏകോപനം നടന്നുവരുന്ന മന്ത്രിമാരുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് കൃത്യസമയത്തുതന്നെ മറുപടി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാകുന്നുണ്ടെന്നാണ് കഴിഞ്ഞകാല അനുഭവത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. നാലാം സമ്മേളനം അവസാനിക്കുന്ന ദിവസം ബഹുമാനപ്പെട്ട ആറ് മന്ത്രിമാർ തങ്ങളുടെ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകിയിരുന്നതായി ചെയർ സഭയെ അറിയിച്ചിരുന്നതാണ്.

ഈ സാഹചര്യത്തിൽ നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ല എന്ന തരത്തിലുള്ള ഒരു പരാതിക്കോ അതുസംബന്ധിച്ച വിശദീകരണങ്ങൾക്കോ അക്കാര്യത്തിൽ ചെയറിൽനിന്നുള്ള ആവർത്തിച്ചുള്ള റൂളിംഗുകൾക്കോ ഇടവരുത്താത്തവിധത്തിൽ മേലിൽ ചോദ്യങ്ങൾക്കുള്ള മറുപടികൾ ചട്ടം നിഷ്കർഷിക്കുന്ന പ്രകാരംതന്നെ ലഭ്യമാക്കുന്ന കാര്യത്തിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ഇതുസംബന്ധിച്ച പരാതികൾക്ക് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശ സഭ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സഭയുടെ അഞ്ചാം സമ്മേളനം ഈ മാസം 25-ാം തീയതി അവസാനിക്കുകയാണ്. ഇനിയും ആറ് ദിവസമാണ് സഭ സമ്മേളിക്കാനിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ സമ്മേളനകാലത്ത് ലഭിച്ച ചോദ്യങ്ങൾക്കുള്ള നോട്ടീസുകളിൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ളവ ഉൾപ്പെടെയുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള സമ്പൂർണ്ണ മറുപടി 25-ാം തീയതിക്കകംതന്നെ നൽകണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഈ സമ്മേളനം അവസാനിക്കുന്ന സന്ദർഭത്തിൽ സമ്മേളന നടപടികളെ സംബന്ധിച്ച് സംക്ഷിപ്ത വിവരണം നടത്തുമ്പോൾ മറുപടി ലഭ്യമാകാത്ത ഒരു ചോദ്യവും ഒരു മന്ത്രിയുടെയും പേരിൽ ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും ചെയർ അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാനൊരു കത്ത്

അങ്ങേയ്ക്ക് തന്നതിന്റെ വെളിച്ചത്തിൽ അങ്ങ് രണ്ടോ മൂന്നോ തവണയാണ് ഇതാവർത്തിക്കുന്നത്. ബഹുമാനപ്പെട്ട സഭാനേതാവ് കൂടിയായ മുഖ്യമന്ത്രി ഇതിനെപ്പറ്റി റിയാക്ട് ചെയ്താൽ നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ചോദ്യം ചോദിക്കുക എന്നത് സഭയുടെ അവകാശമാണ്. അതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ല. അത് അംഗങ്ങളുടെ അവകാശമാണ്. അത് ഗവൺമെന്റിൽ നിന്ന് വിവരങ്ങൾ കിട്ടാനുള്ള മാർഗ്ഗമാണ്. ഇത്രയും ഗുരുതരമായ പരാമർശം അങ്ങ് നടത്തിയപ്പോൾ സഭാ നേതാവിന്റെ ഭാഗത്തുനിന്നും അക്കാര്യത്തിൽ റിയാക്ഷനുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ചെയർ പറഞ്ഞത് കഴിഞ്ഞ കുറേ കാലങ്ങളായുള്ള പ്രവണതയാണ്. അതിന് ആവർത്തിച്ചാവർത്തിച്ച് റൂളിംഗ് നൽകിയിട്ടും പരിഹാരം കാണുന്നില്ല. എന്റെ മുൻഗാമികളും ഇതുസംബന്ധിച്ച നിരവധി റൂളിംഗുകൾ നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ, സർക്കാർ ഓഫീസുകൾ ഉത്തരങ്ങൾ തയ്യാറാക്കി പാർലമെന്റ് സെക്ഷനിലേയ്ക്ക് കൊടുത്ത് അവിടെനിന്ന് അപ്രൂവ് ചെയ്തുവരുന്ന ഒരു പ്രോസസ്സുണ്ട്. എവിടെയാണ് ഇതിന്റെ വീഴ്ചയെന്ന് മനസ്സിലാക്കി ഇടപെടണമെന്നാണ് ചെയർ ഉദ്ദേശിച്ചത്. റൂളിംഗിനുമുകളിൽ വേറെ ചർച്ചയില്ല.

## III. അടിയന്തരപ്രമേയം

### കെ.എസ്.യു. പ്രകടനത്തിന് നേരെ നടന്ന പോലീസ് അതിക്രമം

മി. സ്പീക്കർ: സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് പ്രവേശനത്തിന് സർക്കാർ ഏർപ്പെടുത്തിയ അമിതമായ ഫീസ് വർദ്ധനവിൽ പ്രതിഷേധിച്ച് കെ.എസ്.യു. സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രകടനത്തിന് നേരെ യാതൊരു പ്രകോപനവുമില്ലാതെ തികച്ചും ക്രൂരമായി പോലീസ് നടത്തിയ ലാത്തിച്ചാർജിലും ടിയർ ഗ്യാസ് പ്രയോഗത്തിലും നിരവധി വിദ്യാർത്ഥികൾക്ക് ഗുരുതരമായി പരിക്കേറ്റ സാഹചര്യവും അവർക്ക് മെഡിക്കൽ കോളേജിൽ ന്യായമായ ചികിത്സ നിഷേധിച്ച മനുഷ്യത്വരഹിതമായ നടപടിയെക്കുറിച്ചും മനുഷ്യാവകാശ ലംഘനത്തെക്കുറിച്ചും സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഹൈബി ഈഡൻ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ചെലവുചുരുക്കലിന്റെ പേരുപറഞ്ഞ് കേരളത്തിലെ റബ്ബർ ബോർഡിന്റെ പ്രാദേശിക ഓഫീസുകൾ പൂട്ടിയതുമൂലം റബ്ബർ കർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. മാണിയും റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. കെ. സി. ജോസഫ് ഇതേ വിഷയത്തിൽ സബ്മിഷനും നൽകിയിട്ടുണ്ട്. ചട്ടപ്രകാരം രണ്ടാമത്തെ നോട്ടീസ് അംഗീകരിക്കാൻ നിർവ്വാഹമില്ല. എന്നാൽ വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് ഇത് ആദ്യത്തെ സബ്മിഷനായി അനുവദിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഫീസ് വർദ്ധനവ് ആരോപിച്ചും വിദ്യാഭ്യാസ നയങ്ങൾ തിരുത്തണമെന്ന് ആവശ്യപ്പെട്ടും മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് കെ.എസ്.യു. പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഇരുന്നൂറോളം പേർ 16-5-2017-ന് ഉച്ചയ്ക്ക് 12.30-ഓടെ പാളയം രക്തസാക്ഷി മണ്ഡപത്തിന് സമീപത്തുനിന്നും നിയമസഭയിലേയ്ക്ക് മാർച്ച് നടത്തി. പ്രവർത്തകരെ വേൾഡ് വാർ മെമ്മോറിയൽ ഭാഗത്തുവച്ച് ബാരിക്കേഡുകൾ നിരത്തി പോലീസ് തടഞ്ഞതിനെത്തുടർന്ന് അവർ റോഡിൽ കുത്തിയിരുന്ന് മുദ്രാവാക്യങ്ങൾ വിളിക്കുകയും അക്രമാസക്തരായി ബാരിക്കേഡുകൾ തള്ളിമറിച്ചിട്ട് മുന്നോട്ടുപോകാൻ ശ്രമിക്കുകയും പോലീസിനും വാഹനങ്ങൾക്കുംനേരെ കയ്യിൽ കരുതിയിരുന്ന വടികളും കല്ലുകളും പട്ടിക കഷ്ണങ്ങളും വലിച്ചെറിഞ്ഞ് സംഘർഷമുണ്ടാക്കുകയും ചെയ്തു. പലപ്രാവശ്യം പിരിഞ്ഞുപോകാൻ നിയമാനുസരണം ആവശ്യപ്പെട്ടിട്ടും അത് കൂട്ടാക്കാതെ അവർ മുദ്രാവാക്യം വിളിച്ച് ഗതാഗതം പൂർണ്ണമായും സ്തംഭിപ്പിക്കുകയും പോലീസിനും പൊതുജനങ്ങൾക്കും വാഹനങ്ങൾക്കും നേരെ കല്ലുകളും കമ്പുകളും വലിച്ചെറിഞ്ഞ് അക്രമം അഴിച്ചുവിടുകയുമായിരുന്നു. സ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നിർദ്ദേശാനുസരണം പ്രകോപിതരെ ജലപീരങ്കി ഉപയോഗിച്ച് പിരിച്ചുവിടാൻ ശ്രമിച്ചു. എന്നാൽ അവർ പോലീസിനുനേരെ കല്ലുകളും മറ്റും വലിച്ചെറിഞ്ഞ് അക്രമപ്രവർത്തനങ്ങൾ തുടർന്നതിനാൽ ടിയർ ഗ്യാസ് ഷെല്ലും ടിയർ ഗ്യാസ് ഗ്രനേഡും ഉപയോഗിച്ചും ലാത്തി പ്രയോഗിച്ചും പിരിച്ചുവിടേണ്ടിവന്നു. സംഭവത്തെത്തുടർന്ന് പരിക്കുപറ്റിയ 12 സമരക്കാരെ പോലീസ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചു. ഒ. പി. ടിക്കറ്റ് നൽകി ഡോക്ടർമാർ പരിശോധിച്ചതിനുശേഷം തുടർ പരിശോധനയ്ക്കായി സമരക്കാരെ വിവിധ പരിശോധനാ വിഭാഗങ്ങളിലേയ്ക്കയച്ചു. വൈകുന്നേരത്തോടെ എല്ലാവരുടെയും ഒ.പി. ടിക്കറ്റ് ശേഖരിച്ച് ഒരാൾ വന്ന് ഇവരെയെല്ലാം ഒരുമിച്ച് അഡ്മിറ്റ് ചെയ്യണമെന്ന് ഡോക്ടറോട് ആവശ്യപ്പെട്ടപ്പോൾ പരിശോധനാ റിപ്പോർട്ടുകൾ സഹിതം ഓരോരുത്തർ വരണമെന്ന് ഡോക്ടർമാർ നിർദ്ദേശിക്കുകയാണുണ്ടായത്. ആർക്കും ചികിത്സ നിഷേധിച്ചിട്ടില്ല. ഗുരുതരമായ പരിക്ക് ആർക്കുമില്ല. അടിയന്തരപ്രമേയ

നോട്ടീസിൽ ഭൂരിപക്ഷം പേർക്കും തലയ്ക്കാണ് പരിക്കെന്നാണ് വിവരിക്കുന്നത്. ഇത് വസ്തുതയല്ല. സമരക്കാരിൽ ഒരാളായ ബാലരാമപുരത്തെ ശ്രീ. സുൽഫി 137194, 137347 എന്നീ രണ്ട് ഒ.പി. ടിക്കറ്റ് നമ്പരുകൾ പ്രകാരം ചികിത്സ തേടിയിട്ടുണ്ട്. ഇയാളെ കൂടാതെ ശ്രീ. ജോർജ് പയസ് ഉൾപ്പെടെ രണ്ടുപേരെ അഡ്മിറ്റ് ചെയ്തെങ്കിലും വൈകിട്ട് വീട്ടിലേയ്ക്ക് മടങ്ങുകയാണുണ്ടായത്. ഇപ്പോൾ പത്തുപേരാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലുള്ളത്. കെ.എസ്.യു. പ്രവർത്തകർ പോലീസിനുനേരെ നടത്തിയ കല്ലേറിൽ കന്റോൺമെന്റ് എ.സി.പി. ശ്രീ. കെ. ഇ. ബൈജു ഉൾപ്പെടെ അഞ്ച് പോലീസ് ഉദ്യോഗസ്ഥരാണ് പരിക്കേറ്റ് ചികിത്സ തേടിയിട്ടുള്ളത്. ഇതിൽ കന്റോൺമെന്റ് എ.സി.പി.-ക്ക് സാരമായി പരിക്കേറ്റിട്ടുണ്ട്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിലേർപ്പെട്ട പോലീസുകാരെ പരിക്കേൽപ്പിച്ച് കൃത്യനിർവ്വഹണത്തിന് തടസ്സംവരുത്തുകയും പൊതുവീഥിയിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും ചെയ്തതിന് 68-ഓളം പേരെ പ്രതികളാക്കി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 726/2017 ആയി പോലീസ് സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

ശ്രീ. ഹൈബി ഈഡൻ : സർ, ഇന്നത്തെ ദേശാഭിമാനി പത്രത്തിലെ വാർത്തയാണ്. "ജുഡീഷ്യൽ അന്വേഷണം വേണം- എസ്.എഫ്.ഐ.' പോലീസ് അക്രമത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും പ്രക്ഷോഭകരെ മർദ്ദിച്ച പോലീസുകാർ ഉൾപ്പെടെയുള്ളവർക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്നും എസ്.എഫ്.ഐ. ആവശ്യപ്പെട്ടു. സമാധാനപരമായി പ്രതിഷേധിക്കാനുള്ള അവകാശം സംരക്ഷിക്കാൻ ഹൈദരാബാദിലെ ഇന്ദിരാ പാർക്കിൽ എസ്.എഫ്.ഐ. ഉൾപ്പെടെയുള്ള സംഘടനകൾ നടത്തിയ ധർണ്ണയ്ക്കെതിരെ തെലുങ്കാന പോലീസ് അഴിച്ചുവിട്ട അക്രമത്തിൽ എസ്.എഫ്.ഐ. കേന്ദ്ര എക്സിക്യൂട്ടീവ് അപലപിച്ചു. ലാത്തിച്ചാർജിൽ എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി ശ്രീ. കോട്ട രമേശ് അടക്കമുള്ള ഒട്ടേറെ പേർക്ക് പരിക്കേറ്റു. 'ധർണ ചൗക്ക് ' സമരമാണ് അവിടെ നടന്നത്." അതിന് മുകളിൽ "കെ.എസ്.യു. മാർച്ചിൽ അക്രമം, എസ്.പി.-ക്ക് പരിക്ക്." ഒരേ പേജിലെങ്കിലും ഈ അലൈൻമെന്റ് നടത്താതിരിക്കാനുള്ള സാമാന്യ മര്യാദ ദേശാഭിമാനി കാണിക്കണമായിരുന്നു. ഈ വൈരുദ്ധ്യം തന്നെയാണ്, ഈ ഇരട്ടത്താപ്പുതന്നെയാണ് കേരള ഗവൺമെന്റും സമരത്തോട് സ്വീകരിക്കുന്നതെന്നുള്ളതാണ് ദൗർഭാഗ്യകരമായ സ്ഥിതിവിശേഷം. മെഡിക്കൽ പി. ജി. കോഴ്സുകളിൽ കേരള ചരിത്രത്തിലെ ഏറ്റവും വലിയ ഫീസ് വർദ്ധനവിനെതിരെയായിരുന്നു ഇന്നലെ ശ്രീ. വി. ടി. ബൽറാം ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. മെഡിക്കൽ പി. ജി. കോഴ്സുകളുടെ ഫീസ് വർദ്ധനവിനെതിരെ കേരളത്തിലെ ഉത്തരവാദപ്പെട്ട ഒരു വിദ്യാർത്ഥി സംഘടന എന്ന നിലയിൽ കെ.എസ്.യു. സംസ്ഥാന കമ്മിറ്റിയുടെ

ആഭിമുഖ്യത്തിൽ നടത്തിയ മാർച്ചിൽ പങ്കെടുത്ത വിദ്യാർത്ഥികളെ നിയമസഭാ കവാടത്തിനടുത്ത് റോഡിൽ കേരള പോലീസ് എ. സി. ശ്രീ. ബൈജുവിന്റെ നേതൃത്വത്തിൽ ബാരിക്കേഡുകൾ വച്ച് തടയുന്ന സാഹചര്യമുണ്ടായി. യാതൊരു പ്രകോപനവുമില്ലാതെ സംസ്ഥാന നേതാക്കൾ സംസാരിച്ചശേഷം പെൺകുട്ടികളടക്കം നൂറ്റമ്പതോളം വിദ്യാർത്ഥികൾ മുദ്രാവാക്യം വിളിച്ചുകൊണ്ടുനടത്തിയ മാർച്ചിനുനേരെ സമാധാനപരമായ അന്തരീക്ഷം തകർത്തുകൊണ്ട് കേരള പോലീസ് സമരക്കാർക്കുനേരെ ആക്രോശിക്കുകയും പെൺകുട്ടികളടക്കമുള്ള വിദ്യാർത്ഥികളെ ലാത്തിച്ചാർജ്ജിന് വിധേയമാക്കുകയും കെ.എസ്.യു.-വിന്റെ സംസ്ഥാന ഭാരവാഹികളടക്കമുള്ളവരെ ടിയർ ഗ്യാസ് ഷെല്ലുകളും ഗ്രനേഡുകളും ഉപയോഗിച്ച് അതിക്രൂരമായി മാരകമായ രീതിയിൽ പരിക്കേൽപ്പിക്കുകയും ചെയ്യുന്നത് പത്ര-ദൃശ്യമാധ്യമങ്ങളിലൂടെ നമ്മൾ കണ്ടതാണ്. കെ.എസ്.യു.-വിന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. അഭിജിത്ത്, വൈസ് പ്രസിഡന്റുമാരായ ശ്രീ. റഷീദ്, ശ്രീ. ശ്രീലാൽ, ശ്രീ. ജെഷീർ, ശ്രീമതി റിങ്കു, ശ്രീമതി സ്നേഹ, സംസ്ഥാന ഭാരവാഹികളായ ശ്രീ. നെബീൽ, ശ്രീ. രാഹുൽ, ശ്രീ. ശരത്ത്, ശ്രീ. എറിക്, ശ്രീ. ആദർശ്, ശ്രീ. സുഹൈൽ, ശ്രീ. റിനോ, എറണാകുളം ജില്ലാ പ്രസിഡന്റ് ശ്രീ. അലോഷി എന്നിവരെ അതിക്രൂരമായി മർദ്ദിച്ചു. ജലപീരങ്കി പ്രയോഗിച്ചിട്ടും പിരിയാത്ത വിദ്യാർത്ഥികളെ, കൂട്ടംകൂട്ടമായി ചെറിയ ഗ്രൂപ്പുകളായി നിന്ന വിദ്യാർത്ഥികളെ നൂറുകണക്കിന് പോലീസുകാർ ഫൈബർ ലാത്തി ഉപയോഗിച്ചാണ് തലയ്ക്കടിച്ചത്. കെ.എസ്.യു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ശ്രീലാലിന്റെ ഈ ഫോട്ടോ കണ്ടിട്ടാണോ ഒരു രീതിയിലുള്ള അക്രമവും ഉണ്ടായിട്ടില്ലെന്ന് പറയുന്നത്; (ശ്രീ. ശ്രീലാലിന്റെ മുറിവേറ്റ ഫോട്ടോ സഭയിൽ ഉയർത്തിക്കാണിച്ചു.) ദേഹമാസകലം ഫൈബർ ലാത്തികൊണ്ട് അടിച്ച് മുറിവേല്പിച്ച ഈ ചെറുപ്പക്കാരനെ കണ്ടുകൊണ്ടാണോ കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി പറയുന്നത്, യാതൊരു തരത്തിലുള്ള പരിക്കുമുണ്ടായിട്ടില്ല, നിസ്സാരമായ പരിക്കാണുണ്ടായിട്ടുള്ളതെന്ന്; എങ്ങനെയാണ് ഇതിനെ ന്യായീകരിക്കാൻ സാധിക്കുന്നത്? എറണാകുളം ജില്ലാ പ്രസിഡന്റ് ശ്രീ. അലോഷിയുടെ തല അടിച്ചുപൊട്ടിച്ച് അദ്ദേഹത്തിന്റെ കേൾവിക്ക് തടസ്സമുണ്ടാക്കുന്ന രീതിയിലായിരുന്നു പോലീസിന്റെ അക്രമം. ഇത്രയും സംഭവങ്ങൾ ഉണ്ടായിട്ടും പോലീസ് യാതൊരു വിധത്തിലുള്ള അക്രമപ്രവർത്തനങ്ങളിലും ഏർപ്പെട്ടിട്ടില്ലെന്നാണ് പറയുന്നത്. സംസ്ഥാന കമ്മിറ്റിയുടെ ഉപാദ്ധ്യക്ഷ ശ്രീമതി സ്നേഹ നായർ എന്ന പെൺകുട്ടിയെ രണ്ട് വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ സാന്നിദ്ധ്യത്തിൽ പുരുഷ പോലീസ് അതിക്രൂരമായി മർദ്ദിക്കുന്ന സാഹചര്യമുണ്ടായി. അതിനെ ചോദ്യംചെയ്ത ശ്രീമതി സ്നേഹയ്ക്കെതിരെ കേട്ടാൽ അറയ്ക്കുന്ന തരത്തിൽ, ഈ സഭയിൽ വിശദീകരിക്കാൻ കഴിയാത്ത വിധത്തിലുള്ള അസഭ്യവർഷം ചൊരിയുന്ന എ. സി. ശ്രീ. ബൈജുവിനെയും പോലീസുകാരെയുമാണ് കാണാൻ സാധിച്ചത്.

കേരളത്തിലെ സ്ത്രീ സംരക്ഷകരെന്ന് എല്ലായ്പ്പോഴും വിശേഷിപ്പിക്കുന്ന, ഈ ഗവൺമെന്റ് അധികാരത്തിൽ വരാൻവേണ്ടി ഏറ്റവും വലിയ ക്യാമ്പെയിൻ നടത്തിയ സ്ത്രീകളുടെ സംരക്ഷകരുടെ സംരക്ഷണം പല ഘട്ടങ്ങളിലായി നമ്മൾ കണ്ടുവരികയാണ്. ജിഷ്ണു പ്രണോയിയുടെ അമ്മ ഡി.ജി.പി. ഓഫീസിനുമുന്നിൽ സമരം ചെയ്യാൻ വന്നപ്പോൾ ഇതേ സമീപനമാണ് കേരള പോലീസ് സ്വീകരിച്ചത്. ഇന്നലെ ഈ സഭയിൽ ബഹുമാന്യയായ ഒരു വനിതാ അംഗം ഒരു ചോദ്യം ചോദിച്ചപ്പോൾ ആ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉത്തരം, "കേരളത്തിലെ എസ്.ഐ.-മാർക്കും അതിന് മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്കുമുള്ള മേഖല തിരിച്ചുള്ള കോൺഫറൻസ് നടന്നു. ആ കോൺഫറൻസിൽ സഭ്യമായി പെരുമാറാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്, കർശനമായ നടപടി സ്വീകരിക്കും" എന്നാണ്. ഒരു പെൺകുട്ടിക്കുനേരെ ഇത്രയും അസഭ്യവർഷം ചൊരിഞ്ഞ ഈ പോലീസുകാരനെതിരെ പരാതിയുടെ അടിസ്ഥാനത്തിൽ നിയമനടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ; അതാണ് എന്റെ ചോദ്യം. അതിക്രൂരമായ രീതിയിൽ പല ഘട്ടങ്ങളിലായി അവിടെനിൽക്കുന്ന യാത്രക്കാർക്കുവരെ ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ ടിയർഗ്യാസിന്റെയും ഗ്രനേഡിന്റെയും പ്രയോഗമുണ്ടായി. നമസ്കാരം കഴിഞ്ഞുവന്ന വിശ്വാസികൾക്കും ബസ് കാത്തുനിന്നവർക്കും ദേഹാസ്വാസ്ഥ്യമുണ്ടാകുന്ന തരത്തിലേയ്ക്ക് ഇത് മാറിയെന്നത് അപകടകരമായ സാഹചര്യമാണ്. നമ്മൾ മനസ്സിലാക്കേണ്ടത്, അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരുമെല്ലാം എല്ലാ കാലഘട്ടത്തിലും വിദ്യാർത്ഥി യുവജന സംഘടനയുടെ ഭാഗമായി സമരം നടത്തിവന്നവരാണ്. നമുക്കൊക്കെ പോലീസിന്റെ അടി കിട്ടുകയും അക്രമത്തിൽ പരിക്കേൽക്കുകയും ആശുപത്രിയിൽ പ്രവേശിക്കുകയും ജയിൽവാസം അനുഭവിക്കുകയുമൊക്കെ ചെയ്തിട്ടുള്ളതാണ്. അതിലൊന്നും യാതൊരു തർക്കവുമില്ല. ആ വികാരം നിങ്ങളും ഉൾക്കൊള്ളുമെന്ന് ഞാൻ കരുതുകയാണ്. എന്നാൽ അതിഗുരുതരമായി പരിക്കേറ്റ ഈ വിദ്യാർത്ഥികളെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രണ്ട് മണിക്ക് കൊണ്ടെത്തിച്ചപ്പോൾ, ഏറ്റവും ഗുരുതരമായി പരിക്കേറ്റ വിദ്യാർത്ഥികളെപ്പോലും അവിടെ അഡ്മിറ്റ് ചെയ്യാൻ തയ്യാറായില്ലെന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്. മർദ്ദനത്തിലേറ്റ പരിക്കിനുപുറമേ കേരള ഗവൺമെന്റിന്റെ പൊളിറ്റിക്കൽ അജണ്ട ഡോക്ടർമാരിലൂടെ നടപ്പാക്കാൻ ശ്രമിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ശ്രീ. കാനം രാജേന്ദ്രന്റെ ഭാഷയിൽ പറഞ്ഞാൽ സമരങ്ങൾക്കെതിരെ മുതലാളിമാരുടെ ശൈലിയിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥി വിരുദ്ധ, ജനവിരുദ്ധ സർക്കാർ എന്നതിന് ഒരേയൊരു ഉത്തരമേയുള്ളൂ, അത് ശ്രീ. പിണറായി വിജയന്റെ സർക്കാരാണ്. ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ കുറേ നാളുകളായി എല്ലാസ്ഥലത്തും നീതി നിഷേധിക്കപ്പെടുന്നു.

താങ്കൾക്ക് നേരിട്ട് പരാതി തരുന്ന കേസ്സുകളിൽ മാത്രമാണ് ചിലതിലെങ്കിലും നടപടിയുണ്ടാകുന്നതെന്ന് താങ്കൾതന്നെ ഈ സഭയിൽ പലതവണ വ്യക്തമാക്കുകയുണ്ടായി. കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ സാധാരണക്കാരന് സമീപിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. എം.ബി.ബി.എസ്., പി.ജി. ഡിപ്ലോമ കോഴ്സുകൾ, പി.ജി. സ്വാശ്രയ കോഴ്സുകൾ എന്നിവയുമായി ബന്ധപ്പെട്ടുണ്ടായ ഫീസ് വർദ്ധനവ് കേരളത്തിലെ സാധാരണക്കാർക്ക് അപ്രാപ്യമാകുന്ന തരത്തിലേയ്ക്ക് മാറിയിരിക്കുകയാണ്. കെ.എസ്.യു.-വിന്റെ സമരം മാറ്റിനിർത്തിയാൽ, മെഡിക്കൽ പി.ജി. പ്രവേശന ഫീസിന്റെ കാര്യത്തിലുണ്ടായ കുത്തനെയുള്ള വർദ്ധനവിനെക്കുറിച്ച് ഇന്നലെ താങ്കളുടെ ഏറ്റവും അടുത്ത സുഹൃത്തുക്കുടിയായ മാനേജ്മെന്റ് അസോസിയേഷന്റെ പ്രതിനിധി ഡോ. പി. എ. ഫസൽ ഗഫൂർ ഒരു മാധ്യമ ചാനലിൽ പറഞ്ഞത് എം.ബി.ബി.എസ്. സീറ്റിന്റെ ഫീസ് 2.5 ലക്ഷം രൂപയിൽനിന്ന് 8 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ പോകുന്നുവെന്നാണ്. മെഡിക്കൽ മാനേജ്മെന്റിന്റെ കൊള്ളയ്ക്ക് കുടപിടിക്കുന്ന ഈ ഗവൺമെന്റിന്റെ സമീപനത്തെയാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. സ്വാശ്രയ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പലതവണ നമ്മുടെ യുവസുഹൃത്തുക്കൾ ഇവിടെ സമരം ചെയ്തിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പതിനായിരം രൂപ ഫീസ് വർദ്ധിപ്പിച്ച സന്ദർഭത്തിൽ ഇവിടത്തെ ലക്ഷക്കണക്കിന് രൂപയുടെ പൊതുമുതൽ നശിപ്പിച്ചുകൊണ്ട് എസ്.എഫ്.ഐ.-യും ഡി.വൈ.എഫ്.ഐ.-യും സമരം നടത്തിയിട്ടുണ്ട്. അഞ്ചുവർഷംകൊണ്ട് 47,000 രൂപയാണ് മെഡിക്കൽ രംഗത്ത് കഴിഞ്ഞ ഗവൺമെന്റ് കൂട്ടിയത്. ഈ ഗവൺമെന്റ് വന്നതിനുശേഷം നൂറ് ദിവസംകൊണ്ട് ഒറ്റയടിക്ക് 65,000 രൂപ കൂട്ടിയത് കേരളത്തിലെ മാനേജ്മെന്റുകളെ സഹായിക്കാനാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതുതന്നെയാണ് ഇവിടെ പി.ജി. കോഴ്സുകളിലുമുണ്ടായിട്ടുള്ളത്. തുടർന്നും എം.ബി.ബി.എസ്.-ന്റെ ഫീസ് നിർണ്ണയിക്കുന്ന സാഹചര്യത്തിലും tip of the iceberg എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക്, അത് നമ്മുടെ സ്വാശ്രയ രംഗത്തെ വ്യാപകമാകായി ബാധിക്കാൻ പോവുകയാണ്. സാധാരണക്കാരന് മെഡിക്കൽ വിദ്യാഭ്യാസം അപ്രാപ്യമാക്കുന്ന നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റിനെതിരെ ശക്തമായി പ്രതിഷേധിക്കുകയാണ്. കെ.എസ്.യു.-വിന്റെ എറണാകുളം ജില്ലാ പ്രസിഡന്റ് ശ്രീ. അലോഷിക്ക് അതിക്രൂരമായാണ് മർദ്ദനമേറ്റത്. അദ്ദേഹത്തിന്റെ ഷർട്ടാണിത്. ചോരപുരണ്ട ഈ ഷർട്ട് ഞാൻ സഭയിൽ പ്രദർശിപ്പിക്കുകയാണ് (ഷർട്ട് ഉയർത്തിക്കാട്ടി). ഈ സമരത്തെ ചോരയിൽ മുക്കിക്കൊല്ലാൻ ഗവൺമെന്റ് ശ്രമിക്കുകയാണെങ്കിൽ ആ ഓരോ തുള്ളി ചോരയിൽനിന്നും ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ വലിയ സമരം കെ.എസ്.യു.-വിന്റെ ആഭിമുഖ്യത്തിൽ ഇവിടെ നടക്കുമെന്ന് പറയാൻ ഞാൻ

ആഗ്രഹിക്കുകയാണ്. In the communist manifesto, Marx and Engels proclaimed that communist must rescue agitation from the upper class and provide free education. വരേണ്യവർഗ്ഗത്തിൽനിന്ന് വിദ്യാഭ്യാസം മാറ്റിക്കൊണ്ട് സാധാരണക്കാർക്ക് സൗജന്യ വിദ്യാഭ്യാസം കൊടുക്കണമെന്നാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ മാർക്സും ഏംഗൽസും പറഞ്ഞിട്ടുള്ളത്. രണ്ടര ലക്ഷം രൂപയിൽ നിന്ന് എട്ട് ലക്ഷം രൂപയായി ഫീസ് വർദ്ധിപ്പിക്കുമ്പോൾ നിയമസഭയിലെ ഏതെങ്കിലുമൊരു കമ്മ്യൂണിസ്റ്റുകാരന് വാക്കുകൊണ്ടോ നോക്കുകൊണ്ടോ ഇതിനെ എതിർക്കാൻ സാധിച്ചിട്ടുണ്ടോ? അവിടെയാണ് ബഹുമാന്യനായ മന്ത്രി ഉൾപ്പെടെയുള്ളവർ ന്യായീകരണ വാദങ്ങളുമായി മുന്നോട്ടുവരുന്ന ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമുണ്ടായത്. ഗുരുതരമായ ഈ പ്രശ്നം സഭ വളരെ ഗൗരവത്തോടെ കാണണം. ഈ ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസവും മെഡിക്കൽ വിദ്യാഭ്യാസവും സാധാരണക്കാർക്ക് അപ്രാപ്യമാക്കി സ്വാശ്രയ കൊള്ളക്കാർക്ക് കുടപിടിക്കുകയാണ്. ശ്രീ. പിണറായി വിജയൻ ഒരു ഏകാധിപതിയുടെ സ്വഭാവത്തിലാണ് പെരുമാറുന്നത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല. അധാർമ്മികമായ ഗവൺമെന്റിന്റെ മുന്നോട്ടുള്ള പ്രയാണം, വിദ്യാർത്ഥികൾക്കുനേരെയുള്ള പോലീസിന്റെ നരനായാട്ട് ഇവ ഒരിക്കലും അംഗീകരിക്കാൻ സാധിക്കില്ല. വിദ്യാർത്ഥികളുടെ സമരത്തെ ലാത്തികൊണ്ടും ഗ്രനേഡുകൊണ്ടും ടിയർ ഗ്യാസുകൊണ്ടും അടിച്ചമർത്താൻ ശ്രമിക്കുന്ന ഗവൺമെന്റിന്റെ ഈ പ്രഖ്യാപിത നയത്തിനെതിരെ പ്രതിഷേധിക്കുന്നു. കാഷ്വാലിറ്റിയിലുണ്ടായിരുന്ന ഡോക്ടർ പരിക്കേറ്റവരെ അഡ്മിറ്റ് ചെയ്യാൻ തയ്യാറായില്ല. മുൻ മുഖ്യമന്ത്രി ബഹുമാന്യനായ ഉമ്മൻ ചാണ്ടി രണ്ട് മണിക്കൂർ ആശുപത്രിയിൽപ്പോയി കുത്തിയിരിപ്പ് സമരം നടത്തിയതിനുശേഷം സർജിക്കൽ വിഭാഗത്തിലുള്ള ഡോക്ടറാണ് അവരെ അഡ്മിറ്റ് ചെയ്യാൻ തയ്യാറായത്. പരിക്കേറ്റവരെ അഡ്മിറ്റ് ചെയ്യാൻ തയ്യാറാകാത്ത ഡോക്ടർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. വിദ്യാർത്ഥി സമരത്തോടുള്ള ഈ സമീപനം ഒരു കാരണവശാലും ന്യായീകരിക്കാൻ സാധിക്കില്ല. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്വാശ്രയ കോളേജുകളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുകൊണ്ട് പറയുകയാണ്, ഇവിടെ നേരത്തേയുണ്ടായിരുന്ന അവസ്ഥയ്ക്ക് വലിയ മാറ്റംവരികയാണ്. സാധാരണ സംസ്ഥാന സർക്കാരും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിൽ ചില കരാറുകളൊക്കെ ഉണ്ടാക്കാറുണ്ട്. അതിനുള്ള സാധ്യത ഇപ്പോഴില്ല. കാരണം 50 ശതമാനം മെരിറ്റ് എന്ന ഏർപ്പാട് അവസാനിച്ചു, എല്ലാം നീറ്റ്-ന്റെ

ഭാഗമായി. എല്ലാം നീറ്റ് പരീക്ഷയിൽക്കൂടി മാത്രമേ എടുക്കാൻ കഴിയൂ. കഴിഞ്ഞ പ്രാവശ്യത്തേതുപോലെ 50 ശതമാനം സംസ്ഥാന പരീക്ഷ 50 ശതമാനം നീറ്റ് എന്ന രീതിയല്ല. സംസ്ഥാന ഗവൺമെന്റിന് ഏതെങ്കിലും തരത്തിൽ ഫീസ് നിശ്ചയിക്കാൻ കഴിയുന്ന നിലയല്ല ഉള്ളത്. അതുമായി ബന്ധപ്പെട്ട് ഫീ റെഗുലേറ്ററി കമ്മീഷനാണ് ഫീസ് നിശ്ചയിക്കേണ്ടത്. ഈയൊരു യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ഇത് പൊതുവിലുള്ള കാര്യമാണ്. നേരത്തേയുണ്ടായിരുന്നതുപോലെ സംസ്ഥാന ഗവൺമെന്റിന് ഈ വിഭാഗവുമായി കരാർ ഒപ്പുവയ്ക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അത് വസ്തുതയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറഞ്ഞത് ശരിയാണെങ്കിൽ പി.ജി. കോഴ്സിന് ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ആദ്യം സംസ്ഥാന ഗവൺമെന്റ് ചർച്ച നടത്തിയത് എന്തിനാണ്; ആ ചർച്ചയിലൂടെ അവർ വച്ച നിർദ്ദേശം എങ്ങനെയാണ് പിന്നീട് അംഗീകരിക്കപ്പെട്ടത്?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ മനസ്സിലാക്കുന്നത് അവർവച്ച നിർദ്ദേശം ഈ പറയുന്നതല്ല. നേരത്തേ ഫീ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച ഫീസാണ് ഇപ്പോൾ പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അതിൽനിന്ന് ഏതെങ്കിലും തരത്തിൽ കുറവുവരുത്തുന്നതിന് ശ്രമം നടത്തിയെന്നുള്ളത് ശരിയാണ്. പക്ഷെ അതിന് മാനേജ്മെന്റ് സമ്മതിക്കുന്ന നിലയുണ്ടായിട്ടില്ല. അപ്പോൾ ഫീ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച ഫീസുതന്നെ ഏർപ്പെടുത്തുന്ന നിലയുണ്ടായി എന്നതാണ് വസ്തുത. നമ്മുടെ പരിമിതിയാണ് ഞാൻ പറയുന്നത്. നേരത്തേ ഉണ്ടായിരുന്നതുപോലെ നമുക്ക് കരാർ ഒപ്പിടാൻ കഴിയുന്ന അവസ്ഥ ഇപ്പോഴില്ല.

ഇന്നലെ നടന്ന സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ, അത് അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന ശൈലിയിൽ അവതരിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. പ്രകോപനമൊന്നും ഉണ്ടാക്കാത്തവരുടെ നേരെ പോലീസ് അതിക്രമം കാണിച്ചു എന്നാണ് അദ്ദേഹം പ്രധാനമായും ആരോപിച്ചത്. അതിന്റെയെല്ലാം ഒട്ടേറെ ദൃശ്യങ്ങൾ ഇതിനകം പുറത്തുവന്നിട്ടുണ്ട്. വിദ്യാർത്ഥികൾ പ്രകടനം നടത്തുമ്പോൾ എന്തിനാണ് കയ്യിൽ വലിയ മുട്ടൻവടി; മുട്ടൻവടി കയ്യിൽവച്ച് പ്രകടനം നടത്തുന്ന ദൃശ്യം പുറത്തുവന്നിട്ടുണ്ട്. കൊടി കെട്ടിയ വടിയല്ല, വണ്ണമുള്ള വടിയാണ്. അത് കുത്തി നടക്കുകയാണ്. അതിന്റെ ആവശ്യം എന്താണ്? കയ്യിലൊതുങ്ങാത്ത തരത്തിലുള്ള കല്ലാണ് കൊണ്ടുനടന്നത്. അത് വിവിധ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചല്ലോ; എന്തിനാണ് അങ്ങനെ കല്ലെടുക്കുന്നത്? വിവിധ മാധ്യമങ്ങളിൽവന്ന വാർത്തകളിൽ ഈ കല്ല് പോലീസുകാരുടെ നേരെ വലിച്ചെറിയുന്ന ദൃശ്യവുമുണ്ടല്ലോ; എന്തിനാണ് അത്തരമൊരു അവസ്ഥയുണ്ടാക്കിയത്?

എന്തിന് ഇത്തരമൊരു അക്രമരീതി സ്വീകരിച്ചു; ഇത് സാധാരണഗതിയിൽ സ്വീകരിക്കേണ്ട കാര്യമല്ലല്ലോ; കാര്യങ്ങൾ ചർച്ച ചെയ്യാൻ കഴിയാത്ത അവസ്ഥയില്ലല്ലോ. അവിടെ നടന്ന കാര്യങ്ങളെയെല്ലാം പിന്താങ്ങുന്ന നിലയാണല്ലോ നിങ്ങൾ സ്വീകരിക്കുന്നത്, അതുകൊണ്ടാണല്ലോ ഈ ശബ്ദമൊക്കെ ഇവിടെ ഉയരുന്നത്. ഇത്തരത്തിലൊരു കാര്യം സംഭവിച്ചപോലെയെന്ന ജാള്യതയല്ലല്ലോ ഉള്ളത്. ഇതിന്റെയെല്ലാം ദൃശ്യങ്ങൾ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. ഇത്ര പച്ചയായി അക്രമ പ്രവർത്തനങ്ങൾ നടത്തുക, എന്നിട്ട് പ്രകോപനമൊന്നും ഉണ്ടാക്കാത്തവരുടെ നേരെ പോലീസ് ഇടപെട്ടെന്ന് പറയുക, ഇതാണ് ഇവിടെയുണ്ടായിട്ടുള്ളത്. ഒരു പോലീസ് ഉദ്യോഗസ്ഥന് കാര്യമായ പരിക്കുപറ്റി. ദൃശ്യങ്ങൾ അത് വ്യക്തമാക്കുകയാണല്ലോ. അദ്ദേഹത്തിന്റെ യൂണിഫോമിലടക്കം രക്തം നിറഞ്ഞുനിൽക്കുന്ന അവസ്ഥയാണുള്ളത്. ആക്രമണം എത്ര രൂക്ഷമായിരുന്നു എന്നല്ലേ അത് സൂചിപ്പിക്കുന്നത്. ഇത്തരത്തിലൊരു അക്രമരീതി എന്തിന് സ്വീകരിച്ചു; അതിനുമാത്രം ഇവിടെ എന്തുസംഭവിച്ചു; എന്താണ് അവരെ പ്രകോപിപ്പിച്ചത്? യഥാർത്ഥത്തിൽ ഇത് വിദ്യാർത്ഥികൾക്കുണ്ടായ പ്രകോപനമല്ല, ബോധപൂർവ്വം ഇത്തരമൊരു രംഗം സൃഷ്ടിക്കുന്നതിനുവേണ്ടി ഏതോ കൂട്ടർ അവരെ ഇറക്കിവിട്ടു എന്നതല്ലേ വസ്തുത. അങ്ങനെയൊരു നില സ്വീകരിക്കാമോ; അത്തരത്തിലൊരു അവസ്ഥയുണ്ടാക്കാൻ പാടുണ്ടോ? ഈ സംഭവത്തിൽ പരിക്കുപറ്റിയ ആളുകളെ ആശുപത്രിയിലെത്തിച്ചു. ആശുപത്രിയിലെത്തിയാൽ സാധാരണ എന്താണ് ചെയ്യുക? കാഷ്വാലിറ്റിയിൽ പരിശോധിക്കും. അവർക്ക് വിവിധ പരിശോധനകൾ പിന്നീട് നടത്തേണ്ടിവരും. അതിനായി അവരുടെ പക്കൽ കുറിപ്പുകൊടുത്ത് അയയ്ക്കുന്നു. പിന്നെ അവരെ കാണുന്നില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങ് അങ്ങനെ പറയരുത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ ഉമ്മൻ ചാണ്ടി അവിടെ ഇരിക്കുന്നുവെന്ന് കേട്ടയുടൻ ഞാൻ അവിടെ വിളിച്ച് സംഭവമെന്താണെന്ന് ചോദിച്ചു. അതിനുശേഷമുള്ള റിപ്പോർട്ട് എന്റെ കയ്യിലുണ്ട്, അത് വേറെ.

10.00 AM]

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇങ്ങനെയൊരു സംഭവമുണ്ടായത് ശ്രീ. കെ. സി. ജോസഫാണ് എന്നെ വിളിച്ചുപറയുന്നത്. 7 മണിക്ക് ഞാൻ സൂപ്രണ്ടിനോട് സംസാരിച്ചപ്പോൾ അഡ്മിറ്റ് ചെയ്യാമെന്ന് പറഞ്ഞു. 8.30 ആയിട്ടും അവരെ അഡ്മിറ്റ് ചെയ്യാത്ത സാഹചര്യത്തിൽ ഞാനും ശ്രീ. കെ. സി. ജോസഫും ശ്രീ. എ. കെ. ബാലനെ വിളിച്ചു. ഞാൻ അങ്ങയുടെ പൊളിറ്റിക്കൽ സെക്രട്ടറി ശ്രീ. എം. വി. ജയരാജനെയും വിളിച്ചു. കൊലപാതകിയെപ്പോലും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുമല്ലോ? അങ്ങ്

ശ്രീ. എ. കെ. ബാലനോട് ചോദിക്കുക. അവിടത്തെ ആശുപത്രി സൂപ്രണ്ടിനോട് സംസാരിച്ച് അഡ്മിറ്റ് ചെയ്യാമെന്ന് പറഞ്ഞിട്ട് മണിക്കൂറുകൾ കഴിഞ്ഞാണ് ശ്രീ. ഉമ്മൻ ചാണ്ടിക്ക് അവിടെ ഇരിക്കേണ്ടിവന്നത്. ഇത് ശരിയായ നടപടിയാണോ? അങ്ങ് ആലോചിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങ് വിളിച്ച കാര്യവും പറഞ്ഞു. പരിശോധനയ്ക്ക് ചീട്ട് കൊടുത്ത് വിട്ടെങ്കിലും പിന്നെ അയാൾ പരിശോധനയ്ക്ക് പോയില്ല എന്നതാണ് പ്രശ്നം. കുറേ കടലാസ്സുമായി ഒരാൾ ചെന്ന് ഇവരെയെല്ലാം അഡ്മിറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടപ്പോൾ, ഓരോരുത്തരായി വരട്ടെ, അഡ്മിറ്റ് ചെയ്യാമെന്ന നിലപാടാണ് ബന്ധപ്പെട്ടവർ സ്വീകരിച്ചത്. അവർ ഒരുതരത്തിലും അഡ്മിഷന് എതിരായിരുന്നില്ല. ഇതാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. ബാക്കി കാര്യങ്ങൾ നിങ്ങൾ പരിശോധിച്ചോളൂ. ഇക്കാര്യം ആശുപത്രിയുടെ ഉത്തരവാദപ്പെട്ടയാൾ എന്നോട് പറഞ്ഞപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞത്, ഈ വിവരങ്ങളൊന്നും ശ്രീ. ഉമ്മൻ ചാണ്ടി അറിഞ്ഞിരിക്കില്ല. അദ്ദേഹം അവിടെയുണ്ടെങ്കിൽ നിങ്ങൾ ഉടനെ അദ്ദേഹത്തിന്റെ അടുത്ത് ചെല്ലുക. അല്ലെങ്കിൽ ഉത്തരവാദപ്പെട്ട ആളെ അയയ്ക്കുക, എന്നിട്ട് ഇക്കാര്യങ്ങളൊക്കെ പറയുക എന്നാണ്. കാര്യങ്ങൾ വേഗം പരിഹരിക്കുന്ന നിലയുണ്ടാകണമെന്ന് പറഞ്ഞു. ഏതായാലും ശ്രീ. ഉമ്മൻ ചാണ്ടി അവിടെ ഇരിക്കേണ്ട സാഹചര്യമുണ്ടാകാൻ പാടില്ലായിരുന്നു. അഡ്മിഷൻ നിഷേധിച്ച പ്രശ്നമേ ഉണ്ടായിട്ടില്ല. ഓരോരുത്തരായി ചെല്ലാൻ തയ്യാറാകാത്തതിന്റെ പ്രശ്നമേ ഉണ്ടായിരുന്നുള്ളൂ. ഇതാണ് സംഭവിച്ചത്. ....(ബഹളം).... ഞാൻ നേരിട്ട് മനസ്സിലാക്കിയ കാര്യങ്ങൾ പറയണ്ടേ.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങയുടെ തൊട്ടടുത്തിരിക്കുന്ന ബഹുമാന്യനായ എ. കെ. ബാലനോട് ചോദിക്കുക. ഞങ്ങൾ ആശുപത്രിയിൽ പോയി കണ്ടതാണ്. അടികൊണ്ട് നടക്കാൻ വയ്യാത്ത അവസ്ഥയിലുള്ള കുട്ടികളുടെ ചീട്ടുമായി വേറൊരാൾ പോകുന്നതിൽ എന്ത് തെറ്റാണുള്ളത്? മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്ക് അവിടെ കുത്തിയിരിക്കേണ്ടി വന്നു. ശ്രീ. എ. കെ. ബാലൻ അതിനോട് യോജിക്കുന്നില്ലല്ലോ. മുഖ്യമന്ത്രി അദ്ദേഹത്തോട് ചോദിക്കൂ. ശ്രീ. എ. കെ. ബാലൻ ഇടപെട്ടതുകൊണ്ടല്ലേ ആ സമയത്ത് നീതിയുണ്ടായത്. അങ്ങ് ഇടപെട്ട കാര്യം ഞാൻ അറിഞ്ഞില്ല. ഇങ്ങനെ ഒരു സംഭവമുണ്ടായി, സാമാന്യ നീതിയുണ്ടാകണമെന്ന് അങ്ങയുടെ പൊളിറ്റിക്കൽ സെക്രട്ടറിയെ ഞാൻ വിളിച്ച് പറഞ്ഞപ്പോൾ ഇടപെടാമെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. അതുകൊണ്ടാണ് ഞാൻ അങ്ങയെ വിളിക്കാതിരുന്നത്. ഞാൻ ശ്രീ. എ. കെ. ബാലനെ വിളിച്ചു, അദ്ദേഹം അപ്പോൾത്തന്നെ റെസ്പോണ്ട് ചെയ്തു. ഇങ്ങനെയുള്ള ഉദ്യോഗസ്ഥരെ അങ്ങ് ന്യായീകരിക്കരുത്. ശരിയായ നടപടിയല്ല ഇത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതെല്ലാം ഒരേ സമയത്തായിരിക്കും നടന്നിട്ടുണ്ടാവുക. അങ്ങ് ഇദ്ദേഹത്തെ വിളിക്കുമ്പോൾത്തന്നെ ശ്രീ. ഉമ്മൻ ചാണ്ടി അവിടെ ഇരിക്കുന്നുവെന്നുള്ളത് അറിയാമല്ലോ. അറിഞ്ഞ ഉടനെ ഞാനും വിളിക്കുകയാണ്. അപ്പോൾ ഇതെല്ലാം ഒരേ സമയത്തായിരിക്കും സംഭവിച്ചിട്ടുള്ളത്. ഞാൻ സംസാരിച്ച മെഡിക്കൽ കോളേജിന്റെ ഉത്തരവാദപ്പെട്ടയാൾ തന്നെ അങ്ങും മറ്റ് ചിലരും ബന്ധപ്പെട്ട കാര്യം പറഞ്ഞു. അവർ ഇതേ നിലപാടാണ് ആവർത്തിച്ചത്. ഇക്കാര്യത്തിൽ ഒരുതരത്തിലുള്ള പൊളിറ്റിക്കൽ അജണ്ടയുമില്ല. ഇവിടെ കാര്യങ്ങൾ കൃത്യമായി നടന്നുപോകണമെന്ന് മാത്രമേ സർക്കാർ ഉദ്ദേശിക്കുന്നുള്ളൂ. അതിന് വിഘാതമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടന്നപ്പോൾ പോലീസിന് ഇടപെടേണ്ടി വന്നിട്ടുണ്ട്. പോലീസ് വേണ്ട സംയമനം പാലിച്ചുവെന്നുതന്നെയാണ് യഥാർത്ഥ സംഭവങ്ങൾ കാണുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. ചില കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്, ഒരാൾ പറഞ്ഞുവെന്നൊക്കെയുള്ളത്. അതെന്താണെന്ന് എനിക്കറിയില്ല. അതുസംബന്ധിച്ച് ഇപ്പോൾ അഡ്വാൻസായി പ്രതികരിക്കേണ്ടതില്ലെന്നാണ് തോന്നുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, രണ്ട് കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്. ശ്രീ. രമേശ് ചെന്നിത്തല ആദ്യം സൂപ്രണ്ടിനെ വിളിച്ചപ്പോൾ അഡ്മിറ്റ് ചെയ്യാമെന്ന് പറഞ്ഞു. ഒരു മണിക്കൂർ കഴിഞ്ഞാണ് ഞാൻ അവിടെ ചെല്ലുന്നത്. ആരെയും അഡ്മിറ്റ് ചെയ്യാത്തതുകൊണ്ട് ഞാൻ സൂപ്രണ്ടിനെ വിളിച്ചു. ഉടനെ അഡ്മിറ്റ് ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു. വീണ്ടും ഒരു മണിക്കൂർ അവിടെ നിന്നു. അഡ്മിറ്റ് ചെയ്യുന്നില്ലെന്ന് കണ്ടപ്പോൾ ശ്രീ. വി. എസ്. ശിവകുമാറിനെ ഞാൻ വിളിച്ചു. അദ്ദേഹം വിളിച്ചപ്പോഴും അഡ്മിറ്റ് ചെയ്യാമെന്ന് പറഞ്ഞു. പക്ഷേ അഡ്മിറ്റ് ചെയ്യുന്നില്ല. ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെ ശ്രീ. എ. കെ. ബാലനോട് ചോദിച്ചാൽ അങ്ങേയ്ക്ക് മനസ്സിലാകും. അവസാനം ആ പ്രശ്നം രമ്യമായി തീർക്കുന്നതിന് അവിടത്തെ എസ്.ഐ.-യും സി.ഐ.-യും കൂടി ശ്രമിച്ചു. മെഡിക്കൽ കോളേജ് സർക്കിൾ ഇൻസ്പെക്ടറോട് ചോദിച്ചാൽ മതി. ഒരു ഡോക്ടർ പിടിവാശിയെടുത്തു. സൂപ്രണ്ട് പറഞ്ഞിട്ടുപോലും അഡ്മിറ്റ് ചെയ്യില്ല എന്ന നിലപാടെടുത്തപ്പോൾ സർജിക്കൽ കാഷ്വാലിറ്റിയിലെ ഡോ. അനിലിനെക്കൊണ്ടാണ് ഇവരെ അഡ്മിറ്റ് ചെയ്യിച്ചത്. അങ്ങ് അന്വേഷിച്ചാൽ അത് മനസ്സിലാകും.

മറ്റൊന്ന്, ഫീസിന്റെ കാര്യത്തിലുള്ള ഗവൺമെന്റിന്റെ പരിമിതി ഞാൻ നല്ലതുപോലെ മനസ്സിലാക്കുന്നു. കോടതിവിധിയുണ്ട്. അതിനപ്പുറത്തേയ്ക്ക് സംസ്ഥാന ഗവൺമെന്റിന് പോകാൻ സാധിക്കില്ല. എന്നാൽ ഈ വിധിയുള്ള സാഹചര്യത്തിലും സമർത്ഥരായ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് മനസ്സുവച്ചാൽ സാധിക്കും.

ഫീസ് ഒന്നേ ആക്കാൻ സാധിക്കുകയുള്ളൂ. പക്ഷെ ഗവൺമെന്റ് നിശ്ചയിക്കുന്ന, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, ഉയർന്ന റാങ്ക് വാങ്ങിയ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന സംവിധാനം മാനേജ്മെന്റുകളെക്കൊണ്ട് സ്വീകരിപ്പിക്കാൻ കഴിയണം. കോടതിവിധിയുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സാമൂഹിക പ്രതിബദ്ധതയോടുകൂടി പഠിക്കാൻ സാമ്പത്തിക സൗകര്യമില്ലാത്ത; മിടുക്കരായ കുട്ടികൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കണം. അതിന് വ്യക്തമായിട്ടുള്ള സ്കീം നമുക്കുണ്ടാക്കാൻ സാധിക്കും. അങ്ങനെ വന്നാൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

ശ്രീ. പിണറായി വിജയൻ: സർ, ഞാനറിഞ്ഞ കാര്യങ്ങളാണ് ഇപ്പോൾ പറഞ്ഞത്. അദ്ദേഹം അവിടെ ഇരിക്കുന്നുവെന്ന് കേട്ട ആ നിമിഷംതന്നെയാണ് ഞാൻ വിളിക്കുന്നത്, അതിൽ താമസമുണ്ടായിട്ടില്ല. അദ്ദേഹത്തെ അവിടെ ഇരുത്താൻ പാടില്ല, മറ്റ് നടപടികൾ നിങ്ങൾ സ്വീകരിക്കണം. അദ്ദേഹത്തോട് കാര്യങ്ങൾ പറയണം. പിന്നെ എന്താണോ ആവശ്യം അത് പെട്ടെന്ന് നിറവേറ്റുക എന്നാണ് പറഞ്ഞത്. പിന്നെ മറ്റൊരു നിർദ്ദേശം അദ്ദേഹം വച്ചത്, പാവപ്പെട്ട മിടുക്കരായ മെരിറ്റിൽ പാസ്സായ കുട്ടികളെ സംരക്ഷിക്കുന്ന കാര്യമാണ്. അത്തരം കാര്യങ്ങളിൽ സർക്കാർ എപ്പോഴും പ്രതിജ്ഞാബദ്ധമാണ്. അതിൽ സർക്കാരിന് എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കും. പക്ഷേ മാനേജ്മെന്റുമായി സംസാരിച്ച് എത്രത്തോളമാകുമെന്നതിൽ അവ്യക്തതയുണ്ട്. ഏതായാലും ആ നിർദ്ദേശവും തള്ളിക്കളയേണ്ട ഒന്നല്ല. എല്ലാ കാര്യവും പരിശോധിച്ച് വേണ്ടത് ചെയ്യും. ഏതായാലും ഈ കാര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഒരു പ്രശ്നവുമില്ല എന്ന് വ്യക്തമാക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ ഹൈബി ഈഡൻ ഇന്നലെയുണ്ടായ വളരെ പ്രധാനപ്പെട്ട സംഭവം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. ഇന്നലെ തിരുവനന്തപുരത്ത് നടന്നത് പോലീസിന്റെ നരനായാട്ടായിരുന്നു. വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിക്കുന്നതാണ് കണ്ടത്. വിദ്യാർത്ഥികൾ നടത്തിയത് സ്വാശ്രയ കോളേജുകളിലെ ഫീസ് വർദ്ധനയ്ക്കെതിരായ സമരമായിരുന്നു. ഇത്തരമൊരു സമരം നടക്കുന്നത് ആദ്യമായിട്ടല്ലല്ലോ. ഈ നിയമസഭയിൽ 27-7-2015-ൽ ബഹുമാന്യനായ സ്പീക്കർ അവതരിപ്പിച്ച അടിയന്തരപ്രമേയം ഇവിടെയുണ്ട്, ഞാൻ അത് വായിക്കുന്നില്ല. സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെപ്പറ്റി അങ്ങ് പറഞ്ഞ

കാര്യങ്ങളൊക്കെ വായിച്ചാൽ അത് ഈ ഗവൺമെന്റിന് വളരെ ബുദ്ധിമുട്ടാകും. ഈ സംസ്ഥാനത്തെ സ്വാശ്രയ മാനേജ്മെന്റുകൾക്ക് കുച്ചുവിലങ്ങിടാൻ ബാധ്യതയുള്ള ഗവൺമെന്റ് അവർക്ക് ഫീസ് അനിയന്ത്രിതമായി വർദ്ധിപ്പിച്ചുകൊടുക്കുന്നത് സംബന്ധിച്ചാണ് ഇന്നലെ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. മന്ത്രി ഇന്നലെ ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും നിലനിൽക്കുന്നതല്ല. നേരത്തേയുള്ള അവസ്ഥയിൽ മാറ്റമുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞത് ഞങ്ങൾ അംഗീകരിക്കുന്നു. ഇവിടെ നൂറ് ശതമാനം നീറ്റ് പാസ്സായ കുട്ടികളെ മാത്രമേ പ്രവേശിപ്പിക്കാൻ കഴിയൂ. മുഖ്യമന്ത്രി പറഞ്ഞത് ശരിയല്ല. ഇവിടെ സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടന്നു. ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ചർച്ച നടത്തിയാണ് ഫീസ് തീരുമാനിച്ചത്. അതിനുശേഷം സ്വാശ്രയ മാനേജ്മെന്റുകൾ ചർച്ചയ്ക്കുവന്നു. ആ ചർച്ചയിൽ 30 ലക്ഷം രൂപയായി ഫീസ് വർദ്ധിപ്പിക്കണമെന്നാണ് അവർ ആവശ്യപ്പെട്ടത്. അത് അംഗീകരിക്കാതെ ചർച്ച അലസി. ഇവിടെ ഞങ്ങൾ ചർച്ച നടത്തിയിട്ടില്ലെന്ന് ഗവൺമെന്റ് പറയുന്നത് ശരിയല്ല, അത് വാസ്തവ വിരുദ്ധമാണ്. ചർച്ച നടത്തുകയും ആ ചർച്ചയിൽ തീരുമാനമാകാതെ വരികയും ചെയ്തപ്പോഴാണ് ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് പ്രൊവിഷണലായി തീരുമാനിച്ചത്. സ്വാശ്രയ മാനേജ്മെന്റുകൾക്ക് അവരുടെ അക്കൗണ്ടുകൾ/ റെക്കോർഡുകൾ സമർപ്പിച്ചാൽ വീണ്ടും ഫീസ് കൂട്ടേണ്ട സാഹചര്യമുണ്ടാകുമെന്നാണ് ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മിറ്റി പറയുന്നത്. മാത്രമല്ല, ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യം അറിയാതെയാണോ, അതോ അറിഞ്ഞിട്ട് മറച്ചുവച്ചതാണോയെന്ന് എനിക്കറിയില്ല. ഗവൺമെന്റ് ചർച്ച നടത്തിയതിനുശേഷമാണ് ഈ ഫീസ് മുഴുവൻ തീരുമാനിച്ചിട്ടുള്ളതെന്ന് നമ്മൾ മനസ്സിലാക്കണം. ഇവിടെ നിങ്ങൾ ചർച്ചയിലൂടെ ഫീസ് കുറയ്ക്കണമായിരുന്നു, അതിന് തയ്യാറായില്ല. പി.ജി. കോഴ്സിന് ഇതാണ് സ്ഥിതിയെങ്കിൽ എം.ബി.ബി.എസ്. കോഴ്സിന്റെ സ്ഥിതി എന്താകും? എം.ഇ.എസ്. കോളേജിന്റെ ചെയർമാൻ ഇന്നലെ പറഞ്ഞത് 8 ലക്ഷം രൂപയായി ഉയർത്തേണ്ടിവരുമെന്നാണ്. അങ്ങനെയെങ്കിൽ എം.ബി.ബി.എസ്.-ന് പഠിക്കുന്ന കുട്ടിക്ക് 40 ലക്ഷം രൂപയെങ്കിലും വേണ്ടിവരും. മെഡിക്കൽ പി.ജി.-ക്ക് 14 ലക്ഷം രൂപയാണ് ഫീസ്, ആ കോഴ്സ് പൂർത്തിയാകുമ്പോൾ 42 ലക്ഷം രൂപ വേണ്ടിവരും. സ്വാശ്രയ മെഡിക്കൽ കോളേജിൽ പി.ജി. പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിക്ക് ചെലവാകുന്നത് 82 ലക്ഷം രൂപയാണ്. 82 ലക്ഷം രൂപയ്ക്ക് പ്രതിമാസ വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് 70,000 രൂപയാണ്. ഹെൽത്ത് സർവ്വീസിൽ പി.ജി.കോഴ്സ് പാസ്സായ കുട്ടിക്ക് കിട്ടുന്ന ശമ്പളം 52,000 രൂപയാണ്. എന്ത് സാമൂഹിക പ്രതിബദ്ധതയായിരിക്കും കേരളത്തിലുണ്ടാകാൻ പോകുന്നത്? ഇത് ഗൗരവപൂർവ്വം ഗവൺമെന്റ് കണ്ടില്ല. സർക്കാർ സ്കോളർഷിപ്പ് കൊടുക്കണം, അതോടൊപ്പം

മാനേജ്മെന്റുകളെക്കൊണ്ടും കൊടുപ്പിക്കണം. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരം ഉണ്ടാകണമെന്നുള്ള നിർദ്ദേശമാണ് ഇന്നലെ ഞാൻ മുന്നോട്ടുവച്ചത്. ഇതിനൊന്നും തയ്യാറാകാതെ മാനേജ്മെന്റുമായി ചർച്ച ചെയ്തു, അവർ പറയുന്ന ഫീസ് അംഗീകരിച്ചുകൊടുത്തു. ഈ നടപടിയാണ് കേരളത്തിൽ ശക്തമായ പ്രതിഷേധത്തിന് വഴിതെളിച്ചത്. അതിനെതിരെയാണ് കേരളത്തിലെ വിദ്യാർത്ഥികൾ, കെ.എസ്.യു.-ക്കാർ സമരം ചെയ്തത്. ബഹുമാന്യനായ മുഖ്യമന്ത്രിക്ക് സമരത്തിനോട് എന്താണ് ഇത്ര പുച്ഛം; അദ്ദേഹത്തിന് പോലീസിന്റെ കാക്കിയിൽ പുരണ്ട രക്തത്തെപ്പറ്റിയാണ് ദു:ഖം. വിദ്യാർത്ഥികളുടെ ശരീരത്തിൽ വീണ ലാത്തിയെപ്പറ്റി അദ്ദേഹം പറയുന്നില്ല. അവരുടെ ശരീരത്തിൽ വീണ രക്തത്തെപ്പറ്റി അദ്ദേഹത്തിന് പ്രയാസമില്ല. അങ്ങയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ സമരങ്ങളോടും പുച്ഛമാണ്, എല്ലാ സമരങ്ങളോടും നിങ്ങൾക്ക് അസ്വസ്ഥതയാണ്, വിദ്യാർത്ഥി സമരങ്ങളെ അടിച്ചമർത്തുന്നു. സംസ്ഥാനത്ത് ലാത്തിച്ചാർജ്ജും ഗ്രനേഡും ജലപീരങ്കിയും കണ്ണീർവാതകവും വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര കെ.എസ്.യു.-ക്കാരെയാണ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തത്; എത്ര പേർ ജയിലിൽപ്പോയി; എത്ര പേർ അംഗവിഹീനരായി; എത്ര പേരുടെ കണ്ണ് നഷ്ടപ്പെട്ടു; കെ.എസ്.യു. വിദ്യാർത്ഥികളെയും യൂത്ത് കോൺഗ്രസ്സുകാരെയും കേരളത്തിൽ അങ്ങോളമിങ്ങോളം പിണറായി വിജയന്റെ പോലീസ് തല്ലിച്ചതയ്ക്കുന്നതാണ് ഒരു വർഷമായി കാണുന്നത്. നേമത്ത് യൂത്ത് കോൺഗ്രസ്സുകാരന്റെ ജനനേന്ദ്രിയം തകർത്ത ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കഥയാണ് ഞാൻ ഇന്നലെ പറഞ്ഞത്. ആ എസ്.ഐ. സർവ്വീസിലിരിക്കാൻ യോഗ്യനല്ല. ഇങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥരെ ന്യായീകരിക്കാൻ പാടില്ല. ഏതായാലും അയാൾക്കെതിരെ നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞതിൽ സന്തോഷമുണ്ട്. ഇങ്ങനെയുള്ള ആളുകളാണ് കേരള പോലീസിന് അപമാനമായിട്ടുള്ളത്. വിദ്യാർത്ഥി-യുവജന സമരങ്ങളെ കൈകാര്യം ചെയ്യുന്ന രീതി ശരിയാണോ? ഇവിടെ ലാ അക്കാദമി സമരം നടന്നപ്പോൾ നിങ്ങളുടെ സമീപനം എന്തായിരുന്നു; ശ്രീമതി മഹിജയുടെ സമരത്തെ നിങ്ങൾ നേരിട്ടത് എങ്ങനെയാണ്; പൊമ്പിളൈ ഒരുമൈയുടെ സമരത്തെ നിങ്ങൾ നേരിട്ടത് എങ്ങനെയാണ്? കേരളത്തിൽ നടക്കുന്ന ജനകീയ സമരങ്ങളോട് ഈ സർക്കാരിന്റെ സമീപനം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. നിങ്ങൾക്ക് സമരത്തോട് പുച്ഛമാണ്. ഇവിടെ കാനം രാജേന്ദ്രന്റെ വാക്കുകൾ ഉദ്ധരിക്കുന്നു. സമരംകൊണ്ട് എന്ത് നേടിയെന്നാണ് ശ്രീമതി മഹിജയോട് മുഖ്യമന്ത്രി ചോദിച്ചത്? ഒരു സമരം ചെയ്യുമ്പോൾ അങ്ങനെയാണോ ചോദിക്കേണ്ടത്; സമരം ചെയ്യുമ്പോൾ ചിലപ്പോൾ ഒരു പ്രയോജനവും ഉണ്ടായെന്ന്

വരില്ല. പക്ഷെ ജനങ്ങളുടെ പ്രതിഷേധം, അവരുടെ ആവശ്യം, ജിജ്ഞാസ അതെല്ലാം ഉയർത്തിപ്പിടിക്കാൻ സമരങ്ങൾ വേണ്ടിവരും. ഇതൊന്നും മുഖ്യമന്ത്രിയെ ഞാൻ പറഞ്ഞുപഠിപ്പിക്കേണ്ട കാര്യമല്ലല്ലോ; അദ്ദേഹം സമരങ്ങളിലൂടെ വന്ന ആളല്ലേ? അങ്ങ് മുഖ്യമന്ത്രി ആയിരിക്കുമ്പോൾ സമരങ്ങളെ ഇങ്ങനെ അടിച്ചമർത്തുന്നത് തെറ്റായ നടപടിയാണെന്നാണ് എനിക്ക് പറയാനുള്ളത്. യൂത്ത് കോൺഗ്രസ് സമരങ്ങൾക്ക് നേരെ ഗ്രനേഡ് എറിയുന്നു. ഇന്നലെ തിരുവനന്തപുരത്ത് മൂന്നൂറിലധികം വിദ്യാർത്ഥികൾ സമാധാനപരമായി സമരം ചെയ്തപ്പോഴാണ് വാർ മെമ്മോറിയലിൽവച്ച് അവരെ പോലീസ് തടഞ്ഞത്. ഒരു പ്രകോപനവുമില്ലാതെയാണ് ഭീകരമായ ലാത്തിച്ചാർജ്ജുണ്ടായതും ഗ്രനേഡ് എറിഞ്ഞതും. സമരം ചെയ്യുന്നവരോട് ഇത്രയും അസഹിഷ്ണുത എന്തിനാണ്? കേരള പോലീസിനെ ഉപയോഗിച്ച് വിദ്യാർത്ഥി സമരങ്ങളെ അടിച്ചമർത്താൻ നോക്കിയാൽ അത് ഇവിടെ നടക്കില്ല. വിദ്യാർത്ഥി സമരങ്ങളുമായി ശക്തമായി മുന്നോട്ടുപോകുമെന്ന് തന്നെയാണ് എനിക്ക് പറയാനുള്ളത്. ആ കുട്ടികളുടെ ശരീരത്തിലുള്ള ലാത്തിയുടെ പാടുകൾ മനഃസാക്ഷിയുള്ള ഒരാൾക്കുപോലും കണ്ടുനിൽക്കാൻ കഴിയില്ല. അത്രയും ഭീകരമായാണ് മർദ്ദിച്ചത്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് കുട്ടികൾ സമരം ചെയ്താൽ തലയ്ക്കടിക്കരുതെന്ന പ്രത്യേക നിർദ്ദേശം കൊടുത്തിരുന്നു. കുട്ടികൾ സമരം ചെയ്യുമ്പോൾ അവർ ചിലപ്പോൾ ബാരിക്കേഡിനടുത്തുവന്ന് ഉന്തും തള്ളുമുണ്ടാകും. ഇന്നലെ കുട്ടികളുടെ തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച് ഭീകരമായി മർദ്ദിക്കുകയാണുണ്ടായത്. ഇതിനെപ്പറ്റി സമഗ്രമായ അന്വേഷണം നടത്താൻ മുഖ്യമന്ത്രി തയ്യാറാകണം. ഇന്നലെയുണ്ടായ നരനായാട്ട് ആവശ്യമില്ലാത്തതും ഒഴിവാക്കാൻ കഴിയുന്നതുമായിരുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, സ്വാശ്രയ വിഷയവുമായി ബന്ധപ്പെട്ട് മുൻ മുഖ്യമന്ത്രി ബഹുമാന്യനായ ഉമ്മൻ ചാണ്ടി പറഞ്ഞത്, സംസ്ഥാന സർക്കാരിന് ഒന്നുംചെയ്യാൻ കഴിയില്ല, സ്കോളർഷിപ്പിന്റെ കാര്യം മാത്രമേ പരിഗണിക്കാൻ പറ്റൂ, അത് മാനേജ്മെന്റിന്റെ നിലപാടിനെ ആശ്രയിച്ചിരിക്കുമെന്നാണ്. അതിന് ബഹുമാന്യനായ മുഖ്യമന്ത്രി വളരെ പോസിറ്റീവായി പ്രതികരിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ സമരം അവസാനിപ്പിക്കാൻ പ്രതിപക്ഷം തയ്യാറാണോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സ്വാശ്രയ മാനേജ്മെന്റുകളുടെ വക്കാലത്ത് ഡി.വൈ.എഫ്.ഐ.-യുടെ പ്രസിഡന്റ് ഏറ്റെടുത്തതിൽ എനിക്ക് വലിയ സന്തോഷമുണ്ട്, ഞാൻ സന്തോഷിക്കുന്നു. ....(ബഹളം)....

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, സാമ്പത്തികമായി ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികളെ സഹായിക്കാൻ ഗവൺമെന്റിന് മനസ്സുണ്ടെങ്കിൽ സാമൂഹിക പ്രതിബദ്ധതയുണ്ടെങ്കിൽ സാധിക്കുമെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാന്യനായ റ്റി. വി. രാജേഷിന്റെ വാക്ക് കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. അദ്ദേഹത്തെപ്പോലെയുള്ള ഒരാളിൽനിന്നും ഞാനിത് പ്രതീക്ഷിച്ചില്ല. ....(ബഹളം) ....

<u>മി. സ്പീക്കർ</u>: പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ നിങ്ങൾ പിറകിലിരുന്ന് ബഹളം വയ്ക്കുന്നത് എന്തിനാണ്? അദ്ദേഹം സംസാരിക്കുകയല്ലേ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഒരു ഗവൺമെന്റ് വിചാരിച്ചാൽ ഇതൊക്കെ നടക്കും. ഒരു ഗവൺമെന്റിന് അതിന്റേതായ ശക്തിയുണ്ട്. ഗവൺമെന്റ് മുൻകയ്യെടുത്ത് സ്കോളർഷിപ്പ് കൊടുക്കാൻ നിർബന്ധിക്കണം. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരമുണ്ടാക്കണം. ഫീസ് കുറയ്ക്കാൻ തയ്യാറാകണം. അവർ ചോദിക്കുന്ന ഫീസ് കൊടുക്കാനാണോ ഗവൺമെന്റ് ഭരിക്കുന്നത്; അതാണ് ഞങ്ങളുടെ പ്രതിഷേധം. ആ ആവശ്യം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് വിദ്യാർത്ഥികൾ നടത്തുന്ന സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലുന്ന നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അത് അംഗീകരിക്കാൻ നിവൃത്തിയില്ല. ഇന്നലെ ബഹുമാന്യനായ ഉമ്മൻ ചാണ്ടി അവിടെ സത്യാഗ്രഹമിരിക്കേണ്ട സാഹചര്യമുണ്ടാക്കിയത് ശരിയാണോ? അതിനിടയാക്കിയ ഡോക്ടറെ അടിയന്തരമായി സസ്പെന്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. സൂപ്രണ്ട് പറഞ്ഞാൽ കേൾക്കാത്ത ഡോക്ടറും ശ്രീ. എ. കെ. ബാലൻ പറഞ്ഞാൽ കേൾക്കാത്ത സൂപ്രണ്ടുമാണ്. എന്താണ് ഇവിടെ നടക്കുന്നത്? ഈ സംസ്ഥാനത്തെ ഒരു മുൻ മുഖ്യമന്ത്രിക്ക് ആശുപത്രിയിൽ സമരം ചെയ്യേണ്ട അവസ്ഥയുണ്ടായെന്ന് പറയുന്നത് ഭൂഷണമല്ല. അത് ശരിയായ നടപടിയല്ല. വിദ്യാർത്ഥികൾ സമരം ചെയ്യുന്നത് ആദ്യമായിട്ടല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകൾ കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. അവരുടെ കയ്യിൽ കല്ലും വടിയുമൊക്കെയുണ്ടായിരുന്നു എന്നാണ് പറഞ്ഞത്. ഏതായാലും അവരുടെ കയ്യിൽ പെട്രോൾ ബോംബില്ലായിരുന്നു. പണ്ട് പെട്രോൾ ബോംബെറിഞ്ഞ കാര്യം ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. അവരുടെ കയ്യിൽ വാർക്കക്കമ്പിയും പണി ആയുധങ്ങളും ഇല്ലായിരുന്നു. വിദ്യാർത്ഥി സമരങ്ങളോട് ഗവൺമെന്റും പോലീസും സഹിഷ്ണുത കാണിക്കണം. വിദ്യാർത്ഥികൾ സമരം ചെയ്യുമ്പോൾ അവരുടെ തലയടിച്ച് പൊട്ടിക്കുന്ന സമീപനം ഒട്ടും ശരിയല്ല. ....(ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്..... പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. ഇരിക്കൂ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്നലെ ഏതാണ്ട് പത്തിലധികം വിദ്യാർത്ഥികൾക്കാണ് ക്രൂരമായ മർദ്ദനമേറ്റത്. പെൺകുട്ടികളടക്കമുള്ളവർക്ക്

മർദ്ദനമേറ്റു. സ്നേഹ എന്ന കുട്ടി എന്റെ മണ്ഡലത്തിലുള്ളതാണ്. ആ കുട്ടിയോട് ഇന്നലെ വളരെ മോശമായ രീതിയിൽ അസഭ്യം പറയുകയും ആ കുട്ടിക്കെതിരെ അക്രമങ്ങൾ അഴിച്ചുവിടുകയും ചെയ്തു. ഇത്രയും വൃത്തികെട്ട ഭാഷ ഒരിക്കലും പോലീസ് ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ആവർത്തിക്കുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിനുപകരം അവരെ സംരക്ഷിക്കുന്ന നിലപാടാണ് ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്നത്. ഇതിൽ ഞങ്ങൾ ശക്തമായ പ്രതിഷേധം രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. വിദ്യാർത്ഥികൾക്കുനേരെ അക്രമം നടത്തിയ പോലീസുദ്യോഗസ്ഥർ ആരാണെങ്കിലും അവരുടെ പേരിൽ നടപടിയുണ്ടാകണം, ഇക്കാര്യം സമഗ്രമായ അന്വേഷണത്തിന് വിധേയമാക്കണം. കുട്ടികളെ അഡ്മിറ്റ് ചെയ്യാത്ത ഡോക്ടറുടെ പേരിൽ നടപടിയെടുക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. കെ. എം. മാണി: സർ, വളരെ പ്രധാനപ്പെട്ട ഈ വിഷയം ചർച്ച ചെയ്യാൻ അവസരം നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

## IV. ശ്രദ്ധ ക്ഷണിക്കൽ

### (1) മത്സ്യബന്ധന തുറമുഖ നിർമ്മാണം

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരി വളരെ ചരിത്രപ്രാധാന്യമുള്ള നഗരമാണ്. സഖാവ് നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് തലശ്ശേരി തലായിയിൽ ഒരു ഫിഷിംഗ് ഹാർബറിന് തറക്കല്ലിട്ടത്. തുടർന്ന് ഗവൺമെന്റിന് മാറ്റമുണ്ടായി. വികസനത്തിൽ രാഷ്ട്രീയമില്ലെന്നാണ് യു.ഡി.എഫ്. പറയുന്നത്. പക്ഷേ പലപ്പോഴും വികസനത്തിന്റെ പേരിൽ രാഷ്ട്രീയം കളിക്കുന്ന കാഴ്ചയാണ് കാണുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തലശ്ശേരിയിലെ തലായി ഹാർബറിന്റെ പ്രവർത്തനം സ്തംഭിപ്പിക്കുകയും പിന്നീട് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ, 2006-ൽ സഖാവ് എസ്. ശർമ്മ

ഫിഷറീസ് വകുപ്പുമന്ത്രി ആയിരിക്കുമ്പോൾ അതിന്റെ പ്രവർത്തനം ത്വരിതഗതിയിൽ ആരംഭിക്കുകയും പ്രവർത്തനം ഏതാണ്ട് പൂർത്തീകരിക്കപ്പെടുന്ന ഘട്ടം എത്തിയപ്പോഴേയ്ക്കും സർക്കാരിൽ മാറ്റമുണ്ടാകുകയും ചെയ്തു. പിന്നീട് അധികാരത്തിൽവന്ന യു.ഡി.എഫ്. സർക്കാർ 2011 മുതൽ 2016 വരെ ഏതാണ്ട് അഞ്ചുവർഷക്കാലം തലായി ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം സ്തംഭിപ്പിക്കുകയുമായിരുന്നു. ഇപ്പോഴും പ്രവർത്തനം പൂർത്തിയായിട്ടില്ല. അതിന്റെ ഭാഗമായി വലിയ രീതിയിലുള്ള പ്രശ്നങ്ങളാണ് ജനങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. തലശ്ശേരിയുടെ പരമ്പരാഗത മത്സ്യഗ്രാമങ്ങളായ തലായിയേയും ഗോപാൽപ്പേട്ടയേയുമാണ് ഈ ഹാർബർ പരസ്പരം ബന്ധിപ്പിച്ചിട്ടുള്ളത്. തലായി ഭാഗത്തെ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായെങ്കിലും ഗോപാൽപ്പേട്ട ഭാഗത്തെ പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല. ഹാർബറിനകത്തുള്ള തലായി-ഗോപാൽപ്പേട്ട റിംഗ് റോഡിന്റെ പ്രവൃത്തിയും ഗോപാൽപ്പേട്ട ഫിംഗർ ജെട്ടിയുടെ പ്രവൃത്തിയും ആരംഭിച്ചിട്ടില്ല. റിംഗ് റോഡ് നിർമ്മിക്കാത്തതുകൊണ്ട് എൻ.എച്ച്. റോഡിലൂടെ മൂന്ന് കിലോമീറ്ററോളം ചുറ്റി യാത്രചെയ്യേണ്ട സാഹചര്യമാണുള്ളത്. ഫിംഗർ ജെട്ടി നിർമ്മിക്കാത്തതുകൊണ്ട് ഗോപാൽപ്പേട്ട ഭാഗത്ത് ബോട്ടുകൾ അടുപ്പിക്കാൻ സാധിക്കുന്നില്ല. അതുപോലെ ഹാർബറിനകത്ത് ചില സ്ഥലങ്ങളിലെ പാറകൾ നീക്കംചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കണം. പ്ലാനിൽ അംഗീകരിച്ച കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായി. എന്നാൽ യാർഡിലെ ഇലക്ട്രിക് നടപടികൾ പൂർത്തിയായിട്ടില്ല. വേലിയിറക്ക സമയത്ത് ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം വൈകിയതുകൊണ്ട് മണൽത്തിട്ടകൾ കാരണം ബോട്ടുകൾക്ക് നിർബാധം കടന്നുവരാൻ കഴിയുന്നില്ല. ആയതിനാൽ ബാക്കിയുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കണം. തലായി ഫിഷിംഗ് ഹാർബറിന് സഖാവ് നായനാരുടെ കാലത്ത് തറക്കല്ലിട്ടതാണ്. തലശ്ശേരിയിലെ ജനങ്ങളുടെ ഏറെക്കാലത്തെ അഭിലാഷമാണത്. എത്രയോ കാലമായി തലശ്ശേരിയിലെ ജനങ്ങൾ ഉയർത്തിപ്പിടിക്കുന്ന ആവശ്യത്തിന് പരിഹാരമുണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. 2010-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പുലിമുട്ടുകളുടെ നിർമ്മാണം, അപ്രോച്ച് റോഡ്, ക്യാന്റീൻ, ഓഫീസ് കെട്ടിടം തുടങ്ങിയവയുടെ പ്രവൃത്തി പൂർത്തിയാക്കിയിരുന്നു. പക്ഷേ 2011 മുതൽ 2016 വരെ ഒരു പ്രവർത്തനവും നടത്താൻ സാധിക്കാത്ത സാഹചര്യമാണുണ്ടായത്. വളരെ കഷ്ടപ്പെട്ട് ജീവിക്കുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അതുകൊണ്ട് തലശ്ശേരിപോലെ ചരിത്രപ്രാധാന്യമുള്ള നഗരത്തിൽ ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സ്വപ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് തലായി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഈ പ്രവർത്തനം പൂർത്തീകരിച്ച്

കമ്മീഷൻ ചെയ്യാനുള്ള നടപടി ഫിഷറീസ് വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്. വളരെ പെട്ടെന്നുതന്നെ ഇത് പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന പോസിറ്റീവായ ഉത്തരമാണ് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഞാൻ പ്രതീക്ഷിക്കുന്നത്.

(യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: നിങ്ങൾ പ്രതിഷേധം പ്രകടിപ്പിച്ചു. ഇനി സീറ്റിലേയ്ക്ക് പോകു. വളരെ ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചു. നിങ്ങൾ സീറ്റിലേയ്ക്ക് പോയാൽ മാത്രമേ പ്രതിപക്ഷനേതാവിന് മൈക്ക് ലഭിക്കു.

(മുദ്രാവാക്യം വിളിച്ചുകൊണ്ട് ഡയസിന് മുന്നിൽനിന്ന യു.ഡി.എഫ്. അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് പോയി.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത്രയും ഗുരുതരമായ പ്രശ്നമുണ്ടായിട്ടും വളരെ ലാഘവത്തോടെയാണ് ഗവൺമെന്റ് പെരുമാറിയത്. ഇതിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. ഞങ്ങളുടെ കുട്ടികൾ ഭീകരമായ ലാത്തിച്ചാർജ്ജിന് വിധേയരായി ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. ഈ സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു. ഡി. എഫ്. അംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, തലായി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ട് പുലിമുട്ടുകൾക്കിടയിൽ സ്ഥിതിചെയ്യുന്ന ലാന്റിംഗ് സെന്ററാണ് ചാലിൽ ഗോപാൽപ്പേട്ട. 1993-ൽ നിർമ്മാണം പൂർത്തിയാക്കിയ ചാലിൽ ഗോപാൽപ്പേട്ട ഫിഷ് ലാന്റിംഗ് സെന്റർ തലായി മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ അംഗീകരിച്ച കരാറിൽ ഉൾപ്പെടുന്നതല്ല. ചാലിൽ ഗോപാൽപ്പേട്ട ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണത്തിന് എൻ.എഫ്.ഡി.ബി.-യിൽനിന്ന് അനുമതി ലഭിച്ചതനുസരിച്ച് 2013-ലാണ് 83.4 ലക്ഷം രൂപയുടെ ഭരണാനുമതി ആദ്യം ലഭ്യമായത്. പ്ലാറ്റ്ഫോം നവീകരണം, പാർക്കിംഗ് ഏരിയ, ഓടയുടെ നിർമ്മാണം, ലോക്കർ റൂം, വൈദ്യുതീകരണം, ജലവിതരണ സംവിധാനം എന്നീ പ്രവൃത്തികൾ 2015 മേയ് മാസത്തിൽ പൂർത്തീകരിച്ചു. തലായി ഒരു ഫിഷിംഗ്

ഹാർബറായി ഉയർത്തണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യം കണക്കിലെടുത്ത് 2007-ൽ നായനാർ ഗവൺമെന്റിന്റെ കാലത്ത് ഒരു പുതിയ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും 19.25 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുമുണ്ടായി. പുലിമുട്ടുകളുടെ നിർമ്മാണം, ബോട്ട് അടുപ്പിക്കുന്നതിനുള്ള കീവാൾ, ലേലപ്പുര, ഡ്രഡ്ജിംഗ് ആന്റ് റിക്ലമേഷൻ, പാർക്കിംഗ് ഏരിയ, ഇന്റേണൽ റോഡ്, ഓട നിർമ്മാണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കാന്റീൻ, നെറ്റ് മെന്റിംഗ് യാർഡ് തുടങ്ങിയ വർക്കുകളായിരുന്നു അതിന്റെ വിവിധ ഘടകങ്ങൾ. നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിവന്ന ടെണ്ടർ അധിക നിരക്ക്, ഷെഡ്യൂൾ റിവിഷൻ എന്നിവയുടെ ഭരണാനുമതി തുകയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ 2014-ൽ വീണ്ടും പുതിയ എസ്റ്റിമേറ്റ് നൽകുകയും 34.79 കോടി രൂപയുടെ പുതിയ ഭരണാനുമതി കേന്ദ്രത്തിൽനിന്നും ലഭ്യമാകുകയും ചെയ്തു. ഇപ്പോൾ തലായി ഫിഷിംഗ് ഹാർബറിന്റെ 75 ശതമാനം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രഡ്ജിംഗ്, പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, തീരസംരക്ഷണത്തിനായുള്ള ഗ്രോയിംഗ് നിർമ്മാണം എന്നിവയാണ് ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ. ഗ്രോയിംഗ് നിർമ്മാണത്തിനുള്ള ടെൻഡർ ക്ഷണിച്ച കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ എന്നിവയുടെ 85 ശതമാനം പണി പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രഡ്ജിംഗ് പ്രവൃത്തി 10 ശതമാനം മാത്രമേ ആയിട്ടുള്ളൂ. ശേഷിക്കുന്ന ഡ്രഡ്ജിംഗ് പ്രവൃത്തിയും പാർക്കിംഗ് ആന്റ് ലോഡിംഗ് ഏരിയകളും ഗ്രോയിംഗ് നിർമ്മാണവും പൂർത്തീകരിച്ച് ഹാർബറിന്റെ നിർമ്മാണം 2017 ഡിസംബറിൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. തലായി മത്സ്യബന്ധന തുറമുഖപദ്ധതിയുടെ ഭാഗമായി ഇപ്പോൾ നടന്നുവരുന്ന ഡ്രഡ്ജിംഗ് പൂർത്തീകരിക്കുമ്പോൾ ചാലിൽ ഗോപാൽപ്പേട്ട ഭാഗത്ത് നല്ല രീതിയിൽ ബീച്ച് ലാൻഡിംഗിനുള്ള സൗകര്യം ലഭിക്കുന്നതാണ്. ചാലിൽ ഗോപാൽപ്പേട്ട ഭാഗത്ത് അടുപ്പിക്കുന്ന യാനങ്ങൾക്കുകൂടി വാർഫ് സൗകര്യവും ലീവേർഡ് പുലിമുട്ട് മുതൽ പ്രധാന പുലിമുട്ട് വരെ റിംഗ് റോഡ് നിർമ്മിക്കുന്നതിന്റെ ആവശ്യവും മത്സ്യത്തൊഴിലാളികളുടെ ഭാഗത്തുനിന്ന് ഉയർന്നുവന്നിട്ടുണ്ട്. ഇവയൊക്കെ കേന്ദ്രാനുമതി ലഭിച്ച തലായി മത്സ്യബന്ധന തുറമുഖ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാന ഗവൺമെന്റ് അതിന് മുൻകയ്യെടുത്തുകൊണ്ട് റിംഗ് റോഡ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഈ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാൻ ഉദ്യോഗസ്ഥരുടെ ഉന്നതതലയോഗം വിളിച്ചുചേർക്കാൻ സാധിക്കുമോ; ബഹുമാനപ്പെട്ട മന്ത്രികൂടി മുൻകയ്യെടുത്താൽ ഈ പ്രവർത്തനം ത്വരിതഗതിയിലാകും.

ഇപ്പോൾ അൺ എന്റിംഗായി നീണ്ടുപോകുകയാണ്, അനിശ്ചിതാവസ്ഥ ഇപ്പോഴുമുണ്ട്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇപ്പോൾ വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ട്. അങ്ങയുടെകൂടി സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിക്കാവുന്നതാണ്. അനിശ്ചിതാവസ്ഥ ഇക്കാര്യത്തിലില്ല. വളരെ കൃത്യമായ ലക്ഷ്യബോധമുണ്ട്. ഈ ഡിസംബറിൽത്തന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ നടപടി സ്വീകരിക്കാം.

(സഭയിൽനിന്നും പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി.)

## (2) ഉപരിപഠനത്തിന് സീറ്റ് ഉറപ്പാക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷാഫലം പുറത്തുവന്നപ്പോൾ മലപ്പുറം ജില്ലയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളെപ്പോലെ വലിയ മുന്നേറ്റമാണ് വിജയശതമാനത്തിലുണ്ടായത്. മലപ്പുറം ജില്ലയിൽ ഏതാണ്ട് 95 ശതമാനത്തിലധികം വിദ്യാർത്ഥികൾ വിജയിച്ചു. കേരളത്തിലെ മറ്റ് പതിമൂന്ന് ജില്ലകളിലുമില്ലാത്ത ഒരു പ്രത്യേക സാഹചര്യം മലപ്പുറം ജില്ലയിൽ നിലനില്ക്കുന്നുവെന്നതാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കാനുള്ള കാരണം. യഥാർത്ഥത്തിൽ വിജയിച്ച കുട്ടികളിൽ മൂന്നിലൊന്ന് പേർക്ക് ഉപരിപഠനത്തിനുള്ള സാഹചര്യം അല്ലെങ്കിൽ സീറ്റുകൾ ലഭിക്കാത്ത അവസ്ഥ മലപ്പുറം ജില്ലയിൽ ഈ വർഷം ഉണ്ടാകുമെന്നുള്ള ഗൗരവതരമായ സ്ഥിതി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ വർഷം മലപ്പുറം ജില്ലയിൽ 80554 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയതിൽ 76958 വിദ്യാർത്ഥികൾ വിജയിച്ച് ഉപരിപഠനത്തിന് അർഹത നേടിയിരിക്കുകയാണ്. ഇന്ന് മലപ്പുറം ജില്ലയിൽ നിലവിൽ ഹയർ സെക്കണ്ടറിക്ക് 47934 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സിന് 2300 സീറ്റുകളും ഉൾപ്പെടെ 50000-ലധികം സീറ്റുകളാണ് ഗവൺമെന്റിലും എയ്ഡഡ് സ്ഥാപനങ്ങളിലുമായി ഇവർക്കുള്ളത്. ഈ കണക്കുവച്ച് നോക്കിയാൽ ഏതാണ്ട് 26000-ത്തോളം വിദ്യാർത്ഥികൾക്ക് മലപ്പുറം ജില്ലയിൽ ഉപരിപഠനത്തിന് അവസരം കിട്ടാത്ത സാഹചര്യമുണ്ടാകും. കേരളത്തിലെ മറ്റു പല ജില്ലകളിലും എസ്.എസ്.എൽ.സി. പരീക്ഷാഫലം വന്ന് പ്ലസ്ടു കോഴ്സിന് അപേക്ഷ നൽകിയാൽ ഉടൻ സീറ്റ് ലഭിക്കുന്ന സാഹചര്യവും അഡ്മിഷൻ പൂർത്തീകരിച്ചാൽ മുഴുവൻ സീറ്റുകളിലും കുട്ടികൾ ഇല്ലാത്ത സാഹചര്യവുമാണ് ഉണ്ടാകുന്നതെങ്കിൽ മലപ്പുറം ജില്ലയിൽ നേരെ വിപരീതമാണ്. ഞാൻ സൂചിപ്പിച്ചതുപോലെ, മലപ്പുറത്ത് മൂന്നിലൊന്ന് വിദ്യാർത്ഥികൾക്ക് പുറത്തുനിൽക്കേണ്ട സാഹചര്യമുണ്ടാവുകയാണ്. ഇവിടത്തെ

പരീക്ഷാഫലം വന്നതിനുശേഷമേ സി.ബി.എസ്.ഇ.-യുടെ റിസൾട്ട് വരികയുള്ളൂ. അതുകൂടി വരുമ്പോൾ കുട്ടികളുടെ എണ്ണം ഇനിയും വർദ്ധിക്കും. കൂടാതെ ഒരു പുതിയ സാഹചര്യംകൂടി വന്നിരിക്കുകയാണ്. കഴിഞ്ഞ ഒന്നുരണ്ട് വർഷം മുമ്പ് മെഡിക്കൽ-എഞ്ചിനീയറിംഗിന് ഒന്നാം റാങ്ക് മഞ്ചേരിയിലെ ഒരു എൻട്രൻസ് കോച്ചിംഗ് സെന്ററിൽ പഠിച്ച വിദ്യാർത്ഥിക്കാണ് ലഭിച്ചത്. മഞ്ചേരിയിലും കോട്ടയ്ക്കലുമൊക്കെ നല്ല എൻട്രൻസ് കോച്ചിംഗ് സെന്ററുകളുള്ളതുകൊണ്ട് മറ്റു ജില്ലകളിൽനിന്നുള്ള കുട്ടികൾ കോട്ടയത്തും തൃശ്ശൂരുമൊക്കെ പോകുന്നതുപോലെ മഞ്ചേരിയിലും കോട്ടയ്ക്കലുമൊക്കെ വരുന്ന സാഹചര്യം കൂടിവരികയാണ്. എല്ലാംകൂടിയാകുമ്പോൾ ഏതാണ്ട് 30000-ത്തിലധികം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കിട്ടാതെ പുറത്തുനിൽക്കേണ്ട സാഹചര്യമുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം ഏത് ഗവൺമെന്റായാലും എല്ലാ വർഷവും 20 ശതമാനം സീറ്റ് കൂട്ടിക്കൊടുക്കും. അങ്ങനെ വരുമ്പോൾ ഏതാണ്ട് പതിനായിരത്തോളം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കും. എന്നാലും മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പാസ്സായ ഇരുപതിനായിരത്തോളം വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറിക്ക് പഠിക്കാൻ അവസരം കിട്ടാത്ത ഗൗരവതരമായ സാഹചര്യമുണ്ടാകുമെന്ന് ഞാൻ ഗവൺമെന്റിനെ അറിയിക്കുകയാണ്. 20 ശതമാനം സീറ്റുകൾ കൂട്ടിക്കൊടുത്തതുകൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ല. അതുകൊണ്ട് നിർബന്ധമായും പുതിയ ബാച്ചുകൾ ഉണ്ടാകണം. എയ്ഡഡ് സ്കൂളുകളിൽ പുതിയ ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കണമെന്നൊന്നും ഞാൻ പറയുന്നില്ല. നിലവിലുള്ള ഗവൺമെന്റ് സ്കൂളുകളിലെങ്കിലും സൗകര്യപ്രദമായ സാഹചര്യങ്ങളുള്ളിടത്ത് പുതിയ കോഴ്സുകൾ അനുവദിക്കണം. മറ്റൊന്ന് എസ്.എസ്.എൽ.സി. വരെയുള്ള ഗവൺമെന്റ് സ്കൂളുകളുണ്ട്. അവിടെ ഹയർ സെക്കണ്ടറി കോഴ്സുകൾകൂടി അനുവദിക്കാനുള്ള തീരുമാനമെടുക്കണം. വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഏറ്റവും പുറകിലായിരുന്ന മലപ്പുറം ജില്ല ഇന്ന് ഏറ്റവും മുന്നിൽ നിൽക്കുന്ന സാഹചര്യമാണുള്ളത്. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകളിൽ ഏറ്റവും നല്ല റിസൾട്ടുള്ള ജില്ലയായി മലപ്പുറം മാറിക്കഴിഞ്ഞു. നിർഭാഗ്യകരമെന്നു പറയട്ടെ, അതിനനുസരിച്ച് പഠിക്കാനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്ത സാഹചര്യം ഇന്ന് മലപ്പുറം ജില്ലയിലുണ്ട്. പ്ലസ് ടുവിനും ഇതേ സാഹചര്യം തന്നെയാണ് നിലവിലുള്ളത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, ഈ സാഹചര്യത്തിൽ 20 ശതമാനം സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. പ്രത്യേകിച്ച് ഗവൺമെന്റ് സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, മലപ്പുറം ജില്ലയിൽ ഈ വർഷം 80554 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുകയും അതിൽ 76958 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹരാകുകയും ചെയ്തു. 2017-18 അദ്ധ്യയനവർഷം മലപ്പുറം ജില്ലയിൽ മാത്രം ഹയർ സെക്കണ്ടറി, പ്ലസ് വൺ കോഴ്സിന് മെരിറ്റ് ക്വാട്ടയിൽ 40722 സീറ്റും മാനേജ്മെന്റ് ക്വാട്ടയിൽ 5358 സീറ്റും കമ്മ്യൂണിറ്റി ക്വാട്ടയിൽ 3180 സീറ്റും അൺ-എയ്ഡഡ് മേഖലയിൽ 11,386 സീറ്റുകളുമുൾപ്പെടെ ആകെ 60646 സീറ്റുകൾ ലഭ്യമാണ്. കൂടാതെ മലപ്പുറം ജില്ലയിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 2325 സീറ്റും ഐ.ടി.ഐ.-യിൽ 5484 സീറ്റും പോളിടെക്നിക്കിൽ 880 സീറ്റുമുൾപ്പെടെ 8689 സീറ്റുകൾകൂടി എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച കുട്ടികൾക്ക് ഉപരിപഠനത്തിന് ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ ഓപ്പൺ സ്കൂൾ മുഖാന്തരവും വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി പഠനം നടത്താവുന്നതാണ്. ഇത്തരത്തിൽ മലപ്പുറം ജില്ലയിൽനിന്നും 2017 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച മുഴുവൻ കുട്ടികൾക്കും ഉപരിപഠനത്തിനാവശ്യമായ സൗകര്യം സർക്കാർ ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞവർഷം (2016-17) പ്രവേശന നടപടികൾ പൂർത്തിയായപ്പോൾ മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറി, പ്ലസ് വൺ കോഴ്സിന് 4615 സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ഈ അദ്ധ്യയനവർഷത്തെ ഏകജാലക സംവിധാനം മുഖേനയുള്ള അലോട്ടുമെന്റുകളിലൂടെ പ്രവേശന നടപടികൾ പൂർത്തിയായതിനുശേഷം അപ്പോഴത്തെ സ്ഥിതിയനുസരിച്ച് വസ്തുതകൾ വിലയിരുത്തി സർക്കാർ പരിശോധിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച കണക്കുപ്രകാരം മലപ്പുറം ജില്ലയിൽ യാതൊരു ബുദ്ധിമുട്ടുമില്ല; സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നാണ് പറഞ്ഞത്. അങ്ങ് ഒരു കാര്യം ആലോചിക്കണം, കഴിഞ്ഞ വർഷത്തെ ഓപ്പൺ സ്കൂൾ രജിസ്ട്രേഷൻ എത്രയുണ്ടെന്ന് പരിശോധിക്കണം. അതിന് കാരണം പറയുന്നത്, ഇത്തരം സ്കൂളുകളിലൊന്നും അഡ്മിഷൻ കിട്ടാത്തവരാണ് ആ സാഹചര്യങ്ങളിലേയ്ക്ക് പോകുന്നതെന്നാണ്. അഡ്മിഷൻ കിട്ടാതെ പുറത്തു പോകുന്ന ആയിരക്കണക്കിന് കുട്ടികൾ മലപ്പുറം ജില്ലയിലുള്ളപ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നാണ് അങ്ങ് നിയമസഭയിൽ പറഞ്ഞ കണക്ക്. അങ്ങേയ്ക്ക് ലഭിച്ച റിപ്പോർട്ട് പ്രകാരമായിരിക്കും പറയുന്നതെങ്കിലും മലപ്പുറത്തെ സാഹചര്യം തീർത്തും വ്യത്യസ്തമാണ്. അതുകൊണ്ട് കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കി 20 ശതമാനം സീറ്റ് വർദ്ധനയ്ക്കനുസൃതമായി മറ്റ് നടപടികൾകൂടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ കണക്കുകളനുസരിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. കഴിഞ്ഞവർഷം സീറ്റുകൾ ഒഴിഞ്ഞുകിടന്നു എന്നതുകൊണ്ട് ഇത്തവണ അങ്ങനെയാകണമെന്നില്ല. ഇത്തവണ പ്രവേശന നടപടികൾ പൂർത്തീകരിക്കട്ടെ, അതിന്റെ അവസ്ഥയനുസരിച്ച് നടപടി സ്വീകരിക്കാം.

# V. സബ്മിഷൻ

## (1) റബ്ബർ ബോർഡിന്റെ റീജിയണൽ ഓഫീസുകൾ പൂട്ടുന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: സർ, റബ്ബർ ബോർഡിന്റെ കേരളത്തിലെ റീജിയണൽ ഓഫീസുകൾ പൂട്ടാനുള്ള നീക്കം വളരെ ഗൗരവമായതും ജാഗ്രത പാലിക്കേണ്ടതും അതിനെതിരെ പ്രതിഷേധിക്കേണ്ടതും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതുമാണ്. കേരളത്തിലാണ് ഇന്ത്യയിലെ 90 ശതമാനം റബ്ബറും ഉൽപ്പാദിപ്പിക്കുന്നത്. 12 മില്ല്യൺ കൃഷിക്കാരാണ് ഈ മേഖലയിലുള്ളത്. അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുന്നത് റബ്ബർ ബോർഡാണ്. റബ്ബർ ബോർഡിന്റെ കീഴിൽ 44 റീജിയണൽ ഓഫീസുകളുള്ളതിൽ 26 ഓഫീസുകൾ കേരളത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ റീജിയണൽ ഓഫീസുകൾ വഴിയാണ് കൃഷിക്കാർ ബന്ധപ്പെടുന്നത്. ചെലവ് ചുരുക്കലിന്റെ ഭാഗമായാണ് കേരളത്തിലെ റീജിയണൽ ഓഫീസുകൾ നിർത്തൽ ചെയ്യുന്നത്. കഴിഞ്ഞമാസം എറണാകുളം, കോതമംഗലം റീജിയണൽ ഓഫീസുകൾ പൂട്ടുകയുണ്ടായി. കാസർഗോഡ്, മണ്ണാർക്കാട്, തിരുവനന്തപുരം, ശ്രീകണ്ഠാപുരം, തലശ്ശേരി എന്നീ ഓഫീസുകൾ ഈ വർഷം പൂട്ടാനിരിക്കുകയാണ്. എന്നാൽ കർണ്ണാടകയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പുതിയ ഓഫീസുകൾ അനുവദിക്കുന്നുണ്ട്. ഇതൊരു ഇരട്ടത്താപ്പ് നയമാണ്. ഇതിനെതിരെ നമ്മുടെ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കണം. റബ്ബർ ബോർഡ് ആസ്ഥാനം കോട്ടയത്തുനിന്നും ഗുവാഹത്തിയിലേയ്ക്ക് മാറ്റുന്നതിനുള്ള ഗൂഢനീക്കവും ഇതിനുപിന്നിലുണ്ട്. എല്ലാ നിലയിലും റബ്ബർ കൃഷിക്കാരോട് ദ്രോഹകരമായ നിലപാടാണ് സ്വീകരിക്കുന്നത്. കേരളത്തോട് കടുത്ത അവഗണനയാണ് കാണിക്കുന്നത്. ഇതിനെതിരെ പ്രതിഷേധിക്കണം. അതിന് ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സി. ജോസഫും ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ അവതരിപ്പിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വളരെ ഗൗരവമായ സാഹചര്യമാണിത്. ഇവിടെ പ്രവർത്തിച്ചിരുന്ന കോതമംഗലം, എറണാകുളം, കോട്ടയം എന്നീ മൂന്ന് ഓഫീസുകൾ നിർത്തലാക്കി. പടിപടിയായി കേരളത്തിലെ എല്ലാ ഓഫീസുകളും റബ്ബർ ബോർഡ് മരവിപ്പിക്കാൻ പോകുകയാണ്. റബ്ബർ കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നത് ഈ ഓഫീസുകൾ മുഖേനയാണ്. സബ്സിഡിയും സഹായങ്ങളും വെട്ടിക്കുറച്ചു. കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ പങ്കുവഹിക്കുന്ന റബ്ബർ കർഷകരെ തകർക്കാൻ ബോധപൂർവ്വമായി കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുകയാണ്. ഇത് ഗൗരവമായി കാണണമെന്ന് കഴിഞ്ഞ

ദിവസം അങ്ങ് പറയുകയുണ്ടായി. ഇക്കാര്യം സംബന്ധിച്ച് സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ കാണണമെന്നാണ് എന്റെ അഭിപ്രായം. അല്ലാതെ ഇക്കാര്യം പരിഹരിക്കപ്പെടുകയില്ല. ഇത് ലഘുവായി കാണരുത്. ഇതിന്റെ എല്ലാ വികാരവും ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റ് നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, വളരെ ഗൗരവമായ വിഷയമാണിത്. ഈ വിഷയം ഇവിടെ ഉന്നയിക്കപ്പെട്ട ശ്രീ. കെ. എം. മാണിയും ശ്രീ. കെ. സി. ജോസഫും പറഞ്ഞ കാര്യങ്ങളോട് ഗവൺമെന്റിന് യാതൊരു വിയോജിപ്പുമില്ലെന്ന് മാത്രമല്ല കഴിഞ്ഞ ദിവസം ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചതുമാണ്. സംസ്ഥാന ഗവൺമെന്റ് വളരെ ഗൗരവമായിത്തന്നെയാണ് ഇതിനെ കാണുന്നത്. സ്വാഭാവിക റബ്ബറിന്റെ 90 ശതമാനവും ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണ്. കേന്ദ്ര സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന റബ്ബർ ബോർഡിന് കേരളത്തിൽ 26 മേഖലാ ഓഫീസുകളാണുണ്ടായിരുന്നത്. ഇതിൽ കോതമംഗലം, എറണാകുളം ഓഫീസുകൾ സംയോജിപ്പിക്കാൻ റബ്ബർ ബോർഡ് തീരുമാനിച്ചിരിക്കുകയാണ്. ചങ്ങനാശ്ശേരി, കോട്ടയം ഓഫീസുകൾ സംയോജിപ്പിച്ച് ചങ്ങനാശ്ശേരിയിൽ പ്രവർത്തനം തുടങ്ങാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇത് കോട്ടയം മേഖലയിലെ റബ്ബർ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. പടിപടിയായി റബ്ബർ വികസന മേഖലയിൽനിന്നും കേന്ദ്ര സർക്കാരിന്റെ പിന്മാറ്റമാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്ന വസ്തുതകളാണിത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലാണ് റബ്ബർ കൃഷി വ്യാപിപ്പിക്കേണ്ടതെന്നും കേരളത്തിൽ റബ്ബർ ബോർഡിന്റെ പ്രവർത്തനം കുറച്ചുകൊണ്ടുവരണമെന്നുമുള്ള കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ നയമാണ് മേഖലാ ഓഫീസുകൾ നിർത്തലാക്കപ്പെടുന്നതിലൂടെ നടപ്പാകുന്നത്. ഓഫീസുകൾ പൂട്ടിയും ലയിപ്പിച്ചും കേരളത്തിലെ ജീവനക്കാരുടെ എണ്ണം കുറച്ചുമാണ് ഇതിന് തുടക്കമിട്ടിരിക്കുന്നത്. റബ്ബറിനുവേണ്ടി പ്രത്യേക നയം രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന കേന്ദ്ര സർക്കാർ ഇപ്പോൾ അതിൽനിന്നും പുറകോട്ടുപോയിരിക്കുകയാണ്. പുതിയ നികുതി പരിഷ്കാരങ്ങൾ റബ്ബർ ബോർഡിന്റെ വരുമാനം കുറയ്ക്കുമെന്നും ഇതുമായി ബന്ധപ്പെട്ട് റബ്ബർ ബോർഡിന്റെ സാമ്പത്തിക സ്ഥിതി അസ്ഥിരപ്പെട്ടേക്കുമെന്നും പറയുന്നുണ്ട്. റബ്ബർ ആക്ട് തന്നെ റദ്ദാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുന്നതായും അറിയുന്നു. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ നൽകുകയും കേന്ദ്രമന്ത്രിമാരെ നേരിൽകണ്ട് കേരളത്തിന്റെ ആശങ്കകൾ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. മേഖലാ ഓഫീസുകൾ പൂട്ടുകയും സംയോജിപ്പിക്കുകയും

ചെയ്യുന്നതിലൂടെ റബ്ബർ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഒരുതരത്തിലും യോജിക്കാൻ കഴിയില്ല. ഇതിനെതിരായി കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതായിരിക്കും. അടിയന്തരപ്രമേയാവതരണ സമയത്ത് ബഹുമാന്യനായ സണ്ണി ജോസഫും ഇപ്പോൾ ശ്രീ. കെ. എം. മാണിയും ശ്രീ. കെ. സി. ജോസഫും ഒരു സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കണമെന്ന് പറയുകയുണ്ടായി. റബ്ബറിന്റെ ഇന്നത്തെ സാഹചര്യം വച്ചുകൊണ്ട് സംസ്ഥാന കൃഷി വകുപ്പ് റബ്ബർ കർഷകരുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ ഉദ്ദേശിക്കുന്നുണ്ട്. ഇന്ത്യയിൽ 90 ശതമാനം റബ്ബർ ഉൽപ്പാദിപ്പിക്കുന്ന, കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഒരു സർവ്വകക്ഷി സംഘത്തെ പ്രധാനമന്ത്രിയെ കാണുന്നതിനുവേണ്ടി അയയ്ക്കുന്ന കാര്യം ഗവൺമെന്റ് തീരുമാനിക്കുകയാണ്.

## (2) ശബ്ദതാരാവലിയുടെ നൂറാം വാർഷികം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശബ്ദതാരാവലിയുടെ നൂറാം വാർഷികം സർക്കാർതലത്തിൽ സമുചിതമായി ആഘോഷിക്കണമെന്നതാണ് എന്റെ ആവശ്യം. മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ നിഘണ്ടുവായ ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ ശബ്ദതാരാവലിയുടെ അച്ചടി പൂർത്തിയായിട്ട് നൂറുവർഷമാകുകയാണ്. നൂറുവർഷം കഴിഞ്ഞിട്ടും മലയാള പദാവലിയുടെ വേദപുസ്തകമായിട്ടാണ് ഈ നിഘണ്ടു പരിഗണിക്കപ്പെടുന്നത്. ഹെർമൻ ഗുണ്ടർട്ടിനെയും ബെഞ്ചമിൻ ബെയ്‌ലിയെയും പോലുള്ള പാശ്ചാത്യ പണ്ഡിതന്മാരാണ് അതിനുമുൻപ് മലയാള ഭാഷയ്ക്ക് ഒരു നിഘണ്ടു എന്ന സ്വപ്നം പൂർത്തിയാക്കാനായി പരിശ്രമിച്ചിട്ടുള്ളത്. അവയ്ക്കൊക്കെ അതിന്റേതായ പരിമിതികളുണ്ടായിരുന്നു. അവയെല്ലാം വായിച്ചുനോക്കി പരിശോധനയ്ക്ക് വിധേയമാക്കിയാണ് പുതിയ നിഘണ്ടു നിർമ്മിക്കാൻ ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള തയ്യാറായത്. 1895-ൽ തുടങ്ങി 1923-ൽ സമാപിച്ച ഒരു മഹായജ്ഞത്തിന്റെ ഫലമായുണ്ടായതാണ് ഇന്ന് നമ്മൾ കാണുന്ന ശബ്ദതാരാവലി എന്ന മലയാള നിഘണ്ടു. സാധാരണക്കാരും വിദ്യാർത്ഥികളും പണ്ഡിതരും അദ്ധ്യാപകരുമെല്ലാം ആശ്രയിക്കുന്ന മലയാള ഭാഷയിലെ ഏക നിഘണ്ടുവാണിത്. 1917 നവംബർ 13-ാം തീയതി ഇതിന്റെ 1-ാം സഞ്ചികയും 1923 മാർച്ച് 16-ന് ഇതിന്റെ 22-ാം സഞ്ചികയും പുറത്തുവന്നതോടെ പ്രസിദ്ധീകരണം പൂർത്തിയായി. നിഘണ്ടു നിർമ്മാണത്തിന് തന്റെ ജീവനോപാധിയായ വക്കീൽ പണി ഉപേക്ഷിക്കേണ്ടിവന്നതിനെത്തുടർന്ന് നിഘണ്ടുവിന്റെ നിർമ്മാണം പൂർത്തിയായപ്പോഴേയ്ക്കും അദ്ദേഹം കൊടിയദാരിദ്ര്യത്തിലായി. സുഖമെന്ന വാക്ക് ഞാനുണ്ടാക്കിയ നിഘണ്ടുവിലുണ്ടെങ്കിലും അതെന്താണെന്ന് ഞാനിന്നുവരെ അറിഞ്ഞിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. 1947-ൽ അദ്ദേഹം മരിക്കുന്നതുവരെ

ശബ്ദതാരാവലിയുടെ മൂന്ന് പതിപ്പുകൾ മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. പിന്നീടുണ്ടായ പതിപ്പുകളെല്ലാം എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചവയായിരുന്നു. ഒരു നിഘണ്ടു എന്നതിനേക്കാൾ മലയാളത്തിലെ വിജ്ഞാനകോശം എന്ന നിലയിലാണ് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള ഇത് നിർമ്മിച്ച് വരുംതലമുറയ്ക്ക് സമർപ്പിച്ചത്. എന്നാൽ പിന്നീടുണ്ടായ പതിപ്പുകളെല്ലാം വിജ്ഞാനകോശം എന്ന സ്വഭാവത്തെ ഇല്ലാതാക്കി വെറും നിഘണ്ടുവെന്ന രീതിയിലാണ് പ്രസിദ്ധീകരിച്ചത്. എന്നാൽ ആയിരക്കണക്കിന് വാക്കുകളും പ്രയോഗങ്ങളും അതിനുശേഷം മലയാള ഭാഷയിൽ ഉണ്ടായിട്ടുണ്ട്. ഇതെല്ലാം ഉൾപ്പെടുത്തി ശബ്ദതാരാവലി ഒരു സമഗ്ര മലയാളഭാഷാ നിഘണ്ടുവാക്കി മാറ്റേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മലയാള ഭാഷയ്ക്കുവേണ്ടി നമുക്കൊരു സർവ്വകലാശാലയുണ്ട്, ഭാഷയുടെ നിലനിൽപ്പിനുവേണ്ടി നിരവധി സ്ഥാപനങ്ങളുമുണ്ട്. ശ്രേഷ്ഠ ഭാഷയായ മലയാളത്തെ നിർബന്ധിത ഒന്നാം ഭാഷയാക്കിയിട്ടുണ്ട്. അതെല്ലാം നല്ലതാണ്. എന്നാൽ ആധുനികവും നിത്യോപയോഗ പ്രദവുമായ ഒരു നിഘണ്ടു ഇപ്പോൾ മലയാള ഭാഷയ്ക്കില്ല. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ പേരിൽ സ്മാരകമോ, സ്ഥാപനമോ എന്തിന് ഒരു പ്രതിമപോലും ഇല്ല. ഇതെല്ലാം മുൻനിർത്തി ശബ്ദതാരാവലിയുടെ നൂറാം വാർഷികം സർക്കാർതലത്തിൽ സമുചിതമായി ആഘോഷിക്കുന്നതിനും ഈ നിഘണ്ടു പരിഷ്കരിച്ച് വരുംതലമുറയ്ക്ക് മുതൽക്കൂട്ടായി മലയാള ഭാഷയെ സമ്പന്നമാക്കാൻ സമഗ്രമായൊരു നിഘണ്ടു തയ്യാറാക്കുന്നതിനും അദ്ദേഹത്തിനുവേണ്ടി ഒരു സ്മാരകം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയം മാതൃഭൂമി എഡിറ്റോറിയലിൽ മേയ് 13-ന് വളരെ പ്രാധാന്യത്തോടുകൂടി റിപ്പോർട്ട് ചെയ്തതാണ്. 1864-ൽ തിരുവനന്തപുരത്ത് ജനിച്ച കവിയും അഭിഭാഷകനുമായ ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള മലയാള ഭാഷയ്ക്ക് നൽകിയ എക്കാലത്തെയും മഹത്തായ ഗ്രന്ഥമാണ് ശബ്ദതാരാവലി. 1895 മുതൽ 1923 വരെയുള്ള നീണ്ട 18 വർഷത്തെ പ്രയത്നത്തിന്റെ ഫലമാണ് ഈ ഗ്രന്ഥം. ഒരു ഭാഷാ വിജ്ഞാനഗ്രന്ഥം എന്ന നിലയിലാണ് ശബ്ദതാരാവലി ആദ്യം പുറത്തിറങ്ങിയത്. 1917 നവംബർ 13-ന് ആദ്യത്തേതും 1923 മാർച്ച് 16-ന് 22-ാമത്തേതും സഞ്ചികകളായാണ് ശബ്ദതാരാവലി പ്രസിദ്ധീകരിച്ചത്. ആദ്യത്തെ സഞ്ചിക ഇറങ്ങിയിട്ട് നൂറുവർഷം പൂർത്തിയാവുകയാണ്. 1929-ൽ പുനഃപ്രസിദ്ധീകരിക്കുമ്പോഴാണ് ശബ്ദതാരാവലി നിഘണ്ടു പൂർണ്ണരൂപം കൈവരിക്കുന്നത്. അഭിഭാഷകനായ ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള ഏറെ ക്ലേശങ്ങൾ സഹിച്ച് തന്റെ ജീവിതംതന്നെ മലയാള ഭാഷയ്ക്ക് ഉഴിഞ്ഞുവച്ചാണ് ഈ

രീതിയിലൊരു ഗ്രന്ഥം ഒരു നൂറ്റാണ്ടുമുൻപ് തയ്യാറാക്കിയത്. ഇന്നും ശബ്ദതാരാവലി തന്നെയാണ് റഫറൻസിന് നാം ആശ്രയിക്കുന്നത്. മലയാളത്തിലെ അഭിമാനമായ എഴുത്തുകാരിൽ മിക്കവരും ജ്ഞാനപീഠം ജേതാക്കളടക്കം തങ്ങൾ ഉപയോഗിക്കുന്ന ഭാഷയ്ക്ക് ശബ്ദതാരാവലിയിൽ പറയുന്ന അർത്ഥതലങ്ങളാണ് ആധികാരികമായി ഉപയോഗിക്കുന്നത്. ആ നിലയിൽ ശബ്ദതാരാവലി കഴിഞ്ഞ ഒരു നൂറ്റാണ്ടായി മലയാള ഭാഷാപദങ്ങളുടെ ഏകീകരണം എന്ന പ്രക്രിയയും നിർവ്വഹിക്കുന്നുണ്ട്. മലയാള ഭാഷയുടെ ബൈബിൾ എന്ന് വിശേഷിക്കപ്പെടുന്ന ശ്രേഷ്ഠഗ്രന്ഥമാണ് ശബ്ദതാരാവലി. ഇങ്ങനെയൊക്കെയാണെങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ ശബ്ദതാരാവലിക്ക് കിട്ടിയ അംഗീകാരം ഗ്രന്ഥകർത്താവായ ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയ്ക്ക് ലഭിച്ചതായി പറയാനാകില്ല. അദ്ദേഹത്തിന്റെ പേരിൽ ഒരു സ്മാരകംപോലും നിലവിലില്ല. ഇക്കാര്യങ്ങളെല്ലാം ഗവൺമെന്റ് ഗൗരവമായി കാണുകയാണ്. ശബ്ദതാരാവലിയുടെ നൂറുവർഷം തികയുന്ന 2017 നവംബർ മാസത്തിൽ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭാഷാ ശില്പശാലകൾ, അക്കാഡമിക് പരിപാടികൾ, പുസ്തകമേള തുടങ്ങി വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിക്കും. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഈ വർഷം ശബ്ദതാരാവലിയുടെ നൂറാം വാർഷികം പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കും. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുതുതായി പണികഴിപ്പിക്കുന്ന ലൈബ്രറി കെട്ടിടത്തിന് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ പേരും നൽകും.

## (3) **പ്രത്യേക ട്രിബ്യൂണൽ**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്ലാച്ചിമടയിലെ ജലചൂഷണത്തിനും ജലമലിനീകരണത്തിനുമെതിരായി കൊക്കകോള വിരുദ്ധ സമിതി കഴിഞ്ഞ 15 വർഷം നടത്തിയ സമരം ഇപ്പോൾ വീണ്ടും പാലക്കാട് കളക്ടറേറ്റിനുമുന്നിൽ ആരംഭിച്ചിരിക്കുകയാണ്. പ്ലാച്ചിമടയിലെ കൊക്കകോള പ്ലാന്റ് പ്രവർത്തിക്കുന്നില്ല എന്നതൊഴിച്ചാൽ സമരക്കാർ ഉന്നയിച്ച ആവശ്യങ്ങൾ മുഴുവൻ അതേപടി നിലനിൽക്കുകയാണ്. ഇതിലും ഏറെ ഖേദകരമായ സംഗതി, ശ്രീ. വി. എസ്. ഗവൺമെന്റിന്റെ കാലാവധി തീരാറായ സമയത്ത് ഈ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ ബിൽ പ്രസിഡന്റിന്റെ അനുമതി ലഭിക്കാതെ തിരിച്ചുവന്നിരിക്കുകയാണ്. 2011-ലെ കേരള പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രിബ്യൂണൽ ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ചത് സംബന്ധിച്ചുള്ള സന്ദേശമാണിത് (പേപ്പർ ഉയർത്തിക്കാട്ടി). ശുഷ്കാന്തിയില്ലാതെ ബിൽ പാസ്സാക്കിയതാണ് അനുമതി നിഷേധിക്കാനുണ്ടായ കാരണം. നമ്മൾ ബിൽ പാസ്സാക്കുന്നവേളയിൽ വരുന്ന ഒബ്ജക്ഷനുകളും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും വേണ്ടവിധത്തിൽ

ഉൾക്കൊള്ളാത്തതുകൊണ്ടാണ് ബിൽ നിരാകരിക്കാനിടയായത്. 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ നിയമത്തിലെ വകുപ്പുകൾ പകർത്തിയെഴുതുക മാത്രമാണ് ഈ ബില്ലിൽ ചെയ്തത്. ദേശീയ ഹരിത ട്രിബ്യൂണൽ നിയമം ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയതാണ്. അങ്ങനെ പകർത്തിയെഴുതിയ ബിൽ ഉടൻ നിയമമാകും അപ്പോൾ നഷ്ടപരിഹാരം ലഭിക്കുമെന്ന് പറഞ്ഞ് നമ്മൾ ആ പാവങ്ങളെ പറ്റിച്ചു. ആ ബിൽ നിയമമാകുമെന്ന് കരുതിയാണ് അവർ ഇത്രയുംകാലം കാത്തിരുന്നത്. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ആക്ട് 2010-ലെ 3, 14, 15, 29 എന്നീ വകുപ്പുകൾ അതേപടി പ്ലാച്ചിമട ബില്ലിൽ പകർത്തിയെഴുതിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നിയമം നിലവിലുള്ളതുകൊണ്ട് നമ്മുടെ ബിൽ അസാധുവായത്. അങ്ങനെയാണ് ആ ബിൽ പ്രസിഡന്റ് നിരാകരിച്ചത്. ഈ സാഹചര്യത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്ന് രണ്ടുകൂട്ടരും ആലോചിക്കണം. വി. എസ്. ഗവൺമെന്റിന്റെ കാലത്തുണ്ടായ ഒരു ബില്ലിനാണ് ഈ ദുർഗതിയുണ്ടായിട്ടുള്ളത്. സമരക്കാർക്ക് ഇതിൽ വലിയ പ്രയാസമുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നാൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്ന് ഒരുവർഷം പിന്നിട്ടിട്ടും ഇതിനുവേണ്ടി ഒരു സമീപനവും സ്വീകരിച്ചില്ല. പരിസ്ഥിതി പ്രശ്നങ്ങൾക്കും ജലചൂഷണങ്ങൾക്കുമൊക്കെ നഷ്ടപരിഹാരം നൽകുമെന്നാണ് ഗ്രീൻ ട്രിബ്യൂണൽ നിയമത്തിൽ പറയുന്നത്. എന്നാൽ പ്ലാച്ചിമടയിലെ ആദിവാസികളും പാവപ്പെട്ട ജനങ്ങളും ഗ്രീൻ ട്രിബ്യൂണലിനെ സമീപിക്കുകയെന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. 1985-ലെ ഭോപ്പാൽ വാതകദുരന്തത്തിന്റെ ഇരകൾക്കുവേണ്ടി സർക്കാർ കേസ് നടത്തി അവർക്ക് നഷ്ടപരിഹാരം വാങ്ങിക്കൊടുത്തു. അങ്ങനെ ഒരു പ്രൊവിഷൻ ഗ്രീൻ ട്രിബ്യൂണൽ ആക്ടിലില്ല. എന്നാൽ ലോക്കൽ അതോറിറ്റികൾക്ക് വേണമെങ്കിൽ കേസ് കൊടുക്കാമെന്ന് പറയുന്നുണ്ട്. ലോക്കൽ അതോറിറ്റി എന്നുപറയുമ്പോൾ പാലക്കാട് പഞ്ചായത്തിനെക്കൊണ്ട് സർക്കാർ കേസ് കൊടുപ്പിച്ച് ഗ്രീൻ ട്രിബ്യൂണൽ വഴി കൊക്കകോള കമ്പനിയിൽനിന്നും ഈ പാവപ്പെട്ട ജനങ്ങൾക്ക് നഷ്ടപരിഹാരം വാങ്ങിക്കൊടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. അതുപോലെ സമരക്കാരെ ഇതുവരെ ചർച്ചയ്ക്ക് വിളിച്ചിട്ടില്ല. ഇത് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. അവരെ വിളിച്ച് ചർച്ച ചെയ്യാനുള്ള സന്മനസ് ഗവൺമെന്റ് കാണിക്കണം. പ്രസ്തുത വിഷയം കോടതിയിൽ എത്തിയപ്പോൾ നിശ്ചിത അളവ് ജലം ഉപയോഗിക്കുന്നതിന് അവർക്ക് അനുമതി കൊടുത്തെങ്കിലും അവർ ഇന്നും കൂടുതൽ ജലം ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ധാരാളം പരാതികൾ ലഭിച്ചിട്ടും ജലവിഭവ വകുപ്പ് അതിനെതിരെ നടപടി സ്വീകരിക്കുന്നില്ല. പ്ലാച്ചിമട ദുരിതബാധിതരുടെ സമരം വീണ്ടും ആരംഭിച്ച

പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ ഗവൺമെന്റ് ശക്തമായി ഇടപെടണം. നിലവിൽ നിയമമില്ല. ഇവർക്ക് നഷ്ടപരിഹാരം നൽകാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് സഭമുമ്പാകെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 24-2-2011-ന് കേരള നിയമസഭ പാസ്സാക്കി, ഗവർണർ രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ച കേരള പ്ലാച്ചിമട കൊക്കകോള ബിൽ 20-112015-ന് രാഷ്ട്രപതി തിരിച്ചയച്ചിട്ടുള്ളതാണ്. പ്രസ്തുത ബില്ലിലെ വിഷയം ഭരണഘടനയുടെ 253-ാം അനുച്ഛേദപ്രകാരം പാർലമെന്റ് പാസ്സാക്കിയ 2010-ലെ ഗ്രീൻ ട്രിബ്യൂണൽ ആക്ടിന്റെ പരിധിയിൽ വരുന്നതാകയാൽ കേരള നിയമസഭയ്ക്ക് ഈ ബിൽ പുനരവതരിപ്പിക്കാൻ കഴിയില്ലെന്നാണ് നിയമോപദേശം ലഭിച്ചിട്ടുള്ളത്. നിയമസഭ മറ്റൊരു നിയമനിർമ്മാണം നടത്തിയാൽത്തന്നെ അങ്ങനെയുണ്ടാകുന്ന നിയമനിർമ്മാണ അധികാരം പരിശോധിക്കുമ്പോൾ അത് പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ചുണ്ടായിട്ടുള്ളതും ദേശീയ ഗ്രീൻ ട്രിബ്യൂണലിന്റെ മേഖലയിൽ വരുന്നതുമായ ഒരു കളറബിൾ ലെജിസ്ലേഷനായി വ്യാഖ്യാനിക്കപ്പെടും. എന്നാൽ 2005 ഒക്ടോബർ 18-നുശേഷമുള്ള സംഗതികളിൽ മാത്രമേ ഗ്രീൻ ട്രിബ്യൂണൽ മുമ്പാകെ നഷ്ടപരിഹാരത്തിനുവേണ്ടി കേസ് ഫയൽ ചെയ്യാൻ കഴിയൂ. കൊക്കകോള കമ്പനി 2005 ഒക്ടോബർ 18-നുമുമ്പ് സ്ഥാപിച്ചിട്ടുള്ളതിനാൽ ഗ്രീൻ ട്രിബ്യൂണൽ വഴിയല്ലാതെ നഷ്ടപരിഹാരം നേടിയെടുക്കാൻ കേസ് ഫയൽ ചെയ്യുന്നതടക്കമുള്ള നിയമനടപടികൾ നിയമവിദഗ്ധരുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പ്ലാച്ചിമടയിൽ സമരം നടത്തുവരുടെ യോഗം വിളിച്ചുചേർക്കാൻ കളക്ടർക്ക് നിർദ്ദേശം നൽകാം. പെപ്സി കമ്പനിയുമായി ബന്ധപ്പെട്ട് പ്രത്യേക സബ്മിഷൻ തന്നാൽ അതിന് മറുപടി ഞാൻ പിന്നീട് പറയാം.

## (4) **വിമാനത്താവള വികസനം**

ശ്രീ. ഒ. രാജഗോപാൽ: സർ, കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തെ വിമാനത്താവളത്തിന്റെ പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ശ്രമിക്കുന്നത്. 80 വർഷങ്ങൾക്കുമുമ്പാണ് കേരളത്തിൽ ആദ്യമായി വിമാനത്താവളം നിർമ്മിച്ചത്. മറ്റ് അന്താരാഷ്ട്ര വിമാനത്താവളങ്ങളെ അപേക്ഷിച്ച് അവസാന പരിഗണനയാണ് ഇതിനുള്ളത്. ഏറ്റവും കൂടുതൽ വികസനാവശ്യങ്ങളുള്ള വിമാനത്താവളമാണെന്ന് എല്ലാവരും സമ്മതിക്കുന്നു. കേരളത്തിൽ മാത്രമല്ല തമിഴ്നാട്ടിലുള്ളവർക്കും ഈ വിമാനത്താവളം പ്രയോജനം ചെയ്യുന്നുണ്ട്. അതിന്റെ

വികസനത്തിന് തടസ്സം നിൽക്കുന്നവരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് പ്രാവശ്യം വിളിച്ചുകൂട്ടിയെന്ന് പറഞ്ഞു. 88 ഏക്കർ സ്ഥലംകൂടി ലഭിച്ചാൽ മാത്രമേ റൺവേ എക്സ്റ്റന്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. അതിന് ചൂണ്ടിക്കാണിച്ചിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നതിന് ചില തടസ്സങ്ങളുണ്ട്. അതുസംബന്ധിച്ച് രണ്ട് കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്, ഇതുമായി ബന്ധപ്പെട്ട് ഭൂമിയും വീടും നഷ്ടപ്പെടാൻ ഇടയുള്ളവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ശ്രദ്ധിക്കണം. എന്നാൽ ഏത് വികസനത്തേയും എതിർക്കാൻ വികസനവിരോധികളായ ചില തത്പരകക്ഷികൾ പ്രവർത്തിക്കും. മറ്റുള്ള ഓർഗനൈസേഷൻ മുഖാന്തിരം ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. ഗവൺമെന്റ് ദൃഢനിശ്ചയത്തോടുകൂടി ഇനിഷ്യേറ്റീവെടുത്ത് ബന്ധപ്പെട്ട ആൾക്കാരുടെ യോഗം പ്രത്യേകമായി വിളിച്ചുകൂട്ടി ചർച്ചചെയ്ത് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കണം. ഒരിക്കൽക്കൂടി അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുക്കണം. മറ്റുള്ള ഓർഗനൈസേഷനെയല്ല, അഫക്റ്റഡ് പാർട്ടീസിനെയാണ് ചർച്ചയ്ക്ക് വിളിക്കേണ്ടത്.

11.00 AM]

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി പേട്ട, മുട്ടത്തറ വില്ലേജുകളിലായി 18.53 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി എയർപോർട്ട് സ്പെഷ്യൽ തഹസീൽദാർ നടപടി ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം സ്ഥലമേറ്റെടുക്കൽമൂലമുണ്ടാകുന്ന സാമൂഹികാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഒരു വിദഗ്ദ്ധനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതുമായി ബന്ധപ്പെട്ട് എയർപോർട്ട് ഉദ്യോഗസ്ഥരും റവന്യൂ ജീവനക്കാരും സംയുക്ത പരിശോധന നടത്തി സർവ്വേ ജോലികൾ ആരംഭിച്ചപ്പോൾ വസ്തു ഏറ്റെടുക്കുന്നതിനെതിരെ രൂപീകൃതമായ ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ജോലികൾ തടസ്സപ്പെടുത്തി. പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ വീണ്ടും സർവ്വേ നടപടികൾക്കായി ജീവനക്കാർ എത്തിയെങ്കിലും തദ്ദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് അത് സാധിച്ചിട്ടില്ല. സ്ഥലമേറ്റെടുക്കൽ നടപടികൾ സംബന്ധിച്ച് 15-4-2017-ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനത്തിന് തുടർച്ചയായി സമ്മതപത്രം നൽകിയ ഭൂവുടമകളുമായി 21-4-2017-ന് കളക്ടറേറ്റിൽ ചർച്ച നടന്നു. സാമൂഹികാഘാത പഠനം നടത്തി പുനരധിവാസ പാക്കേജ്, ഭൂമിയുടെ വില എന്നിവ സംബന്ധിച്ച വ്യക്തത ലഭിച്ചതിനുശേഷം മാത്രമേ സ്ഥലമേറ്റെടുക്കാൻ സമ്മതിക്കുകയുള്ളൂവെന്നാണ് ഭൂവുടമകളുടെ നിലപാട്. സാമൂഹികാഘാത പഠന റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പുനരധിവാസ പാക്കേജ്,

വസ്തുവിന്റെ വില തുടങ്ങിയ കാര്യങ്ങളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട ഒ. രാജഗോപാലിന്റെയും അദ്ദേഹത്തിന്റെ പാർട്ടിയുടെയും സഹായമുണ്ടെങ്കിൽ ഇത് നമുക്ക് നടപ്പിലാക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. ഒ. രാജഗോപാൽ : പൂർണ്ണമായും അനുകൂലമാണ്.

## (5) CRZ പരിധിയിൽനിന്ന് വലിയപണിക്കൻ തുരുത്തിനെ ഒഴിവാക്കൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം പരിസ്ഥിതി-വനം-മന്ത്രാലയം 19-2-1991-ൽ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. തീരദേശ പരിസ്ഥിതി സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുകയായിരുന്നു ലക്ഷ്യം. എന്നാൽ 1991-ലെ വിജ്ഞാപനം നടപ്പിലാക്കിയ കഴിഞ്ഞ രണ്ട് ദശകത്തിനിടയിൽ വിവിധ പ്രശ്നങ്ങൾ ഉയർന്നുവരികയുണ്ടായി. 1991-ലെ നിയന്ത്രണ സ്വഭാവം പരിസ്ഥിതി പ്രാധാന്യമുള്ള മേഖലകളിൽ കഴിയുന്ന വ്യക്തികൾക്കും സമൂഹത്തിനും ബുദ്ധിമുട്ടുണ്ടാക്കി. കേരളത്തിലെ ജലാശയങ്ങളുടെ മധ്യത്തിലുള്ള തുരുത്തുകളിലും ഇതുമൂലമുള്ള ബുദ്ധിമുട്ടുണ്ടായി. കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന 110 ഏക്കർ മാത്രമുള്ള വലിയപണിക്കൻ തുരുത്തിൽ അഞ്ഞൂറോളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നു. ഭൂരിഭാഗം പേർക്കും 5-10 സെന്റിന് താഴെയാണ് ഭൂമിയുള്ളത്. ഇവരിൽ അധികംപേരും മത്സ്യത്തൊഴിലാളികളും കൂലിവേല ചെയ്യുന്നവരുമാണ്. ഇവിടം CRZ മേഖലയിൽപ്പെട്ടതിനാൽ പാവപ്പെട്ട ഇവർക്ക് വീട് വയ്ക്കാനും ഗവൺമെന്റ് ആനുകൂല്യം ലഭ്യമാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ വലിയപണിക്കൻ തുരുത്തിനെ CRZ പരിധിയിൽനിന്നും ഒഴിവാക്കാനുള്ള നടപടിയുണ്ടാകണം. ഇപ്പോൾ നിലവിലുള്ള അപേക്ഷകൾ തിരുവനന്തപുരത്തുള്ള ഓഫീസിൽ കെട്ടിക്കിടക്കുകയാണ്. അപേക്ഷകളിന്മേൽ നടപടിയുണ്ടാകണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരളത്തിലെ കായലുകളുടെയും പുഴകളുടെയും കരയിൽ വേലിയേറ്റ രേഖയിൽനിന്ന് 100 മീറ്റർ വരെ CRZ മേഖലയാണ്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കായൽ ദ്വീപുകളിൽ വേലിയേറ്റ രേഖകളിൽനിന്ന് 50 മീറ്റർ മാത്രമായി CRZ മേഖല ചുരുക്കിയിട്ടുണ്ട്. കൊടുങ്ങല്ലൂർ നഗരസഭാ പരിധിയിലെ വലിയപണിക്കൻ തുരുത്ത് രണ്ട് കിലോ

മീറ്റർ വീതിയും 200 മീറ്റർ നീളവും മാത്രമുള്ള കാഞ്ഞിരപ്പുഴയാൽ ചുറ്റപ്പെട്ട ദ്വീപാണ്. ഏകദേശം 550-ൽപ്പരം കുടുംബങ്ങൾ ഇവിടെ താമസിക്കുന്നുണ്ട്. CRZ ക്ലിയറൻസിനുള്ള നടപടിക്രമങ്ങൾ പാലിക്കുമ്പോൾ വളരെ തുച്ഛമായ സ്ഥലംമാത്രമേ ഗൃഹനിർമ്മാണത്തിന് അനുയോജ്യമായി അവശേഷിക്കുകയുള്ളൂ. അതിനാൽ തുരുത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും ഗൃഹനിർമ്മാണത്തിന് അനുമതി നൽകാൻ സാധിക്കുകയില്ല. ഭൂമിശാസ്ത്രപരമായി വലിയപണിക്കൻ തുരുത്ത് സമുദ്രനിരപ്പിൽ നിന്നും ഉയർന്നതായതുകൊണ്ട് വെള്ളപ്പൊക്കഭീഷണിയില്ലാത്ത സ്ഥലമാണ്. എന്നിരുന്നാലും കേരളത്തിലെ ഏതെങ്കിലും തീരദേശ മേഖലയെയോ തുരുത്തുകളെയോ CRZ പരിധിയിൽനിന്നും ഒഴിവാക്കണമെങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യം ശിപാർശചെയ്ത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം തേടേണ്ടതുണ്ട്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള)

## (6) **സാംസ്കാരിക സമുച്ചയം**

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, മൺമറഞ്ഞുപോയവരും ചെങ്ങന്നൂരിന്റെ സന്താനങ്ങളും അതിപ്രഗത്ഭരും കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ-കലാ-സാംസ്കാരിക രംഗങ്ങളിൽ നിസ്തുല സംഭാവനകൾ നൽകിയവരുമായ താഴെപ്പറയുന്നവരുടെ സ്മരണകൾ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ഐക്യകേരളത്തിന്റെ 60-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ പ്രഥമ സ്പീക്കറും പുരോഗമന പ്രസ്ഥാനങ്ങളുടെ നായകനുമായിരുന്ന ആർ. ശങ്കരനാരായണൻ തമ്പി, അതേ മന്ത്രിസഭയിലെ ഭക്ഷ്യ വകുപ്പുമന്ത്രിയും ചെങ്ങന്നൂർ പുത്തൻകാവ് സ്വദേശിയുമായിരുന്ന കെ. സി. ജോർജ്, തിരു-കൊച്ചി സഭയിലും കേരള നിയമസഭയിലും മൂന്ന് തവണ അംഗമായും രണ്ട് തവണ രാജ്യസഭാംഗമായും പാവപ്പെട്ടവരുടെ അഖിലേന്ത്യാ നേതാവുമായി പ്രവർത്തിച്ച പി. കെ. കുഞ്ഞച്ചൻ, മൂന്ന് പ്രാവശ്യം നിയമസഭാംഗമായി പ്രവർത്തിച്ച കെ. ആർ. സരസ്വതിയമ്മ, മഹാത്മാഗാന്ധിയുടെ സഹപ്രവർത്തകനായി വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത പത്മശ്രീ ജോർജ് ജോസഫ്, ലോകപ്രശസ്ത പത്രപ്രവർത്തകനും മാധ്യമരംഗത്തെ കുലപതിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സുഹൃത്തുമായിരുന്ന പത്മവിഭൂഷൺ പോത്തൻ ജോസഫ്, അദ്ദേഹത്തിന്റെ സഹോദരൻ സ്പോർട്സിന്റെ കുലപതിയായിരുന്ന പത്മശ്രീ പി. എം. ജോസഫ്, പ്രശസ്ത വേദപണ്ഡിതനായിരുന്ന ആചാര്യ നരേന്ദ്ര ഭൂഷൺ, കഥകളി ആചാര്യനും കുലപതിയും ശ്രീ. പി. ശ്രീകുമാരൻ തമ്പിയുടെ ഒരു പ്രസിദ്ധ ഗാനത്തിൽ ഗുരു ചെങ്ങന്നൂരെന്ന് പറഞ്ഞിട്ടുള്ള പ്രശസ്തനായിരുന്ന പത്മശ്രീ ഗുരു

ചെങ്ങന്നൂർ രാമൻപിള്ള, ശിവശങ്കരപ്പിള്ള തുടങ്ങി ഒട്ടേറെ പ്രഗത്ഭരുണ്ട്. ഇവരുടെ സ്മരണകൾ നിലനിർത്തേണ്ടതും ഭാവിതലമുറയെ ബോദ്ധ്യപ്പെടുത്തേണ്ടതും ജന്മനാടിന്റെ ആദരവ് പ്രകടിപ്പിക്കേണ്ടതും ഒരു നാടിന്റെ കടമയും സാംസ്കാരിക കേരളത്തിന്റെ ഉത്തരവാദിത്വവുമാണ്. ഇവരുടെ സ്മരണ നിലനിർത്തുന്നതിനായി ഒരു സാംസ്കാരിക സമുച്ചയം പണിയുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഗുരു ചെങ്ങന്നൂരിന്റെ നാമധേയത്തിൽ ഒരു സ്മാരകത്തിനു വേണ്ടിയുള്ള പ്രഖ്യാപനമുണ്ടായെങ്കിലും അത് പ്രാവർത്തികമായിട്ടില്ല. ഈ മഹാപ്രതിഭകളുടെ ഓർമ്മകൾ നിലനിർത്താനും ആർ. ശങ്കരനാരായണൻ തമ്പി, കെ. സി. ജോർജ് അടക്കമുള്ള മഹാന്മാർ ഈ നാടിന് സംഭാവന നൽകിയതിന്റെ സ്മരണയ്ക്കുംവേണ്ടി ഒരു സ്മാരകം അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഐക്യകേരളത്തിന്റെ 60-ാം വാർഷികാഘോഷവേളയിൽ ജന്മംകൊണ്ട് ചെങ്ങന്നൂരിന്റെയും കർമ്മംകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെയും നേതാക്കളായി മാറിയ മൺമറഞ്ഞ പ്രഥമ കേരള നിയമസഭാ സ്പീക്കർ ആർ. ശങ്കരനാരായണൻ തമ്പി, രാജ്യസഭാംഗമായിരുന്ന പി.കെ. കുഞ്ഞച്ചൻ, ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന കെ. സി. ജോർജ്, കായിക പ്രതിഭ പത്മശ്രീ ജോർജ് ജോസഫ്, പത്രപ്രവർത്തകൻ പത്മഭൂഷൻ പോത്തൻ ജോസഫ്, വേദപണ്ഡിതൻ ആചാര്യ നരേന്ദ്രഭൂഷൺ, കഥകളി ആചാര്യൻ ഗുരു ചെങ്ങന്നൂർ രാമൻപിള്ള, കഥകളി നടൻ മങ്കൊമ്പ് ശിവശങ്കരപ്പിള്ള എന്നിവരുടെ സ്മരണ നിലനിർത്തണമെന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യം വളരെ പ്രധാനപ്പെട്ടതാണ്. ഈ സർക്കാർ നവോത്ഥാന നായകരുടെ പേരിൽ ഓരോ ജില്ലയിലും 40 കോടി രൂപ ചെലവിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതി 2016-17 ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് 7 ജില്ലകളിൽ സ്ഥലം ലഭ്യമായിട്ടുണ്ട്. മറ്റ് ജില്ലകളിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഇപ്രകാരം നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയം സഖാവ് പി. കൃഷ്ണപിള്ളയുടെ നാമധേയത്തിലാണ് നിർമ്മിക്കുന്നത്. ആലപ്പുഴ ജില്ലയിലെ പ്രവർത്തനരഹിതമായ ആസ്പിൻവാൾ ഇതിനായി സാംസ്കാരിക വകുപ്പിന് ലഭ്യമാകുമെന്ന് 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ സാംസ്കാരിക സമുച്ചയത്തിൽ നാടകശാല, സിനിമാ തിയേറ്റർ, സംഗീതശാല, ഗ്യാലറി, പുസ്തക

കടകൾ, ചർച്ചകൾക്കും സെമിനാറുകൾക്കുമുള്ള ഹാളുകൾ, ശില്പികൾക്കും കരകൗശലക്കാർക്കുമുള്ള പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യം, കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ഹ്രസ്വകാല താമസ സൗകര്യം എന്നിവ ഉൾക്കൊള്ളുന്നതാണ്. ഇതോടൊപ്പം പ്രാദേശികമായി ഇടത്തരം സാംസ്കാരിക സ്ഥാപനങ്ങൾ അനുബന്ധമായി ആവശ്യമാണ്. അതിന്റെ ഭാഗമായി ചെങ്ങന്നൂരിൽ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി സാംസ്കാരിക വകുപ്പിൽ പ്രൊപ്പോസലുകളൊന്നും നിലവിലില്ല. സ്ഥലലഭ്യതയെപ്പറ്റിയും പരിശോധിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് വിശദമായ ഒരു പ്രൊപ്പോസൽ ബഹുമാനപ്പെട്ട എം.എൽ.എ.-യും ആ പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുന്നോട്ടുവയ്ക്കുന്നമുറയ്ക്ക് ഗവൺമെന്റ് അനുകൂലമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

## (7) പട്ടയ വിതരണം

ശ്രീ. ആന്റണി ജോൺ: സർ, എന്റെ മണ്ഡലമായ കോതമംഗലത്തെ 1500-ൽപ്പരം കർഷകർക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ, ചീരൻപാറ, നേര്യമംഗലം എന്നീ 3 വില്ലേജുകളിലായി റവന്യൂ ഭൂമി കൈവശംവച്ച് കൃഷി ചെയ്യുന്നവരും 1977-നുമുമ്പ് വനഭൂമി കൈവശംവച്ച് കൃഷി ചെയ്യുന്നവരുമായ നൂറുകണക്കിന് കർഷകർ താമസിക്കുന്നുണ്ട്. ഇതിൽ കുട്ടമ്പുഴ വില്ലേജിലെ കർഷകർ 1977-നുമുമ്പ് ഭൂമി കൈവശമാക്കിയവരും സർക്കാർ ഇതിനോടകം കൈവശരേഖ നൽകിയിട്ടുള്ളവരുമാണ്. മറ്റ് രണ്ട് വില്ലേജുകളിലെ കർഷകർ നിലവിൽ റവന്യൂ ഭൂമി കൈവശംവച്ച് കൃഷി ചെയ്യുന്നവരാണ്. മുമ്പ് ഇടുക്കി ജില്ലയുടെ ഭാഗമായിരുന്ന കുട്ടമ്പുഴ വില്ലേജ് നിലവിൽ ഹിൽട്രാക്കായി പ്രഖ്യാപിച്ചിട്ടുള്ളതും റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഇടുക്കി പാക്കേജിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ പട്ടയം നൽകുന്ന അതേ മാനദണ്ഡപ്രകാരം റവന്യൂ ഭൂമിയിൽ ഒരേക്കറും വനഭൂമിയിൽ നാല് ഏക്കർ വരെയുമുള്ള കർഷകർക്ക് കുട്ടമ്പുഴ വില്ലേജിലും അടിയന്തരമായി പട്ടയം നൽകേണ്ടതുണ്ട്. ഈ ആവശ്യങ്ങളുന്നയിച്ച് വർഷങ്ങളായി അവിടെയുള്ള കർഷകർ വില്ലേജ്, താലൂക്ക് ഓഫീസുകളിൽ കയറിയിറങ്ങി ദുരിതമനുഭവിക്കുകയാണ്. ഇപ്രകാരമുള്ള കർഷകർക്ക് റീസർവ്വേ അടിസ്ഥാനമാക്കി പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും ഇതിനുവേണ്ടി 2003 വരെ കോതമംഗലത്തുണ്ടായിരുന്ന പ്രത്യേക റവന്യൂ ഓഫീസ് അടിയന്തരമായി പുനഃസ്ഥാപിച്ചുകൊണ്ട് വേണ്ട ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ, നേര്യമംഗലം, ചീരൻപാറ വില്ലേജുകളിലായി റവന്യൂഭൂമി കൈവശംവച്ച് കൃഷിചെയ്തുവരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുൾപ്പെടെയുള്ളവർക്കും 1-1-1977-നുമുമ്പ് വനഭൂമി കൈവശം വച്ചത് സംയുക്ത പരിശോധന പൂർത്തിയാക്കി വനാവകാശരേഖ നൽകിയവർക്കും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ, നിർത്തലാക്കിയ സ്പെഷ്യൽ തഹസീൽദാർ ഓഫീസ് പുനഃസ്ഥാപിക്കുന്നതിനുള്ള ആവശ്യകത സംബന്ധിച്ച് ജില്ലാ കളക്ടർ പ്രാഥമിക പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

## (8) ഡെങ്കിപ്പനി

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ സത്യത്തിൽ ഏറ്റവും ഭാഗ്യമുള്ള ഒരു എം.എൽ.എ. ആണെന്നാണ് വിചാരിച്ചിരുന്നത്. കാരണം, കഴിഞ്ഞ 40 ദിവസമായി പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുഴുവൻ മേഖലയിലും കനത്ത മഴയാണ്. കേരളം മുഴുവൻ ചൂടുകൊണ്ട് പുകയുമ്പോൾ പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട മേഖല മുഴുവൻ കനത്ത മഴയാണ്. വളരെ സന്തോഷമുണ്ട്. കാരണം, ഞങ്ങളുടെ വെള്ളമാണല്ലോ കോട്ടയം ജില്ലയിൽ എല്ലാവരും ഉപയോഗിക്കുന്നത്. അത്രയും സന്തോഷത്തിലിരിക്കുകയായിരുന്നു ഞാൻ. പക്ഷെ ഡെങ്കിപ്പനി പടർന്നുപിടിക്കുന്നത് ഞങ്ങളെ ദുഃഖത്തിലാഴ്ത്തി. പ്രാദേശിക എഡിഷനിലുള്ള പത്രങ്ങൾ മുഴുവൻ പനി പടരുന്നതിനെയും ഈരാറ്റുപേട്ട ആശുപത്രിയെയും സംബന്ധിച്ച് അഞ്ച് കോളം വാർത്തയാണ് കൊടുത്തിരിക്കുന്നത്. മലയാള മനോരമ, മാതൃഭൂമി, ദീപിക, മംഗളം, മാധ്യമം തുടങ്ങിയ എല്ലാ പത്രങ്ങളിലും നാലും അഞ്ചും കോളം വാർത്തയാണ്. പക്ഷെ, ഇങ്ങോട്ട് അത് വരാത്തതുകൊണ്ട് മന്ത്രി അറിയുന്നില്ല. ഈരാറ്റുപേട്ടയിലെ പ്രൈവറ്റ് ആശുപത്രിയിൽ 80 പേർ ചികിത്സയിലാണ്. വിശദാംശങ്ങൾ എന്റെ കയ്യിലുണ്ട്. വളരെ രൂക്ഷമായി ഡെങ്കിപ്പനി പടരുകയാണ്. അതുതന്നെയല്ല, ഈരാറ്റുപേട്ട ആശുപത്രിയുടെ കാര്യത്തിൽ മന്ത്രിയുടെ പ്രത്യേക ശ്രദ്ധ വേണം. ഫോഗിംഗ് ഉൾപ്പെടെയുള്ള നടപടികളിലേയ്ക്ക് ശക്തമായി നീങ്ങണം. ഈരാറ്റുപേട്ട മാത്രമല്ല, തിടനാട്, പൂഞ്ഞാർ, പൂഞ്ഞാർ-തെക്കേക്കര, തീക്കോയി, തലപ്പലം എന്നീ വില്ലേജുകളേയും ശ്രദ്ധിക്കണം. കേരളത്തിൽ ആദ്യം ഡെങ്കിപ്പനി കണ്ടെത്തിയത് മുണ്ടക്കയത്താണ്. മുണ്ടക്കയം, പാറത്തോട്, എരുമേലി, കൂട്ടിക്കൽ എന്നീ മേഖലകളിലും ഡെങ്കിപ്പനിയുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈരാറ്റുപേട്ട നഗരസഭയിൽ ഉൾപ്പെട്ട പത്താഴിപ്പടി ഭാഗത്ത് 10, 11, 12 വാർഡുകളിലായി 6 ഡെങ്കിപ്പനി കേസ്സുകൾ സ്ഥിരീകരിക്കുകയും 6 എണ്ണം സംശയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. 12-ാം വർഡിൽ മാർച്ചിൽ ഒരു കേസും ഏപ്രിലിൽ 2 കേസ്സുകളുമാണ് സ്ഥിരീകരിച്ചത്. കൂടാതെ സംശയിക്കപ്പെടുന്ന 5 ഡെങ്കിപ്പനി കേസ്സുകൾ ഏപ്രിലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 11-ാം വാർഡിൽ ഏപ്രിൽ മാസം ഒരു കേസ് സ്ഥിരീകരിച്ചു. 10-ാം വാർഡിൽ 2 കേസ്സുകൾ ഏപ്രിലിൽ സ്ഥിരീകരിച്ചു. ഈ പ്രദേശത്ത് ഫോഗിംഗ്, കൊതുകിന്റെ ഉറവിട നശീകരണം, സ്പ്രേയിംഗ്, പനി സർവ്വേ തുടങ്ങിയ പ്രവർത്തനങ്ങൾ ജില്ലാ ആരോഗ്യ വകുപ്പിന്റെയും പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടന്നുവരുന്നു. 17-4-2017-ൽ ഈ വിഷയവുമായി ബന്ധപ്പെട്ട് പത്താഴിപ്പടി അങ്കണവാടിയിൽ വൈകുന്നേരം 4 മണി മുതൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കൂടാതെ ഈരാറ്റുപേട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒ. പി. സമയം നീട്ടുകയും ചെയ്തിട്ടുണ്ട്. പ്രദേശത്തെ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ഉത്കണ്ഠ ഞാൻ തള്ളിക്കളയുന്നില്ല. ഡെങ്കിപ്പനി ബാധിച്ച് മിക്കവാറും ആളുകൾ സ്വകാര്യ ആശുപത്രികളിൽ അഡ്മിറ്റാകുന്നുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, 80 ആളുകൾ ഈരാറ്റുപേട്ടയിലെ സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, 80 പേർ അവിടെയുണ്ടെന്ന് പറയുന്ന, അത് പ്രത്യേകം പരിശോധിക്കുന്നതാണ്. ഇതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് എത്തിക്കാൻ സ്വകാര്യ ആശുപത്രികളോട് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ചിലർ എത്തിക്കുന്നുണ്ട്, ചിലർ കൃത്യമായി എത്തിക്കുന്നില്ല. പ്രത്യേകിച്ച് മട്ടന്നൂരിൽ ഡെങ്കിപ്പനിയുണ്ടായ സമയത്ത് ആദ്യം സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റായപ്പോഴാണ് അപകടമുണ്ടായത്. എല്ലാവരും ഗവൺമെന്റ് ആശുപത്രിയിലേയ്ക്ക് വരണമെന്ന് ഞാൻ പത്രസമ്മേളനത്തിലൂടെ പറഞ്ഞു. താങ്ങാനാവാത്ത ഭാരമായിരിക്കുമെങ്കിലും ഡെങ്കിപ്പനി ബാധിച്ചവർ പിന്നീട് ഗവൺമെന്റ് ആശുപത്രിയിൽ വരികയും നല്ല ശ്രദ്ധയോടുകൂടിയ പരിചരണം അവർക്ക് ലഭിക്കുകയും ചെയ്തപ്പോഴാണ് ഡെങ്കിപ്പനി നിയന്ത്രിക്കാൻ സാധിച്ചത്. തിരുവനന്തപുരം ജില്ലയെ അപേക്ഷിച്ച് താങ്കളുടെ ജില്ലയിൽ പനിബാധിതരുടെ എണ്ണം താരതമ്യേന കുറവാണ്. പൂഞ്ഞാറിൽ ഇത്രയും കേസ്സുകൾ വന്നിട്ടുണ്ടെന്നുള്ളത് ശ്രദ്ധിക്കേണ്ട വിഷയമാണ്. ഇന്നുതന്നെ സ്വകാര്യ ആശുപത്രിയിലുള്ള കേസ്സുകൾ

പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തും. എല്ലാ നടപടിക്രമങ്ങളും സ്വീകരിക്കും. ഇപ്പോൾ ചെയ്ത കാര്യങ്ങൾമാത്രം പോരാ, കുറെക്കൂടി ശ്രദ്ധ ചെലുത്തുമെന്ന് ഉറപ്പ് നൽകുന്നു. ആശുപത്രിയിലെ മറ്റ് ചില കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുണ്ട്. അതും പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. തുടർച്ചയായി നല്ല മഴ പെയ്തുവെന്ന് കേട്ടപ്പോൾ ആശ്വാസമുണ്ട്. അതുവഴി ഈ രോഗം പരത്തുന്ന സോഴ്സാകെ വാഷൗട്ട് ചെയ്താൽ പനി കുറയും. എന്നാൽ ഒറ്റ മഴ പെയ്ത് നിന്നാൽ ഉള്ളതിനേക്കാളും വലിയ അപകടത്തിലേയ്ക്ക് നീങ്ങും. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരോടെല്ലാം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവരൊക്കെ കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. പൂഞ്ഞാറിലെ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതിന് ഗവൺമെന്റ് ഇന്നുതന്നെ നിർദ്ദേശം നൽകുന്നതാണ്.

## (9) ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, കേരളത്തിലെ, ആദ്യത്തെ ടൂറിസം ഡെസ്റ്റിനേഷനായ കോവളം അന്താരാഷ്ട്ര ഭൂപടത്തിൽ സ്ഥാനംപിടിച്ചിട്ട് 45 വർഷത്തിലേറെയായി. അവിടെ 6 മാസം ടൂറിസം സീസണുണ്ടായിരുന്നത് ഇപ്പോൾ രണ്ട്-രണ്ടര മാസമായി ചുരുങ്ങിയിരിക്കുകയാണ്. അവിടത്തെ അത്യാകർഷണമായ ശക്തികുറഞ്ഞ തിരകളും സൂര്യൻ ഉദിക്കുന്നതുമുതൽ വൈകുന്നേരം 5 മണി വരെ സൺബാത്തിനുള്ള സൗകര്യവുമൊക്കെ ലോകത്തെമ്പാടുമുള്ള ടൂറിസ്റ്റുകളെ വളരെയധികം ആകർഷിക്കുന്നതാണ്. എന്നാൽ ഇന്ന് ശുചിത്വമില്ലായ്മ കാരണം അവിടേയ്ക്ക് ടൂറിസ്റ്റുകൾ വരുന്നത് കുറയുകയാണ്. മാത്രമല്ല, ഡ്രെയിനേജ് സൗകര്യമില്ലാത്ത ഗുരുതരമായ ഒരു സാഹചര്യവും നിലവിലുണ്ട്. രാത്രിയിൽ തെരുവുവിളക്കുകൾ കത്താറില്ല, നല്ല റോഡുകളില്ല, പാർക്കിംഗ് സൗകര്യമില്ല. ആകെ ടൂറിസം പ്രത്യേകതകളെ നശിപ്പിക്കുന്ന അന്തരീക്ഷമാണ് അവിടെ നിലനിൽക്കുന്നത്. ലോകത്തെല്ലായിടത്തും ഒരു മോഡൽ ടൂറിസം ഡെസ്റ്റിനേഷനുണ്ട്. കേരളത്തിൽ അങ്ങനെയൊരു മോഡൽ ടൂറിസം ഡെസ്റ്റിനേഷനില്ല. കോവളത്തെ അങ്ങനെയൊരു മോഡൽ ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതോടൊപ്പം സമീപ പ്രദേശങ്ങളായ ചൊവ്വര, പൂവ്വാർ, പൊഴിക്കര, വെള്ളായണി തുടങ്ങിയ സ്ഥലങ്ങളിലെ ടൂറിസം സാധ്യതകൾകൂടി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇതിനെക്കുറിച്ച് വിദേശികൾക്കും ആഭ്യന്തര ടൂറിസ്റ്റുകൾക്കും കൂടുതൽ പരിചയപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. നിരന്തരമായ മേൽനോട്ടം അവിടെ ആവശ്യമാണ്. ശുദ്ധമായ വെള്ളം ലഭ്യമാക്കുന്നതിനും ശുചിത്വം ഉറപ്പുവരുത്തുന്നതിനും തെരുവുനായ്ക്കളുടെ

ശല്യം ഒഴിവാക്കുന്നതിനും ഡ്രെയിനേജ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അനധികൃതമായി നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. നമ്മുടെ നാടിന്റെ തനതായ കലാരൂപങ്ങൾ, പരമ്പരാഗത തൊഴിൽ സംരംഭങ്ങൾ എന്നിവയെല്ലാം വിദേശികളെ വളരെ ആകർഷിക്കുന്നതാണ്. അവിടെ നേരത്തെ ഉണ്ടായിരുന്ന കേരള കലാഗ്രാമം ഇന്ന് പാർക്കിംഗ് ഏരിയയായി മാറ്റിയിരിക്കുകയാണ്. രാഷ്ട്രീയക്കാരെ കുത്തിനിറയ്ക്കാതെ ഇതിനെക്കുറിച്ച് കാഴ്ചപ്പാടുള്ള വ്യക്തികളെ ഉൾപ്പെടുത്തി കോവളം ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. കോവളത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ കുറെയേറെ ശരിയാണ്. കോവളം അന്താരാഷ്ട്ര പ്രാധാന്യമുള്ള ഒരു ടൂറിസം കേന്ദ്രം തന്നെയാണ്. ഇതിന്റെ നിലവാരം അന്താരാഷ്ട്രതലത്തിൽ ഉയർത്തുന്നതിനുള്ള ഭൗതിക സാഹചര്യവും അടിസ്ഥാനസൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള ശ്രദ്ധയും പ്രാധാന്യവും കഴിഞ്ഞകാലത്തും ഗവൺമെന്റ് നൽകിയിട്ടുണ്ട്. പക്ഷെ അത് കോവളത്തിന്റെ സാധ്യതയ്ക്കനുസരിച്ച് ഉയർന്നുവന്നിട്ടില്ല. ഇനിയും വളരെ ശ്രദ്ധയോടുകൂടി സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇപ്പോൾത്തന്നെ ഓരോ ടൂറിസ്റ്റ് കേന്ദ്രത്തിന്റെയും പ്രാധാന്യത്തിനനുസരിച്ച് വേണ്ട സൗകര്യങ്ങളും പരിരക്ഷയും ഏർപ്പെടുത്തുന്നതിനായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ എന്നിവയ്ക്ക് പുറമേ ഗ്രീൻ കാർപ്പെറ്റ് പദ്ധതിപ്രകാരം പ്രത്യേക ഡെസ്റ്റിനേഷൻ മാനേജർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ നമുക്കൊരു അതോറിറ്റി ഇല്ലാത്തതുകൊണ്ടല്ല. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഒരു മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി വരാത്തതിന്റെ ഭാഗമായുള്ള ദുരിതങ്ങൾ പരിഹരിക്കാനുള്ള പരിശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. ഇപ്പോൾ ഒരു ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി എം.എൽ.എ.-യുടെ നേതൃത്വത്തിൽ രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ആ കമ്മിറ്റിയുടെ മേൽനോട്ടം വഹിച്ചുകൊണ്ട് കോവളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ കാര്യമായി ശ്രദ്ധിക്കാൻ സാധിക്കും. കോവളത്തിന്റെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഗവൺമെന്റ് ഒരു യോഗം വിളിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻ ഒരു പ്രത്യേക യോഗം ചേരുന്നതാണ്. ഇപ്പോൾ ലൈറ്റിന്റെ പ്രശ്നം പരിഹരിക്കാൻ ഒന്നേകാൽ കോടി രൂപയുടെ ഭരണാനുമതി നൽകി, കെൽട്രോൺ അതിന്റെ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. അത് ഉടൻതന്നെ ആരംഭിക്കും. ശുദ്ധജല ദൗർലഭ്യം, മാലിന്യ സംസ്കരണം, പാർക്കിംഗ്

സംവിധാനം ഈ പ്രശ്നങ്ങളൊക്കെ അദ്ദേഹം പറഞ്ഞത് ശരിയാണ്. ഇക്കാര്യങ്ങളെല്ലാം വളരെവേഗം ചർച്ചചെയ്ത് പരിഹരിച്ച് കോവളത്തിന്റെ പ്രൗഢിയും മനോഹാരിതയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനത്തിന് ഗവൺമെന്റ് രൂപം നൽകുന്നതാണ്. കോവളത്തേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിൽ പ്രശ്നം ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഏതാണ്ട് ആറ് മാസം മുമ്പുവരെ ധാരാളം സഞ്ചാരികൾ എത്തിക്കൊണ്ടിരുന്ന കോവളത്ത് ഇപ്പോൾ എണ്ണത്തിൽ കുറവുണ്ടായിരിക്കുകയാണ്. അതിന്റെ കാരണം അദ്ദേഹത്തിനറിയാം. നമ്മുടെ മദ്യനയം അക്കാര്യത്തിൽ ഒരു പ്രധാന പ്രശ്നമാണ്. അതെല്ലാം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ചർച്ചയിലൂടെ തീരുമാനിക്കണം. മറ്റ് അടിസ്ഥാന സൗകര്യവികസനത്തിനുള്ള കാര്യങ്ങൾ ഗവൺമെന്റ് യോഗം വിളിച്ച് നിർവ്വഹിക്കുന്നതിന് ശ്രമിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (10) സ്പോട്ട് അഡ്മിഷൻ

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, വയനാട് ജില്ലയിൽ അരിവാൾ രോഗികളായ വിദ്യാർത്ഥികൾക്കും ആദിവാസി വിദ്യാർത്ഥികൾക്കും പ്ലസ് വൺ-ന് അവരുടെ വീടിനടുത്തുള്ള വിദ്യാലയങ്ങളിൽ സ്പോട്ട് അഡ്മിഷൻ അനുവദിക്കണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അരിവാൾ രോഗം ഒരു ജനിതക രോഗമായതിനാൽ എപ്പോഴാണ് രോഗം വരുന്നതെന്ന് പറയാൻ കഴിയില്ല, ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത ഒന്നാണ്. വീടിനടുത്തുള്ള സ്കൂളുകളിൽ മാത്രമേ അവർക്ക് പഠിക്കാൻ കഴിയൂ. അരിവാൾ രോഗികളായ വിദ്യാർത്ഥികൾക്ക് പ്രത്യേകം ധനസഹായം നൽകുന്ന കാര്യത്തെപ്പറ്റി ഗവൺമെന്റ് ആലോചിക്കണം. ആദിവാസി വിദ്യാർത്ഥികൾക്കിടയിൽ കൊഴിഞ്ഞുപോകുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. പത്താം ക്ലാസ് കഴിഞ്ഞ് പ്ലസ് വൺ-ന് ദൂരെയുള്ള വിദ്യാലയങ്ങളിൽ അഡ്മിഷൻ കിട്ടുമ്പോൾ പോകാൻ പലപ്പോഴും വിമുഖത പ്രകടിപ്പിക്കുകയാണ്. അതുകൊണ്ട് വീടിനടുത്തുള്ള സ്കൂളുകളിൽ ഈ രണ്ട് വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും പ്ലസ് വൺ-ന് അഡ്മിഷൻ കിട്ടാനുള്ള പ്രത്യേക നടപടി സ്വീകരിക്കണം. നിരവധി എം.ആർ.എസ്.-കൾ വയനാട്ടിലുണ്ട്. അവിടെയെല്ലാം നല്ല വിജയമാണ് ഇപ്രാവശ്യം ഉണ്ടായിട്ടുള്ളത്. എം.ആർ.എസ്.-ൽ പ്ലസ് ടു സൗകര്യമില്ലാത്ത വിദ്യാലയങ്ങളിൽ പ്ലസ് ടു കൂടി ഉൾപ്പെടുത്തണമെന്ന് ഗവൺമന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹികനീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ ഒൻപത് വർഷമായി

നടപ്പിലാക്കിവരുന്ന ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനത്തിലൂടെയാണ് ഈ വർഷവും നടപ്പാക്കുന്നത്. വയനാട് ജില്ലയിൽനിന്നും 2017 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 17184 വിദ്യാർത്ഥികളാണ് ഉപരിപഠനത്തിന് അർഹത നേടിയിട്ടുള്ളത്. 2017-2018 അദ്ധ്യയന വർഷം വയനാട് ജില്ലയിൽ ഹയർസെക്കൻഡറി പ്ലസ് വൺ കോഴ്സിന് മാത്രം 10188 സീറ്റുകൾ ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങി ഓപ്പൺ സ്കൂൾ ഉൾപ്പെടെയുള്ള മറ്റ് ഉപരിപഠന സാധ്യതകളുമുണ്ട്. വയനാട് ജില്ലയിലെ അരിവാൾ രോഗികളായ വിദ്യാർത്ഥികളെയും ആദിവാസി വിദ്യാർത്ഥികളെയും ഏകജാലക പ്രവേശന സംവിധാനത്തിൽനിന്നും ഒഴിവാക്കി പ്രവേശന പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ടി വിദ്യാർത്ഥികൾക്ക് അവരുടെ അർഹതയുടെ അടിസ്ഥാനത്തിൽ വീടിനടുത്തുള്ള സ്കൂളുകളിൽത്തന്നെ പ്രവേശനം ലഭ്യമാക്കുന്നതാണ്. ഇവർക്ക് മാത്രമായി ഏകജാലക സംവിധാനംവഴിയുള്ള പ്രവേശനം പൂർത്തിയാക്കുന്നതിനുമുമ്പായി സ്പോട്ട് അഡ്മിഷൻ നടത്താൻ കഴിയില്ല. മുൻവർഷങ്ങളിൽ വയനാട് ജില്ലാ കളക്ടർ ശിപാർശ ചെയ്ത് അലോട്ട്മെന്റ് പൂർത്തിയാകുന്നമുറയ്ക്ക് സർക്കാരിന് അധികബാധ്യത ഉണ്ടാകാതെ ഇത്തരം അധിക സീറ്റുകൾ സൃഷ്ടിച്ച് പ്രവേശനം ഉറപ്പാക്കിയിട്ടുള്ളതാണ്. ഏകജാലക പ്രവേശനപ്രക്രിയ പൂർത്തിയാക്കിയശേഷം സൗകര്യപ്രദമായ സ്കൂൾ-കോമ്പിനേഷൻ പ്രവേശനം ലഭിക്കാത്ത വയനാട് ജില്ലയിലെ അരിവാൾ രോഗ ബാധിതരായ വിദ്യാർത്ഥികളും ആദിവാസി വിദ്യാർത്ഥികളും സർക്കാരിനെ സമീപിക്കുകയാണെങ്കിൽ അവർക്ക് ആവശ്യപ്പെടുന്ന സ്കൂളിലും കോമ്പിനേഷനിലും സർക്കാരിൽനിന്നുള്ള പ്രത്യേക അനുമതി ഉത്തരവിലൂടെ പ്രവേശനം ഉറപ്പുവരുത്തുന്ന വിഷയം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. എന്നിരുന്നാലും വയനാട് ജില്ലയിലെ അരിവാൾ രോഗബാധിതരായ വിദ്യാർത്ഥികൾക്കും ആദിവാസി വിദ്യാർത്ഥികൾക്കും ഏകജാലക പ്രവേശന സംവിധാനത്തിൽ സൗകര്യപ്രദമായ സ്കൂൾ-കോമ്പിനേഷൻ പ്രവേശനം വലിയ തോതിൽ ആവശ്യമുള്ളപക്ഷം കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ നേതൃത്വത്തിൽ സ്പോട്ട് അഡ്മിഷൻ നടത്താവുന്നതാണ്.

### (11) ഇലന്തൂർ ബി.എഡ്. കോളേജിലെ അഡ്മിഷൻ

ശ്രീമതി വീണാ ജോർജ്ജ് : സർ, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു സൊസൈറ്റിയുടെ കീഴിലാക്കാൻ സർവ്വകലാശാല തീരുമാനമെടുത്തിരിക്കുകയാണ്. ഇതിന്റെ ഫലമായി ആറന്മുള നിയോജകമണ്ഡലത്തിലെ ഇലന്തൂർ ബി.എഡ്. കോളേജ്, ചുട്ടിപ്പാറ അപ്ലൈഡ് സയൻസ് കോളേജ് തുടങ്ങിയവ സൊസൈറ്റിയുടെ

കീഴിലാകാൻ പോകുകയാണ്. സൊസൈറ്റി രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ സമയബന്ധിതമായി പൂർത്തിയാകുമോ എന്ന ആശങ്ക നിലനിൽക്കുന്നുണ്ട്. ഒരു ഗ്രാമപ്രദേശത്ത് വളരെ മാതൃകാപരമായി പ്രവർത്തിച്ചുവരുന്ന ഒരു കോളേജാണ് ഇലന്തൂർ ബി.എഡ്. കോളേജ്. ഇപ്പോൾ അവിടെ അഡ്മിഷൻ നടക്കേണ്ട സമയമാണ്. സൊസൈറ്റിയുടെ രൂപീകരണവും അഡ്മിഷൻ പ്രോസസ്സും താമസിക്കുമോ? ഇതുസംബന്ധിച്ച ആശങ്കകൾ നിലനിൽക്കുന്നു. അഡ്മിഷൻ താമസിക്കുകയാണെങ്കിൽ വിദ്യാർത്ഥികൾ മറ്റ് സ്വകാര്യ കോളേജുകളെ ആശ്രയിക്കുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സർക്കാരും ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് സമയോചിതമായി സൊസൈറ്റി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള ആശങ്കകൾ പരിഹരിച്ച് അഡ്മിഷൻ പ്രക്രിയകൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന ഇലന്തൂർ ബി.എഡ്. കോളേജ് ഉൾപ്പെടെയുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ 2017-2018 അദ്ധ്യയന വർഷം മുതൽ നേരിട്ട് പ്രവേശനം നടത്തേണ്ടതില്ലെന്ന് സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനിക്കുകയും ടി സ്ഥാപനങ്ങൾ തുടർന്ന് ഒരു സൊസൈറ്റിയുടെ കീഴിൽ പ്രവർത്തനം തുടരാൻ ധാരണയാവുകയും ചെയ്തിട്ടുണ്ട്. 6-4-2017-ലെ സർക്കാർ ഉത്തരവുപ്രകാരം ടി സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ആന്റ് റെഗുലേഷനും അനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിർദ്ദിഷ്ട സൊസൈറ്റി പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് വിദ്യാർത്ഥി പ്രവേശനമുൾപ്പെടെ എല്ലാ വിഷയങ്ങളിലുമുള്ള ആശങ്കകൾ പരിഹരിക്കപ്പെടുന്നതാണ്. അഡ്മിഷനിൽ പ്രശ്നമുണ്ടാകുന്നതല്ല.

## VI. റിപ്പോർട്ട് സമർപ്പണം

### 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

മി. സ്പീക്കർ : 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് സമർപ്പിക്കാവുന്നതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VII. ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം

### "2014-ലെ കേരള മാരിടൈം ബോർഡ് ബിൽ" പിൻവലിക്കുന്നത് സംബന്ധിച്ച പ്രമേയം

മി. സ്പീക്കർ: തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിക്ക് ഭരണഘടനയുടെ 201-ാം അനുച്ഛേദ പ്രകാരം ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ നിർദ്ദേശാനുസരണം ബഹുമാനപ്പെട്ട ഗവർണർ തിരിച്ചയച്ച "2014-ലെ കേരള മാരിടൈം ബോർഡ് ബിൽ" പിൻവലിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, "ഒരു ബിൽ പിൻവലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ക്രമപ്പെടുത്തുന്ന കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(ബി) പ്രകാരം 2017 മാർച്ച് മാസം 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ തിരിച്ചയച്ച 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ" പിൻവലിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

## VIII. ക്രമപ്രശ്നം

### 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട രാഷ്ട്രപതി തിരിച്ചയച്ച ഈ ബില്ലിന്റെ ആദ്യ ഭാഗത്തിൽ പറയുന്നത്, "...AND WHEREAS, the President of India, after having considered the Bill so reserved has returned the Bill with a direction to Governor of Kerala to return the Bill, in pursuance of the proviso to Article 201 of the Constitution of India, to the Legislative Assembly with a message to reconsider the Bill, as follows:" എന്നാണ്. Reconsider ചെയ്യണമെന്ന് വളരെ കൃത്യമായി പറഞ്ഞുകൊണ്ടാണ് രാഷ്ട്രപതി ഈ മെസേജ് അയച്ചിട്ടുള്ളത്. 111-ഓളം വകുപ്പുകളുള്ള ഈ ബില്ലിൽ 10-ഓളം ഭേദഗതികളോട്ടുകൂടി കൃത്യമായി reconsider ചെയ്യണമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ കത്ത് ഫോർവേർഡ് ചെയ്തപ്പോൾ കത്തിന്റെ അവസാന ഭാഗത്ത് ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞിരിക്കുന്നത്, "...NOW THEREFORE, I, P. Sathasivam, Governor of Kerala do hereby return the Bill to the Legislative

Assembly in pursuance of the proviso to Article 201 of the Constitution of India with the message to withdraw the Bill by the Kerala Legislative Assembly." എന്നാണ്. ബഹുമാനപ്പെട്ട പ്രസിഡന്റ് പറഞ്ഞിട്ടുള്ളത് ബിൽ reconsider ചെയ്യണമെന്നും ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞിട്ടുള്ളത് withdraw ചെയ്യണമെന്നുമാണ്. ഇത് രണ്ടും രണ്ടാണ്, വളരെ contradictory ആണ്. ഒരുപക്ഷേ ഈ ബിൽ ഇങ്ങോട്ടയച്ചപ്പോൾ ബഹുമാനപ്പെട്ട ഗവർണറുടെ ഭാഗത്തുനിന്ന് ഒരു bonafide mistake പറ്റിയതായിരിക്കാം. "....to reconsider"എന്നതിന് പകരമായി "...to withdraw" എന്നാണ് പറഞ്ഞിട്ടുള്ളത്. ആർട്ടിക്കിൾ 201-ഉം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 100-ഉം അനുശാസിക്കുന്നത് ബിൽ reconsider ചെയ്യുകയാണെങ്കിൽ ഈ പ്രമേയം ഇന്ന് പാസ്സാക്കാൻ പാടില്ല എന്നാണ്. ആർട്ടിക്കിൾ 201 ഞാൻ വായിക്കാം. "when a Bill is so returned, the House or Houses shall reconsider it accordingly within a period of six months from the date of receipt of such message and, if it is again passed by the House or Houses with or without amendment, it shall be presented again to the President for his consideration". ഈ ഭേദഗതിയോടുകൂടിയോ ഭേദഗതി കൂടാതെയോ പ്രസിഡന്റിനുതന്നെ തിരിച്ചയയ്ക്കണമെന്ന് ആർട്ടിക്കിൾ 201-ൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. മുൻപ് ഇവിടെ നമുക്ക് വന്നിട്ടുള്ള പല ബില്ലുകളും കൃത്യമായി ഇങ്ങനെ കൈകാര്യം ചെയ്തിട്ടുണ്ട്. The Kerala Casual, Temporary and Badli Workers (Wages) Act 1989 ഇങ്ങനെ reconsider ചെയ്യണമെന്ന് ആർട്ടിക്കിൾ 201 പ്രകാരം തിരിച്ചയച്ചത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 100 പ്രകാരം കണക്കാക്കുകയും അത് ഭേദഗതികളോടുകൂടി തിരിച്ചയയ്ക്കുകയുമാണുണ്ടായത്. അതുപോലെതന്നെ 13-ാം കേരള നിയമസഭയിൽ 2012 ഡിസംബർ മാസം 13-ാം തീയതി രാഷ്ട്രപതി തിരിച്ചയച്ച The Registration (Kerala Amendment) Bill 2009-നെ പുനഃപരിഗണിച്ച് വീണ്ടും പാസ്സാക്കി തിരിച്ചയയ്ക്കുകയാണ് ഉണ്ടായത്. ഇവിടെ ഇത് withdraw ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്. Withdraw ചെയ്യലും reconsider ചെയ്യലും രണ്ടും രണ്ടാണ്, ചട്ടപ്രകാരവും അതിന്റെ ഫലത്തിലുമുണ്ടാകുന്നത് രണ്ടാണ്. ഇവിടെ 232-ാം നമ്പർ ബുള്ളറ്റിനിൽ ബഹുമാനപ്പെട്ട രാഷ്ട്രപതി reconsider ചെയ്യണമെന്നും ബഹുമാനപ്പെട്ട ഗവർണർ withdraw ചെയ്യണമെന്നും കൃത്യമായി പറഞ്ഞിട്ടുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(ബി) പ്രകാരമാണോ 100 പ്രകാരമാണോ ഇത് ഉപയോഗിക്കേണ്ടതെന്നതാണ് ഇവിടെ

തർക്കവിഷയം. 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(ബി) ഉപയോഗിച്ച് പിൻവലിച്ചാൽ പകരം പുതിയ ബിൽ കൊണ്ടുവരേണ്ടിവരും. പുതിയ ബിൽ കൊണ്ടുവരുമ്പോൾ മൂന്നാം വായന, സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് അയയ്ക്കൽ തുടങ്ങി ഒരുപാട് കാലതാമസമുണ്ടാകും. അതോടൊപ്പം നിയമസഭയുടെ ബിൽ രജിസ്റ്ററിൽനിന്ന് 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ നീക്കംചെയ്യപ്പെടും. പുതിയ ബിൽ അവതരിപ്പിക്കുകയാണെങ്കിൽ, ബഹുമാനപ്പെട്ട രാഷ്ട്രപതി നിർദ്ദേശിച്ച പ്രകാരം ബില്ലിൽ ഭേദഗതി ഉൾക്കൊള്ളിക്കാൻ കഴിയില്ല. അതുപോലെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 103 അനുസരിച്ചുള്ള പുനഃപരിശോധനാ ബിൽ ഭേദഗതി നിർദ്ദേശിക്കാനുള്ള അംഗങ്ങളുടെ അവകാശവും നഷ്ടമാകും. ഇപ്പോൾ ബഹുമാനപ്പെട്ട രാഷ്ട്രപതി തന്നിട്ടുള്ള നിർദ്ദേശ പ്രകാരം reconsider ചെയ്യുകയാണെങ്കിൽ അംഗങ്ങൾക്കോ ഗവൺമെന്റിനോ വേണമെങ്കിൽ ഭേദഗതി ചെയ്യുകയോ അല്ലാതെയോ മടക്കി അയയ്ക്കാവുന്നതാണ്. അപ്പോൾ ഇതിന് പുറമേ ക്ലറിക്കൽ മിസ്റ്റേക്ക് വന്നു എന്നുള്ള ഒറ്റക്കാരണത്താൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94 അനുസരിച്ച് ഒരിക്കലും ഇൻവോക്ക് ചെയ്യാൻ പറ്റില്ല. ഇവിടെ ചട്ടം കൃത്യമാണ്. ഞാൻ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 100 വായിക്കാം. "ചട്ടം 100- പുനഃപരിഗണനയ്ക്കുള്ള പ്രമേയത്തിന്റെ നോട്ടീസ്:- 99-ാം ചട്ടത്തിൽ പറഞ്ഞപ്രകാരമുള്ള സന്ദേശത്തോടുകൂടി ഗവർണർ ബിൽ തിരിച്ചയച്ചതിനുശേഷം ഏതൊരു സമയത്തും, ഗവൺമെന്റ് ബില്ലിന്റെ കാര്യത്തിൽ ഏതെങ്കിലും മന്ത്രിക്കോ മറ്റേതെങ്കിലും സംഗതിയിൽ ഏതെങ്കിലും അംഗത്തിനോ അപ്രകാരം തിരിച്ചയയ്ക്കപ്പെട്ട ബിൽ, സന്ദേശത്തിലുൾക്കൊള്ളുന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ, പുനഃപരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാനുള്ള തന്റെ ഉദ്ദേശത്തെപ്പറ്റി നോട്ടീസ് നൽകാവുന്നതാണ്." എന്നാൽ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(ബി) പ്രകാരമാണ്, ഇത് പിൻവലിക്കാനുള്ളതാണ്. ബഹുമാനപ്പെട്ട രാഷ്ട്രപതി പുനഃപരിശോധിക്കണമെന്ന് പറഞ്ഞ ഒരു ബിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94 ഉപയോഗപ്പെടുത്തി ഒരിക്കലും പിൻവലിക്കാൻ പാടില്ല. അത് ഭേദഗതി ചെയ്യുകയാണ് വേണ്ടത്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ചെയറിനോട് പറയാനുള്ളത് ഇതൊരു bonafide mistake ആണ്. ഇപ്പോൾ സുപ്രീം കോടതിയുടെ ഭാഗത്തുനിന്ന് ഒരു മിസ്റ്റേക്കുണ്ടായപ്പോൾ ഗവൺമെന്റ് അതിന് ക്ലാരിഫിക്കേഷൻ എഴുതിയില്ലേ? അപ്പോൾ ബഹുമാനപ്പെട്ട ഗവർണറുടെ ഭാഗത്തുനിന്ന് ഒരേ

മെസേജിനകത്ത് withdraw ചെയ്യണമെന്നും reconsider ചെയ്യണമെന്നും പറഞ്ഞാൽ ഗവൺമെന്റിന് വേണമെങ്കിൽ ഒരു കത്തെഴുതി പുനഃപരിശോധിച്ചുകൂടേ; അതിലൊരു ക്ലാരിഫിക്കേഷൻ വാങ്ങിക്കൂടേ? ബഹുമാനപ്പെട്ട ഗവർണറുടെ ഭാഗത്തുനിന്ന് ഒരു bonafide mistake പറ്റിയതിനെ, ആ തെറ്റ് അങ്ങനെതന്നെ ആവർത്തിച്ചുകൊണ്ട് നിയമം പിൻവലിച്ചുപോവുകയാണ് ചെയ്യുന്നത്. അത് നിലവിലുള്ള നിയമത്തോടും ചട്ടത്തോടും ഭരണഘടനയോടും കീഴ്വഴക്കങ്ങളോടും ചെയ്യുന്ന ലംഘനമായിരിക്കും. അതുകൊണ്ട് ഈ പ്രമേയം ഇവിടെ പാസ്സാക്കാതെ പിൻവലിച്ച് ഈ ബിൽ പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ബഹുമാനപ്പെട്ട ഗവർണറും ബഹുമാനപ്പെട്ട രാഷ്ട്രപതിയും പറഞ്ഞ വാക്കുകൾ തമ്മിലുള്ള contradiction ആണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. അത് ഒരു ചർച്ചയ്ക്ക് വിധേയമാക്കി തീരുമാനമെടുക്കേണ്ട കാര്യമില്ല. കാരണം കോൺസ്റ്റിറ്റ്യൂഷണലായി നോക്കുമ്പോൾ സ്റ്റേറ്റിന്റെ ഹെഡ് ഗവർണറാണ്. ബഹുമാനപ്പെട്ട ഗവർണറെക്കുറിച്ചോ ബഹുമാനപ്പെട്ട രാഷ്ട്രപതിയെക്കുറിച്ചോ ഒരു ഡിസ്കഷൻ നിയമസഭയ്ക്കകത്ത് അനുവദനീയമല്ല. ഇത്തരം ഒരു സാഹചര്യത്തിൽ ക്ലാരിഫിക്കേഷൻ എന്തെങ്കിലും ആവശ്യമാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രാലയം ബഹുമാനപ്പെട്ട ഗവർണറുമായി നേരിട്ട് സംസാരിച്ച് ഇതിന് ക്ലാരിഫിക്കേഷൻ ലഭ്യമാക്കിക്കൊണ്ട് ചെയ്യാം.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഈ സഭയ്ക്കുള്ള പ്രത്യേക പ്രിവിലേജിന്റെ അടിസ്ഥാനത്തിലാണ് 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ നമ്മൾ പാസ്സാക്കിയത്. ഇതുമായി ബന്ധപ്പെട്ട് ശ്രീ. എം. ഉമ്മർ പറഞ്ഞ അതേ വികാരത്തോട് യോജിക്കുകയാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(ബി)-ൽ പറയുന്നത്, "ബില്ലിനുപകരം, അതിലെ വ്യവസ്ഥകൾക്ക് സാരമായ മാറ്റംവരുത്തുന്ന ഒരു പുതിയ ബിൽ പിന്നീട് കൊണ്ടുവരാനുണ്ടെന്നോ; അഥവാ (സി) ബില്ലിനുപകരം, മറ്റു വ്യവസ്ഥകൾക്കു പുറമേ അതിലെ എല്ലാ വ്യവസ്ഥകളും അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന മറ്റൊരു ബിൽ പിന്നീട് കൊണ്ടുവരാനുണ്ടെന്നോ ഉള്ള കാരണത്താൽ ബിൽ പിൻവലിക്കാനുള്ള അനുവാദത്തിന് അഭ്യർത്ഥിക്കാവുന്നതാണ്" എന്നാണ്. ഇവിടെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(ബി) പ്രകാരമല്ല നോട്ടീസ് കൊടുക്കേണ്ടിയിരുന്നത്, 94 (സി) പ്രകാരമായിരുന്നു നോട്ടീസ് കൊടുക്കേണ്ടത്. ഇതിന്റെ entire structure-നെ ബാധിക്കുന്നില്ല. 12 വകുപ്പുകൾ മാത്രം reconsider ചെയ്യാനാണ് ബഹുമാനപ്പെട്ട പ്രസിഡന്റ് പറഞ്ഞിട്ടുള്ളത്. ഇതിലൊരു ചർച്ച വേണ്ടെന്ന് പറഞ്ഞതിനോട്

യോജിക്കാൻ കഴിയില്ല. കാരണം ഇത് മുഴുവൻ ബില്ലിനെ മാറ്റിസ്ഥാപിക്കുന്ന തരത്തിലേയ്ക്കാണ്, അല്ലെങ്കിൽ ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞിട്ടുള്ളത് ഈ ബിൽ പിൻവലിക്കണമെന്നുള്ളതാണ്. 117 വകുപ്പുകളുള്ളതിൽ 12 വകുപ്പുകൾക്ക് മാത്രമാണ് ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്. ഇത് മുഴുവൻ മാറ്റിയാലും ബഹുമാനപ്പെട്ട പ്രസിഡന്റ് അത് തിരിച്ചയയ്ക്കും. അതിൽ 12 വകുപ്പുകളെക്കുറിച്ച് വളരെ സ്പെസിഫിക്കായി പറഞ്ഞിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: ശ്രീ. ഹൈബി ഈഡൻ, അങ്ങേയ്ക്ക് ഇതുസംബന്ധിച്ച് എന്തെങ്കിലും ക്ലാരിഫിക്കേഷൻ ഉണ്ടെങ്കിൽ ചോദിക്കാം, ചർച്ചയില്ല. അങ്ങനെ ഒരു കീഴ്‌വഴക്കമില്ല. അങ്ങേയ്ക്ക് ചട്ടം 303 പ്രകാരം ക്ലാരിഫിക്കേഷൻ ചോദിക്കാം.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ ഇതിന്റെ ഇന്റഗ്രിറ്റിയെ അല്ല ചോദ്യം ചെയ്യുന്നത്. ഇതിൽ സാങ്കേതികമായി വന്നിട്ടുള്ള ചില പിഴവുകൾ ചൂണ്ടിക്കാണിക്കുകയാണ്. ശ്രീ. എം. ഉമ്മർ പറഞ്ഞതുപോലെ ഇത് പിൻവലിക്കണം. പുതിയൊരു ബില്ലിന് ധാരാളം പ്രൊസീഡ്യുവറുണ്ട്. 2014-ലെ ബില്ലിനെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഇനിയും ഒരുപാട് പ്രൊസീഡ്യുവറുകളിലേയ്ക്ക് പോകേണ്ടിവരും. 2014 ഡിസംബർ 17-ാം തീയതി നിയമസഭ പാസ്സാക്കി ബഹുമാനപ്പെട്ട ഗവർണറുടെ അനുമതിക്കുവേണ്ടിയാണ് 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ സമർപ്പിച്ചത്. ബഹുമാനപ്പെട്ട ഗവർണർ പ്രസ്തുത ബിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയുണ്ടായി. ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബില്ലിലെ ചില വകുപ്പുകൾ 1962-ലെ കസ്റ്റംസ് നിയമത്തിലെ ചില വകുപ്പുകൾക്ക് അനുസൃതമായ രീതിയിൽ ഭേദഗതി ചെയ്യണമെന്ന് ഭരണഘടനയുടെ അനുച്ഛേദം 201-ന്റെ പ്രൊവൈസോ പ്രകാരം പുന:പരിഗണിക്കുന്നതിനുവേണ്ടി തിരിച്ചയയ്ക്കുകയാണുണ്ടായത്. കേരള മാരിടൈം ബോർഡ് ബില്ലിലെ 12 വകുപ്പുകൾക്ക് ഭേദഗതി വരുത്താനാണ് ബഹുമാനപ്പെട്ട രാഷ്ട്രപതി നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട ഗവർണർ നിയമസഭയ്ക്ക് നൽകിയ സന്ദേശത്തിൽ ബിൽ പിൻവലിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ബില്ലിലെ വ്യവസ്ഥകൾക്ക് സാരമായി മാറ്റംവരുത്തുന്ന, ഒരു പുതിയ ബിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ ബിൽ പിൻവലിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(ബി) പ്രകാരം പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുള്ളത്. ആ 94(ബി) ചട്ടം നിലനിൽക്കുകയില്ല, ചട്ടം94(സി) പ്രകാരമായിരുന്നെങ്കിൽ കൂടുതൽ സാധുതയുണ്ടാകുമായിരുന്നു. അതുപോലെതന്നെ സഭ പാസ്സാക്കിയ ബില്ലിന് പകരം മറ്റു വ്യവസ്ഥകൾക്ക് പുറമേ അതിലെ എല്ലാ വ്യവസ്ഥകളും അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന മറ്റൊരു ബിൽ കൊണ്ടുവരുന്ന സാഹചര്യത്തിൽ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(സി) പ്രകാരമാണ് ബിൽ പിൻവലിക്കാൻ ആവശ്യപ്പെടേണ്ടിയിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ള പ്രമേയത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(ബി)-ക്ക് പകരം 94(സി) വേണമെന്നുള്ള പ്രമേയം വീണ്ടും കൊണ്ടുവരണം. ഇതാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട ഗവർണറുടെ സന്ദേശത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു ക്രമപ്രശ്നം കൊണ്ടുവന്നതിന് അന്ന് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നും റൂളിംഗ് ഉണ്ടായതാണ്. ഏറെക്കുറെ അതേ കാര്യംതന്നെയാണ് വീണ്ടും withdraw ചെയ്യണമെന്ന പ്രമേയത്തിന്റെ ഭാഗമായി ഇവിടെ വന്നിട്ടുള്ളത്. 17-11-2014-ന് കേരള നിയസഭ പാസ്സാക്കിയതാണ് 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ. തുടർന്ന് ബില്ലിലെ ചില വ്യവസ്ഥകൾ കേന്ദ്ര നിയമമായ കസ്റ്റംസ് ആക്ട് 1962, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് 1881 ഇവയിലെ വ്യവസ്ഥകൾക്ക് എതിരായതുകൊണ്ട് ഭരണഘടനയിലെ ആർട്ടിക്കിൾ 254 പ്രകാരം രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചതാണ്. എന്നാൽ ആർട്ടിക്കിൾ 200, 201 പ്രകാരം ഭരണഘടനയുടെ ഏഴാം പട്ടിക ഒന്നാം ലിസ്റ്റിൽ പാർലമെന്റിന്റെ നിയമനിർമ്മാണ അധികാര മേഖലയിലെ വിഷയങ്ങൾകൂടി ഉൾപ്പെടുത്തിയതാണ് ഈ നിയമം എന്നതിനാലാണ് രാഷ്ട്രപതി ഇത് തിരിച്ചയച്ചത്, രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാത്തതിനെത്തുടർന്നാണ് ബിൽ 'withdraw' ചെയ്യണമെന്ന് സർക്കാരിനെ അറിയിച്ചത്. മേൽ വിവരിച്ച കാരണങ്ങളാൽ 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ നിയമസഭ പാസ്സാക്കിയ രൂപത്തിൽ അവതരിപ്പിക്കാൻ കഴിയില്ല. അതുകൊണ്ടാണ് രാഷ്ട്രപതി ബിൽ മടക്കിഅയച്ചത്. റീ കൺസിഡർ ചെയ്യണമെങ്കിൽ നിലവിലുള്ള ബിൽ പിൻവലിക്കണം. ബില്ലിൽ പാർലമെന്റിൽമാത്രം പാസ്സാക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുന്നതുകൊണ്ട് ബിൽ പിൻവലിക്കാതെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(ബി) പ്രകാരം സമഗ്രമായ ബിൽ കൊണ്ടുവരാൻ സാധ്യമല്ല. അതുകൊണ്ടാണ് ഗവർണ്ണർ 'withdraw' എന്ന വാക്ക് ഉപയോഗിച്ചത്. ഈ അർത്ഥത്തിൽ 'reconsider' എന്നുപറയുന്നതും 'withdraw' എന്നുപറയുന്നതും സമാനമാണ്, എത്രയോ റൂളിംഗുകൾ ഇവിടെ ഉണ്ടായിട്ടുണ്ട്. ഒരു ബിൽ ഗവർണ്ണർ റീ-കൺസിഡർ ചെയ്യണമെന്ന് ആവശ്യപ്പെട്ട് സഭയിലേയ്ക്ക് മടക്കിഅയച്ചാൽ ആ ബിൽ അതേ രൂപത്തിൽ അവതരിപ്പിക്കണോ, മാറ്റങ്ങൾ വരുത്തി അവതരിപ്പിക്കണോ, അതോ ബിൽ പിൻവലിച്ച് നിയമ ന്യൂനതകൾ ഇല്ലാതെ

പുതിയ ബില്ലായി കൊണ്ടുവരണോ എന്നുള്ള കാര്യങ്ങളെല്ലാം തീരുമാനിക്കുന്നത് നിയമസഭയാണ്. അതിനുള്ള പരമാധികാരം സഭയ്ക്കുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94 പ്രകാരം ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗത്തിന് ബില്ലിന് പകരം അതിലെ വ്യവസ്ഥകൾക്ക് സാരമായി മാറ്റംവരുത്തുന്ന പുതിയ ബിൽ കൊണ്ടുവരാനുള്ള അവകാശവുമുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 99 പ്രകാരം, ഗവർണർ വീണ്ടും പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച്, സഭ പാസ്സാക്കിയ ബിൽ തിരിച്ചയയ്ക്കുമ്പോൾ ആ വിവരം സഭയെ അറിയിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. 10-5-2017-ന് ബഹുമാനപ്പെട്ട സ്പീക്കർ അക്കാര്യം സഭയെ അറിയിച്ചതാണ്. അതിനുശേഷം പ്രസ്തുത ബിൽ പിൻവലിക്കണമെന്ന പ്രമേയമാണ് ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഈ ക്രമപ്രശ്നത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 100 പ്രകാരമുള്ള പ്രമേയം അവതരിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട എം. ഉമ്മർ എം.എൽ.എ, ആവശ്യപ്പെടുന്നത്. പഴയ നിയമം ഭേദഗതിയോടുകൂടി അവതരിപ്പിക്കുകയാണെങ്കിൽ മാത്രമേ ഈ നടപടിക്രമം പാലിക്കേണ്ടതുള്ളൂ. ഇവിടെ ഒരു പുതിയ നിയമം അവതരിപ്പിക്കുകയാണ്. ആ സാഹചര്യത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 100 പ്രകാരമുള്ള നടപടികൾ പാലിക്കേണ്ടതില്ല. ബിൽ reconsider ചെയ്യണമെന്ന പ്രസിഡന്റിന്റെ നിർദ്ദേശത്തിന്റെ ഭാഗമായി ഗവർണർ withdraw ചെയ്തുകഴിഞ്ഞു. ഒരു പുതിയ ബില്ലായിട്ടാണ് സഭയുടെ മുൻപിൽ ഇനി വരുന്നത്. ബഹുമാനപ്പെട്ട ഹൈബി ഈഡൻ ഉന്നയിച്ച ക്രമപ്രശ്നത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(സി) പ്രകാരമാണ് ബിൽ പിൻവലിക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അംഗീകാരം ലഭിക്കാത്ത ബില്ലിന് പകരം അതിലെ വ്യവസ്ഥകൾക്ക് സാരമായ മാറ്റംവരുത്തുന്ന ഒരു പുതിയ ബിൽ പിന്നീട് കൊണ്ടുവരുന്നതിന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(ബി) പ്രകാരമാണ് പ്രമേയം അവതരിപ്പിക്കേണ്ടത്, ഇവിടെ അതാണ് ചെയ്തിട്ടുള്ളത്. പഴയ ബില്ലിലെ എല്ലാ വ്യവസ്ഥകളും അല്ലെങ്കിൽ ചില വ്യവസ്ഥകൾ മാത്രം ഉൾക്കൊള്ളുന്ന ഒരു ബില്ലാണ് പിന്നീട് അവതരിപ്പിക്കുന്നതെങ്കിൽ മാത്രമേ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94(സി) ഇൻവോക്ക് ചെയ്യുകയുള്ളൂ. മുൻനിയമത്തിൽ ഭരണഘടനയുടെ 7-ാം പട്ടികയുടെ 1-ാം ലിസ്റ്റിൽ ഉൾപ്പെടുന്ന കേന്ദ്ര വിഷയങ്ങളെക്കൂടി സംബന്ധിക്കുന്ന രീതിയിലുണ്ടാക്കിയ പഴയ ബിൽ അതേപടി

വീണ്ടും അവതരിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഈ രണ്ട് ക്രമപ്രശ്നങ്ങളും നിലനില്ക്കുന്നതല്ല.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ഇനി ചർച്ചയില്ല. ചെയർ റൂൾ ചെയ്യാൻ പോകുകയാണ്, ശ്രീ. എം. ഉമ്മർ, അങ്ങ് വിശദീകരിച്ച് കഴിഞ്ഞു. ശ്രീ. ഹൈബി ഈഡനും സംസാരിച്ചു. ശ്രീ. എം. ഉമ്മർ, എന്താണ് അങ്ങേയ്ക്ക് ക്ലാരിഫിക്കേഷൻ വേണമെന്ന് പറഞ്ഞത്?

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ബിൽ പിൻവലിച്ചുകഴിഞ്ഞുവെന്നാണ്. ഈ ബിൽ പിൻവലിച്ചിട്ടില്ല, പിൻവലിക്കണമെന്ന പ്രമേയം അവതരിപ്പിച്ചിട്ടേയുള്ളൂ.

## റൂളിംഗ്

മി. സ്പീക്കർ: സർ, ഇങ്ങനെ സാങ്കേതികമായി പോകരുത്, ഇരിക്കൂ. ചെയർ റൂൾ ചെയ്യുകയാണ്. ഹൗസിന് പ്രിവിലേജ് ഉള്ളതുപോലെ ചില നിയന്ത്രണങ്ങളുമുണ്ട്. ബഹുമാനപ്പെട്ട ഗവർണർ അയയ്ക്കുന്ന സന്ദേശത്തെ സംബന്ധിച്ച് വിശദമായി ചർച്ച നടത്തി അതിലെ ശരിതെറ്റുകൾ കണ്ടെത്താനുള്ള അവകാശം ഹൗസിനില്ല. ഇത് എന്റെ റൂളിംഗ് അല്ല, ഇവിടത്തെ കീഴ്വഴക്കമാണ്.

രാഷ്ട്രപതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഗവർണറാൽ തിരിച്ചയക്കപ്പെട്ട 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കണമെന്ന പ്രമേയത്തിന്മേലാണ് ഇവിടെ ക്രമപ്രശ്നവും തടസ്സവാദങ്ങളും ഉന്നയിക്കപ്പെട്ടത്. ഈ ബിൽ ഗവർണർ തിരിച്ചയച്ചത് സംബന്ധിച്ച് ചട്ടം 99 പ്രകാരമുള്ള അറിയിപ്പ് 11-5-2017-ന് സഭയെ അറിയിച്ച സന്ദർഭത്തിൽത്തന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചില കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതിനുമുമ്പുതന്നെ അക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഭരണഘടനയിലെ അനുച്ഛേദം 201 പ്രകാരം തിരിച്ചയയ്ക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 99 പ്രകാരം അക്കാര്യം സഭയെ അറിയിച്ചിരുന്നു. ഗവർണറുടെ സന്ദേശത്തിൽ അടങ്ങിയിരുന്ന പരാമർശത്തെപ്പറ്റി സഭയിൽ ചർച്ച ചെയ്യുന്നത് ഔചിത്യക്കുറവാണെന്ന കാരണത്താലാണ് അന്ന് ചെയർ കൂടുതൽ കാര്യങ്ങൾ പരാമർശിക്കാതിരുന്നത്.

എന്നാൽ ഭരണഘടനയുടെ അനുച്ഛേദം 201 പ്രകാരം തിരിച്ചയയ്ക്കപ്പെട്ട 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കുന്ന സന്ദർഭമായതിനാലും ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ക്രമപ്രശ്നത്തിലൂടെയും തടസ്സവാദങ്ങളിലൂടെയും ചില

കാര്യങ്ങൾ ഉന്നയിക്കപ്പെട്ടിരിക്കുന്നതിനാലും ഇതുസംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിലും ഭാവിയിൽ ഇതുപോലുള്ള സന്ദർഭങ്ങൾ സംജാതമാകുമ്പോൾ ഇതുസംബന്ധിച്ച നടപടി ഒരു കീഴ്‌വഴക്കമായി പരിഗണിക്കപ്പെടാനിടയുള്ളതിനാലും ഇക്കാര്യത്തിൽ ഒരു വ്യക്തത വരുത്തി പേകേണ്ടതുണ്ടെന്ന് ചെയർ കരുതുന്നു.

17-12-2014-ാം തീയതി ഈ സഭ പാസ്സാക്കി ഗവർണറുടെ അസ്സന്റിനായി അയച്ച ബിൽ ഭരണഘടനയുടെ 200-ാം അനുച്ഛേദപ്രകാരം ഗവർണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി 'റിസർവ് ' ചെയ്യുകയാണുണ്ടായത്. ബില്ലിലെ ഏതാനും ചില വകുപ്പുകൾ നിലവിലുള്ള കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവ ഏതൊക്കെയാണെന്നും ഏത് തരത്തിലായിരിക്കണം പരിഗണിക്കേണ്ടതെന്ന് വിശദമാക്കിക്കൊണ്ടും ബിൽ പുന:പരിശോധനയ്ക്കായി നിയമസഭയ്ക്ക് തിരിച്ചയയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് രാഷ്ട്രപതി ബിൽ ഗവർണർക്ക് അയച്ചുകൊടുക്കുകയാണുണ്ടായത്. എന്നാൽ തന്റെ സന്ദേശത്തിലൂടെ ഗവർണർ ബിൽ സഭയിലേയ്ക്ക് തിരിച്ചയച്ചപ്പോൾ 'റീ കൺസിഡറേഷൻ' എന്ന് രാഷ്ട്രപതി പരാമർശിച്ച പദത്തിന് പകരം ആർട്ടിക്കിൾ 200-ലോ 201-ലോ ഇല്ലാത്ത 'വിത്ഡ്രോവൽ' എന്ന പദമാണ് ഉപയോഗിച്ചത്. ഇത് ക്രമപ്രകാരമാണോ എന്ന ചോദ്യമാണ് 11-5-2017-ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചത്. എന്നാൽ ഇക്കാര്യത്തിൽ ക്രമരഹിതമായി ഒന്നുമുണ്ടായിട്ടില്ലെന്നും കീഴ്‌വഴക്കമുണ്ടെന്നും 'വിഡ്രോവൽ' എന്നാൽ 'റീ കൺസിഡറേഷൻ' എന്നും വ്യാഖ്യാനിക്കാം എന്ന നിലയിൽ നിയമോപദേശം ലഭിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരിക്കുകയും ചെയ്തിരുന്നു.

ഇതു സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകൾ, നിയമസഭാ നടപടിചട്ടം, കീഴ്‌വഴക്കങ്ങൾ എന്നിവ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. കീഴ്‌വഴക്കത്തിന്റെ കാര്യത്തിൽ 31-3-2010-ന് സഭ പാസ്സാക്കിയ 2009-ലെ കേരള രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പുനഃപരിശോധിക്കണമെന്ന രാഷ്ട്രപതിയുടെ നിർദ്ദേശം അപ്രകാരംതന്നെ ഗവർണർ സഭയെ അറിയിക്കുകയും സഭ 13-12-2012-ൽ രാഷ്ട്രപതി നിർദ്ദേശിച്ച ഭേദഗതികളോടെ പ്രസ്തുത ബിൽ വീണ്ടും പാസ്സാക്കുകയും ചെയ്തു.

എന്നാൽ പത്താം കേരള നിയമസഭയുടെ കാലയളവിൽ 8-4-1999-ന് സഭ പാസ്സാക്കിയ 1999-ലെ The Kerala Grants and Leases (Modification of Rights) Amendment Bill, റീ കൺസിഡർ ചെയ്യുന്നതിനുവേണ്ടി തിരിച്ചയയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് രാഷ്ട്രപതി തിരിച്ചയച്ചെങ്കിലും ബിൽ

പിൻവലിക്കണമെന്ന (withdrawal) ശിപാർശയോടെയാണ് ഗവർണർ തിരിച്ചയച്ചത്. പ്രസ്തുത ബിൽ 2013 ഫെബ്രുവരി മാസം 12-ാം തീയതി സഭ പിൻവലിക്കുകയും ചെയ്തിരുന്നു.

ഇപ്രകാരം നമ്മുടെ സഭയിലെ കീഴ്‌വഴക്കം രണ്ടുവിധത്തിലും ഉണ്ടായിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും രാഷ്ട്രപതി 'റീകൺസിഡർ' എന്ന് ശിപാർശ ചെയ്ത സാഹചര്യത്തിൽ ഗവർണർ 'വിത്ഡ്രോവൽ' എന്ന് ശിപാർശ ചെയ്യുമ്പോൾ ആ ബില്ലിന്മേലുള്ള സഭയുടെ ഭരണഘടനാദത്തമായ അവകാശം ബിൽ പിൻവലിക്കുക എന്ന ഒറ്റ നടപടിയിലേയ്ക്ക് പരിമിതപ്പെട്ടുപോകുന്ന സാഹചര്യം സംജാതമാവുകയാണ്. അതുകൊണ്ട് ഇത് ഭരണഘടനാപരമാണോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. എന്നാൽ ഈ ബില്ലിന്റെ കാര്യത്തിൽ ബിൽ പിൻവലിക്കാൻ സർക്കാർ തീരുമാനമെടുത്ത സാഹചര്യത്തിൽ, ബിൽ രാഷ്ട്രപതി നിർദ്ദേശിച്ച ഭേദഗതികളോടെയോ അല്ലാതെയോ വീണ്ടും പാസ്സാക്കാനുള്ള ഭരണഘടനാദത്തമായ അവകാശം നിഷേധിക്കപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ, കീഴ്വഴക്കത്തിന്റെ മാത്രം പിൻബലത്തിൽ ഭരണഘടനയിലേയോ നടപടിചട്ടങ്ങളിലേയോ വ്യവസ്ഥകളിൽനിന്നും ബോധപൂർവ്വമോ അല്ലാതെയോ ഉള്ള വ്യതിചലനങ്ങൾ ഉണ്ടാകാതിരിക്കാനും സഭയുടെ അവകാശങ്ങൾ സംരക്ഷിക്കാനും ഇക്കാര്യത്തിൽ ഒരു വ്യക്തത ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് കാണുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആർട്ടിക്കിൾ 200, 201 എന്നിവ പ്രകാരം തിരിച്ചയയ്ക്കപ്പെടുന്ന ബില്ലുകളുടെ കാര്യത്തിലുള്ള നടപടിക്രമം ചുവടെ ചേർക്കും പ്രകാരമായിരിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഭരണഘടനയിലെ ആർട്ടിക്കിൾ 200, 201 എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം ഗവർണർ സ്വമേധയായോ രാഷ്ട്രപതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലോ റീകൺസിഡറേഷനായി ഒരു ബിൽ തിരിച്ചയയ്ക്കുന്ന സാഹചര്യങ്ങളിൽ ('വിത്ഡ്രോവൽ' അല്ല 'റീ കൺസിഡറേഷൻ' എന്നുതന്നെയാണ് ഭരണഘടനയിൽ വ്യക്തമായി പരാമർശിച്ചിരിക്കുന്നത്) നമ്മുടെ നടപടിചട്ടം 100 പ്രകാരം പുന:പരിശോധനയ്ക്കായുള്ള നോട്ടീസ് നൽകേണ്ടതും അതിനുശേഷം പുന:പരിശോധന സംബന്ധിച്ച 101 മുതൽ 106 വരെയുള്ള നിയമസഭാ നടപടിചട്ടങ്ങൾ പ്രകാരമുള്ള നടപടികളിലേയ്ക്ക് കടക്കേണ്ടതുമാണ്.

എന്നാൽ, പുനഃപരിശോധന അല്ല പിൻവലിക്കലാണ് ഉദ്ദേശിക്കുന്നതെങ്കിൽ എല്ലാ ബില്ലുകളുടേയും കാര്യത്തിൽ ബാധകമായിട്ടുള്ള ചട്ടം 94, 95 എന്നിവ പ്രകാരം ബിൽ പിൻവലിക്കൽ നടപടികളിലേയ്ക്ക് കടക്കുന്നതായിരിക്കണം

ഇക്കാര്യത്തിൽ ഇനിമേലുള്ള നടപടിക്രമം എന്ന് ചെയർ റൂൾ ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. ഹൈബി ഈഡൻ, അങ്ങ് പ്രമേയത്തെ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ നിർദ്ദേശാനുസരണം ഗവർണർ തിരിച്ചയച്ച 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കണമെന്ന പ്രമേയത്തെ........

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പിൻവലിച്ചിരിക്കുന്നു.

## IX. ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2017-2018 | | | | |
|---|---|---|---|---|---|---|
| | | 14-3-2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 352,41,99,000 | 126,50,00,000 | 757,25,97,000 | 379,50,00,,000 | 1136,75,97,000 |
| XXXVIII | ജലസേചനം | 111,69,55,000 | 123,79,76,000 | 335,08,68,000 | 371,39,27,000 | 706,47,95,000 |
| XXXIII | മത്സ്യബന്ധനം | 74,48,68,000 | 121,87,50,000 | 223,46,03,000 | 365,62,50,000 | 589,08,53,000 |

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോള കമ്പനികളും കുപ്പിവെള്ള കമ്പനികളും നടത്തുന്ന ജലചൂഷണം തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള ₹1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ശുദ്ധജലത്തിന്റെ ഉപയോഗക്രമം കാര്യക്ഷമമല്ല എന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആദ്യകാല ശുദ്ധജല സംവിധാനങ്ങൾ ആധുനികവത്കരിക്കാൻ പദ്ധതി തയ്യാറാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിയുടെ കീഴിൽ ജലഗുണ പരിശോധനാലാബുകൾ സ്ഥാപിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അശാസ്ത്രീയമായ ശുചിത്വശീലങ്ങളും വിവേചനരഹിതമായ മാലിന്യനിർമ്മാർജ്ജനവും നിമിത്തം ഭൂരിപക്ഷം കുടിവെള്ള സ്രോതസ്സുകളും മലിനീകരിക്കപ്പെട്ടിരിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടിവെള്ള സ്രോതസ്സുകൾ മാലിന്യ നിക്ഷേപം നടത്തി മലിനമാക്കുന്നതിനെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള ₹ 1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടിവെള്ള വിതരണ ശൃംഖലയിലുള്ള ജലച്ചോർച്ചയും പൈപ്പ് പൊട്ടലും തടയാൻ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗുണമേന്മ ഇല്ലാത്തതുകൊണ്ട് കുടിവെള്ളം വിതരണം ചെയ്യുന്നതായി പൈപ്പുകൾ പൊട്ടി വെള്ളം നഷ്ടപ്പെടുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രൂക്ഷമായ കുടിവെള്ളക്ഷാമംമൂലം ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലചൂഷണം നടത്തി

കൊള്ളലാഭമെടുക്കുന്ന മാഫിയകളെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1136,75,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ശുദ്ധജലമെന്ന പേരിൽ കാസർഗോഡ് ജില്ലയിൽ ഉപ്പുകലർന്ന ജലം കുടിനീരായി നൽകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. പി . ടി. തോമസ് : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാലാവസ്ഥാ വ്യതിയാനം കാരണം മത്സ്യസമ്പത്ത് കുറയുകയും മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാകുകയും ചെയ്തിട്ടും അവരുടെ സംരക്ഷണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും തീരസംരക്ഷണത്തിനുംവേണ്ടി ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പ്രത്യേക സേനയുടെ സേവനം ലഭ്യമാകുന്നില്ലായെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തീരദേശങ്ങളിലെ വറുതിക്ക് പരിഹാരം ഉണ്ടാകാത്തത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അന്യസംസ്ഥാനങ്ങളിൽനിന്നും കുറഞ്ഞ വിലയ്ക്ക് മത്സ്യം എത്തിക്കുന്നതുമൂലം കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ട് നേരിടുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടൽ മത്സ്യവിഭവ ശോഷണം തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആഴക്കടൽ മത്സ്യബന്ധന ട്രോളറുകൾ നിയന്ത്രിക്കാത്തതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രശ്നങ്ങൾ നേരിടുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സമുദ്ര മത്സ്യ കൃഷിക്കായി ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് നിന്നുള്ള മത്സ്യത്തൊഴിലാളികൾ ഡീഗോഗാർഷ്യ മേഖലയിൽ ബ്രിട്ടീഷ് നേവിയുടെ പിടിയിലാകുന്ന പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മത്സ്യഗ്രാമം പദ്ധതി കാര്യക്ഷമമായി നടപ്പാക്കി

മത്സ്യത്തൊഴിലാളികളുടെ ജീവിതസൗകര്യം വർദ്ധിപ്പിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ട്രോളിംഗ് നിരോധന കാലയളവിൽ വരുമാനം നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ജീവസന്ധാരണത്തിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്ത നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആഴക്കടൽ മത്സ്യബന്ധനത്തിനിടെ സമുദ്രാതിർത്തി ലംഘിക്കാതിരിക്കുന്നതിനാവശ്യമായ മുന്നറിയിപ്പ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് സംവിധാനം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഉൾനാടൻ ജലാശയങ്ങളിലും കുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാലാവസ്ഥ വ്യതിയാനം കാരണം മത്സ്യസമ്പത്ത് കുറയുകയും മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാകുകയും ചെയ്തിട്ടും അവരുടെ സംരക്ഷണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നാടൻ മത്സ്യ ജനുസ്സുകളുടെ വംശനാശം തടഞ്ഞ് ഉൾനാടൻ മത്സ്യബന്ധന മേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,08,53,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

ശ്രീ. മോൻസ് ജോസഫ്

ഡോ. എൻ. ജയരാജ്:

## ധനാഭ്യർത്ഥന നമ്പർ XXXVIII—ജലസേചനം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. സി. ജോസഫ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജനസംഖ്യാ കണക്കനുസരിച്ച് 2025-ൽ സംസ്ഥാനത്ത് ആവശ്യമായി വന്നേക്കാവുന്നത്രയും ജലം കണ്ടെത്താൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുപ്പിവെള്ള കമ്പനികൾ അശാസ്ത്രീയമായ രീതിയിൽ ഭൂഗർഭജലം ചൂഷണം ചെയ്യുന്നതിനെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വർഷങ്ങളായി പണിമുടങ്ങി കിടക്കുന്ന ജലസേചന പദ്ധതികളുടെ പൂർത്തികരണത്തിന് സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (1970-കളിൽ ആരംഭിച്ച നാല് ജലസേചന പദ്ധതികൾ ഇതുവരെയും പൂർത്തീകരിക്കാത്തത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും പൂർത്തിയാകാത്ത ജലസേചന പദ്ധതികൾ പൂർത്തിയാക്കുന്നതിനോ ഉപയോഗയോഗ്യമാക്കുന്നതിനോ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വൻകിട പദ്ധതികളെ മാത്രം ആശ്രയിക്കാതെ തദ്ദേശീയമായ ചെറുകിട ജലസ്രോതസ്സുകൾ ജലസേചനത്തിന് ഉപയുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപായി കുറവ് ചെയ്യേണ്ടതാണ് (കാലപ്പഴക്കംചെന്ന ജലസേചന പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പുതിയ ജലസേചന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലസേചനത്തിനുവേണ്ടി ഉപയോഗിക്കുന്ന പുഴകൾ, കനാലുകൾ, തോടുകൾ എന്നിവയെ സംരക്ഷണ ഭിത്തികെട്ടി സംരക്ഷിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഴക്കാലത്തെമാത്രം ആശ്രയിക്കാതെ

ഭാവിയിൽ ഉണ്ടാകാനിടയുള്ള വരൾച്ചയെ മുൻകൂട്ടികണ്ട് ജലദൗർലഭ്യം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അതിരൂക്ഷമായ കുടിവെള്ളക്ഷാമവും വരൾച്ചയും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് .പി.: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുടിവെള്ള ദൗർലഭ്യം പരിഹരിക്കാൻ പര്യാപ്തമായ കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ കേന്ദ്ര സഹായം നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കമാൻഡ് ഏരിയ പദ്ധതികൾക്കുള്ള പണവിനിയോഗം കാര്യക്ഷമമല്ലാത്തതായി പറയപ്പെടുന്ന പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ഡോ. എൻ. ജയരാജ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 706,47,95,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും, മത്സ്യബന്ധനം, ജലസേചനം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തികരംഗത്ത് ഗണ്യമായ സ്ഥാനമാണ് മത്സ്യമേഖലയ്ക്കുള്ളത്.

ഒൻപത് ജില്ലകളിലായി 590 കിലോമീറ്റർ ദൈർഘ്യമുള്ള കടലോരം, 222 തീരദേശ മത്സ്യഗ്രാമങ്ങൾ, 113 ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, 12 ലക്ഷത്തിൽപ്പരംവരുന്ന മത്സ്യത്തൊഴിലാളി സമൂഹം ഇവയെല്ലാം ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ തീരദേശം അഥവാ മത്സ്യമേഖല. തുടർച്ചയായ പ്രകൃതിദുരന്തവും കാലാവസ്ഥാ വ്യതിയാനവും മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ പ്രതിസന്ധിയിലാക്കുകയാണ്. സാമൂഹികമായും സാമ്പത്തികമായും ഏറ്റവും പുറകിലുള്ള ഒരു വിഭാഗമാണ് തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾ. ഈ വിഭാഗത്തെ സാമൂഹ്യജീവിതത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നത് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. സർക്കാർ ഇക്കാര്യത്തിൽ പ്രതിജ്ഞാബദ്ധമാണ്. ഇക്കാര്യത്തിൽ മുന്തിയ പരിഗണന നൽകിക്കൊണ്ടുള്ള നടപടികളും പദ്ധതികളുമെല്ലാം സർക്കാരും ഫിഷറീസ് വകുപ്പും സ്വീകരിക്കുന്നത് തികച്ചും അഭിനന്ദനീയമാണ്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമാനുകൂല്യങ്ങളുടെ കാര്യത്തിലെല്ലാം വലിയതോതിലുള്ള വർദ്ധനവാണ് ഈ ഗവൺമെന്റ് വരുത്തിയിട്ടുള്ളത്. 4500 മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 22 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

12 noon]

മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ നൽകിയിരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി 2,700 രൂപയിൽനിന്ന് 4,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർഷം 185710 തൊഴിലാളി കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇതിനുമുമ്പ് ഇത്രയുമധികം കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് ആനുകൂല്യം 5 ലക്ഷം രൂപയിൽനിന്ന് 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മരണമടയുന്നവരുടെ കുടുംബങ്ങൾക്കുള്ള മരണാനന്തര ധനസഹായം 20,000 രൂപയിൽനിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ധാരാളം നടപടികൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽവന്ന് ഒരു വർഷം പൂർത്തിയാകുന്നതിനുമുമ്പുതന്നെ നടപ്പാക്കിവരുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്. മത്സ്യമേഖലയിലെ മറ്റൊരു പ്രധാന വെല്ലുവിളി മത്സ്യത്തിന്റെ വംശനാശവും ശോഷണവുമാണ്. മുൻകാലത്തെപോലെ മത്സ്യം ഇപ്പോൾ ലഭിക്കുന്നില്ലെന്ന പഠന റിപ്പോർട്ടുകളും മറ്റും തുടർച്ചയായി വന്നുകൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് മത്സ്യത്തിന്റെ കയറ്റുമതിയിൽ കേരളം ഒന്നാമതായിരുന്നു. എന്നാൽ ഇപ്പോൾ കേരളത്തിന് എട്ടാമത്തെയോ ഒമ്പതാമത്തെയോ സ്ഥാനമാണുള്ളത്. ഇതിന് കാരണമെന്താണെന്ന് പരിശോധിക്കേണ്ടതുണ്ട്. ഇപ്പോൾ മത്സ്യ കയറ്റുമതിയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് അവിഭക്ത ആന്ധ്രയാണ്. ഇത് കേവലം കടൽ മത്സ്യങ്ങൾ സംഭരിച്ചതിന്റെ ഭാഗമായല്ല,

മത്സ്യകൃഷിയിലൂടെയാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തും മത്സ്യകൃഷിക്കുള്ള വലിയ സാധ്യതകളുള്ളതിനാൽ മത്സ്യകൃഷി അഭിവൃദ്ധിപ്പെടുത്താനുള്ള സഹായങ്ങൾ നൽകണം. മത്സ്യ കയറ്റുമതിയിൽ നഷ്ടപ്പെട്ടുപോയ സ്ഥാനം വീണ്ടെടുത്ത് നമ്മുടെ സമ്പദ്ഘടനയ്ക്ക് മുതൽക്കൂട്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം സാധ്യതകൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ ചില നടപടികളും നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെന്നത് സ്വാഗതാർഹമാണ്. മത്സ്യകൃഷിക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുമ്പോൾ അവർ നേരിടുന്ന ചില പ്രശ്നങ്ങളും നാം കാണേണ്ടതുണ്ട്. മത്സ്യകൃഷിക്കായി ഗുണമേന്മയുള്ള വിത്ത് ആവശ്യത്തിന് ലഭിക്കുന്നില്ല. അതുപോലെ മത്സ്യത്തിനാവശ്യമായ തീറ്റ ഉല്പാദിപ്പിച്ച് കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കാനും സാധിക്കുന്നില്ല. ജലാശയങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള കോ-ഓർഡിനേഷന്റെ പോരായ്മകളുള്ളതായി വിമർശനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യങ്ങളിലെല്ലാം ചില നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇത് പൂർണ്ണതയിലെത്തിച്ച് മത്സ്യോല്പാദനമേഖലയിലെ ശോഷണം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മറ്റൊരു സംസ്ഥാനത്തിനുമില്ലാത്ത ഒരു സാധ്യതകൂടി കേരളത്തിനുണ്ട്, ഫിഷറീസ് സർവ്വകലാശാല. ബഹുമാനപ്പെട്ട എസ്. ശർമ്മ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് (2006-2011) കൊച്ചി ആസ്ഥാനമായി ഫിഷറീസ് സർവ്വകലാശാല സ്ഥാപിച്ചത്. ഇന്ത്യയിൽ ഫിഷറീസ് സർവ്വകലാശാല കേരളത്തിൽ മാത്രമേയുള്ളൂ. മറൈൻ എഞ്ചിനീയറിംഗും മറ്റ് വകുപ്പുകളുമൊക്കെ ഫിഷറീസ് സർവ്വകലാശാലയുടെ പരിധിയിൽ വരുന്നതാണെങ്കിൽപ്പോലും സമുദ്രപര്യവേഷണത്തിന് മാത്രമായി ഒരു സർവ്വകലാശാല ലോകത്ത് മറ്റൊരിടത്തും ഉള്ളതായി അറിയില്ല. അന്ന് നിയമം കൊണ്ടുവരുമ്പോൾ അതിൽ ചില വ്യവസ്ഥകളുണ്ടായിരുന്നു. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കുകൂടി പ്രയോജനപ്പെടുന്നവിധത്തിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഫിഷറീസ് സർവ്വകലാശാലയിൽ 20 ശതമാനം സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ജാതിയോ മതമോ മറ്റ് പരിഗണനകളോ ഇല്ലാതെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പഠിക്കാനും വളരാനുമുള്ള സൗകര്യങ്ങൾ അവിടെ ഏർപ്പെടുത്തുകയാണ് ചെയ്തത്. അതോടൊപ്പം സമുദ്രപഠനവും വിജ്ഞാന വിതരണവും എല്ലാ ഭാഗത്തുള്ളവർക്കും സൗകര്യപ്പെടുന്നനിലയിൽ കൊച്ചി ആസ്ഥാനമായി ഫിഷറീസ് സർവ്വകലാശാല സ്ഥാപിച്ചപ്പോൾ കേരളത്തിന്റെ തെക്കും വടക്കും ഓരോ കേന്ദ്രങ്ങൾ കൂടിയുണ്ടാകണമെന്ന് അതിൽ വ്യവസ്ഥ ചെയ്തിരുന്നു. പക്ഷേ കഴിഞ്ഞ അഞ്ച് വർഷം, യു.ഡി.എഫ്. ഗവൺമെന്റിന്റെ

ഭരണകാലത്ത് ഇക്കാര്യത്തിൽ കാര്യമായ ഒരു നടപടിയും ഉണ്ടായില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ നിർദ്ദേശം പരിഗണിച്ചുകൊണ്ട് തെക്ക് കൊല്ലവും വടക്ക് പയ്യന്നൂരും ആസ്ഥാനമാക്കി ഓരോ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം വന്നിട്ടുണ്ട്, അതിനായി ബജറ്റിൽ പണവും വകയിരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഇന്ന് ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് വളരെ പ്രാധാന്യമുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പഠനങ്ങൾ വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് ഏറ്റവും വലിയ വെല്ലുവിളിയായി നിലനിൽക്കുന്ന കാലാവസ്ഥാ വ്യതിയാനം കടലും ജലാശയങ്ങളുമായും ബന്ധപ്പെട്ടതാണ്. ഇക്കാര്യത്തിൽ പഠനം നടത്താൻ ഒരു കേന്ദ്രം കേരളത്തിലുണ്ട്. അതിന്റെ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കുകയാണെങ്കിൽ അത് വലിയൊരു നേട്ടമായിത്തീരും. സംസ്ഥാന ഗവൺമെന്റും ഫിഷറീസ് വകുപ്പും ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നത് സന്തോഷകരമായ കാര്യമാണ്. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ജലസമ്പത്തിന്റെ സംരക്ഷണവും ജലവിതരണവും ജലത്തിന്റെ ഉപയോഗവുമൊക്കെ വളരെയേറെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. എത്രയോ പ്രാവശ്യം ഇവിടെത്തന്നെ ഇതെല്ലാം ചർച്ച ചെയ്തിട്ടുണ്ട്. സമയക്കുറവുമൂലം മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കുടിവെള്ളം ലഭ്യമാക്കുക എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. ഇതിൽ വൻകിട പദ്ധതികൾക്ക് വലിയ സാധ്യതകളില്ല. ചെറുകിട പദ്ധതികളിലൂടെ സാധാരണ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തേണ്ടതുണ്ട്. നിലവിൽ ലഭ്യമായ ജലം ഉപയോഗപ്പെടുത്താനുള്ള സൗകര്യങ്ങളില്ലാതെ കൃഷിയുമായി മുന്നോട്ടുപോകാൻ സാധിക്കില്ല. ഓരോ പ്രദേശത്തെയും കാര്യം പരിശോധിച്ചാൽ ഇത് മനസ്സിലാകും. എന്റെ മണ്ഡലത്തിൽ ജലസേചന സൗകര്യമില്ലാത്തതിനാൽ 142 ഹെക്ടർ നെൽ വയലാണ് തരിശായത്. ഇവിടെ ഒരു ചോദ്യത്തിന് മറുപടിയായി ഈ വിവരം ലഭിച്ചിട്ടുമുണ്ട്. ഇറിഗേഷനുൾപ്പെടെ നാല്പത്തിയൊൻപതോളം വി.സി.ബി.-കളും (vented cross bars) സി.ആർ.പി.-കളുമെല്ലാം (cluster resource persons) ഉണ്ടെങ്കിൽപ്പോലും അതിൽ ഏതാനും ചിലത് മാത്രമേ ഉപയോഗപ്പെടുത്താൻ സാധിക്കുന്നുള്ളൂ. കാലപ്പഴക്കംകൊണ്ട് ദുർബലമായി ചോർന്നൊലിക്കുന്ന

വി.സി.ബി.-കളാണ് പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് പലയിടത്തും കാണാൻ സാധിക്കുന്നത്. ഒരു സെന്റ് ഭൂമിപോലും തരിശിടാൻ പാടില്ലെന്നും നിലവിലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തണമെന്നുമാണല്ലോ പറയുന്നത്. തരിശുരഹിത മണ്ഡലം, തരിശുരഹിത വില്ലേജ്, തരിശുരഹിത പഞ്ചായത്ത് എന്നൊക്കെയുള്ള ക്യാമ്പയിൻ നമ്മൾ നടത്തുന്നുണ്ട്. കൃഷിയെ അഭിവൃദ്ധിപ്പെടുത്താനും കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനും ചെറുകിട പദ്ധതികൾ ആവശ്യമാണ്. ഇക്കാര്യത്തിൽ ജലസേചന വകുപ്പിന്റെ പ്രത്യേക ശ്രദ്ധയും നടപടിയും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ മണ്ഡലത്തിൽ കാര്യങ്കോട് പുഴയ്ക്ക്കുറുകെ ചെറുപുഴയിൽ ഒരു തടയണ നിർമ്മാണം പൂർത്തിയാക്കി അടുത്ത ദിവസം ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്യുന്നു എന്നത് വളരെ സന്തോഷകരമായ കാര്യമാണ്. അതുപോലെ വി.സി.ബി.-കളുടെ കാര്യത്തിൽ മുന്തിയ പരിഗണന നൽകിയില്ലെങ്കിൽ നമുക്ക് കൃഷിയുമായി മുന്നോട്ടുപോകാൻ സാധിക്കില്ല, കുടിവെള്ളവും ലഭിക്കില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ ഏറ്റവും ഇൻഎഫിഷ്യന്റായതും കോൾഡ് റെസ്പോൺസ് ലഭിക്കുന്നതുമായ ഒരു ഡിപ്പാർട്ട്മെന്റാണ് വാട്ടർ അതോറിറ്റി. എറണാകുളം പോലെ ഫ്ലോട്ടിംഗ് പോപ്പുലേഷനുള്ള വലിയ നഗരത്തിൽ സ്മാർട്ട്സിറ്റി അടക്കമുള്ള പദ്ധതികൾ യാഥാർത്ഥ്യമാകുമ്പോൾ ജനസംഖ്യാനുപാതത്തിനനുസരിച്ച് സപ്ലൈയും ഡിമാന്റും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയാണ്. വാട്ടർ അതോറിറ്റി പ്രൊഡ്യൂസ് ചെയ്യുന്ന വെള്ളവും അവിടത്തെ ജനങ്ങൾക്കാവശ്യമായ വെള്ളവും തമ്മിൽ വലിയ അന്തരമുണ്ട്. ഒരു ഗിമ്മിക്സ് കാണിച്ച് പല പ്രാവശ്യമായി രക്ഷപ്പെട്ടുപോവുകയാണ്. വളരെ മാന്യമായി ജനപ്രതിനിധികളുമായി ഇടപെടുന്ന ഒരു നല്ല മനുഷ്യനാണ് താങ്കൾ എന്നതിൽ സംശയമില്ല. പക്ഷേ കഴിഞ്ഞ ഒരു വർഷമായി യാതൊരു ഇനിഷ്യേറ്റീവും ഉണ്ടാകുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 236 കോടി രൂപ ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി അനുവദിക്കുകയും പെരിയാർ സ്രോതസ്സാക്കി അവിടെനിന്നും 180 എം.എൽ.ഡി. ശുദ്ധജലം കൊച്ചി നഗരത്തിലും കളമശ്ശേരി, തൃക്കാക്കര, ചേരാനല്ലൂർ പ്രദേശങ്ങളിലും ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലും എത്തിക്കാനുള്ള ഒരു ബൃഹത് പദ്ധതിക്ക് രൂപംകൊടുത്തിരുന്നത് യാഥാർത്ഥ്യമാക്കുന്നതിന് ജില്ലയിലെ പ്രധാനപ്പെട്ട എം.എൽ.എ.-മാരെല്ലാം ഒപ്പിട്ട ഒരു നിവേദനം താങ്കൾക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നൽകിയിരുന്നു. 5 ഏക്കർ സ്ഥലമുണ്ടെങ്കിൽ

കൊച്ചിയുടെ ദാഹം മാറ്റാൻ സാധിക്കുമെന്നുള്ള പരമ്പരകൾ നിരന്തരമായി മാധ്യമങ്ങളിൽ വരികയാണ്. ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടിയും തന്നു. പക്ഷേ അതുസംബന്ധിച്ച് ഒരു ഇനിഷ്യേറ്റീവും പിന്നീടുണ്ടായില്ല. കിൻഫ്രയുടെയും കളമശ്ശേരി മെഡിക്കൽ കോളേജിന്റെയും ഭൂമി നമ്മൾ ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പറഞ്ഞു, കരിമാലൂരിൽ സ്ഥലം നോക്കുന്നു എന്ന്. പക്ഷേ അപ്രായോഗികമായ ഒരു സമീപനമാണ് അല്ലെങ്കിൽ യാഥാർത്ഥ്യമാക്കാൻ കഴിയാത്ത ഒരു കാര്യമാണ് ഇവിടെ സഭയിൽ പറഞ്ഞത്. എച്ച്.എം.റ്റി.-യുടെയും ഫാക്ടിന്റെയും ഉൾപ്പെടെ ആയിരക്കണക്കിന് ഏക്കർ ഭൂമി അവിടെയുണ്ട്. അരൂർ അടക്കമുള്ള പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കാൻ ജാപ്പനീസ് ബാങ്കിന്റെ സഹായത്തോടുകൂടി ജൈക്കപോലുള്ള വലിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പ്രൊഫഷണലിസവും പ്ലാനിംഗും ഇല്ലാതെ ഒരു ഡിപ്പാർട്ട്മെന്റിന് എത്രനാൾ മുന്നോട്ടുപോകാൻ സാധിക്കും? ഏത് പ്രോജക്ട് തുടങ്ങിയാലും അതിന്റെ എസ്റ്റിമേറ്റഡ് കോസ്റ്റിനെക്കാൾ വലിയ രീതിയിലായിരിക്കും മുന്നോട്ടുപോകുന്നത്. അടിസ്ഥാനപരമായി വേണ്ട പല കാര്യങ്ങളും ഫിക്സ് ചെയ്യാതെയാണ് പലപ്പോഴും ഡി.പി.ആർ. തയ്യാറാക്കുന്നത്. ഇതിൽ കാലതാമസം നേരിടുന്നു. പദ്ധതി ഇംപ്ലിമെന്റ് ചെയ്യുന്നതിൽ ഈ ഡിപ്പാർട്ട്മെന്റിന് വൻവീഴ്ചയാണ് സംഭവിച്ചിട്ടുള്ളതെന്ന് മുൻകാലാനുഭവം തെളിയിക്കുകയാണ്. അതുകൊണ്ട് കോസ്റ്റ് എസ്കലേഷൻ ഉണ്ടാകുന്നു. നമ്മൾ എക്സ്പെക്റ്റ് ചെയ്യുന്നതിനേക്കാൾ പോപ്പുലേഷൻ കൂടുന്നു. അതിനനുസൃതമായി ശുദ്ധജലം നമുക്ക് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഞാൻ ദീർഘമായി കടന്നുപോകുന്നില്ല. പക്ഷേ വളരെയധികം പ്ലാനിംഗും പ്രൊഫഷണലിസവും വേണ്ട ഒരു ഡിപ്പാർട്ടുമെന്റാണിത്. 2015 മാർച്ചിൽ സി.ആന്റ്എ.ജി. തയ്യാറാക്കിയ ജലനിധിയെ സംബന്ധിച്ച റിപ്പോർട്ടിൽ വളരെയധികം ലാപ്സ് വരുത്തിയിരിക്കുന്നു വെന്ന് ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. ജലനിധി പദ്ധതികളുമായി ബന്ധപ്പെട്ട മലബാർ പ്രദേശത്തെ കാര്യങ്ങളാണ് അതിലുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അന്തർ സംസ്ഥാന നദീജല തർക്കവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ ഇടപെടൽ നടത്താൻ, ആ കരാറിനെ സംബന്ധിച്ച് സമയബന്ധിതമായ ഇന്റർവെൻഷൻ നടത്താൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഡൽഹിയിൽ പ്രവർത്തിക്കുന്ന കാവേരി സെല്ലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വീക്ഷിക്കുന്നതിലും വലിയ രീതിയിലുള്ള വീഴ്ച സംഭവിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. ഹൈബി ഈഡൻ നദീജല പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുകയാണല്ലോ. ഇന്ന് അന്തർസംസ്ഥാന നദീജല

കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന കാവേരി സെല്ലാണെങ്കിലും അതുമായി ബന്ധപ്പെട്ട് നമുക്ക് ലഭിക്കേണ്ട ജലവിഹിതത്തിന്റെ കാര്യമാണെങ്കിലും പുതുതായി പണിയേണ്ട ഇടമലയാറാണെങ്കിലും ബാണാസുരസാഗർ അടക്കമുള്ള പദ്ധതികളൊക്കെ പാതിവഴിയിലാണ്; അതെല്ലാം ഏകദേശം നിലച്ചമട്ടാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഹൈബി ഈഡൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് ചൂണ്ടിക്കാണിച്ചത് വളരെ സുപ്രധാനമായ കാര്യങ്ങളാണ്. മന്ത്രി അത് പരിഗണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഒരു പുതിയ പൈപ്പ്ലൈൻ ഇടണമെങ്കിൽ റോഡ് റിസ്റ്റോറേഷന് കാശ് കെട്ടിവയ്ക്കാതെ, അതിനൊന്നും യാതൊരു മാനദണ്ഡവുമില്ലാതെയാണ് ഈ ഡിപ്പാർട്ട്മെന്റ് മുന്നോട്ടുപോകുന്നത്. പല സമയത്തും ഈ മേഖലയിൽ വലിയ ലാപ്സ് ഉണ്ടായിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ പുതുതായി വന്ന മെട്രോ റെയിലും പി.ഡബ്ല്യു.ഡി.-യുടെ ബി.എം.ആന്റ് ബി.സി. റോഡുമൊക്കെ ചെയ്തതിനുശേഷമാണ് പലപ്പോഴും വാട്ടർ അതോറിറ്റിക്കാർ കുത്തിപ്പൊളിക്കുന്നത്.

മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് മത്സ്യബന്ധനം. ബഹുമാന്യയായ മന്ത്രി ഈ മേഖലയെക്കുറിച്ച് വിശദമായി പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുള്ള ആളാണ്. അതുകൊണ്ടുതന്നെ നിലവിലുള്ള പ്രശ്നങ്ങളെക്കുറിച്ച് മന്ത്രിക്ക് വ്യക്തമായ ബോധ്യമുള്ളതാണ്. മത്സ്യത്തൊഴിലാളികൾ ഇത്രയുമധികം കഷ്ടത അനുഭവിക്കുന്നത് കേരളത്തിന്റെ ചരിത്രത്തിലാദ്യമായാണ്. അതിന് ധാരാളം കാരണങ്ങളുണ്ട്. മന്ത്രി അതിന് കുറ്റക്കാരിയാണെന്നല്ല പറയുന്നത്. ഗ്ലോബലായി ഒരുപാട് ക്രൈസിസ് ഉണ്ടായിട്ടുണ്ട്. കടലിലുണ്ടായിട്ടുള്ള മാറ്റങ്ങളും ചൂട് വർദ്ധിക്കുന്നതും ഉപ്പിന്റെ അംശം വർദ്ധിക്കുന്നതുമെല്ലാം മത്സ്യസമ്പത്ത് കുറയാൻ ഇടയാക്കിയിട്ടുണ്ട്. ഇന്ന് നമുക്ക് ഏറ്റവും സെയ്ഫായി കഴിക്കാൻ പറ്റുന്ന ഒരു വസ്തു മത്സ്യമാണ്. പച്ചക്കറിയിലും മാംസാഹാരത്തിലുമൊക്കെ ധാരാളം കെമിക്കൽസും ഫെർട്ടിലൈസേഴ്സും അടങ്ങുന്നുണ്ടെന്ന് റിപ്പോർട്ടുകൾ കാണിക്കുന്നു. പക്ഷേ നമ്മുടെ കടലിൽനിന്നും പിടിച്ചുകൊണ്ടുപോകുന്ന മത്സ്യം മംഗലാപുരത്തും കന്യാകുമാരിയിലും മറ്റും കൊണ്ടുപോയി 40 മണിക്കൂറിനുശേഷം നമ്മുടെ ആളുകൾ അവിടെപ്പോയി വാങ്ങി ഇവിടത്തെ വിപണിയിലെത്തിക്കുന്ന പ്രവണത കഴിഞ്ഞ കുറേ നാളുകളായി നിലനിൽക്കുകയാണ്. ഇത് സൂക്ഷിക്കുന്നതിന് അമോണിയം അടക്കമുള്ള വസ്തുക്കൾ ഉപയോഗിക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നുണ്ട്. കോഴിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിന് ചെറുമത്സ്യങ്ങളെ പിടിച്ചുകൊണ്ടുപോകുന്ന കാര്യം കഴിഞ്ഞദിവസം ഞാൻ ചൂണ്ടിക്കാണിച്ചതാണ്. സി.എം.എഫ്.ആർ.ഐ., സിഫ്റ്റ് പോലുള്ള സമുദ്ര ഗവേഷണത്തിൽ വ്യക്തമായ പഠനം നടത്തുന്ന

ഏജൻസികളെ പരിപൂർണ്ണമായി പ്രയോജനപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല. മിനിമം ലീഗൽ സൈസ് പ്രിസ്ക്രൈബ് ചെയ്യുന്നതിൽ ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുത്തിട്ടുണ്ട്. ഇനിയും നാല്പത്തിയഞ്ചോളം ഇനം മത്സ്യങ്ങളിൽ മിനിമം ലീഗൽ സൈസ് പ്രഖ്യാപിച്ചാൽ മാത്രമേ ഈ മേഖലയിൽ മത്സ്യസമ്പത്ത് കാത്തുസൂക്ഷിക്കാൻ സാധിക്കുകയുള്ളൂ. മത്സ്യമേഖല ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. മത്സ്യസമ്പത്തിന്റെ കുറവുമൂലം ഗുരുതരമായ പ്രതിസന്ധി നേരിടുന്ന മത്സ്യത്തൊഴിലാളികളെയും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് അനുബന്ധ തൊഴിൽ ചെയ്യുന്നവരേയും സംരക്ഷിക്കുന്നതിന് മത്സ്യവറുതി പാക്കേജ് കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാന്യയായ മന്ത്രിയോടും ഗവൺമെന്റിനോടും ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ രണ്ട് ഡിപ്പാർട്ട്മെന്റുകളുടെയും ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീമതി സി. കെ. ആശ:</u> സർ, ഈ രണ്ട് വകുപ്പുകളുടെയും ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നു. ജലനിർമ്മിതമാണ് കേരളം, 44 നദികളെക്കൊണ്ട് സമ്പന്നവുമാണ്. സംസ്ഥാന രൂപീകരണത്തിന്റെ 60-ാം പിറന്നാൾ ആഘോഷിക്കുന്ന അതേ ദിനത്തിലാണ് കേരളം വരൾച്ചബാധിത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടത്. ആർക്കുമുന്നിലാണ് നാം ലജ്ജിച്ച് തലകുനിച്ചുനിൽക്കേണ്ടിവരുന്നത്? ആകാശത്തേയ്ക്കുനോക്കി മഴയ്ക്കുവേണ്ടി ദാഹിച്ചുനിൽക്കുന്ന വേഴാമ്പലാണ് കേരളത്തിന്റെ ദേശീയ പക്ഷി എന്ന തിരിച്ചറിവ് ഇനിയെങ്കിലും നമുക്ക് ഉണ്ടാകുമോ; പുഴയിലൂടെ ഒഴുകിവരുന്നത് വെറും ജലമല്ല, സംസ്കാരത്തിന്റെ ജീവരക്തമാണ്. നദികൾ പറയുന്നത് മനുഷ്യചരിതമല്ലാതെ മറ്റൊന്നുമല്ല. ഓർമ്മകളും പുരാവൃത്തങ്ങളുംകൊണ്ട് പൊതിഞ്ഞ് അതിന്റെ ഒഴുക്ക് നിലച്ചുപോയാൽ നമ്മൾ ദാഹിച്ചു മരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഈ നൂറ്റാണ്ടിൽ നടക്കാനിടയുള്ള ലോകമഹായുദ്ധം ശുദ്ധജലത്തിനുവേണ്ടിയാകുമെന്ന മുന്നറിയിപ്പ് ആരെയും ഭയചകിതരാക്കും. ചുട്ടുപൊള്ളുന്ന മേയ് മാസത്തിൽ ജലരാശിയെക്കുറിച്ച്, കൊല്ലപ്പെടുന്ന നദികളെക്കുറിച്ച്, ആഗോള കമ്പോളത്തിന്റെ ജലചൂഷണങ്ങളെക്കുറിച്ച്, ഭ്രാന്തമായി മാറുന്ന കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച്, വീട്ടുമുറ്റത്തെ കിണറുകൾ നേരിടുന്ന അസാധാരണമായ വരൾച്ചയുടെ ദാരുണാവസ്ഥയെക്കുറിച്ച് ഒക്കെ നാം ചർച്ച ചെയ്യുകയും പ്രവർത്തനനിരതരാവുകയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ജലം മനുഷ്യന്റെ അവകാശമായി മാത്രമായാണ് ഇപ്പോൾ നാം കാണുന്നത്. മനുഷ്യന്റെ അവകാശങ്ങൾക്കപ്പുറത്ത് മറ്റ് ജന്തുജീവജാലങ്ങളുടെയും അവകാശമോ ആവശ്യമോ ആണ് ജലം. ഇതിനെയെല്ലാത്തിനെയും ബന്ധിപ്പിക്കുമ്പോൾ മാത്രമേ ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുകയുള്ളൂ. അത്

നമ്മുടെ മൂല്യബോധവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടാണ് ഇടതുപക്ഷ സർക്കാർ വരുംതലമുറയ്ക്കുകൂടി ജീവിക്കാൻ പര്യാപ്തമായ വിധത്തിൽ നമ്മുടെ ആവാസ വ്യവസ്ഥകളെ സുസ്ഥിരമാക്കുന്ന വികസന സങ്കല്പങ്ങൾക്ക് രൂപം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ മുഖ്യ പ്രാധാന്യം ജലസംരക്ഷണത്തിലൂന്നിയ പദ്ധതികൾക്കാണ്. ഫലപ്രദമായ ജലമാനേജ്മെന്റിന്റെ അഭാവം രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക സംവിധാനങ്ങളെയൊക്കെ പ്രതികൂലമായി ബാധിച്ചേക്കാം. കേരളത്തിൽ രണ്ടാം ജനകീയാസൂത്രണത്തിന്റെ മുഖ്യ ആകർഷണീയതയായ ഹരിത കേരളം മിഷനിലൂടെ തടാകങ്ങളുടെയും നദീതടങ്ങളുടെയും സംരക്ഷണവും കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും പുനരുജ്ജീവനവും ലക്ഷ്യമിടുന്നു. ശരിയായ ജലമാനേജ്മെന്റിലൂടെ ജലത്തിന്റെ അമൂല്യത ലോകത്തെ അറിയിക്കുന്ന ഒരു പുതിയ ജലസംസ്കാരം വികസിപ്പിച്ചെടുക്കാനും അതിലൂടെ നമ്മുടെ സംസ്കാരങ്ങൾ തിരിച്ചുപിടിക്കാനും കേരളത്തിന്റെ ജലസമൃദ്ധി നിലനിർത്താനും ഇടതുപക്ഷ സർക്കാരിനും ജലസേചന വകുപ്പിനും സാധിക്കട്ടേയെന്ന് ആശംസിക്കുന്നു. ഈ ചുരുങ്ങിയ കാലംകൊണ്ട് ഒട്ടേറെ പ്രധാനപ്പെട്ട പദ്ധതികൾ എൽ.ഡി.എഫ്. സർക്കാരിന് നടപ്പിലാക്കാൻ കഴിഞ്ഞു. ഡിപ്പാർട്ട്മെന്റിനെ അഴിമതി വിമുക്തമാക്കിയെന്നുള്ളതന്നെയാണ് അതിൽ എടുത്തുപറയേണ്ടകാര്യം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ കൊടും അഴിമതിയുടെ നേർക്കാഴ്ചയ്ക്ക് ഒരു ഉദാഹരണമാണ് കുട്ടനാട് പാക്കേജ്. ആ പദ്ധതിയെപ്പറ്റി നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കുട്ടനാടിന്റെ കാർഷിക സംസ്കൃതിയും ജലവിഭവങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് കുട്ടനാട് പാക്കേജ്. 1,839.75 കോടി രൂപയുടെ 105 പദ്ധതികളാണ് ആ പാക്കേജിൽ ഉൾപ്പെടുത്തിയിരുന്നത്. നിർഭാഗ്യവശാൽ അതിൽ ഒന്നുപോലും സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാരിന് സാധിച്ചില്ലെന്നുള്ളത് അഴിമതിയുടെ രൂക്ഷത എത്രത്തോളമുണ്ടെന്ന് ബോധ്യപ്പെടുത്തുന്നതാണ്. അതിൽനിന്ന് കുറച്ചെങ്കിലും മാറിനിൽക്കുന്നത് തണ്ണീർമുക്കം ബണ്ടിന്റെ പുനർനടപടിക്രമങ്ങളാണ്. ആ ബണ്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്. അവിടെയുള്ള മത്സ്യത്തൊഴിലാളികൾ അപ്പോഴും ആശങ്കയിലാണ്. വരുന്ന ചർച്ചകളിൽ ഞാൻ അക്കാര്യം പ്രതിപാദിക്കുന്നതാണ്. ഉദ്ദേശ്യലക്ഷ്യങ്ങൾ കാറ്റിൽപ്പറത്തി ജലസേചന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി തയ്യാറാക്കിയതിലൂടെയാണ് ഈ പദ്ധതി അട്ടിമറിക്കപ്പെട്ടത്. ഏറ്റവും കൂടുതൽ അഴിമതി നടത്താൻ പര്യാപ്തമായ വകുപ്പാണ് ജലസേചന വകുപ്പെന്ന് നമുക്കറിയാം. കാരണം പൈപ്പുകൾ വാങ്ങുന്നതിലൂടെയാണ് ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത്. ഉദാഹരണത്തിന്, അരൂർ, ചേർത്തല മണ്ഡലങ്ങളിലേയ്ക്ക് വെള്ളം കൊണ്ടുപോകുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ എന്റെ മണ്ഡലത്തിലെ മറവംതുരുത്ത് പഞ്ചായത്തിൽ

4.5 കിലോമീറ്റർ ദൂരത്ത് 11 തവണ പൊട്ടി ആ പ്രദേശം ജലബോംബായിമാറി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും പൈപ്പ്ലൈൻ മാറ്റുന്നതോടൊപ്പം അഴിമതി നടത്തിയതിനെതിരെ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചതിനെ വളരെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ഈ വിഷയം നേരിട്ട് ബോധ്യമുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞത്. അഴിമതി തടയുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പിന് വളരെയേറെ സാധിച്ചിട്ടുണ്ടെന്നുള്ളത് അഭിമാനത്തോടെ കാണുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിൽ ജലവിഭവ വകുപ്പിലും വളരെയേറെ പ്രതീക്ഷയാണ് ജനങ്ങളും പൊതുസമൂഹവും വച്ചുപുലർത്തുന്നത്. അതിനൊത്ത് ഉണർന്ന് പ്രവർത്തിക്കാൻ വകുപ്പിന് ആകുന്നുമുണ്ട്. കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കുമാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യത്തോടെ തടയണകൾ, വി.സി.ബി., ആർ.സി.ബി. എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ അവസരത്തിൽ എന്റെ മണ്ഡലത്തിൽ ഓരുജല ഭീഷണി പരിഹരിച്ച് കുടിനീരിനും കൃഷിക്കും ജലം സംരക്ഷിക്കുന്നതിനായി കഴിഞ്ഞ ബജറ്റിൽ 3 റെഗുലേറ്ററുകൾ അനുവദിച്ചതിനെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു. ആ റെഗുലേറ്ററുകൾ മൂവാറ്റുപുഴയുടെ കൈവഴികളായ മൂന്ന് ആറുകളിലാണ് സ്ഥാപിക്കുന്നത്. റെഗുലേറ്ററുകൾ വരുമ്പോൾ തൊഴിലിനെ ബാധിക്കുമോയെന്ന കാര്യത്തിൽ മത്സ്യത്തൊഴിലാളികൾ വളരെയേറെ ആശങ്കയിലാണ്. റെഗുലേറ്ററുകൾ പണിയുന്നതിനുമുമ്പ് മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ ലഘൂകരിക്കുന്നതിനാവശ്യമായ പഠനം നടത്തി അവരെ ബോധവാന്മാരാക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. എന്റെ മണ്ഡലത്തിൽ ചെമ്പ് പഞ്ചായത്തിൽ പുല്ലാന്തിയാർ വർഷങ്ങളായി പോളയും ചേറും നിറഞ്ഞ് ഒഴുക്ക് നിലച്ച് മരണാസന്നമായിരുന്നു. പ്രദേശവാസികളുടെയും കിസാൻ സഭയുടെയും സമയോചിതമായ പ്രവർത്തനത്തിന്റെ ഭാഗമായി ആ പുഴയെ പുനരുജ്ജീവിപ്പിക്കാനും അത് നാട്ടുകാർക്ക് സമർപ്പിക്കാനും സാധിച്ചുവെന്ന് എനിക്ക് വളരെ അഭിമാനത്തോടെ പറയാനാകും. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയാണ് പുഴയുടെ സമർപ്പണത്തിന് എത്തിയതെന്നുകൂടി ഞാൻ അഭിമാനത്തോടെ ഈ അവസരത്തിൽ ഓർക്കുകയാണ്. ഒട്ടനവധി കാര്യങ്ങൾ വകുപ്പ് നടത്തിവരുന്നുണ്ട്. സമയക്കുറവുമൂലം അതെല്ലാം പറയുന്നില്ലെങ്കിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ ജലസേചന പദ്ധതികൾ പുനരുദ്ധാരണം

നടത്തുന്നതിന് ഈ ഗവൺമെന്റ് ശ്രമിക്കുന്നുണ്ടെന്ന് പറയാതിരിക്കാൻ കഴിയില്ല. കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ ഹരിത കേരളം പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി ജൂൺ മാസത്തിൽ മഴയ്ക്കായി വേഴാമ്പലിനെപ്പോലെ കാത്തിരിക്കുകയാണ്. വകുപ്പിന്റെ നേതൃത്വത്തിൽ മഴവെള്ളം ഹാർവെസ്റ്റ് ചെയ്യുന്നതിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. മഴക്കുഴികൾ നിർമ്മിച്ച് മഴവെള്ളം സംരക്ഷിക്കണം. കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി അനുസരിച്ച് മഴ പെയ്താലുടൻ വെള്ളം ഒഴുകി കടലിലേയ്ക്കുപോകുന്ന സാഹചര്യമാണുള്ളത്. എന്നാൽ അത്രയുംവേഗം ജലം ഒഴുകിപ്പോകാതെ ഭൂഗർഭജലമായി രൂപാന്തരപ്പെടുന്നതിന് ആവശ്യമായ നടപടി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നത് അഭിമാനപൂർവ്വം സ്മരിക്കുകയാണ്. കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ, മൈനർ ഇറിഗേഷനിലെ ക്ലാസ്-I, ക്ലാസ്-II പ്രവൃത്തികൾ, തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നബാർഡിന്റെ 100 കോടി രൂപ ചെലവിലാണ് ഏറ്റെടുത്ത് വകുപ്പ് നടത്തിവരുന്നത്. കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഇപ്പോൾ മഴയ്ക്ക് ദാഹിച്ചിരിക്കുകയാണെങ്കിലും മഴ വന്നുകഴിഞ്ഞാൽ വെള്ളപ്പൊക്ക ഭീഷണിയായിരിക്കും നമ്മുടെ മുമ്പിലുള്ള പ്രധാന പ്രശ്നം. അത് നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

മത്സ്യബന്ധന മേഖല കഴിഞ്ഞകാലത്തെ അപേക്ഷിച്ച് വലിയ മാറ്റങ്ങൾക്ക് വേദിയാകുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അക്ഷരസാഗരം പദ്ധതി. നിരക്ഷരതയുടെ ഇരുട്ടറകൾ ഭേദിച്ച് മാനസിക വികാസം പകരാൻ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് കഴിയും. സമൂഹത്തിൽ വികസനം അനുഭവവേദ്യമാകണമെങ്കിൽ അക്ഷരവെളിച്ചം മുഴുവൻ ജനങ്ങളിലും എത്തണം. സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന തീരദേശവാസികളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനും തീരപ്രദേശങ്ങളിലെ സാക്ഷരതാ നിലവാരം ഉയർത്തുന്നതിനുമായി ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമായി ചേർന്ന് അക്ഷരസാഗരം പദ്ധതി നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ ഭവന പദ്ധതിക്കായി 3149 ഗുണഭോക്താക്കൾക്ക് 62.98 കോടി രൂപയുടെ ധനസഹായം നൽകിക്കഴിഞ്ഞു. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ 75 കോടി രൂപയുടെ പ്രത്യേക പാക്കേജ് വകുപ്പ് നടത്തിവരുന്നു. മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ പുതുക്കിപ്പണിയാൻ 22 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. മഴ പെയ്താൽ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാനുള്ള സാഹചര്യമുണ്ടാകില്ല. ആ സമയത്ത് അവർക്ക് ജീവിക്കുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതിയായി

നൽകിയിരുന്ന 2,700 രൂപ 4,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് പൊതുമേഖലയിൽ ആദ്യത്തെ മത്സ്യത്തീറ്റ നിർമ്മാണശാഖ കൊല്ലം ആയിരംതെങ്ങിൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, തണ്ണീർമുക്കം ബണ്ട് നിർമ്മാണത്തിന്റെ ഫലമായി ഉടലെടുത്ത പാരിസ്ഥിതിക അസന്തുലിതാവസ്ഥമൂലം തെക്കുഭാഗത്ത് അന്യംനിന്നുപോയ കക്കസമ്പത്ത് പുനരുജ്ജീവിപ്പിക്കുന്നതിനും അതിലൂടെ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് തൊഴിലും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിനും ഈ ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിച്ചത് നന്ദിയോടെ ഓർക്കുന്നു. രണ്ട് വകുപ്പുകളുടെയും ധനാഭ്യർത്ഥനകളെ സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ടും പിന്തുണച്ചുകൊണ്ടും നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള)

ശ്രീ. സി. മമ്മൂട്ടി: സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ശ്വസിക്കാനുള്ള വായുവും കുടിക്കാനുള്ള വെള്ളവും മനുഷ്യനെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്. വളരെ പ്രയാസമുള്ള കാര്യം, കഴിഞ്ഞ ഗവൺമെന്റ് എ.എസ്. കൊടുത്ത് ടെണ്ടർ ചെയ്ത വർക്കുകൾവരെ ഇവിടെ ഫണ്ടില്ലാത്തതിന്റെ പേരിലോ കേന്ദ്ര ഗവൺമെന്റിൽ ഫണ്ടില്ലാത്തതുകൊണ്ടോ റദ്ദ് ചെയ്തിരിക്കുകയാണ്. ഒരു കാരണവശാലും ആ വർക്കുകൾ എന്നന്നേയ്ക്കുമായി ഉപേക്ഷിക്കരുത്, അത് കുടിവെള്ളപ്രശ്നമാണ്. ഏതെങ്കിലും തരത്തിൽ പണം കണ്ടെത്തി റീ-ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. വെട്ടം, തലക്കാട് എന്നീ പഞ്ചായത്തുകളിലെ തീരദേശ മേഖലകളിൽ ആ പദ്ധതി കൊണ്ടുവരുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമാക്കി. എന്നാൽ തീരദേശ മേഖലയിൽ 26 കോടി രൂപയ്ക്ക് എ.എസ്. കൊടുത്ത ആ പദ്ധതി ഒന്നാംഘട്ടത്തിൽ റദ്ദ് ചെയ്തു. ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ രണ്ടുമാസംകൊണ്ട് പ്രവൃത്തി ചെയ്യാമെന്നുപറഞ്ഞെങ്കിലും അത് റദ്ദ് ചെയ്യുകയാണുണ്ടായത്. അക്കാര്യം പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മുമ്പ് ജലസേചന വകുപ്പും പി.ഡബ്ല്യു.ഡി.-യും ഒന്നായിരുന്നു. പിന്നീട് രണ്ടായതുകൊണ്ടുള്ള ചില പ്രശ്നങ്ങളാണ് ഇപ്പോഴുള്ളത്. റോഡ് കട്ടിംഗും കുടിവെള്ളത്തിന് സാംഗ്ഷൻ നൽകലും റെസ്റ്റോറേഷൻ വർക്കും ഒക്കെ വലിയ നൂലാമാലകളാണ്. ഏത് ഗവൺമെന്റ് വന്നാലും വലിയ പ്രശ്നംതന്നെയാണിത്. ഇപ്പോൾ മഴക്കാലം ആരംഭിക്കാൻ പോകുകയാണ്, ഒക്ടോബർ വരെ ഇനി ഒരു റോഡും കട്ട് ചെയ്യാൻ പാടില്ല. കുടിവെള്ള വിതരണത്തിന് പൈപ്പിടണമെങ്കിൽ ഒക്ടോബർ കഴിഞ്ഞ് ഡിസംബർ മുതൽ മേയ് മാസംവരെയുള്ള കാലയളവിൽ റോഡ് കട്ടിംഗിന് അനുവാദം

നൽകണം, റൊസ്റ്റോറേഷനുള്ള ഫണ്ട് അടയ്ക്കണം. ഫണ്ട് അടയ്ക്കാൻ ചെന്നാൽ പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് തന്നിട്ടില്ലെന്ന് പറയും. എസ്റ്റിമേറ്റ് കൊടുത്തില്ലേ എന്ന് ചോദിക്കാൻ കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗ് വിളിച്ചാൽ ഞങ്ങൾ നാളെ അല്ലെങ്കിൽ മറ്റന്നാൾ കൊടുക്കാമെന്നുപറഞ്ഞ് അങ്ങോട്ടുമിങ്ങോട്ടുമുള്ളകളി വർഷങ്ങളോളം തുടരും. ഒരു പതിറ്റാണ്ടുകാലമെടുക്കാതെ ഏതെങ്കിലുമൊരു കുടിവെള്ള പദ്ധതി ഏതെങ്കിലും ഗവൺമെന്റിന് നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ? ഇത് ഗവൺമെന്റിന്റെ കുറ്റമല്ല. ഒരു പെർമനന്റ് സംവിധാനമെന്ന നിലയ്ക്ക് നമ്മൾ ഗൗരവമായി ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് പരിഹരിക്കേണ്ട വിഷയമാണ്. റോഡ് കട്ടിംഗും പൈപ്പ് ലൈനിനുവേണ്ടിയുള്ള പ്രശ്നങ്ങളും പരിഹരിക്കാത്തിടത്തോളം ഇരുപത്തിയഞ്ച് വർഷമെടുത്താലും പദ്ധതികൾ നടപ്പാക്കാൻ കഴിയില്ല. ഫണ്ട് ഉൾപ്പെടെ എല്ലാം റെഡിയാണെങ്കിലും ചില സാങ്കേതിക പ്രശ്നങ്ങളുടെ പേരിൽ വർഷങ്ങളെടുക്കുകയാണ്. വർഷങ്ങൾ കഴിയുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റില്ലാതെ പൂർത്തിയാക്കാൻ കഴിയില്ലെന്ന് കോൺട്രാക്ടർ പറയും. എങ്ങനെയാണ് പൂർത്തിയാക്കാൻ കഴിയുന്നത്; ഗൗരവമായ ഈ വിഷയം അങ്ങ് ശ്രദ്ധിക്കണം. പ്രത്യേകമായി പി.ഡബ്ല്യു.ഡി.-യും അങ്ങും കൂടിയാലോചിച്ച് ഇതിന് സ്ഥിരം സംവിധാനമുണ്ടാക്കണം. നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരും രണ്ട് വകുപ്പിന്റെ ഉദ്യോഗസ്ഥരും കൂടിച്ചേർന്ന് പഞ്ചായത്തുതലത്തിൽ ഇത്തരമൊരു സംവിധാനമുണ്ടാക്കിയാലേ എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, അങ്ങ് ഇപ്പോൾ പറഞ്ഞ വിഷയം, പി.ഡബ്ല്യു.ഡി., വാട്ടർ അതോറിറ്റി കോ-ഓർഡിനേഷനുമായി ബന്ധപ്പെട്ട് ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ ആ ഉത്തരവിൽ പറയുന്നതനുസരിച്ച് തുക അടയ്ക്കാൻ വാട്ടർ അതോറിറ്റിക്ക് മാർഗ്ഗമില്ല, തുക അടയ്ക്കുന്നില്ല. അതിനാൽ പൈപ്പിടാൻ കഴിയാത്ത സ്ഥിതി ഇപ്പോൾ ഉണ്ടായിരിക്കുകയാണ്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, അദ്ദേഹം പറഞ്ഞത് യാഥാർത്ഥ്യമാണ്. ആറുമാസംമുമ്പ് സാംഗ്ഷനായ 54 ലക്ഷം രൂപ കൽപ്പകഞ്ചേരി, വളവന്നൂർ പഞ്ചായത്തുകൾക്ക് കൊടുക്കാനുണ്ട്. ഇതുവരെ കൊടുക്കാത്തതുകൊണ്ട് പണി നടത്താൻ കഴിയാത്ത അവസ്ഥയാണ്. കോൺട്രാക്ടർ ഇതിന് പെർമിഷൻ കിട്ടാതെ ചെയ്യാൻ കഴിയില്ലെന്നുപറയുന്നു, പി.ഡബ്ല്യു.ഡി. പണമടച്ചിട്ടില്ലെന്ന് പറയുന്നു. എസ്റ്റിമേറ്റ് തയ്യാറായിട്ട് ആറുമാസമായി. അവിടെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് പൈപ്പ് ഡിസ്ട്രിബ്യൂഷന് വീണ്ടും 50 ലക്ഷം രൂപ വീതം രണ്ട് പഞ്ചായത്തിനും നൽകി. ഇങ്ങനെയുള്ള നിസ്സാര സംഗതികൾമൂലം മുടങ്ങുന്ന ഇത്തരം കാര്യങ്ങളിൽ അങ്ങ് വ്യക്തമായ മറുപടി നൽകണം. ഇങ്ങനെ

പോയിട്ട് എന്ത് കാര്യം? കുടിവെള്ളമാണ് ഈ നാട്ടിലെ ഏറ്റവും വലിയ പ്രശ്നം. ഏത് വികസനവും അവിടെ നിൽക്കട്ടെ, കുടിവെള്ളമില്ലെങ്കിൽ എന്ത് വികസനമാണ്; അതുകൊണ്ട് ടോപ്പ് പ്രയോറിറ്റി കൊടുക്കേണ്ടത് കുടിവെള്ളത്തിനു തന്നെയാണ്. ഈ ഗവൺമെന്റ് മറ്റേത് മേഖലയേക്കാളും ഫണ്ട് കൊടുക്കേണ്ടത് കുടിവെള്ളത്തിനാണ്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് വാട്ടർ അതോറിറ്റി ഫണ്ട് കൊടുത്ത് സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിക്കാത്തിടത്തോളംകാലം നമ്മൾ എത്ര ചർച്ച ചെയ്തിട്ടും കാര്യമില്ല. രണ്ടാമതൊരു വിഷയം, പമ്പ് ചെയ്യുന്നതിന് ഇപ്പോൾ വെള്ളമില്ല. ഭാരതപ്പുഴയിലും നിളാ നദിയിലും വെള്ളമില്ലാത്തകാലം ആദ്യമായാണ്. 245 പാലങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർമ്മിച്ചു. ഇപ്പോൾ പുതിയ പാലങ്ങൾ ഈ ഗവൺമെന്റ് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഏത് പാലം നിർമ്മിക്കുമ്പോഴും പാലത്തിന്റെ അടിയിൽ ഒരു തടയണ സ്ഥിരമായി ഉണ്ടാക്കണം. അങ്ങനെയാവുമ്പോൾ പ്രത്യേക കൺസ്ട്രക്ഷൻ കോസ്റ്റ് വരില്ല. പാലത്തിന്റെ അടിയിൽത്തന്നെ സുഗമമായി തടയണ നിർമ്മിക്കാനും വെള്ളം കെട്ടിനിർത്താനും സാധിക്കും. പാലം ശക്തിപ്പെടുത്താനും അതുപോലെ തടയണയിലൂടെ വെള്ളം ഒഴുക്കിവിടാനും പമ്പ് ചെയ്യാനും സഹായകരമായിത്തീരും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം വളരെ ഗൗരവമായി ശ്രദ്ധിക്കണം. കോ-ഓർഡിനേഷൻ ഉണ്ടാക്കുന്ന കാര്യമാണ് അടിയന്തരമായി ചെയ്യേണ്ടത്.

മത്സ്യബന്ധനത്തെക്കുറിച്ച് പറയാനുള്ളത്, തീരദേശ മേഖലയിൽ ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട ഒരു വിഷയമാണ് പാർപ്പിട സമുച്ചയങ്ങളുടെ നിർമ്മാണം. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സി.ആർ.ഇസഡ് മുഖേന വീട് നിർമ്മിക്കാൻ സാധിക്കാത്ത പ്രശ്നം ഒരുഭാഗത്തുണ്ട്. ഇപ്പോൾ പാവപ്പെട്ടവർക്ക് പാർപ്പിട സമുച്ചയമുണ്ടാക്കാൻ അങ്ങ് പദ്ധതി ആവിഷ്കരിച്ചത് നല്ലകാര്യവും സ്വാഗതാർഹവുമാണ്. അത് എത്രയുംപെട്ടെന്ന് ഇംപ്ലിമെന്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോൾ മത്സ്യം നമുക്ക് സുലഭമായി കിട്ടുമെങ്കിലും മാർക്കറ്റിലെത്തിക്കുന്നതിന് വലിയ തടസ്സമുണ്ടാകുകയാണ്. ചെന്നൈയിൽനിന്ന് അമോണിയ പുരട്ടിയ മത്സ്യം ഇവിടെ കൊണ്ടുവരികയും ഇവിടത്തെ നല്ല മത്സ്യം അങ്ങോട്ട് കൊണ്ടുപോകുകയും ചെയ്യുന്ന പ്രവണത പൊതുവേ കണ്ടുവരുന്നുണ്ട്. കേരളത്തിൽ ഇന്റേണൽ മാർക്കറ്റിനേക്കാൾ വലിയ വില വേറെ ഒരിടത്തും കിട്ടില്ല. പ്രത്യേകിച്ച് നമ്മുടെ നാട്ടിൽ നല്ല വില ലഭിക്കുന്നുണ്ട്. ഇവിടെ മത്സ്യം സുലഭമായി കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടാക്കണം. മത്സ്യത്തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിലെടുക്കുന്നതിനും ഓട്ടോമാറ്റിക് മെഷീൻ ഉപയോഗിച്ച് മത്സ്യങ്ങൾ സംസ്കരിച്ച് ബൾക്കായി കൊടുക്കാൻ കഴിയുന്ന ഒരു സംവിധാനത്തെക്കുറിച്ചും ആലോചിക്കണം. അതോടൊപ്പം മത്സ്യത്തൊഴിലാളികളുടെ ഭവനവുമായി ബന്ധപ്പെട്ട് സമുച്ചയവും

ടൗൺഷിപ്പും നിർമ്മിക്കുന്ന കാര്യം അങ്ങ് പരിശോധിക്കണം. അവിടത്തെ വികസന കാര്യത്തിൽക്കൂടി അങ്ങ് ഇടപെടണം. പട്ടയം ലഭിക്കാത്ത പാവങ്ങൾക്ക് പട്ടയം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾകൂടി അങ്ങ് ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വരൾച്ച ഇത്ര രൂക്ഷമായിട്ടും കുടിവെള്ളപ്രശ്നം പരിഹരിക്കാൻ ഇപ്പോൾ ചെക്ക് ഡാമുകൾ മതി, വൻകിട പദ്ധതികൾ വേണ്ടെന്ന പൊതുഅഭിപ്രായം തിരുത്തണം. ഇപ്പോൾ എല്ലാ ചെക്ക് ഡാമുകളും വറ്റിവരണ്ടു. ചെക്ക് ഡാമുകളിലേയ്ക്ക് വെള്ളം ഒഴുകിവന്നത് വൻകിട പദ്ധതികളിൽനിന്ന് മാത്രമാണ്. അതും മുൻഗാമികൾ 1970-ന് മുമ്പുണ്ടാക്കിയ പദ്ധതികളാണ്. ആ പദ്ധതികളിൽനിന്നാണ് ഈ വെള്ളം മുഴുവൻ ലഭിച്ചത്. ഇല്ലെങ്കിൽ വെള്ളമുണ്ടാകില്ല. കേരളത്തിൽ 32 നദീതടങ്ങളും 44 നദികളുമുണ്ട്. അതിൽ 18 പദ്ധതികളും 10 ബേസിനിലാണ് ഉണ്ടാക്കിയിരിക്കുന്നത്. ആ പുഴകളിൽക്കൂടി 2756 ടി.എം.സി. വെള്ളം ഒഴുകിപ്പോകുന്നുണ്ട്. ഇൻഡ്യയിൽ വേറെ ഒരു സംസ്ഥാനത്തും ഇല്ലാത്ത അത്രയും വെള്ളം നമുക്കുണ്ട്. എന്നിട്ടും കുടിക്കാൻ വെള്ളമില്ലാത്ത അവസ്ഥയാണ്. ഇതിൽ ആകെ ഉപയോഗിക്കുന്നത് 210 ടി.എം.സി. വെള്ളം മാത്രമാണ്. ഡാമുകളൊക്കെ 1980-നു മുമ്പ് പണിതതാണ്. 1980-നുശേഷം 37 വർഷമായിട്ടും ഒരു പദ്ധതിപോലും നമുക്ക് ആസൂത്രണം ചെയ്യാനോ നടപ്പാക്കാനോ സാധിച്ചിട്ടില്ല. ഈ വർഷത്തെ വരൾച്ചയിൽനിന്ന് നമ്മൾ പാഠം പഠിക്കണം. ഈ ഡാമുകളില്ലെങ്കിൽ നമ്മുടെ കേരളം എന്തായിത്തീരും; എല്ലാ ചെക്ക് ഡാമുകളിലേയ്ക്കും വെള്ളം എവിടെനിന്നാണ് കൊണ്ടുവരുന്നത്; ഈ ഡാമുകളിൽനിന്ന് തുറന്നുവിട്ട വെള്ളമല്ലാതെ ചെക്ക് ഡാമുകളിലേയ്ക്ക് പ്രത്യേകം വെള്ളം കിട്ടില്ല. വലിയ ഡാമുകളില്ലാത്ത ചെക്ക് ഡാമുകളുള്ള എല്ലാ പുഴകളും വറ്റി ചെക്ക് ഡാമുകൾ മുഴുവൻ നശിച്ചു. ഒരു തുള്ളി വെള്ളം പോലുമില്ല. വലിയ ഡാമുകൾ വേണ്ടെന്ന ചർച്ച മാറ്റിവച്ച് വലിയ ഡാമുകളിൽ സാധ്യതയുള്ളത് വേണമെന്നാക്കണം. 1974-ൽ അച്യുതമേനോൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ കേരളത്തിലെ നദികളെക്കുറിച്ച് പഠിച്ച് ഒരു റിപ്പോർട്ടുണ്ടാക്കിയത് അങ്ങ് പരിശോധിക്കണം. ഏതൊക്കെ നദികളിൽ ഏതെല്ലാം ഡാമുകൾ കെട്ടണം, എത്രയൊക്കെ സൗകര്യങ്ങൾ കിട്ടും എന്നൊക്കെ അതിൽനിന്ന് മനസ്സിലാകും. ആ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും വളരെ ഗൗരവമായി പരിശോധിക്കണം. അതിരപ്പിള്ളിയിൽ 24 മണിക്കൂറും വെള്ളമൊഴുകുന്നുണ്ട്, എങ്ങനെയാണ് വെള്ളമൊഴുകുന്നത്; അതിനുമുകളിൽ 5 ഡാമുകളുണ്ട്. നീരാർ, അപ്പർ നീരാർ, ലോവർ നീരാർ, തമിഴ്നാട് ഷോളയാർ,

പെരിങ്ങൽകുത്ത് എന്നിവയിലെല്ലാം വെള്ളം നിറച്ചപ്പോഴാണ് 24 മണിക്കൂറും അതിരപ്പിള്ളിയിൽ വെള്ളം ലഭിച്ചിരുന്നത്. ആ ഡാമുകളില്ലെങ്കിൽ അതിരപ്പിള്ളിയിൽ ഒരു തുള്ളി വെള്ളമുണ്ടാകുമോ; ഇല്ലല്ലോ. അതിരപ്പിള്ളിയിൽ ഒന്നും ചെയ്യണ്ടെന്ന് പറഞ്ഞ് എതിർക്കുന്നവർ ഈ കാര്യങ്ങൾകൂടി മനസ്സിലാക്കണം. മുകളിൽ ഡാമുണ്ടായാലേ പുഴയിൽ വെള്ളമുണ്ടാകുകയുള്ളൂ, ഇല്ലെങ്കിൽ പുഴയിൽ നീരൊഴുക്കുണ്ടാകില്ല. അത് വളരെ ഗൗരവമായി ആലോചിക്കണം. ഈ ചിന്തയ്ക്ക് മാറ്റം വരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗുരുവായൂരിലേയ്ക്ക് വെള്ളം എവിടെനിന്നാണ് കൊണ്ടുപോയത്; മലമ്പുഴ ഡാമിൽ വെള്ളമില്ലെങ്കിൽ ഗുരുവായൂരിൽ വെള്ളം കിട്ടുമോ? വലിയ ഡാമുകൾ വേണ്ടെന്ന് പറയുന്നത് ശരിയല്ല. ഇപ്പോൾ തിരുവനന്തപുരത്ത് വെള്ളമില്ലാതായപ്പോൾ നെയ്യാറിൽ നിന്നാണല്ലോ വെള്ളം കൊണ്ടുവന്നത്. അതിനുമുമ്പ് അവിടെ വാമനപുരം പദ്ധതിക്കുവേണ്ടി സ്ഥലംവരെ ഏറ്റെടുത്തതല്ലേ, ആ വാമനപുരം പദ്ധതി ഉണ്ടായിരുന്നുവെങ്കിൽ തിരുവനന്തപുരം നിവാസികൾക്ക് ഈ പ്രശ്നമുണ്ടാകുമോ? തിരുവനന്തപുരത്തുകാർ ആദ്യമായി അനുഭവിച്ചതല്ലേ; തിരുവനന്തപുരത്തിനെക്കാളും കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളുണ്ട്. ഞങ്ങളുടെയൊക്കെ പ്രദേശത്തെ കുട്ടികൾ സ്കൂളിൽപോലും പോകാറില്ല. കാരണം, ലോറിയിൽ വരുന്ന വെള്ളം പിടിച്ചുവയ്ക്കാൻ കുട്ടികളെ അവരുടെ അച്ഛനമ്മമാർ സ്കൂളിൽ വിടുന്നില്ല. അച്ഛനമ്മമാർക്ക് പണിക്ക് പോകണം. അതുകൊണ്ട് അവിടത്തെ കുട്ടികൾ വെള്ളത്തിനുവേണ്ടി സ്കൂളിൽ പോകാതെ നിൽക്കും. അങ്ങനെയുള്ള പ്രദേശങ്ങളും കേരളത്തിലുണ്ടെന്ന് ഗവൺമെന്റ് മനസ്സിലാക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. കൊല്ലം, പത്തനംതിട്ട എന്നിവിടങ്ങളിലെ കുടിവെള്ളപ്രശ്നം തീർക്കുന്നതിനായി ട്വിൻ കല്ലാർ എന്നൊരു പദ്ധതിയുണ്ട്. ആ പദ്ധതി കൊണ്ടുവരുന്നില്ലെങ്കിൽ, അതിന്റെ പ്രൊപ്പോസലുണ്ടാകുന്നില്ലെങ്കിൽ കേരളത്തിനുണ്ടാകുന്ന അപകടം എത്ര വലുതാണെന്നറിയാമോ; അത് തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകാനുള്ള സൗകര്യമൊരുക്കുകയാണ്. ഇപ്പോൾ ഒരു പുതിയ ബില്ലുകൂടി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. ആ ബില്ലിന്റെ അടിസ്ഥാനത്തിൽ അധികവെള്ളമുണ്ടെന്ന് തോന്നിയാൽ അവർക്ക് തിരിച്ചുകൊണ്ടുപോകാനുള്ള അവസരമുണ്ടാകും. പമ്പ-അച്ചൻകോവിൽ നമുക്ക് നിലനിർത്തണമെങ്കിൽ ട്വിൻ കല്ലാർ പദ്ധതി അടിയന്തരമായി നടപ്പാക്കാനുള്ള ഏർപ്പാടുണ്ടാക്കണം. മുല്ലപ്പെരിയാറിന്റെ താഴെ പെരിയാർ നദിയുടെ ഉത്ഭവസ്ഥാനത്ത് നമുക്കൊരു ഡാമിന്റെ പ്രൊപ്പോസലുണ്ടായിരുന്നല്ലോ; നമ്മൾ അനങ്ങിയില്ലല്ലോ; അടിയന്തരമായി ആ ഡാമിന്റെ പ്രൊപ്പോസലുണ്ടാക്കി അതിനുള്ള പദ്ധതി ആവിഷ്കരിക്കണം. കണ്ണൂർ ജില്ലയിൽ പഴശ്ശി പദ്ധതിയിൽ റെഗുലേറ്റർ മാത്രമേയുള്ളൂ, ഡാമില്ല. അതിന്റെ മുകളിൽ ആറളം ഫാമിനോട് ചേർന്ന് ഒരു റെഗുലേറ്റർ കൊണ്ടുവന്നില്ലെങ്കിൽ

വരാൻപോകുന്ന വിമാനത്താവളത്തിലേയ്ക്ക് വെള്ളം കിട്ടില്ലെന്നാണ് അവർ പറയുന്നത്. അടുത്തപ്രാവശ്യം കണ്ണൂർ വിമാനത്താവളത്തിന് വെള്ളം കിട്ടില്ല. അവിടെ വെള്ളം വേണമെങ്കിൽ പഴശ്ശി പദ്ധതിയുടെ മുകളിൽ ഒരു ഡാം നിർമ്മിക്കണം. അതിന്റെ പ്രൊപ്പോസലുണ്ടായിരുന്നു. 1970-ൽ വിഭാവന ചെയ്ത പദ്ധതിയാണത്. കാസർഗോഡ് ഒറ്റ പദ്ധതിയുമില്ല. ആ ജില്ലയിൽ വിഭാവന ചെയ്തിട്ടുള്ള മുന്നാംകടവ്, പഴശ്ശിനി എന്നീ പദ്ധതികളിൽ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പാലക്കാട് ജില്ലയിൽ ഏറ്റവും വലിയ ചർച്ച നടത്തുന്ന പദ്ധതിയാണ് കുര്യാർകുറ്റി- കാരപ്പാറ പദ്ധതി. ഈ പദ്ധതി നടപ്പാക്കുന്നതിന് ഇപ്പോൾ നല്ല അവസരമാണ്. ഈ പദ്ധതി നടപ്പിലാക്കിയാൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം എന്നീ മൂന്ന് ജില്ലകളിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകും. പണ്ട് പരിസ്ഥിതിക്ക് കുഴപ്പം വന്നതുകൊണ്ടാണ് അത് നിർത്തിയത്. ഇപ്പോൾ ഇന്ത്യാ ഗവൺമെന്റ് വലിയ മാറ്റമാണ് പരിസ്ഥിതി പ്രശ്നത്തിൽ വരുത്തിയിരിക്കുന്നത്. ചതുർത്ഥാമത്തിൽ റെയിൽവേയ്ക്കുവേണ്ടി ഹിമാലയത്തിലാണ് തുരങ്കങ്ങളൊക്കെ നിർമ്മിക്കുന്നത്. കാശ്മീരിലും നേപ്പാളിലും ധാരാളം ജലസേചന പദ്ധതികൾ കൊടുക്കുന്നു. ആ സാഹചര്യത്തിൽ വിചാരിച്ചാൽ ഇപ്പോൾ കിട്ടാവുന്നതേയുള്ളൂ. അതുപോലെ ഭവാനിപ്പുഴയിൽ കാവേരി ട്രിബ്യൂണൽ നമുക്ക് 30 ടി.എം.സി വെള്ളം അനുവദിച്ചിട്ടുണ്ട്. അത് ഉപയോഗിക്കണ്ടേ; അത് ഉപയോഗിക്കാതെ മുഴുവൻ തമിഴ്നാട് കൊണ്ടുപോവുകയാണ്. അവിടെയുള്ള കമ്പനികൾ നമ്മുടെ വെള്ളം കൊണ്ടുപോയി കുപ്പിയിൽ നിറച്ച് കേരളത്തിൽ വിൽക്കുന്ന അവസ്ഥയാണുള്ളത്. നമുക്ക് അനുവദിച്ച വെള്ളം ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കബനി നദീതടത്തിൽ നിന്ന് ലഭിക്കേണ്ട 21 ടി.എം.സി.-യിൽ, 12 ജലസേചന പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടെങ്കിലും രണ്ട് പദ്ധതികൾ മാത്രമേ തുടങ്ങിയിട്ടുള്ളൂ. അതുപോലെ ബാണാസുരസാഗർ പദ്ധതി; ഇതുവരെ പൂർത്തിയായിട്ടില്ല. പെരിയാറിൽ പൂയംകുട്ടി പദ്ധതി കൊണ്ടുവന്നാൽ ഇടുക്കിയുടെ അത്രയില്ലെങ്കിലും അതിന് കുറച്ചുതാഴെയായിട്ടുള്ള വൈദ്യുതിയും വെള്ളവും നമുക്ക് കിട്ടാനുള്ള സൗകര്യമുണ്ടാകും. അത് ഇപ്പോൾ ഏറ്റെടുക്കാൻ പറ്റിയ ഒരവസരമാണ്. അതിന് മുൻകയ്യെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇനി പ്രധാനമായി പറയാനുള്ളത് അന്തർസംസ്ഥാന നദീജലത്തെക്കുറിച്ചാണ്. പ്രകടനപത്രികയിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്; പ്രത്യേക കർമ്മസമിതി രൂപീകരിക്കണമെന്ന്. കർമ്മസമിതി ഇല്ലാത്തതുകൊണ്ടുണ്ടായ നഷ്ടമെത്രയാണ്; നെയ്യാറിലും കേസ്സാണ്, അതും നഷ്ടപ്പെടാൻ പോവുകയാണ്. മുല്ലപ്പെരിയാർ വിഷയത്തിൽ നമ്മൾ എങ്ങനെയോ തോറ്റു, അതും നഷ്ടപ്പെടാൻ പോവുകയാണ്. പറമ്പിക്കുളത്തെ നമ്മുടെ വെള്ളമാണ് തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകുന്നത്. അതിൽ കൃത്യമായി ഇടപെടാൻ സാധിച്ചില്ല, ഇപ്പോൾ കേസ്സുമായിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, ഇവിടെ അന്തർസംസ്ഥാന നദീജല തർക്കമുണ്ട്. തമിഴ്നാട്ടിലെ ഇപ്പോഴത്തെ മുഖ്യമന്ത്രി അടുത്തകാലത്ത് നടത്തിയ സംഭാഷണത്തിൽ പറഞ്ഞത്, കഴിഞ്ഞ 25 കൊല്ലമായി കേരളവുമായിട്ടുള്ള മന്ത്രിതല ചർച്ചയിൽ ഒരാവശ്യവും ഉന്നയിക്കപ്പെട്ടിട്ടില്ല. അങ്ങനെയുണ്ടെങ്കിൽ ചർച്ചയ്ക്ക് തയ്യാറാണെന്നാണ്. കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ പ്രസ്താവന വന്നു. ഇതുവല്ലതും അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അങ്ങനെയൊന്നുമല്ല. ഇവിടെനിന്നും ജലസേചന വകുപ്പുമന്ത്രി ഫോൺ വിളിച്ചിട്ട് അവിടെ ഫോണെടുത്തില്ല. അവസാനം ശിരുവാണിയിൽ ഒരു ചെറിയ പ്രശ്നമുണ്ടാക്കിയപ്പോഴാണ് ഫോണെടുക്കാനും സംസാരിക്കാനും തയ്യാറായത്. ഇപ്പോൾ മുഖ്യമന്ത്രി ഇടപെട്ടപ്പോഴാണ് അവിടെ വെള്ളം കിട്ടിയത്. ഇതുവരെ തമിഴ്നാട് നമ്മളെ മൈൻഡ് ചെയ്യാറേയില്ലായിരുന്നു. അതാണ് വസ്തുത. ഇപ്രാവശ്യം അങ്ങനെയൊരു ശക്തമായ നടപടി മുഖ്യമന്ത്രിയുടെയും ജലസേചന വകുപ്പുമന്ത്രിയുടെയും ഭാഗത്തുനിന്ന് ഉണ്ടായതിന്റെ ഫലമായിട്ടാണ് ഇങ്ങനെ സംഭവിച്ചത്. പാണ്ടിയാർ-പുന്നപ്പുഴയുടെ കാര്യത്തിൽ മലപ്പുറത്തുള്ളവർ ശ്രദ്ധിക്കേണ്ടതാണ്. ചാലിയാർപ്പുഴയുടെ മുകളിലുള്ള പാണ്ടിയാർപ്പുഴയിൽ തമിഴ്നാട്ടുകാർ ഡൈവർഷൻ നടത്തുകയാണ്. അതുകൊണ്ടാണ് ഒരു കമ്മിറ്റി വേണമെന്ന് ഞാൻ പറയുന്നത്. അതുപോലെ കാവേരി സെല്ലിനെ ശക്തിപ്പെടുത്തണം. മുല്ലപ്പെരിയാർ കേസ്, പറമ്പിക്കുളം-ആളിയാർ കേസ്, നെയ്യാറുമായി ബന്ധപ്പെട്ട കേസ്, ഭവാനിയുമായി ബന്ധപ്പെട്ട കേസ് തുടങ്ങിയവയൊക്കെ കൈകാര്യം ചെയ്യുന്നത് കാവേരി സെല്ലാണ്. ചുരുക്കി പ്പറഞ്ഞാൽ കാവേരി സെല്ലിനെ ശക്തിപ്പെടുത്തേണ്ടത് ഏറ്റവും വലിയ ആവശ്യമാണ്. അല്ലെങ്കിൽ അത് വലിയ അപകടമാകും. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇന്റർസ്റ്റേറ്റ് വാട്ടറിന് ഒരു പ്രത്യേക സംവിധാനം വേണം. അതായത് പൊളിറ്റിക്കലായൊരു കമ്മിറ്റിയും അതിനുതാഴെ ഒരു എക്സ്പെർട്ട് കമ്മിറ്റിയും രൂപീകരിക്കണം. ഏറ്റവും കൂടുതൽ വരൾച്ച അനുഭവിക്കുന്ന പ്രദേശമാണ് മഴനിഴൽ പ്രദേശങ്ങൾ. അതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക ടീമിനെ നിയമിച്ചുകൊണ്ടുള്ള അന്വേഷണം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പ്രകടനപത്രികയിലും അതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അതുകൂടി ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. കെ. വി. വിജയദാസ് : സർ, ഞാൻ ധനാഭ്യർത്ഥനകളെ പൂർണ്ണ മനസ്സോടെ അനുകൂലിക്കുകയാണ്. 1954-ൽ രൂപം നൽകിയ വാട്ടർ അതോറിറ്റി നഗരപ്രദേശങ്ങളിൽ 84 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ 61 ശതമാനവും

കുടിവെള്ള വിതരണം നടത്തുന്നുണ്ട്. 2008-ലെ എൽ.ഡി.എഫ്. ഗവൺമെന്റാണ് കുടിവെള്ളം ജനങ്ങളുടെ അവകാശമായി അംഗീകരിച്ചുകൊണ്ട് വാട്ടർ അതോറിറ്റിയെ സമ്പൂർണ്ണ ഏജൻസിയായി ഉയർത്തുന്നതിനുള്ള നയപരമായ തീരുമാനമെടുത്തത്. പക്ഷെ, 2012-ലെ ദേശീയ ജലനയത്തിന്റെ ചുവടുപിടിച്ചുകൊണ്ട് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സിയാൽ മോഡൽ കമ്പനി രൂപീകരിച്ച് സ്വകാര്യവൽക്കരിക്കാനാണ് തീരുമാനിച്ചത്. മാത്രമല്ല, സംസ്ഥാനത്തെ ഏറ്റവും വലിയ ജലസംഭരണികളായിട്ടുള്ള മലമ്പുഴ ഡാമും പെരിയാർ നദിയും ഒക്കെ വിൽക്കാൻ ശ്രമിച്ചവരാണ് യു.ഡി.എഫ് ഗവൺമെന്റ്. അതിനെതിരെ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനങ്ങൾ നടത്തിയ ഉജ്ജ്വല പോരാട്ടത്തിന്റെ ഫലമായിട്ടാണ് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് അതിൽനിന്നും പിന്മാറിയത്. ജനങ്ങൾക്ക് ആവശ്യത്തിന് വെള്ളംകൊടുക്കാനുള്ള ഒരു ഏജൻസിയായി വാട്ടർ അതോറിറ്റിയെ മാറ്റുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. ഇപ്പോൾ തലസ്ഥാന നഗരിയിലുണ്ടായ കുടിവെള്ളപ്രശ്നം യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവന്നു. നെയ്യാർ ഡാമിൽനിന്നും അരുവിക്കര ഡാമിലേയ്ക്ക് വെള്ളമെത്തിച്ചു. അതൊരിക്കലും നടക്കില്ലെന്ന് പരിഹസിച്ചവരുണ്ട്. പക്ഷെ എല്ലാ എതിർപ്പുകളെയും മറികടന്ന് അരുവിക്കര ഡാമിൽ വെള്ളമെത്തിച്ച് വിതരണം ചെയ്യാൻ സാധിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്. വാട്ടർ അതോറിറ്റിയെ ഒരു മാതൃകാ സ്ഥാപനമായി ഉയർത്താൻ സാധിക്കുമെന്ന് തെളിയിച്ചുകൊടുക്കുകയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. അല്ലാതെ യു.ഡി.എഫ്. ഗവൺമെന്റിനെപ്പോലെ വിൽക്കാനല്ല തീരുമാനിച്ചത്. എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് എ.എസ്. ലഭിച്ച പദ്ധതികൾ വേഗത്തിലാക്കാൻ മന്ത്രി നടപടി സ്വീകരിക്കണം. കിഫ്ബിയിലൂടെ അനുമതി നൽകിയ പദ്ധതികൾക്ക് വേഗത പോരെന്ന പരാമർശമുണ്ട്, അതും പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു കുടം വെള്ളത്തിനുവേണ്ടി അലയുന്ന മലയാളികളുടെ ദീനരോദനം ജലവിഭവ വകുപ്പ് വളരെ ഗൗരവമായി കാണേണ്ട കാലഘട്ടമാണിത്. വിദേശ രാജ്യങ്ങളിലെല്ലാം കടൽവെള്ളം ശുദ്ധീകരിച്ച് ജലവിതരണം നടത്തുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അത് സംബന്ധിച്ച് ശാസ്ത്രീയമായി അപഗ്രഥിച്ച് റിപ്പോർട്ട് തയ്യാറാക്കി കേരളത്തിൽ നടപ്പാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വാട്ടർ അതോറിറ്റിയുടെ കാലഹരണപ്പെട്ട പൈപ്പുകളും ഉപകരണങ്ങളും മാറ്റുന്നതോടൊപ്പം പൈപ്പ്ലൈനിലെ ലീക്ക് കണ്ടുപിടിക്കുന്നതിന് പ്രധാന പരിഗണന നൽകണം. വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ഇടപാടുകളിലെ കാര്യക്ഷമത വർദ്ധിപ്പിച്ച്

കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം ഗൗരവമായി വിലയിരുത്തി പോരായ്മകൾ പരിഹരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിൽ ധാരാളം ജലമുണ്ടെങ്കിലും അത് വേണ്ടവിധത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് വസ്തുത. കഴിഞ്ഞ കാലഘട്ടങ്ങളിൽ ജലസേചന വകുപ്പ് ഇക്കാര്യത്തിൽ വലിയ അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. ഇരുപതോളംവരുന്ന കേരളത്തിലെ വൻകിട ജലസേചന പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കല്ലട, പമ്പ, ഭൂതത്താൻകെട്ട്, മൂവാറ്റുപുഴ വാലി, മലമ്പുഴ പദ്ധതി, കാരാപ്പുഴ പദ്ധതി, കാട്ടാമ്പള്ളി പദ്ധതി, ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ്, പഴശ്ശി പദ്ധതി എന്നിവയെല്ലാം പൂർണ്ണ അർത്ഥത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ പദ്ധതിയുടെ രണ്ടാംഘട്ടവും ഉപ്പനാട് പദ്ധതിയും നടപ്പിലാക്കണം. ലിഫ്റ്റ് ഇറിഗേഷനും മൈനർ ഇറിഗേഷനും കഴിഞ്ഞ കാലത്തെ ഗവൺമെന്റ് തിരിഞ്ഞുനോക്കിയിരുന്നില്ല. അതിൽ മാറ്റംവരുത്തി അവയ്ക്ക് ബജറ്റിൽ ഫണ്ട് വകയിരുത്തി നല്ലനിലയിൽ മെയിന്റനൻസ് നടത്തണം. കോയമ്പത്തൂർ ജില്ലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള ഏക വഴിയാണ് ശിരുവാണി അണക്കെട്ട്. ശിരുവാണി അണക്കെട്ടിലെ ജലചൂഷണം അവസാനിപ്പിക്കാൻ ജലസേചന വകുപ്പ് നടപടി സ്വീകരിക്കണം. കഴിഞ്ഞ കാലഘട്ടത്തിൽനിന്നും വ്യത്യസ്തമായി സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളം തമിഴ്നാട്ടിൽനിന്ന് നേടിയെടുക്കാൻ നല്ല രീതിയിൽ ഇടപെട്ട ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചിറ്റൂർ മണ്ഡലത്തിൽനിന്നും നിയമസഭാംഗമായി ഇവിടെയുണ്ടായിരുന്നത് യു.ഡി.എഫ്.-ലെ ശ്രീ. കെ. അച്ചുതനായിരുന്നു. അദ്ദേഹത്തിന്റെ നിലപാട് എല്ലാവർക്കും ഓർമ്മയുണ്ട്, 'എന്തിനാണ് വെറുതെ തമിഴ്നാട് ഗവൺമെന്റിനെ ബുദ്ധിമുട്ടിക്കുന്നത്. തമിഴ്നാട് ഗവൺമെന്റിനോട് വെള്ളം ചോദിക്കാതിരിക്കുന്നതാണ് നല്ലത്. കിട്ടുന്നത് ലാഭം, കിട്ടുന്നത് വാങ്ങിയെടുക്കുകയാണ് ചെയ്യേണ്ടത്. അതാണ് ഗവൺമെന്റെടുക്കേണ്ട നിലപാട് എന്ന് പരസ്യമായി അദ്ദേഹം പ്രഖ്യാപിച്ചതാണ്. അതുതന്നെയാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റും സ്വീകരിച്ചത്. അതിന്റെ ഫലമായി കഴിഞ്ഞ കാലഘട്ടങ്ങളിൽ നമുക്ക് അർഹതപ്പെട്ട പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം ലഭിച്ചില്ല. ഇപ്രാവശ്യം 7.25 ടി.എം.സി. വെള്ളം പാലക്കാട് ജില്ലയ്ക്ക് ലഭിച്ചു. സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളം ലഭിച്ച ആദ്യത്തെ വർഷമാണിത്, ഇതുവരെ ലഭിച്ചിരുന്നില്ല. വേണ്ട ഇടപെടൽ എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിയതിലൂടെ നമുക്ക് വെള്ളം ലഭിച്ചു. സംസ്ഥാനത്തെ പുഴകളെ ജലസംഭരണികളാക്കി മാറ്റാനുള്ള പദ്ധതി തയ്യാറാക്കണം. നദികളിലെ കുളവാഴ, ചണ്ടി, മാലിന്യങ്ങൾ എന്നിവ മാറ്റാൻ പദ്ധതി വേണം.

ഭാരതപ്പുഴ ശുദ്ധജല തടാകമാക്കാനുള്ള പദ്ധതി ഏറ്റെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്ന പ്രശ്നം പരിഹരിക്കാനുള്ള തീരുമാനമെടുക്കണം. ജലവിഭവം ചോർത്തി വൻതോതിൽ ജലം ഊറ്റിയെടുക്കുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പാലക്കാട് ജില്ലയിലെ പുതുശ്ശേരിയിലുള്ള പെപ്സി കമ്പനി ഒരു ദിവസം ഏതാണ്ട് 6 ലക്ഷം ലിറ്റർ വെള്ളം ഊറ്റുന്നുവെന്നാണ് കണക്ക്. 1.75 കോടി ലിറ്റർ വെള്ളം പ്രതിമാസം പെപ്സി കമ്പനി ഊറ്റുന്നുവെന്നാണ് ഔദ്യോഗികമായി സർക്കാരിനെ അറിയിച്ചിട്ടുള്ളത്. അതിന്റെ കൃത്യത വിലയിരുത്താനുള്ള യാതൊരു സംവിധാനവും ഭൂജല വകുപ്പിനില്ല. കമ്പനിയുടെ അമിത ജലചൂഷണം സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പരിശോധിക്കുകയും നിയമസഭാ സമിതി സന്ദർശനം നടത്തുകയും ചെയ്തിരുന്നു. രണ്ടര ലക്ഷം ലിറ്റർ ജലം മാത്രമെടുത്താൽ മതിയെന്ന നിയമസഭാ സമിതിയുടെ നിർദ്ദേശത്തിനെതിരെ കമ്പനി ഹൈക്കോടതിയെ സമീപിച്ച് കൂടുതൽ ജലം ഊറ്റിയെടുക്കുന്നതിനുള്ള വിധി സമ്പാദിച്ചു. അവിടത്തെ ജലചൂഷണം വലിയ പാരിസ്ഥിതിക പ്രശ്നങ്ങളാണുണ്ടാക്കുന്നത്. അവിടെ നാലഞ്ച് പഞ്ചായത്തുകളിലായി ഏതാണ്ട് 500-ഓളം വരുന്ന കുഴൽക്കിണറുകൾ വറ്റി, പൊതുകിണറുകൾ വറ്റി, വലിയ തോതിലുള്ള കുടിവെള്ള ക്ഷാമമുണ്ടായി. പെപ്സി, കൊക്കക്കോള പോലെയുള്ള കമ്പനികൾ ജലചൂഷണം നടത്തുന്നത് പരിമിതപ്പെടുത്താൻ അടിയന്തരമായി സർക്കാർ ഇടപെടണം.

സി.ആർ.ഇസഡ്. നിയമം പിൻവലിക്കാൻ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടണമെന്നാണ് മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട് പറയാനുള്ളത്. കഴിഞ്ഞ കാലത്ത് മത്സ്യബന്ധന വകുപ്പ് ഇവിടെയുണ്ടോ എന്നുതന്നെ അറിയില്ലായിരുന്നു. തീർത്തും അഴിമതിയുടെ പര്യായമായിരുന്നു മത്സ്യബന്ധന വകുപ്പ്. ഇപ്രാവശ്യം നല്ല രീതിയിൽ പ്രവർത്തിക്കുന്ന വകുപ്പായി മത്സ്യബന്ധന വകുപ്പ് മാറി. മത്സ്യഫെഡിനെ ജനാധിപത്യവത്ക്കരിക്കുന്നതിനുള്ള തീരുമാനമെടുക്കാൻ മത്സ്യബന്ധന വകുപ്പ് തയ്യാറായി. കേന്ദ്രത്തിൽ മത്സ്യബന്ധനത്തിന് പ്രത്യേക വകുപ്പോ മന്ത്രിയോ ഇല്ലാത്ത സ്ഥിതിയാണുള്ളത്. അതിനുവേണ്ടി കേരളം സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പാലക്കാട് ജില്ലയിലുള്ള ഉൾനാടൻ മത്സ്യകൃഷിയിൽ ആഫ്രിക്കൻ മുഷി എന്ന മത്സ്യമാണ് കൃഷി ചെയ്യുന്നത്. അത് ആരോഗ്യത്തിന് ഹാനികരമാണ്. ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങൾ നിരോധിച്ച മത്സ്യമാണ് ആഫ്രിക്കൻ മുഷി. ആഫ്രിക്കൻ മുഷിയുടെ കൃഷി തടയാനും നിയമംമൂലം നിരോധിക്കാനുമുള്ള ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ വരുന്ന 25-ാം തീയതി ഒരു വർഷം പൂർത്തിയാക്കുകയാണ്. ഒരു വർഷംകൊണ്ട് പൂർത്തിയാക്കേണ്ട പദ്ധതികൾ പൂർത്തിയാക്കിയെന്ന അഭിമാനത്തോടുകൂടിയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഒന്നാം വാർഷികം ആഘോഷിക്കാൻ പോകുന്നത്. പാവപ്പെട്ട സാധാരണക്കാരായ ജനങ്ങൾക്ക് പെൻഷൻ കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. പാവപ്പെട്ടവർക്ക് സ്വന്തമായി ഒരു വീട് എന്ന ലക്ഷ്യം മുൻനിർത്തി ലക്ഷക്കണക്കിന് ആളുകൾക്ക് വീടുനിർമ്മിച്ച് നൽകാനുള്ള ലൈഫ് പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരികയാണ്. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില കൊടുത്തുകൊണ്ട് കർഷകരെ സംരക്ഷിക്കാനുള്ള ബൃഹത്തായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. പാവപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങൾ, സ്കൂളുകൾ ഒക്കെ ഉത്സവ കേന്ദ്രങ്ങളാക്കി മാറ്റി. ജൂൺ 1-ന് സ്കൂൾ തുറക്കാൻ പോകുന്നതേയുള്ളൂ. എന്നാൽ പുസ്തകങ്ങളെല്ലാം ഇപ്പോൾത്തന്നെ വിതരണം ചെയ്തുകഴിഞ്ഞു, വിദ്യാർത്ഥികൾ സന്തോഷവാന്മാരാണ്. കഴിഞ്ഞ അഞ്ചുവർഷം കൃത്യമായി പാഠപുസ്തകം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ഇപ്പോഴിതാ സ്കൂൾ തുറക്കുന്നതിനുമുമ്പ് പുസ്തകങ്ങൾ വിതരണം ചെയ്തു. വിദ്യാഭ്യാസ മേഖല മികവിന്റെ കേന്ദ്രമായി മാറുന്നു. അങ്ങനെ ഒന്നാം വാർഷികം അഭിമാനത്തോടുകൂടി ആഘോഷിക്കുകയാണ്. യു.ഡി.എഫ്. വിവാദ വ്യവസായത്തിലാണ് ഏർപ്പെട്ടിട്ടുള്ളത്. നിങ്ങൾ വിവാദ വ്യവസായം നിർത്തു, നിങ്ങളെ അത് രക്ഷിക്കില്ലെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. വിവാദ വ്യവസായംകൊണ്ട് ഒരു നേട്ടവും നിങ്ങൾക്കുണ്ടാകാൻ പോകുന്നില്ല. നിങ്ങൾ യഥാർത്ഥത്തിൽ എതിർക്കേണ്ടത് എൽ.ഡി.എഫ്.-നെയല്ല, ആർ.എസ്.എസ്.-നെയും ബി.ജെ.പി.യെയുമാണ്. ആർ.എസ്. എസ്. നെ കാണുമ്പോൾ കവാത്ത് മറക്കുന്ന യു.ഡി.എഫ്.-ന്റെയും കോൺഗ്രസ്സിന്റെയും നയം തിരുത്തിയാലേ നിങ്ങൾക്ക് രക്ഷയുള്ളൂ എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

1.00 p.m.]

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് ഒരു വർഷം പൂർത്തിയാക്കിയതിന്റെ കഥയാണ് രണ്ട് പ്രധാന വകുപ്പുകളിലേയ്ക്കുള്ള ചർച്ചയുടെ അവസാനം ശ്രീ. കെ. വി. വിജയദാസ് പറഞ്ഞത്. എല്ലാം ശരിയാക്കാമെന്ന് പറഞ്ഞ് ഭരണത്തിൽ വന്നിട്ട് എന്തൊക്കെ ശരിയായി എന്നുള്ളത് പുറത്തിറങ്ങി പരിശോധന നടത്തുന്നത് നന്നായിരിക്കുമെന്നാണ് അദ്ദേഹത്തോട് അഭ്യർത്ഥിക്കാനുള്ളത്. എന്തൊക്കെയോ നടന്നുവെന്ന് അങ്ങ് പറയുന്നുണ്ടല്ലോ. ഇന്ന് ജനങ്ങളുടെ ചിന്ത എന്താണ്? ഇന്ന് സാമാന്യ ജനങ്ങൾ അനുഭവിക്കുന്നത് അതിരൂക്ഷമായ വിലക്കയറ്റവും മറ്റ് ബുദ്ധിമുട്ടുകളുമാണ്. എല്ലാ കാര്യങ്ങളിലുമുള്ള

ജനങ്ങളുടെ ഇപ്പോഴത്തെ പ്രതികരണം പരിശോധിച്ചിട്ട് എല്ലാം ശരിയായി എന്ന് പറയുന്നതായിരിക്കും നല്ലതെന്ന് എനിക്ക് തോന്നുന്നു. ഏതായാലും രാഷ്ട്രീയം കൂടുതൽ പറയുന്നില്ല.

ജനജീവിതവുമായി വളരെ ബന്ധമുള്ള രണ്ട് വകുപ്പുകളെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥന ചർച്ചയാണ് ഇന്ന് നടക്കുന്നത്. അതിരൂക്ഷമായ വരൾച്ചയാണ്, ഏതായാലും മഴ എത്തിയിരിക്കുന്നത് ആശ്വാസമാണ്. അതിന്റെ പാഠങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കാൻ കഴിയണം. കുടിവെള്ള വിതരണത്തിന് ജലസേചന വകുപ്പ് എന്തൊക്കെ ചെയ്യണമെന്നതിന്റെ ഗൗരവം എല്ലാവർക്കും ഒരുപോലെ പറഞ്ഞുതരുന്ന വരൾച്ചയാണ് നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ഒരു നൂറ്റാണ്ടിനിടയിലെ ഏറ്റവും വലിയ വരൾച്ച. എല്ലാ സ്ഥലങ്ങളിലെയും കുടിവെള്ളക്ഷാമം നമ്മൾ കണ്ടതാണ്. മന്ത്രിയെ കുറ്റപ്പെടുത്തുന്നതല്ല. എല്ലായിടത്തും ജലത്തിന്റെ പ്രശ്നമുണ്ട്. ഈ അനുഭവത്തിൽനിന്നും നമ്മൾ ചില പാഠങ്ങൾ ഉൾക്കൊള്ളണം. അതിനോട് എല്ലാവരും യോജിക്കുമായിരിക്കും. ആളുകൾക്കാവശ്യമായ വെള്ളം കൊടുക്കാനുള്ള സംവിധാനം വാട്ടർ അതോറിറ്റിക്കുണ്ട്. വാട്ടർ അതോറിറ്റി എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു; അതിനുള്ള ഫണ്ടുണ്ടോ; ഇപ്രാവശ്യത്തെ ബജറ്റിൽ അതിനാവശ്യമായ ഫണ്ട് മാറ്റിവച്ചിട്ടുണ്ടോ; വരുന്ന നാലുവർഷങ്ങളിൽ ഈ ഗവൺമെന്റ് എങ്ങനെയാണ് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത്? വെള്ളത്തിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ചില സ്കീമുകൾ കൊണ്ടുവരുന്ന കാര്യം ശ്രീ. കെ. കൃഷ്ണൻകുട്ടി ഇവിടെ സൂചിപ്പിച്ചു. പരമാവധി പദ്ധതികൾ വാങ്ങിയെടുക്കാനും കേന്ദ്രത്തിന്റെ പണം സംസ്ഥാനത്ത് എത്തിക്കാനുമുള്ള പദ്ധതികൾ തയ്യാറാക്കണം. അത് ഇപ്പഴേ തയ്യാറാക്കിക്കൊടുത്താൽ മാത്രമേ ഒന്നുരണ്ട് വർഷങ്ങൾകൊണ്ട് ലഭിക്കുകയുള്ളൂ. അതിന് വാട്ടർ അതോറിറ്റിയിൽ ഏതെങ്കിലും പ്രത്യേക വിംഗുണ്ടോ? സംസ്ഥാനത്ത് ഇതിനാവശ്യമുള്ള ഫണ്ടിന് ബുദ്ധിമുട്ടുണ്ടെങ്കിൽ കേന്ദ്രത്തിന്റെ ഫണ്ട് പരമാവധി വാങ്ങിയെടുക്കണം. എന്റെ നിയോജകമണ്ഡലത്തിൽ അഞ്ച് പഞ്ചായത്തുകളും ടൗണും ഉൾപ്പെടുത്തി ഒരു വലിയ പദ്ധതിക്കുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും ബഹുമാനപ്പെട്ട മന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. വിദേശ സഹായം സ്വീകരിച്ചുകൊണ്ടുള്ള പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കി വരികയായിരുന്നു. ഇപ്പോൾ അതിന്റെ അവസ്ഥയെന്താണ്; പുതിയതായി ചർച്ചകൾ എന്തെങ്കിലും നടന്നിട്ടുണ്ടോ? പരമാവധി വിദേശസഹായം നേരത്തെ വാങ്ങിയെടുത്തില്ലെങ്കിൽ അടുത്ത വർഷങ്ങളിൽ നിർമ്മാണച്ചെലവ് കൂടും. പ്രോജക്ടുകൾ തയ്യാറാക്കി കൂടുതൽ വിദേശസഹായം വാങ്ങുന്നതിന് സ്കീം തയ്യാറാക്കുന്നുണ്ടോയെന്നത് ഗൗരവമായി

ആലോചിക്കേണ്ട വിഷയമാണ്. അങ്ങനെയുള്ള പദ്ധതികൾ, കേന്ദ്ര ഗവൺമെന്റിന്റെ പരമാവധി സഹായം, വിദേശ സഹായം ഇവ മൂന്നും വളരെ പ്രധാനപ്പെട്ടതാണ്. വാട്ടർ അതോറിറ്റി വെള്ളം കൊടുക്കുന്നതുപോലെ പ്രധാനപ്പെട്ടതാണ് പ്രകൃതി നമുക്ക് തരുന്ന വെള്ളം. ഈ പദ്ധതികൾ കേരളത്തിന്റെ ശാപമാണ്. ഒരു ഗവൺമെന്റിനെ പറയുന്നതല്ല, തുടർച്ചയായി അനുഭവപ്പെടുന്ന കാര്യമാണ്. സ്കീമുകൾ പ്രഖ്യാപിച്ചാൽ അത് ഇംപ്ലിമെന്റ് ചെയ്യാനുള്ള ബുദ്ധിമുട്ടുണ്ട്. കാലവർഷം നന്നായിരിക്കുമെന്നാണ് പ്രവചനങ്ങളെല്ലാം പറയുന്നത്. പക്ഷേ വെള്ളമെല്ലാം ഒഴുകി കടലിലേയ്ക്ക് പോകുന്നതല്ലാതെ എന്തെങ്കിലും പദ്ധതി ഇതിനുവേണ്ടി തയ്യാറാക്കിയിട്ടുണ്ടോ? പഞ്ചായത്തുകളിൽ തിരക്കിയപ്പോൾ ജലസംഭരണിയുണ്ടാക്കാനും കിണർ റീചാർജ്ജിംഗിനും സ്കീമുകൾ കൊടുത്തിരിക്കുകയാണെന്ന് പറഞ്ഞു. പക്ഷെ ഗവൺമെന്റ് ഫണ്ടൊന്നും കൊടുത്തിട്ടില്ല. അവരുടെ പ്ലാൻ ഫണ്ടിൽപ്പെടുത്തി വേണമെങ്കിൽ ചെയ്തുകൊള്ളാൻ പറഞ്ഞു. പക്ഷേ അത്തരത്തിൽ എത്രയെണ്ണമാണ് ചെയ്യുന്നത്? ഒരു വാർഡിൽ അഞ്ച് റീചാർജ്, മാക്സിമം ആറ് ജലസംഭരണി അത്രയേയുള്ളൂ. എങ്ങനെ പ്രശ്നം പരിഹരിക്കാൻ സാധിക്കും? മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി കൊടുക്കുന്നതുപോലെ കിണർ റീചാർജിനും ജലസംഭരണിക്കും സബ്സിഡി നൽകുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുന്നത് നന്നായിരിക്കും. ഇപ്പോൾ നല്ല സമയമാണ്. അതിന് പരമാവധി പ്രോത്സാഹനം കൊടുക്കാൻ, ആ സ്കീമിനെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ. ഹരിത കേരളം ഒരു നല്ല പദ്ധതിയായി അനൗൺസ് ചെയ്തിരിക്കുകയാണ്. അത് പരമാവധി വിജയിക്കണം. അതിൽ 'ജലസമൃദ്ധി', 'ജലമിഷൻ' എന്നീ പദ്ധതികളുണ്ട്. അതിനെക്കുറിച്ചൊക്കെ ചർച്ച ചെയ്യാനായി ജില്ലാതലത്തിൽ എം.എൽ.എ.-മാരെയും ജനപ്രതിനിധികളെയും പഞ്ചായത്ത് പ്രസിഡന്റുമാരെയുമൊക്കെ വിളിച്ചുകൂട്ടി ജലസമൃദ്ധികൊണ്ട് ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്താണ്, എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ചർച്ച നടത്തി അടിയന്തര നടപടി സ്വീകരിച്ചില്ലെങ്കിൽ ജലാശയങ്ങൾ ശുചീകരിക്കപ്പെടില്ല, കുളങ്ങളും കിണറുകളും നന്നാകില്ല. വികേന്ദ്രീകൃതമായി പദ്ധതികൾ ആവിഷ്കരിച്ച് ജില്ലകളിലും നിയോജകമണ്ഡലങ്ങളിലും നടപ്പാക്കാൻ ഇപ്പോൾത്തന്നെ ശ്രമിക്കണം. അതിനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധന വകുപ്പ്, ഇത്രയേറെ ഗൗരവം കൊടുക്കേണ്ട ഒരു മേഖല വേറെയില്ല. നിഷ്പക്ഷമായി പറഞ്ഞാൽ, കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കംനിൽക്കുന്നവരാണ് മത്സ്യത്തൊഴിലാളികൾ. ഇത്രയും കാലമായിട്ടും അവരുടെ ജീവിതപ്രയാസങ്ങൾ മാറ്റിയെടുക്കാൻ

നമ്മളെക്കൊണ്ട് സാധിച്ചിട്ടില്ല. മാറിമാറി ഗവൺമെന്റുകൾ വന്നു. പാവപ്പെട്ട ആ ജനവിഭാഗം അനുഭവിക്കുന്ന കെടുതികൾക്കും കഷ്ടപ്പാടുകൾക്കും അറുതിവരുത്താനുള്ള സമയബന്ധിതമായ പ്രോഗ്രാമുകൾ ഏറ്റവും പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരത്തിൽ ആവശ്യമായ മാറ്റംവരുത്താനുള്ള നടപടികളെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. മത്സ്യസമ്പത്ത് വളരെ കുറയുന്നു എന്നുള്ള വെല്ലുവിളി ഉയരുന്ന ഈ സമയത്ത് എന്തൊക്കെ നമുക്ക് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കേണ്ടതാണ്. മത്സ്യസമ്പത്ത് എങ്ങനെ കൂട്ടുതലാക്കാം; ഉൾനാടൻ ജലാശയങ്ങളുടെ കാര്യം എത്രയോ കാലങ്ങളായി പറയുന്നതാണ്. നമ്മുടെ നാട്ടിലുണ്ടായിരുന്ന നാടൻ മത്സ്യങ്ങൾക്കെല്ലാം വംശനാശം നേരിടുകയാണ്. ധാരാളം പദ്ധതികൾ പല ഗവൺമെന്റുകളും കൊണ്ടുവന്നു. ഈ ഗവൺമെന്റ് നല്ല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പക്ഷേ അതിന്റെ ഒരു ഫോളോ അപ്പ് വേണ്ടേ; വംശനാശം വരുന്ന മത്സ്യങ്ങളെ നിലനിർത്താനും കൂടുതലായി വർദ്ധിപ്പിക്കാനുമുള്ള നടപടിയുണ്ടാകണം. എത്ര കോടി മത്സ്യക്കുഞ്ഞുങ്ങളെയാണ് തോടുകളിൽ നിക്ഷേപിച്ചിട്ടുള്ളത്. അതിന്റെയൊക്കെ എന്തെങ്കിലും റിസൽട്ടുണ്ടോ? ഉൾനാടൻ ജലാശയങ്ങളിൽ നമ്മുടെ സ്വത്തായി ഉണ്ടായിരുന്ന നാടൻ മത്സ്യങ്ങളെ സംരക്ഷിക്കാനുള്ള കൃത്യമായ പദ്ധതി ആവിഷ്കരിക്കണം, അതിനുള്ള കർമ്മപരിപാടികൾ സ്വീകരിക്കണം. പ്രാദേശികമായിട്ടുള്ള കുളങ്ങളൊക്കെ ഇപ്പോഴും വെറുതെ കിടക്കുകയാണ്. അത് ഇപ്പോൾ ശുചീകരിക്കാൻ പോകുന്നു. അത് വേറെ പദ്ധതിയായി ഹരിത കേരളത്തിൽ വരുന്നുണ്ട്. അതോടൊപ്പം മത്സ്യസമ്പത്ത് വളർത്താനുള്ള നല്ല സമയമായിക്കൂടി ഇതിനെ കാണണം. എം.എൽ.എ. ഫണ്ട് കൊടുക്കണമെങ്കിൽ കൊടുക്കാം. ഏതായാലും ബന്ധപ്പെട്ട വകുപ്പുകൾ ഇക്കാര്യത്തിൽ നല്ല ജോലി ചെയ്യേണ്ടതായിവരും. അവരെക്കൊണ്ട് ചെയ്യാൻ കഴിയും. അതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. അത് വിജയിപ്പിക്കാനുള്ള കൃത്യമായ പരിപാടികളാണ് ഇനി ആവശ്യം. അതുകൊണ്ട് ഈ പദ്ധതികൾ ഭംഗിയായി മോണിറ്റർ ചെയ്തുകൊണ്ട് മുന്നോട്ടുപോകണം. നാലുവർഷം പെട്ടെന്ന് പോകും, അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

**(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)**

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോരിച്ചൊരിയുന്ന മഴയും എണ്ണമറ്റ കിണറുകളും കുളങ്ങളും അരുവികളും കായൽപ്പരപ്പുമെല്ലാം ഉൾപ്പെട്ട ജലസമൃദ്ധമായ കേരളം എന്ന കാവ്യാത്മക ചിത്രം മാറിമറിഞ്ഞിട്ട് നാളുകളേറെയായി. മഴക്കാലത്തെ വെള്ളപ്പൊക്കവും വേനലിലെ ജലക്ഷാമവുമാണ് ഇന്നത്തെ അവസ്ഥ. ജലം ശാസ്ത്രീയമായി പരിപാലിക്കേണ്ട വിലപ്പെട്ട പ്രകൃതിവിഭവമാണെന്ന് നാം തിരിച്ചറിയണം.

'പുഴകൾ മലകൾ പൂവനങ്ങൾ ഭൂമിക്ക് കിട്ടിയ സ്ത്രീധനങ്ങൾ'

എന്നാണ് കവി വാക്യം. എന്നാൽ നന്മയുടെ ഉറവ വറ്റിയ മനുഷ്യന്റെ അശാസ്ത്രീയമായ പ്രകൃതിചൂഷണം നമ്മുടെ നദികൾക്ക് മൃത്യു ഒരുക്കിയിരിക്കുകയാണ്. ഇതിന് പ്രധാന കാരണം വൃഷ്ടിമേഖലയിലെ വന നശീകരണമാണ്. ഈ നൂറ്റാണ്ടിൽ നമ്മൾ ഏറ്റവും വലിയ വരൾച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. വരൾച്ച സംബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ നിന്നുവരുന്ന റിപ്പോർട്ടുകൾ നമുക്കറിയാം. തിരുവനന്തപുരത്ത് ഒരു ക്ഷീരകർഷകൻ വെള്ളമില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ 15 പശുക്കളെ മൃഗാശുപത്രിയിൽ കൊണ്ടുവിട്ടിട്ട് പോയെന്നാണ് പറയുന്നത്. അവിടത്തെ ജനപ്രതിനിധികൾ ഇടപെട്ടാണ് അവയെ തിരിച്ചുകൊണ്ടുവന്നത്. അതുപോലെ തിരുവനന്തപുരത്തും പാലക്കാട്ടുമുള്ള രണ്ട് ക്ഷേത്രങ്ങളിലെ ആറാട്ട് മഹോത്സവത്തിന് ആനയുമായിചെന്നപ്പോൾ പുഴയിൽ വെള്ളമില്ലാത്തതിനാൽ അവസാനം ഉരുളിയിൽ ആറാട്ട് മഹോത്സവം നടത്തേണ്ട സ്ഥിതിയുണ്ടായി എന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. ജലക്ഷാമത്തിന്റെ രൂക്ഷതയാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്. കണ്ണൂരിൽ കളക്ടർ ഇടപെട്ട് സ്വകാര്യ കിണറുകൾ പിടിച്ചെടുത്ത് അതിൽനിന്ന് വെള്ളമില്ലാത്ത ഭാഗത്തേയ്ക്ക് വെള്ളം എത്തിച്ചുകൊടുത്തു എന്നാണ് അറിയാൻ കഴിഞ്ഞത്. ഏറ്റുമാനൂർ ക്ഷേത്രത്തിലെ ഉത്സവത്തിന് ആനകളെ കുളിപ്പിക്കാൻ വെള്ളമില്ലാത്തതുകൊണ്ട് വാട്ടർ അതോറിറ്റിക്കെതിരെ അധികൃതർക്ക് കോടതിയെ സമീപിക്കേണ്ടിവന്നു. ക്ഷേത്രത്തിലെ കിണറുകൾ വറ്റിയതാണ് ഇതിന് കാരണമെന്നാണ് മനസ്സിലാക്കുന്നത്. കേരളത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ ജലവിഭവ വകുപ്പുമന്ത്രി നടത്തിയ ഇടപെടലുകൾ പ്രശംസനീയമാണ്. തിരുവനന്തപുരം പട്ടണത്തിൽ ലഭിക്കുന്ന വെള്ളം മേയ് ആദ്യത്തോടെ അവസാനിക്കുമെന്നാണ് എല്ലാവരും പ്രവചിച്ചത്. ഇപ്പോൾ അവിടെ സുലഭമായി വെള്ളം എത്തിക്കാൻ എങ്ങനെ കഴിഞ്ഞു? ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ജലവിഭവ വകുപ്പുമന്ത്രിയുടെയും പ്രശംസനീയമായ ഇടപെടൽ എടുത്തുപറയേണ്ടതാണ്. നെയ്യാർ ഡാമിൽനിന്ന് യുദ്ധകാലാടിസ്ഥാനത്തിലാണ് അരുവിക്കരയിലേയ്ക്ക് വെള്ളം എത്തിച്ചത്. രണ്ട് ഡ്രഡ്ജറുകൾ കൊണ്ടുവന്ന് പമ്പ് ചെയ്ത്, 17 കി.മീ. ദൂരം പൈപ്പുകൾ സ്ഥാപിച്ചതുകൊണ്ട് ഇന്ന് തിരുവനന്തപുരം പട്ടണത്തിൽ സമൃദ്ധമായി എല്ലാവർക്കും വെള്ളം കിട്ടുന്നുണ്ട്. അത് എടുത്തുപറയേണ്ടതാണ്. ശബരിമലയിൽ കുപ്പിവെള്ളം കൊണ്ടുപോകാൻ പാടില്ലെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടപെടൽ ഉണ്ടായപ്പോൾ എല്ലാവർക്കും സന്തോഷമായി, പ്രതിപക്ഷത്തിനും വളരെ സന്തോഷമായി. പക്ഷേ ശബരിമലയിൽ വരുന്ന ലക്ഷക്കണക്കിന് അയ്യപ്പഭക്തർക്ക് എങ്ങനെ വെള്ളം

എത്തിക്കും? എന്നാൽ അയ്യപ്പഭക്തർക്ക് ഓരോ ദിവസവും ഏഴര ലക്ഷം ലിറ്റർ വെള്ളം നിഷ്പ്രയാസം സൗജന്യമായി ടാപ്പുവഴി കൊടുക്കാൻ സാധിച്ചുവെന്നത് എടുത്തുപറയേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തെ ഒട്ടും ബാധിക്കാത്ത രീതിയിലുള്ള ഇടപെടലുകളാണ് അക്കാര്യത്തിൽ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതെന്ന് മനസ്സിലാക്കണം. പണ്ട് വരൾച്ചമൂലം ഭൂമിയിലെ ജീവജാലങ്ങളും മനുഷ്യരും ചത്തൊടുങ്ങിയപ്പോൾ പുരുവംശ രാജാവായ ഭഗീരഥൻ കഠിന തപസ്സിലൂടെ ആകാശഗംഗയെ ഭൂമിയിലേയ്ക്ക് കൊണ്ടുവന്നതുപോലെയുള്ള പ്രവർത്തനമാണ് ശ്രീ. മാത്യു ടി. തോമസ് വരൾച്ചയുമായി ബന്ധപ്പെട്ട് കേരളത്തിൽ നടത്തിയത്. തീരദേശ സംരക്ഷണത്തിന്റെ ഭാഗമായുള്ള പുലിമുട്ടുകളുടെ കാര്യത്തിൽ ശക്തമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. തീരദേശ മേഖലയിൽ കടലാക്രമണം ഉണ്ടാകുമ്പോൾ പുലിമുട്ടുകളാണ് തടഞ്ഞുനിർത്തുന്നത്. എന്നാൽ വിവിധ പഠനങ്ങളുടെ പേര് പറഞ്ഞ് അത് മാറ്റിവയ്ക്കുകയാണ്. ആ പഠനങ്ങൾ പൂർത്തിയാക്കി പുലിമുട്ടുകൾ സ്ഥാപിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കണമെന്നാണ് പറയാനുള്ളത്.

നമ്മുടെ രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന പ്രധാനപ്പെട്ട രംഗമായ മത്സ്യമേഖലയിലെ തൊഴിലാളികൾ എക്കാലത്തും ദുരിതപൂർണ്ണമായ ജീവിതമാണ് നയിച്ചുകൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ മാത്രമാണ് ആശ്വാസം കിട്ടുന്ന പദ്ധതികളുണ്ടാകുന്നത്. തീരദേശ പരിപാലന നിയമം വന്നപ്പോൾ അവരുടെ ജീവിതം വീണ്ടും ദുരിതപൂർണ്ണമായി. ഒരു വീട് വയ്ക്കാനോ ഉള്ള വീട്ടിൽ താമസിക്കാനോ കഴിയുന്നില്ല. തീരദേശ പരിപാലന നിയമം കൊണ്ടുവന്നത് യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ്, ഇന്നും അത് തുടരുകയാണ്. അതിന് പരിഹാരമുണ്ടാക്കാനുള്ള ഇടപെടലുകളാണ് നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. ആദിവാസി സമൂഹത്തെപ്പോലെ പിന്നോക്കാവസ്ഥയിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ വേണ്ടിയുള്ള പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കടാശ്വാസ കമ്മീഷന്റെ ഒരു വർഷത്തെ കാലാവധി നീട്ടിക്കൊടുത്തത് ഈ മേഖലയിലെ തൊഴിലാളികൾക്ക് വലിയ ആശ്വാസമാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിച്ചപ്പോൾ ആ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കാൻ പറ്റുന്ന സാഹചര്യമുണ്ടായിരുന്നില്ല. പൊതുമേഖലയിലാണ് തുറമുഖം വന്നിരുന്നതെങ്കിൽ ഇതൊക്കെ സഹിക്കാമെന്നാണ് മത്സ്യത്തൊഴിലാളികൾ പറയുന്നത്. ഇത് സ്വകാര്യ മേഖലയിൽ, ശ്രീ. ഗൗതം അദാനിക്ക് കൊടുത്തുകൊണ്ട് പൊതുമുതൽ നശിപ്പിക്കുന്നത് നമ്മൾ എന്തിന് സഹിക്കണമെന്നാണ് മത്സ്യത്തൊഴിലാളികൾ ചോദിക്കുന്നത്. കേരളത്തിലെ ചെറുമത്സ്യങ്ങളെ സംരക്ഷിക്കേണ്ട പ്രവർത്തനങ്ങൾ നാം ഏറ്റെടുക്കേണ്ടതുണ്ട്. ചെറുമത്സ്യങ്ങളെ തമിഴ്നാട്ടിൽ കൊണ്ടുപോയി വളമായി ഉപയോഗിക്കുന്നത് നമ്മുടെ മത്സ്യസമ്പത്തിന്

ദോഷകരമായിമാറും. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നാം ഏറ്റെടുത്ത് പ്രവർത്തിക്കേണ്ടതാണ്. ഇക്കാര്യത്തിൽ മത്സ്യബന്ധന വകുപ്പ് ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയുടെ നേതൃത്വത്തിൽ ശക്തമായ നടപടികളുമായി മുന്നോട്ടുപോകുന്നതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കോസ്റ്റൽ പോലീസിന്റെയും കോസ്റ്റ് ഗാർഡിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി വരികയാണ്. കഴിഞ്ഞകാലത്ത് മത്സ്യഫെഡ്ഡിൽ കൊടിയ അഴിമതിയാണ് നടന്നിട്ടുള്ളത്. 40 കോടിയിലധികം രൂപ ധൂർത്തടിച്ചിരിക്കുകയാണ്. കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. ഡി. ദിനകരനായിരുന്നു അതിന്റെ ചെയർമാൻ. തിരുവനന്തപുരത്ത് മുട്ടത്തറയിൽ വല നിർമ്മാണ ഫാക്ടറിക്ക് തറക്കല്ലിടാൻ ആറ് ലക്ഷത്തി നാല്പതിനായിരം രൂപയും ഫ്ലക്സ് ബോർഡ് വച്ചതിന് അമ്പതിനായിരം രൂപയുമാണ് ചെലവാക്കിയിട്ടുള്ളത്. ഓരോ ജില്ലയിലും ഇതുപോലെ തുക ധൂർത്തടിച്ചിരിക്കുകയാണ്. 2012 മുതൽ ഇദ്ദേഹമാണ് മത്സ്യഫെഡ്ഡിന്റെ ഭരണസമിതിക്ക് നേതൃത്വം കൊടുക്കുന്നത്. ദക്ഷിണ മേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, അനധികൃത നിയമനം, അനധികൃത നിർമ്മാണം, പലിശരഹിത വായ്പാത്തുക മാറ്റൽ, വിവിധ ഏജൻസികൾക്ക് ഗ്രാന്റ് കൊടുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് 40 കോടിയിലധികം രൂപയുടെ അഴിമതി അവിടെ നടത്തിയിരിക്കുന്നു എന്നാണ്. മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി രൂപീകരിച്ച മത്സ്യഫെഡ്ഡിന്റെ ഈ അവസ്ഥ കോൺഗ്രസ്സിന്റെ ദുർഭരണത്തിലാണ് ഉണ്ടായതെന്ന് നാം മനസ്സിലാക്കണം. നാട്ടിൽ ഏറെ പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിക്കെതിരായ നടപടിയുമായാണ് ഭരണസമിതി മുന്നോട്ടുപോയിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് പിരിച്ചുവിടുന്ന സാഹചര്യം നിലനിന്നതെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. തീരദേശ ഹരിത ഇടനാഴി പ്രശംസനീയമാണ്. മത്സ്യത്തൊഴിലാളി മേഖലയിൽ 5.553 കോടി രൂപയുടെ പുനരധിവാസ പദ്ധതിയുടെ പ്രഖ്യാപനമാണ് വന്നിട്ടുള്ളത്. ഇത് ലക്ഷ്യം വച്ചുകൊണ്ട് തിരുവനന്തപുരം-കൊല്ലങ്കോട് മുതൽ കാസർഗോഡ്-മഞ്ചേശ്വരം വരെ 522 കി. മീറ്റർ നീളമുള്ള ഇടനാഴിയാണ് വരുന്നത്. ഇതിന്റെ ഭാഗമായി മത്സ്യഗ്രാമങ്ങളെയും തുറമുഖങ്ങളെയും ഫിഷ് ലാന്റിംഗ് സെന്ററുകളെയും ടൂറിസം കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയും. ഇത് വരുന്നതോടുകൂടി പിന്നാക്കം നിൽക്കുന്ന മത്സ്യമേഖലയിൽ വൻമാറ്റമുണ്ടാകും. കിഫ്ബിയിലൂടെയാണ് ഇതിനാവശ്യമായ തുക മാറ്റിവച്ചിട്ടുള്ളത്. നാലുവർഷംകൊണ്ട് ഇത് പൂർത്തിയാക്കുമെന്നാണ് പറയുന്നത്. ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ ഏറ്റവും പ്രശംസനീയമായ നടപടിയാണ് ഈ മേഖലയിൽ ചെയ്തിട്ടുള്ളതെന്ന് നാം മനസ്സിലാക്കണം.

കായലിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. കായലിൽ വേലിയിറക്കമുണ്ടാകുമ്പോൾ വഞ്ചി അവിടെ ഉറച്ചുപോവുകയാണ്. കായലിലെ എക്കൽ നീക്കി ഉൾനാടൻ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഈ മേഖലയിൽ മന്ത്രി ഇടപെട്ട് വർദ്ധിപ്പിച്ചിട്ടുള്ള സഹായങ്ങൾ പ്രശംസനീയമാണ്. പെൺകുട്ടികളുടെ വിവാഹ ധനസഹായം 1,500 രൂപയിൽ നിന്ന് 10,000 രൂപയായി വർദ്ധിപ്പിച്ചു. അപകടത്തിൽപ്പെട്ട് മരിക്കുന്നവരുടെ കുടുംബത്തിനുള്ള ധനസഹായം 20,000 രൂപയിൽനിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചു. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ചുള്ള ആശ്രിത ധനസഹായം 5,000 രൂപയിൽ നിന്ന് 10,000 രൂപയായി വർദ്ധിപ്പിച്ചു. വാർദ്ധക്യകാല പെൻഷൻ 1,000 രൂപയിൽ നിന്ന് 1,100 രൂപയാക്കി. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള ഇൻഷ്വറൻസ് തുക അഞ്ചുലക്ഷം രൂപയിൽനിന്നും പത്തുലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റ് വരുമ്പോൾ മാത്രമാണ് മത്സ്യത്തൊഴിലാളികൾക്ക് അനുകൂല സാഹചര്യമുണ്ടാകുന്നത്. ഈ രണ്ട് ധനാഭ്യർത്ഥനകളേയും ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയും ഉദ്യോഗസ്ഥരും ചേർന്ന് തിരുവനന്തപുരത്ത് വെള്ളം എത്തിച്ചതുപോലെ കേരളത്തിൽ എല്ലായിടത്തും വെള്ളം എത്തിക്കണമെന്ന അഭിപ്രായം മാത്രമേ ഞാൻ രേഖപ്പെടുത്തുന്നുള്ളൂ. എന്റെ നിയോജകമണ്ഡലത്തിലെ കാര്യങ്ങൾ വളരെ വ്യക്തമായി മന്ത്രിയെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഞാൻ കൂടുതലൊന്നും പറയുന്നില്ല.

എക്സൈസ് വകുപ്പിനെക്കുറിച്ച് ഒരു വാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ഇത്രമാത്രം കഞ്ചാവും മയക്കുമരുന്നും ഇറങ്ങിയ ഒരു കാലഘട്ടം ഇതുവരെ ഉണ്ടായിട്ടില്ല. അത് തടയാൻ മദ്യനയത്തിൽ തിരുത്തൽ വേണം. ബാർ ഹോട്ടലുകൾ തുറന്നുകൊണ്ട് മദ്യനയത്തിൽ മാറ്റമുണ്ടാക്കണമെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. നമ്മുടെ ചെറുപ്പക്കാർ നശിക്കുന്നത് അനുവദിക്കാൻ പാടില്ല.

അതുപോലെ ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിന് പകരം ഇവിടെ ഒരു സബ്മിഷൻ അവതരിപ്പിച്ചു. ആ സബ്മിഷനുള്ള മന്ത്രിയുടെ മറുപടി അർദ്ധസത്യമാണ്; അവതരിപ്പിച്ച ആളിന്റെ ആത്മാർത്ഥതയിൽ സംശയമുണ്ട്. അതുകൊണ്ടാണ് ഞാനിത് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. കേരളത്തിലെ റബ്ബർ

ബോർഡ് നിർത്തലാക്കാൻ പോകുന്നുവെന്ന സത്യം രണ്ടുവർഷം മുമ്പ് ഞാൻ ഈ സഭയിൽ പറഞ്ഞതാണ്. അന്ന് ആരും അംഗീകരിച്ചില്ല. ഇപ്പോൾ എല്ലാവരും അംഗീകരിച്ച് തുടങ്ങിയിട്ടുണ്ട്. കേരളത്തിൽ റബ്ബർ ബോർഡിന്റെ 28 റീജിയണൽ ഓഫീസുകളുള്ളത് 14 ആയി കുറയ്ക്കുകയാണ്. കോട്ടയം ജില്ലയിലെ 5 എണ്ണത്തിൽ 3 എണ്ണവും നിർത്തുകയാണ്. റബ്ബർ ബോർഡിന് 400 കോടി രൂപവരെ ബജറ്റിലുണ്ടായിരുന്നത് ഇപ്പോൾ 150 കോടി രൂപ മാത്രമാണുള്ളത്. സ്പൈസസ് ബോർഡ്, കോഫി ബോർഡ്, റബ്ബർ ബോർഡ്, ടുബാക്കോ ബോർഡ് എന്നീ നാല് ബോർഡുകളെയുംകൂടി സംയോജിപ്പിച്ചുകൊണ്ട് പ്ലാന്റേഷൻ ഡെവലപ്മെന്റ് അതോറിറ്റി എന്ന നിലയിൽ ഒരു ബോർഡുമാത്രം കർണ്ണാടകത്തിൽ സ്ഥാപിക്കാനാണ് തീരുമാനിച്ചത്. റബ്ബർ ബോർഡിന്റെ ഹെഡ്ഡ് ഓഫീസ് നിർത്താൻ പോകുകയാണ്. കോതമംഗലത്തെ ഒരു റീജിയണൽ ഓഫീസ് മാറ്റി അരുണാചൽ പ്രദേശിലെ ഇറ്റാനഗറിൽ സ്ഥാപിച്ചു. ഇറ്റാനഗറിൽ എട്ട് മാസവും മഞ്ഞ് മൂടിക്കിടക്കുന്ന അവസ്ഥയാണ്. അവിടെയാണ് ഈ ഓഫീസ് സ്ഥാപിച്ചിരിക്കുന്നത്. ഇത് റബ്ബറിനെ രക്ഷിക്കാനല്ല. കേന്ദ്ര ഗവൺമെന്റിന്റെ 90 ശതമാനം റബ്ബറും കേരളത്തിന്റേതാണ്. കേന്ദ്ര ഗവൺമെന്റിന് ഒരു വർഷം 800 കോടി രൂപയുടെ വരുമാനം കിട്ടുന്നുണ്ട്. കേരള സർക്കാരിന് 215 കോടി രൂപയുടെ വരുമാനമേയുള്ളൂ. ഇത്രയും വരുമാനമുള്ള സ്ഥിതിക്ക് എന്തിനുവേണ്ടിയാണ് റബ്ബർ കൃഷിക്കാരന്റെ ഈ സ്ഥാപനം തകർക്കുന്നത്. റബ്ബർ കർഷകരിൽനിന്നാണ് 215 കോടി രൂപയുടെ വരുമാനം സർക്കാരിലേയ്ക്ക് ലഭിക്കുന്നത്. കേരളത്തിലെ 90 ശതമാനം ആളുകളും റബ്ബർ കൃഷിക്കാരാണ്. എറണാകുളത്തെ സ്പൈസസ് ബോർഡും പോകുകയാണ്. നാല് ബോർഡുകൾ കൂട്ടിച്ചേർത്ത് പ്ലാന്റേഷൻ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുകയാണ്. കൃഷിക്കാരന് ഇവിടെ ജീവിക്കണ്ടേ? അതുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ നേരിൽക്കണ്ട് നിവേദനം നൽകുകയും റീജിയണൽ ഓഫീസ് കേരളത്തിലേയ്ക്ക് വിട്ടുതരാൻ ആവശ്യപ്പെടുകയും ചെയ്യണം. കേരളത്തിന് 215 കോടി രൂപയുടെ വരുമാനമുണ്ട്. അതുകൊണ്ട് കേരളത്തിലെ റബ്ബർ കൃഷിക്കാരെ രക്ഷിക്കാനുള്ള നടപടിയുണ്ടാക്കാം. കേരളത്തിൽനിന്ന് റബ്ബറിനെ പൂർണ്ണമായും ഇല്ലാതാക്കുക എന്നതാണ് കേന്ദ്രത്തിന്റെ ലക്ഷ്യം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, അങ്ങ് പറഞ്ഞ കാര്യത്തിന് ഞാൻ രാവിലെ മറുപടി പറഞ്ഞതാണ്. റബ്ബർ കൃഷിയെ നശിപ്പിക്കുന്ന ഒരു കാര്യത്തിനും ഈ സർക്കാർ അംഗീകാരം കൊടുക്കുകയില്ല. ഇത് നമ്മൾ തമ്മിൽ തർക്കിക്കേണ്ട ഒരു വിഷയവുമല്ല. ഈ സഭയിലെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ് അങ്ങ് പറയുന്നത്.

കേന്ദ്ര ഗവണ്മെന്റ് ആസൂത്രണ കമ്മീഷൻ എടുത്തുകളഞ്ഞു. ഇപ്പോൾ അങ്ങ് പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. നാല് ബോർഡുകളെ ഒന്നിച്ച് ചേർത്തുകൊണ്ട് ഒരു അതോറിറ്റിയാക്കാനുള്ള നീക്കം നടത്തുമ്പോൾ ഏറ്റവും വലിയ നഷ്ടം സംഭവിക്കാൻപോകുന്നത് കേരളത്തിനാണ്. ഇന്ത്യയിൽ ഏറ്റവുമധികം റബ്ബർ ഉല്പാദിപ്പിക്കുന്ന കേരളത്തിലാണ് റബ്ബർ ബോർഡ് സ്ഥിതിചെയ്യുന്നത്. അതിനെ മാറ്റിയാൽ അത് റബ്ബർ കൃഷിക്കാരെ സാരമായി ബാധിക്കും. ഫീൽഡ് ഓഫീസ് മാറ്റിയിട്ടില്ലെന്നാണ് അവർ പറയുന്നത്. ഫീൽഡ് ഓഫീസ് മാറ്റിയിട്ടില്ലെന്ന് പറയുമ്പോഴും റീജിയണൽ ഓഫീസുകളെല്ലാം മാറ്റിക്കൊണ്ടിരിക്കുകയാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമാണെന്നുള്ള പല ന്യായങ്ങൾ പറയുന്നുണ്ടെങ്കിലും ആത്യന്തികമായി റബ്ബർ ബോർഡിനെ ഇല്ലാതാക്കുന്ന നടപടിയിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് പോകുകയാണെങ്കിൽ കേരളം ഒറ്റക്കെട്ടായി അതിനെ എതിർക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. പി. സി. ജോർജ്: സർ, കിലോയ്ക്ക് 110 രൂപയ്ക്ക് വിദേശത്തുനിന്നും റബ്ബർ കൊണ്ടുവരാൻ കഴിയുന്ന സാഹചര്യമുണ്ട്. വ്യവസായികളുമായി ചേർന്ന് കേന്ദ്രം കാണിക്കുന്ന മര്യാദകെട്ട നടപടിയാണിത്. കേരളത്തിൽ റബ്ബർ ഇല്ലാതായാൽ 200 രൂപ റബ്ബറിന് വേണമെന്ന് ആരും പറയില്ലല്ലോ. അതാണ് കേന്ദ്ര ഗവൺമെന്റിന്റെ ഉദ്ദേശ്യം. ഞാൻ ഇപ്പോൾ കൃഷിക്കാർക്ക് മാതൃകയായി ആറര ഏക്കർ സ്ഥലത്ത് റബ്ബർ ഒഴിവാക്കി കാട്ടുകടുക്ക നട്ടുന്നു. സ്ലോട്ടർ ചെയ്യേണ്ട റബ്ബർ ചുവട് വച്ച് വെട്ടിക്കളഞ്ഞിട്ടാണ് കാട്ടുകടുക്ക നടുന്നത്. പത്തുവർഷം കഴിഞ്ഞാലാണ് ഒരു റബ്ബറിൽനിന്നും പത്ത് രൂപ കിട്ടുന്നത്. കാട്ടുകടുക്കയാണെങ്കിൽ പത്ത് വർഷംകൊണ്ട് 80 ഇഞ്ച് വരും. അതിൽനിന്നും രണ്ടരക്കോടി രൂപ കിട്ടും.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, കാട്ടുകടുക്ക നടാതെ കശുവണ്ടി നട്ടുപിടിപ്പിക്കണം. നല്ല ലാഭമാണ്. തൊഴിലാളികൾക്ക് ജോലിയുമാകും.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഇപ്പോൾ ആറര ഏക്കർ സ്ഥലത്ത് കാട്ടുകടുക്ക നടാനുള്ള അറേഞ്ച്മെന്റ് ചെയ്തുകഴിഞ്ഞു. അടുത്ത തോട്ടം വരുമ്പോൾ തീർച്ചയായും കശുവണ്ടിതന്നെ നടാം. റബ്ബറിനേക്കാൾ ഭേദം അതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ജൂലൈ മാസത്തിൽ ഇന്റർനാഷണൽ ലെവലിൽ ഹൈദരാബാദിൽവച്ച് വ്യവസായ വകുപ്പുമന്ത്രിമാരുടെ മീറ്റിംഗ് നടക്കുകയാണ്. അവിടെവച്ച് ആർ.സി.ഇ.പി. കരാർ (Regional Comprehensive Economic Partnership) ഒപ്പിട്ടാൽ ഇവിടെയുള്ള വ്യവസായികൾക്ക് ആസിയാൻ രാഷ്ട്രങ്ങളിൽ പോയി കൃഷി ചെയ്യാനും ഒരു ടാക്സുമില്ലാതെ ഇവിടെ ഇറക്കുമതി ചെയ്യാനുമുള്ള

സൗകര്യം കിട്ടും. ഇവിടത്തെ റബ്ബർ വ്യവസായികൾക്ക് മുഴുവൻ ആസിയാൻ രാഷ്ട്രങ്ങളിൽ പോയി കൃഷി ചെയ്യാനുള്ള സാഹചര്യം ഒരുക്കുകയാണ്. അതിനെ ശക്തമായി എതിർക്കേണ്ടതുണ്ട്. അതുപോലെ പാൽ, ഗോതമ്പ് ഇവയെല്ലാം നശിക്കാൻ പോകുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. ജോർജ്: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് വികാരപരമായി ഇതൊക്കെ സംസാരിച്ചത്. എന്തുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റിന് കേരളത്തോട് ഇത്ര ശത്രുത? കേന്ദ്ര ഗവൺമെന്റ് കേരളത്തെ ബഹുമാനിക്കുന്ന, ആദരിക്കുന്ന, കേരളം ശക്തിപ്പെടണം എന്നൊക്കെ പറയുമ്പോഴും ഈ നിലയിൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോയാൽ ഫെഡറൽ സംവിധാനത്തിൽ അപകടമുണ്ടാകുന്ന നിലയുണ്ടാകുമെന്നും ഇക്കാര്യത്തിൽ സർക്കാർ ഒറ്റക്കെട്ടായി പ്രമേയം പാസ്സാക്കി ശക്തമായ നിലപാടെടുക്കണമെന്നും സൂചിപ്പിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു. നന്ദി, നമസ്കാരം.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഓരോ മലയാളിയുടെയും ആത്മാഭിമാന ബോധത്തിന്റെ ലെവൽ വർദ്ധിപ്പിക്കുന്ന ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ എങ്ങനെയാണ് എതിർക്കാൻ കഴിയുക. ഇവിടെ പലരും ഓരോ പദ്ധതികൾ നടപ്പാക്കണമെന്ന് മന്ത്രിമാരോട് നിർദ്ദേശിക്കുന്നു, പുതിയ നിർദ്ദേശങ്ങൾ വയ്ക്കുന്നു, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കാതെ ഇവർ പറയുന്ന പദ്ധതികൾ എങ്ങനെയാണ് നടപ്പിലാക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്നെല്ലാം അധികാരത്തിൽ വന്നിട്ടുണ്ടോ അന്നെല്ലാം പല കാര്യങ്ങളിലും ഇന്ത്യയ്ക്ക് മാതൃകയായിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഭൂപരിഷ്കരണ നിയമം, സാക്ഷരത, ജനകീയാസൂത്രണം അങ്ങനെ പറയാൻ ധാരാളമുണ്ട്.

മത്സ്യമേഖല ഇന്ത്യയ്ക്കാകെ മാതൃകയാവുകയാണ്. 222 സമുദ്ര മത്സ്യമേഖലയിലും 113 ഉൾനാടൻ മത്സ്യമേഖലയിലുമായി പന്ത്രണ്ട് ലക്ഷത്തോളം പേർ പണിയെടുക്കുന്നുണ്ട്. ഈ മേഖലയിലെ മുഴുവൻ ആളുകൾക്കും പട്ടികജാതി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടി ഉറപ്പാക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനത്തെ ആവേശപൂർവ്വമാണ് തീരദേശവാസികൾ സ്വീകരിച്ചിരിക്കുന്നത്. കേന്ദ്രത്തിൽ ഇതിന് ഒരു വകുപ്പോ മന്ത്രിയോ ഇല്ല. കൃഷി വകുപ്പിന്റെ കീഴിൽ ഒരു ഡയറക്ടറേറ്റ് മാത്രമാണുള്ളത്. ഈ മേഖലയിലെ തൊഴിലാളികൾ എല്ലാതരത്തിലും വളരെയേറെ പിന്നോക്കമാണ്. അവരുടെ ആളോഹരി വരുമാനത്തിൽ ശരാശരിയേക്കാൾ പുറകിൽനിൽക്കുന്ന ഈ മേഖലയിലെ തൊഴിലാളികളുടെ

ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെ വളരെ ആവേശപൂർവ്വമാണ് തീരദേശവാസികൾ കാണുന്നത് അറബിക്കടലിലും ഇന്ത്യൻ മഹാസമുദ്രത്തിലും വളരെയേറെ പോഷകമൂല്യമുള്ള 'റാന്തൽ' എന്നുപറയുന്ന മത്സ്യമുണ്ട്. ഈ മത്സ്യങ്ങൾ കേരളതീരത്തേയ്ക്ക് ചേക്കേറുകയാണെന്നാണ് 'CIFT'-ന്റെ (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) പഠനങ്ങൾ തെളിയിക്കുന്നത്. അതിനർത്ഥം, കേരളത്തിലെ മത്സ്യമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിപ്ലവകരമായ മാറ്റം റാന്തൽ മത്സ്യങ്ങൾക്കുൾപ്പെടെ മനസ്സിലായി എന്നാണ്. അതൊന്നും മനസ്സിലാകാത്ത ഒരു കൂട്ടർ ഇവിടെയുണ്ട്. അതിനെ 'പ്രതിപക്ഷം' എന്നാണ് പറയുന്നത്. നിങ്ങൾക്കിത് മനസ്സിലാകുന്നില്ലെങ്കിൽ വരുംനാളുകളിൽ തേന്മാവിൻ കൊമ്പത്ത് എന്ന സിനിമയിലെ മോഹൻലാലിന്റെ അനുഭവമായിരിക്കും ഉണ്ടാവുക. അറിയാതെ അബദ്ധത്തിൽപ്പെട്ടുപോയ മോഹൻലാലിനെ കെട്ടിയിട്ടിട്ട് 'ലേലു അല്ലു ലേലു അല്ലു' എന്ന് പറയിപ്പിക്കുന്നുണ്ട്. 'ലേലു അല്ലു' എന്നുപറഞ്ഞാൽ മാപ്പുതരണേ എന്നാണ്. അതുപോലെ ഈ നാട്ടിലെ ജനങ്ങൾ നിങ്ങളെ കെട്ടിയിട്ടിട്ട് 'ലേലു അല്ലു ലേലു അല്ലു' എന്ന് പറയിപ്പിക്കുന്ന നാളുകൾ വിദൂരമല്ലെന്ന് നിങ്ങൾ തിരിച്ചറിയണം. മത്സ്യമേഖലയിലെ ഭവനരഹിതർക്ക് സംരക്ഷണം ഉറപ്പാക്കാൻ 166 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കാൻ പോകുന്നത്. അത് മത്സ്യമേഖലയെ എത്രത്തോളം ഗൗരവത്തോടുകൂടി ഈ ഗവൺമെന്റ് കാണുന്നു എന്നതിന് തെളിവാണ്. പ്രസംഗത്തിലല്ല; പ്രവൃത്തിയാണ് പ്രധാനമെന്ന് തെളിയിച്ചുകൊടുക്കുകയാണ് വകുപ്പും മന്ത്രിയും. ഇന്ന് അതാണ് കേരളത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. മറ്റുപല പദ്ധതികളും നടപ്പാക്കുന്നുണ്ട്. മത്സ്യമേഖലയിലുള്ളവരെ സാക്ഷരരാക്കി മാറ്റുന്നതിനുള്ള 'അക്ഷരസാഗരം' പദ്ധതി, മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം നഷ്ടപ്പെടാതിരിക്കാൻ ആ കുട്ടികളെ ദത്തെടുക്കുന്ന പദ്ധതി, 13 മത്സ്യബന്ധന തുറമുഖങ്ങൾ പുതുതായി ആരംഭിക്കുന്ന പദ്ധതി ഇതെല്ലാം പ്രാവർത്തികമാക്കുന്നതിന് ഫലപ്രദമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ ഇന്ന് പൊതുവിപണിയിലുള്ള മത്സ്യവിലയുടെ 40 ശതമാനംപോലും യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. മത്സ്യബന്ധന മേഖലയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്താനുള്ള നടപടികളും അതിനാവശ്യമായ നിയന്ത്രണങ്ങളും ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. മത്സ്യബന്ധന മേഖലയിൽ ഇടനിലക്കാർ കൂടുതൽ ലാഭം കൊയ്യുന്നത് അവസാനിപ്പിക്കാനും അവരുടെ ചൂഷണം ഒഴിവാക്കാനും യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് വില ലഭിക്കുന്നതിനുമാവശ്യമായ ഇടപെടലുകൾ ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ഉൾനാടൻ മേഖലയിൽ പെലാജിക് വലകളുടെ ഉപയോഗം കർശനമായി നിരോധിച്ചുകൊണ്ട് മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് നടത്തിയിട്ടുള്ള ഇടപെടൽ വളരെയേറെ

ആവേശകരവും ആഹ്ലാദകരവുമാണ്. മാത്രമല്ല, മത്സ്യമേഖലയിൽ പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് അന്താരാഷ്ട്ര ഏജൻസി കൂടിയായ 'Indian Ocean Rim Association'-ഉ മായി ചേർന്നുകൊണ്ട് ഇവിടെ നടപ്പിലാക്കാൻ പോകുന്ന 'ബ്ലൂ ഇക്കോണമി ഇനിഷ്യേറ്റീവ്' പദ്ധതികൂടി പ്രാവർത്തികമാകുമ്പോൾ മത്സ്യമേഖലയിലുണ്ടാകാൻ പോകുന്ന മാറ്റങ്ങൾ വിവരണാതീതവും വർണ്ണനാതീതവുമാകും. ഇതിനെയൊക്കെ എതിർക്കുന്നവർക്ക് മത്സ്യമേഖലയിൽ കടന്നുചെല്ലാൻപോലും കഴിയാത്ത സ്ഥിതിയുണ്ടാകുമെന്ന് അവരെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ജലസേചനത്തെക്കുറിച്ച് ഇവിടെ എല്ലാവരും സൂചിപ്പിച്ചു. മനുഷ്യന് വായുവും വെള്ളവുമാണ് പരമപ്രധാനം. വായു നമുക്ക് സൃഷ്ടിച്ചുകൊടുക്കാൻ കഴിയില്ല. നമുക്ക് ലഭിക്കുന്ന ജലം ഉപകാരപ്രദമായ രീതിയിൽ മാറ്റിയെടുക്കുന്നതിനുള്ള അതിശക്തമായ പ്രവർത്തനം ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്. ദീർഘവീക്ഷണത്തോടുകൂടി സാമ്പത്തികച്ചെലവ് എത്രയാണെങ്കിലും കടൽവെള്ളം സംരക്ഷിച്ച് കുടിവെള്ളമാക്കി മാറ്റാനുള്ള പദ്ധതികളെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 1800 ജലസംഭരണികൾ പുതുതായി നിർമ്മിച്ച് എന്റെ മണ്ഡലത്തിലെയും ഇതുവരെ ഉൾപ്പെടാതിരുന്ന കൊല്ലം കോർപ്പറേഷനിലേയും കുടിവെള്ള പദ്ധതികൾ സംരക്ഷിക്കുന്നതിന് 225 കോടി രൂപ നീക്കിവച്ചു. അതുസംബന്ധിച്ച് ഇവിടെ നേരത്തെ സൂചിപ്പിച്ചു. അരുവിക്കരയിൽനിന്നും വെള്ളം കൊണ്ടുവന്ന് തിരുവനന്തപുരത്തെ കുടിവെള്ളക്ഷാമം പരിഹരിച്ചതുപോലെ എല്ലാ സ്ഥലത്തും കുടിവെള്ളം ലഭ്യമാക്കണം. പദ്ധതികൾ നടപ്പിലാക്കാൻ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റും സുസ്മേരവദനനായി പ്രശ്നങ്ങളെ ക്ഷമാപൂർവ്വം കേട്ടുകൊണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമായ തീരുമാനങ്ങളെടുക്കുന്ന ഒരു മന്ത്രിയും ജലസേചന വകുപ്പിനുണ്ട് എന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള പദ്ധതികളുമായി മുന്നോട്ടു പോകാൻ കഴിയുന്നത്. 24 ലക്ഷം കുഴൽക്കിണറുകളുണ്ടെന്നാണ് പറയപ്പെടുന്നത്. അവയുടെ ഉപയോഗംവഴി ഭൂഗർഭ ജലത്തിന്റെ ലെവൽ വാട്ടർ ടേബിളിൽ ഒരു മീറ്റർ മുതൽ 4 മീറ്റർ വരെ താഴുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അത് സംരക്ഷിക്കുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കുടിവെള്ള സ്രോതസ്സുകളെയും പുഴകളെയും തോടുകളേയുമൊക്കെ സംരക്ഷിച്ചുകൊണ്ടും പൊതുശൃംഖലയെ ശക്തിപ്പെടുത്തിക്കൊണ്ടും ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തുന്ന ഈ ഗവൺമെന്റിനേയും ബന്ധപ്പെട്ട വകുപ്പിനേയും മന്ത്രിയേയും ധനാഭ്യർത്ഥനയേയും എങ്ങനെയാണ് എതിർക്കാൻ കഴിയുന്നത്?

പ്രതിപക്ഷത്തിന് ജനങ്ങളോട് യാതൊരുതരത്തിലുള്ള ഉത്തരവാദിത്വവും ഇല്ലെന്നുള്ളതുകൊണ്ടാണ് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്. കഴിഞ്ഞ ഒരു വർഷമായി എന്താണ് ഇവിടെ നടക്കുന്നത്? നമ്മൾ 'കൃത്രിമ മഴ' എന്നൊക്കെ

കേട്ടിട്ടുണ്ട്. അതുപോലെ 'കൃത്രിമ സമരങ്ങൾ' സൃഷ്ടിച്ച് ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാരിനെ അനുവദിക്കാതെ എത്ര സമരങ്ങളാണ് ഇവിടെ നടന്നത്? തോറ്റ് തുന്നംപാടിയ സമരങ്ങളുടെ ഒരു കുമ്പാരം തന്നെയുണ്ട്. സ്വാശ്രയം, ജിഷ്ണുവിന്റെ കുടുംബാംഗങ്ങളെ തെറ്റിദ്ധരിപ്പിച്ച് മഹിജയെ മുന്നിൽ നിർത്തിക്കൊണ്ട് നടത്തിയ സമരം ഒക്കെയുണ്ട്. അവർ അത് മനസ്സിലാക്കി ആ സമരത്തിൽനിന്ന് പിന്മാറി. ഏറ്റവും ഒടുവിൽ മൂന്നാളെ വച്ച് മൂന്നാറിൽ നടത്തിയ സമരമുൾപ്പെടെ പൊളിഞ്ഞത് നമ്മൾ കണ്ടു. അത് ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ഏറ്റെടുത്തു. ഇപ്പോഴും തോറ്റ സമരങ്ങളുടെ കഥകൾ മാത്രമാണ് അവർക്ക് പറയാനുള്ളത്. അന്നേരവും പറയുന്നത്, അടുത്ത കാവിലെ ഉത്സവത്തിന് കാണാം എന്നാണ്. 'യോദ്ധ' സിനിമയിൽ മോഹൻലാലിനോട് ജഗതി ശ്രീകുമാർ ഓരോ തവണ തോൽക്കുമ്പോഴും കാവിലെ ഉത്സവത്തിന് കാണാമെന്ന് പറയുന്ന അരശുംമൂട്ടിലെ അപ്പുക്കുട്ടന്മാരായി പ്രതിപക്ഷം മാറിയിരിക്കുകയാണ്. കേരള ജനത ഇത് തിരിച്ചറിയുന്നുണ്ട്. റൂൾ 50 ഇത്രയേറെ ദുരുപയോഗം ചെയ്ത പ്രതിപക്ഷമുണ്ടോ? പഴയ പ്രാദേശിക പത്രക്കാർ വൈകുന്നേരം സ്റ്റേഷനിൽ വിളിച്ച് അന്വേഷിക്കും; വാർത്ത എഴുതാൻ കേസ് വല്ലതുമുണ്ടോ? അവർക്ക് ആകെ കിട്ടുന്നത് അതാണ്. അതുപോലെ ഇപ്പോൾ കേസ് വല്ലതുമുണ്ടോയെന്ന് അന്വേഷിച്ച് നടക്കുകയാണ്. റൂൾ 50 അനുസരിച്ച് നാളത്തെ അടിയന്തര പ്രമേയത്തിന് വിഷയം തിരക്കി നടക്കേണ്ട ഗതികേടിലേയ്ക്ക് പ്രതിപക്ഷം പോകുകയാണ്. പിന്നെ ലീഗുകാർ കൂടുതലൊന്നും പറയണ്ട. പച്ചയോട് എന്തൊരു സ്നേഹമാണ്? ഇവിടെ ബഷീറിക്ക ഇല്ലേ; ബഷീറിക്ക എവിടെപ്പോയി; എന്താണ് പറഞ്ഞത്? പച്ചയാണ് എല്ലാം; ഹരിതകേരളം; പച്ചയോട് സ്നേഹം മൂത്തുമൂത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടത്തിയിട്ടുള്ള പണികൾ എന്താണെന്ന് നമുക്കറിയാം പ്രിയമുള്ളവരേ. അതിലേറ്റവും പ്രധാനം പച്ച ബ്ലൗസ്, പച്ച സാരി, എല്ലാം പച്ചമയം. ഒരു നിറമെന്നുള്ള അർത്ഥത്തിൽ ഞങ്ങളും പച്ചയെ സ്നേഹിക്കുന്നു; എല്ലാ നിറങ്ങളെയും സ്നേഹിക്കുന്നു. ഞങ്ങൾക്ക് ഒറ്റ കാര്യമേ പറയാനുള്ളൂ, ചുവപ്പിന്റെ ഭംഗി കണ്ട് വിറളി പൂണ്ടിട്ട് കാര്യമൊന്നുമില്ല. ഈ പച്ചയുടെ സ്നേഹം വന്നുവന്ന് ഭാഗ്യത്തിന് ഗവൺമെന്റിന്റെ കാലാവധി തീർന്നു. എന്ത് എവിടെ കേട്ടാലും പച്ചയാണ്. അങ്ങനെ കേട്ടുകേട്ട് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു പാട്ടുകേട്ടു.

'പച്ചമാങ്ങ പച്ചമാങ്ങ നാട്ടുമാവിലെ മാങ്ങ'.

എന്നാൽപ്പിന്നെ ഇതങ്ങ് രാവിലെ സ്കൂളിലെ പ്രാർത്ഥനാ ഗാനമാക്കി മാറ്റാമെന്ന് വിചാരിച്ചു. എന്തായാലും കാലാവധി കഴിഞ്ഞതുകൊണ്ട് കേരളത്തിലെ ജനങ്ങൾ രക്ഷപ്പെട്ടു. പ്രതിപക്ഷത്ത് ഇപ്പോൾ ഒരു പ്രവണത കണ്ടുവരുന്നുണ്ട്.

കഴിഞ്ഞ കുറേ നാളുകളായി പ്രതിപക്ഷം വാക്കൗട്ട് നടത്തുമ്പോൾ ഞാനും എന്റെ കക്ഷിയുമെന്നാണ് പ്രതിപക്ഷനേതാവ് പറയാറുള്ളത്. കുഞ്ഞാലിക്കുട്ടി സാഹിബ് പോയതിനുശേഷം ഡോ. എം.കെ. മുനീർ നേതാവായതുമുതൽ ഞങ്ങൾ ഒന്നടങ്കം പിന്താങ്ങുന്നുവെന്നാണ് പറയുന്നത്. അത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. ഞങ്ങൾ ജൂനിയേഴ്സായതുകൊണ്ട് അറിയാത്തതായിരിക്കും. ഈ പറയുന്ന സീനിയേഴ്സിൽനിന്ന് പഠിച്ചാൽ പലതും അബദ്ധങ്ങളാകും. തൃശ്ശൂർ പൂരത്തിന് തിടമ്പേറ്റി നിൽക്കുന്ന കൊമ്പനെപ്പോലെ, ജനങ്ങൾക്കാകെ ആശ്വാസമേകി, ജനങ്ങളുടെ മുന്നിൽ ശിരസ്സുയർത്തിനില്ക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനേയും ഈ ധനാഭ്യർത്ഥനകളേയും സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കോടതിയിൽനിന്നും 25,000/- രൂപയുടെ പിഴയേറ്റുവാങ്ങിയ ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കോടതിയിൽനിന്നും 25,000/- രൂപയുടെ പിഴ ഏറ്റുവാങ്ങാൻ ഈ സർക്കാർ 3 കോടി രൂപ ചെലവഴിച്ചു എന്നതാണ് ഏറ്റവും രസകരം. കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷിക്കുന്ന സന്ദർഭമാണിത്. കഴിഞ്ഞ 60 വർഷത്തിനിടയിൽ മാറിമാറി വന്ന നിരവധി സർക്കാരുകൾ മത്സ്യത്തൊഴിലാളികളുടെ വികസനത്തിനായി അനേകം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത്രയും പദ്ധതികൾ നടപ്പിലാക്കിയിട്ടും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവിത ദുരിതത്തിന് ഒരു പരിഹാരവുമായിട്ടില്ല. തികച്ചും പരിമിതമായ ജീവിത സാഹചര്യങ്ങളിലാണ് അവർ ജീവിക്കുന്നത്. ശുദ്ധജലം ലഭിക്കാത്ത സാഹചര്യം, ആരോഗ്യ പ്രശ്നങ്ങൾ ഇങ്ങനെ ഒട്ടനവധി കാര്യങ്ങളുണ്ട്. ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ഇടതിങ്ങി താമസിക്കുന്നതുകൊണ്ട് ഏതെങ്കിലും ഒരു പകർച്ചവ്യാധി പിടിപെട്ടാൽ അത് കാട്ടുതീപോലെ പടരും. അവർക്ക് നല്ല രീതിയിലുള്ള ആരോഗ്യസംരക്ഷണം നൽകാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. ഇന്ന് തീരദേശങ്ങളിലെ ആശുപത്രികളാകെ രോഗാതുരമായിരിക്കുകയാണ്. ഉച്ചകഴിഞ്ഞാൽ ഡോക്ടർമാരും സ്റ്റാഫുമില്ലാത്ത സാഹചര്യമാണ് ആശുപത്രികളിലുള്ളത്. തീരദേശമേഖല ആയതുകൊണ്ട് ഇക്കാര്യത്തിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും ആശുപത്രികളിൽ മരുന്നും സ്റ്റാഫും ഉറപ്പുവരുത്തുന്നതിന് പ്രത്യേക ഫണ്ട് ചെലവഴിക്കണമെന്നും ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ഭൂരഹിത-ഭവനരഹിത പദ്ധതി. 10 ലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് നൽകുന്നത്. അതിൽ 6 ലക്ഷം രൂപ ഭൂമി വാങ്ങുന്നതിനുവേണ്ടിയാണ് നൽകുന്നത്. ഈ സർക്കാർ വന്നതിനുശേഷം നടപ്പിലാക്കിയ ഈ പദ്ധതിയിൽ ഒരു സെന്റ് ഭൂമിപോലും

രജിസ്റ്റർ ചെയ്യാൻ ഇതുവരെയും സാധിച്ചിട്ടില്ലെന്നുള്ളത് വസ്തുതയാണ്. കാരണം, ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ഡി.എൽ.പി.സി. കൂടി വേണം ഭൂമി വാങ്ങാൻ തീരുമാനമെടുക്കേണ്ടത്. മാർക്കറ്റ് വിലയ്ക്ക് ഭൂമി വാങ്ങാൻ കഴിയാത്ത സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. ഈ പദ്ധതി പ്രകാരം ഭൂമി വാങ്ങാൻ പണം അനുവദിക്കുമ്പോൾ ഏത് രീതിയിലാണോ ഭൂമി വാങ്ങാൻ ഉദ്ദേശിക്കുന്നത് ആ രീതിയിൽതന്നെ ഭൂമി വാങ്ങാൻ അവർക്ക് അനുമതി കൊടുക്കണം. ബൾക്ക് പർച്ചേസിംഗിന് മാത്രം കളക്ടറുടെ നേതൃത്വത്തിലുള്ള ഡി.എൽ.പി.സി.-യെ ചുമതലപ്പെടുത്തുകയും അല്ലാത്തതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്നതു പോലെ ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും വേണം. മാത്രമല്ല, ആ ഭൂമി വിൽക്കുന്നയാൾ ഇൻകം ടാക്സ് കൊടുക്കേണ്ടിവരികയാണ്. ഇൻകം ടാക്സ് ഒഴിവാക്കാൻ സാധിക്കുകയില്ല. അതിന് എന്താണ് മാർഗ്ഗമെന്ന് ആലോചിച്ചില്ലെങ്കിൽ ആരും ഈ വിലയ്ക്ക് വസ്തു വിൽക്കുകയില്ല. മുഴുവൻ വിലയും ആധാരത്തിൽ കാണിച്ചെങ്കിൽ മാത്രമേ അതിന് സാധിക്കുകയുള്ളൂ. ലോക്കൽ പർച്ചേസിംഗിനെയും ഇൻകം ടാക്സിനെയും സംബന്ധിച്ച് ഒരു തീരുമാനം അടിയന്തരമായി എടുത്തില്ലെങ്കിൽ ഒരിക്കലും ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കില്ല. ഭവനനിർമ്മാണത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ പല ഉദ്യോഗസ്ഥരും അവർക്കിഷ്ടമില്ലാത്തവരുടെ അല്ലെങ്കിൽ കോൺഗ്രസ്സുകാരായ ആളുകളുടെ അപേക്ഷകൾ മാറ്റിവയ്ക്കുന്ന രീതിയുണ്ട്. അടിമലത്തുറയിൽ മുന്നൂറോളം അപേക്ഷകൾ സമർപ്പിച്ചു. പക്ഷെ അവരുടെ കണക്കിൽ തൊണ്ണൂറ് അപേക്ഷകൾ മാത്രമേ കിട്ടിയിട്ടുള്ളൂ. അതിൽനിന്നുമാണ് നറുക്കെടുപ്പ് നടത്തുന്നത്. അതുകൊണ്ട് അപേക്ഷ കൊടുക്കുമ്പോൾത്തന്നെ അതിന് രസീത് നൽകുന്ന സംവിധാനം അടിയന്തരമായി നടപ്പാക്കണം. വിഴിഞ്ഞം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് 475 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കി. വീട്, സ്ത്രീകളുടെ തൊഴിലവസരങ്ങൾ, പി.എസ്.സി./ഐ.എ.എസ്. കോച്ചിംഗ്, വൃദ്ധസദനങ്ങൾ വരെയുള്ള വിവിധ കംപോണന്റുകൾ ആ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പദ്ധതിയാണ്. ആ പദ്ധതി ഇപ്പോൾ ധനകാര്യ വകുപ്പിൽ ഉറങ്ങുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ആ പദ്ധതി അടിയന്തരമായി നടപ്പിലാക്കാനുള്ള പരിശ്രമം നടത്തണം.

കേന്ദ്ര ഗവൺമെന്റ് മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചു. സംസ്ഥാന ഗവൺമെന്റിന്റെ കുറ്റമാണെന്ന് പറയുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 125 ലിറ്റർ മണ്ണെണ്ണ കിട്ടിക്കൊണ്ടിരുന്ന സ്ഥാനത്ത് ഇപ്പോൾ 51 ലിറ്റർ മാത്രമാണ് ലഭിക്കുന്നത്. ഇതുകൊണ്ട് ഒരു ദിവസംപോലും മത്സ്യബന്ധനം നടത്താൻ കഴിയില്ല. ഇതിന് പരിഹാരമുണ്ടാക്കണം.

മത്സ്യബന്ധനം നടത്തിയില്ലെങ്കിൽ ആ വീടുകളെല്ലാം പട്ടിണിയിലാകും. എന്താണ് അതിനൊരു പരിഹാരമെന്ന് നമ്മൾ കണ്ടെത്തിയേ പറ്റൂ. കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണയുടെ വിഹിതം വെട്ടിക്കുറച്ചു എന്നുപറഞ്ഞ് സംസ്ഥാന ഗവൺമെന്റിന് നിഷ്ക്രിയരായിരിക്കാൻ സാധിക്കുകയില്ല. വെള്ള മണ്ണെണ്ണയുടെ സബ്സിഡി മൂന്നുമാസമായി മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല. അത് മുടങ്ങികിടക്കുകയാണ്. മണ്ണെണ്ണ ലഭിക്കാതിരുന്നാൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ കഴിയില്ല. വെന്റിലേറ്ററിലെ രോഗിക്ക് ഓക്സിജൻ നിഷേധിക്കുന്നതുപോലെയാണ് മത്സ്യബന്ധനത്തൊഴിലാളികൾക്ക് മണ്ണെണ്ണ നിഷേധിക്കുന്നത്. അത്രയും ഗൗരവമായ ഈ വിഷയത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം.

തണൽ പദ്ധതിയിൽ ഇൻസെന്റീവായി കൊടുക്കുന്ന 1,400 രൂപ മുടങ്ങിയിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാ കിറ്റ് വിതരണം അടുത്തകാലത്തായി നിലച്ച മട്ടാണ്. ഇതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ ട്രാൻസ്പാരന്റായ ഒരു സംവിധാനം സർക്കാർ അടിയന്തരമായി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

അതുപോലെ ജലസേചന വകുപ്പുമന്ത്രിയോട് ചില കാര്യങ്ങൾ പറയാനുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുള്ള ഒന്നുരണ്ട് പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. നെയ്യാറ്റിൻകര നിയോജകമണ്ഡലം ഉൾപ്പെടെയുള്ള നാല് പഞ്ചായത്തുകൾക്ക് പ്രയോജനം ചെയ്യുന്ന കുമിളി പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിലച്ചിരിക്കുകയാണ്. കരുംകുളത്ത് സ്ഥലമേറ്റെടുക്കാൻ ഗ്രാമപഞ്ചായത്ത് പണം അനുവദിച്ചിട്ടും നെഗോഷ്യബിൾ പർച്ചേസിനുള്ള അനുമതി ലഭിക്കാത്തതുകൊണ്ട് മുടങ്ങിയിരിക്കുകയാണ്. അടിമലത്തുറ-കൊച്ചുതുറ പ്രോജക്ട്, അതിയന്നൂർ-കോട്ടുകാൽ പ്രോജക്ട് തുടങ്ങിയവ ദ്രുതഗതിയിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. അതിയന്നൂർ-കോട്ടുകാൽ പ്രോജക്ടിന് ഈ ബജറ്റിൽ 25 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കാട്ടാക്കട നിയോജകമണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളും എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തും ഉൾപ്പെട്ട ചൂഴാറ്റുകോട്ട പദ്ധതി റെയിൽവേ ക്രോസ്സിംഗും മറ്റു ചില പ്രശ്നങ്ങളുമൊക്കെ കാരണം മുടങ്ങിയിരിക്കുകയാണ്. അത് എത്രയുംവേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

ഈ വിഷയങ്ങൾ നമ്മൾ ഇവിടെ ചർച്ച ചെയ്യുമ്പോൾ, ഇന്ന് കേരളത്തിലെ വിദ്യാർത്ഥി നേതാക്കൾ പോലീസിന്റെ നിഷ്ഠൂര മർദ്ദനങ്ങളേറ്റുവാങ്ങി മെഡിക്കൽ കോളേജിൽ കിടക്കുകയാണ്. ഇവിടത്തെ പോലീസിന് എന്തുപറ്റി? കഴിഞ്ഞ

ദിവസം നേമത്ത് ഒരു യൂത്ത് കോൺഗ്രസ് നേതാവിനെ അതിക്രൂരമായി മർദ്ദിച്ചു. അദ്ദേഹത്തിന്റെ ജനനേന്ദ്രിയം തകർന്നു. കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ പൊതുപ്രവർത്തകരുടെ ജനനേന്ദ്രിയം തകർക്കുന്ന കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. പോലീസിന്റെ നിഷ്ഠുരവും പൈശാചികവുമായ നടപടികൾക്ക് പിന്തുണ നൽകുകയാണ് ഇവിടത്തെ ഭരണകൂടം. ഈ ഗവൺമെന്റ് ഒന്നാം വാർഷികം ആഘോഷിക്കാൻ പോകുകയാണ്. എന്തിന്റെ വാർഷികമാണ് നിങ്ങൾ ആഘോഷിക്കാൻ പോകുന്നത്? വിലക്കയറ്റത്തിന്റെയും പോലീസിന്റെ വീഴ്ച പരമ്പരകളുടെയും ക്രമസമാധാനത്തകർച്ചയുടെയും നിഷ്ക്രിയത്വത്തിന്റെയും സ്വാശ്രയ കൊള്ളയുടെയും ഉപദേശി ഭരണത്തിന്റെയും മകനെ നഷ്ടപ്പെട്ട ഒരമ്മയെ നടുറോഡിലിട്ട് ചവിട്ടി അരച്ച ഭരണകൂടത്തിന്റെയും കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഒരു ഗവൺമെന്റിന്റെയും കോടതിയിൽനിന്ന് പിഴയേറ്റുവാങ്ങിയ ഒരു സർക്കാരിന്റെയും ഒന്നാം വാർഷികമാണ് നിങ്ങൾ ഇവിടെ ആഘോഷിക്കാൻ പോകുന്നത്. നിങ്ങൾ ബി.ജെ.പി. ബന്ധത്തെക്കുറിച്ചുപറഞ്ഞ് എല്ലാ കാലത്തും ഞങ്ങളെ കുറ്റപ്പെടുത്തുന്നു. ഇന്ത്യയുടെ രാഷ്ട്രീയ യാഥാർത്ഥ്യം എന്തുകൊണ്ടാണ് ഇവർ മനസ്സിലാക്കാത്തത്? ബി.ജെ.പി. പരാജയപ്പെട്ടാലേ കോൺഗ്രസ്സിന് ജയിക്കാൻ സാധിക്കൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... കൺക്ലൂഡ്.

ശ്രീ. എം. വിൻസെന്റ്: സർ, ആ രാഷ്ട്രീയ സാഹചര്യം നിലനിൽക്കെ ഇവിടെ കോൺഗ്രസ്-ബി.ജെ.പി. ബന്ധം പറയുന്നു. ബഹുമാനപ്പെട്ട കാട്ടാക്കട മെമ്പർ ഇവിടെയുണ്ട്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട നേമം ബ്ലോക്ക് പഞ്ചായത്തിൽ അവിശ്വാസപ്രമേയം കൊണ്ടുവന്നു. ബി.ജെ.പി.-യുടെ പിന്തുണയില്ലാതെ അവിശ്വാസപ്രമേയം പാസ്സാകുകയില്ലെന്ന് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും അറിയാമായിരുന്നിട്ടും അവിശ്വാസപ്രമേയം അവതരിപ്പിക്കുകയും ബി.ജെ.പി.-യുടെ സഹായത്തോടുകൂടി കോൺഗ്രസ് ഭരണകൂടത്തെ പുറത്താക്കുകയും ചെയ്തിരിക്കുകയാണ്. സി.പി.ഐ.(എം.)-ബി.ജെ.പി. ബാന്ധവത്തിന്റെ അവസാനത്തെ ഉദാഹരണമായി ഇതിനെ കാണാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് രണ്ടുമിനിറ്റ് കൂടുതലെടുത്തു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഒരുകാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സ്വപ്നപദ്ധതിയായ കൊച്ചി മെട്രോയുടെ ഉദ്ഘാടനം നടക്കാൻ പോകുകയാണ്. അതിന് പ്രധാനമന്ത്രിയെ ക്ഷണിക്കാൻ പോകുന്നുവെന്നാണ് കേൾക്കുന്നത്. കേരളത്തിന്റെ അരി-മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ച, ജീവൽപ്രശ്നങ്ങളുമായി സർവ്വകക്ഷി സംഘം ഡൽഹിയിലേയ്ക്ക് പോകുമ്പോൾ അവരെ കാണാനുള്ള അനുമതി നിഷേധിക്കുന്ന പ്രധാനമന്ത്രിയെ

കേരളത്തിന്റെ സ്വപ്നപദ്ധതിയുടെ ഉദ്ഘാടനത്തിന് ക്ഷണിക്കരുതെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അതിശക്തമായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഐ. ബി. സതീഷ്: സർ, ഈ ധനാഭ്യർത്ഥനകളെ അനല്പമായ ആഹ്ലാദത്തോടും അതിലേറെ സംതൃപ്തിയോടുംകൂടിയാണ് ഞാൻ അനുകൂലിക്കുന്നത്. പുരാണത്തിൽ ഭഗീരഥൻ നടത്തിയ തപസ്സിന്റെ കഥയുണ്ട്. അതാണ് മലയാളികളുടെ പദാവലിയിൽ ഭഗീരഥപ്രയത്നം എന്ന നിലയിൽ ചേർക്കപ്പെട്ടത്. കപില മഹർഷിയുടെ കോപാഗ്നിയിൽ വെന്തെരിയപ്പെട്ട സഗര ചക്രവർത്തിയുടെ 60,000 മക്കൾക്ക് ഉദകക്രിയയ്ക്കായി ഭഗീരഥൻ തപസ്സുചെയ്ത് ഗംഗയെ ഭൂമിയിലേയ്ക്ക് കൊണ്ടുവന്നു. ഇവിടെ തപശക്തികൊണ്ടല്ല, മനഃശക്തികൊണ്ടും കർമ്മശക്തികൊണ്ടും ദൗത്യസംഘംപോലെ പ്രവർത്തിക്കുന്ന ഒരു മന്ത്രിസഭയുടെ സാന്നിധ്യമാണ് മലയാളികൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ബജറ്റ് പ്രസംഗത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 'മഞ്ഞ്' എന്ന കഥയെക്കുറിച്ചും സിനിമയെക്കുറിച്ചും ഓർമ്മിപ്പിച്ചത് നൈനിറ്റാളിനെ പരിചയപ്പെടുത്താൻവേണ്ടിയാണ്. ഇന്നും ഒരു കുളിർമയായി നൈനിറ്റാൾ മലയാളികളുടെ മനസ്സിലുണ്ട്. പക്ഷേ മലയാളത്തിന്റെ, കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? കിഴക്കോട്ട് ഒഴുകുന്ന മൂന്ന് നദികൾ, പടിഞ്ഞാറോട്ട് ഒഴുകുന്ന നാല്പത്തിയൊന്ന് നദികൾ, സമൃദ്ധമായ മഴ, കായലുകൾ, തടാകങ്ങൾ ഇവയെല്ലാം മാഞ്ഞുമാഞ്ഞ് നേർത്തുനേർത്ത് ഇല്ലാതാകുന്ന ചിത്രങ്ങളാകുകയാണ്. ഈ കേരളത്തെ എങ്ങനെ വീണ്ടെടുക്കാൻ സാധിക്കും? ആ അന്വേഷണത്തിന്റെ സൃഷ്ടിയാണ് ഹരിത കേരളം എന്ന ആശയം. നാം ചെന്നെത്തപ്പെട്ടിരിക്കുന്ന ദുരിതപൂർണ്ണമായ, പേടിപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമുണ്ട്. കേരളം കടുത്ത ജലസമ്മർദ്ദത്തിലേയ്ക്കും രൂക്ഷമായ ജലക്ഷാമത്തിലേയ്ക്കും വഴുതിവീഴുന്നുവെന്ന യാഥാർത്ഥ്യം തിരിച്ചറിയേണ്ടതുണ്ട്. ഭൂഗർഭ ജലനിരപ്പ് അപായകരമാംവിധം താഴ്ന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിന് മഴ കുറവാണ്. വാർഷിക മഴ 3000 മില്ലിമീറ്ററാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. 2016-ൽ 1869.5 മില്ലി മീറ്റർ മഴ മാത്രമാണ് നമുക്ക് ലഭിച്ചത്. അപ്പോഴും ഭൂഗർഭ ജലനിരപ്പ് ഇത്രയും താഴേണ്ട കാര്യമുണ്ടെന്ന് വിദഗ്ദ്ധന്മാർ പറയുന്നില്ല. 685 മില്ലി മീറ്റർ മാത്രം മഴ പെയ്യുന്ന ചൈനയിൽ 10 മീറ്ററും 214 മില്ലി മീറ്റർ മാത്രം മഴ ലഭിക്കുന്ന ഇറാക്കിൽ 7 മീറ്ററും മാത്രമാണ് ഭൂഗർഭ ജലനിരപ്പിന്റെ താഴ്ച. പക്ഷേ കേരളത്തിൽ അത് 4 മുതൽ 20 മീറ്റർ വരെയാണെന്നത് ഓരോ മലയാളികളെയും ഞെട്ടിപ്പിക്കുന്നതാണ്. കുടിവെള്ളം കുപ്പിയിൽപ്പോലും കിട്ടാത്ത കടുത്ത വരൾച്ചയുടെ കാലത്തിലേയ്ക്കാണ് മലയാളി പൊയ്ക്കൊണ്ടിരിക്കുന്നത്. 65 ശതമാനം ഗ്രാമീണരും 59 ശതമാനം നഗരവാസികളും ആശ്രയിക്കുന്നത് കിണറുകളെയാണ്, പ്രകൃതിജന്യ

ജലസ്രോതസ്സുകളെയാണ്. ഇങ്ങനെ വറ്റിവരളുന്ന കാലത്ത് നമുക്ക് എന്തുചെയ്യാൻ കഴിയും? ആ കർത്തവ്യം തിരിച്ചറിഞ്ഞുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഹരിത കേരളം എന്ന കാഴ്ചപ്പാട് അവതരിപ്പിക്കുന്നത്, ജലസമൃദ്ധി എന്ന ആശയം മുന്നോട്ടുവയ്ക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനം ഇവിടെ ആവശ്യമായിവന്നിരിക്കുന്നു. ജലസേചന വകുപ്പിന് മാത്രമായി ഈ പ്രതിസന്ധി മറികടക്കാനാവില്ലെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. നമുക്ക് ശരിയായ ജലസംരക്ഷണ നയം ഉണ്ടായിരുന്നില്ല. ഒരു ജലസംരക്ഷണ നയത്തിന്റെ അനിവാര്യത ഈ യാഥാർത്ഥ്യം നമ്മെ ബോധ്യപ്പെടുത്തുന്നു. കേരളത്തിലെ മൂന്ന് ബ്ലോക്കുകൾ അപകടാവസ്ഥയിലും ഇരുപത്തിയഞ്ചോളം ബ്ലോക്കുകൾ സെമിക്രിട്ടിക്കൽ അവസ്ഥയിലും എത്തിനിൽക്കുന്നു. എങ്ങനെയാണ് ഈ പ്രതിസന്ധിയെ മറികടക്കുന്നത്? പഴമക്കാർ പറഞ്ഞ ഒരു ചൊല്ലുണ്ട്, അത് മന്ത്രം പോലെ പാടുകയും ആവിഷ്കരിക്കുകയും ചെയ്യണം, അത് മറ്റൊന്നുമല്ല, "ഓടുന്ന വെള്ളത്തെ നടത്തണം, നടക്കുന്ന വെള്ളത്തെ ഇരുത്തണം, ഇരിക്കുന്ന വെള്ളത്തെ കിടത്തണം, കിടക്കുന്ന വെള്ളത്തെ ഭൂമിയിൽ ഉറക്കണം, അടുത്ത തലമുറയ്ക്കായി കരുതിവയ്ക്കണം.” അടുത്ത തലമുറയ്ക്കായി നമ്മൾ കൈമാറേണ്ടത് ധാരാളം പൂജ്യങ്ങളുള്ള പാസ് ബുക്കോ സ്വർണ്ണാഭരണങ്ങളോ പണ്ടങ്ങളോ മാത്രമല്ല നനവുള്ള മണ്ണിനെ, നനവുള്ള ഭൂമിയെ അടുത്ത തലമുറയ്ക്കായി കരുതിവയ്ക്കണം. അതിനുള്ള ചരിത്രപരമായ ഉത്തരവാദിത്വവും ബാധ്യതയും ഏറ്റെടുക്കുന്ന ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരെന്ന് ഭാവിതലമുറ ഉറക്കെ പറയുകയും ചരിത്രത്തിൽ കുറിക്കുകയും ചെയ്യും. 39 ശതമാനം മലയാളികൾ ആശ്രയിക്കുന്നത് പൊതുവിതരണ ശൃംഖലയെയാണ്. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താനുള്ള ഏറ്റവും സമയോചിതവും ധീരവുമായ നിലപാടുകളാണ് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ടീം ആയി നിന്നുകൊണ്ട് ഇവിടെ നടത്തിയത്. ഇവിടെ പലരും പ്രാദേശികവികാരം കത്തിക്കുന്നതിനുവേണ്ടി തികച്ചും അപകടകരമായ ചില സമീപനങ്ങൾ സ്വീകരിക്കുന്നുണ്ട്. എന്തായിരുന്നു യാഥാർത്ഥ്യം? തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, റീജിയണൽ കാൻസർ സെന്റർ, ശ്രീചിത്രാ മെഡിക്കൽ സെന്റർ തുടങ്ങി എത്രയെത്ര ആശുപത്രികൾ, അവിടത്തെ രോഗികൾക്ക് ഈ മാസം 15-ാം തീയതി വെള്ളം കിട്ടാത്ത അവസ്ഥ വന്നിരുന്നുവെങ്കിൽ ഈ തലസ്ഥാനത്തിന്റെ സ്ഥിതി എന്താകുമായിരുന്നു? കേരളത്തിലെ വിവിധ ഭാഗങ്ങളിൽനിന്നുള്ള രോഗികളാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ഒരു ക്രൈസിസ് മാനേജ്മെന്റ് എങ്ങനെയാണ് ഉണർന്ന് പ്രവർത്തിക്കേണ്ടതെന്ന് ബോധ്യപ്പെടുത്തിക്കൊണ്ടാണ് അവർ പ്രവർത്തിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പ് സെക്രട്ടറിമാർ,

പമ്പ് ഓപ്പറേറ്റർമാർ ഉൾപ്പെടെ എല്ലാവരും ഒറ്റമനസ്സായി, ഒരു ടീമായി ഒരു ദൗത്യനിർവ്വഹണസംഘം എങ്ങനെയാണോ പ്രവർത്തിക്കേണ്ടത് അങ്ങനെ പ്രവർത്തിച്ചു. ഇത് കേരളത്തിന് നൽകുന്ന പ്രതീക്ഷ വളരെ വലുതാണ്. 1934-ൽ വില്ലിംഗ്ടൺ വാട്ടർ പ്രോജക്ടായി ആരംഭിച്ചതാണ് അരുവിക്കരയിലെ കുടിവെള്ള പദ്ധതി. ആ പദ്ധതി ഇന്ന് പ്രതിസന്ധിയിൽ നിൽക്കുന്ന അവസ്ഥ മറികടക്കാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികൾ ആവശ്യമായി വരികയാണ്. കാച്ച്മെന്റ് ഏരിയയിലെ കയ്യേറ്റം കണ്ടെത്താനും ഒഴിപ്പിക്കാനുമുള്ള ധീരമായ ചുവടുവയ്പുകൾ ആവശ്യമാണ്. അവിടെ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കംചെയ്ത് ജലസംഭരണിയുടെ ശേഷി വർദ്ധിപ്പിക്കാനുള്ള ശ്രമം പണ്ട് വി. എസ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചത് പാതിവഴിയിൽ ഉപേക്ഷിച്ചിരിക്കുകയാണ്. അത് തുടരേണ്ടതുണ്ട്. കാലപ്പഴക്കംചെന്ന പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം പരിശോധിക്കപ്പെടേണ്ടതുണ്ട്. അതുപോലെ അരുവിക്കര ഡാം ഉൾപ്പെടെയുള്ള കുടിവെള്ള സംഭരണികളിൽ എത്രമാത്രം വെള്ളമാണ് സംഭരിക്കുന്നതെന്നും ഓരോ ദിവസവും എത്രമാത്രം വെള്ളമാണ് വിതരണം ചെയ്യുന്നതെന്നുമുള്ള ആഡിറ്റിംഗ് ഉണ്ടാകേണ്ടതാണ്. ജലചൂഷണം/ജലമോഷണം എന്നിവ തടയുന്നതിനുള്ള ആന്റി തെഫ്റ്റ് സമീപനം കർശനമായി നടപ്പാക്കാൻ സാധിക്കണം. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ചരിത്രത്തിൽ തിളക്കമുള്ള ഒരു സംഭാവന നൽകുന്നത് അക്ഷേഷ്യാവത്ക്കരണത്തിന്റെ അപകടത്തിൽനിന്ന് മലയാളിയെ രക്ഷിച്ച ഒരു സർക്കാർ എന്ന നിലയിൽക്കൂടിയായിരിക്കുമെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ പ്രതിപക്ഷത്തിന് എന്തുപറ്റി; അവരുടെ മുദ്രാവാക്യങ്ങൾക്ക് മുഴക്കം നഷ്ടപ്പെട്ടിരിക്കുന്നു. കഴിഞ്ഞ പതിനൊന്ന് മാസത്തിനിടയിൽ അവർ നടത്തിയിട്ടുള്ള സമരങ്ങൾ, ജനങ്ങൾ തിരസ്കരിച്ച സമരങ്ങളായി മാറിയില്ലേ? എത്രയെത്ര ഉദാഹരണങ്ങൾ, ഒരു നിയമസഭാ സമ്മേളന കാലത്ത് ആരംഭിച്ച സമരം ആ സെഷൻ നേരത്തെ അവസാനിപ്പിച്ചതുകൊണ്ടുമാത്രം രക്ഷപ്പെട്ട ചരിത്രം നമ്മുടെ മുന്നിലുണ്ട്. ഒടുവിൽ മൂന്നാറിൽ ആരംഭിച്ച സമരം അവസാനിപ്പിക്കാൻ കണ്ടെത്തിയ ന്യായം "ഞങ്ങൾ മണിയാശാനുമായിട്ടല്ല സമരം നടത്തിയത്, സർക്കിൾ ഇൻസ്പെക്ടറുടെ പെരുമാറ്റ ദൂഷ്യത്തിനെതിരായിട്ടാണ്" എന്ന് പറയേണ്ടിവന്നു. യു.ഡി.എഫ്.-ന്റെയും ബി.ജെ.പി.-യുടെയും നേതാക്കൾ ഇവിടെനിന്ന് ഷട്ടിൽ സർവ്വീസായിരുന്നില്ലേ നടത്തിയത്. അപഹാസ്യരാവുകയാണ് യു.ഡി.എഫ്.-ന്റെ നേതാക്കൾ. ഇത് വജ്രജൂബിലി വർഷമാണ്. ഇ.എം.എസ്.-ന്റെ പ്രതിമയ്ക്ക് അരികിൽനിന്നും തിരിഞ്ഞുനടന്ന ഇവിടത്തെ പ്രതിപക്ഷം യഥാർത്ഥത്തിൽ രാഷ്ട്രീയബോധമുള്ള മലയാളികളുടെ മനസ്സിൽനിന്നാണ്

തിരിഞ്ഞുനടന്നത്. 'ഇ.എം.എസ്.-നെ ഈയം പൂശി ഈയലുപോലെ പറപ്പിക്കും' എന്ന മുദ്രാവാക്യം വിളിച്ച ബാല്യകാലത്തെ മധുരസ്മൃതികൾ മനസ്സിൽ സൂക്ഷിക്കുന്നവർ ഇന്നും ഇ.എം.എസ്. എന്ന മൂന്ന് അക്ഷരത്തെ എത്രമാത്രം ഭയപ്പെടുന്നുവെന്നുള്ളതാണ്, അദ്ദേഹം മുന്നോട്ടുവച്ച ആശയങ്ങളെ എത്രമാത്രം ഭയപ്പെടുന്നതുകൊണ്ടാണ് അവർ തിരിഞ്ഞുനടന്നത്.

ശ്രീ. പി. ടി. തോമസ്: സർ, നിയമസഭയുടെ 60-ാം വാർഷികം ആചരിച്ച ദിവസം ഇ.എം.എസ്. പ്രതിമയുടെ മുന്നിൽ പുഷ്പാർച്ചന നടത്താതെ തിരിഞ്ഞു നടന്നുവെന്ന അർത്ഥത്തിലാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. അങ്ങനെയൊരു സംഭവമില്ല. യഥാർത്ഥത്തിലുണ്ടായത്, നിയമസഭയ്ക്കകത്ത് പുഷ്പാർച്ചന നടത്താനേ തീരുമാനമുണ്ടായിരുന്നുള്ളൂ. ബാക്കിയുള്ളത് സി.പി.ഐ (എം)-ന്റെ തീരുമാനമാണ്. ഇ.എം.എസ്.-നോട് ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. നിയമസഭയുടെ കോമ്പൗണ്ടിലുള്ള ഒരു കാര്യം മാത്രമേ പ്രതിപക്ഷനേതാവോ അല്ലെങ്കിൽ കോൺഗ്രസ്സ് പാർട്ടിയോ യു.ഡി.എഫ്.-ഉം ആയി ചർച്ച ചെയ്തിരുന്നുള്ളൂ. അതുകൊണ്ടാണ് സഹകരിക്കാതിരുന്നത്, അക്കാര്യത്തിൽ അങ്ങ് തെറ്റിദ്ധരിക്കരുത്. ഇ.എം.എസ്.-ന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തണമെന്ന് പൊതുവായി ഒരു തീരുമാനമെടുത്തിരുന്നുവെങ്കിൽ ഞങ്ങൾ തീർച്ചയായും സഹകരിക്കുമായിരുന്നു. അത് രേഖയിൽ തെറ്റായി വരാതിരിക്കാൻ വിശദീകരിച്ചുവെന്നേയുള്ളൂ.

2.00 p.m.]

ശ്രീ. ഐ. ബി. സതീഷ്: സർ, ഇങ്ങനെയൊരു വ്യാഖ്യാനം വളരെ വൈകിയാണ് ഏതെങ്കിലുമൊരു പ്രതിപക്ഷ പാർട്ടിയിൽപ്പെട്ടയാൾ ഈ സഭയിൽ ഉന്നയിക്കുന്നത്. ഇതിനുമുമ്പ് നിരവധി തവണ ഈ വാദം ഇവിടെ അവതരിപ്പിച്ചതാണ്. എന്തായാലും വൈകി വന്ന വിവേകമാണെങ്കിൽ അതിനെ ആ നിലയ്ക്ക് അംഗീകരിക്കാൻ തയ്യാറാണ്. പക്ഷെ ഇ.എം.എസ്. എന്ന മൂന്ന് അക്ഷരത്തോട് നിങ്ങൾ സ്വീകരിക്കുന്ന നിലപാടിനെ ഈ നാട്ടിലെ മലയാളി സമൂഹം തിരിച്ചറിയുകതന്നെ ചെയ്യും. പോലീസ് നയത്തെക്കുറിച്ച് എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എം. വിൻസെന്റ് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഓർമ്മയുണ്ടോയെന്ന് എനിക്കറിയില്ല, നിയമവിരുദ്ധമായി ഒരു കോളേജിൽ പ്രവേശനം നൽകണമെന്ന തെറ്റായ നയത്തിനെതിരെ യുവജനക്ഷേമ ബോർഡിന്റെ വൈസ് ചെയർമാനായ ശ്രീ. പി. ബിജു സമരം നടത്തിയപ്പോൾ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന അദ്ദേഹത്തിനുനേരെ നിറതോക്ക് ചൂണ്ടിനിന്ന പോലീസ് ഉദ്യോഗസ്ഥന്റെ മുഖം ഓർമ്മയുണ്ടോ; വെടിയുതിർക്കുക മാത്രമല്ല ശ്രീ. ബിജുവിന്റെ

തല തല്ലിപ്പൊളിക്കുകയും ചെയ്തു. ആ പോലീസ് ഉദ്യോഗസ്ഥനെ നിങ്ങൾ എങ്ങനെയാണ് സ്വീകരിച്ചത്; ഇവിടെ ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് ഒരു പോലീസ് ഉദ്യോഗസ്ഥനെക്കുറിച്ച് പരാതി നൽകി. ഉടൻതന്നെ നടപടിയെടുക്കാൻ ആർജ്ജവം കാണിച്ച സർക്കാരാണിത്. തീർച്ചയായും നിങ്ങൾ പറയുമ്പോൾ അനന്തുവിനെക്കുറിച്ച് ഓർക്കണമായിരുന്നു. ഇന്നലെ പ്ലസ് ടു പരീക്ഷയുടെ റിസൾട്ട് വന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ജില്ലയായ ആലപ്പുഴയിലെ പ്ലസ് ടു വിദ്യാർത്ഥിയായ അനന്തു ഉയർന്ന വിജയം നേടിയപ്പോൾ ഈ ലോകത്തുനിന്നും പോയി. എന്തുകൊണ്ടാണ്; ശാഖയിൽ പോകാത്തതുകൊണ്ട് ആർ.എസ്.എസ്. പ്രവർത്തകർ മർദ്ദിച്ചുകൊന്ന അനന്തുവിനെക്കുറിച്ച് പ്രതിപക്ഷത്തുള്ള ആരെങ്കിലും ഇവിടെ ശബ്ദിച്ചോ; നിങ്ങൾക്ക് രാഷ്ട്രീയ പാപ്പരത്തം പിടിപെട്ടിരിക്കുന്നു. നിങ്ങൾ നിഷേധാത്മകതയുടെ പ്രതിരൂപങ്ങളായിരിക്കുന്നു. നെഗറ്റീവിസമെന്ന ആംഗലേയ വാക്കിന്റെ മലയാള പരിഭാഷയായി കേരളത്തിന്റെ പ്രതിപക്ഷം മാറിയിരിക്കുന്നുവെന്ന യാഥാർത്ഥ്യം, കരച്ചിൽ വരാതെ കരയുകയും ചിരി വരാതെ ചിരിക്കുകയും ചെയ്യുന്ന കാപട്യമായി കേരളത്തിലെ പ്രതിപക്ഷം മാറിയിരിക്കുന്നുവെന്ന യാഥാർത്ഥ്യം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. അന്തിച്ചർച്ചകളിലൂടെയും പത്രങ്ങളിലെ വലിയ തലക്കെട്ടുകളിലൂടെയുമല്ല, ഗുണഭോക്താക്കളായ ആയിരക്കണക്കിന് മലയാളികളായ മനുഷ്യർ കാതോട് കാതോരം പറയുന്ന വർണ്ണനകളിലൂടെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മലയാളികളുടെ മനസ്സിൽ ജ്വലിച്ചു നിൽക്കുന്നതെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഞാൻ ഇപ്പോൾ ആകെ ആശയക്കുഴപ്പത്തിലാണ്. ധർമ്മസങ്കടമെന്തെന്ന് ഞാൻ ഇപ്പോൾ അനുഭവിച്ചറിയുകയാണ്. ഇവിടെ എനിക്കുമുമ്പ് പ്രസംഗിച്ച പല എം.എൽ.എ.-മാരും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി സദാ സുസ്മേരവദനനാണെന്ന് പറഞ്ഞു. ഞാനത് എന്റെ നെഞ്ചിൽ കൈവച്ച് ആത്മാർത്ഥമായി അംഗീകരിക്കുകയാണ്. അദ്ദേഹം സുസ്മേരവദനൻ മാത്രമല്ല, വളരെ നിഷ്കളങ്കനാണ്, നിഷ്കാമകർമ്മിയാണ്, നിസ്വാർത്ഥനാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ഈ ധനാഭ്യർത്ഥനകളെ എങ്ങനെ ഞാൻ എതിർക്കുമെന്ന കാര്യത്തിൽ എനിക്ക് വളരെയധികം വിഷമമുണ്ട്. പക്ഷെ ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണച്ചാൽ ഉടലോടെ ഈ സഭയിൽ വരാൻ കഴിയില്ലെന്ന് എനിക്കറിയാം. കാരണം വെള്ളിയാഴ്ച സഭ പിരിഞ്ഞ് നമ്മൾ നാട്ടിലേയ്ക്കുപോകും. ശനിയാഴ്ച രാവിലെ നാട്ടിൽ വണ്ടിയിറങ്ങിയാൽ എന്റെ നാട്ടുകാർ എന്റെ കയ്യും കാലും തല്ലിയൊടിക്കും. 30 വർഷമായി ഉപ്പുവെള്ളം കുടിക്കുന്ന ഒരു ജനത അങ്ങനെ പ്രതികരിച്ചില്ലെങ്കിൽ മാത്രമേ അത്ഭുതമുള്ളൂ. എന്റെ

നാട്ടുകാരുടെ ക്ഷമയെ നമ്മളെല്ലാവരും അംഗീകരിക്കണം. ഇവിടെ ക്ഷമയ്ക്ക് ഒരു നോബൽ സമ്മാനം ഏർപ്പെടുത്തുകയാണെങ്കിൽ അത് കാസർഗോഡ് ജില്ലയിലെ എന്റെ മണ്ഡലത്തിലെ ആളുകൾക്ക് കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. സ്വരാജ്: സർ, അങ്ങയെ ജയിപ്പിച്ചുവിട്ടതിനാണോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എന്നെ ജയിപ്പിച്ചുവിട്ടത് ഈവക പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടിയാണ്. ഞാൻ ഇവിടെ രാഷ്ട്രീയം പറയുന്നില്ല. എന്നെക്കൊണ്ട് രാഷ്ട്രീയം പറയിപ്പിക്കണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ എന്റെ പ്രസംഗത്തിൽ രാഷ്ട്രീയം പറയാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ കുടിവെള്ളത്തെക്കുറിച്ച് പറയുമ്പോൾ എന്തിനാണ് നമ്മൾ രാഷ്ട്രീയം കൊണ്ടുവരുന്നത്? ഈ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാൻ എനിക്ക് വാസ്തവത്തിൽ താല്പര്യമില്ലായിരുന്നു. ധനാഭ്യർത്ഥന ചർച്ച ഇവിടെ നടക്കുമ്പോൾ നിയമസഭയുടെ കവാടത്തിൽ എന്റെ നാട്ടുകാർക്കുവേണ്ടി ധർണ്ണയിരിക്കാനാണ് ഞാൻ ഉദ്ദേശിച്ചത്. പക്ഷെ എന്റെ അസംബ്ലി പാർട്ടി ലീഡർ ഡോ. എം. കെ. മുനീറും ഡെപ്യൂട്ടി ലീഡർ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും "ധർണ്ണയിരിക്കണ്ട ബഹുമാനപ്പെട്ട മന്ത്രി എല്ലാ കാര്യങ്ങളും ശരിയാക്കിത്തരുമെന്നും വളരെ പ്രതിബദ്ധതയുള്ള മന്ത്രിയാണെന്നും" ഒക്കെ പറഞ്ഞതുകൊണ്ടാണ് ഈ ചർച്ചയിൽ വളരെ പ്രതീക്ഷയോടുകൂടി ഞാൻ പങ്കെടുക്കുന്നതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ആ പ്രതീക്ഷ പഴയ പ്രതീക്ഷ പോലെ ആകാൻ പാടില്ലെന്നാണ് എനിക്ക് മന്ത്രിയോട് പറയാനുള്ളത്. നമ്മൾ പല അവസരങ്ങളിലും ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിനെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി മാത്രമല്ല, അത് ആരായാലും ശരി, മുൻഗാമികളൊക്കെ എന്താണ് പറഞ്ഞത്, ഇൻവെസ്റ്റിഗേഷൻ, റീ-ഇൻവെസ്റ്റിഗേഷൻ, ടെണ്ടർ, റീ-ടെണ്ടർ, ആ കരാറുകാരൻ, ഈ കരാറുകാരൻ, മറ്റേ കരാറുകാരൻ എന്നൊക്കെ പറഞ്ഞ് മൂന്ന് പതിറ്റാണ്ടാണ് പാഴാക്കിയത്. എം.ടി.-യുടെ കാലത്തിലെ സേതു പറയുന്നതുപോലെ, വരും വരാതിരിക്കില്ലെന്ന് പറഞ്ഞ് ഇനി കാസർഗോഡുകാർ കാത്തിരിക്കുമെന്ന് അങ്ങ് കരുതണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. യുദ്ധകാലാടിസ്ഥാനത്തിൽ ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം നടത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കാനുള്ളത്. അതുസംബന്ധിച്ച് മുൻകാലങ്ങളിലെപ്പോലുള്ള ഒരു അഴകൊഴമ്പൻ മറുപടിയല്ല ഞാൻ ഇന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ചില പാലങ്ങളൊക്കെ അടിയന്തരഘട്ടത്തിൽ പട്ടാളക്കാരെ വിളിച്ച് പണികഴിപ്പിച്ചിട്ടുണ്ട്. അങ്ങനെ യുദ്ധകാലാടിസ്ഥാനത്തിലുള്ള അപ്രോച്ച് ഇക്കാര്യത്തിലും

ഉണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് വളരെ വിനയത്തോടുകൂടി പറയാനുള്ളത്. ഇന്നത്തെ മറുപടി പ്രസംഗത്തിൽ ഒരു പ്രഖ്യാപനംകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയിൽനിന്ന് പ്രതീക്ഷിക്കുന്നു. മൂന്ന് മാസമായി കാസർഗോഡുള്ള ജനങ്ങൾക്ക് വെള്ളം ലഭിക്കുന്നില്ല. എപ്പോഴെങ്കിലും വെള്ളം ലഭിച്ചാൽത്തന്നെ അത് ഉപ്പുവെള്ളമാണ്. ഈ സാഹചര്യത്തിൽ ഉപഭോക്താക്കളിൽനിന്ന് വെള്ളക്കരം വാങ്ങുന്നത് ശരിയാണോയെന്ന് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണം. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ വെള്ളക്കരം ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി അതുസംബന്ധിച്ച പ്രഖ്യാപനം നടത്തണം. മൂന്നുമാസമായി വെള്ളമില്ല, വെള്ളം കിട്ടുകയാണെങ്കിൽത്തന്നെ ഉപ്പുവെള്ളമാണ്, പിന്നെന്തിനാണ് ജനങ്ങളിൽനിന്ന് ഈ കരം വാങ്ങുന്നത്? അത് ഒഴിവാക്കിക്കൊടുക്കണമെന്നാണ് എനിക്ക് വളരെ വിനയത്തോടുകൂടി ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. ആളുകൾക്ക് വെള്ളം കൊടുക്കുന്നത് വലിയ പുണ്യവും കൊടുക്കാതിരിക്കുന്നത് വലിയ പാപവുമാണ്. യേശുക്രിസ്തു പറഞ്ഞിട്ടുള്ളത് ഞാൻ അങ്ങയോട് പറയേണ്ട ആവശ്യമില്ലല്ലോ; 'എന്റെ നാമത്തിൽ ദാഹിക്കുന്നവന് ഒരു പാത്രം പച്ചവെള്ളം കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കുകയില്ല' എന്നാണ്. അതുപോലെ ഖുർ ആനിലും ഒരു വാക്യമുണ്ട്. വെള്ളം കൊടുത്താൽ സ്വർഗ്ഗത്തിൽ പ്രത്യേക നദിയിൽനിന്ന് വെള്ളം കുടിക്കാൻ സൗഭാഗ്യം കിട്ടുമെന്ന്. ബഹുമാനപ്പെട്ട അങ്ങ് ഈ കൂട്ടത്തിൽപ്പെട്ട ഒരാളാകണമെന്നാണ് എന്റെ ആഗ്രഹം. അതുകൊണ്ട് കാസർഗോഡുകാർക്ക് അങ്ങ് വെള്ളം തരണം. എല്ലാ കേരളീയർക്കും വെള്ളം കൊടുത്ത് അങ്ങ് സ്വർഗ്ഗത്തിൽ പോകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. പൈപ്പ് പൊട്ടിയും വിതരണ ശൃംഖലയിലെ തകരാറുകൾമൂലവും നിത്യേന ജല അതോറിറ്റിക്ക് നഷ്ടമാകുന്ന ജലം എത്രയാണെന്ന് കേട്ടാൽ ഈ സഭയിലെ എല്ലാ ആളുകളും ഞെട്ടിപ്പോകും. ഉത്പാദിപ്പിക്കുന്ന ജലത്തിന്റെ ഏകദേശം 45 ശതമാനം വരെ നഷ്ടമാകുന്നുണ്ടെന്നാണ് 5-10-2016-ലെ നിയമസഭാ ചോദ്യത്തിന് എനിക്ക് കിട്ടിയ മറുപടി. ആകെ ഉത്പാദിപ്പിക്കുന്ന ജലത്തിന്റെ 45 ശതമാനം, 1111 ദശലക്ഷം ലിറ്ററാണെന്നും ഇതുവഴി വരുന്ന സാമ്പത്തികനഷ്ടം ഏകദേശം ഒരു ദിവസത്തേയ്ക്ക് 44 ലക്ഷം രൂപയോളം വരുമെന്നും പ്രസ്തുത മറുപടിയിൽ പറയുന്നു. ഈ നഷ്ടം എങ്ങനെ ഇല്ലാതിരിക്കും? വാട്ടർ അതോറിറ്റി പണം അനുവദിക്കാത്തതുകൊണ്ട് ചെറുതും വലുതുമായ ഏതെല്ലാം പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നുവെന്ന് ഞാൻ ചോദ്യം ഉന്നയിച്ചിരുന്നു. എല്ലാ ജില്ലകളിലും നിരവധി പ്രവൃത്തികൾ ഇങ്ങനെ മുടങ്ങിക്കിടക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്ന് ലഭിച്ച ഉത്തരം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഞാൻ രാഷ്ട്രീയം പറയുന്നില്ല. ഇത് വെള്ളത്തിന്റെ പ്രശ്നമല്ലേ; എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതുവരെ ഒരക്ഷരം രാഷ്ട്രീയം ഇന്ന് പറയില്ല. അതുകൊണ്ട് എനിക്ക് കുറച്ച് സമയം തരണം. ബഹുമാനപ്പെട്ട ജെ. മേഴ്സിക്കുട്ടി അമ്മയുടെ വകുപ്പിനെക്കുറിച്ചും എനിക്ക് പറയാനുണ്ട്. അതിലും ഞാൻ രാഷ്ട്രീയം പറയില്ല. കാസർഗോഡ് ജില്ലയിൽ ചെർക്കളം മുതൽ വിദ്യാനഗർ വരെ പൈപ്പ് മാറ്റിവയ്ക്കുന്ന പ്രവൃത്തി ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് 15 ലക്ഷം രൂപ കൊടുക്കാൻ കഴിയാത്തതുകൊണ്ട് നാഷണൽ ഹൈവേയുടെ അരികിൽകിടന്ന് പൈപ്പുകൾ തുരുമ്പെടുക്കുകയാണ്. പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ഗതിയില്ലാതെ തേരാപ്പാരാ നടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, അങ്ങയുടെ വകുപ്പ് ഇത്രമാത്രം ദാരിദ്ര്യമുള്ള ഒരു വകുപ്പായി കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞ വർഷത്തേക്കാളും 28 കോടി രൂപ അധിക വരുമാനം ഈ വർഷമുണ്ടെന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് ആ 15 ലക്ഷം രൂപ കാസർഗോഡിനുവേണ്ടി അനുവദിച്ചുകൂടേ?

മത്സ്യബന്ധന വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥനയെക്കുറിച്ച് പറയാം. നമ്മുടെ സംസ്ഥാനത്തിന് 580 കിലോമീറ്ററിലധികം നീളമുള്ള തീരപ്രദേശമാണുള്ളത്. അവിടെ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം വളരെ ദുരിത പൂർണ്ണമാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നല്ലതുപോലെ അറിയാം. ഇപ്പോൾ ഇന്ത്യയുടെ മത്സ്യക്കയറ്റുമതിയിൽ 15 ശതമാനം കേരളത്തിന്റേതാണ്. ഒട്ടും കുറവല്ലാത്ത അളവിൽ പിടിക്കുന്ന മത്സ്യങ്ങൾക്ക് നല്ല സംഭരണ സങ്കേതങ്ങളില്ലാത്തതിനാൽ നശിച്ചുപോകുന്നു. അതുപോലെ സമുദ്രാതിർത്തി കടന്നുള്ള മത്സ്യബന്ധനം, രാത്രികാല മത്സ്യബന്ധനം, മൺസൂൺ മത്സ്യബന്ധനം തുടങ്ങിയ പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം കാണാൻ സാധിച്ചിട്ടില്ല. മത്സ്യബന്ധനത്തിൽ കാര്യമായ ഇടിവ് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മൺസൂൺ കാലം വരാറായി. മൺസൂൺകാല കടലാക്രമണങ്ങളിൽ വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അതുപോലെ നാടൻ വള്ളം അപകടത്തിൽപ്പെടുന്നവർക്ക് എന്തെങ്കിലും ആനുകൂല്യമോ സൗജന്യ റേഷനോ നൽകുന്നില്ല. കാസർഗോഡ് ഫിഷറീസ് ഹാർബറിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ലതുപോലെ അറിയാം. താങ്കളുടെ കാലത്തെങ്കിലും അത് ഉദ്ഘാടനം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് വളരെ വിഷമത്തോടുകൂടി ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ശുദ്ധജലവിതരണം, ശുചീകരണം, മത്സ്യബന്ധനം, ജലസേചനം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ അഭിമാനപുരസ്സരം ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ പ്രതിപക്ഷം പരമ്പരാഗതമായ ഒരു ആചാരംപോലെ ഈ ഗവൺമെന്റിന്റെ എല്ലാ ധനാഭ്യർത്ഥനകളെയും എതിർക്കുകയാണ്. കാലത്തിന്റെ ചുവരെഴുത്ത് നിങ്ങൾ കാണുന്നില്ലേ? കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചുപോകുന്നത് നിങ്ങൾക്ക് മനസ്സിലാകാത്തതു കൊണ്ടായിരിക്കാം ഇത്തരമൊരു സമീപനം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങളോട് സ്വീകരിക്കുന്നതെന്നാണ് ഞങ്ങൾക്ക് മനസ്സിലാകുന്നത്. തട്ടകവും തറവാടും തകർന്ന് കുളംകോരിപ്പോകുന്ന അവസ്ഥയാണ് ഇന്ന് കോൺഗ്രസ്സിന്റേതെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇതൊരു തമാശയല്ല. അധികാരവും പണവും മോഹിച്ച് കാവിയുടുത്ത ഹരിപഞ്ചാനനന്മാരുടെ കൂടെപ്പോകുന്ന കോൺഗ്രസ് നേതാക്കന്മാരുടെ പെരുവെള്ളപ്പാച്ചിലാണ് ഇന്ന് കാണുന്നത്. അത് കാണാതിരിക്കാൻ കഴിയുമോ? അങ്ങനെയാണ് ബി.ജെ.പി. വളരുന്നത്. ഇവിടെ കോൺഗ്രസ്സിന് ജയിക്കണമെങ്കിൽ ബി.ജെ.പി. തോൽക്കണമെന്ന് എന്റെ പ്രിയ സുഹൃത്ത് ശ്രീ. എം. വിൻസെന്റ് പറഞ്ഞു. ഇവിടെ ബി.ജെ.പി. വളരുന്നത് ഇങ്ങനെയാണ്. ആദ്ധ്യാത്മികതയെ മറയാക്കി രാജ്യം നശിപ്പിക്കാനെത്തിയ ഹരിപഞ്ചാനനന്മാരെ 'ധർമ്മരാജ' എന്ന കൃതിയിൽ സി. വി. രാമൻപിള്ള ആവിഷ്കരിച്ചിട്ടുണ്ട്. ഉഗ്രനെന്നും ശാന്തനെന്നും ആയിരുന്ന ഈ പ്രതികാരദാഹികളുടെ പേരെങ്കിലും രണ്ടുപേരുടേയും ലക്ഷ്യം വംശീയവിദ്വേഷം തന്നെയായിരുന്നു. തിരുവിതാംകൂർ രാജ്യത്തെ ചില പ്രഭുക്കന്മാരും പുത്തൻപണക്കാരും സത്യം തിരിച്ചറിയാൻ കഴിയാത്ത പാവം കുറെ ജനങ്ങളും ആ രാജ്യദ്രോഹികളോടൊപ്പം ചേർന്നത് ദൈവവിശ്വാസത്തെ കരുതിയാണ്. പക്ഷെ ഭക്തിയുടെ പ്രചാരകന്മാരായി, വ്യാജ സിദ്ധന്മാരായി കടന്നുവന്ന ഉഗ്രനും ശാന്തനും വേഗത്തിൽ ജനങ്ങളുടെ വിശ്വാസം മുതലെടുത്ത് അവരുടെ മനസ്സിൽ കടന്നുകൂടി. പക്ഷെ ഹരിപഞ്ചാനനന്മാരുടെ മനസ്സുനിറയെ പ്രതികാരമായിരുന്നു. രാജ്യവും ജനങ്ങളും നശിച്ചാലും തങ്ങളുടെ പ്രതിയോഗികളെ വകവരുത്തുകയെന്ന കൊടിയപക മാത്രമായിരുന്നു അവരുടെ ആത്യന്തിക ലക്ഷ്യം. ശ്രീ. നരേന്ദ്ര മോദി-അമിത്ഷാ കൂട്ടുകെട്ടിൽ രാജ്യത്തിനുള്ള ആശങ്കയാണ് ഈ ഹരിപഞ്ചാനനന്മാരുടെ ധർമ്മരാജ എന്ന നോവലിലെ സന്ദർഭങ്ങൾക്ക് സമാനമാകുന്നത്. രാജ്യത്ത് ബി.ജെ.പി.-സംഘപരിവാർ സംഘടനകൾ ഉയർത്തുന്ന പ്രചരണങ്ങളും പ്രവർത്തനങ്ങളുമെല്ലാം ഈ വംശീയ വിദ്വേഷത്തിന്റെ പൂർത്തീകരണത്തിനുവേണ്ടിയാണെന്ന് ഇന്ന് ഈ രാജ്യം തിരിച്ചറിയുകയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഉന്മൂലനാശം വരുത്തണമെന്ന് പണ്ടേ ആർ.എസ്.എസ്. പ്രഖ്യാപിച്ചിട്ടുണ്ട്. എതിരാളിയെ ഉന്മൂലനം ചെയ്യുകയെന്ന സിദ്ധാന്തം ഞങ്ങൾ പഠിച്ചിട്ടില്ല. അത് ശീലിച്ചവരുടെ രീതി ഗുജറാത്ത്

കലാപത്തിൽ നമ്മൾ കണ്ടതാണ്. ഈ മഹത്തായ രാജ്യത്തെ, ഒന്നായ ജനതയെ രണ്ടായി പലതായി വിഭജിക്കാൻ മതേതരമുഖമുള്ള എന്തിനേയും തകർക്കാൻ ഇരുളിന്റെ ശക്തികൾ കരുതിയിരിക്കുമ്പോൾ ചരിത്രത്തിൽനിന്നും യാതൊന്നും പഠിക്കാത്ത കോൺഗ്രസ്സുകാർ മാത്രമാണ് ഇന്ന് ഇടതുപക്ഷത്തെ എതിർക്കുന്നത്. ഇന്ത്യയിലെമ്പാടും മതന്യൂനപക്ഷങ്ങൾക്കും സാധാരണക്കാർക്കും പാവപ്പെട്ട തൊഴിലാളികൾക്കുംവേണ്ടി ശബ്ദമുയർത്തുകയും ബി.ജെ.പി.-ക്കെതിരായി ശക്തമായി പടനയിക്കുകയും ചെയ്യുന്ന ഇടതുപക്ഷത്തോടാണ് കോൺഗ്രസ്സിന്റെ എതിർപ്പ്. തറവാട് കുളംതോണ്ടാൻ നിൽക്കുന്നവരോട് പലയിടത്തും അവർ സൗഹൃദത്തിലാണ്. ഒരു മലവെള്ളപ്പാച്ചിൽ പോലെയാണ് അധികാരവും പണവും മോഹിച്ച് കോൺഗ്രസ്സുകാർ ബി.ജെ.പി.-യിലേയ്ക്ക് പോകുന്നത്. അന്ധമായ ഇടതുപക്ഷ വിരോധം വെടിഞ്ഞ് ഈ രാജ്യത്തെ രക്ഷിക്കാൻ നിങ്ങൾ ഇടതുപക്ഷത്തോടൊപ്പം ചേരണം. ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നത് രാജ്യത്തിന്റെ ഭാവിക്കുവേണ്ടിയാണെന്ന് പറയുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഒരു ഇടതുപക്ഷ ബദലാണ് ഈ ധനാഭ്യർത്ഥനകളിലൂടെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ഇന്ത്യയ്ക്ക് കാട്ടിക്കൊടുക്കുന്നത്. അതുകൊണ്ടാണ് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നതിൽ അഭിമാനമുണ്ടെന്ന് പറയുന്നത്.

ആദിവാസികളുടെ ജീവിതനിലവാരത്തെക്കാളും താഴ്ന്നനിലവാരത്തിലുള്ള മത്സ്യത്തൊഴിലാളികളുടെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ആ മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ പദ്ധതികളാണ് ഗവൺമെന്റ് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. അത് ഇവിടെ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. സമ്പൂർണ്ണ ഭവന പദ്ധതി, കടലാക്രമണത്തിൽപ്പെട്ടവർക്കുള്ള പ്രത്യേക പാക്കേജ്, ഭവന പുനരുദ്ധാരണ പദ്ധതി, സമാശ്വാസ പദ്ധതിത്തുക ഇരട്ടിയാക്കിയത്, മത്സ്യവിത്ത്, മത്സ്യക്കുഞ്ഞ്, മത്സ്യത്തീറ്റ ഉൽപ്പാദനത്തിന് കൂടുതൽ ശ്രദ്ധ, അക്ഷരസാഗരം പദ്ധതി, മത്സ്യത്തൊഴിലാളി കടാശ്വാസത്തിന് ആറ് കോടിയിലധികം രൂപ, ആധുനിക സൗകര്യത്തോടുകൂടിയ മത്സ്യമാർക്കറ്റുകൾ അങ്ങനെ നിരവധി പദ്ധതികളാണ് കേരളത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ അഭിമാനത്തോടുകൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അങ്ങനെ നിരവധി പുതിയ നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെ മുമ്പിലുണ്ടെങ്കിലും ഒരു നിർദ്ദേശംകൂടി സമർപ്പിക്കുകയാണ്. മത്സ്യസമ്പത്തിന്റെ കുറവുമൂലം മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാകുമ്പോൾ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാവശ്യമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ച്

നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അത്തരം പ്രവർത്തനങ്ങളെയെല്ലാം അഭിനന്ദിച്ചുകൊണ്ട് ഞാൻ ജലവിഭവ വകുപ്പിന്റെ ചർച്ചയിലേയ്ക്ക് കടക്കുകയാണ്.

നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയാണ് കേരളം നേരിട്ടത്. ആ വരൾച്ച നേരിടുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്. "സത്യസന്ധമായി പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന ഒരു പൊതുപ്രവർത്തകന് മറ്റൊരാളുടെ നല്ല സർട്ടിഫിക്കറ്റ് ആവശ്യമില്ല. തന്റെ മനഃസാക്ഷിയുടെ അനുമതി മാത്രം മതി" ഇത് മഹാത്മാഗാന്ധിയുടെ വാക്കുകളാണ്. ജലവിഭവ വകുപ്പുമന്ത്രിക്കും അത് ബാധകമാണ്. അദ്ദേഹം സത്യസന്ധമായും ആത്മാർത്ഥമായും പ്രവർത്തിക്കുന്ന ഒരു പൊതുജന സേവകനാണ്. ഈ ആത്മാർത്ഥതയാണ് വരൾച്ചയെ നേരിടാൻ ഗവൺമെന്റിന് കൈമുതലായി ഒപ്പം ഉണ്ടായിരുന്നത്. കുടിവെള്ളക്ഷാമം പരിഹരിക്കാൻ ദീർഘവീക്ഷണത്തോടുകൂടിയ പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചത്. വരും വർഷങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാകുമെന്ന് കണ്ട് അതിനെ ചെറുക്കാൻ ഫലപ്രദമായ പദ്ധതികളാണ് വകുപ്പ് തയ്യാറാക്കിയത്. 1,257 കോടി രൂപയുടെ മെഗാ പദ്ധതിയിലൂടെ പുതിയ കുടിവെള്ള പദ്ധതിക്ക് തുടക്കംകുറിക്കാനും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തിയാക്കാനും സാധിക്കും. കഴിഞ്ഞ വരൾച്ചയെ നേരിടാൻ മാത്രം 12.5 കോടി രൂപയുടെ പ്രവൃത്തിയാണ് വകുപ്പ് നടത്തിയത്. 585 ചെറുകിട ജലവിതരണ പദ്ധതികൾ പുനരുദ്ധരിച്ചു. 5550-ലധികം കൈപ്പമ്പുകളുള്ള കുഴൽക്കിണറുകൾ പ്രവർത്തനക്ഷമമാക്കി. അങ്ങനെ വളരെ ആത്മാർത്ഥമായ പ്രവർത്തനങ്ങളാണ് ജലവിഭവ വകുപ്പ് കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ നടപ്പാക്കിയത്. തിരുവനന്തപുരത്ത് കുടിവെള്ളക്ഷാമം പരിഹരിച്ചതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ നമ്മളെല്ലാവരും കണ്ടതാണ്. കേരളത്തിൽ മുഴുവൻ കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നത്. എന്നാൽ ചില പദ്ധതികൾ എങ്ങനെ നടപ്പാക്കണമെന്നത് സംബന്ധിച്ച് ചില ഉദ്യോഗസ്ഥർ ശ്രദ്ധിക്കുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വാട്ടർ അതോറിറ്റിയിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അങ്ങനെയുള്ള ചില വീഴ്ചകൾ ഉണ്ടാകുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം പറയാനുള്ളത് ജലനിധി പദ്ധതിയെക്കുറിച്ചാണ്. Kerala Rural Water Supply Sanitation Agency- യുടെ നേതൃത്വത്തിൽ നടക്കുന്ന ജലനിധി പദ്ധതി ഇപ്പോൾ രണ്ടാംഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. അതുമായി

ബന്ധപ്പെട്ട് എന്റെ ജില്ലയിലെ ചവറ-പന്മന പദ്ധതി വാട്ടർ അതോറിറ്റിയിൽനിന്ന് ജലനിധി ഏറ്റുവാങ്ങിയതാണ്. ഇപ്പോൾ ചവറ പഞ്ചായത്ത് ആ പദ്ധതി വാട്ടർ അതോറിറ്റി ഏറ്റെടുക്കണമെന്ന നിലപാടിലേയ്ക്ക് പോവുകയാണ്. ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടമായി 1914-ൽ രാജഭരണകാലത്ത് ആരംഭിച്ച എറണാകുളം ജില്ലയിലെ ചൊവ്വര പദ്ധതി ഇപ്പോൾ ജലനിധി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് ഒപ്പിട്ടു എന്നാണ് മനസ്സിലാക്കുന്നത്. ഞാൻ ഒരു ഉദാഹരണം പറഞ്ഞതാണ്. 11-ാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിൽ ജലനിധി പദ്ധതിയുടെ Phase-I-മായി ബന്ധപ്പെട്ട് നടത്തിയ പഠനത്തിലൂടെ അത് വേണ്ടത്ര വിജയിച്ചില്ലെന്ന വിലയിരുത്തലാണ് നടത്തിയിട്ടുള്ളത്. അപ്പോൾ Phase-II-ലേയ്ക്ക് പോകുമ്പോൾ 1914-ൽ രാജഭരണകാലത്ത് ആരംഭിച്ച ചൊവ്വര പദ്ധതിയിൽനിന്ന് പിന്മാറി വാട്ടർ അതോറിറ്റി ജലനിധിയെ ഏല്പിക്കാൻ ശ്രമിക്കുന്ന നടപടി സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; അത് പരിശോധിക്കണം. അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല.

നമ്മുടെ നാട്ടിൽ ഒരു നല്ല ജല അവബോധം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ലോകത്ത് ഇനിയൊരു യുദ്ധമുണ്ടെങ്കിൽ അത് ജലത്തിനു വേണ്ടിയായിരിക്കുമെന്ന പ്രയോഗം വെറും തമാശയായി കണ്ടിരുന്ന ലോകം ഇന്ന് യുദ്ധസമാനമായ ജലദൗർലഭ്യത്തിന്റെ കെടുതികൾ അനുഭവിക്കുകയാണ്. ജീവന്റെ ഉറവിടമായ ജലം കരുതലോടെ ഉപയോഗിക്കണം. ജലം ഏറ്റവുമധികം ഉപയോഗിക്കുന്ന ജനതയാണ് കേരളീയർ. പണം വെള്ളംപോലെ, എന്ന പഴയ പദപ്രയോഗത്തിൽ നിന്ന് വ്യത്യസ്തമായി വെള്ളം പണംപോലെ എന്ന് തിരുത്തേണ്ട ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്നത് മറക്കാൻ പാടില്ല. പണം ഭാവിക്കുവേണ്ടി നമ്മൾ ഇൻവെസ്റ്റ് ചെയ്യുകയാണ്. എന്നാൽ പ്രകൃതിയുടെ ഭാവിക്കുവേണ്ടി നമ്മൾ ജലം ഇൻവെസ്റ്റ് ചെയ്യുന്നില്ല. മഴവെള്ളം ഹാർവെസ്റ്റ് ചെയ്യുകയല്ല, അത് ഇൻവെസ്റ്റുമെന്റാക്കി മാറ്റുന്ന രീതിയിലുള്ള സംസ്കാരത്തിലേയ്ക്ക് മറണം. പ്രകൃതിയും മനുഷ്യനും ഇഴുകിച്ചേർന്ന് ജീവിക്കുന്ന ഒരു നല്ല ജല അവബോധം ജനങ്ങളിൽ വളർത്തിയെടുക്കാൻ കൂട്ടായ പരിശ്രമം നടത്തണം. ഒരിഞ്ച് മണ്ണ് ഉണ്ടാകണമെങ്കിൽ ആയിരത്തിലധികം വർഷം വേണം. നശിപ്പിക്കാൻ ഒരു വർഷം മതി. അതുപോലെ നൂറുകണക്കിന് വർഷങ്ങൾകൊണ്ട് ശേഖരിക്കുന്ന ജലമാണ് ഒരു നിമിഷംകൊണ്ട് നമ്മൾ ഊറ്റിയെടുത്ത് ഉപയോഗിക്കുന്നത്. കേരളമാണ് ഏറ്റവുമധികം വെള്ളം ഉപയോഗിക്കുന്ന നാട് എന്ന് വിലയിരുത്തിയിട്ടുണ്ട്.

കേരളം നേരിടുന്ന മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ജലമലിനീകരണമാണ്. മാലിന്യം നിക്ഷേപിക്കുന്നതിനുള്ള ഇടങ്ങളായി തോടുകളേയും മറ്റ്

ജലസ്രോതസ്സുകളേയും നാം മാറ്റിക്കൊണ്ടിരിക്കുകയാണ്. ഒരുകാലത്ത് നമ്മുടെ നദീജലം പളുങ്കുപോലെ സുതാര്യമായിരുന്നു. ഇന്ത്യയിലെ പൊതുസ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. താജ്മഹൽ നിർമ്മിച്ച ഷാജഹാൻ എന്ന മുഗൾ ചക്രവർത്തിയെ നമുക്കറിയാം. അദ്ദേഹത്തിന്റെ മകൻ ഔറംഗസീബ് സ്വന്തം പിതാവായ ഷാജഹാനെ അധികാരലബ്ധിക്കുവേണ്ടി ആഗ്ര കോട്ടയിൽ അടച്ചപ്പോൾ അവിടെ ജലം ലഭിച്ചിരുന്നത് യമുനാ നദിയിൽനിന്നായിരുന്നു. ഔറംഗസീബ് ആ ജലം അദ്ദേഹത്തിന് കൊടുത്തിരുന്നില്ല ഉപ്പുവെള്ളം കുടിച്ച് അദ്ദേഹം മരിക്കുകയായിരുന്നു. അപ്പോൾ കൊട്ടാരങ്ങളിൽപ്പോലും പഴയ കാലത്ത് നദീജലത്തെ ആശ്രയിച്ചിരുന്നു എന്നാണ് തെളിയിക്കപ്പെടുന്നത്. അത്തരത്തിൽ നദീജലം സംരക്ഷിക്കാൻ, മണ്ണിനെ സംരക്ഷിക്കാൻ, ജലത്തെ സംരക്ഷിക്കാൻ, ജലം ഭാവിയിലേയ്ക്ക് ഇൻവെസ്റ്റ് ചെയ്യാൻ, അങ്ങനെ പ്രകൃതിയും മനുഷ്യനും ഇഴുകിച്ചേർന്ന് ജീവിക്കുന്ന ഒരു സംസ്കാരത്തിലേയ്ക്ക് ഈ നാടിനെ കൊണ്ടുവരാൻ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ വലിയ പ്രവർത്തനം ആവശ്യമാണ്. വാസ്തവത്തിൽ മണ്ണും ജലവും ജൈവവസ്തുക്കളും ഒരുമിച്ച് സംരക്ഷിക്കുന്ന സമഗ്രമായ ഒരു ഭൂപരിപാലന പ്രവർത്തനത്തിന് മാത്രമേ മണ്ണിന്റെ വളക്കൂറും മറ്റും സംരക്ഷിക്കാനാകൂ. മണ്ണ് സംരക്ഷിച്ചാലേ ജലം സംരക്ഷിക്കാൻ കഴിയൂ. ജലസംരക്ഷണമെന്നാൽ മണ്ണ് സംരക്ഷണം കൂടിയാണ്. ഈ ജലബോധം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ രേഖപ്പെടുത്തിക്കൊണ്ട് ധനാഭ്യർത്ഥകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഞാൻ രാഷ്ട്രീയം പറയാൻ ഉദ്ദേശിക്കുന്നില്ല. ഭരണപക്ഷത്തിന് രാഷ്ട്രീയം പറഞ്ഞ് സമയം കളയാൻ സാധിക്കും. കാരണം ഈ സർക്കാരിന് കാര്യമായി നേട്ടങ്ങളൊന്നും പറയാനില്ലാത്തതുകൊണ്ടും നാട്ടുകാർക്കിടയിൽ രാഷ്ട്രീയം പറയാൻ ഇപ്പോൾ ബുദ്ധിമുട്ടായതുകൊണ്ടുമാണ് അവർ ഇവിടെ രാഷ്ട്രീയം പറഞ്ഞ് സമയം കളയുന്നത്. ഇനി എനിക്കുശേഷം സംസാരിക്കാനിരിക്കുന്ന ശ്രീ. എം. സ്വരാജും മറ്റും രാഷ്ട്രീയം ഇഷ്ടംപോലെ പറയുമെന്നുള്ളതുകൊണ്ട് ഞാൻ ആ ഭാഗം വിടുകയാണ്.

ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ വരൾച്ചയാണ് കേരളം നേരിട്ടതെന്ന് എല്ലാവരും പറയുകയുണ്ടായി. അതിനെ നേരിടാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഇവിടെ ശ്രീ. ഐ. ബി. സതീഷ് അടക്കമുള്ളവർ ഗംഗയെ ഭൂമിൽ കൊണ്ടൊഴുക്കിയ ഭഗീരഥ മഹർഷിയോട് ഈ സർക്കാരിനെയും മന്ത്രിയേയുമൊക്കെ ഉപമിക്കുകയുണ്ടായി. "പണ്ടൊരു ഇന്ത്യക്കാരൻ ആകാശഗംഗയെ കൊണ്ടുപോയി വിണ്ണിലൊഴുക്കീ ഭഗീരഥൻ" എന്നുപറഞ്ഞതുപോലെ അങ്ങനെയുള്ള ഒരു മന്ത്രിയാവാൻ അദ്ദേഹത്തിന്

സാധിക്കട്ടേയെന്ന് ഞാൻ ആശംസിക്കുകയാണ്. തികച്ചും ആത്മാർത്ഥതയും സത്യസന്ധതയുമുള്ള മന്ത്രിക്ക് അതിന് കഴിയട്ടേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. പക്ഷേ ഈ സർക്കാരിന് ഇക്കഴിഞ്ഞ കാലഘട്ടത്തിൽ അതിന് കഴിഞ്ഞിട്ടില്ല. ഒരു കാരണം പറയാം, മലപ്പുറം ജില്ലയിൽ 500 കിയോസ്കുകൾവഴി വെള്ളം കൊടുക്കുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ 79 കിയോസ്കുകളിൽ മാത്രം വെള്ളം കൊടുത്ത് ബാക്കി പണം ആവശ്യമില്ലാത്തതുകൊണ്ട് തിരിച്ചടച്ചു എന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കഴിഞ്ഞ സഭയിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ എല്ലാ പഞ്ചായത്തുകൾക്കും ഞങ്ങൾ വെള്ളം കൊടുത്തു മടുത്തു, ആദ്യത്തെ 10 ലക്ഷം രൂപ പോര അത് 15 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന സമയത്താണ് ജില്ലാ ഭരണകൂടത്തിന് കൊടുത്ത കാശ് തിരിച്ചടച്ചത്. ഇതുപോലെയുള്ള വിരോധാഭാസമാണ് ഇക്കഴിഞ്ഞ വലിയ വരൾച്ചയിൽപ്പോലും നടന്നിട്ടുള്ളത്. രൂക്ഷമായ വരൾച്ചയെയും കഠിനമായ കുടിവെള്ള ക്ഷാമത്തെയും മറികടക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. കാലാവസ്ഥാ വ്യതിയാനം, വെള്ളത്തിന്റെ ദുരുപയോഗവും അമിതോപയോഗവും, പരിസ്ഥിതി ചൂഷണം, നദികളിലും കായലുകളിലും കുളങ്ങളിലുമൊക്കെ മാലിന്യങ്ങളുടെ അമിതമായ നിക്ഷേപം എന്നിവയൊക്കെ തടയാനുള്ള നിയമങ്ങളും കരുതലുമാണ് നമുക്ക് ഇപ്പോൾ വേണ്ടത്.

കേരളം 44 നദികളും അനേകം നീർച്ചാലുകളും കായലുകളും കൊണ്ട് സമ്പന്നമാണെന്ന് ഇവിടെ പലരും പറയുകയുണ്ടായി. "വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിക്കാനില്ലത്രെ" എന്ന് പണ്ട് ഗാന്ധിജിയുടെ പ്രസംഗം പരിഭാഷപ്പെടുത്തിക്കൊണ്ട് കെ. എം. സീതി സാഹിബ് കേരളത്തിൽ പ്രസംഗിച്ചത് നമുക്കെല്ലാവർക്കുമറിയാം. അങ്ങനെയുള്ള കേരളത്തിൽ ഇന്ന് കുടിക്കാൻ വെള്ളം കിട്ടാതെയായിട്ടുണ്ട്. ഇന്ന് കുടിവെള്ളത്തിന് പെട്രോളിനെക്കാളേറെ വില കൊടുക്കേണ്ടിവരുന്നു എന്നുള്ളതാണ് ഏറ്റവും ദാരുണമായ അവസ്ഥ. നമ്മുടെ കുളങ്ങളും നീർച്ചാലുകളുമൊക്കെ മാലിന്യ നിക്ഷേപംകൊണ്ട് മലീമസമായിരിക്കുകയാണ്. ഇക്കഴിഞ്ഞ മാതൃഭൂമി വീക്കിലിയിൽ ശ്രീ. പി. ആർ. സുനിൽ 'കാണാതാക്കിയ കുളങ്ങൾ' എന്ന തലക്കെട്ടിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നത്, ഒരു ഉത്തരേന്ത്യൻ സുഹൃത്ത് കേരളത്തിൽ വന്നു. മാലിന്യങ്ങൾ നിക്ഷേപിക്കപ്പെട്ട നമ്മുടെ കുളങ്ങളെ നോക്കി അദ്ദേഹം പറഞ്ഞുവത്രേ, വേസ്റ്റിട്ട് മൂടാൻമാത്രം ഇത്ര വലിയ കുഴികൾ നിർമ്മിക്കുകയാണോ കേരളക്കാർ എന്ന്. ആ രീതിയിലേയ്ക്ക് മാലിന്യ കൂമ്പാരങ്ങളായി നമ്മുടെ കുളങ്ങളും നദികളും മാറിയിട്ടുണ്ടെന്നതാണ് ഏറ്റവും ദാരുണമായ അവസ്ഥ. ഇതിനെ നേരിടാൻ അതിശക്തമായ നിയമവും ബോധവൽക്കരണവും ആവശ്യമാണ്. ഉപരിതല ജലവിതാനം താഴ്ന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള

സാഹചര്യത്തിൽ കുഴൽക്കിണറുകൾ നിയന്ത്രിക്കുകയല്ല, നിരോധിക്കുകയാണ് വേണ്ടതെന്നാണ് എന്റെ വിനീതമായ അഭിപ്രായം. കുഴൽക്കിണറുകളിലെ വെള്ളം പലയിടത്തും ഫ്ലോറോസിസ് എന്ന രോഗത്തിന് കാരണമാകുന്നു എന്ന പുതിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തീർച്ചയായും ഇത് നിരോധിക്കുന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. കുപ്പികളിലും മറ്റും വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതുണ്ട്, അതോടൊപ്പം ജലത്തിന്റെ അമിതമായ ഉപയോഗവും ദുരുപയോഗവും. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളം വളരെ തുച്ഛമായ വിലയ്ക്കാണ് കൊടുക്കുന്നത്. അത് നല്ല കാര്യമാണ്. പക്ഷേ ഇത് പലപ്പോഴും ദുരുപയോഗം ചെയ്യാൻ കാരണമാകുന്നു. വെള്ളത്തിന്റെ കഠിനമായ ക്ഷാമം അനുഭവിക്കുന്ന സമയത്തും കുറഞ്ഞ കരം നൽകുന്നതിലൂടെ ദുരുപയോഗം ചെയ്യുകയാണ്. അതുകൊണ്ട് ഒരു കുടുംബത്തിനാവശ്യമായ വെള്ളം എത്രയാണെന്ന് കണക്കാക്കി അതിലധികം ഉപയോഗിക്കുന്ന വെള്ളത്തിന് ഇരട്ടിയോ പത്തിരട്ടിയോ ആയി ചാർജ് ഈടാക്കുന്ന രീതിയെക്കുറിച്ച് വാട്ടർ അതോറിറ്റി ചിന്തിക്കണമെന്നാണ് എന്റെ അഭിപ്രായം.

എല്ലാ കെട്ടിടങ്ങൾക്കും വീടുകൾക്കും ജലസംഭരണി ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നദികളിൽ, പ്രത്യേകിച്ച് മലപ്പുറം ജില്ലയിലെ കടലുണ്ടി പുഴയടക്കമുള്ള പുഴകളിൽ വലിയ മെക്കാനിക്കൽ റെഗുലേറ്റർ സ്ഥാപിച്ചുകൊണ്ട് തടയണകൾ നിർമ്മിക്കണം. സാധാരണ ചെറിയ തടയണകൾകൊണ്ട് ഇത് പരിഹരിക്കാൻ കഴിയില്ലെന്ന് ഇപ്പോൾ ബോധ്യമായിരിക്കുകയാണ്. മഴവെള്ളം ഒഴുകിപ്പോകാതെ ഭൂമിയിൽത്തന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു.

വൻകിട കോർപ്പറേറ്റുകളുടെ ജലചൂഷണം തടയാനുള്ള നിയമനിർമ്മാണം നമുക്ക് ആവശ്യമാണ്. ജലപദ്ധതികൾ ഏറ്റെടുക്കുമ്പോൾ ദീർഘകാലാടിസ്ഥാനത്തിലുള്ള സമഗ്രമായ കാഴ്ചപ്പാട് വേണം. എന്റെ മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതി 1996-ൽ ആരംഭിച്ചതാണ്. ഇന്നും അത് പൂർത്തികരിച്ചിട്ടില്ല. ഒരുലക്ഷത്തി ഇരുപതിനായിരത്തോളം ലിറ്റർ സംഭരണശേഷിയുള്ള 5 ടാങ്കുകളിലായി വെള്ളം നിറഞ്ഞുനിൽക്കുകയാണ്. പക്ഷേ അത് വിതരണത്തിന് അനുയോജ്യമായി പാകപ്പെട്ടിട്ടില്ല. ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഈ പദ്ധതി ഇപ്പോഴും ഇഴഞ്ഞുനീങ്ങുകയാണ്. 1998-ൽ ആരംഭിച്ച മലപ്പുറം ജില്ലയിലെ തിരുനാവായ പദ്ധതി ഇപ്പോഴും പൂർത്തിയായിട്ടില്ല. കുടിവെള്ള പദ്ധതികൾക്ക് വകുപ്പുകളുടെ ഏകോപനം വളരെ അത്യാവശ്യമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പൊതുമരാമത്ത് വകുപ്പിനും വാട്ടർ അതോറിറ്റിക്കും ബജറ്റിലൂടെ തുക അനുവദിക്കുന്നത് ഗവൺമെന്റാണ്. വാട്ടർ അതോറിറ്റി കാശ് കെട്ടിവയ്ക്കാത്തതിനാൽ പൊതുമരാമത്ത് വകുപ്പ് അനുമതി കൊടുക്കുന്നില്ല. ഈ നൂലാമാലകൾ കാരണം രൂക്ഷമായ വരൾച്ചയുടെ സമയത്തുപോലും പൈപ്പ് ലൈൻ സ്ഥാപിക്കാനോ അവ നീട്ടാനോ കഴിയാത്ത സാഹചര്യം എന്റെ മണ്ഡലത്തിൽ മാത്രമല്ല മറ്റുള്ള സ്ഥലങ്ങളിലുമുണ്ട്. ഇങ്ങനെയുള്ള തടസ്സങ്ങൾ നീക്കുന്നതിനായി വകുപ്പുകൾ തമ്മിലുള്ള ഏകോപനം അത്യാവശ്യമാണ്. മേൽപ്പറഞ്ഞ ചീക്കോട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ സജീവ ശ്രദ്ധ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടേയും വകുപ്പിന്റെയും ഭാഗത്തുനിന്നുമുണ്ടാകണം. ഇത്രയധികം ജലസ്രോതസ്സുള്ള പദ്ധതി കേരളത്തിൽ വേറെയുണ്ടാവില്ല. പള്ളിക്കൽ പഞ്ചായത്തിലേയ്ക്ക് ഈ പദ്ധതി നീട്ടണമെന്ന് അവിടെയുള്ള എം.എൽ.എ. ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള സൗകര്യംകൂടി ഏർപ്പെടുത്തണം. ഡാമുകളില്ലാത്ത ഏക ജില്ലയാണ് മലപ്പുറം. നേരത്തേ പോത്തുകല്ലിലും അമ്പിട്ടാംപെട്ടിയിലുമായി രണ്ട് ഡാം കെട്ടുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ടായിരുന്നു. ചാലിയാർപ്പുഴയിൽ ഒരു ഡാം കെട്ടി മലപ്പുറം ജില്ലയിലാകമാനം ജലസേചനത്തിനും ശുദ്ധജലവിതരണത്തിനും സൗകര്യമാകുന്ന രീതിയിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ചാലിയാറിനേയും കടലുണ്ടിപ്പുഴയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പ്രൊപ്പോസൽ നേരത്തേയുണ്ടായിരുന്നു. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അതൊക്കെ വീണ്ടും പരിഗണിക്കണം. പാലക്കാട് ജില്ലയിൽ 11 ഡാമുകളുണ്ട്, എന്നാൽ ഒരു ഡാം പോലുമില്ലാത്ത ജില്ലയാണ് മലപ്പുറം.

ഫിഷറീസ് മേഖലയിലെ കാര്യങ്ങൾകൂടി പറയേണ്ടതുണ്ട്. മറ്റുള്ളവർ വിട്ടുപോയി എന്ന് തോന്നിയ ഒരു കാര്യം സൂചിപ്പിക്കുകയാണ്. സംസ്ഥാനത്തെ ഫിഷറീസ് കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കി മാറ്റുന്നതിനും പട്ടയം കൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നുപറഞ്ഞ് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം സ്വരാജ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇവിടെ ഇപ്പോഴും ഇതിനുമുമ്പും സംസാരിച്ച ലീഗ് അംഗങ്ങൾ ആവർത്തിച്ച് പറഞ്ഞ ഒരു കാര്യത്തിൽ എനിക്ക് കൗതുകം തോന്നി. ഞങ്ങൾ രാഷ്ട്രീയം ഒരക്ഷരംപോലും മിണ്ടുന്നില്ല എന്നാണ് അവർ പറഞ്ഞുകൊണ്ടിരുന്നത്. ഇത് നിയമസഭ തന്നെയല്ലേ എന്ന സംശയമാണ് തോന്നിയത്, ഇവിടെ രാഷ്ട്രീയം പറയാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ നമ്മൾ എവിടെ രാഷ്ട്രീയം പറയും? രാഷ്ട്രീയം എന്നത്

തെറ്റായ വാക്കാണെന്ന ഒരു ബോധം ബഹുമാനപ്പെട്ട അംഗങ്ങളെ നയിക്കുന്നുവോ എന്നുവേണം സംശയിക്കാൻ. ശരിയായ അർത്ഥത്തിൽ ആ വാക്കിനെ നിർവ്വചിക്കാനും രാഷ്ട്രസംബന്ധിയും ജനങ്ങളെ ബാധിക്കുന്നതുമായ എല്ലാ വിഷയങ്ങളുമാണ് രാഷ്ട്രീയം എന്നു മനസ്സിലാക്കാനും തയ്യാറാകണമെന്ന വിനീതമായ അഭ്യർത്ഥന എനിക്കുണ്ട്.

മഴയായ് ചിരിയായ് ചാലിട്ടു നൂറായിരം

വഴിയായ് പായും നീറ്റിൽ കളഗാനമായ് മാറി

എന്ന് വൈലോപ്പിള്ളി ശ്രീധര മേനോൻ പറയുന്നുണ്ട്, അങ്ങനെ എഴുതാൻ കാരണം അത്രമേൽ ജലസമൃദ്ധമായ ഒരു നാടായിരുന്നു നമ്മുടെ കേരളം. നാല് ഇടത്തരം നദികളും 40 ചെറുനദികളും 53 റിസർവോയറുകളും 150-ഓളം തടയണകളും 50000-ലധികം കുളങ്ങളും 9 ശുദ്ധജല തടാകങ്ങളും 50 ലക്ഷം കിണറുകളും കേരളത്തിലുണ്ട്. അങ്ങനെയുള്ള കേരളത്തിന്റെ ജലസമൃദ്ധിയെയാണ് വൈലോപ്പിള്ളി പാടിപ്പുകഴ്ത്തിയത്. പക്ഷേ ഇന്ന് അദ്ദേഹം ജീവിച്ചിരുന്നുവെങ്കിൽ അങ്ങനെ പാടാൻ കഴിയുമായിരുന്നോ എന്ന് സംശയമാണ്. ആ കാലം ഒരു ഭൂതകാലസ്മരണ മാത്രമായി മാറിയിരിക്കുന്നു. 2001-ൽ കേരളത്തിന്റെ ജല ആവശ്യകത 26800 ദശലക്ഷം ഘന മീറ്ററായിരുന്നു. 2031 ആകുമ്പോഴേയ്ക്കും അത് 44000 ദശലക്ഷം ഘന മീറ്ററായി ഉയരും അഥവാ 64% വർദ്ധനവുണ്ടാകും എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇത് സൂചിപ്പിക്കുന്നത് ജലത്തിന്റെ ആവശ്യകത കൂടിവരികയും ലഭ്യത കുറഞ്ഞുവരികയുമാണെന്നാണ്. മഴ കുറയുന്നു, ഞാൻ അതിന്റെ കാരണങ്ങളിലേയ്ക്കൊന്നും വിശദമായി പോകുന്നില്ല. ആഗോളതാപനവും വന നശീകരണവുമുൾപ്പെടെയുള്ള പ്രശ്നങ്ങളെല്ലാം നാം ചർച്ച ചെയ്യുന്നതാണ്. ശുദ്ധജല സ്രോതസ്സുകൾ വറ്റിവരളുന്നു, ജലസ്രോതസ്സുകൾ മലിനമാകുന്നു. നമ്മുടെ പൈതൃക നദികളെല്ലാം അഴുക്കുചാലുകളായി മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് അരനൂറ്റാണ്ടിനുമപ്പുറം കുറ്റിപ്പുറം പാലത്തിൽനിന്ന് താഴേയ്ക്ക് നോക്കി, മഹാനായ ഇടശ്ശേരി ഗോവിന്ദൻ നായർ പ്രവാചക തുല്യമായ കാഴ്ചപ്പാടോടുകൂടി ഇങ്ങനെ ചോദിച്ചത്,

കളിയും ചിരിയും കരച്ചിലുമായ്-

ക്കഴിയും നരനൊരു യന്ത്രമായാൽ

അംബ, പേരാറേ, നീ മാറിപ്പോമോ

ആകുലയാമൊരഴുക്കു ചാലായ് ?

ഇന്ന് അക്ഷരാർത്ഥത്തിൽ അഴുക്കുചാലുകളായി നദികൾ മാറുന്ന ദുരന്തം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇവിടെയാണ് വരാനിരിക്കുന്ന യുദ്ധങ്ങൾ ജലത്തിനുവേണ്ടിയാകുമെന്ന മുന്നറിയിപ്പ് പ്രസക്തമാകുന്നത്. ജലയുദ്ധങ്ങൾ ആശങ്കയായി നമ്മുടെ മുന്നിൽ നില്ക്കുമ്പോൾ, ആ അപകടകരമായ ഭാവിയെ നേരിടാനുള്ള ഇച്ഛാശക്തിയോടെ ജലസ്രോതസ്സുകൾ സംരക്ഷിക്കാനും ശാസ്ത്രീയമായി ജല വിതരണ പദ്ധതികൾ ആവിഷ്ക്കരിക്കാനും നമ്മുടെ കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിക്കാനുമുള്ള നടപടികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ജലസേചന പദ്ധതികൾക്കായി 413 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്. നദികളെ ജലസംഭരണികളാക്കി മാറ്റുക എന്ന ആശയം മുന്നോട്ടുവയ്ക്കുന്ന, ഏറ്റവും പ്രായോഗികമാണത്. 30-ഓളം റെഗുലേറ്ററുകൾ ഇപ്പോൾ കേരളത്തിൽ സ്ഥാപിക്കാൻ പോകുകയാണ്. 600 കോടി രൂപയാണ് ആ പദ്ധതിക്ക് വകയിരുത്തിയിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിന് വലിയൊരളവോളം പരിഹാരമാകുന്ന 'ചൂണ്ടി' അതിൽപ്പെടുന്നുണ്ട്. അതിന് പ്രത്യേകമായി വകുപ്പിനേയും മന്ത്രിയേയും അഭിനന്ദിക്കുകയാണ്. വരൾച്ച നേരിടാൻ 5500 കുഴൽക്കിണറുകളും 550 ചെറുകിട ജലസേചന പദ്ധതികളും നവീകരിക്കുകയാണ്. ഇച്ഛാശക്തിയോടെ ധീരമായ നടപടികൾക്കാണ് വകുപ്പ് നേതൃത്വം കൊടുക്കുന്നത്. അത് ഈ തലസ്ഥാന ജില്ലതന്നെ അനുഭവിച്ചിട്ടുള്ളതാണ്. നെയ്യാറിൽനിന്നും ജലം അരുവിക്കരയിൽ എത്തിച്ചതിനെ ഒരു പത്രം വിശേഷിപ്പിച്ചത് 'വിസ്മയ വേഗത്തിൽ' എന്നാണ്. അങ്ങനെയാണ് തിരുവനന്തപുരം നഗരം ഇന്ന് കുടിവെള്ളത്തിന് മുട്ടില്ലാതെ കഴിയുന്നതെന്ന് നാം കാണേണ്ടതുണ്ട്. ലോകത്തെമ്പാടും പല രാജ്യങ്ങളിലും കുടിവെള്ളക്ഷാമം നേരിടുന്നതിനുവേണ്ടി കടൽവെള്ളം ശുദ്ധീകരിച്ച് ഉപയോഗിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുകയാണ്, പ്രത്യേകിച്ച് മദ്ധ്യ ഏഷ്യൻ രാജ്യങ്ങളിൽ. ഭാവിയിൽ നമുക്കും ആ മാർഗ്ഗം ആശ്രയിക്കേണ്ടിവരും. അതിനായി ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്ക്കരിക്കാനും ആ സാധ്യതകൾ ഉപയോഗപ്പെടുത്താനും ഇനി വൈകിക്കൂടെന്ന് ഞാൻ ഇക്കൂട്ടത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

മത്സ്യത്തൊഴിലാളികൾക്ക് പുതിയ പ്രതീക്ഷ കൊടുക്കാൻ നമ്മുടെ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 2,700 രൂപയിൽനിന്നും 4,500 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. വിവിധ സ്കോളർഷിപ്പുകൾ, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ശരിയായ കാഴ്ചപ്പാട് പകർന്നുനൽകുന്ന കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കൽ, ഭവന പദ്ധതികളുടെ പുതിയ തുടക്കം ഇതെല്ലാം ആ മേഖലയെ ശരിയായ ദിശയിലേയ്ക്ക്

നയിക്കുന്നതിന്റെ വ്യക്തമായ സൂചനകളാണ്. എല്ലാ മേഖലയിലും പുരോഗതിയും പ്രതീക്ഷയും കൊണ്ടുവരാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചു.

ഇവിടെ മുൻപ് പ്രസംഗിച്ചിട്ടുള്ള ബഹുമാന്യരായ ചില അംഗങ്ങൾ കഴിഞ്ഞ ദിവസം നടത്തിയിട്ടുള്ള പ്രസംഗങ്ങളിൽ, ഒന്നാം വാർഷികം ആഘോഷിക്കുന്ന ഈ ഗവൺമെന്റിന് എന്താണ് ജനങ്ങളുടെ മുമ്പാകെ വയ്ക്കാനുള്ളത് എന്നെല്ലാം ചോദിക്കുന്നത് കേട്ടു. ഇവരൊക്കെ കേരളത്തിൽ തന്നെയാണോ ജീവിക്കുന്നതെന്ന സംശയമാണ് അത്തരത്തിലുള്ള വാദഗതികൾ കേൾക്കുമ്പോൾ തോന്നുന്നത്. 'ലൈഫ്' പദ്ധതിയിലൂടെ എല്ലാവർക്കും വീടും സ്ഥലവും കൊടുക്കാൻ തീരുമാനിച്ച സർക്കാരാണിത്. ഈ ഗവൺമെന്റ് 5 വർഷം കാലാവധി പൂർത്തിയാക്കുമ്പോൾ കേരള സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത ഒരു കുടുംബംപോലും ഉണ്ടാകില്ലെന്ന് ഉറപ്പുപറയാൻ കഴിയുമെങ്കിൽ ഇതിനേക്കാൾ വലിയ ഏത് ചുവടുവയ്പാണ് ഞങ്ങൾ നടത്തേണ്ടതെന്ന് ദയവായി പറഞ്ഞുതരാൻ നിങ്ങൾ തയ്യാറാകണം. ഇനി ഒരുകാലത്തും കിട്ടില്ലെന്ന് കരുതിയ ക്ഷേമ പെൻഷനുകൾ വീട്ടിൽ കൊണ്ടുപോയികൊടുക്കാൻ, അവ വർദ്ധിപ്പിച്ചുകൊടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. 60 വയസ്സ് കഴിഞ്ഞ സകല മനുഷ്യർക്കും പെൻഷൻ കൊടുക്കുന്ന ഗവൺമെന്റായി ഈ ഗവൺമെന്റ് മാറി. അദ്ധ്യയനവർഷം തുടങ്ങുന്നതിനുമുൻപ് പാഠപുസ്തകങ്ങൾ കൃത്യമായി സ്കൂളുകളിൽ എത്തിയിരിക്കുന്നു. ഓണം നേരത്തേ വന്നതുകൊണ്ടാണ് പുസ്തകമെത്താത്തത് എന്ന ന്യായം പറയുന്ന ഒരു മന്ത്രി ഇന്ന് കേരളത്തിലില്ലെന്നതാണ് സംസ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാർ വന്നപ്പോഴുള്ള ഏറ്റവും വലിയ നേട്ടം എന്ന് നിങ്ങൾ കാണണം. വിദ്യാഭ്യാസ വായ്പയെടുത്ത പണം തിരിച്ചടയ്ക്കാനാകാതെ ജീവനൊടുക്കിയ കുട്ടികളുടെയും രക്ഷിതാക്കളുടെയും നാടായിരുന്നില്ലേ കേരളം? ഇനി കേരളത്തിൽ വിദ്യാഭ്യാസ വായ്പയെടുത്തതിന്റെ പേരിൽ ഒരു കുടുംബവും കണ്ണീർ കുടിക്കേണ്ടിവരില്ലെന്ന് ഉറപ്പുവരുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെങ്കിൽ ആ നേട്ടം കാണാൻ നിങ്ങൾക്ക് സാധിക്കേണ്ടതായിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലൂടെ രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി എല്ലാ വീടുകളും വൈദ്യുതീകരിക്കപ്പെടുന്ന സംസ്ഥാനമായി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കീഴിൽ കേരളം മാറാൻ പോകുകയാണ്. അതൊരു നേട്ടമായി നിങ്ങൾക്ക് തോന്നിയിട്ടില്ലേ? നഴ്സറി ടീച്ചർ, ലൈബ്രേറിയൻ, ആയ തുടങ്ങി സമൂഹത്തിൽ തുച്ഛമായ വേതനത്തിൽ ജോലി ചെയ്തിരുന്ന നമ്മുടെ സഹോദരിമാർ, ജീവനക്കാർ അവരെ കാണാൻ ഈ ഗവൺമെന്റിന് കണ്ണുണ്ടായി. 2,050 രൂപ വാങ്ങിയിരുന്ന നഴ്സറി ടീച്ചർ 12,000 രൂപ വാങ്ങുന്നുവെങ്കിൽ ആ കുടുംബങ്ങളുടെ പിന്തുണ

ഇടതുപക്ഷ ഗവൺമെന്റിനോടൊപ്പമുണ്ടെന്ന് മനസ്സിലാക്കണം. ആയമാരുടെ ഓണറേറിയം നിങ്ങൾ ഭരിക്കുമ്പോൾ 1,400 രൂപ, ഇന്ന് 8,000 രൂപയാണ് അവർ വാങ്ങുന്നത്. കുടുംബശ്രീയുമായി ബന്ധപ്പെട്ട് 30,000, 40,000 രൂപ വാങ്ങുന്നവരായി നമ്മുടെ സഹോദരിമാർ മാറി. ഈ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞത് നിങ്ങൾ കാണണം.

മാധ്യമങ്ങൾ തെറ്റായ പ്രചരണങ്ങളിൽ അഭിരമിക്കുകയും വിവാദങ്ങൾ ഉയർത്തിക്കൊണ്ടുവരികയും ചെയ്യുന്നുണ്ടാവാം. കേരളത്തിലെ ഏതെങ്കിലും കുത്തകമാധ്യമങ്ങളിലെ കൂലിയെഴുത്തുകാരുടെ ഔദാര്യത്തിൽ പിച്ചവച്ചുനടന്നവരല്ല ഞങ്ങളെന്ന് എപ്പോഴും ഞങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കാറുണ്ട്. ആ കാലമൊക്കെ പോയി. അവർ സാമൂഹ്യബോധത്തെ നിയന്ത്രിക്കുമെന്ന് വെറുതെ നടിച്ചിട്ട് കാര്യമില്ല. ആ പിൻബലത്തിൽ നിങ്ങൾ നിൽക്കുകയും വേണ്ട. കേരള ഗവൺമെന്റിന്റെ നേട്ടങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള മാധ്യമങ്ങൾ കാണുന്നുണ്ട്. കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയുടെ നേട്ടങ്ങളെക്കുറിച്ച് വളരെ ആവേശത്തോടെ ബി.ബി.സി. ചാനൽ റിപ്പോർട്ട് ചെയ്യുന്നു. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ആളുകൾ കാണുന്ന ടെലിവിഷൻ ചാനലാണ് ടെലീസൂർ, (Telesur). 21-ാം നൂറ്റാണ്ടിലെ മികച്ച സോഷ്യലിസ്റ്റ് മാതൃകയാണ് കേരളത്തിലെ തൊഴിൽ വകുപ്പിന്റെ നേട്ടങ്ങൾ, പദ്ധതികൾ എന്ന് ടെലീസൂർ ചാനൽ റിപ്പോർട്ട് ചെയ്യുന്നു. ബി.ബി.സി.-യും ടെലീസൂർ ചാനലും ലോകത്തിലെ പല മാധ്യമങ്ങളും ഈ ഗവൺമെന്റിനെ അഭിനന്ദിക്കുമ്പോൾ നിങ്ങൾ ഇനിയെങ്കിലും കണ്ണുതുറന്ന് യാഥാർത്ഥ്യങ്ങൾ കാണാൻ തയ്യാറാകണം.

ഇന്നലെയും ഇന്നുമായി രണ്ട് അടിയന്തരപ്രമേയങ്ങൾ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. മെഡിക്കൽ പി.ജി. ഫീസ് വർദ്ധനവ് സംബന്ധിച്ച വിഷയമാണ് ഇന്നത്തെ അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. ഞാൻ ചോദിക്കട്ടേ, മെഡിക്കൽ പി.ജി. ഫീസ് വർദ്ധനവ് സംബന്ധിച്ചുള്ള എല്ലാ പ്രതിപക്ഷ ആരോപണങ്ങളും പ്രചരണ പുകമറകളും ഇപ്പോൾ അവസാനിച്ചില്ലേ? ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി സഭയിൽ പറഞ്ഞതെന്താണ്? കോടതിവിധി നിലനിൽക്കുന്നു, അത് മറികടക്കാനാകില്ല, ഗവൺമെന്റിന് പരിമിതികളുണ്ട്, രണ്ട് തരം ഫീസ് പറ്റില്ല, ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്, പാവപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കാൻ മാനേജ്മെന്റുമായി ചേർന്ന് ധാരണയുണ്ടാക്കാൻ അല്ലെങ്കിൽ ഒരു സ്കീം ഉണ്ടാക്കാൻ മുൻകയ്യെടുക്കലാണ്. ബഹളംകൂട്ടിയ പ്രതിപക്ഷാംഗങ്ങളോട് ഞാൻ പറയുന്നു, ഈ ശബ്ദം നിങ്ങൾ കേൾക്കൂ, ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ പക്വതയുടെ ശബ്ദമാണ് ഈ സമയത്ത് നിങ്ങൾ കേൾക്കേണ്ടത്. വെറുതെ ബഹളം കൂട്ടിയിട്ട് കാര്യമില്ല. ഇല്ലാത്ത വിഷയം ഉയർത്തിപ്പിടിച്ച് നിങ്ങൾ സമരം

നടത്തുകയും അതുസംബന്ധിച്ച് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവരികയും ചെയ്തു. എന്തൊക്കെയാണ് പറയുന്നത്, പോലീസ് മർദ്ദനം, ഭീകര ലാത്തിച്ചാർജ്. പ്രിയപ്പെട്ട പ്രതിപക്ഷ നേതാവേ, തല തല്ലിപ്പൊളിക്കുന്നതിനെക്കുറിച്ചൊക്കെ പറഞ്ഞല്ലോ; അങ്ങ് ഈ പറഞ്ഞതിനൊക്കെ മുൻകാലപ്രാബല്യമുണ്ടോ? ഞങ്ങൾ കുറച്ചുപേർ ഇവിടെ ഇരിക്കുന്നുണ്ട്. ഒരുകാലത്ത് പൊട്ടിയ തുന്നിച്ചേർത്ത തലകളുമായി, അന്ന് ഈ ശബ്ദം ഞങ്ങൾ കേട്ടിട്ടില്ലല്ലോ? കോഴിക്കോട് ഒരു വിദ്യാർത്ഥി സമരത്തിന് നേതൃത്വം കൊടുത്ത എസ്.എഫ്.ഐ.-യുടെ അന്നത്തെ നേതാവ്, ശ്രീ. പി. ബിജുവിനുനേരെ; നിങ്ങളുടെ കാലഘട്ടത്തിൽ പ്രത്യേക പരിഗണന കിട്ടിയ പോലീസ് ഓഫീസർ ശ്രീ. രാധാകൃഷ്ണപിള്ള അദ്ദേഹത്തിന്റെ റിവോൾവർ എടുത്ത് വെടിവയ്ക്കുകയാണ് ചെയ്തത്. അങ്ങയുടെ പ്രതിഷേധം ഞങ്ങൾ ഇവിടെ കണ്ടിട്ടില്ലല്ലോ; നിങ്ങളുടെ പ്രത്യേക പരിഗണന കിട്ടിയ ആ പോലീസുദ്യോഗസ്ഥന് ഉന്നമില്ലാത്തതുകൊണ്ടല്ലേ അന്ന് എസ്.എഫ്.ഐ.-യുടെ നേതാവ് രക്ഷപ്പെട്ടത്, അല്ലെങ്കിൽ രക്ഷപ്പെടുമായിരുന്നോ; ഇന്ന് നിങ്ങളുടെ ഒരു പ്രവർത്തകന്റെ ജനനേന്ദ്രിയം ഒരു എസ്.ഐ. തകർത്തുവെന്ന് കോവളം മണ്ഡലത്തിലെ അംഗം ചർച്ചയിൽ പറയുകയുണ്ടായി. ആ എസ്.ഐ.-യുടെ പേരിൽ നടപടിയെടുത്തതിന് പ്രതിപക്ഷ നേതാവ് ഇന്ന് മുഖ്യമന്ത്രിയെ അഭിനന്ദിച്ചു. അതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. എന്നാൽ നിങ്ങൾ ഭരിക്കുമ്പോൾ തിരുവനന്തപുരത്ത് മുഖ്യമന്ത്രിയെ കറുത്തപതാക ഉയർത്തിക്കാണിച്ചതിന് ഒരു ഡി.വൈ.എഫ്.ഐ. പ്രവർത്തകന്റെ ജനനേന്ദ്രിയം സർക്കിൾ ഇൻസ്പെക്ടർ തകർക്കുന്ന ചിത്രം പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വന്നില്ലേ? ഇവിടെ രണ്ട് നയം പറ്റുമോ? നിങ്ങളുടേതായാലും ഞങ്ങളുടെതായാലും ജനനേന്ദ്രിയമല്ലേ; അത് തകർത്താൽ പ്രശ്നമല്ലേ, അതിനെതിരെ ഒരേ നിലപാട് നമ്മൾ സ്വീകരിക്കണ്ടേ? അങ്ങനെ സ്വീകരിക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ്? ഇന്ന് വലിയ ഭീകരമായ പോലീസ് മർദ്ദനമൊന്നും വേണ്ട; പോലീസ് ജീപ്പിന്റെ ഹോണടി കേട്ടാൽ ഓടി പഞ്ചായത്ത് വിടുന്നവരാണ് ഇന്ന് കേരളത്തിലെ കെ.എസ്.യു.-വിൽ ഉള്ളതെന്ന് കഴിഞ്ഞ ദിവസം എല്ലാവരും കണ്ടതാണ്. അത്ര ഭീകരമായൊരു പോലീസ് മർദ്ദനം ഇവിടെ ഉണ്ടായിട്ടില്ല, നിങ്ങൾ ഇല്ലാത്ത വിഷയം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. കഴിഞ്ഞ ദിവസം കൊലപാതകത്തെ മുൻനിർത്തി ഒരു വിഷയം അടിയന്തര പ്രമേയമായി നിങ്ങൾ കൊണ്ടുവന്നു. ആരുടെ കൊലപാതകമായാലും അതിനെ എതിർക്കേണ്ടതാണ്, ആരും കൊല്ലപ്പെടാൻ പാടില്ല. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ ശ്രീ. എം. മുകുന്ദൻ എഴുതുന്നുണ്ട്, 'മനുഷ്യന്റെ ഒരു തുള്ളി രക്തത്തിന് ഒരു കിരീടത്തേക്കാൾ വിലയുണ്ടെന്ന്', അത് മാനവികതയുടെ ദർശനമാണ്, ഞങ്ങൾ പിൻതുണയ്ക്കുന്നു, നമ്മുടെ മണ്ണിൽ ആരും കൊല്ലപ്പെടരുത്. ഇന്നലെ പുറത്തിറങ്ങിയ ഒരു പ്രമുഖപത്രത്തിന്റെ മുഖപ്രസംഗം ബഹുമാന്യനായ

പ്രതിപക്ഷ നേതാവും എല്ലാ കോൺഗ്രസ്സ് അംഗങ്ങളും വായിക്കണം. എല്ലാ കൊലപാതകങ്ങളേയും എതിർക്കുന്നതിനുപകരം കേരളത്തിൽ ആർ.എസ്.എസ്.-കാർ നടത്തുന്ന കൊലപാതകങ്ങൾക്കുമുന്നിൽ നിങ്ങൾ നിശബ്ദത പാലിക്കുന്നു; ആർ.എസ്.എസ്.-ന്റെ ഏതെങ്കിലുമൊരു കൊലയാളി കൊല്ലപ്പെട്ടാൽ, അത് വലിയ പ്രശ്നമായി നിങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നു; എത്ര കൊലപാതകങ്ങൾ നമ്മുടെ മുമ്പിലുണ്ട്, അനുഭവത്തിലുണ്ട്; ഇത് ശരിയാണോ? സ്വാതന്ത്ര്യാനന്തര ഇന്ത്യയിലാദ്യമായി ഒരു നിയമസഭാംഗം കൊല്ലപ്പെട്ടത് ഈ കേരളത്തിലല്ലേ; 1969-ൽ നിയമസഭാംഗമായ കുഞ്ഞാലി, ആരായിരുന്നു കൊലയാളി? ഇന്ത്യയിലാദ്യമായി ഒരു മുനിസിപ്പൽ ചെയർമാൻ കൊല്ലപ്പെട്ടത് ഈ കേരളത്തിലല്ലേ; ചാവക്കാട്ടെ കെ. പി. വൽസലൻ. ആരായിരുന്നു കൊലയാളി? ഇന്ത്യയിലാദ്യമായി പയ്യന്നൂരിലെ രാമന്തളിയിൽ ഒരു പഞ്ചായത്ത് പ്രസിഡന്റ് ഒ. കെ. കുഞ്ഞിക്കണ്ണൻ കൊല്ലപ്പെട്ടത് ഈ കേരളത്തിലല്ലേ; ആരായിരുന്നു പ്രതികൾ, ആരായിരുന്നു കൊലയാളികൾ? ഇന്ത്യയിലാദ്യമായി ഒരു മുൻ എം.എൽ.എ. കൊല്ലപ്പെട്ടത്, കൊടുങ്ങല്ലൂർ അബ്ദുൾ ഖാദർ അല്ലേ? ആരായായിരുന്നു കൊലയാളി? ഇന്ത്യയിലാദ്യമായി ഒരു ജില്ലാ പഞ്ചായത്ത് അംഗം കെ. വി. സുധീഷ് കൊല്ലപ്പെട്ടത് ഈ കേരളത്തിലല്ലേ; ആരായിരുന്നു പ്രതികൾ? ഈ സാഹചര്യങ്ങളിൽ ഒരക്ഷരമെങ്കിലും നിങ്ങൾ ഉരിയാടിയിട്ടുണ്ടോ? ഇതൊക്കെ ഞങ്ങളുടെ നേതാക്കന്മാരായതുകൊണ്ടാണെന്ന് കരുതാം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആർ.എസ്.എസ്.-കാർ എത്രപേരെ കൊന്നുതള്ളി? പ്ലസ് ടു വിദ്യാർത്ഥി അനന്ദു കൊല്ലപ്പെട്ടപ്പോൾ നിങ്ങൾക്ക് ഒരു സബ്മിഷൻ ഉന്നയിക്കാനെങ്കിലും കഴിഞ്ഞോ? എട്ടു വയസ്സുകാരൻ ഫഹദിനെ ആർ.എസ്.എസ്. സംഘ്പരിവാർ മുമ്പ് കഴുത്തറുത്ത് കൊന്നപ്പോൾ ഒരു സബ്മിഷൻ ഉന്നയിക്കാൻ നിങ്ങൾ തയ്യാറായോ? എന്തിന് അധികം പറയുന്നു, തൃശ്ശൂരിലെ കാഞ്ഞാണിയിൽ കോൺഗ്രസ് നേതാവ് സുരേഷിനെ പട്ടാപ്പകൽ അടിച്ചുകൊന്നപ്പോൾ, കൂടെ കൊടിപിടിക്കുന്നവർ കൊല്ലപ്പെട്ടപ്പോൾ ഒരു അടിയന്തര പ്രമേയമെങ്കിലും നിയമസഭയിൽ നിങ്ങൾ കൊണ്ടുവന്നോ? കോൺഗ്രസ്സുകാരന്റെ ജീവനേക്കാൾ വില കൊലക്കേസ് പ്രതിയും ഘാതകനുമായ ആർ.എസ്.എസ്.- കാരനാണെന്ന് കരുതുന്ന ആ രാഷ്ട്രീയ പാപ്പരത്തമുണ്ടല്ലോ, അത് ശരിയാണോ, ഈ കാലഘട്ടത്തിന് ചേരുന്നതാണോ, സംഘ്പരിവാർ ഫാസിസത്തെ ഇങ്ങനെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടോ എന്നൊക്കെയുള്ളത് നിങ്ങൾ പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ചരിത്രമൊന്നും മറന്നുപോകാനുള്ളതല്ല. മറവിക്കെതിരായ ഓർമ്മകളുടെ സമരമാണ് രാഷ്ട്രീയമെന്നെഴുതിയത് മിലൻ കുന്ദേരയാണ്. ബഹുമാനപ്പെട്ട അരുവിക്കര അംഗത്തിനെങ്കിലും അത് തിരിച്ചറിയാൻ കഴിയുമെന്നാണ് ഞാൻ

പ്രതീക്ഷിക്കുന്നത്. അദ്ദേഹം അത് അറിയാത്തവർക്കുകൂടി പറഞ്ഞുകൊടുക്കണം. നമ്മൾ ചരിത്രം മറക്കാൻ പാടില്ല. ലോകമാകെ കേരളത്തിലെ ഭരണം അംഗീകരിക്കുമ്പോൾ, പാവപ്പെട്ട മനുഷ്യർ ഇത് എന്റെ സർക്കാരാണെന്ന് ഹൃദയത്തിൽ തൊട്ടുപറയുമ്പോൾ, ഈ ഗവൺമെന്റിനെതിരെ തെറ്റായ പ്രചരണങ്ങൾ, ഇല്ലാത്ത പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് പുകമറ സൃഷ്ടിക്കാനുള്ള പ്രതിപക്ഷ തന്ത്രമൊന്നും വിലപ്പോകില്ല. ഈ ഗവൺമെന്റ് കേരളത്തിൽ മഹത്തായ ഒരു പുതിയ യുഗത്തിന് തുടക്കമിടുകയാണ്. കേരളത്തിലെ ജനങ്ങളുടെ പിന്തുണയോടുകൂടി ഞങ്ങൾ ധീരമായി മുന്നോട്ടുപോകും. ഈ നാട്ടിലെ സാധാരണക്കാരും പാവപ്പെട്ടവരും കർഷകരും തൊഴിലാളികളും ചെറുപ്പക്കാരും ഈ ഗവൺമെന്റിന്റെ പിന്നിൽ അണിനിരക്കുന്നിടത്തോളം കാലം ഞങ്ങൾക്കാരേയും ഭയപ്പെടാനില്ല. ഈ പാതയിൽത്തന്നെ ഞങ്ങൾ മുന്നോട്ടുപോകും. ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, എന്റെ സ്നേഹിതൻ ശ്രീ. എം. സ്വരാജിന് ബഹുമാനപ്പെട്ട മാത്യു. ടി. തോമസിനോട് ഇത്രയും വിരോധമുണ്ടെന്ന് എനിക്കറിയില്ലായിരുന്നു. അദ്ദേഹം, ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതുകൊണ്ടാണ് കിഴക്ക് സൂര്യനുദിക്കുന്നതും പടിഞ്ഞാറ് അസ്തമിക്കുന്നതും എന്നുവരെ പറഞ്ഞുവച്ചു. ഈ ഡിമാന്റിനെക്കുറിച്ച് നാലക്ഷരം, അങ്ങയെക്കുറിച്ച് നല്ലവാക്ക് പറയേണ്ടതല്ലായിരുന്നോ? ഞങ്ങളുടെ രാഷ്ട്രീയ ധർമ്മം വേറെയാണ്. അതുകൊണ്ട് ഞങ്ങളിൽനിന്ന് അങ്ങ് അത് പ്രതീക്ഷിക്കുകയില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഒരു വക്താവ് സംസാരിക്കുന്ന സമയത്ത് ഇതിനെക്കുറിച്ച് നല്ല വാക്ക് പറയാനില്ലാത്തതുകൊണ്ട്, അദ്ദേഹം കുറുക്കുചാടി മറ്റ് രാഷ്ട്രീയ കാര്യങ്ങൾ, സാധാരണ തൃപ്പൂണിത്തുറ മൈതാനത്ത് പ്രസംഗിക്കുന്നതു പോലെ, ഇവിടെ വിശാലമായി സംസാരിച്ചു. ഞാൻ അങ്ങേയ്ക്ക് അഭിവാദ്യം നേരുകയാണ്.

ഞാൻ എന്റെ ഡിമാന്റിലേയ്ക്ക് വരികയാണ്. ജനങ്ങളെ വെള്ളം കുടിപ്പിക്കുന്ന പണിയിൽനിന്നും മാറി ജനങ്ങൾക്ക് വെള്ളം നൽകുന്ന നടപടിയിലേയ്ക്ക് പോകണം. ഒരു വർഷത്തിൽ എത്ര ടി.എം.സി. മഴവെള്ളമാണ് കടലിലേയ്ക്ക് പോകുന്നത്? നെയ്യാർഡാമിൽനിന്ന് വിളവൻകോടിലേയ്ക്ക് വെള്ളം കൊടുക്കാൻ എൽ.ഡി.എഫ്. അല്ലേ തീരുമാനമെടുത്തത്; ഒരു വാട്ടർകോഴ്സിൽനിന്ന് മറ്റൊരു വാട്ടർകോഴ്സിലേയ്ക്ക് സ്റ്റേറ്റ് മാറി കൊടുക്കുകയാണെങ്കിൽ നിയമസഭയുടെ അംഗീകാരം വേണമെന്നുള്ള നിബന്ധനയിൽ വിളവൻകോടിലേയ്ക്ക് വെള്ളം കൊടുത്തു, ഇപ്പോൾ കേരളത്തിൽ വെള്ളമില്ല. ആളിയാർ-മൂലത്തറയിൽ ചിറ്റൂർപ്പുഴയ്ക്കുടുത്ത് രണ്ടുമൂന്ന് തടയണ നിർമ്മിച്ചാൽ പാലക്കാട് ജില്ലയിലെ

വെള്ളത്തിന്റെ പ്രശ്നം പരിഹരിക്കാൻ കഴിയില്ലേ; അങ്ങനെവന്നാൽ പാലക്കാട് ജില്ലയ്ക്ക് വെള്ളം കിട്ടില്ലേ; ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് ഇതുപോലെ വെള്ളം കുടിക്കേണ്ട കാര്യമുണ്ടായിരുന്നോ? ഈ രൂപത്തിൽ, ഗവൺമെന്റിന് ചെയ്യാൻ പറ്റുന്ന ഒരു കാര്യവും ചെയ്യുന്നില്ല. കാവേരി ട്രിബ്യൂണൽ സെല്ലിനെ പിരിച്ചുവിടാൻ പോകുന്നു എന്നാണ് അവിടെനിന്നുള്ള അംഗങ്ങൾ സംസാരിച്ചതിൽനിന്നും മനസ്സിലായത്. ഏറ്റവും നിർണ്ണായകമായ സന്ദർഭമാണിത്. കാരണം, ജൂൺ മാസത്തിൽ കാവേരി ട്രിബ്യൂണലിൽ തമിഴ്നാട് കൊടുത്തിരിക്കുന്ന റിവ്യൂ പെറ്റീഷൻ വരികയാണ്. ആ സന്ദർഭത്തിൽ കേരളത്തിനുണ്ടായിരുന്ന സെല്ലുകൂടി പിരിച്ചുവിട്ടാൽ ആർക്കാണത് ഗുണം ചെയ്യുന്നത്? തമിഴ്നാടിനുവേണ്ടി ഒത്താശചെയ്യുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റെന്ന നിലയിലേയ്ക്കാണ് അത് വരുന്നത്. ബാണാസുര സാഗറിലും കാരാപ്പുഴ പദ്ധതിയിലുമായി നമുക്ക് ലഭിച്ച 30 ടി.എം.സി. ജലം വിനിയോഗിക്കുന്നതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ, കാവേരി ട്രിബ്യൂണൽ നമുക്ക് നൽകിയതാണ്. വെള്ളമില്ലെന്നു പറഞ്ഞ് ബഹളമുണ്ടാക്കുന്നതല്ലാതെ കിട്ടിയ ജലം വിനിയോഗിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചോ? 30 ടി.എം.സി. ജലത്തിൽനിന്ന് രണ്ടര ടി.എം.സി. ജലം മാത്രമാണ് വിനിയോഗിച്ചത്. പാമ്പാറിലും നൂൽപ്പുഴയിലും കല്ലമ്പാറയിലും അട്ടപ്പാടിയിലും കബനിയിലും ഈ പദ്ധതി ഗുണം ചെയ്യുമായിരുന്നു. പക്ഷേ ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നതിന്റെ തെളിവാണ് എന്റെ സ്നേഹിതൻ ശ്രീ. എം. സ്വരാജ് ഇതിനെക്കുറിച്ച് ഒന്നും പറയാതിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇവർ ചെയ്യേണ്ട എന്തെങ്കിലും കാര്യങ്ങൾ ചെയ്യുന്നുണ്ടോ? കുടിവെള്ളം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു എന്നുപറഞ്ഞു, കിയോസ്കുകൾ, കുഴൽക്കിണറുകൾ എന്നിവ വഴിയും കൃത്രിമ മഴ പെയ്യിപ്പിച്ചുമാണ് വരൾച്ചയെ നേരിടുമെന്ന് പറഞ്ഞത്. കേരളത്തിൽ എവിടെയാണ് കൃത്രിമ മഴ പെയ്തത്? ഞങ്ങൾക്കാർക്കുമറിയില്ല. നിങ്ങൾക്കറിയാമെങ്കിൽ പറയണം. കിയോസ്കുകളും കുഴൽക്കിണറുകളുമൊന്നും കാര്യമായിട്ടുണ്ടായിട്ടില്ല. കിണർ നിറയ്ക്കുന്നതിനുവേണ്ടി 412 കോടി രൂപയുടെ ഒരു പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു, എന്നിട്ടെന്തായി? ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയെ നേരിടുന്നതിന്, കിണർ നിറയ്ക്കുന്നതിന് 412 കോടി രൂപയുടെ പദ്ധതി കൊണ്ടുവന്നെങ്കിലും 1,000/- രൂപയുടെ പണിപോലും നടന്നിട്ടില്ലെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഈ ഗവൺമെന്റ് പിന്നെ എന്ത് വലിയ കാര്യം ചെയ്തു എന്നാണ് പറയുന്നത്? ഇവിടെ വാട്ടർ കൺസർവേഷനോ, ജലം തടഞ്ഞുനിർത്തുന്നതിനോ എന്തെങ്കിലും നടപടി സ്വീകരിച്ചോ? ഭൂഗർഭജലത്തിന്റെ അളവ് കുറയുന്നു എന്ന വിമർശനം ഭരണ-പ്രതിപക്ഷത്തുനിന്നും ഉണ്ടായല്ലോ. അത് മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചോ? 152

ബ്ലോക്കുകളിൽ 26-ലും വാട്ടർ ടേബിൾ താഴ്ന്നുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ ഈ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചത്? 4 പമ്പ് വാങ്ങി തോട്ടിൽ വെള്ളമടിച്ചുകയറ്റിയിരുന്നെങ്കിൽ നാട്ടിലെ കിണറുകളിൽ വെള്ളമെത്തുമായിരുന്നല്ലോ; അങ്ങനെയെങ്കിലും ചെയ്യേണ്ടതായിരുന്നില്ലേ? ഈ വലിയ വരൾച്ച നേരിടുന്നതിനായി ഡിസാസ്റ്റർ മാനേജ്മെന്റിൽനിന്നും കേന്ദ്ര ഗവൺമെന്റ് തുക നൽകുമെങ്കിലും അതിലും കാര്യമായിട്ടൊന്നും നടന്നിട്ടില്ല. ഇവിടെ ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് മന്ത്രി മറുപടി പറഞ്ഞത്, വാട്ടർ അതോറിറ്റിക്ക് ജലവിതരണം നടത്തുന്നതിനായി ആവശ്യമുള്ള തുക അനുവദിച്ചിട്ടുണ്ടെന്നാണ്. എന്നാൽ ഭരണ-പ്രതിപക്ഷാംഗങ്ങൾ തുകയില്ല, ആവശ്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളത്തിൽ കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾക്ക് തടസ്സം വരാൻ കാരണമെന്താണ്? Atal Mission for Rejuvenation and Urban Transformation (AMRUT) പദ്ധതിയിൽ 587.48 കോടി രൂപ 26.-3-2016-ൽ അനുവദിച്ചു. 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. തുല്യവിഹിതത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം 287.98 കോടി രൂപ അനുവദിച്ചു. ആദ്യത്തെ ഇൻസ്റ്റാൾമെന്റ് 57.6 കോടി രൂപ ലഭിച്ചു. അതിൽ കാൽ കാശ് ഈ വരൾച്ചാ കാലഘട്ടത്തിൽ നമുക്ക് ചെലവഴിക്കാൻ സാധിച്ചോ? ഇവിടെ നമ്മൾ ഭംഗിവാക്ക് പറഞ്ഞിട്ട് കാര്യമില്ല. പാവപ്പെട്ട ആളുകൾക്ക് വെള്ളം കൊടുക്കണ്ടേ; അങ്ങനെയുള്ള ഒരു നടപടിയും കാര്യമായിട്ടുണ്ടായിട്ടില്ല. ഇവിടെ ഇങ്ങനെയുള്ള കാര്യങ്ങൾ പറയാൻ കഴിയാത്തതുകൊണ്ട് ഈ കയ്യുള്ള ഗവൺമെന്റിനെ ഷുഗർ കോട്ടിംഗിലൂടെ ജനമധ്യത്തിൽ കൊണ്ടുവരുന്നതിന് മനഃപൂർവമായി രാഷ്ട്രീയം പറഞ്ഞുതീർക്കുകയാണ്.

ഞാൻ രാഷ്ട്രീയം പറയണമെന്ന് വിചാരിച്ചതല്ല. എന്റെ സ്നേഹിതൻ ശ്രീ. എം. സ്വരാജ് എന്റെ അനുജനാണെങ്കിലും രാഷ്ട്രീയം പറഞ്ഞില്ലെങ്കിൽ ശരിയാവില്ല എന്ന് അദ്ദേഹം പറഞ്ഞത് ഞാനും അംഗീകരിക്കുന്നു. ഒരു ഗവൺമെന്റിൽനിന്ന് ജനങ്ങൾ ആഗ്രഹിക്കുന്നത് അവരുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കണമെന്നാണ്. നിങ്ങൾ പുതിയതായി എന്തെങ്കിലും ചെയ്യണമെന്ന് ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്നില്ല. പക്ഷേ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണ്ടേ? രാഷ്ട്രീയ കൊലപാതകങ്ങളുടെ ലിസ്റ്റ് പരിശോധിച്ചാൽ മുൻ കാലങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ രാഷ്ട്രീയ കൊലപാതകങ്ങൾ ഇപ്പോൾ നടക്കുകയാണ്. വാദിയും പ്രതിയും രണ്ട് വശങ്ങളിലും ജില്ലാ കളക്ടർ മധ്യത്തിലുമിരുന്ന് ഒത്തുതീർപ്പ് ചർച്ചകൾ നടത്തും. ഇനിമേലിൽ കൊലപാതകമില്ല എന്നുപറഞ്ഞ് പിരിയുമെങ്കിലും പിറ്റേദിവസം മുതൽ വീണ്ടും

കൊലപാതകം ആരംഭിക്കുകയാണ്. നിങ്ങൾ ഇപ്പോൾ പറഞ്ഞത് കൊലപാതകത്തിൽ ഞങ്ങൾ കക്ഷിചേരണമെന്നാണ്. ഒരു കൂട്ടരെ കൊലപ്പെടുത്തിയാൽ ഞങ്ങൾ കുന്തവുമായി നിങ്ങളോടൊപ്പം വരണം, അലവാങ്ക് എടുത്തുകൊണ്ട് നിങ്ങളോടൊപ്പം ഞങ്ങളും കൂടണം. അങ്ങനെ നിങ്ങളോടൊപ്പം കൊലപാതകത്തിന് നിൽക്കുന്ന 'ബി' ടീമായി ഐക്യജനാധിപത്യ മുന്നണിയെ പ്രതീക്ഷിക്കണ്ട എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. എന്നാൽ നാട്ടിൽ ന്യായം നടക്കണം, അതിനുള്ള നടപടികൾ സ്വീകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ഏഴെട്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ജനങ്ങളുടെ മുന്നിലുണ്ട്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വ്യക്തിപരമായി ആക്ഷേപിക്കുകയല്ല. അദ്ദേഹം ചില ഉപദേശക സംഘത്തെ നിയോഗിച്ചിട്ടും പഴയതിനേക്കാൾ മെച്ചപ്പെട്ടില്ലെന്നുവന്നാൽ അവർക്ക് തൊഴിലില്ലായ്മ വേതനം കൊടുത്ത് ഒഴിവാക്കുക എന്നതല്ലാതെ മറ്റെന്തെങ്കിലും ചെയ്യാൻ കഴിയുമോ? അഡ്വക്കേറ്റ് എം. കെ. ദാമോദരൻ അഡ്വൈസറായി വന്നെങ്കിലും ആ സ്ഥാനത്തുനിന്ന് അദ്ദേഹത്തിന് ഒഴിയേണ്ടിവന്നു. മറ്റുചില സംഭവങ്ങളുമുണ്ടായി. മന്ത്രിസഭയിൽ ആളുകൾ മാറേണ്ടിവന്നു. ഈ ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഞാൻ ഇത് പറയാൻ കാരണം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു വർഷം തികയുന്നത് അടുത്ത 25-ാം തീയതിയാണ്. ആ സാഹചര്യത്തിൽ ഈ ഗവൺമെന്റിനെക്കുറിച്ചുള്ള ഒരു സ്റ്റേറ്റ്മെന്റ് ഉണ്ടാകണ്ടേ; അതുവരെ ഗവൺമെന്റ് ചെയ്ത കാര്യങ്ങളെക്കുറിച്ച് പൊതുവായി ഒരു വിശകലനം വേണ്ടേ? അത് ആവശ്യമായതുകൊണ്ടാണ് ഞാൻ ഈ കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നത്. പെൺകുട്ടികൾക്കുപോലും പ്രാണഭയമില്ലാതെ പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയാണുള്ളത്. നീറ്റ് പരീക്ഷാ ദിവസം കേരള സംസ്കാരത്തിനും ഇന്ത്യൻ സംസ്കാരത്തിനും ലോക സമൂഹത്തിനും ഒരിക്കലും അംഗീകരിക്കാൻ കഴിയാത്ത സംഭവങ്ങളാണുണ്ടായത്. 17-18 വയസ്സുള്ള പെൺകുട്ടികളുടെ ശരീരപരിശോധന നടത്താൻ തീരുമാനിച്ച ഉദ്യോഗസ്ഥരെ അറസ്റ്റ്ചെയ്ത് അകത്താക്കാത്തത് എന്തുകൊണ്ടാണെന്ന ചോദ്യം ഈ സമൂഹത്തിൽ എല്ലാവരും ഉന്നയിക്കുകയാണ്. സാഹിത്യരംഗത്തുള്ളവരും നാട്ടിലെ പ്രധാനപ്പെട്ട ആളുകളും ഇതുസംബന്ധിച്ച് പറഞ്ഞില്ലേ; ഗവൺമെന്റ് എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല? ഈ രീതിയിൽ നമ്മുടെ കേരളത്തെ പ്രാകൃതമാക്കി മാറ്റുന്നത് ശരിയാണോ; ഇത് മാറ്റിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണ്ടേ? ദൗർഭാഗ്യവശാൽ ഒന്നും നടക്കുന്നില്ല. മറ്റുള്ള കാര്യങ്ങളെക്കുറിച്ച് ഞാൻ ഇപ്പോൾ പറയുന്നില്ല.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം കുറെക്കാലമായി കേരളത്തിൽ ഇല്ലേ; അടുത്ത കാലത്തെങ്ങാനും കേരളത്തിലേയ്ക്ക് വന്നതാണോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ കേരളത്തിലേ ഉള്ളൂ, മന്ത്രിസഭയിൽ ഇല്ലായിരുന്നു. അങ്ങിപ്പോൾ അതിലില്ല. അതുകൊണ്ട് അങ്ങേയ്ക്ക് ഈ ഫയൽ മുഴുവൻ പിടികിട്ടുമെന്ന് എനിക്ക് തോന്നുന്നില്ല. അങ്ങയോടായതുകൊണ്ട് ഇത്രയും കടുപ്പിച്ച് പറയണ്ട എന്ന് വിചാരിച്ചതാണ്. പക്ഷേ ഇത് കിട്ടിയേ അടങ്ങൂ എന്ന് അങ്ങ് വാശി കാണിച്ചാൽ തരാതെ എനിക്കൊരു നിവൃത്തിയുമില്ല. അതുകൊണ്ട് എന്നോട് ക്ഷമിക്കണം.

കേരളത്തിൽ ഒരു വർഷംകൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളെയും നിങ്ങൾ ബുദ്ധിമുട്ടിച്ചു. നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽവന്ന ഒന്നാം ദിവസം കേരളത്തിൽ ഒരു കിലോ അരിക്ക് 26 രൂപയായിരുന്നു. എന്നാൽ അധികാരത്തിൽ വന്നതിന്റെ ഒന്നാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ ഒരു കിലോ അരിയുടെ വില 50 രൂപയായി. ഈ നിലയിൽ എല്ലാ കാര്യങ്ങളും മാറിയിരിക്കുകയാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, സഭ പിരിഞ്ഞതിനുശേഷം നമുക്ക് രണ്ടുപേർക്കുംകൂടി മാർക്കറ്റിൽപോകാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് പോകുന്ന മാർക്കറ്റ് ഏതാണെന്ന് പറഞ്ഞാൽ ഞാനുംകൂടി വരാം. ഞങ്ങൾ പോകുന്ന മാർക്കറ്റിൽ ഒരു കിലോ അരിക്ക് 50/- രൂപയാണ്. ....(ബഹളം).... ഒരാൾ ചോദിക്കണം. എല്ലാവരുംകൂടി ബഹളമുണ്ടാക്കുന്ന നമ്പർ വേണ്ട. ഒരാൾ ചോദ്യം ചോദിച്ചാൽ ഞാൻ ഉത്തരം പറയാം. ....(ബഹളം) ....

<u>മി. സ്പീക്കർ</u>: ആരെങ്കിലും ഒരാൾ ചോദിക്കണം. അങ്ങയുടെ സമയം അവസാനിച്ചു. രണ്ട് മിനിട്ട് അധികമായി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അത് എന്റെ കുറ്റം കൊണ്ടാണോ; അവരെല്ലാംകൂടി എഴുന്നേറ്റുനിന്നതുകൊണ്ടല്ലേ? എന്നെപ്പോലെ ഇത്രയും സത്യസന്ധമായി നിയമം അംഗീകരിക്കുന്ന മറ്റാരാണുള്ളത്; അതുകൊണ്ട് 5 മിനിട്ടുകൂടി അനുവദിക്കണം.

<u>മി. സ്പീക്കർ</u>: അത് പ്രായോഗികമല്ല. അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കേരളത്തിലെ ജനങ്ങളുടെ ജീവിതം തകർത്തു, സമാധാനം ഇല്ലാതാക്കി, പെൺകുട്ടികൾക്കുപോലും പ്രാണഭയമില്ലാതെ പുറത്തിറങ്ങാൻ കഴിയാത്ത അന്തരീക്ഷമായി. ഇതൊന്നും ഞാൻ പറയണമെന്ന് വിചാരിച്ചതല്ല. ശ്രീ. എം. സ്വരാജ് എന്നെക്കൊണ്ട് നിർബന്ധിച്ച് പറയിപ്പിച്ചതാണ്. അതിന്റെ ക്രെഡിറ്റ് അദ്ദേഹത്തിന് നൽകിയാൽ മതി. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

3.00 p.m.]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഭരണ-പ്രതിപക്ഷത്തുനിന്നായി 17 അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ജലവിഭവ മേഖലയിൽ വൻപ്രതിസന്ധിയുടെ ഒരു വർഷമാണ് കടന്നുപോകുന്നത്. മഴ കുറഞ്ഞതിന്റെ കണക്കുകളൊക്കെ ഇവിടെ പലതവണ ആവർത്തിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പ്രതിസന്ധിയുടെ മുമ്പിൽ ഗവൺമെന്റും ജനതയും പകച്ചുനിന്നില്ല. പ്രതിസന്ധിയെ ധൈര്യത്തോടെയും ആർജ്ജവത്തോടെയും അഭിമുഖീകരിച്ച് അതിജീവിക്കാൻ ഒരു ജനതയ്ക്ക് കരുത്തുപകരുന്നതിൽ ഈ സർക്കാർ വിജയിച്ചു എന്നുതന്നെയാണ് കരുതുന്നത്. ജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ദൗത്യം വിജയിപ്പിക്കാൻ വേണ്ട പരിശ്രമമാണ് ഹരിത കേരളം അടക്കമുള്ള പദ്ധതികൾ. പ്രശ്നങ്ങളെ തിരിച്ചറിയാൻ കഴിയണം. നെയ്യാർഡാമിൽ നിന്ന് വെള്ളം കൊണ്ടുവന്നതിനെക്കുറിച്ച് പറഞ്ഞു. നെയ്യാർഡാമിൽനിന്ന് അരുവിക്കരയിലേയ്ക്ക് വെള്ളം എത്തിച്ചതോടുകൂടി ജലവിഭവ വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും അവസാനിച്ചു എന്ന ധാരണയില്ല. ഇവിടെ വിമർശിച്ചതുപോലെ വളരെയധികം വിമർശനങ്ങൾ കേട്ടുകൊണ്ടിരിക്കുന്ന വകുപ്പുകളാണ് വാട്ടർ അതോറിറ്റിയും ജലസേചനവും. തിരുവനന്തപുരം പട്ടണത്തിൽ വെള്ളമെത്തിക്കുന്ന പ്രവൃത്തി യുദ്ധകാലാടിസ്ഥനത്തിൽ നടപ്പാക്കാൻ എന്റെ സഹപ്രവർത്തകരായ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തു. അത് ഫലപ്രദമായി നിർവ്വഹിച്ചതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ മാത്രം അവസാനിപ്പിക്കാനുള്ളതല്ല പ്രവർത്തനങ്ങൾ. വാട്ടർ അതോറിറ്റിയുടെ കഴിഞ്ഞ വർഷത്തെ പ്ലാൻ എക്സ്പെന്റിച്ചർ 74.78 ശതമാനമാണ്. പല പ്രയാസങ്ങളും അതിജീവിച്ചാണ് ഈ ശതമാനത്തിൽ എത്തിയത്. നോട്ട് പിൻവലിച്ചതുമായി ബന്ധപ്പെട്ട് ഉണ്ടായ മാന്ദ്യവും കേന്ദ്ര പദ്ധതികളിൽനിന്ന് പണം ലഭിക്കാതെ വന്നതടക്കമുള്ള പ്രതിസന്ധികളും ഉണ്ടായപ്പോൾ പ്ലാൻ എക്സ്പെന്റിച്ചർ 74.78 ശതമാനം അച്ചീവ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് സംസ്ഥാനത്ത് 251 പഞ്ചായത്തുകളിലും 13 മുനിസിപ്പാലിറ്റികളിലും ശുദ്ധീകരിച്ച വെള്ളമില്ല. ശുദ്ധീകരിച്ച വെള്ളം 72 പഞ്ചായത്തുകളിലും 4 മുനിസിപ്പാലിറ്റികളിലും എത്തിക്കുന്നതിനുള്ള 42 പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 147298 പുതിയ കണക്ഷനുകൾ നൽകുകയും 110 ദശലക്ഷം ലിറ്റർ വെള്ളം പ്രതിദിനം അധികമായി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിരവധി മേഖലയിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ വാട്ടർ അതോറിറ്റിയുടെ ആകെയുള്ള ഉല്പാദനം പ്രതിദിനം 3033 ദശലക്ഷം

ലിറ്ററാണ്. റവന്യൂവിലും വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. 2015-16-ൽ 478 കോടി രൂപയായിരുന്നത് 2016-17-ൽ 545 കോടി രൂപയായി. ഒരുപൈസപോലും വർദ്ധിപ്പിക്കാതെ 14 ശതമാനം വർദ്ധനവ് വരുമാനത്തിലുണ്ടാക്കാൻ കഴിഞ്ഞു. കൂടുതൽ ഉപഭോക്തൃ സൗഹൃദമായിരിക്കണം വാട്ടർ അതോറിറ്റി എന്നുകണ്ടുകൊണ്ട് ഒരു ജനമിത്ര ഓൺലൈൻ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വെള്ളം നഷ്ടപ്പെട്ടുപോകുന്നത് കുറയ്ക്കാൻ നിരവധി പദ്ധതികളുണ്ട്; 70 പുതിയ പദ്ധതികൾകൂടി ഈ സാമ്പത്തിക വർഷം കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുകയാണ്. പട്ടുവം പദ്ധതിയിൽ 54 mld വെള്ളം കൊടുക്കുന്നതിന് 42 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. അങ്ങനെ നിരവധി കാര്യങ്ങളിലേയ്ക്ക് വാട്ടർ അതോറിറ്റി നീങ്ങുകയാണ്. സമയച്ചുരുക്കംകൊണ്ട് ഞാൻ അത്യാവശ്യ കാര്യങ്ങൾ മാത്രമാണ് പറയാൻ ശ്രമിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം 17 പുതിയ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യുകയുണ്ടായി. ഇത്തവണ ശബരിമല തീർത്ഥാടന കാലത്ത് പ്ലാസ്റ്റിക് കുപ്പികൾ നിരോധിച്ച സാഹചര്യത്തിൽ അയ്യപ്പഭക്തർക്ക് എങ്ങനെ വെള്ളം കൊടുക്കുമെന്ന പ്രശ്നമുണ്ടായി. അവിടെ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ച് പ്രതിദിനം 7.5 ലക്ഷം ലിറ്റർ ശുദ്ധീകരിച്ച വെള്ളം പമ്പ മുതൽ ശബരിമല നടപ്പന്തൽ വരെയും നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ട് ഉൾപ്പെടെ 2.5 കോടി ജനങ്ങൾക്ക് ഒരു ബുദ്ധിമുട്ടുമുണ്ടാകാതെ കൊടുക്കാൻ ഈ വകുപ്പിന് കഴിഞ്ഞവർഷം സാധിച്ചു. ഗ്രാമീണ ശുദ്ധജല പദ്ധതികളുടെ ഏറ്റവും വലിയ സ്രോതസ് NRDWP (National Rural Drinking Water Programme) ആയിരുന്നു. എന്നാൽ ഈ വർഷം മുതൽ കേന്ദ്രവിഹിതം 57 കോടി രൂപയായി കുറഞ്ഞു. മുൻവർഷത്തേക്കാൾ മൂന്നിലൊന്നായിട്ടാണ് ഫണ്ട് കുറഞ്ഞത്. മാത്രമല്ല, രണ്ടുമൂന്ന് നിബന്ധനകൾകൂടി വച്ചിട്ടുണ്ട്. ഫ്ലൂറൈഡ്, ആർസനിക് എന്നിവയുടെ അമിത സാന്നിധ്യമുള്ള പ്രദേശങ്ങളിലും സൻസാദ് ആദർശ് ഗ്രാം യോജനയിൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകളിലും മാത്രമേ പുതിയ പദ്ധതി ആരംഭിക്കാൻ കഴിയുകയുള്ളു. മുമ്പ് 200 കോടി രൂപ പ്രതിവർഷം കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിച്ചുകൊണ്ടിരുന്നപ്പോൾ 500 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി കൊടുത്ത് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 260 കോടി രൂപയുടെ പെൻഡിംഗ് ബില്ലുകളുണ്ട്. 1,550 കോടി രൂപയുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. കിട്ടുന്നത് വെറും 57 കോടി രൂപയെന്ന ബുദ്ധിമുട്ട് നമ്മുടെ മുമ്പിലുണ്ട്. ഈ പ്രതിസന്ധി അതിജീവിക്കാനുള്ള ഏകമാർഗ്ഗം സംസ്ഥാന ഗവൺമെന്റിന്റെ പുതിയ ആവിഷ്കാരമായ കിഫ്ബിയെ ആശ്രയിക്കുക എന്നുള്ളതാണ്. കിഫ്ബിയിൽനിന്ന് ഇതിനോടകം 1.257 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ സമയമില്ല. 10 മുനിസിപ്പാലിറ്റികൾക്കുവേണ്ടി 909 കോടി രൂപയുടെയും മറ്റ് സംവിധാനങ്ങളുടെ

വിതരണത്തിനായി ബാക്കി തുകയടക്കം 1,257 കോടി രൂപയുടെയും അഡീഷണലായി 433 കോടി രൂപയുടെയും അനുമതി ലഭിക്കുന്ന സ്റ്റേജിലാണ്. പദ്ധതിയിൽനിന്ന് കേന്ദ്ര ഗവൺമെന്റ് പുറകോട്ട് പോയതുകൊണ്ട് 1,690 കോടി രൂപയുടെ പ്രവൃത്തി കിഫ്ബിയുടെ സഹായത്തോടെ ഏറ്റെടുക്കാൻ ശ്രമിക്കുകയാണ്. നബാർഡ് ധനസഹായത്തോടെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഈ വർഷം നബാർഡ് ധനസഹായമായി 89.5 കോടി രൂപയുടെ 7 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതുവഴി 14 പഞ്ചായത്തുകളിൽ വെള്ളമെത്തിക്കാൻ കഴിയും. നഗരപ്രദേശങ്ങളിലെ ജൻറം പദ്ധതി നിർത്തലാക്കിയതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ്, ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ച, AMRUT (Atal Mission for Rejuvenation and Urban Transformation) എന്ന പദ്ധതി. ഇത് കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, ഗുരുവായൂർ, കൊച്ചി, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ നഗരങ്ങളിലാണ് നടപ്പിലാക്കുന്നത്. ഇതിന്റെ പ്രയാസം 50 ശതമാനം മാത്രമാണ് കേന്ദ്ര വിഹിതമെന്നുള്ളതാണ്. ബാക്കി 50 ശതമാനത്തിൽ 30 ശതമാനം സംസ്ഥാന ഗവൺമെന്റും 20 ശതമാനം അതത് നഗരസഭകളും ലഭ്യമാക്കണമെന്നാണ്. ഇതുസംബന്ധിച്ച് ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്നിരുന്നു. 20 ശതമാനം തുക നൽകണമെന്ന ചുമതല ഏറ്റെടുക്കാൻ നഗരസഭകൾക്ക് കഴിയുന്നില്ലെന്ന പ്രശ്നമുണ്ട്. ഏത് തരത്തിൽ ക്രമീകരിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കുകയാണ്.

വരൾച്ച നേരിടാനുള്ള നിരവധി പദ്ധതികൾ അടിയന്തരപ്രമേയവേളയിൽ ചർച്ച ചെയ്തതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. വരൾച്ചയുടെ കാഠിന്യംകൊണ്ട് ശുദ്ധജലവിതരണത്തിന് ഏറ്റവും ബുദ്ധിമുട്ട് അനുഭവപ്പെട്ടത് തിരുവനന്തപുരം, മലപ്പുറം, പാലക്കാട്, കാസർഗോഡ് ജില്ലകളിലാണ്. അതിന് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികൾ, റെഗുലേറ്ററുകൾ അടക്കം ഇവിടെ സൂചിപ്പിച്ചു. അതിനെക്കുറിച്ച് ഇറിഗേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുമ്പോൾ പറയാം. ആലപ്പുഴ UIDSSMT പദ്ധതി വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതാണ്. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ പദ്ധതി ഉദ്ഘാടനം ചെയ്തു. 64 ദശലക്ഷം ലിറ്റർ വെള്ളം പ്രതിദിനം ആലപ്പുഴ പട്ടണത്തിൽ എത്തിക്കാൻ ഇതിലൂടെ കഴിയും. കൊച്ചിയിലേയ്ക്ക് 15 ദശലക്ഷം ലിറ്റർ വെള്ളം പ്രതിദിനം അധികമായി എത്തിക്കുന്ന പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുകയാണ്. അടുത്തയാഴ്ച ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. കഴിഞ്ഞ ദിവസവും ഞാൻ നേരിട്ട് ആ സ്ഥലത്ത് പോയി പ്രവൃത്തികൾ പരിശോധിച്ചിരുന്നു. വരൾച്ചയുമായി ബന്ധപ്പെട്ട് Drought Management Cell, 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

അരുവിക്കരയിലെ നിലവിലെ പ്ലാന്റിന്റെ ശേഷി വച്ച് നഗരത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് മുമ്പ് സൂചിപ്പിച്ച AMRUT പദ്ധതിയിൽ അരുവിക്കരയിലെ പ്ലാന്റിന്റെ വിപുലീകരണത്തിനുവേണ്ടി 75 mld യുടെ ഒരു പദ്ധതി ഉൾക്കൊള്ളിച്ചിട്ടുണ്ട്. നെയ്യാറിൽ 120 ദശലക്ഷം ലിറ്റർ ജലം പ്രതിദിനം ശുദ്ധീകരിക്കാൻ ശേഷിയുള്ള ഒരു പുതിയ പദ്ധതിക്ക് അനുമതി കൊടുത്തുകഴിഞ്ഞു. അതിന്റെ പ്രവൃത്തികളുമായി മുന്നോട്ടുപോകുകയാണ്. നെയ്യാറിൽനിന്ന് വെള്ളം അരുവിക്കരയിലേയ്ക്ക് കൊണ്ടുവരുന്ന യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവൃത്തികളല്ല, മറിച്ച് നെയ്യാറിൽത്തന്നെ സ്ഥിരമായ 120 എം.എൽ.ഡി.-യുടെ ഒരു പുതിയ പ്രോജക്ട് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നിരവധി പദ്ധതികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. പൈപ്പുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി സ്വന്തമായി ബ്ലൂബ്രിഗേഡ് സംവിധാനമുള്ളത് വ്യാപിപ്പിക്കുന്നുണ്ട്. പഴയ പമ്പ്സെറ്റുകൾക്കുപകരം ഊർജ്ജക്ഷമതയേറിയ പുതിയ പമ്പ്സെറ്റുകൾ സ്ഥാപിക്കാൻ കിഫ്ബിയിൽ 148 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജല അതോറിറ്റിയുടെ ആസ്തികൾ ജി.ഐ.എസ്. (ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം) പശ്ചാത്തലത്തിൽ ശേഖരിച്ച് സൂക്ഷിക്കാൻ നടപടികളായിട്ടുണ്ട്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ 10 ലക്ഷം പുതിയ കണക്ഷനുകൾ നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബില്ലിംഗിനും കളക്ഷനും കമ്പ്യൂട്ടർവത്കൃത സംവിധാനം എല്ലാ പദ്ധതികളിലും വ്യാപിപ്പിക്കുന്നതിനുള്ള ചില ശ്രമങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. അരിയർ ബില്ലുകൾ പൂർണ്ണമായും പിരിച്ചെടുക്കാൻ പ്രത്യേകം മോണിറ്ററിംഗ് സംവിധാനമായിട്ടുണ്ട്. വരുന്ന നാലുവർഷത്തിനുള്ളിൽ ജല ശുദ്ധീകരണശാലയോടുകൂടിയ പദ്ധതികൾ കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും നടപ്പിലാക്കി ജലം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പ്രവർത്തിക്കുന്നത്. ഇതിനായി ഇനിയും 4,000 കോടി രൂപ ആവശ്യമായി വരും. അത് കിഫ്ബി, നബാർഡ് തുടങ്ങിയ ഏജൻസികളിൽനിന്ന് ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇവിടെ ചർച്ചയിൽ വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് ഉയർന്നുവന്ന പ്രശ്നങ്ങളിൽ കടൽവെള്ളം ശുദ്ധീകരിക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ടാകണമെന്ന് രണ്ടുഭാഗത്തുംനിന്നും നിർദ്ദേശം വന്നു. ഇപ്പോൾ ഒരു തമ്പ്റൂൾ വച്ച് കണക്കാക്കിയിരിക്കുന്നത് കടൽവെള്ളം ശുദ്ധീകരിക്കാൻ പ്ലാന്റ് സ്ഥാപിക്കുന്നതിനടക്കം ഒരു ദശലക്ഷത്തിന് 10 കോടി രൂപ ചെലവാകുമെന്നാണ്. എന്നാൽ ഇപ്പോഴത്തെ ഉപരിതല ജലം (surface water) ശുദ്ധീകരിക്കുന്നതിന് വെറും 50 ലക്ഷം രൂപ മാത്രമേ ആകുകയുള്ളൂ. 50 ലക്ഷം രൂപയുടെ സ്ഥാനത്ത് 10 കോടി രൂപ വേണം എന്നൊരു പ്രയാസമുണ്ട്. അതിന്റെ ഓപ്പറേറ്റിംഗ് കോസ്റ്റും വളരെ കൂടുതലാണ്. അതുകൊണ്ട് കഴിയുന്നിടത്തോളം നമുക്ക് ശുദ്ധജലംതന്നെ ഉപയോഗിക്കാൻ

കഴിയണം. പക്ഷെ ഇത്തവണത്തെപ്പോലെ കടുത്ത വരൾച്ചയുണ്ടാകുമ്പോൾ പകച്ചുനിൽക്കാതെ എന്തുചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ചും കടൽവെള്ളം ശുദ്ധീകരിക്കുന്ന പദ്ധതികൾ നമുക്ക് പ്രാവർത്തികമാക്കാൻ കഴിയുമോ എന്നകാര്യവും തുറന്നമനസ്സോടുകൂടി പരിശോധിക്കുന്നതാണ്. ഈ സമ്മേളനം കഴിഞ്ഞാൽ ഇത് ഫലപ്രദമായി നടപ്പിലാക്കിയ ചില പ്രദേശങ്ങളിൽ പരിശോധന നടത്താൻ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരൊടൊപ്പം ഒരു ടീം പോകാൻ ആലോചിക്കുന്നുണ്ട്. പെൻഡിംഗ് പേമെന്റിനെ സംബന്ധിച്ച് പറഞ്ഞു. ഞാനത് ആവർത്തിക്കുന്നില്ല. നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കാൻ പണം കണ്ടെത്തേണ്ട അവസ്ഥയുണ്ട്. അതിനുവേണ്ടി ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. 'AMRUT' പദ്ധതിയുടെ കാര്യം ഞാൻ പറഞ്ഞു. സ്മാർട്ട് സിറ്റി പദ്ധതിയെ സംബന്ധിച്ച് പറഞ്ഞപ്പോഴുണ്ടായ ഒരു പ്രശ്നം നമുക്ക് സ്ഥലം ലഭിക്കുന്നില്ല; ബഹുമാനപ്പെട്ട ഹൈബി ഈഡൻ, എം.എൽ.എ. ഉന്നയിച്ചപ്പോൾ അതിന്റെ പ്രായോഗികമായി ഉണ്ടായിരിക്കുന്ന പ്രശ്നം അദ്ദേഹം തന്നെ സൂചിപ്പിച്ചു. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കൊച്ചി നഗരസഭയ്ക്കും സമീപ മുനിസിപ്പാലിറ്റികൾക്കുമായി വിഭാവന ചെയ്ത 180 എം.എൽ.ഡി. പദ്ധതിക്ക് 238.50 കോടി രൂപയ്ക്കാണ് 2014-ൽ ഭരണാനുമതി ലഭിച്ചത്. അതിൽ ഒന്നാംഘട്ടത്തിലെ 135 എം.എൽ.ഡി. പ്ലാന്റ് കളമശ്ശേരിയിലെ കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. പ്ലാന്റിന്റെ ടെണ്ടർ ക്ഷണിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണോദ്ഘാടനം നടത്തിയെങ്കിലും കേസ്സിൽപ്പെട്ട് കിടക്കുന്ന കിൻഫ്രയുടെ സ്ഥലം ലഭ്യമാകാത്തതിനാൽ ടെണ്ടറുമായി മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. ശുദ്ധീകരണശാലയ്ക്കാവശ്യമായ സ്ഥലം ലഭ്യമാക്കാൻ ഊർജ്ജിതശ്രമം നടത്തിവരികയാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, കേന്ദ്രാവിഷ്കൃത പദ്ധതിയായ 'AMRUT' പദ്ധതിയിൽ കൊച്ചിയിൽ പല സ്ഥലങ്ങളിലും വാട്ടർ ടാങ്കുകൾ സ്ഥാപിക്കാനും കുടിവെള്ള ലൈനുകൾ മാറ്റാനുമുള്ള ഒരു പദ്ധതിയുണ്ട്. അതിന്റെ ഇന്നത്തെ പൊസിഷനെന്താണ്; ഡി.പി.ആർ. കൊടുത്തിട്ടുണ്ടോ; അതുപോലെ ഭൂമി കിട്ടാൻ ഇനിഷ്യേറ്റീവ് എടുക്കുന്നുണ്ടെന്ന് പറഞ്ഞു. എവിടെയാണ് യഥാർത്ഥത്തിൽ ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്; എന്തുനടപടികളാണ് അതുസംബന്ധിച്ച് എടുത്തിട്ടുള്ളത്?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, അവിടത്തെ ജനപ്രതിനിധികളുമായി ചർച്ചചെയ്ത് ഉചിതമായ സ്ഥലം കണ്ടെത്തുന്നമുറയ്ക്ക് നടപടികളുമായി മുന്നോട്ടുപോകാം. നമ്മുടെ മുന്നിലുള്ള ഓപ്ഷൻ കിൻഫ്രയുടെ സ്ഥലമാണ്. മെഡിക്കൽ കോളേജിന്റെ സ്ഥലം ആശുപത്രിയുടെ തുടർന്നുള്ള വികസനത്തിന് ആവശ്യമായി വന്നേക്കാമെന്നുള്ളതുകൊണ്ട് ആ സ്ഥലമല്ലാതെ കിൻഫ്രയുടേയോ

ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിക്കുന്ന മറ്റേതെങ്കിലും സ്ഥലമോ ഉണ്ടെങ്കിൽ അതുമായി മുന്നോട്ടുപോകാം. അന്ന് വിഭാവന ചെയ്ത രൂപത്തിൽ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ലെന്ന ഒരു പ്രയാസമാണ് ഇക്കാര്യത്തിലുള്ളത്.

ജലസേചനവുമായി ബന്ധപ്പെട്ട് ഈ വർഷമുണ്ടായ ഏറ്റവും വലിയ നേട്ടം 2015-16-ൽ വിവിധ ഘടകങ്ങളിലായി ചീഫ് എഞ്ചിനീയർ (പ്രോജക്ട് I), ചീഫ് എഞ്ചിനീയർ (പ്രോജക്ട് II), ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.), ചീഫ് എഞ്ചിനീയർ (ഐ.&എ. മേജർ, മീഡിയം ആന്റ് മൈനർ), ചീഫ് എഞ്ചിനീയർ (കുട്ടനാട്) എന്നീ അഞ്ച് ഘടകങ്ങളിലായി നമുക്ക് ഈ വർഷം പ്ലാൻ എക്സ്പെൻഡിച്ചർ 90.5%-ൽ എത്തിച്ചേരാൻ കഴിഞ്ഞുവെന്നതാണ്. അതൊരു വലിയ നേട്ടമായി ഞാൻ കരുതുകയാണ്. ഓരോ ജില്ലയിലും വിവിധ പദ്ധതികൾ നടപ്പിലാക്കി. സമയക്കുറവുമൂലം അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വരൾച്ചാസമയത്ത് ലഭ്യമായ വെള്ളം വിതരണം ചെയ്യാനുള്ള എല്ലാ ശ്രമവും ഗവൺമെന്റ് നടത്തിയിട്ടുണ്ട്. അതേസമയം വെള്ളത്തിന്റെ സാന്നിദ്ധ്യം നദികളിലും കുളങ്ങളിലും ഉറപ്പാക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അത് വളരെ ഗൗരവമായിത്തന്നെ നാമെല്ലാം ഏറ്റെടുക്കേണ്ട ഒരു ദൗത്യമാണ്. 'ഹരിത കേരളം മിഷൻ' അതാണ് ലക്ഷ്യമിടുന്നത്. ബഹുമാനപ്പെട്ട ഐ. ബി. സതീഷിന്റെ മണ്ഡലമാണ് 'ഹരിത കേരളം മിഷൻ' ഏറ്റവും ഫലപ്രദമായി നടപ്പിലാക്കുന്ന മണ്ഡലങ്ങളിലൊന്ന്. കുളങ്ങൾ വൃത്തിയാക്കാനും കിണറുകൾ റീചാർജ് ചെയ്യാനും മറ്റ് ഏതെല്ലാം രൂപത്തിൽ ജലസ്രോതസ്സുകളെ പോഷിപ്പിക്കാൻ കഴിയുന്ന പദ്ധതികൾ ഏറ്റെടുത്തിരിക്കു കയാണ്. അതേസമയം നദികൾക്ക് കുറുകെ, പ്രത്യേകിച്ച് ഈ വരൾച്ചാക്കാലത്ത് ഏറ്റവും വലിയ ജല ദൗർലഭ്യം അനുഭവപ്പെട്ട നദികൾക്കുകുറുകെ റഗുലേറ്ററുകൾ പണിയുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾക്കായി 30 ലൊക്കേഷനുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. 600 കോടി രൂപയിലധികം ചെലവുവരുന്ന ആ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. അവിടെയെല്ലാം നമുക്ക് ഡിസൈനിംഗ് ആവശ്യമാണ്. ഓരോ സ്ഥലത്തെയും പാരിസ്ഥിതിക സമ്മർദ്ദങ്ങളടക്കം പരിശോധിച്ച് അതിന്റെ ഡിസൈനിംഗ് ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്. പദ്ധതികളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. കേരളത്തിൽ ഏകദേശം 2900-ഓളം പഴയ ചെറുകിട ജലസേചന പദ്ധതികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. 50 ഹെക്ടറിൽ താഴെവരുന്ന കൃഷിസ്ഥലത്ത് ജലസേചനശേഷിയുള്ള പദ്ധതികൾ, എം.ഐ. ക്ലാസ്-I സ്കീമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സ്കീമുകളെല്ലാം ഉപഭോക്താക്കളോ

ഗ്രാമപഞ്ചായത്തുകളോ ആണ് ഇപ്പോൾ പരിപാലിച്ചുവരുന്നത്. കാലാകാലങ്ങളായി അറ്റകുറ്റപ്പണികൾ നടത്താതെ ഉപയോഗശൂന്യമായ ചില പദ്ധതികളുണ്ടെന്ന് മനസ്സിലാക്കി അവയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ വർഷം 200 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. വൻകിട പദ്ധതികളെ സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. വൻകിട പദ്ധതികൾ ഒരുകാരണവശാലും ഉപേക്ഷിക്കരുത്, വലിയ ഡാമുകൾ പണിയണമെന്ന നിർദ്ദേശം ഇവിടെ വരികയുണ്ടായി. നമ്മുടെ നാട്ടിൽ ഇന്നുണ്ടായിരിക്കുന്ന ജലക്ഷാമത്തിന് ഒരേയൊരു മറുപടി വൻകിട ഡാമുകൾ മാത്രമാണോ അതോ ഭൂമിയിലേയ്ക്ക് വെള്ളം കിനിഞ്ഞിറങ്ങാനുള്ള സംവിധാനങ്ങളൊരുക്കി ഭൂജലവിതാനത്തെ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതികളാണോ എന്നതുസംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കെ. കൃഷ്ണൻകുട്ടി ഇന്നുണ്ടായിരിക്കുന്ന വലിയ ഡാമുകൾ വേണ്ടെന്ന അഭിപ്രായം തിരുത്തണമെന്നാണ് പറഞ്ഞത്. വൻകിട പദ്ധതികളും ഡാമുകളും ഉണ്ടെങ്കിൽ മാത്രമേ വരൾച്ച നേരിടാൻ കഴിയൂ എന്ന പരാമർശം പഠന വിഷയമാക്കേണ്ടതാണ്. ഈ വർഷം ഡാമുകളിലെ ജലസംഭരണം വരൾച്ചാ മാനേജ്മെന്റിന് വലിയ സഹായകരമാണെന്നത് വിസ്മരിക്കുന്നില്ല. കഴിഞ്ഞ കാലങ്ങളിൽ വൻകിട പദ്ധതികൾ ഏറ്റെടുക്കുന്നതിന് ധാരാളം പ്രശ്നങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്ത് ജനസാന്ദ്രത വർദ്ധിച്ചു, വൻകിട പദ്ധതികൾക്കുള്ള സ്ഥലമേറ്റെടുക്കാൻ സാധിക്കുന്നില്ല. പരിസ്ഥിതി സംബന്ധിച്ച പ്രശ്നങ്ങൾ വലിയ തടസ്സമാണ്. അതുകൊണ്ട് പാരിസ്ഥിതികാനുമതി നേടുന്നതിനുള്ള പ്രശ്നങ്ങൾ, വലിയ സാമ്പത്തിക ബാധ്യത എന്നീ തടസ്സങ്ങളെല്ലാം എങ്ങനെ അതിജീവിക്കാമെന്നത് പ്രത്യേകമായി പരിശോധനയ്ക്ക് വിധേയമാക്കാം. അതേസമയം ഇന്ന് ഇഴഞ്ഞുനീങ്ങുന്ന ചില പദ്ധതികളുണ്ട്, പ്രധാനമായും ബാണാസുരസാഗർ, കാരാപ്പുഴ, ഇടമലയാർ, മൂവാറ്റുപുഴ എന്നീ നാല് പദ്ധതികളാണവ. ബാണാസുരസാഗർ പദ്ധതി 1971-ൽ പണി ആരംഭിച്ചതാണ്. അതിന്റെ അന്നത്തെ മതിപ്പ് എസ്റ്റിമേറ്റ് 11 കോടി രൂപയായിരുന്നു. ഇത്രയും വർഷം കഴിഞ്ഞിട്ടും അതിന്റെ 54 ശതമാനം പണിയാണ് പൂർത്തീകരിച്ചത്. അന്ന് 11 കോടി രൂപ കണക്കാക്കിയിരുന്ന സ്ഥാനത്ത് ഇതിനോടകം 51 കോടി രൂപ ചെലവാക്കി. ബാക്കി പ്രവൃത്തി പൂർത്തിയാക്കണമെങ്കിൽ 78 കോടി രൂപ വേണം. ഇടമലയാർ പദ്ധതി 1981-ൽ ആരംഭിച്ചു. അന്നത്തെ എസ്റ്റിമേറ്റ് 17.17 കോടി രൂപയായിരുന്നു. 46 ശതമാനം പണി പൂർത്തീകരിച്ചു. 17.17 കോടി രൂപ എസ്റ്റിമേറ്റ് ചെയ്ത സ്ഥാനത്ത് ഇതിനോടകം 433 കോടി രൂപ ചെലവാക്കികഴിഞ്ഞു. ബാക്കി ഭാഗം ചെയ്യണമെങ്കിൽ 1200 കോടി രൂപ വേണം. കാരാപ്പുഴ 1977-ൽ ആരംഭിച്ച പദ്ധതിയാണ്. 7.6 കോടി രൂപ മാത്രമായിരുന്നു അന്നത്തെ എസ്റ്റിമേറ്റ്. 62 ശതമാനം പണി ഇതിനോടകം പൂർത്തീകരിച്ചു, 317 കോടി രൂപ ചെലവാക്കി.

ബാക്കി പണി ചെയ്യണമെങ്കിൽ 560 കോടി രൂപകൂടി വേണം. മൂവാറ്റുപുഴ പദ്ധതി 1974-ൽ ആരംഭിച്ചു, 20 കോടി രൂപയായിരുന്ന എസ്റ്റിമേറ്റ്, 96 ശതമാനം പണി പൂർത്തീകരിച്ചു, ബാക്കി പണി ചെയ്യണമെങ്കിൽ 76 കോടി രൂപകൂടി വേണം. അതുകൊണ്ട് ഇതിന്റെ പ്രായോഗികവശങ്ങൾ നോക്കിവേണം ഇത്തരം കാര്യങ്ങളിലേയ്ക്ക് നീങ്ങേണ്ടത്.

കാസർഗോഡ് ജില്ലയിൽ കുറേ നാളുകളായി ഉപ്പുവെള്ളം മാത്രമേ ലഭിക്കുന്നുള്ളൂ എന്ന പരാതി ഗൗരവത്തോടുകൂടിതന്നെയാണ് ഗവൺമെന്റ് കാണുന്നത്. റവന്യൂ വകുപ്പുമന്ത്രിയും ശ്രീ. എൻ. എ. നെല്ലിക്കുന്നും ഈ വിഷയം നിരന്തരമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതിനായി ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജ് 1995-ൽ ഡിസൈൻ ചെയ്ത് 2005-ൽ പണി ആരംഭിച്ചെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നുണ്ടായ നിസ്സഹകരണം മൂലമാണ് പദ്ധതി പൂർത്തീകരിക്കാൻ കഴിയാതെവന്നത്. പിന്നീട് മണലെടുപ്പുകാരണം പുഴയുടെ അടിത്തട്ട് താഴുകയും പുതിയ സർവ്വേയും ഡിസൈനും ആവശ്യമായി വരികയും ചെയ്തു. പഴയ സാങ്കേതികതയും എസ്റ്റിമേറ്റും മാറേണ്ടത് അത്യാവശ്യമായിരുന്നു. പലതവണ ചർച്ച ചെയ്തതാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിനറിയാം. പുതിയ ഡിസൈൻ അനുസരിച്ച് എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ. സർക്കാരിൽ ഇന്നലെ ലഭ്യമായിട്ടുണ്ട്. ഉടൻതന്നെ അതിനുവേണ്ട ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. ഇതിനുവേണ്ടി ഏകദേശം ഇരുപത്തിയേഴേമുക്കാൽ കോടി രൂപ ആവശ്യമായി വരും. അതിന്റെ പദ്ധതികളുമായി മുന്നോട്ടുപോകും. അതേസമയം ചമ്രവട്ടം ആർ.സി.ബി.-യുടെ (റെഗുലേറ്റർ-കം-ബ്രിഡ്ജ്) പണികൾ പൂർത്തീകരിക്കാനുണ്ട്. ഐ.ഐ.റ്റി.-യുമായി ഇന്നലെയും ബന്ധപ്പെട്ടിരുന്നു. ഐ.ഐ.റ്റി.-യിൽനിന്ന് ഇതിന്റെ പുതിയ ഡിസൈൻ കിട്ടിയതിനുശേഷം ഈ പദ്ധതിയുമായി മുന്നോട്ടുപോകും. ജലനിധിയെക്കുറിച്ച് ഒരുവാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കാം.

ശ്രീ. വി. ടി. ബൽറാം : സർ, അങ്ങ് ചമ്രവട്ടം പദ്ധതിയെക്കുറിച്ച് പറഞ്ഞതുകൊണ്ട് പറയുകയാണ്. വെള്ളിയാംകല്ല് ആർ.സി.ബി.-യുടെ അറ്റകുറ്റപ്പണികൾ നടത്തിയില്ലെങ്കിൽ വരുംവർഷങ്ങളിൽ കാര്യങ്ങൾ കൂടുതൽ ഗൗരവതരമാകുന്ന അവസ്ഥയിലേയ്ക്ക് പോകും. കഴിഞ്ഞ ദിവസം ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) അടക്കം അവിടെ വിസിറ്റ് ചെയ്തിരുന്നു. അവിടെ നല്ലരീതിയിലുള്ള അറ്റകുറ്റപ്പണികൾ വേണ്ടിവരുമെന്നും ഏതാണ്ട് പതിനഞ്ചുകോടി രൂപ ആവശ്യമായി വരുമെന്നുമാണ് അവർ പ്രാഥമികമായി കണക്കുകൂട്ടിയിട്ടുള്ളത്. അതിന്റെ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ വർഷംതന്നെ അത് ഏറ്റെടുക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ; അല്ലെങ്കിൽ വരുംവർഷങ്ങളിൽ കൂടുതൽ ഗൗരവമായ സാഹചര്യത്തിലേയ്ക്ക് പോകുമെന്നതാണ് അവസ്ഥ.

<u>ശ്രീ. മുരളി പെരുനെല്ലി</u> : സർ, തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ ഉപ്പുവെള്ള ഭീഷണി തടയുന്നതിനുവേണ്ടി കഴിഞ്ഞ വർഷം ബജറ്റിൽ അനുവദിച്ചത് രണ്ടരക്കോടി രൂപയാണ്. അതിന് അധികസംഖ്യ കഴിഞ്ഞ വർഷം അനുവദിച്ചിരുന്നു. ഇത്തവണയും രണ്ടരക്കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം വലിയ നഷ്ടമുണ്ടായ ആ മേഖലയിൽ ഇത്തവണ ഡിസംബർ 15-നുള്ളിൽ ഈ പണികളെല്ലാം പൂർത്തീകരിക്കത്തക്കവിധത്തിൽ അധികതുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, ചമ്രവട്ടം പദ്ധതിയുടെ ഡിസൈൻ ഫൈനലൈസ് ചെയ്ത് ഇന്നലെ ജലവിഭവ വകുപ്പ് സെക്രട്ടറിയുമായി സംസാരിച്ചിട്ടുണ്ട്. അതിന്റെ നടപടികളുമായി മുന്നോട്ടുപോകും.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, കഴിഞ്ഞ ഗവൺമെന്റ് അംഗീകരിച്ച് പഞ്ചായത്ത് പണം ചെലവഴിച്ച് സർവ്വേ നടത്തി പ്രോജക്ട് തയ്യാറാക്കി സ്ഥലം സൗജന്യമായി ലഭ്യമാക്കി ടെണ്ടർ ചെയ്ത വർക്കാണ് തീരദേശ മേഖലയിലെ വെട്ടം-തലക്കാട് കുടിവെള്ള പദ്ധതി. ഇടതുപക്ഷം ഭരിക്കുന്ന പഞ്ചായത്താണ് തലക്കാട് പഞ്ചായത്ത്. അവിടെ രൂക്ഷമായ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതിയുടെ ടെണ്ടർ റദ്ദ് ചെയ്തിരിക്കുകയാണ്. അത് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, വെള്ളത്തിന്റെ കാര്യത്തിൽ പക്ഷമില്ല. വെള്ളം എല്ലാപേർക്കും വേണ്ടതാണ്. ഇവിടെ ശ്രീ. വി. ടി. ബൽറാം പറഞ്ഞ വിഷയം, ചമ്രവട്ടത്തെ സംബന്ധിച്ച അന്തിമ ഡിസൈനുവേണ്ടി ഐ.ഐ.റ്റി.-യുമായി ഇന്നലെയും ബന്ധപ്പെട്ടിട്ടുണ്ട്. പി.ഡബ്ല്യു.ഡി. സെക്രട്ടറി അതിന്റെ നടപടിക്രമമനുസരിച്ച് പ്രവർത്തിക്കും.

<u>മി. സ്പീക്കർ:</u> ശ്രീ. വി. ടി. ബൽറാം ചമ്രവട്ടം പദ്ധതിയെക്കുറിച്ചല്ല, വെള്ളിയാംകല്ല് പദ്ധതിയെക്കുറിച്ചാണ് പറഞ്ഞത്.

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, ആ വിഷയം പരിശോധിച്ച് മാത്രമേ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ. കോൾ നിലങ്ങളെ സംബന്ധിച്ച് കഴിഞ്ഞ വർഷത്തേക്കാൾ നേരത്തെ ഇത്തവണ ബണ്ടുകൾ നിർമ്മിച്ചെങ്കിലും ഉപ്പുവെള്ളം കയറുകയുണ്ടായി. അതുകൊണ്ട് ഈ വർഷം കൃഷി വകുപ്പുമന്ത്രിയുമായി കൂട്ടായ ചർച്ച നടത്തി ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. ശ്രീ. സി. മമ്മൂട്ടി ചൂണ്ടിക്കാണിച്ച വെട്ടം-തലക്കാട് പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിക്കായി 2013-14 വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പത്തര എം.എൽ.ഡി ജലശുദ്ധീകരണശാല ഉൾപ്പെടെയുള്ള ഉത്പാദന ഘടകങ്ങൾക്ക്

പത്തുകോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ഈ പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചു. എന്നാൽ ശുദ്ധീകരണശാലയ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ദർഘാസ് നടപടികൾ നിർത്തിവയ്ക്കേണ്ടിവന്നു. പിന്നീട് സ്ഥലം ലഭ്യമായപ്പോൾ പ്രവർത്തനം തുടങ്ങാത്ത പദ്ധതികൾക്ക് കേന്ദ്രസഹായം ലഭ്യമല്ലാത്ത കാരണത്താൽ ദർഘാസ് നടപടികൾ തുടരാൻ സാധിച്ചില്ല. ഇതാണ് അവിടെയുണ്ടായത്. ഇതിന് കിഫ്ബിയിൽനിന്നോ മറ്റ് സാമ്പത്തിക സ്രോതസ്സിൽനിന്നോ ധനസഹായം ലഭ്യമാക്കി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

ജലനിധിയുമായി ബന്ധപ്പെട്ട് ചെറിയ കാര്യങ്ങളാണ് പറയാനുള്ളത്. കഴിഞ്ഞ വർഷം ജലനിധിയുടെ കണക്ഷൻ കൂടുതലായി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം 92.35 ശതമാനം എക്സ്പെൻഡിച്ചറുണ്ടായി. 124750 പേർക്ക് പുതുതായി കണക്ഷൻ കൊടുക്കാൻ കഴിഞ്ഞു. 119 പഞ്ചായത്തുകളിലായി 300 പ്രോജക്ടുകൾ കമ്മീഷൻ ചെയ്തു. ഇപ്പോൾ 1362 സ്കീമുകളുണ്ട്. ഒ.ഡി.എഫ്. പ്രവർത്തനത്തിൽ ജലനിധിക്ക് കാര്യമായി സഹകരിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം 361 കോടി രൂപ ചെലവാക്കി 300 പുതിയ പ്രോജക്ടുകൾ (പത്ത് മേജർ സ്കീമുകളടക്കം) ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. 100 സാനിറ്റേഷൻ സ്കീമും 550 ജലസംപോഷണ പദ്ധതിയുമടക്കം ഏറ്റെടുക്കുന്നതാണ്. അതുപോലെ ഗ്രൗണ്ട് വാട്ടർ റീചാർജിന് 18 കോടി രൂപ ചെലവഴിക്കുന്നതാണ്. ഇവിടെ ശ്രീ. ഹൈബി ഈഡൻ ചൂണ്ടിക്കാണിച്ച ഓഡിറ്റ് റിപ്പോർട്ട് 2015-16 വർഷത്തേതാണ്. മലപ്പുറം ആർ.പി.എം.യു. (റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്) ഓഫീസിൽ ആറുകോടി രൂപയുടെ ക്രമക്കേട് നടന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത ഉദ്യോഗസ്ഥനെ ജലനിധിയിൽനിന്ന് പിരിച്ചുവിട്ടിട്ടുണ്ട്. പോലീസ് കേസ് രജിസ്റ്റർ ചെയ്തു. അദ്ദേഹം കുറച്ചുദിവസം ജയിലിലായിരുന്നു.

കഴിഞ്ഞ വർഷം വരൾച്ച നേരിടാൻ നിലവിലുള്ള പതിനാലായിരം കുഴൽക്കിണറുകൾക്കുപുറമേ പന്ത്രണ്ടരക്കോടി രൂപയോളം ചെലവാക്കി ആറായിരത്തിലധികം ഹാൻഡ് പമ്പുകൾ സ്ഥാപിച്ച് പുതിയ കുഴൽക്കിണറുകളുടെ പ്രവർത്തനം സജ്ജമാക്കി. അഞ്ഞൂറിലധികം ചെറുകിട കുടിവെള്ള പദ്ധതികളും നടപ്പിലാക്കി. ജലനിധിയും ഗ്രൗണ്ട് വാട്ടറും ഇറിഗേഷനും വാട്ടർ അതോറിറ്റിയും സജീവമായി പ്രവർത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. വീഴ്ചകൾ ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം കാവേരി സെല്ലുമായി ബന്ധപ്പെട്ടതാണ്. കാവേരി

സെല്ലിന്റെ ഓഫീസ് അടച്ചുപൂട്ടാൻ ഗവൺമെന്റ് ശ്രമിക്കുന്ന എന്ന വാർത്ത പുറത്തുവന്നിട്ടുണ്ട്. അത് ശരിയാണോ; ശരിയാണെങ്കിൽ അത് പുനഃപരിശോധിക്കണം. കാരണം ജൂൺ മാസത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാട് സുപ്രീം കോടതിയിൽ പോവുകയാണ്. കേരളത്തിന് കാവേരി ട്രിബ്യൂണൽ അനുവദിച്ചുതന്നത് 30 ടി.എം.സി. ജലമാണ്. അത് നമ്മൾ കൂടുതൽ ഉപയോഗിക്കുന്നില്ല. കാരണം, നമുക്ക് അതിന്റേതായ പ്രശ്നമുണ്ട്. അട്ടപ്പാടിയിൽ ഡാം പണിയാത്തതുൾപ്പെടെയുള്ള കാര്യങ്ങളുണ്ട്. അതൊന്നും ഞാൻ വിശദീകരിക്കുന്നില്ല. കേരളം ഉപയോഗിക്കാത്ത ജലം വിട്ടുനൽകണമെന്ന ആവശ്യമാണ് തമിഴ്നാട് സുപ്രീം കോടതിയിൽ ഉന്നയിക്കുന്നത്. ആ സാഹചര്യത്തിൽ കാവേരി സെൽ അടച്ചുപൂട്ടുന്ന എന്നത് സംസ്ഥാനത്ത് ആശങ്ക ഉളവാക്കിയിട്ടുള്ള കാര്യമാണ്. അതിനെ സംബന്ധിച്ച് അങ്ങ് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇക്കാര്യത്തിൽ ഒരുതരത്തിലുള്ള ആശങ്കയും ഉണ്ടാകേണ്ടതില്ല. കോടതി നടപടികൾ കൃത്യമായി നടത്താം. പക്ഷെ ഒരു ജോലിയുമില്ലാതെ ഒരു കൂട്ടം ജീവനക്കാർ കാവേരി സെൽ എന്നുപറഞ്ഞ് ഇരിക്കുകയാണ്. അവർക്ക് യാതൊരു ജോലിയും നിർവ്വഹിക്കാനില്ല. ആ സാഹചര്യത്തിൽ അവരെ വേറെ ജോലിക്ക് ഉപയോഗിക്കാം. എന്നിട്ട് കാവേരി സെൽ അടച്ചുപൂട്ടുകയും മറ്റ് കാര്യങ്ങൾ ശരിയായ രീതിയിൽ നടത്തുകയും ചെയ്യും.

ശ്രീ. രമേശ് ചെന്നിത്തല : സർ, അങ്ങേയ്ക്ക് കിട്ടിയ വിവരം ശരിയാണെന്ന അഭിപ്രായം എനിക്കില്ല. അങ്ങ് ഒന്നുകൂടി വെരിഫൈ ചെയ്യണം. കേരള ഹൗസിൽ ഒരു സെല്ലായി പ്രവർത്തിക്കുകയും കേന്ദ്ര ഗവൺമെന്റിൽനിന്ന് വിവരങ്ങൾ മനസ്സിലാക്കി യഥാസമയം കേരളത്തിലേയ്ക്ക് നൽകുകയും ചെയ്യുന്ന ഒരു പ്രധാനപ്പെട്ട സെല്ലാണത്. അത് അടച്ചുപൂട്ടുന്നതിനെപ്പറ്റി ഒന്നുകൂടി ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : മിനിസ്റ്റർ, അങ്ങ് കൺക്ലൂഡ് ചെയ്തോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : സർ, ഇരുപക്ഷത്തുമുള്ള ബഹുമാന്യരായ എം.എൽ.എ.-മാർ പൊതുവേ ബജറ്റ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുകയാണ് ചെയ്തത്. ചിലർ കുറേ നിർദ്ദേശങ്ങൾ വച്ചു. വളരെ ചെറിയ വിമർശനങ്ങൾ മാത്രമാണുണ്ടായത്. വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന

തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങളെക്കുറിച്ചുള്ള ഉത്കണ്ഠ പൊതുവായി പലരും പ്രകടിപ്പിച്ചു. അത് ശരിയാണ്. 2016-ലെ കണക്ക് നോക്കിയാൽ നമ്മുടെ ആഭ്യന്തരോത്പാദനത്തിൽ വലിയ സംഭാവനയാണ് ഇക്കൂട്ടർ നൽകുന്നത്. 7,593 കോടി രൂപയുടെ മത്സ്യമാണ് കഴിഞ്ഞ ഒരു വർഷം കേരളത്തിൽ ഉത്പാദിപ്പിച്ചിട്ടുള്ളത്. പ്രാഥമിക മേഖലയുടെ 11.34 ശതമാനമാണത്. മത്സ്യക്കയറ്റുമതിയിൽക്കൂടി നമുക്ക് ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ളത് 4,644 കോടി രൂപയാണ്. എന്നാൽ ഇതിന് മുഖ്യ പങ്കുവഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം വളരെ ഞെട്ടിക്കുന്നതാണ്. ഞാൻ കഴിഞ്ഞപ്രാവശ്യം പറഞ്ഞതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ ആളോഹരി വരുമാനം 1,42,155 രൂപയാണെങ്കിൽ മത്സ്യത്തൊഴിലാളികളുടേത് കേവലം 68,781 രൂപ മാത്രമാണ്. ഈ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ എങ്ങനെ ഇടപെടണമെന്നതാണ് ഗവൺമെന്റ് ഇപ്പോൾ ഗൗരവമായി ആലോചിക്കുന്നത്. അതിനിടയിലാണ് നമ്മളെ ഭയപ്പെടുത്തുന്ന തരത്തിൽ മത്സ്യസമ്പത്തിൽ കുറവുണ്ടാകുന്നത്. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതിയെ എന്നും നിയന്ത്രിച്ചു പോരുന്നത് കടലിൽനിന്നുള്ള മത്സ്യലഭ്യതയാണ്. മത്സ്യലഭ്യത വർദ്ധിക്കുമ്പോൾ തീരദേശത്ത് ഉത്സവമാണ്. ചെമ്മീനിലെ പാട്ടുതന്നെ ഒരു ഹരമാണ്. 'ചാകര കടപ്പുറത്ത് ഉത്സവമായ് ചാകര' എന്ന പാട്ട് മത്സ്യത്തൊഴിലാളികൾക്കുമാത്രമുള്ള ഉത്സവമല്ല, മലയാളിയുടെയാകെയുള്ള ഉത്സവമാണ്. പക്ഷെ, അങ്ങനെയൊരു അന്തരീക്ഷം ഇന്ന് കടപ്പുറത്ത് നഷ്ടപ്പെടുകയാണ്. കഴിഞ്ഞ ഒരു ദശാബ്ദമായി കടലിൽനിന്നുള്ള മത്സ്യോല്പാദനത്തിൽ 13 ശതമാനത്തിന്റെ കുറവ് വന്നിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിന് പരിഹാരം കണ്ടേ മതിയാകൂ. സുസ്ഥിര വികസനം ലക്ഷ്യമിട്ട് കോ-മാനേജ്മെന്റ് സമീപനത്തിലൂന്നിയ ഒരു കോ-മാനേജ്മെന്റ് കൗൺസിൽ എന്ന അർത്ഥത്തിൽ വളരെ ഗൗരവതരമായി കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്ത് എങ്ങനെ വർദ്ധിപ്പിച്ച് ഈ മേഖലയിലെ തൊഴിലാളികളുടെ സുരക്ഷയും നാട്ടിലെ ജനങ്ങളുടെ സുരക്ഷയും ഉറപ്പാക്കാമെന്നാണ് ആലോചിക്കുന്നത്. കേരളത്തിലെ ആളോഹരി മത്സ്യ ഉപഭോഗം 24 കി.ഗ്രാമാണ്. ഇന്ത്യയിലെ ആളോഹരി ഉപഭോഗം 4.5 കി.ഗ്രാം മാത്രമാണ്. ആരോഗ്യത്തിന്റെയും മോർട്ടാലിറ്റി റേറ്റിന്റെയും കാര്യത്തിൽ കേരളം ഉയർന്നുനിൽക്കുന്നതിന്റെ അടിസ്ഥാനപരമായ ഘടകം ഏറ്റവും മെച്ചപ്പെട്ട പ്രോട്ടീൻ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാൻ കേരളത്തിന് കഴിഞ്ഞുവെന്നതാണ്. എന്നാൽ ഇന്ന് മനുഷ്യരുടെ ആരോഗ്യത്തെയും നിലനിൽപ്പിനെയും സാരമായി ബാധിക്കുന്ന തരത്തിലാണ് മത്സ്യസമ്പത്തിന്റെ അളവിൽ ഗണ്യമായ കുറവ് വന്നുകൊണ്ടിരിക്കുന്നത്. ആ രംഗത്ത് സജീവമായി ഇടപെടാൻ ഭാവനാപൂർണ്ണവും ലക്ഷ്യബോധവുമുള്ള ഒരു പദ്ധതിയിലേയ്ക്കാണ് ഗവൺമെന്റ് പൊയ്ക്കൊണ്ടിരിക്കുന്നത്.

കടൽസമ്പത്ത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ വളരെ ഗൗരവമായാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കൃത്രിമ പാരുകളിട്ടുകൊണ്ട് കടലിലെ ആവാസ വ്യവസ്ഥയുടെയും മത്സ്യസമ്പത്തിന്റെയും സംരക്ഷണം ഉറപ്പാക്കുന്ന നടപടിയിലേയ്ക്കാണ് ഗവൺമെന്റ് പോകുന്നത്. മത്സ്യബന്ധനത്തിന് നെറ്റ് ഉപയോഗിക്കുന്നതിലും ചെറുമത്സ്യങ്ങളെ പിടിക്കുന്നതിലുമുൾപ്പെടെ ഒട്ടേറെ അനാരോഗ്യകരമായ പ്രവണതകളുണ്ട്. ഇക്കാര്യങ്ങളിലെല്ലാം ശക്തമായ ഇടപെടൽ നടത്തിക്കൊണ്ട് ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ട്. അതിന്റെ ഭാഗമായി കെ.എം.എഫ്.ആർ.ഐ. ആക്ടിൽ ഭേദഗതി വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. ആ ഉദ്ദേശ്യത്തിന്റെ ഭാഗമായി സി.എം.എഫ്.ആർ.ഐ. ശിപാർശ ചെയ്ത 14 ഇനം മത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചു. 44 ഇനം ചെറുമത്സ്യങ്ങളെ പിടിക്കുന്നതിനുള്ള നിരോധനം കൊണ്ടുവരികയാണ്. വള്ളങ്ങളുടെ വലിപ്പം, എഞ്ചിന്റെ ഹോഴ്സ്പവർ, മത്സ്യബന്ധനത്തിന് ഉപയോഗിക്കേണ്ട വലകൾ എന്നതിലടക്കം നിയന്ത്രണം ഉറപ്പാക്കാൻ കഴിയുന്ന രീതിയിലുള്ള നിയമ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്.

ശ്രീ. സി. എഫ്. തോമസ് ഉൾനാടൻ മത്സ്യസമ്പത്തിന്റെ കാര്യത്തിലേയ്ക്ക് സജീവശ്രദ്ധ കൊണ്ടുവന്നു. നമ്മുടെ ആഭ്യന്തരോല്പാദനത്തിൽ തീർച്ചയായും ഉൾനാടൻ ജലാശയങ്ങൾക്കും പ്രധാനപ്പെട്ട പങ്കുണ്ട്. നിർഭാഗ്യവശാൽ ഉൾനാടൻ ജലാശയങ്ങളുടെ പൊട്ടൻഷ്യൽ പൂർണ്ണമായും നമ്മൾ ഉപയോഗിക്കുന്നില്ലെന്നതാണ് വസ്തുത. കോൾ നിലങ്ങളുടെ കാര്യമെടുത്താൽ, 17000 ഹെക്ടർ കോൾ നിലങ്ങളിൽ നെൽകൃഷി കഴിഞ്ഞാൽ മത്സ്യകൃഷി ചെയ്യാൻ സാധിക്കും. എന്നാൽ നമ്മളത് ഫലപ്രദമായി ഉപയോഗിക്കുന്നില്ല. 35000 ഹെക്ടർ വരുന്ന കുട്ടനാടൻ പാടശേഖരങ്ങളിൽ ചെറിയ അംശം മാത്രമാണ് നെൽകൃഷി കഴിഞ്ഞതിനുശേഷം മത്സ്യകൃഷിക്കായി ഉപയോഗിക്കുന്നത്. കയ്പാട്, പൊക്കാളി തുടങ്ങിയ കൃഷി നിലങ്ങളിൽ 12873 ഹെക്ടറാണുള്ളത്. നമ്മുടെ സംസ്ഥാനത്ത് 64873 ഹെക്ടർ പാടശേഖരങ്ങളിൽ വെള്ളം ലഭ്യമായതിൽ മത്സ്യകൃഷിക്ക് ഉപയോഗിച്ചിട്ടുള്ളത് ആകെ 6000 ഹെക്ടർ മാത്രമാണ്. ബാക്കി ഇതുവരെ ഫലപ്രദമായി ഉപയോഗിച്ചിട്ടില്ല എന്നുള്ളതാണ് സംസ്ഥാനം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആ രംഗത്ത് നന്നായി ഇടപെടാൻ ഉദ്ദേശിക്കുകയാണ്. ഇപ്പോൾ കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തണമെങ്കിൽ അതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങൾ വേണം. കേരളത്തിൽ 12.5 കോടി മത്സ്യക്കുഞ്ഞുങ്ങളാണ് ആവശ്യമുള്ളത്. നമ്മൾ ഉല്പാദിപ്പിക്കുന്നത് വെറും 2.5 കോടി മത്സ്യക്കുഞ്ഞുങ്ങൾ മാത്രമാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഉല്പാദനം അതിന്റെ ഇരട്ടിയായി വർദ്ധിപ്പിച്ചു. 2.5 കോടി മത്സ്യക്കുഞ്ഞുങ്ങൾ എന്നത് ഒരു

വർഷംകൊണ്ട് 5.1 കോടി മത്സ്യക്കുഞ്ഞുങ്ങൾ എന്ന നിലയിലേയ്ക്ക് ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇന്ന് ഉൾനാടൻ ജലാശയങ്ങളിൽ അക്വാ കൾച്ചർ വഴി ലഭ്യമാകുന്ന മത്സ്യമെന്നുപറയുന്നത് ഏകദേശം 40000 ടൺ മാത്രമാണ്. വരുന്ന രണ്ടുമൂന്ന് വർഷംകൊണ്ട് അത് 80000 ടണ്ണാക്കി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. അനന്തമായ സാധ്യതകൾ ഫലപ്രദമായി ഉപയോഗിച്ചാൽ നൂറുകണക്കിനാളുകൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനും മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം വർദ്ധിപ്പിക്കാനും കഴിയുമെന്ന് മാത്രമല്ല മത്സ്യകർഷകരെ സംരക്ഷിക്കാനും സാധിക്കും.

ശ്രീ. അനിൽ അക്കര: സർ, വരൾച്ചമൂലം കോൾ നിലങ്ങളിലും കനാലുകളിലും ജീവിക്കുന്ന ഞണ്ടും നാടൻ മത്സ്യങ്ങളും പൂർണ്ണമായും ചത്തുപോവുകയാണ്. രണ്ടാമത് മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചാൽ മാത്രമേ പാടങ്ങളിലെ പായലും പുല്ലുമൊക്കെ പോകുകയുള്ളൂ. പുതുതായി മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുമ്പോൾ ഗണ്ഡ, കട്ട്ല തുടങ്ങിയ മത്സ്യങ്ങളെ നിക്ഷേപിക്കാൻ പാടില്ല. നാടൻ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കണം. എങ്കിൽ മാത്രമേ പാടശേഖരങ്ങളിലെ പായലും പുല്ലുമെല്ലാം നീക്കം ചെയ്യാൻ കഴിയൂ. അതുകൊണ്ട് ഈ വിഷയം അടിയന്തരമായി ശ്രദ്ധിക്കണം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇപ്പോൾ നാടൻ മത്സ്യങ്ങളുടെ പ്രജനനത്തിനുള്ള സാങ്കേതികവിദ്യ കണ്ടെത്തിയിട്ടുണ്ട്, അത് വിജയകരമാണ്. നാടൻ മത്സ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കാനാണ് ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കട്ട്ല ഉൾപ്പെടെയുള്ള ഇനങ്ങളുമുണ്ട്, നമ്മുടെ കുളങ്ങളിലും മറ്റും വളരെ വലിയ പൊട്ടൻഷ്യലാണ് അതിനുള്ളത്. അത് ഉപയോഗിക്കുന്നതോടൊപ്പംതന്നെ നാടൻ ഇനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി നമുക്കുണ്ട്. ഇത്തരത്തിൽ നമുക്കുള്ള സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല എന്നതാണ് പ്രശ്നം. ഫലപ്രദമായ രീതിയിൽ കാര്യങ്ങൾ കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. അതിനുതകുന്ന രീതിയിൽ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. സമയപരിമിതിയുള്ളതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സബ്മിഷനുകളിലും ശ്രദ്ധ ക്ഷണിക്കലുകളിലുമായി അതിന്റെ വിശദാംശങ്ങൾ പറഞ്ഞിട്ടുണ്ട്.

അടുത്തത്, സാമൂഹ്യ സാമ്പത്തിക സുരക്ഷാ പദ്ധതി, പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയവയാണ്. ഇവിടെ എല്ലാ അംഗങ്ങളും സൂചിപ്പിച്ചതുപോലെ മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളും അവരുടെ ജീവിത സൗകര്യങ്ങളുമെല്ലാം വളരെ മോശപ്പെട്ട അവസ്ഥയിലാണ്. ഞങ്ങൾ കണക്കെടുത്തപ്പോൾ 12851 മത്സ്യത്തൊഴിലാളികൾ പൂർണ്ണമായി ഭവനരഹിതരാണ്. എന്നാൽ ഇപ്പോൾ

കടൽക്ഷോഭം വലിയൊരു പ്രശ്നമാണ്. എല്ലാ വർഷവും ആറുമാസം കേരളത്തിൽ കടൽക്ഷോഭമുണ്ട്. ആറുമാസമേ സ്വസ്ഥമായി അവിടെ ജീവിക്കാൻ പറ്റൂ. എല്ലാ വർഷവും ആറുമാസം തുടർച്ചയായി കടൽക്ഷോഭത്തിൽപ്പെടുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് ആത്യന്തികമായ പരിഹാരം കണ്ടെത്തുക എന്നതാണ് ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്നത്. 24850 കുടുംബങ്ങളെ 50 മീറ്ററിനകത്തുള്ള കടൽത്തീരത്തുനിന്ന് പുനരധിവസിപ്പിക്കുക മാത്രമേ ഇതിനൊരു പരിഹാരമുള്ളൂ. അത് അനിവാര്യമായ ഒരു കാര്യമാണ്. അങ്ങനെ വരുമ്പോൾ ഏതാണ്ട് 37304 കുടുംബങ്ങൾക്കാണ് പുതുതായി വീട് കൊടുക്കേണ്ടത്. ഇവിടെ അങ്ങനെയൊന്നും ചെയ്തിട്ടില്ലെന്ന് ശ്രീ. എം. വിൻസെന്റ് തെറ്റിദ്ധാരണകൊണ്ട് പറഞ്ഞതാണ്. 2016-17-ലെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് 3650 വീടുകൾ നിർമ്മിച്ച് നൽകുമെന്നാണ് പറഞ്ഞത്. ഞങ്ങൾ 3149 വീടുകൾ നിർമ്മിച്ച് നൽകി. ഇക്കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടാത്തത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. കുറച്ച് കുറവുവന്നതിന് കാരണം, 800 വീടുകൾ കേന്ദ്ര സഹായത്തോടുകൂടി ചെയ്യേണ്ടതാണ്. കേന്ദ്ര സഹായത്തോടെ നിർമ്മിക്കേണ്ട 800 വീടുകളിൽ 167 വീടുകൾക്കുള്ള പണം മാത്രമാണ് കേന്ദ്ര ഗവണ്മെന്റ് ഇപ്പോൾ തന്നിട്ടുള്ളത്. എന്നിട്ടും ഞങ്ങൾ ആ പട്ടികയിലുള്ള ഇരുന്നൂറ്റി ചില്വാനം വീടുകൾകൂടി അധികമായി എടുത്തിരിക്കുകയാണ്. ഈ വർഷം 3149 വീടുകൾ നിർമ്മിച്ചു. 192 വീടുകൾ ഫ്ലാറ്റ് അടിസ്ഥാനത്തിൽ വയ്ക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട് നാലുവർഷമായി സ്കൂളിൽ താമസിച്ചവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി കൊണ്ടുവന്നത് ഈ വർഷമാണ്. ശ്രീ. എം. വിൻസെന്റിന് അത് അറിയാത്തതല്ല. അദ്ദേഹം എല്ലാം കാണുന്നത് മഞ്ഞക്കണ്ണടയിലൂടെയാണെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹം ആ കണ്ണടയൊന്ന് മാറ്റണം. ശരിയായ ദിശയിലേയ്ക്ക് നോക്കാനും വസ്തുതകൾ മനസ്സിലാക്കാനും ശരിയെങ്കിൽ അത് അംഗീകരിക്കാനുമുള്ള മനോഭാവം അദ്ദേഹം വച്ചുപുലർത്തേണ്ടതാണ്. തീരപ്രദേശത്തുനിന്ന് വരുന്ന എം.എൽ.എ. എന്ന നിലയിൽ അദ്ദേഹം അത്തരമൊരു സമീപനം സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റിന് തീരദേശങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിൽ കക്ഷിരാഷ്ട്രീയമില്ല. ആരുടെയെങ്കിലും രാഷ്ട്രീയം നോക്കിയിട്ടല്ല പദ്ധതികൾ നടപ്പിലാക്കുന്നത്. ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് നടപ്പിലാക്കുന്നത്. ലൈഫ് പദ്ധതിയുടെ ഭാഗമായി എല്ലാ മേഖലയിലും സമ്പൂർണ്ണ പാർപ്പിട പദ്ധതിയുണ്ട്. എവിടെയെങ്കിലും ഏതെങ്കിലും അപേക്ഷ മാറ്റിവയ്ക്കുന്നുവെങ്കിൽ അദ്ദേഹത്തിന് അത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതേയുള്ളൂ.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതിയെക്കുറിച്ചാണ് അങ്ങ് പറയുന്നത്. ഇപ്പോഴുള്ള ഒരു പ്രശ്നം, സി.ആർ.ഇസഡ്. നിയമം കാരണം വീടുകൾ നിർമ്മിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ അനുമതി നൽകുന്നില്ല. കേന്ദ്ര ഗവണ്മെന്റ് ഈ നിയമത്തിൽ എന്തോ ഭേദഗതി വരുത്താൻ പോകുന്നുവെന്ന് ഈയിടെ ഒരു വാർത്ത കണ്ടു. സംസ്ഥാന ഗവൺമെന്റിന് അതുസംബന്ധിച്ച് എന്തെങ്കിലും ഔദ്യോഗിക വിവരം ലഭ്യമായിട്ടുണ്ടോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, സി.ആർ.ഇസഡ്.-നിയമത്തിൽ എക്സംപ്ഷൻ തരാമെന്ന് കേന്ദ്ര ഗവണ്മെന്റ് സമ്മതിച്ചതാണ്. 2011-ലെ കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നോട്ടിഫിക്കേഷനിൽ സംസ്ഥാനങ്ങൾക്ക് എക്സംപ്ഷൻ വേണമെങ്കിൽ കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിക്കൊടുക്കണമെന്ന് വ്യവസ്ഥയുണ്ട്. കഴിഞ്ഞ മൂന്നുനാല് വർഷമായി ആ നടപടിയിലേയ്ക്ക് പോകാത്തതാണ് നമുക്കേറെ വിഷമമുണ്ടായത്. ഇപ്പോൾ അതിന് വർക് ഷോപ്പൊക്കെ സംഘടിപ്പിക്കുകയും ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. അതിന്റെ അന്തിമ റിപ്പോർട്ട് കൊടുക്കേണ്ടത് പരിസ്ഥിതി വകുപ്പാണ്, തീർച്ചയായും അതിന്റെ അന്തിമഘട്ടത്തിലാണ്. ശ്രീ. ബാവ ചെയർമാനായ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് കേന്ദ്ര ഗവണ്മെന്റിന് സമർപ്പിക്കുമ്പോൾ നമുക്ക് എക്സംപ്ഷൻ ലഭ്യമാക്കാൻ കഴിയും. കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റിക്ക് കിട്ടുന്ന അപേക്ഷകൾക്ക് എക്സംപ്ഷൻ കൊടുക്കുന്നുണ്ട്. ഇക്കഴിഞ്ഞ ഒന്നുരണ്ട് മാസത്തിനിടയിൽ 3000-ത്തോളം അപേക്ഷകൾ ക്ലിയർ ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോൾ ആ കമ്മിറ്റികൾ വളരെ സജീവമാണ്. കായലോരങ്ങളിലും കടലോരങ്ങളിലും ഇത്തരം ചെറിയ വീടുകൾ വയ്ക്കുന്നതിന് 50 മീറ്റർ എക്സംപ്ഷനാണ് ഇപ്പോൾ അനുവദിച്ചിരിക്കുന്നത്. വളരെ സ്പീഡിയായി അത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്.

മന്ത്രിസഭയുടെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് ഒരു അദാലത്ത് സംഘടിപ്പിച്ച് പട്ടയം നൽകാൻ ഉദ്ദേശിക്കുകയാണ്. നാലുവർഷമായി കടലേറി വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന ഭവനനിർമ്മാണ പദ്ധതിക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ വർഷമാണ് തുടക്കംകുറിച്ചത്. 192 വീടുകൾ ഉൾക്കൊള്ളുന്ന 24 ഫ്ലാറ്റുകളുടെ ഒരു സമുച്ചയമാണ് ഉദ്ദേശിക്കുന്നത്. 3.5 ഏക്കർ സ്ഥലം ഒരിടത്താണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ വനം വകുപ്പുമന്ത്രി വളരെ പോസിറ്റീവായ നിലപാടാണ് സ്വീകരിച്ചത്. അദ്ദേഹത്തിന്റെ സഹായംകൊണ്ട് വളരെ വേഗം ആ സ്ഥലം ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് ലഭ്യമായി. ആ സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എട്ട്

മാസത്തിനകം 192 വീടുകൾ ഉൾക്കൊള്ളുന്ന ഫ്ലാറ്റ് സമുച്ചയം പൂർത്തീകരിക്കും. അത്ര വേഗതയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. ഭൂമി എടുക്കുമ്പോഴുള്ള സാങ്കേതിക തടസ്സങ്ങൾ വളരെ വലുതാണ്. പഞ്ചായത്തുകൾ ഭൂമി ഏറ്റെടുത്ത് തരികയാണെങ്കിൽ തടസ്സമില്ല. ഇപ്പോൾ പലരും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഭൂമിക്ക് 6 ലക്ഷം രൂപയും വീടിന് 4 ലക്ഷം രൂപയും അടങ്ങുന്ന 10 ലക്ഷം രൂപയുടെ ഒരു പദ്ധതിയുണ്ട്; അതിന് കുറച്ച് സാങ്കേതിക തടസ്സമുണ്ട്. ഇപ്പോൾ അഞ്ചുതെങ്ങിൽ ഭൂമി വാങ്ങാനുള്ള 252-ഓളം അപേക്ഷകളിന്മേൽ സ്പീഡി ആക്ഷൻ ഉണ്ടാകണമെന്ന് ഇന്നലെ ഞാൻ കളക്ടറെ വിളിച്ച് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. ഞങ്ങൾ ഇത് തുടർച്ചയായി ഫോളോഅപ് ചെയ്യുകയാണ്. പക്ഷേ സാങ്കേതിക തടസ്സങ്ങളുണ്ട് എന്നത് വസ്തുതയാണ്. ആ തടസ്സങ്ങളൊക്കെ നീക്കി അതിവേഗതയിൽ കാര്യങ്ങൾ കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. പക്ഷേ ഈ പുനരധിവാസവുമായി ബന്ധപ്പെട്ട് 50 മീറ്ററിനകത്ത് വീട് വയ്ക്കണമെന്ന വ്യവസ്ഥ മാറ്റുമ്പോൾ, അതിന് കോടിക്കണക്കിന് രൂപ വേണ്ടിവരും. സംസ്ഥാന ഗവണ്മെന്റിന്റെ ബജറ്റിൽനിന്ന് ഇത്രയധികം പണം ലഭ്യമല്ലാത്തതുകൊണ്ട് ഗ്രീൻ ക്ലൈമറ്റ് ഫണ്ടിൽ ഒരു സമീപനരേഖ ഞങ്ങൾ സമർപ്പിച്ചിട്ടുണ്ട്. 12,547 കോടി രൂപയുടെ ഒരു പ്രോജക്ടിന് ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അതിന് അപ്രൂവൽ കിട്ടിയാൽ അതിൽ കുറച്ച് കമ്പോണന്റ്സ് സബ്സിഡിയും ബാക്കി ലോൺ പോർഷനുമായിരിക്കും. കുറഞ്ഞ പലിശയ്ക്ക് ലോൺ പോർഷനുള്ള ഒരു കമ്പോണന്റ് കൂടി ലഭിച്ചാൽ ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കും.

ആരോഗ്യ മേഖലയാണ് മറ്റൊരു പ്രധാനപ്പെട്ട രംഗം. ഏകദേശം 39 ഡിസ്പെൻസറികളാണ് ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ളത്. 'ആർദ്രം' പദ്ധതിയുമായി കണക്ട് ചെയ്ത് അതിനെയെല്ലാം മെച്ചപ്പെടുത്തണം. കെട്ടിടങ്ങൾ നിർമ്മിച്ച് കൊടുക്കും. സ്റ്റാഫുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ആരോഗ്യ വകുപ്പിന്റെ സഹായം കൂടിയുണ്ടെങ്കിലേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. മെഡിക്കൽ ക്യാമ്പ് അടക്കമുള്ള കാര്യങ്ങൾ തീരദേശത്ത് കൃത്യമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ഈ മേഖലയിൽ 10 ഫിഷറീസ് സ്കൂളുകളാണുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അക്കാര്യത്തിൽ ശക്തമായി ഇടപെടുകയുണ്ടായി. കൂടുതൽ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടിയുണ്ടാകും. 50 ശതമാനം ഡേ സ്കോളേഴ്സിന് അഡ്മിഷൻ കൊടുക്കും. റെസിഡൻഷ്യൽ സ്കൂളുകൾ ആയിരുന്നപ്പോൾ ഹോസ്റ്റൽ സൗകര്യങ്ങളില്ലാത്തതിനാൽ കുട്ടികൾ അവിടെ പോകാൻ മടിക്കുമായിരുന്നു. ഇപ്പോൾ 50 ശതമാനം ഡേ സ്കോളേഴ്സിനെ അനുവദിക്കുമെന്ന് പറഞ്ഞതോടുകൂടി ഈ വർഷത്തെ അഡ്മിഷനിൽ മെച്ചപ്പെട്ട

നില കൈവരും. 10 ഫിഷറീസ് സ്കൂളുകളുള്ളതിൽ 7 എണ്ണത്തിൽ 100 ശതമാനം റിസൾട്ടാണ് ഈ വർഷമുള്ളത്. കൂടാതെ മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി ഒരു പ്രത്യേക പദ്ധതി ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ട്. ബാങ്കിംഗിനും എഞ്ചിനീയറിംഗിനും പി.എസ്.സി. ടെസ്റ്റിനും ഒക്കെ കോച്ചിംഗ് നൽകാൻ ഞങ്ങൾ തീരുമാനിച്ചു. തെരഞ്ഞെടുത്ത 44 കുട്ടികളിൽ 24 കുട്ടികൾക്കും മെരിറ്റിൽ അഡ്മിഷൻ കിട്ടിയതിൽ വളരെ സന്തോഷമുണ്ട്. 11 കുട്ടികൾക്ക് മെഡിസിനും നാല് കുട്ടികൾക്ക് ബി.ഡി.എസ്.-നും മെരിറ്റിൽ അഡ്മിഷൻ കിട്ടി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളെ ഉന്നതനിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ ഡിപ്പാർട്ട്മെന്റ് ഭാവനാപൂർണ്ണമായി നടപ്പാക്കിയ ഒരു പ്രോജക്ടാണ്. നാലുവർഷം കഴിയുമ്പോൾ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽനിന്ന് 11 ഡോക്ടർമാർ ഉണ്ടാകുമെന്നത് അതീവ സന്തോഷകരമായ അനുഭവമാണ്. അത്തരത്തിൽ ഒരു പ്രോജക്ട് ഇപ്പോൾ ഞങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അതു കുറച്ചുകൂടി വിപുലീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കുട്ടികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് കുടിശ്ശികയായിരുന്നു. സ്റ്റൈപ്പന്റിന്റെ കുടിശ്ശിക തീർക്കാൻ 33 കോടി രൂപ നൽകി അത് കൃത്യമായി കൊടുത്തുതീർത്തു. അതുപോലെ പോസ്റ്റ് മെട്രിക് കുട്ടികൾക്ക് സ്റ്റൈപ്പന്റ് ഇ-ഗ്രാന്റായി കൊടുക്കാനാണ് ആലോചിച്ചിട്ടുള്ളത്. അഡ്മിഷൻ കഴിയുമ്പോൾത്തന്നെ അവരുടെ അക്കൗണ്ടിലേയ്ക്ക് പൈസ ലഭിക്കുന്നതരത്തിൽ ഇ-ഗ്രാന്റായി തുക കൊടുക്കാനുള്ള സിസ്റ്റം കൊണ്ടുവരികയാണ്. സ്കൂളുകളിലെ കുട്ടികളുടെ സ്റ്റൈപ്പന്റ് സ്കൂൾ തുറക്കുന്ന സമയത്തുതന്നെ അഡ്മിഷൻ കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ കൊടുക്കാൻ കഴിയണമെന്ന നിലയിലാണ് തീരുമാനമെടുത്തിട്ടുള്ളത്. അതുപോലെ 'അക്ഷരസാഗരം' പദ്ധതിയെക്കുറിച്ച് പറഞ്ഞു. സമയപരിമിതികൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇനിയും അക്ഷരമറിയാത്ത തീരദേശത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സഹോദരിമാർ, രക്ഷകർത്താക്കൾ അവരെ അക്ഷരം പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സാക്ഷരതാ മിഷനുമായി സഹകരിച്ചുകൊണ്ട് നടത്തുന്ന വളരെ നല്ലൊരു പ്രോജക്ടാണ് 'അക്ഷരസാഗരം'. ഇത്തരം ആളുകൾ ക്ലാസ്സുകളിൽ വരികയും അക്ഷരം പഠിക്കുകയും എഴുതുകയുമൊക്കെ ചെയ്യുന്നത് വളരെ നല്ല അനുഭവമായിട്ടാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതിനോടൊപ്പം കലാ-സാംസ്കാരിക രംഗത്തുകൂടി ഇവർക്ക് ഉണർവേകാൻ കഴിയുന്ന തരത്തിലേയ്ക്ക് ഈ പ്രോഗ്രാം സഹായകരമായിട്ടുണ്ട്.

ഈ ഗവൺമെന്റ് വന്നതിനുശേഷം സമാശ്വാസ പദ്ധതിയിൻ കീഴിൽ നേരത്തെയുണ്ടായിരുന്ന 2,700 രൂപ എന്നത് 4,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസിന്റെ ഭാഗമായിട്ടുള്ള ഗ്രൂപ്പ് ഇൻഷ്വറൻസിന് 5 ലക്ഷം

രൂപയാണ് തൊഴിലാളികൾക്ക് ഇതുവരെ ഉണ്ടായിരുന്നത്. 2017 ഡിസംബർ മുതൽ ആപത്തിൽപ്പെട്ട് മരണമടയുന്ന തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് നൽകുന്ന തുക 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. പെൻഷൻ 1,100 രൂപയായി വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മിനിഞ്ഞാന്ന് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പുതിയ മത്സ്യനയത്തിൽ വളരെ അപകടകരമായ കാര്യങ്ങളാണുള്ളത്. വിദേശ ട്രോളറുകൾ ഇറക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്ന ഒരു നയമാണ് അത്. അത് പരിശോധിച്ച് നമ്മുടെ ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പ്രതിപക്ഷനേതാവ് വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ചോദിച്ചത്. ഇപ്പോൾ കേന്ദ്രത്തിന്റെ നയം വന്നുകഴിഞ്ഞു. തൊഴിലാളികളുടെയും സംസ്ഥാനത്തിന്റെയും താല്പര്യം സംരക്ഷിക്കുന്ന നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റ് വളരെ കൃത്യമായി ഡോ. എസ്. അയ്യപ്പൻ കമ്മിറ്റിയുടെ മുന്നിൽ വച്ചെങ്കിലും അതെല്ലാം നിഷേധിക്കുകയാണ് ചെയ്തത്. മത്സ്യബന്ധന പരിധി 20 നോട്ടിക്കൽ മൈലിൽനിന്നും 36 നോട്ടിക്കൽ മൈലാക്കി ഉയർത്തണമെന്ന് പറഞ്ഞതും തള്ളിക്കളഞ്ഞു. സംസ്ഥാനം മുന്നോട്ടുവച്ച എല്ലാ നിർദ്ദേശങ്ങളും നിരസിച്ചിരിക്കുകയാണ്. ആഴക്കടൽ ട്രോളിംഗ് മത്സ്യത്തൊഴിലാളികൾക്കായി പരിമിതപ്പെടുത്തണമെന്ന നിർദ്ദേശവും അംഗീകരിച്ചിട്ടില്ല. ഇപ്പോഴുള്ള ഡീപ് സീ ട്രോളർ സമ്പന്നരായ ആളുകളാണ് ഉപയോഗിക്കുന്നത്. ഗുജറാത്തിൽ അടുത്തകാലത്ത് മത്സ്യത്തിന്റെ catch വളരെ വലുതായി ഉയർന്നതിന്റെ രഹസ്യമെന്തെന്ന് പരിശോധിച്ചപ്പോൾ പരമ്പരാഗത തൊഴിലാളികൾക്ക് യാതൊരു സഹായവും നൽകാതെ ഈ മേഖലയിലെ പ്രമാണിമാർക്ക് ഡീപ് സീ ട്രോളർ കൊടുക്കുന്നു. ബ്ലൂ റെവല്യൂഷൻ എന്നൊക്കെയാണ് അവർ പറയുന്നത്. നീല വിപ്ലവത്തിന്റെ പേരിൽ പ്രമാണിമാർക്ക് ഉൾക്കടൽ സ്വന്തമാക്കാനുള്ള സൗകര്യമാണ് ഇപ്പോൾ പുതിയ നയത്തിന്റെ ഭാഗമായി വന്നിരിക്കുന്നത്. ആ നയത്തിന്റെ പ്രത്യക്ഷമായ പ്രതിഫലനമാണ് ഇപ്പോഴത്തെ പോളിസിയിലുള്ളത്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. പരിശോധിച്ച് അതിനോട് ശക്തമായി പ്രതികരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രനയം വന്നിട്ട് നാലുദിവസമേ ആയിട്ടുള്ളൂ. കൃത്യമായും അതിനോട് പ്രതികരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ഇന്ന് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം മണ്ണെണ്ണയുടെ ദൗർലഭ്യമാണ്. കേന്ദ്ര പെട്രോളിയം സഹമന്ത്രി കേരളത്തിൽ വന്നപ്പോൾ ഇക്കാര്യം സംബന്ധിച്ച് മുഖ്യമന്ത്രി നേരിട്ട് നിവേദനം നൽകിയതാണ്. അത് പരിഗണിക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകിയതുമാണ്. നിർഭാഗ്യവശാൽ കേന്ദ്രമന്ത്രി അവിടെ ചെന്ന് വീണ്ടും ക്വാട്ട വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. ഇപ്പോൾ 10 എച്ച്.പി. വരെയുള്ള എഞ്ചിൻ ഉപയോഗിക്കുന്ന തൊഴിലാളികൾക്ക് നൽകിയിരുന്ന മണ്ണെണ്ണ കുറച്ചുകുറച്ച് 129 ലിറ്ററിൽ കൊണ്ടെത്തിച്ചു. ഈയാഴ്ച ഒറ്റയടിക്ക് അത് 50 ലിറ്ററാക്കി കുറച്ചു. തീരദേശത്തെ കടലിൽപ്പോകുന്ന തൊഴിലാളികളുടെ പ്രശ്നം വളരെ സങ്കീർണ്ണമാണ്. 15 എച്ച്.പി.-ക്ക് മുകളിലുള്ള എഞ്ചിൻ ഉപയോഗിക്കുന്നവർക്ക് 180 ലിറ്റർ മണ്ണെണ്ണ കിട്ടിയിരുന്നത്, ഇപ്പോൾ 70 ലിറ്ററാക്കി. കേരള ഗവൺമെന്റ് ഈ വർഷം 32 കോടി രൂപയാണ് മണ്ണെണ്ണയ്ക്ക് സബ്സിഡി കൊടുത്തത്. ശ്രീ. എം. വിൻസെന്റ് പറഞ്ഞു, മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയുടെ കുടിശ്ശികയുണ്ടെന്ന്. അത് കഴിഞ്ഞ കാലത്തെ ഊഹത്തിൽനിന്ന് അദ്ദേഹം പറയുന്നതാണ്. കഴിഞ്ഞ ഗവൺമെന്റ് രണ്ടുവർഷം കൊണ്ട് 25 കോടി രൂപയേ സബ്സിഡി കൊടുത്തിരുന്നുള്ളൂ. ബാക്കിയെല്ലാം കുടിശ്ശികയായിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് ഒരു വർഷംകൊണ്ട് 32 കോടി രൂപ സബ്സിഡി കൊടുത്തു, ഇപ്പോൾ കുടിശ്ശികയില്ല. അദ്ദേഹത്തിന് തീരദേശത്തെ തൊഴിലാളികളുമായി അടുത്തകാലത്ത് ബന്ധമില്ലാത്തതുകൊണ്ടാണ് പരാതി പറഞ്ഞത്. ഇപ്പോൾ ഫലത്തിൽ കുടിശ്ശികയില്ല. എന്നാൽ പി.ഡി.എസ്. റേറ്റിലെ മണ്ണെണ്ണ കിട്ടുന്നില്ല എന്ന ഗൗരവതരമായ പ്രശ്നത്തിന് പരിഹാരം കാണേണ്ടതുണ്ട്.

ഇവിടെ ഹാർബറുകളെക്കുറിച്ച് എന്റെ സുഹൃത്തുക്കൾ സൂചിപ്പിക്കുകയുണ്ടായി. തിരുവനന്തപുരത്ത് മുതലപ്പൊഴി, തൃശ്ശൂരിൽ ചേറ്റുവ, കോഴിക്കോട് കൊയിലാണ്ടി, കണ്ണൂരിൽ തലായി, കാസർഗോഡ് തുടങ്ങിയ ഹാർബറുകൾ ഈ വർഷം പൂർത്തീകരിക്കും. ഇതുവരെ ഡ്രെഡ്ജ് ചെയ്യാൻ ഒരു വകുപ്പുണ്ടായിരുന്നില്ല. ഹാർബറുകളുടെ പണം കിട്ടുന്ന സമയത്ത് ഡ്രെഡ്ജിംഗ് നടക്കുന്നതല്ലാതെ ഡ്രെഡ്ജിംഗിന് ഹെഡ്സ് ഓഫ് അക്കൗണ്ടുപോലും ഉണ്ടായിരുന്നില്ല. ചരിത്രത്തിൽ ആദ്യമായി ഈ സാമ്പത്തിക വർഷമാണ് 4405-00-104-37 എന്ന ഹെഡ്സ് ഓഫ് അക്കൗണ്ട് വരുന്നത്. അതിന്റെ ഭാഗമായി നമുക്ക് ഡ്രെഡ്ജ് ചെയ്യാൻ പറ്റും. ഇപ്പോൾ ഏകദേശം പത്ത് കോടിയോളം രൂപ ചെലവഴിച്ച് നീണ്ടകര, ചെല്ലാനം, ചോമ്പാൽ, കണ്ണൂരിലെ അഴീക്കൽ, ചെറുവത്തൂർ, കാസർഗോഡ് തുടങ്ങിയ ആറോളം ഹാർബറുകളെ ആ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വെള്ളയിൽ-താനൂർ, പുതിയാപ്പ, തോട്ടപ്പള്ളി തുടങ്ങിയ ഹാർബറുകൾ നബാർഡിന്റെയും ഗവൺമെന്റിന്റെയും സ്കീമിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുണ്ട്.

ഫിഷറീസ് കോളേജിനെക്കുറിച്ച് ബഹുമാനപ്പെട്ട സി. കൃഷ്ണൻ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചു. കൊല്ലത്തും കണ്ണൂർ ജില്ലയിലെ പയ്യന്നൂരും രണ്ട് സെന്ററുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. മത്സ്യമേഖലയ്ക്ക് ഉണർവ്വേകുന്ന ഫുഡ് സയൻസ്, കാലാവസ്ഥാ വ്യതിയാനം, മറൈൻ മൈക്രോ ബയോളജി, അക്വാ കൾച്ചർ, ഫിഷ് പ്രോസസ്സിംഗ്, ഫിഷറീസ് എഞ്ചിനീയറിംഗ്, മറൈൻ കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, ബയോ ടെക്നോളജി, റിമോട്ട് സെൻസിംഗ്, ജിയോ സയൻസ്, കടലിൽ നിന്നുള്ള ഔഷധ നിർമ്മാണം, ഡിസാസ്റ്റർ മാനേജ്മെന്റ്, എനർജി മാനേജ്മെന്റ് തുടങ്ങിയ സബ്ജക്റ്റുകളാണ് കുഫോസ്-(Kerala University of Fisheries and Ocean Studies)-ലുള്ളത്. ഇപ്പോൾ പുതിയതായി ചില കോഴ്സുകൾകൂടി തുടങ്ങാൻ പോവുകയാണ്. സമയപരിമിതികൊണ്ട് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. വിദേശ രാജ്യങ്ങളിൽ ജോലിക്ക് പോകാൻ കഴിയുന്ന തരത്തിലുള്ള അത്യാധുനിക കോഴ്സുകളാണ് കുഫോസിലുള്ളത്. കുഫോസിനെ കുറച്ചുകൂടി ആധുനികവത്കരിക്കേണ്ടതും സാമ്പത്തിക സഹായം വർദ്ധിപ്പിക്കേണ്ടതുമുണ്ട്. അതുപോലെ കൊടുക്കുന്ന പണം കൃത്യമായി ചെലവഴിക്കേണ്ടതുമുണ്ട്. കഴിഞ്ഞ വർഷത്തെ ബജറ്റിൽ അനുവദിച്ച മുഴുവൻ തുകയും ഫിഷറീസ് വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച പണം ചെലവഴിച്ച് ഇഫക്റ്റീവായി കാര്യങ്ങൾ കൊണ്ടുപോകുന്നുണ്ട്. വരുംവർഷത്തിൽ ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് കുറച്ചുകൂടി സാമ്പത്തിക സഹായം ആവശ്യമാണ്. ഫിഷറീസ് മാനേജ്മെന്റ് മെച്ചപ്പെടുത്തേണ്ടതും കാര്യങ്ങൾ നന്നായി മുന്നോട്ടു പോകേണ്ടതുമുണ്ട്. ഇക്കാര്യത്തിൽ ചില നിയമ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. കേരള ഇൻലാന്റ് ഫിഷറീസ് ആന്റ് അക്വാ കൾച്ചർ ആക്ട്, 2010 ഭേദഗതി ചെയ്തുകൊണ്ട് ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കാനുള്ള കാലോചിതമായ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുകയാണ്. നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മാർക്കറ്റിംഗിലാണ്. മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കാനോ ഗുണനിലവാരമുള്ള മത്സ്യം നമ്മുടെ മാർക്കറ്റിൽ കേടുകൂടാതെ എത്തിക്കാനോ കഴിയുന്ന സംവിധാനം ഇന്നില്ല. ഫിഷ് ഓഡിറ്റിംഗ് മാർക്കറ്റിംഗ് ആന്റ് ക്വാളിറ്റി മാനേജ്മെന്റ് ബിൽ കൊണ്ടുവരുന്നത് മാർക്കറ്റിംഗ് രംഗത്ത് ശക്തമായ ഇടപെടൽ നടത്തുന്നതിനുവേണ്ടിയാണ്. ഞാൻ കഴിഞ്ഞ ദിവസം ഷാർജയിൽ പോയപ്പോൾ എം.എൽ.എ.-മാരായ സുഹൃത്തുക്കൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മാർക്കറ്റ് സന്ദർശിച്ചിരുന്നു. വളരെ മനോഹരമായ മാർക്കറ്റാണെന്ന് മാത്രമല്ല അവിടെ ചില നിയന്ത്രണങ്ങളുമുണ്ട്. മത്സ്യം ഇന്ന വിലയ്ക്ക് മാത്രമേ വിൽക്കാവൂവെന്ന് അവിടത്തെ മുനിസിപ്പാലിറ്റി നിയന്ത്രിക്കുകയാണ്. അവിടെ കച്ചവടം ചെയ്യുന്ന തൊഴിലാളികളുടെ ശമ്പളം ഇത്ര രൂപയാണെന്ന് പ്രഖ്യാപിക്കുകയാണ്. വർഷം മുഴുവനും ഓരോ മത്സ്യവും പിടിക്കുന്നതിന് നിയന്ത്രണങ്ങളുണ്ട്. ഇങ്ങനെ കൺസർവ്വേഷന്റെയും

കൺട്രോളിന്റെയും കാര്യത്തിൽ വളരെ സുസ്ഥിരമായ ഏർപ്പാട് ഗൾഫ് രാജ്യങ്ങളിൽ നിലനിൽക്കുന്നു എന്നുള്ളത് എന്നെ അത്ഭുതപ്പെടുത്തി. സാക്ഷരതയിലും മറ്റുപല കാര്യങ്ങളിലും മുന്നിൽനിൽക്കുന്ന നമ്മുടെ സംസ്ഥാനത്തിന് കൺസർവ്വേഷന്റെയും ഇത്തരത്തിലുള്ള നിയന്ത്രണത്തിന്റെയും കാര്യത്തിൽ ഒരുതരത്തിലും മെച്ചപ്പെടാൻ കഴിയുന്നില്ല. ഞങ്ങൾ ആഗ്രഹിക്കുന്നത്, വരുന്ന രണ്ടുമൂന്ന് വർഷങ്ങൾക്കുള്ളിൽ നൂറ് മാർക്കറ്റുകളിലെങ്കിലും അത്യാധുനിക സൗകര്യം ഉറപ്പാക്കി ഗുണമേന്മയുള്ള മത്സ്യം, വിഷരഹിത മത്സ്യം എത്തിക്കണമെന്നാണ്. കച്ചവടം ചെയ്യുന്ന തൊഴിലാളികൾ മുഷിഞ്ഞ വേഷത്തോടുകൂടി കടപ്പുറത്തുപോയി അർദ്ധരാത്രിയും അതിരാവിലെവരെയും കാത്തുനിൽക്കുന്ന സ്ഥിതി ഒഴിവാക്കി മാർക്കറ്റിൽവന്ന് മത്സ്യം വാങ്ങാനും നല്ല ഡ്രസ്സോടെ, അന്തസ്സോടുകൂടി ഈ തൊഴിൽ ചെയ്യാനും കഴിയുന്ന അന്തരീക്ഷം കച്ചവടക്കാരായ സ്ത്രീകൾക്ക് ഉറപ്പാക്കുക എന്നുള്ളതാണ് ഞങ്ങൾ ലക്ഷ്യംവയ്ക്കുന്നത്. വഴിയോര കച്ചവടത്തെ വളരെ മോശമായിട്ടാണ് കാണുന്നത്. ബസ്സിലെ പൊടിയും പുകയും മറ്റുമേറ്റ് വഴിയിൽനിന്നാണ് മത്സ്യം വാങ്ങുന്നത്. അത്തരം മാർക്കറ്റുകളെ ആധുനിക സൗകര്യങ്ങളോടുകൂടിയ മാർക്കറ്റുകളാക്കി മാറ്റണമെന്നാണ് ഉദ്ദേശിക്കുന്നത്. മത്സ്യ വിപണനരംഗത്ത് വലിയ മുന്നേറ്റം കുറിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഞാൻ അതിന്റെ എല്ലാ വിശദാംശങ്ങളിലേയ്ക്കും സമയപരിമിതികൊണ്ട് കടക്കുന്നില്ല. ഇനിയും ഒട്ടേറെ കാര്യങ്ങൾ സബ്മിഷനും മറ്റുമായി ബന്ധപ്പെട്ട് പറയാൻ കഴിയുമെന്നുള്ളതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല. ഇക്കാര്യത്തിൽ പോസിറ്റീവായ കാര്യങ്ങൾ മാത്രമാണ് ഗവൺമെന്റ് ചെയ്യുന്നത്. എല്ലാം നന്മയിലേയ്ക്കാണ് പോകുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഈ ധനാഭ്യർത്ഥനയെ എതിർക്കേണ്ട ഒരു കാര്യവുമില്ല. എതിർക്കുന്നു എന്ന് പറഞ്ഞാൽ നന്മയെ എതിർക്കുന്നു എന്നാണ് അതിനർത്ഥം. അതുകൊണ്ട് എല്ലാവരും ഇതിനെ ഏകകണ്ഠമായി അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, ടി. എ. അഹമ്മദ് കബീർ, ടി. വി. ഇബ്രാഹിം, എം. ഉമ്മർ, പി. ഉബൈദുള്ള, സി. മമ്മൂട്ടി, വി. ടി. ബൽറാം, എൻ. ഷംസുദ്ദീൻ, അബ്ദുൽ ഹമീദ് പി., പി. കെ. അബ്ദു റബ്ബ്, എൻ. എ. നെല്ലിക്കുന്ന്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ

15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. ഡി. കെ. മുരളി
34. ശ്രീ. മുരളി പെരുനെല്ലി
35. ശ്രീ. സി. കെ. നാണു
36. ശ്രീ. എം. നൗഷാദ്
37. ശ്രീ. യു. ആർ. പ്രദീപ്
38. ശ്രീ. എ. പ്രദീപ്കുമാർ

39. ശ്രീ. കെ. ഡി. പ്രസേനൻ
40. ശ്രീമതി യു. പ്രതിഭ ഹരി
41. ശ്രീ. പുരുഷൻ കടലുണ്ടി
42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. ആർ. രാജേഷ്
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. ആർ. രാമചന്ദ്രൻ
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ

63. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കെ. സുരേഷ് കുറുപ്പ്

68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. തോമസ് ചാണ്ടി

72. ശ്രീ. പി. ഉണ്ണി

73. ശ്രീമതി വീണാ ജോർജ്ജ്

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. ടി. എ. അഹമ്മദ് കബീർ

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. അനിൽ അക്കര

9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
16. ശ്രീ. എൽദോസ് കുന്നപ്പിള്ളി
17. ശ്രീ. ഹൈബി ഈഡൻ
18. ശ്രീ. ടി. വി. ഇബ്രാഹിം
19. ഡോ. എൻ. ജയരാജ്
20. ശ്രീ. കെ. സി. ജോസഫ്
21. ശ്രീ. പി. ജെ. ജോസഫ്
22. ശ്രീ. സി. മമ്മൂട്ടി
23. ശ്രീ. കെ. എം. മാണി
24. ശ്രീ. മോൻസ് ജോസഫ്
25. ഡോ. എം. കെ. മുനീർ
26. ശ്രീ. കെ. മുരളീധരൻ
27. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
28. ശ്രീ. ഉമ്മൻ ചാണ്ടി
29. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
30. ശ്രീ. രമേശ് ചെന്നിത്തല
31. ശ്രീ. റോജി എം. ജോൺ
32. ശ്രീ. കെ. എസ്. ശബരീനാഥൻ

33. ശ്രീ. വി. പി. സജീന്ദ്രൻ

34. ശ്രീ. എൻ. ഷംസുദ്ദീൻ

35. ശ്രീ. വി. ഡി. സതീശൻ

36. ശ്രീ. ഷാഫി പറമ്പിൽ

37. ശ്രീ. കെ. എം. ഷാജി

38. ശ്രീ. വി. എസ്. ശിവകുമാർ

39. ശ്രീ. സി. എഫ്. തോമസ്

40. ശ്രീ. പി. ടി. തോമസ്

41. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 41

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ പി. ടി. തോമസ്, അബ്ദുൽ ഹമീദ് പി., എൻ. ഷംസുദ്ദീൻ, എം. ഉമ്മർ, പി. കെ. അബ്ദു റബ്ബ്, ടി. എ. അഹമ്മദ് കബീർ, സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന്, ഹൈബി ഈഡൻ, മഞ്ഞളാംകുഴി അലി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, മോൻസ് ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15 ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്

18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. ഡി. കെ. മുരളി
34. ശ്രീ. മുരളി പെരുനെല്ലി
35. ശ്രീ. സി. കെ. നാണു
36. ശ്രീ. എം. നൗഷാദ്
37. ശ്രീ. യു. ആർ. പ്രദീപ്
38. ശ്രീ. എ. പ്രദീപ്കുമാർ
39. ശ്രീ. കെ. ഡി. പ്രസേനൻ
40. ശ്രീമതി യു. പ്രതിഭ ഹരി
41. ശ്രീ. പുരുഷൻ കടലുണ്ടി

42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. ആർ. രാജേഷ്
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. ആർ. രാമചന്ദ്രൻ
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. പി. കെ. ശശി
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ശ്രീ. പി. ഉണ്ണി
73. ശ്രീമതി വീണാ ജോർജ്ജ്
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
16. ശ്രീ. എൽദോസ് കുന്നപ്പിള്ളി
17. ശ്രീ. ഹൈബി ഈഡൻ
18. ശ്രീ. ടി. വി. ഇബ്രാഹിം
19. ഡോ. എൻ. ജയരാജ്
20. ശ്രീ. കെ. സി. ജോസഫ്
21. ശ്രീ. പി. ജെ. ജോസഫ്
22. ശ്രീ. സി. മമ്മൂട്ടി
23. ശ്രീ. കെ. എം. മാണി
24. ശ്രീ. മോൻസ് ജോസഫ്
25. ഡോ. എം. കെ. മുനീർ
26. ശ്രീ. കെ. മുരളീധരൻ
27. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
28. ശ്രീ. ഉമ്മൻ ചാണ്ടി
29. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
30. ശ്രീ. രമേശ് ചെന്നിത്തല
31. ശ്രീ. റോജി എം. ജോൺ
32. ശ്രീ. കെ. എസ്. ശബരീനാഥൻ
33. ശ്രീ. വി. പി. സജീന്ദ്രൻ
34. ശ്രീ. എൻ. ഷംസുദ്ദീൻ
35. ശ്രീ. വി. ഡി. സതീശൻ

36. ശ്രീ. ഷാഫി പറമ്പിൽ

37. ശ്രീ. കെ. എം. ഷാജി

38. ശ്രീ. വി. എസ്. ശിവകുമാർ

39. ശ്രീ. സി. എഫ്. തോമസ്

40. ശ്രീ. പി. ടി. തോമസ്

41. ശ്രീ. എം. ഉമ്മർ

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 41

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ കെ. സി. ജോസഫ്, എം. ഉമ്മർ, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, ടി. വി. ഇബ്രാഹിം, പി. ബി. അബ്ദുൽ റസ്സാക്ക്, പി. കെ. അബ്ദു റബ്ബ്, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അബ്ദുൽ ഹമീദ്. പി., എൻ. ഷംസുദ്ദീൻ, സി. മമ്മൂട്ടി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII- നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ

20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. ഡി. കെ. മുരളി
34. ശ്രീ. മുരളി പെരുനെല്ലി
35. ശ്രീ. സി. കെ. നാണു
36. ശ്രീ. എം. നൗഷാദ്
37. ശ്രീ. യു. ആർ. പ്രദീപ്
38. ശ്രീ. എ. പ്രദീപ്കുമാർ
39. ശ്രീ. കെ. ഡി. പ്രസേനൻ
40. ശ്രീമതി യു. പ്രതിഭ ഹരി
41. ശ്രീ. പുരുഷൻ കടലുണ്ടി
42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ

44. ശ്രീ. കെ. രാജൻ

45. ശ്രീ. ആർ. രാജേഷ്

46. ശ്രീ. റ്റി. വി. രാജേഷ്

47. ശ്രീ. കെ. രാജു

48. ശ്രീ. രാജു എബ്രഹാം

49. ശ്രീ. ആർ. രാമചന്ദ്രൻ

50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

51. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

53. ശ്രീ. മുല്ലക്കര രത്നാകരൻ

54. പ്രൊഫ. സി. രവീന്ദ്രനാഥ്

55. ശ്രീ. കാരാട്ട് റസാഖ്

56. ശ്രീ. എസ്. ശർമ്മ

57. ശ്രീ. എ. കെ. ശശീന്ദ്രൻ

58. ശ്രീ. സി. കെ. ശശീന്ദ്രൻ

59. ശ്രീ. പി. കെ. ശശി

60. ശ്രീ. വി. ശശി

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. ബി. സത്യൻ

63.. ശ്രീ. എ. എൻ. ഷംസീർ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കെ. സുരേഷ് കുറുപ്പ്

68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ശ്രീ. പി. ഉണ്ണി
73. ശ്രീമതി വീണാ ജോർജ്ജ്
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം

14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
16. ശ്രീ. എൽദോസ് കുന്നപ്പിള്ളി
17. ശ്രീ. ഹൈബി ഈഡൻ
18. ശ്രീ. ടി. വി. ഇബ്രാഹിം
19. ഡോ. എൻ. ജയരാജ്
20. ശ്രീ. കെ. സി. ജോസഫ്
21. ശ്രീ. പി. ജെ. ജോസഫ്
22. ശ്രീ. സി. മമ്മൂട്ടി
23. ശ്രീ. കെ. എം. മാണി
24. ശ്രീ. മോൻസ് ജോസഫ്
25. ഡോ. എം. കെ. മുനീർ
26. ശ്രീ. കെ. മുരളീധരൻ
27. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
28. ശ്രീ. ഉമ്മൻ ചാണ്ടി
29. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
30. ശ്രീ. രമേശ് ചെന്നിത്തല
31. ശ്രീ. റോജി എം. ജോൺ
32. ശ്രീ. കെ. എസ്. ശബരീനാഥൻ
33. ശ്രീ. വി. പി. സജീന്ദ്രൻ
34. ശ്രീ. എൻ. ഷംസുദ്ദീൻ
35. ശ്രീ. വി. ഡി. സതീശൻ
36. ശ്രീ. ഷാഫി പറമ്പിൽ
37. ശ്രീ. കെ. എം. ഷാജി

38. ശ്രീ. വി. എസ്. ശിവകുമാർ

39. ശ്രീ. സി. എഫ്. തോമസ്

40. ശ്രീ. പി. ടി. തോമസ്

41. ശ്രീ. എം. ഉമ്മർ

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 41

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 18-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.59-ന് പിരിഞ്ഞു.)